# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 8, വെള്ളി

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1007/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | :ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | :ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | :ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

I. **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..25

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..25

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..90

II. **അടിയന്തരപ്രമേയം**

നിയമവിരുദ്ധ പ്രീ-അസസ്മെന്റ് നോട്ടീസുകൾ

(അവതരണാനുമതി നിഷേധിച്ചു.) ..480

III **ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയ സർക്കാർവക ഭൂമി

-ശ്രീ. സി. ദിവാകരൻ ..495

(2) അങ്കണവാടികളിലെ കുട്ടികളുടെ കുറവ്

-ശ്രീ. കെ. എസ്. ശബരീനാഥൻ ..499

IV **സബ്മിഷൻ**

(1) വെള്ളാനിക്കര സി.എച്ച്.സി.

-ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ) ..505

(2) ബി.എസ്.എൻ.എൽ. കരാർ തൊഴിലാളികളുടെ വേതനം

-ശ്രീ. എം. സ്വരാജ് ..507

(3) തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി

-ശ്രീ. എ. എൻ. ഷംസീർ ..510

(4) പുറയാർ റെയിൽവേ ഓവർബ്രിഡ്ജിന്റെയും പാറപ്പുറം-വല്ലംകടവ് പാലത്തിന്റെയും നിർമ്മാണം

-ശ്രീ. അൻവർ സാദത്ത് ..512

*പേജ്*

**V ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

ദേശീയ പാത 766-ലെ രാത്രികാല ഗതാഗത നിരോധനം

-ഗതാഗത വകുപ്പുമന്ത്രി
(ശ്രീ. എ. കെ. ശശീന്ദ്രൻ) ..515

**VI റിപ്പോർട്ടുകളുടെ സമർപ്പണം** ..520

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ, 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ടുകൾ

**VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**(1) റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച
സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് ..520

**(2)** സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ
സംബന്ധിച്ച പ്രമേയങ്ങൾ

കേന്ദ്രാവിഷ്കൃത പദ്ധതി മാനദണ്ഡങ്ങൾ ..521

**അനുബന്ധം** ..531

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2019 നവംബർ 8, വെള്ളി*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2019 നവംബർ മാസം 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ</u>: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *271

### കെ.എസ്.ആർ.ടി.സി. നൽകുന്ന വിദ്യാർത്ഥി കൺസഷൻ

1(*271) <u>ശ്രീ. സി. മമ്മൂട്ടി</u>:

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>:

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന കൺസഷനുകൾമൂലം കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എന്തെങ്കിലും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ യാത്രായിളവ് പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) വിദ്യാർത്ഥികളുടെ കൺസഷൻ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടോ; വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുന്ന ഈ ഉത്തരവ് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ പ്ലസ് ടു തലംവരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായും മറ്റ് വിദ്യാർത്ഥികൾക്ക് വളരെ കുറഞ്ഞ നിരക്കിലുമാണ് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. അതിനുമുകളിലുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 17.32% നിരക്ക് മാത്രമാണ് വിദ്യാർത്ഥികളിൽനിന്നും ഈടാക്കിവരുന്നത്. 2018-19 വർഷത്തിൽ കൺസഷൻ ടിക്കറ്റ് അനുവദിച്ച വകയിൽ കെ.എസ്.ആർ.ടി.സി.-ക്ക് 124,26,79,934 രൂപയുടെ ബാധ്യതയാണുണ്ടായിട്ടുള്ളത്.

(ബി) സർക്കാർ അംഗീകൃത സ്ഥാപനങ്ങൾക്കുപുറമെ, സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും നിബന്ധനകൾക്ക് വിധേയമായി കെ.എസ്.ആർ.ടി.സി. കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നുണ്ട്. പ്ലസ് ടു തലംവരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായാണ് കൺസഷൻ അനുവദിക്കുന്നത്. സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള, ഒരു വർഷമെങ്കിലും കാലദൈർഘ്യമുള്ള കോഴ്സുകളിലെ മുഴുവൻ കോളേജ് വിദ്യാർത്ഥികൾക്കും പഠനത്തിന് സൗജന്യ നിരക്കിൽ കെ.എസ്.ആർ.ടി.സി. കൺസഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൺസഷൻ പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

ഇപ്പോൾ പരിഗണനയിലുള്ള എല്ലാ കൺസഷൻ അപേക്ഷകളും നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എത്രയുംവേഗം പരിശോധിച്ച് തീർപ്പുകല്പിക്കുന്നതിനുള്ള നിർദ്ദേശം ഇതിനോടകം നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ രേഖകൾ ഹാജരാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും യൂണിറ്റ് തലത്തിൽ നൽകിവന്നിരുന്ന കൺസഷൻ ടിക്കറ്റ് വിതരണത്തിൽ 2019-20 വർഷത്തിൽ ഒരു ബുദ്ധിമുട്ടും വന്നിട്ടില്ലാത്തതാണ്. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, തനത് വർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടെയും മറ്റ് ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും 40 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള അപേക്ഷകളും കെ.എസ്.ആർ.ടി.സി. നാമമാത്രമായി ഓടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള കൺസഷൻ ടിക്കറ്റുകളുടെ അപേക്ഷകളും ചീഫ് ഓഫീസ് തലത്തിൽ പരിശോധിച്ച് പ്രത്യേകമായ അനുമതി നൽകി തീർപ്പുകല്പിക്കുന്നുണ്ട്.

ശ്രീ. സി. മമ്മൂട്ടി: സർ, കെ.എസ്.ആർ.ടി.സി. ഇപ്പോൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സേവനം നിസ്സാരമായി കാണാൻ കഴിയില്ല. ഏതാണ്ട് 124.25 കോടിയോളം രൂപയുടെ നഷ്ടം സഹിച്ച് കൺസഷൻ കൊടുക്കുന്നത്

മാതൃകാപരമാണ്. Right to Education Act അനുസരിച്ച് ഏറ്റവുമടുത്തുള്ള സ്വകാര്യമേഖലയിലെ വിദ്യാലയങ്ങളിൽപ്പോലും പഠിക്കാൻ അവസരം കൊടുക്കണമെന്നത് മൗലികാവകാശമായ സാഹചര്യത്തിൽ എന്തു വിലകൊടുത്തും ആ കുട്ടികൾക്ക് സൗകര്യമൊരുക്കിക്കൊടുക്കണമെന്നതിൽ തർക്കമില്ല. ഇപ്പോൾ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ കൊടുത്തു. ഒരു വർഷത്തിൽ കുറയാത്ത പ്രൊവിഷണൽ അംഗീകാരമുള്ളവർക്ക് ഇത് നൽകുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്. അതുകൊണ്ട് എവിടെ പഠിച്ചാലും 12-ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാൻ ബാധ്യതയുള്ളതുകൊണ്ട് പെർമനന്റ്, പ്രൊവിഷണൽ എന്ന വ്യത്യാസമില്ലാതെ കൺസഷൻ അനുവദിക്കണം. ഇതുസംബന്ധിച്ച പരാതി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതു പോലെ സി.ബി.എസ്.ഇ.,ഐ.സി.എസ്.ഇ. സ്ഥാപനങ്ങളുണ്ട്. അത്തരം സ്ഥാപനങ്ങൾക്ക് വച്ചിട്ടുള്ള ഏകനിബന്ധന വാർഷിക അഫിലിയേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്നുള്ളതാണ്. എന്നാൽ പലപ്പോഴും അത്തരം സർട്ടിഫിക്കറ്റുകൾ വിചാരിച്ചത്ര വേഗത്തിൽ ഹാജരാക്കുന്നില്ല. പ്രസ്തുത അപേക്ഷകൾ പരിഗണിക്കുന്നത് ചീഫ് ഓഫീസ് അടിസ്ഥാനത്തിലായതുകൊണ്ട് ചിലപ്പോൾ കാലതാമസമുണ്ടായേക്കാം. എങ്കിലും സർട്ടിഫിക്കറ്റുകൾ യഥാസമയം ഹാജരാക്കിയാൽ കാലതാമസംകൂടാതെ കൺസഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, കോടിക്കണക്കിന് രൂപയുടെ നഷ്ടം സഹിച്ച് സർവ്വീസ് നടത്തുന്നതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തിന് തടസ്സം നേരിടുകയാണ്. സാമ്പത്തിക ഞെരുക്കംമൂലം ശമ്പളവും പെൻഷനും കൊടുക്കാൻ കഴിയുന്നില്ല. ഗവൺമെന്റ് നിരന്തരമായി ഗ്രാന്റ് കൊടുക്കുകയാണ്. ഈ പൊതുമേഖലാ സ്ഥാപനത്തെ നിലനിർത്തേണ്ടത് അത്യാവശ്യമാണ്, അത് ഗവൺമെന്റിന്റെ കടമയാണ്, യാതൊരു സംശയവുമില്ല. പ്രശ്നങ്ങൾ പരിഹരിച്ച് കെ.എസ്.ആർ.ടി.സി.-യെ ഏറ്റവുംനല്ല സർവ്വീസാക്കി മാറ്റാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? സ്വകാര്യ ബസുകൾ കൂടുതൽ പെർമിറ്റുകൾക്കുവേണ്ടി അപേക്ഷിക്കുന്ന സാഹചര്യത്തിൽ, കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ലോംഗ് റൂട്ടിൽ വേണമെങ്കിലും പോകാൻ സൗകര്യമുണ്ടായിട്ടും അത് ചെയ്യാതെ എന്തുകൊണ്ട് ഇങ്ങനെ നഷ്ടത്തിൽ പോകുന്നുവെന്നുള്ളത് കണക്കാക്കി അതിനെ രക്ഷപ്പെടുത്താൻ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങയുടെ ചോദ്യം കൺസഷനിൽ നിന്നുമാറി കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി എങ്ങനെ പരിഹരിക്കുമെന്നതിലേയ്ക്കാണ് എത്തിയത്. കൺസഷൻ കൊടുക്കുന്നതിന് വേണ്ടിവരുന്ന തുക കെ.എസ്.ആർ.ടി.സി.-യാണ് ഇപ്പോൾ വഹിച്ചു കൊണ്ടിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് പ്രതിവർഷം 1000 കോടി രൂപ സഹായധനമായി നൽകുന്നതുകൊണ്ടാണ് ഇങ്ങനെയെങ്കിലും പോകാൻ കഴിയുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറാൻ സാധിക്കു. എന്നാൽ വളരെക്കാലമായി തുടർന്നുവരുന്ന സമ്പ്രദായത്തിന്റെ ഭാഗമായി ഓരോ വർഷവും നഷ്ടക്കണക്ക് കൂടിവരുന്നതല്ലാതെ കുറച്ചുകൊണ്ടുവരാൻ കഴിയുന്നില്ല. അതൊരു യാഥാർത്ഥ്യമാണ്. എന്നാൽ അതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുകയാണ്. കൺസഷന് 17.26% നിരക്ക് മാത്രമാണ് വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്നത്. എല്ലാ വിഭാഗങ്ങൾക്കും സൗജന്യം നൽകേണ്ടതുണ്ടോയെന്ന് ചിന്തിക്കണം. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ യുക്തി സഹമായി പരിഹരിക്കാൻ ഇതുപോലെയുള്ള ചർച്ച സഹായകമാകുമെങ്കിൽ അത് നല്ലതാണ്. ആ അർത്ഥത്തിൽ അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഗതാഗത വകുപ്പുമന്ത്രിയായിരുന്നപ്പോഴെടുത്ത തീരുമാനം വിപ്ലവകരമായ ഒന്നായിരുന്നു. സ്വകാര്യ ബസ് ജീവനക്കാരിൽ നിന്നും ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്ന വിദ്യാർത്ഥികൾക്ക് ഏറെ ആശ്വാസകരമായിരുന്നു ആ തീരുമാനം. കൺസഷൻ പരിമിതപ്പെടുത്തുമെന്ന് പറയുന്നത് ഏറെ ആശങ്ക ഉളവാക്കുന്നതാണ്. 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള പൂർണ്ണമായ സൗജന്യം ബി.പി.എൽ. കുടുംബത്തിലുള്ള കുട്ടികൾക്ക് മാത്രമാക്കിക്കൂടേയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ചോദിച്ചത്. മറ്റേതെങ്കിലും രീതിയിലുള്ള മാനദണ്ഡം ഉപയോഗിച്ച് ഇത് പരിമിതപ്പെടുത്താൻ തീരുമാനിക്കുമോയെന്ന് സംശയിക്കുകയാണ്. മലപ്പുറം ജില്ലയിൽ മഞ്ചേരി-തിരൂർ റൂട്ടിൽ മാത്രമേ വിദ്യാർത്ഥികൾക്ക് കൺസഷൻ ലഭ്യമാകുന്നുള്ളൂ. അതുകൊണ്ട് മറ്റ് വിദ്യാർത്ഥികൾ പ്രയാസമനുഭവിക്കുകയാണ്. മഞ്ചേരി-തിരൂർ റൂട്ടിലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂവെന്നും അവിടെ സ്ഥിരതാമസക്കാരായിരിക്കണമെന്നുമുള്ള വ്യവസ്ഥകളാണുള്ളത്. ഈ വ്യവസ്ഥകളൊക്കെ ഒഴിവാക്കാനുള്ള നടപടികൂടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ പറഞ്ഞതിനെ അങ്ങ് തെറ്റായി വ്യാഖ്യാനിക്കുകയുണ്ടായി. സൗജന്യമാണെന്ന വസ്തുത നമ്മൾ ചിന്തിക്കണമെന്ന കാര്യം മാത്രമാണ് ഞാൻ പറഞ്ഞത്. ഏതെങ്കിലും തരത്തിൽ നിലവിലുള്ള കൺസഷൻ നൽകുന്ന വ്യവസ്ഥയിലോ നടപടിക്രമങ്ങളിലോ മാറ്റം വരുത്താൻ കെ.എസ്.ആർ.ടി.സി.-യുടെയോ സർക്കാരിന്റെയോ ഭാഗത്തുനിന്ന് ആലോചന യൊന്നുമുണ്ടായിട്ടില്ല. അത്തരത്തിൽ വന്ന വാർത്തകൾ അടിസ്ഥാനരഹിതമാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മാത്രമല്ലേ കൺസഷൻ കൊടുക്കാൻ സാധിക്കൂ? സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും എല്ലാ റൂട്ടുകളിലും കെ.എസ്.ആർ.ടി.സി. സർവ്വീസില്ല. കൺസഷൻ കൊടുക്കാൻ മാത്രമായി കെ.എസ്.ആർ.ടി.സി.-ക്ക് ബസ് ഓടിക്കാനും പറ്റില്ല. കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന സെക്ടറുകളിലെ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി, ഓർഡിനറി ബസ്സുകളിലാണ് കൺസഷൻ നൽകിക്കൊണ്ടിരിക്കുന്നത്, അത് തുടരും. ഒറ്റപ്പെട്ട പരാതികളുമുണ്ട്. ആകെ 411 വ്യക്തിഗത പരാതികളാണ് വന്നിട്ടുള്ളത്. അവ മെറിറ്റടിസ്ഥാനത്തിൽ പരിശോധിച്ച് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പൊതുഗതാഗത സൗകര്യങ്ങളും വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങളും ലാഭനഷ്ടങ്ങളിൽ കണക്കാക്കേണ്ടതല്ല. അതൊരു സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമാണ്. മണ്ണാർക്കാട്-അട്ടപ്പാടി, മണ്ണാർക്കാട്-പാലക്കാട് എന്നിവിടങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ധാരാളം റൂട്ടുകളുണ്ടായിരുന്നു. സമീപകാലത്ത് അവ ഓരോന്നോരോന്നായി കുറച്ചുകൊണ്ടുവന്നു. ഇപ്പോൾ അട്ടപ്പാടിയിലേയ്ക്കും പാലക്കാട്ടേയ്ക്കുമുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ എണ്ണം കുറവാണ്. സർവ്വീസുകളുടെ എണ്ണം കുറയുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം കൂടുകയും ചെയ്തിരിക്കുന്നു. അട്ടപ്പാടിയിൽ സർക്കാർ കോളേജും പോളിടെക്നിക്കും വന്നതിന്റെ ഫലമായി ധാരാളം കുട്ടികൾ മണ്ണാർക്കാട് നിന്നും അട്ടപ്പാടിയിലേയ്ക്ക് പോകുന്നുണ്ട്. ഈ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് മാത്രമാണുള്ളത്. കുട്ടികളുടെ എണ്ണം കൂടുതലാണെന്നുപറഞ്ഞ് കൺസഷൻ കൊടുക്കാത്ത പ്രശ്നമുണ്ട്. അതുകൊണ്ട് സ്കൂൾ, കോളേജ് സമയങ്ങളിൽ പ്രത്യേകിച്ച് രാവിലെയും വൈകുന്നേരവും മുടങ്ങിപ്പോയ റൂട്ടുകൾ പുനരാരംഭിക്കാനും പുതിയ സർവ്വീസുകൾ നടത്താനുമുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ? ഇതൊരു മലയോര മേഖലയാണ്. മണ്ണാർക്കാട് നിന്നും ആനക്കട്ടിയിലെ പോളിടെക്നിക്കിലേയ്ക്ക് പോകുന്നതിന് 53 കി.മീറ്റർ ദൂരമുണ്ട്. 40 കിലോമീറ്ററാണ് കൺസഷന്റെ ലിമിറ്റ്. അതുകൊണ്ട് ദൂരപരിധിയുടെ പ്രശ്നമുണ്ട്. പാലക്കാട് ജില്ലയിൽ ഇതൊരു വിഷയമാണ്, മലയോര മേഖലയിൽ മൊത്തത്തിൽ ഈ വിഷയമുണ്ടാകും. മലയോര മേഖലകളിൽ

പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി. മാത്രം സർവ്വീസ് നടത്തുന്ന മേഖലകളിൽ 40 കിലോമീറ്ററെന്ന ലിമിറ്റിന് ഇളവ് അനുവദിക്കാമോ; മണ്ണാർക്കാട് ഡിപ്പോയിൽ വിദ്യാർത്ഥികൾ പാസിനുവേണ്ടി പോകുമ്പോൾ അവരെ ദ്രോഹിക്കുന്ന നിലപാടുണ്ട്. അതുകൊണ്ട് വിദ്യാർത്ഥികളോട് സൗഹൃദപരമായി പെരുമാറണമെന്ന നിർദ്ദേശംകൂടി കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം നിരവധി ചോദ്യങ്ങളാണ് ചോദിച്ചത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ എണ്ണം വെട്ടിച്ചുരുക്കുന്നുണ്ടെന്നതാണ്. അതൊരു വസ്തുതയാണ്. അതിന് നിരവധി കാരണങ്ങളുണ്ട്. അത് എല്ലാവർക്കും അറിയാവുന്നതാണ്. 2800 ഡ്രൈവർമാരെ പിരിച്ചുവിടേണ്ടിവന്നപ്പോൾ സർവ്വീസുകൾ നിർത്തിവയ്ക്കേണ്ടിവന്നു. അതിന്റെ പ്രതികരണം എല്ലാ മേഖലകളിലും ഉണ്ടായിട്ടുണ്ടാകും; അങ്ങയുടെ മണ്ഡലത്തിൽപ്പെട്ട അട്ടപ്പാടി-അഗളി മേഖലയിലും ഉണ്ടായിട്ടുണ്ടാകും. നിലവിലെ സ്ഥിതി മാറുന്നതിനനുസരിച്ച് അവ പുനഃസ്ഥാപിക്കുന്നതിനുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അങ്ങിവിടെ പറഞ്ഞതുപോലെ 40 കിലോമീറ്റർ എന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സ്വന്തം ഇഷ്ടപ്രകാരമല്ലാതെ അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ ദൂരെയുള്ള സ്കൂളിലോ കോളേജിലോ അഡ്മിഷൻ ലഭിക്കുന്ന ഒരു കുട്ടിക്ക് 40 കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടിവരുന്നെങ്കിൽ അത് പ്രത്യേക കേസായി പരിഗണിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം അദ്ദേഹത്തിന്റെ ചോദ്യത്തിന്റെ ആദ്യഭാഗത്ത് സൂചിപ്പിച്ചൊരു കാര്യം തന്നെയാണ് എനിക്കും ചോദിക്കാനുള്ളത്. അദ്ദേഹമത് ഉന്നയിച്ച സ്ഥിതിക്ക് ഇനി ഞാൻ ചോദിക്കേണ്ടെന്ന് കരുതിയതാണ്. പക്ഷെ മന്ത്രിയുടെ മറുപടിക്ക് ശക്തി പോരാത്തതുകൊണ്ടാണ് ഞാനിത് വീണ്ടും ഉന്നയിക്കുന്നത്. സർവ്വീസുകൾ റദ്ദ് ചെയ്യുന്നതൊരു ചെറിയ പ്രശ്നമല്ല. അവിടത്തെ ജനപ്രതിനിധികളൊന്നും ഇതറിയുന്നില്ല. തിരക്കുള്ള റൂട്ടുകളിൽ 8-10 സർവ്വീസുകൾ ഒരുമിച്ച് റദ്ദാക്കുകയാണ്. ഇതുമൂലം ഞങ്ങൾക്ക് നാട്ടിൽ നിൽക്കാൻ പറ്റാത്ത സാഹചര്യമാണ്. വരുമാനക്കുറവ് കൊണ്ടല്ല റദ്ദാക്കുന്നത്. അതിനുപിന്നിൽ മറ്റെന്തെങ്കിലും താത്പര്യമുണ്ടോയെന്ന് ആളുകൾ സംശയിക്കുകയാണ്. ഡ്രൈവർമാരുടെ കുറവാണ് കാരണമെങ്കിൽ അത് അടിയന്തരമായി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും; റദ്ദാക്കിയ സർവ്വീസുകൾ എന്ന് പുനഃസ്ഥാപിക്കും; അക്കാര്യത്തിൽ കുറച്ചുകൂടി ഗൗരവമുള്ള സമീപനം സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മറുപടിക്ക് ശക്തിപോരായെന്ന് പറഞ്ഞു. ശക്തി എല്ലായിടത്തും കാണിക്കേണ്ടതില്ല. ശക്തി കാണിക്കേണ്ടിടത്ത് കാണിച്ചാൽ മതിയെന്നാണ് എന്റെ പൊതുവെയുള്ള നിലപാട്. 2800 ഡ്രൈവർമാരെ പിരിച്ചുവിട്ടത് മന്ത്രിക്ക് ശക്തി പോരാത്തതുകൊണ്ടല്ല, കോടതി പറഞ്ഞിട്ടാണ്. കോടതിയിൽ കേസ് ഇപ്പോഴും നിലനിൽക്കുകയാണ്. സി.എം.ഡി. (ചെയർമാൻ & മാനേജിംഗ് ഡയറക്ടർ)-ക്ക് എതിരെ കോടതിയലക്ഷ്യ കേസാണ് വീണ്ടും വരാൻ പോകുന്നത്. അപ്പോൾ നിയമക്കുരുക്കിൽപ്പെട്ട് കിടക്കുന്ന വിഷയത്തിൽ ശക്തികാണിച്ചതുകൊണ്ട് കാര്യമില്ല, നിയമപരമായി പരിഹാരം കാണാൻ ശ്രമിക്കുകയാണ് വേണ്ടത്. അങ്ങനെ പരിഹരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രതിസന്ധി തരണം ചെയ്യാൻ സാധിക്കൂ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ യാത്രക്കാർ ധാരാളമുള്ളതും കളക്ഷനുള്ളതുമായ റൂട്ടുകളിൽ സർവ്വീസുകൾ റദ്ദ് ചെയ്യുന്നുണ്ടെങ്കിൽ അത് റിവ്യൂ ചെയ്ത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വൈമനസ്യമില്ല.

ശ്രീ. റോജി എം. ജോൺ: സർ, വിദ്യാർത്ഥികളുടെ കൺസഷനുമായി ബന്ധപ്പെട്ട് വിഷയമുണ്ടായപ്പോൾ വിദ്യാർത്ഥി സംഘടനകളൊക്കെ സമരം നടത്തുകയും കെ.എസ്.യു. പ്രസിഡന്റ് ഉൾപ്പെടെയുള്ളവരുമായി നടത്തിയ ചർച്ചയിൽ അത് പുനഃസ്ഥാപിക്കുമെന്ന് അങ്ങ് ഉറപ്പുകൊടുക്കുകയും ചെയ്തിരുന്നു. ഇവിടെ രണ്ട് വിഷയങ്ങളാണുള്ളത്. ഒന്ന്, വിദ്യാർത്ഥികൾ ഏറ്റവുംകൂടുതൽ കെ.എസ്.ആർ.ടി.സി. ബസുകളെ ആശ്രയിക്കുന്ന രാവിലെയും വൈകുന്നേരവും ഓർഡിനറി സർവ്വീസുകൾക്കുപകരം ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകളാണ് കൂടുതലുള്ളത്. അതുകൊണ്ട് വിദ്യാർത്ഥികൾക്ക് അവയെ ആശ്രയിക്കാൻ സാധിക്കുന്നില്ല. രണ്ട്, ഏറ്റവുംകൂടുതൽ ആളുകൾ കയറുന്ന കെ.എസ്.ആർ.ടി.സി. ഡിപ്പോകളും സ്റ്റേഷനുകളുമൊക്കെ പുറമെനിന്ന് നോക്കിയാൽ കുഴപ്പമില്ല; പക്ഷേ അതിനുള്ളിലേയ്ക്ക് കയറി നോക്കിയാൽ ഇരിക്കാനോ നിൽക്കാനോ ഉള്ള സൗകര്യമില്ലെന്നു മാത്രമല്ല സ്റ്റേഷനുകൾ പലതും പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. അങ്കമാലിയിൽ ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. സ്റ്റേഷനുണ്ട്. എന്നാൽ അതിനകത്തേയ്ക്ക് കയറിയാൽ ബസ് സ്റ്റാന്റ് മുഴുവൻ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നു, ആളുകൾക്ക് ഇരിക്കാനുള്ള സൗകര്യമോ ടോയ്‌ലറ്റോ ഇല്ല. അങ്കമാലിയിലെ മാത്രമല്ല, പല കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെയും അവസ്ഥ ഇതുതന്നെയാണെന്നുള്ള അഭിപ്രായം ഇവിടെയിരിക്കുന്ന പല എം.എൽ.എ.-മാർക്കുമുണ്ടാകും. അതുകൊണ്ട് ഇത്തരം വിഷയങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ നവീകരണവും പരിഷ്കാരവുമെല്ലാം സാമ്പത്തികശേഷി വർദ്ധിക്കുന്ന മുറയ്ക്ക് മാത്രമേ സാദ്ധ്യമാകൂയെന്ന യാഥാർത്ഥ്യത്തിനുനേരെ കണ്ണടച്ചിട്ട് കാര്യമില്ല. സാമ്പത്തിക പ്രതിസന്ധിയാണ് ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം. അത് പരിഹരിക്കാൻ ഇപ്പോൾത്തന്നെ സർക്കാർ 1000 കോടി രൂപ തരുന്നുണ്ട്. കൂടുതൽ സാമ്പത്തിക സഹായം സർക്കാരിനോട് അഭ്യർത്ഥിച്ചെങ്കിലും അനുവദിക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണുള്ളതെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് എല്ലാത്തിന്റേയും ഉത്തരവാദിത്വം മന്ത്രി വേണമെങ്കിൽ ഏറ്റെടുക്കാം. അത്രയേയുള്ളൂ.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ശ്രീ. എം. സ്വരാജ് ഉൾപ്പെടെ ചോദിച്ച ചോദ്യം തന്നെയാണ് എനിക്കും ചോദിക്കാനുള്ളത്. അതായത്, സ്കൂൾ ബസ്സില്ലാത്ത സ്ഥലങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികളാണ് കൺസഷന്റെ പ്രശ്നം നേരിടുന്നത്. പഠനത്തിനായി അവർക്ക് ചിലപ്പോൾ ദൂരെ പോകേണ്ടിവരും. JnNURM-ന്റെ സാധാരണ ബസുകളിൽ കൺസഷന്റെ പ്രശ്നമുണ്ട്. എന്റെ മണ്ഡലത്തിലെ ഗൗരവമായ പ്രശ്നമാണത്. വിദ്യാർത്ഥികൾക്കാവശ്യമുള്ള സമയത്തെ ചില സർവ്വീസുകൾ വെട്ടിക്കുറച്ചതിനാൽ രണ്ടുമൂന്ന് വിദ്യാർത്ഥികൾ ഒരു ബൈക്കിൽ പോകുന്ന സാഹചര്യമുണ്ടാകുന്നുണ്ട്, അത് അപകടത്തിനിടയാക്കുകയും ട്രാഫിക് പ്രശ്നമുണ്ടാകുകയും ചെയ്യുന്നു. പ്രൈവറ്റ് ബസുകളുള്ള റൂട്ടിൽ കെ.എസ്.ആർ.ടി.സി. വരുമ്പോൾ പ്രൈവറ്റ് ബസുകൾ സർവ്വീസ് നിർത്തുന്നത് കൂടുതൽ ബൈക്കുകൾ ഇറങ്ങുന്നതിനും അപകടം വർദ്ധിക്കുന്നതിനും കാരണമാകുന്നു. ബസുകൾ പിൻവലിക്കുന്നതിനുമുമ്പ് എം.എൽ.എ.-മാരുമായി ആലോചിക്കുകയാണെങ്കിൽ കെ.എസ്.ആർ. ടി.സി.-ക്ക് നഷ്ടമുണ്ടായാൽ അത് നികത്തുന്നതിന് ക്യാബിനറ്റ് തീരുമാനമുണ്ടെങ്കിൽ എം.എൽ.എ. ഫണ്ട് ഉപയോഗിക്കാം. അതിനുപകരം പാവപ്പെട്ട ആളുകളെ ആശങ്കയിലാക്കുന്നതും യാത്ര തടസ്സപ്പെടുത്തുന്നതും പൊതു സംവിധാനത്തിന് ചേർന്നതല്ല. അതുകൊണ്ട് JnNURM ബസുകളിലെ കൺസഷന്റെ കാര്യവും കുട്ടികൾക്ക് യഥാസമയം കോളേജുകളിലും സ്കൂളുകളിലുമെത്താൻ കഴിയാത്ത പ്രശ്നവും പരിശോധിച്ച് പരിഹരിക്കുന്നതിന് സംവിധാനമുണ്ടാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിച്ചകാലം മുതൽ ഇതുവരെയും ഓർഡിനറി സർവ്വീസുകളിലും ലിമിറ്റഡ് സ്റ്റോപ് ഓർഡിനറി സർവ്വീസുകളിലുമാണ് കൺസഷൻ നൽകുന്നത്. അത് ഈ സർക്കാരോ ഞാനോ ഏർപ്പെടുത്തിയതല്ല. മറ്റ് ശ്രേണികളിലുള്ള ബസുകളിൽ കൺസഷൻ അനുവദിക്കുന്നില്ല. അതാണ് നിലവിലുള്ള നിയമം. എന്നാൽ ഒരു

പ്രദേശത്തേയ്ക്ക് മാത്രമായി JnNURM ബസുകളിലോ ഫാസ്റ്റ് പാസഞ്ചറിലോ കൺസഷൻ അനുവദിച്ചാൽ എല്ലായിടത്തും അത് അനുവദിക്കേണ്ടിവരും. അതുകൊണ്ട് ശ്രേണി മാറ്റം എന്നത് ഒറ്റവാക്കിൽ ഉത്തരം പറയാൻ കഴിയുന്നതല്ല, അതിപ്പോൾ ആലോചിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സർവ്വീസ് കാൻസൽ ചെയ്യുമ്പോൾ ഇത്തരം കാര്യങ്ങൾ പരമാവധി ശ്രദ്ധിക്കണമെന്നത് നല്ല നിർദ്ദേശമാണ്.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, കേരളത്തിന്റെ വടക്കേയറ്റത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ കുറവാണ്. പ്രത്യേകിച്ച്, ചന്ദ്രഗിരിപ്പുഴയുടെ വടക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അംഗുലീ പരിമിതമാണ്. അതുകൊണ്ടുതന്നെ കാസർഗോഡ് ജില്ലയിൽനിന്നും ആയിരക്കണക്കിന് കുട്ടികൾ മംഗലാപുരത്തെ വിവിധ സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. അവിടെ വർഷത്തിൽ ആയിരം രൂപ അടച്ചാൽ കർണ്ണാടക ഗവൺമെന്റിന്റെ ബസിൽ കുട്ടികൾക്ക് പാസ് കൊടുക്കുന്നുണ്ട്. എന്നാൽ കേരളത്തിലെ കെ.എസ്.ആർ.ടി.സി. ബസിൽ ആ ആനുകൂല്യമില്ല. ഗഡിനാട് കന്നഡിൽ, മാതാപിതാക്കളിൽ ആരെങ്കിലും കന്നഡക്കാരാണെന്ന തഹസിൽദാർ സർട്ടിഫിക്കറ്റ് കൊടുത്താൽ ആ കുട്ടികൾക്ക് കർണ്ണാടക ബസിൽ ആനുകൂല്യം കിട്ടുന്നുണ്ട്. പക്ഷേ, രാവിലെ കോളേജിൽ പോകുമ്പോഴും വൈകുന്നേരം കോളേജ് വിടുമ്പോഴും കർണ്ണാടക ബസ് ലഭ്യമല്ല, കെ.എസ്.ആർ.ടി.സി. ബസാണുള്ളത്. അതുകൊണ്ട് കർണ്ണാടക ഗവൺമെന്റ് വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യമെങ്കിലും കെ.എസ്.ആർ.ടി.സി.-യിൽ അങ്ങേയ്ക്ക് നൽകാൻ കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് പറഞ്ഞത് കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കർണ്ണാടകക്കാരായ വിദ്യാർത്ഥികൾക്ക് യാത്രാ കൺസഷൻ കൊടുക്കുന്നുവെന്നാണ്. അവിടെ പഠിക്കുന്ന നമ്മുടെ കുട്ടികൾക്ക് ഇത്തരത്തിൽ കൺസഷൻ വേണമെന്നാണ് നമ്മൾ ആവശ്യപ്പെടേണ്ടത്. പ്രശ്നം അതല്ല. മറ്റ് സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികളെക്കൂടി കൺസഷന്റെ പരിധിയിൽ ഉൾപ്പെടുത്തണമോ വേണ്ടയോ എന്നതാണ് പ്രശ്നം. ആലോചിക്കാതെ ഇതിനെക്കുറിച്ച് പറയാൻ കഴിയില്ല.

ശ്രീ. കെ. ബാബു: സർ, നെല്ലിയാമ്പതിയിൽനിന്നും താഴേയ്ക്കുള്ള പ്രദേശങ്ങളിൽ വന്ന് പഠിക്കാൻ വിദ്യാർത്ഥികൾക്ക് മുപ്പത് മുതൽ അറുപത് കിലോമീറ്റർ വരെ സഞ്ചരിക്കണം. പറമ്പിക്കുളം ആദിവാസി ഊരുകളിൽ നിന്നുൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് പ്ലസ് ടു മുതലുള്ള ഉപരിപഠനത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേരുന്നതിന് അറുപത് മുതൽ നൂറ്

കിലോമീറ്റർ ദൂരം വരെ യാത്ര ചെയ്യണം. അങ്ങനെ രണ്ട് ഹൈറേഞ്ചുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ പഠനാവശ്യത്തിനായി യാത്ര ചെയ്യുമ്പോൾ അവർക്ക് സൗജന്യമായി അല്ലെങ്കിൽ കൺസഷൻ നിരക്കിൽ യാത്രാസൗകര്യം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്. ഒരുപാട് ചോദ്യങ്ങൾ വന്നപ്പോൾ പറയാൻ വിട്ടുപോയതാണ്. ആദിവാസി ഊരുകൾ പോലുള്ള മേഖലകളിൽ അടുത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകുകയില്ല. അവർക്ക് താങ്കൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നാൽപ്പത്തിയാറും നാൽപ്പത്തിയേഴും കിലോമീറ്റർ ദൂരം സഞ്ചരിച്ചാൽമാത്രമേ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ കഴിയൂ. പരിശോധിക്കേണ്ട ഒരു പ്രശ്നമാണിത്. അനുഭാവപൂർവ്വം ഇക്കാര്യം പരിഗണിക്കുന്നതാണ്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, കെ.എസ്.ആർ.ടി.സി. കംഫർട്ട് സ്റ്റേഷനുകളിൽ വിദ്യാർത്ഥിനികൾ ഉൾപ്പെടെയുള്ള സ്ത്രീ യാത്രക്കാർക്കായുള്ള ടോയ്ലറ്റുകളുടെ അവസ്ഥ അതിദയനീയമാണ്. അവ വൃത്തിയാക്കാൻ നടപടിയെടുക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ നമുക്കാർക്കും അഭിമാനിക്കാൻ കഴിയുന്ന രീതിയിലല്ല കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ ശുചിമുറികൾ പ്രവർത്തിക്കുന്നത്. 41 കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ ഐഡന്റിഫൈ ചെയ്ത് നവീകരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കി ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന് അംഗീകാരം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. മാത്യു ടി. തോമസ്: സർ, കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള രൂക്ഷമായ പ്രതിസന്ധി ഇന്നും ഇന്നലെയുമായി രൂപപ്പെട്ടതല്ല. പണം കടമെടുക്കുകയും മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനായി വീണ്ടും കടമെടുക്കുകയും ചെയ്യുന്ന അവസ്ഥ തുടങ്ങിയിട്ട് വർഷങ്ങളായി. സർവ്വീസിതര ചെലവുകളാണ് ഇതിന്റെ മൂലകാരണം. സർവ്വീസിതര ചെലവുകളാണ് കെ.എസ്.ആർ.ടി.സി.-യെ പ്രതിസന്ധിയിലാക്കിയത്. കുറച്ചുനാൾ ഞാൻ ഈ വകുപ്പ് കൈകാര്യം ചെയ്തതുകൊണ്ടാണിത് പറയുന്നത്. സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്നത് ഇതിനൊരു പരിഹാരമല്ല. സർവ്വീസുകൾ പരമാവധി നടത്തി വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം സർവ്വീസിതര ചെലവുകൾക്ക് സർവ്വീസിതര വരുമാനം ലക്ഷ്യമിട്ടുള്ള പദ്ധതികളും ആവശ്യമാണ്. 2006-ലെ ഗവൺമെന്റിന്റെ കാലത്ത് എല്ലാ

ഡിപ്പോകളിലും മാസംതോറും എം.എൽ.എ.-മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് monthly review നടത്താനുള്ള ഒരു ഉത്തരവുണ്ടായിരുന്നു, അത് നടപ്പാക്കിക്കൊണ്ടിരുന്നു. പക്ഷേ ഇപ്പോൾ അത്തരം യോഗങ്ങൾ ചേരുന്നില്ല. ഈയടുത്ത സമയത്ത് കെ.എസ്.ആർ.ടി.സി.-യിലെ ഉന്നത ഉദ്യോഗസ്ഥനെ വിളിച്ചപ്പോൾ അദ്ദേഹത്തിന് ഇങ്ങനെയൊരു ഉത്തരവ് നിലവിലുള്ളതായി അറിയുകപോലുമില്ലെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട അംഗങ്ങൾ പല ആവലാതികളും ഉന്നയിക്കുന്നുണ്ട്. അതൊന്നും അങ്ങയോടുള്ള വിമർശനമായി കാണേണ്ട. അത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഡിപ്പോ തലത്തിൽത്തന്നെ സംവിധാനമൊരുക്കുന്നതിന് monthly review മീറ്റിംഗുകൾ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം തന്റെ അനുഭവത്തിന്റെയും പരിചയത്തിന്റെയും അടിസ്ഥാനത്തിൽ പറഞ്ഞ കാര്യമാണിത്. ഇപ്പോഴും അങ്ങനെയൊരു യോഗം വിളിച്ചുകൂട്ടാനുള്ള നിർദ്ദേശം നിലവിലുണ്ടെന്ന് പല എം.എൽ.എ.-മാർക്കും ഡിപ്പോയിലെ ഉദ്യോഗസ്ഥർക്കും അറിയില്ല. .....(ബഹളം).....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ. മിനിസ്റ്റർ, അങ്ങ് സംസാരിക്കൂ.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ദയവായി പറയുന്നത് കേൾക്കൂ. രോഷാകുലരായിട്ടൊന്നും കാര്യമില്ല. ഉത്തരം ഞാൻ പറഞ്ഞുതീർന്നില്ലല്ലോ. അവ്യക്തത നീക്കാനായി അടിയന്തരമായി അതുസംബന്ധിച്ച സർക്കുലർ ഇറക്കി എല്ലാ എം.എൽ.എ.-മാർക്കും ഡിപ്പോ മാനേജർമാർക്കും നൽകാം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, കൺസഷനുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. പല സ്കൂളുകളിലെയും കോളേജുകളിലെയും കുട്ടികളിൽ ചിലർക്ക് കൺസഷൻ കൊടുക്കുകയും ചിലർക്ക് കൊടുക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. എന്റെ മണ്ഡലത്തിലെ പല സ്കൂളുകളിലെയും കോളേജുകളിലെയും കുട്ടികൾക്ക് കൺസഷൻ കൊടുക്കുന്നില്ല. എന്നാൽ ചില സ്ഥലങ്ങളിൽ കൊടുക്കുന്നുണ്ട്. ഇത് അവിടത്തെ മാനേജിംഗ് ഡയറക്ടർ അടക്കമുള്ള ഉദ്യോഗസ്ഥരുടെ ചിറ്റമ്മനയമായിട്ടാണ് ഞാൻ കാണുന്നത്. അടൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിലെ കുട്ടികൾ ഇതുമായി ബന്ധപ്പെട്ട് രണ്ടോ മൂന്നോ പ്രാവശ്യം എന്റെ കത്തുൾപ്പെടെയുള്ള അപേക്ഷ കൊടുത്തിട്ടും ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് കൺസഷൻ ആർക്കൊക്കെ കൊടുക്കണം, എങ്ങനെ കൊടുക്കണം എന്നതുസംബന്ധിച്ച് പൊതുമാനദണ്ഡമുണ്ടാകണം. ചിലർക്ക് കൊടുക്കാം, ചിലർക്ക്

കൊടുക്കാൻ പാടില്ല എന്ന സമീപനം സ്വീകരിക്കരുത്. അതുകൊണ്ട്, ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിലേതുൾപ്പെടെ അടൂർ മണ്ഡലത്തിൽ കൺസഷൻ ആവശ്യമുള്ള കുട്ടികൾക്ക് അത് കൊടുക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. ഇവിടെ ശ്രീ. മാത്യു ടി. തോമസ് പറഞ്ഞ രണ്ട് ഡിപ്പോകൾ അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയും പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററുമാണ്. അവിടെ രണ്ടിടത്തും ദീർഘദൂര സർവ്വീസുകളടക്കമുള്ള നിരവധി സർവ്വീസുകൾ വെട്ടിക്കുറച്ചിരിക്കുകയാണ്. അടൂർ-മണിപ്പാൽ, അടൂർ-ഉദയഗിരി സർവ്വീസുകൾ നിർത്തലാക്കിയിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ ഈ വിഷയം ചർച്ച ചെയ്യാനായി രണ്ടോ മൂന്നോ പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. മാനേജ്മെന്റും അവിടത്തെ എ.ടി.ഒ.-യും മറ്റ് ഉദ്യോഗസ്ഥരും പറയുന്നതനുസരിച്ചുള്ള നടപടിയുമായി ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടു പോകുകയാണ്. അങ്ങനെ ചെയ്യാതെ, നിയമസഭാ സാമാജികരും അവിടത്തെ ജനങ്ങളും പറയുന്ന വിഷയങ്ങൾകൂടി മനസ്സിലാക്കി പ്രായോഗിക സമീപനം സ്വീകരിച്ച് ഇതിനാവശ്യമായ നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കൺസഷൻ നൽകുന്ന കാര്യത്തിൽ ഒരേ വിദ്യാലയത്തിലെ വിദ്യാർത്ഥികളോട് രണ്ടുതരത്തിൽ പെരുമാറുന്നുണ്ടെങ്കിൽ അത് തെറ്റാണ്. അങ്ങനെയുള്ള തെറ്റുകൾ ചെയ്യുന്നുണ്ടെങ്കിൽ അത് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സർവ്വീസുകൾ നിർത്തലാക്കിക്കൊണ്ട് മാത്രം കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട മാത്യു ടി. തോമസാണ് പറഞ്ഞത്, അത് ശരിയുമാണ്. എന്നാൽ ഡ്രൈവർമാരുടെ അഭാവത്തിലും ബസുകൾ റിപ്പയർ ചെയ്ത് ഡോക്കിൽനിന്നും പുറത്തിറക്കാൻ കഴിയാതെ വന്നാലും സർവ്വീസ് കട്ട് ചെയ്യുകയല്ലാതെ വേറെ പോംവഴിയില്ല. പ്രതിസന്ധിയുടെ ആഴത്തെക്കുറിച്ച് ചിന്തിക്കാതെയാണ് സർവ്വീസ് വെട്ടിച്ചുരുക്കിയെന്ന് പ്രതിഷേധമായി പറയുന്നത്. സ്വാഭാവികമായും മെമ്പർമാർ അവരുടെ മണ്ഡലത്തിലെ പ്രശ്നമാണ് പറയുന്നത്. അതുകൊണ്ടാണ് അക്കാര്യത്തിൽ ഞാൻ ശക്തിയില്ലാതെ വർത്തമാനം പറയുന്നത്. മെമ്പർമാരുടെ പ്രശ്നം എനിക്ക് മനസ്സിലാക്കാൻ കഴിയും. കെ.എസ്.ആർ.ടി.സി.-യുടെ നിസ്സഹായാവസ്ഥയെയും സാമ്പത്തികസ്ഥിതിയെയും കുറിച്ച് ധാരണയില്ലാതെ എന്നെ പ്രതിക്കൂട്ടിൽ നിർത്തുന്ന നിലപാട് സ്വീകരിക്കുന്നതിനോട് മാത്രമാണ് അങ്ങനെ ചെയ്യരുതെന്ന് ഞാൻ അഭ്യർത്ഥിച്ചത്. ഒരു പ്രത്യേക സർവ്വീസിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അടൂർ എം.എൽ.എ. ഇവിടെ പറഞ്ഞത്. ആ സർവ്വീസിന്റെ കഴിഞ്ഞ മൂന്ന് മാസത്തെ വരുമാനം എത്രയാണെന്നുള്ളതിന്റെ രേഖ അദ്ദേഹത്തിന് കാണിച്ചുകൊടുത്തിട്ടുണ്ട്. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്... അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കരുത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, രോഷാകുലനായി അങ്ങനെയൊക്കെ പറയാം. പക്ഷേ, വരുമാനത്തിന്റെ രേഖയാണ് നോക്കുന്നത്. മൂന്ന് മാസത്തെ കളക്ഷൻ ഷീറ്റെടുത്തിട്ട് ഇത്രയേ കളക്ഷനുള്ളൂവെന്ന് പറയുമ്പോൾ അത് അവിടത്തെ ഡി.ടി.ഒ.-യുടെയും എ.ടി.ഒ.-യുടെയും കുറ്റമാണെന്ന് പറയുന്നതിൽ എന്താണ് അർത്ഥം? .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഉദ്യോഗസ്ഥർ തെറ്റായാണ് കാര്യങ്ങൾ ചെയ്യുന്നതെങ്കിൽ അവിടെ ഈ മാസംതന്നെ റിവ്യൂ യോഗം നടത്താനുള്ള നടപടി സ്വീകരിക്കാം. സാമ്പത്തിക പ്രതിസന്ധിമൂലമാണ് സർവ്വീസുകൾ നിർത്തിയതെങ്കിൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമല്ല. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനുള്ള കാര്യങ്ങളാണ് ആലോചിക്കേണ്ടത്.

## കാർഷിക മേഖലയുടെ പുനരുദ്ധാരണം

2 (*272) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് പ്രഖ്യാപിച്ചിട്ടുള്ള ആയിരത്തി ഇരുന്നൂറ് കോടി രൂപയുടെ സമഗ്ര പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) സർക്കാരിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് കാർഷിക കടത്തിന്റെ മൊറട്ടോറിയം തീയതി നീട്ടിയിരുന്നോയെന്ന് അറിയിക്കാമോ; പ്രളയം കടക്കെണിയിലാഴ്ത്തിയ കർഷകരുടെ സംരക്ഷണത്തിന് പ്രത്യേക കാർഷിക കടാശ്വാസ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കാർഷിക രംഗത്തെ ഉല്പാദനം, സംഭരണം, വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര നേട്ടങ്ങൾ ഉപയോഗപ്പെടുത്തി ആധുനീകരണംവഴി കൃഷി ആദായകരമാക്കിത്തീർക്കുന്നതിന് പരിപാടിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് ആയിരത്തി ഇരുന്നൂറ് കോടി രൂപയുടെ സമഗ്ര പദ്ധതി പ്രത്യേകമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വാർഷിക പദ്ധതികൾക്കുപുറമെ 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968-ന്റെ 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവയുൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

2018-ലെ പ്രളയത്തിനോടനുബന്ധിച്ച് നിശ്ചിത സമയത്തിനുള്ളിൽ പുനഃക്രമീകരിക്കപ്പെട്ട കാർഷിക ലോണുകളുടെ മൊറട്ടോറിയം കാലാവധി 7-8-2019-നുകൂടിയ എസ്.എൽ.ബി.സി.-യുടെ സബ് കമ്മിറ്റി 31-12-2019 വരെ നീട്ടിനൽകിയിട്ടുണ്ട്. 2019-ലെ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ 3-9-2019-നുകൂടിയ പ്രത്യേക എസ്.എൽ.ബി.സി. യോഗ തീരുമാനപ്രകാരം പ്രളയബാധിത വില്ലേജുകളായി സർക്കാർ പ്രഖ്യാപിച്ച സ്ഥലങ്ങളിലെ കർഷകർ എടുത്തിട്ടുള്ള വിളവായ്പകൾക്ക് 23-8-2019 മുതൽ ഒരു വർഷംവരെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്.

കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന 2014 മാർച്ച് 31 വരെയുള്ള കാർഷിക വായ്പകൾക്ക് വയനാട് ജില്ലയിൽ നൽകിവന്നിരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കുകൂടി നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ അമ്പതിനായിരം രൂപയ്ക്കുമുകളിലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ 2019 നവംബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ശാസ്ത്ര-സാങ്കേതിക ശാസ്ത്ര നേട്ടങ്ങൾ ഉപയോഗപ്പെടുത്തി സംഭരണ, വിതരണ മേഖലകളിൽ ആധുനീകരണംവഴി കൃഷി ആദായകര മാക്കിത്തീർക്കുന്നതിന് സാധിക്കും. നൂതന കൃഷിരീതികളുടെ പ്രയോഗം, മഴമറയിലുള്ള പച്ചക്കറി കൃഷി, കൃത്യതാ കൃഷി, ഫെർട്ടിഗേഷനോടുകൂടിയ സൂക്ഷ്മ ജലസേചനം ഉപയോഗിച്ചുള്ള കൃഷി എന്നിവ ഉൾപ്പെടുന്ന ഹൈടെക് കൃഷി, പൂക്കളുടെ കൃഷി, ജൈവ കൃഷി, ഉത്തമ കാർഷികമുറകൾ അവലംബിച്ചുള്ള കൃഷി എന്നിവ വ്യാപിപ്പിക്കുന്ന പദ്ധതികളും കാർഷിക മേഖലയിൽ യന്ത്രവത്കരണവും നടപ്പിലാക്കിവരുന്നു. പച്ചക്കറി, പഴം എന്നിവയുടെ സംഭരണത്തിനും വിതരണത്തിനുമായി റീഫർ വാനുകൾ ഉപയോഗിക്കുന്ന രീതി കൂടുതൽ വ്യാപകമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. നൂതന കൃഷിരീതികളെക്കുറിച്ചും സംഭരണ-വിപണന രീതികളെക്കുറിച്ചും കർഷകർക്ക് അറിവ് നൽകുന്നതിന് കൃഷി വകുപ്പിന്റെ വിജ്ഞാനവ്യാപന വിഭാഗവും പരിശീലന വിഭാഗവും നേതൃത്വം നൽകുന്നു.

റീ ബിൽഡ് ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കൃഷി വകുപ്പും മറ്റ് അനുബന്ധ സ്ഥാപനങ്ങളും മുഖേന ആധുനിക മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ കേരളത്തിലെ പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ശീതീകരിച്ച വിപണന ശൃംഖല രൂപീകരിക്കുന്നതിനുള്ള പ്രോജക്ടും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കുപുറമെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി.), സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (എസ്.എച്ച്.എം.) എന്നീ ഏജൻസികൾ മുഖേനയും പദ്ധതികൾ നടപ്പിലാക്കുന്നു.

(ഡി) ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടില്ല. എന്നാൽ സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം 2019-20 എന്ന പദ്ധതിയിൽ ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷം കുരുമുളക് കൃഷി വ്യാപനം, പ്രദർശനത്തോട്ടം സജ്ജമാക്കൽ, സെക്കണ്ടറി/സൂക്ഷ്മമൂലകങ്ങൾ, കുമ്മായം എന്നിവയുടെ വിതരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ, കുരുമുളക് സമിതി പുനരുജ്ജീവനം തുടങ്ങിയ പദ്ധതിഘടകങ്ങൾക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വയനാട് ജില്ലയുടെ കുരുമുളക് വികസനത്തിനും ജല-മണ്ണ് സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷം 1700 ലക്ഷം രൂപ വയനാട് പാക്കേജ് പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കുരുമുളക് കൃഷിയുടെ വികസനത്തിനായി വിവിധ ഘടകങ്ങളിലായി കർഷകർക്ക് ധനസഹായം

നൽകിവരുന്നു. നിലവിലുള്ള കുരുമുളകിന് പുതിയ താങ്ങുമരങ്ങൾ വച്ചുപിടിപ്പിക്കൽ, കുരുമുളക് കൃഷി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ സമഗ്ര വികസനം, ദ്രുതവാട്ടത്തിനെതിരെ സംയോജിത കീടനിയന്ത്രണം, വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ സ്ഥാപിക്കൽ, സെക്കണ്ടറി/സൂക്ഷ്മമൂലകങ്ങൾ/ജൈവ കീടനാശിനികളുടെ വിതരണം, മാതൃതോട്ടങ്ങളുടെ സംരക്ഷണം, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ, പുതിയ ടെക്നോളജിയുടെ ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷനുകൾ, കുരുമുളക് സമിതിയുടെ ശാക്തീകരണം, പ്രവർത്തന ചെലവുകൾ എന്നിവ നടപ്പിലാക്കുന്നതിനായി പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നു.

കാർഷികമേഖലയുടെ പുനരുദ്ധാരണത്തിനായി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന് സമർപ്പിച്ചിട്ടുള്ള 35 പദ്ധതികളുടെ ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുന്നു*.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, തുടർപ്രളയവും തുടർമഴയും കേരളത്തിലെ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് വലിയ വെല്ലുവിളിയാകുന്നുണ്ട്. ഡിസംബർ മാസത്തിൽ നെൽപ്പാടങ്ങൾ കതിരണിയേണ്ട സമയമാണ്. എന്നാൽ പല പാടശേഖരങ്ങളിലും കൃഷിയിറക്കാൻ സാധിച്ചിട്ടില്ല. തുടർമഴയ്ക്കുശേഷം വെയിലുദിക്കുമ്പോൾ കുരുമുളക്, കവുങ്ങ്, കാപ്പി തുടങ്ങിയവയുടെ കായ്കൾ കൊഴിഞ്ഞുപോകുന്ന സ്ഥിതിയുണ്ട്. 2019-ലെ പ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ നാശനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഏതൊക്കെ തലങ്ങളിലാണ് നഷ്ടമുണ്ടായതെന്ന് വിശദമാക്കാമോ?

<u>ശ്രീ. കെ. രാജു</u>: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, 2018-ലെയും 2019-ലെയും പ്രളയത്തിൽ വലിയ രീതിയിലുള്ള കാർഷിക നഷ്ടമുണ്ടായിട്ടുണ്ട്. 2018-ലെ പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ 23600649.5 ഹെക്ടർ സ്ഥലത്ത് കൃഷിനാശമുണ്ടായെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 2018-ലെ പ്രളയത്തെത്തുടർന്ന് വൻനഷ്ടമാണ് കാർഷിക മേഖലയിലുണ്ടായിട്ടുള്ളത്. കാർഷികമേഖലയിൽ മാത്രമായി 19001.84 കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്. അതിൽ 18545.25 ലക്ഷം രൂപയുടെ വിളനഷ്ടം സംഭവിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തെത്തുടർന്ന് കൃഷിക്കാർക്ക് ധനസഹായമായി എസ്.ഡി.ആർ. ഫണ്ടിൽനിന്നും 146.19 കോടി രൂപയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽനിന്ന് 165.5 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. സി.എം.ഡി.ആർ.എഫ്.-ൽനിന്നുള്ള 54 കോടി രൂപയും ഇതിലുൾപ്പെടും. 2019-ൽ ഉണ്ടായ പ്രളയത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

മെമ്പർ ചോദിച്ചത്. വിവിധ സ്ഥലങ്ങളിലായി 93225.2 ഹെക്ടർ സ്ഥലത്ത് ആകെ 1669.92 കോടി രൂപയുടെ കൃഷിനാശമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 41 കോടി രൂപ അധികമായി ആവശ്യപ്പെട്ടിട്ടുണ്ട്. 2019-20-ലെ വേനൽ കൃഷിനാശത്തിനും വേനൽമഴയിലുണ്ടായ നാശ നഷ്ടത്തിനുമായി 17 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. 2019-20-ലെ പ്രളയവുമായി ബന്ധപ്പെട്ട് എസ്.ഡി.ആർ.എഫ്. ഷെയർ 7.4 കോടി രൂപയും സ്റ്റേറ്റ് ഷെയർ 27.03 കോടി രൂപയും ഉൾപ്പെടെ ആകെ 34.43 കോടി രൂപയാണ് നൽകാനുള്ളത്.

ശ്രീമതി വീണാ ജോർജ്ജ്: സർ, കാലാവസ്ഥാവ്യതിയാനം സംബന്ധിച്ചുണ്ടാകുന്ന പ്രശ്നങ്ങളെയൊക്കെ അതിജീവിച്ച് കൃഷിയിറക്കിയാലും മലയോര മേഖലയായ പത്തനംതിട്ട ജില്ലയുൾപ്പെടെയുള്ള ഏതാണ്ട് 5 മണ്ഡലങ്ങളിലെയും കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കാട്ടുപന്നിയുടെ ശല്യമാണ്. കപ്പ, ചേന, ചേമ്പ്, കാച്ചിൽ, വാഴ തുടങ്ങിയ വിളകളെല്ലാം കാട്ടുപന്നി നശിപ്പിക്കുന്ന സ്ഥിതിയുണ്ട്. ഇതിൽനിന്നും കർഷകർക്കും കൃഷിക്കും സംരക്ഷണം അനിവാര്യമാണ്. നിലവിലെ നിയമവ്യവസ്ഥകളിൽ മാറ്റമുണ്ടാകണം, കാട്ടുപന്നിക്കെതിരെ കർഷകരുടെ സംരക്ഷണത്തിന് അനുകൂലമായ നടപടിയുണ്ടാകണം.

മി. സ്പീക്കർ: ചോദ്യം ചോദിക്കുന്നത് ഉത്തരം പറയുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ താല്പര്യംകൂടി നോക്കിയാണോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, തീർച്ചയായും. കർഷകരുമായി ബന്ധപ്പെട്ട വലിയ പ്രശ്നങ്ങളിലൊന്നാണിത്. അതുകൊണ്ട് അതിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെടണം.

മി. സ്പീക്കർ: അദ്ദേഹം ഈ സഭയിൽ ധാരാളം പറഞ്ഞിട്ടുള്ള കാര്യമാണിത്.

ശ്രീ. കെ. രാജു: സർ, പത്തനംതിട്ട ജില്ല പോലുള്ള മലയോര മേഖലയിലെ കൃഷിക്കാർ പൊതുവെ അനുഭവിക്കുന്ന ഒരു ബുദ്ധിമുട്ടാണ് വന്യജീവികളുടെ ആക്രമണം. പ്രത്യേകിച്ച് പന്നി, കുരങ്ങ്, മയിൽ, തുടങ്ങിയവയെല്ലാം വൻതോതിൽ കൃഷിനാശം വരുത്തുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലകൾതോറും അദാലത്തുകൾ സംഘടിപ്പിച്ചുവരികയാണ്. 10 ജില്ലകളിൽ നടത്തിയ അദാലത്തുകളിൽ മുഖ്യമായി ഉയർന്നുവന്ന പരാതി കൃഷിനാശവുമായി ബന്ധപ്പെട്ടതാണ്. നഷ്ടപരിഹാരം മാത്രമല്ല വന്യജീവികളുടെ ആക്രമണംമൂലം

പരിക്കുപറ്റുന്നവർക്കുള്ള ചികിത്സാസഹായമടക്കം അദാലത്തുകളിലൂടെ വിതരണം ചെയ്യാൻ വനം വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായിരിക്കുകയാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാർ മന്ത്രിയായിരുന്നപ്പോൾ കാട്ടുപന്നിയുടെ എണ്ണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഉത്തരവിറക്കിയിരുന്നു. എന്നാൽ അതിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് മനസ്സിലാക്കി കുറച്ചുകൂടി ലഘൂകരിച്ച് പുതിയ ഉത്തരവിറക്കിയിട്ടുണ്ട്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിൽ തോക്ക് കൈകാര്യം ചെയ്യാൻ അറിയാവുന്ന യൂണിഫോമുള്ള താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്കും പോലീസ് സേനയിലെ ഉദ്യോഗസ്ഥർക്കും പന്നിയുടെ എണ്ണം നിയന്ത്രിക്കുന്നതിനായി അവയെ വെടിവയ്ക്കുന്നതിന്.....

മി. സ്പീക്കർ: കാട്ടുപന്നി ഗർഭിണിയാണോയെന്ന് മുൻകൂട്ടി പരിശോധിച്ചതിനു ശേഷം മാത്രമേ വെടിവയ്ക്കാൻ പാടുള്ളൂവെന്ന നിബന്ധനയെക്കുറിച്ച് ശ്രീ. രാജു എബ്രഹാം ഇവിടെ പറയുകയുണ്ടായി.

ശ്രീ. കെ. രാജു: സർ, ആ നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ തന്നെ പന്നികൾ കാട്ടിലേയ്ക്ക് തിരികെ പോയിക്കൊണ്ടിരിക്കുകയാണെങ്കിൽ അതിനെ വെടിവയ്ക്കാൻ പാടില്ലെന്നുള്ള നിബന്ധനയും മാറ്റി കുറച്ചുകൂടി ലീനിയന്റായ സമീപനമെടുത്തിട്ടുണ്ട്. ഇതിന് കർഷകർകൂടി സഹകരിക്കണം. ഇന്നയിന്ന മേഖലയിൽപ്പെട്ട കൃഷിഭൂമിയിൽ സ്ഥിരമായി പന്നികൾ വരുന്നുണ്ട്. അതുകൊണ്ട് ഫോറസ്റ്റ് ഉദ്യോഗസ്ഥരോ പോലീസുദ്യോഗസ്ഥരോ ബന്ധപ്പെട്ടവരോ അതിനുള്ള പരിഹാരമുണ്ടാക്കണമെന്ന രീതിയിൽ അപേക്ഷ സമർപ്പിച്ചാൽ കർഷരുടെയുംകൂടി സഹായത്താൽ പന്നികളുടെ എണ്ണം നിയന്ത്രിക്കുന്ന തിനാവശ്യമായ ഉത്തരവ് നടപ്പിലാക്കാൻ കഴിയും.

ശ്രീ. പി. ഉണ്ണി: സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന എത്ര തുക ശിപാർശ ചെയ്തിട്ടുണ്ട്; എത്ര കർഷകർക്ക് അതിന്റെ പ്രയോജനം ലഭ്യമാകുമെന്നറിയാമോ?

ശ്രീ. കെ. രാജു: സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ വഴി 75.1 കോടി രൂപയുടെ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്, 19883 കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, തുടർച്ചയായുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം വയനാടിന്റെ കാർഷിക സമ്പദ്ഘടനയെ പൂർണ്ണമായും തകർത്തിരിക്കുകയാണ്. ഇതിനുവേണ്ടിയുള്ള ഒരു പ്രത്യേക പാക്കേജ് ഗവൺമെന്റ്

പരിഗണിക്കേണ്ടതാണ്. എന്റെ ചോദ്യം, വയനാട്, ഇടുക്കി ജില്ലകളിൽ വർഷകാലങ്ങളിൽ കുരുമുളക് കൃഷിയിൽ വ്യാപകമായി കണ്ടുവരുന്ന ദ്രുതവാട്ടം എന്ന കുൺരോഗത്തിന്റെ പ്രതിരോധപ്രവർത്തനം ലക്ഷ്യമിട്ട് കർഷകർക്ക് സാമ്പത്തികസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാജു: സർ, സുഗന്ധവ്യഞ്ജനവിള വികസന പദ്ധതിയിലുൾപ്പെടുത്തി കർഷകർ വികസിപ്പിച്ചെടുത്ത കുരുമുളകിനങ്ങളുടെ പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് 10,000 രൂപ ധനസഹായം നൽകിവരുന്നു. ഇത്തരത്തിൽ പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് 2 ലക്ഷം രൂപ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. അതുകൂടാതെ വയനാട് കാർഷിക മേഖലയിലെ പ്രളയാനന്തര മണ്ണ്-ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് പദ്ധതി തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2.85 കോടിരൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ കുരുമുളക് കൃഷിയുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ പ്രത്യേക പദ്ധതി ഇപ്പോൾത്തന്നെ മെച്ചപ്പെട്ട നിലയിൽ നടപ്പിലാക്കിവരുന്നുണ്ട്.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതികളിലൊന്നാണ് പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.). എന്റെ മണ്ഡലം കൃഷിക്ക് പ്രാധാന്യമുള്ള മലയോര പ്രദേശമാണ്. എത്ര ബ്ലോക്കുകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്; എന്റെ മണ്ഡലത്തിൽപ്പെട്ട പെരുങ്കടവിള ബ്ലോക്കിൽകൂടി ഇത് വ്യാപിപ്പിക്കാനാകുമോ?

ശ്രീ. കെ. രാജു: സർ, ഇതിൽ രണ്ട് ഘടകങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒന്ന്, സൂക്ഷ്മ ജലസേചനം (മൈക്രോ ഇറിഗേഷൻ). മറ്റൊന്ന്, ജലസേചന സ്രോതസ്സുകളുടെ വികസനവും ജലസേചന സൗകര്യവും ഒരുക്കൽ. ഈ രണ്ട് ഘടകങ്ങളാണ് പി.എം.കെ.എസ്.വൈ. എന്നുപറയുന്ന കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പറുടെ പെരുങ്കടവിള ബ്ലോക്കുൾപ്പെടെ എല്ലാ ജില്ലകളിലെയും എല്ലാ ബ്ലോക്കുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ വയനാട് ജില്ലയുടെ കാര്യം എടുത്തുപറഞ്ഞതിൽ വളരെ

സന്തോഷമുണ്ട്. കഴിഞ്ഞവർഷവും ഈ വർഷവും വലിയ പ്രളയമുണ്ടായി. കൃഷിയിറക്കുമ്പോൾ വയനാട്ടിലെ കർഷകരുടെ ലക്ഷ്യം വിളവെടുപ്പ് കഴിഞ്ഞാൽ ബാങ്കിലുൾപ്പെടെയുള്ള ബാധ്യതകൾ തീർത്ത് നല്ലൊരു ജീവിതത്തിലേയ്ക്ക് പോകുകയെന്നതാണ്. ശ്രീമതി വീണാ ജോർജ്ജ് ഉന്നയിച്ച വന്യമൃഗശല്യവും പ്രളയവുമുൾപ്പെടെയുള്ള നിരവധി പ്രതിസന്ധികളുണ്ട്. ജില്ലാ ഭരണകൂടം അതുസംബന്ധിച്ച റിപ്പോർട്ടും ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ വർഷവും കഴിഞ്ഞവർഷവും പ്രളയത്തിൽ നശിച്ച നെല്ല്, വാഴ, കുരുമുളക്, കാപ്പി തുടങ്ങിയ കൃഷികളെ സംബന്ധിച്ച് ഡി.ഡി.സി. മീറ്റിംഗിൽ ചർച്ച വരാറുണ്ട്. 16 കോടി രൂപകൂടി ലഭിച്ചാൽ വയനാട് ജില്ലയിൽ കാലവർഷക്കെടുതിമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കാമെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആ 16 കോടി രൂപപോലും അനുവദിക്കാതെ കോടികളുടെ കണക്കാണ് ഇവിടെ പറയുന്നത്. മാത്രമല്ല, കാലവർഷക്കെടുതിയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി നിരവധി ഫണ്ടുകളുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഡി.ഡി.സി. മീറ്റിംഗിൽ ഉത്തരവാദപ്പെട്ട കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞതാണ് 16 കോടി രൂപയുടെ കണക്ക്. ആ തുക അനുവദിച്ച് കാലവർഷക്കെടുതിയിൽ നാശനഷ്ടമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ തയ്യാറാകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, പ്രളയക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾ നികത്തുന്നതിന് ഈ സർക്കാർ പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട കണക്കുകൾ ഞാനിവിടെ സൂചിപ്പിച്ചു. നിരവധി പദ്ധതികൾ വയനാട് ജില്ലയുമായി ബന്ധപ്പെട്ട് ആവിഷ്കരിക്കുന്നുണ്ട്. ആദിവാസി മേഖലയിലെ സുസ്ഥിരവികസനത്തിനുവേണ്ടി കൃഷി വകുപ്പ് 8 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ സമർപ്പിച്ചിട്ടുണ്ട്. അതിൽ നല്ലൊരു പങ്കും വയനാട് ജില്ലയെ ലക്ഷ്യമാക്കിയുള്ളതാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ, 2020-21-ലെ വാർഷിക പദ്ധതിയിൽ ജാതികൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് 10 കോടി രൂപയുടെ പദ്ധതിക്ക് ശിപാർശ നൽകിയിട്ടുണ്ട്. അതും വയനാട് ജില്ലയിലെ കർഷകർക്ക് പ്രയോജനം ചെയ്യുന്നതായിരിക്കുമെന്നാണ് തോന്നുന്നത്. വയനാട് ജില്ലയ്ക്കുമാത്രമായി 16 കോടി രൂപയുടെ അധിക തുക വേണ്ടിവരുമെന്നുള്ള കണക്ക് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി. അതുസംബന്ധിച്ച് വിവരം നൽകാൻ ബന്ധപ്പെട്ട വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അങ്ങ് നൽകിയ ഉത്തരത്തിൽ ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടില്ലെന്ന് പറയുകയുണ്ടായി. എന്നാൽ ബഡ്ജറ്റിൽ ഈ ജില്ലകൾക്കുവേണ്ടി പ്രത്യേക പാക്കേജ് അനുവദിക്കുകയും 250 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2018-ലുണ്ടായ പ്രളയത്തിൽ നിരവധി റോഡുകളും ഏഴോളം പാലങ്ങളും തകർന്നുപോയി. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും മുന്നിൽ ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങളുണ്ട്. ഈ അവസരത്തിലാണ് ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടില്ലെന്ന ഉത്തരം വന്നത്. ഇക്കാര്യം പുനഃപരിശോധിക്കുമോ; ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും ഗവൺമെന്റ് അടിയന്തരമായി ഇടപെടുമോ?

ശ്രീ. കെ. രാജു: സർ, ബഡ്ജറ്റിൽ ഈ മേഖലയ്ക്കുവേണ്ടി 1200 കോടി രൂപയുടെ സമഗ്ര പദ്ധതി പ്രത്യേകമായി അനുവദിച്ചിട്ടുണ്ടോയെന്ന ചോദ്യത്തിന് അത്തരമൊരു പദ്ധതി പ്രഖ്യാപിച്ചിട്ടില്ലെന്നും എന്നാൽ 965 കോടി രൂപയുടെ വിവിധ പദ്ധതികൾ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നുവെന്നുമാണ് ഉത്തരത്തിൽ വിശദീകരിച്ചത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, പ്രളയവുമായി ബന്ധപ്പെട്ട് തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുവഴി പ്രത്യേകമായി തുക അനുവദിച്ചിട്ടുണ്ട്. അതിന്റെ ലിസ്റ്റും തയ്യാറായിട്ടുണ്ട്. അതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മറുപടി പറയും.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഫ്ലഡ് അഫക്റ്റഡ് വില്ലേജുകളിലെ റോഡുകളുടെയും പാലങ്ങളുടെയും മെയിന്റനൻസിനു വേണ്ടി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുന്നുണ്ട്. 2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിൽ തകർന്ന വില്ലേജുകളിലെ റോഡുകളും പാലങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. റീ-ബിൽഡ് കേരളയുമായി ബന്ധപ്പെട്ട ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, സ്വാശ്രയ കോളേജുകളിലെ ഫീസ് നിശ്ചയിക്കുന്നതുപോലെയാണ് ഇപ്പോൾ നെല്ല് സംഭരണം നടക്കുന്നത്. ഇതൊരു സീസണൽ ഇഷ്യുവായി നിലനിൽക്കുകയാണ്. നെല്ല് സംഭരണം വൈകുന്നതുമൂലം വലിയ പ്രയാസങ്ങളുണ്ടാകുന്നുണ്ട്. കർഷകർക്ക് ഒരു കിലോ നെല്ലിന് 26 രൂപ 95 പൈസ കിട്ടേണ്ട സ്ഥാനത്ത് ഓപ്പൺ മാർക്കറ്റിൽ പതിനാറും പതിനെട്ടും രൂപയ്ക്കാണ് ഇത് കൊടുക്കേണ്ടിവരുന്നത്. നെല്ല് സംഭരണം വൈകുന്നതുകൊണ്ട് ഓപ്പൺ മാർക്കറ്റിൽ തോന്നിയ വിലയ്ക്ക് വിൽക്കേണ്ടിവരികയാണ്. കൂടാതെ നെല്ലിന് ഉണക്ക് കുറവാണെന്ന കാരണത്താൽ മില്ലുകൾ നെല്ല്

സ്വീകരിക്കാതിരിക്കുകയാണ്. അങ്ങനെ കാത്തുകാത്തിരുന്ന് കിട്ടിയവിലയ്ക്ക് നെല്ല് കൊടുക്കേണ്ട സാഹചര്യം മില്ലുകൾ കർഷകരുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. കഴിഞ്ഞവർഷത്തെ കുടിശ്ശികയായി 1455 കോടി രൂപ സർക്കാരും സപ്ലൈകോയും ബാങ്കുകൾക്ക് നൽകാനുണ്ട്. ഇത് നൽകാത്തതിനാൽ ബാങ്കുകൾ പലതും കർഷകരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുകയാണ്. അവരുടെ സിബിൽ റേറ്റിംഗ് കുറയ്ക്കുകയും വേറെ വായ്പ അനുവദിക്കാതിരിക്കുകയുമാണ്. ഇതുമൂലം നെൽകർഷകർ ഗുരുതരമായ പ്രതിസന്ധിയിലായിരിക്കുകയാണ്. പ്രത്യേകിച്ച്, പാലക്കാടുള്ള നെൽക്കർഷകർക്കുവേണ്ടി മറ്റുപല മേഖലകളിലുമുള്ളതുപോലെ ഒരു പാക്കേജ് പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ വിഷയം സീസണലായി നിലനിർത്താതെ എന്നെന്നേയ്ക്കുമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, അധിക നെല്ല് സംഭരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളാണ് ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സ്വീകരിച്ചിട്ടുള്ളത്. കർഷകർ ഉല്പാദിപ്പിക്കുന്ന അധിക നെല്ല് തൊട്ടടുത്ത സംഭരണകേന്ദ്രങ്ങളിൽ എത്തിക്കുമ്പോൾ നൽകുന്ന രസീത് ബാങ്കിൽ ഹാജരാക്കിയാൽ ഒരാഴ്ചയ്ക്കുള്ളിൽ പണം ലഭ്യമാകുന്ന സംവിധാനമാണ് കൃഷി വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് ഏറ്റവും വലിയ സമാശ്വാസമാണ് അതുവഴി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്. കുടിശ്ശികയില്ലെന്നല്ല; അത് കൊടുത്തുതീർക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പ്രളയംമൂലം വലിയതോതിലുള്ള നാശനഷ്ടങ്ങൾ കാർഷികമേഖലയിലുണ്ടായെങ്കിലും ഗവൺമെന്റിന്റെയും കൃഷി വകുപ്പിന്റെയും ഇടപെടലിന്റെ ഭാഗമായി ഉല്പാദനരംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. പച്ചക്കറി കൃഷിയിൽ സംസ്ഥാനം സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ അതിന് പൂർണ്ണവിജയം കൈവരിക്കാൻ സാധിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, പച്ചക്കറി കൃഷിയുടെ കാര്യത്തിൽ വൻകുതിച്ചുചാട്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 2015-16 സാമ്പത്തികവർഷം 46578 ഹെക്ടറിൽ 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് സർക്കാരിന്റെ സമയോചിതമായ ഇടപെടലുകളെത്തുടർന്ന് 2018-19-ൽ 82166 ഹെക്ടറിൽ 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. 2019-20-ൽ 14.72 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ സർക്കാരിന്റെ കാലഘട്ടത്തിനുള്ളിലല്ലെങ്കിലും വരുന്ന മൂന്നുനാല് വർഷംകൊണ്ട് പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ സാധിക്കുന്ന തരത്തിലുള്ള പ്രോത്സാഹനവും അതിനാവശ്യമായ പദ്ധതികളുമാണ് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നത്.

## ഗതാഗത നിയമലംഘനങ്ങൾക്കുള്ള പിഴ

3 (*273) ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതിപ്രകാരം അമിതഭാരത്തിന് എത്ര തുകയാണ് പിഴയായി ഈടാക്കുന്നത്; അധികമായി വരുന്ന ഓരോ ടണ്ണിനും കൂടുതൽ പിഴ ഈടാക്കാൻ നിർദ്ദേശമുണ്ടായിരുന്നോ;

(ബി) അമിതഭാരം കയറ്റുന്ന വാഹനങ്ങൾക്കുള്ള പിഴത്തുക സംസ്ഥാനം കുറച്ചിട്ടുണ്ടോ; എത്ര അധിക ലോഡ് കയറ്റിയാലും ഒരു പിഴത്തുക മാത്രം ഈടാക്കിയാൽ മതിയെന്ന ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ പിഴയിൽ കുറവുവരുത്തിയത് ക്വാറി മാഫിയകളടക്കമുള്ള നിയമലംഘകർക്ക് അനുകൂലമാകുമെന്നതിനാൽ ഇക്കാര്യം പുനഃപരിശോധിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ&ബി) പുതുക്കിയ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 194(1) പ്രകാരം അമിതഭാരത്തിന് 20,000 രൂപയും അധികമുള്ള ഓരോ ടണ്ണിനും 2,000 രൂപയുമാണ് പിഴയായി നിർദ്ദേശിച്ചിരുന്നത്. എന്നാൽ കേന്ദ്ര നിയമപ്രകാരമുള്ള തുക വളരെ ഉയർന്നതായതിനാൽ വ്യാപകമായ പൊതുജന പ്രതിഷേധമുണ്ടായ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ചില വകുപ്പുകൾ പ്രകാരമുള്ള പിഴത്തുകകൾ കുറയ്ക്കാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി 194(1)-ാം വകുപ്പുപ്രകാരമുള്ള പിഴത്തുകയും കുറയ്ക്കാൻ തീരുമാനിച്ചിരുന്നു. ഇപ്രകാരം അമിതഭാരത്തിന് 10,000 രൂപയായും അധികമുള്ള ഓരോ ടണ്ണിനുമുള്ള പിഴത്തുക 1,500 രൂപയായും കുറച്ചിട്ടുണ്ട്. അമിതഭാരം കൂടുന്നതിനനുസരിച്ച് പിഴത്തുകയും കൂടുമെന്നതിനാൽ ഇത് നിയമലംഘകർക്ക് സഹായകമായ സാഹചര്യമുണ്ടാക്കുമെന്ന് കരുതുന്നില്ല.

ശ്രീ. അൻവർ സാദത്ത്: സർ, കേന്ദ്ര സർക്കാർ ഈടാക്കിയ അമിത പിഴത്തുക സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് കുറച്ചത് നല്ല കാര്യം തന്നെയാണ്. വാഹനം പിടികൂടുമ്പോൾ മോട്ടോർ വാഹന വകുപ്പിലെ ചില ഉദ്യോഗസ്ഥർ പറയുന്നത്, പിഴയായി ഇത്ര രൂപയാണ് ഈടാക്കേണ്ടത് പക്ഷെ ഞങ്ങളത് കുറച്ചുതരുന്നതാണെന്നാണ്. ഇത് ആളുകളെ ഭയപ്പെടുത്തുന്ന സമീപനമാണ്.

ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പിഴത്തുക എത്രയാണെന്ന് വ്യക്തമാക്കാനും അത് ഗവൺമെന്റ് കുറച്ചതാണെന്നുള്ള കാര്യം ആളുകളോട് പറയാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പിഴത്തുക കുറച്ചുകൊടുക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഔദാര്യമാണെന്ന വിധത്തിലുള്ള പ്രചരണമുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഈ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ മാത്രമേ നിയമനടപടി സ്വീകരിക്കാൻ അവകാശമുള്ളൂ. അതിൽനിന്നും ഭിന്നമായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, നിയമലംഘനം നടത്തുന്നത് ആരായാലും കർശന നടപടി സ്വീകരിക്കണമെന്നതാണ് സുതാര്യമായ രീതി. ഇതിൽ രണ്ട് നീതി പാടില്ല. വാഹനങ്ങളിൽ കൂളിംഗ് ഗ്ലാസ് പേപ്പർ ഒട്ടിക്കാൻ പാടില്ലെന്ന നിയമമുണ്ടായിട്ടും ഉയർന്ന പോലീസ് ഉദ്യോഗസ്ഥരടക്കം പല ഉന്നതരുടെയും വാഹനങ്ങളിൽ ഇത് ഒട്ടിച്ചിട്ടുണ്ട്. നിയമം പാലിക്കാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥരാണ് നിയമം ലംഘിക്കുന്നത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് എനിക്കറിയില്ല. നിയമസഭാ മന്ദിരത്തിൽത്തന്നെ കൂളിംഗ് ഗ്ലാസ് പേപ്പർ ഒട്ടിച്ച വാഹനങ്ങൾ കിടപ്പുണ്ട്. അതിനെതിരെ കർശന നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ; ഇന്നുതന്നെ ആ വാഹനങ്ങളിലെ കൂളിംഗ് ഗ്ലാസ് പേപ്പർ മാറ്റാനുള്ള നടപടിയെടുക്കാൻ ആർജ്ജവം കാണിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാകേണ്ടതാണെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം ശരിയാണ്. സർക്കാർ വാഹനങ്ങളിൽ ഇത്തരം നിയമലംഘനങ്ങൾ നടത്തുന്നത് തടയുന്നതിനായി ബന്ധപ്പെട്ട വകുപ്പധികൃതർക്ക് സർക്കുലർ അയച്ചിരുന്നു. അത് വേണ്ടത്ര ഫലപ്രദമായില്ലെന്നാണ് അങ്ങയുടെ ചോദ്യത്തിൽനിന്നും വ്യക്തമായത്. നിയമം കർശനമാക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്. അതോടൊപ്പം സഭയുടെ ഈ വികാരം ഉദ്യോഗസ്ഥതലത്തിലും ജനപ്രതിനിധികളുടെ തലത്തിലുമുള്ള പൗരസമൂഹത്തിന് സന്ദേശമായി മാറുമെങ്കിൽ നന്നായിരിക്കും.

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മഴക്കുഴി നിർബന്ധമാക്കി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി

4(*274) ശ്രീ. കെ. എം. ഷാജി:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ അനുമതിക്ക് മഴക്കുഴി നിർബന്ധമാക്കുന്ന വ്യവസ്ഥ ആലോചിക്കുന്നുണ്ടോ;

(ബി) വീടുകളുടെ മുറ്റവും കോമ്പൗണ്ട് പൂർണ്ണമായും ടൈൽസ് ഇടുന്നതിനാൽ വെള്ളം വീടിന്റെ പരിസരത്ത് താഴാതെ പൂർണ്ണമായി ഒലിച്ചു പോകുന്ന അവസ്ഥ വർദ്ധിച്ചു വരുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇതുമൂലം ചെറിയ മഴ പെയ്താൽ പോലും ഇടവഴികളും റോഡുകളും വെള്ളത്തിലാകുന്ന അവസ്ഥയുണ്ടോ;

(ഡി) വെള്ളപ്പൊക്കങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ എല്ലാത്തരം കെട്ടിട നിർമ്മാണങ്ങളിലും മഴക്കുഴി നിർബന്ധമാക്കി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ തയ്യാറാവുമോ: വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVI-A (ചട്ടം 109 A, 109 B), 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVI (ചട്ടം 101, 102) എന്നിവ പ്രകാരം കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മഴവെള്ളം റീ ചാർജ്ജ് ചെയ്യുന്നതിനും സംഭരണത്തിനുമുള്ള സംവിധാനങ്ങൾ നല്കിയിരിക്കണമെന്ന വ്യവസ്ഥയുണ്ട്. സമാനമായ വ്യവസ്ഥകൾ 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ അദ്ധ്യായം XIV (ചട്ടം 76(1), 76(2)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) പ്ലോട്ടിനുള്ളിൽത്തന്നെ മഴവെള്ളം താഴ്ന്നുപോകാൻ തക്കവണ്ണം ആവശ്യമായ സ്ഥലം തറ പാകാതെ സൂക്ഷിക്കുകയോ അല്ലെങ്കിൽ ആവശ്യമായ

തുറന്ന സ്ഥലങ്ങൾ ഉണ്ടായിരിക്കുകയോ ചെയ്യേണ്ടതും വെള്ളം താഴ്ന്നുപോകാൻ പ്രാപ്തമല്ലാത്ത സാഹചര്യത്തിൽ മാത്രമേ അവിടെ നിന്നുള്ള മഴവെള്ളം പൊതു ഡ്രെയിനേജ് സംവിധാനവുമായി ബന്ധിപ്പിക്കാവൂ എന്ന് 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 24(7)-ലും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 27(7)-ലും പ്രതിപാദിച്ചിട്ടുണ്ട്. 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ചട്ടം 26(7) പ്രകാരം പ്ലോട്ടിലെ ആകെ തുറന്ന സ്ഥലത്തിന്റെ 50 ശതമാനമെങ്കിലും തറ പാകാതെ സൂക്ഷിക്കണമെന്നും അല്ലെങ്കിൽ മഴവെള്ളം താഴ്ന്നുപോകാൻ സഹായിക്കുന്ന വിധത്തിലുള്ള മെറ്റീരിയൽ ഉപയോഗിച്ച് വേണം തറ പാകാനെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മഴ വെള്ളം റീ ചാർജ്ജ് ചെയ്യുന്നതിനും സംഭരണത്തിനുമുള്ള സംവിധാനങ്ങൾ നല്കിയിരിക്കണമെന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## മഹാത്മാഗാന്ധി സർവ്വകലാശാല ഫയൽ അദാലത്ത്

5(*275) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഫെബ്രുവരി 22-ാം തീയതി മഹാത്മാഗാന്ധി സർവ്വകലാശാല നടത്തിയ ഫയൽ അദാലത്തിൽ കോതമംഗലത്തെ ഒരു സ്വാശ്രയ കോളേജിലെ ബി.ടെക് വിദ്യാർത്ഥിനി ആറാം സെമസ്റ്റർ പരീക്ഷയിൽ എൻ.എസ്.എസ്.-ന്റെ ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(ബി) നേരത്തെ ഈ വിദ്യാർത്ഥിനിക്ക് എൻ.എസ്.എസ്. ഗ്രേസ് മാർക്ക് നൽകിയതിനാൽ വീണ്ടും അനുവദിക്കുവാൻ ചട്ടമില്ലായെന്ന കാരണത്താൽ വൈസ് ചാൻസലർ പ്രസ്തുത വിദ്യാർത്ഥിനിയുടെ അപേക്ഷ തള്ളിയിരുന്നോ;

(സി) ഈ അദാലത്തിൽ വച്ച് പ്രസ്തുത വിദ്യാർത്ഥിനിക്ക് ഒരു മാർക്ക് കൂട്ടി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തീരുമാനം നിയമവിരുദ്ധമായതിനാൽ സർവ്വകലാശാല അക്കാഡമിക് കൗൺസിലിൽ ഈ പ്രശ്നം സമർപ്പിക്കുവാൻ തീരുമാനിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) അപേക്ഷ നിരസിച്ചിരുന്നു.

(സി&ഡി) ഇല്ല. എ. പി. ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് ബി.ടെക്. കോഴ്സുകൾ പൂർണമായും മാറുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവ്വകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യത്തിലും, നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതിരിക്കുകയും നാലുവർഷത്തെ പഠനത്തിനുശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേയ്ക്ക് മാത്രമായി വിദ്യാർത്ഥികൾ ചുരുങ്ങുന്ന സാഹചര്യത്തിലും, ബി.ടെക് വിദ്യാർത്ഥിയ്ക്ക് ഒരു മാർക്ക് മോഡറേഷൻ നൽകാൻ 21-2-2019-ൽ സിൻഡിക്കേറ്റിന്റെ അധികാരത്തോടുകൂടിയ നിർവ്വാഹകസമിതി ശിപാർശ ചെയ്യുകയും ടി ശിപാർശ വൈസ് ചാൻസലർ അംഗീകരിക്കുകയും ചെയ്തു. ഈ തീരുമാനം നിയമവിരുദ്ധമായതിനാലല്ല അക്കാദമിക് കൗൺസിലിന് സമർപ്പിച്ചത്. പ്രസ്തുത തീരുമാനം സർവ്വകലാശാലയുടെ കീഴിൽ ബി.ടെക് ചെയ്ത വിദ്യാർത്ഥികളെ പൊതുവായി ബാധിക്കുന്നതിനാലും വിദ്യാർത്ഥിനിയുടെ അപേക്ഷയിൽ ഗ്രേസ് മാർക്ക് വിഷയവും കൂടി ഉൾപ്പെട്ടിരുന്നതിനാലും റെഗുലേഷനിൽ അമെന്റ്മെന്റ് ആവശ്യമുണ്ടോ എന്ന കാര്യം പരിഗണിക്കുന്നതിനുമായാണ് ടി വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചത്. തുടർന്ന് 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എടുക്കുകയാണുണ്ടായത്.

## ലൈഫ് മിഷൻ മൂന്നാംഘട്ടം

6(*276) ശ്രീ. കെ. ദാസൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരില്ലാത്ത കേരളം സൃഷ്ടിക്കാനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ലൈഫ് മിഷൻ ഒന്നും രണ്ടും ഘട്ടം പൂർത്തിയായിട്ടുണ്ടോ; എത്ര വീടുകൾ നിർമ്മിച്ചു;

(ബി) ഭൂമിയും വീടുമില്ലാത്തവർക്ക് വീട് വച്ച് നൽകുന്ന മൂന്നാം ഘട്ടത്തിന് ആവശ്യത്തിനുള്ള ഭൂമി കണ്ടെത്താൻ സാധ്യമായിട്ടുണ്ടോ; എത്ര ഇടങ്ങളിൽ ഭൂമി ലഭ്യമായിട്ടുണ്ട്;

(സി) ലൈഫ് മിഷൻ കേന്ദ്രസർക്കാർ പദ്ധതിയാണെന്ന് ചില തൽപ്പരകക്ഷികൾ നടത്തുന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പി.എം.എ.വൈ.(ഗ്രാമീൺ), പി.എം.എ.വൈ (നഗരം) പദ്ധതികളിൽ കേന്ദ്രസർക്കാർ ഓരോ വീടിനും എത്ര തുകയാണ് നൽകുന്നതെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ലൈഫ് മിഷൻ ഒന്നാംഘട്ടത്തിൽ 51,831 വീടുകളും രണ്ടാംഘട്ടത്തിൽ 48,759 വീടുകളും പി.എം.എ.വൈ. (നഗരം) - ലൈഫ് പ്രകാരം 26,015 വീടുകളും, പി.എം.എ.വൈ. (ഗ്രാമീൺ) ലൈഫ് പ്രകാരം 16,229 വീടുകളും ഉൾപ്പെടെ നാളിതുവരെ ആകെ 1,42,834 വീടുകൾ പൂർത്തിയായിട്ടുണ്ട്.

(ബി) ഭൂമിയും വീടുമില്ലാത്തവർക്ക് വീടുവച്ച് നൽകുന്ന മൂന്നാംഘട്ടത്തിന് ആവശ്യത്തിനുള്ള ഭൂമി കണ്ടെത്തിവരുന്നു. നിലവിൽ 314-ഓളം സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലങ്ങളുടെ അനുയോജ്യതാ പരിശോധന നടന്നുവരുന്നു.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ ഭവന പദ്ധതിയായ ലൈഫ് മിഷൻ ഭവന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് അർഹരായ മുഴുവൻ

ഭൂമിയുള്ള ഭവനരഹിതർക്കും ഭൂരഹിത ഭവനരഹിതർക്കും വാസയോഗ്യമായ ഭവനം നൽകുന്നതിന് ഉദ്ദേശിച്ചാണ്. വീടൊന്നിന് 4 ലക്ഷം രൂപ വച്ചാണ് ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നൽകുന്നത്. കേന്ദ്ര സർക്കാർ പി.എം.എ.വൈ. (ഗ്രാമീൺ)-ൽ 72,000 രൂപയും പി.എം.എ.വൈ.(നഗരം)-ൽ 1,50,000 രൂപയുമാണ് നൽകുന്നത്. സംസ്ഥാനത്ത് വീടില്ലാത്ത എല്ലാ ഗുണഭോക്താക്കൾക്കും 4 ലക്ഷം രൂപ വച്ച് ലഭിക്കുന്നതിനായി കേന്ദ്ര പദ്ധതിയായ പി.എം.എ.വൈ. ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്.

## കാലാവസ്ഥാ വ്യതിയാനം നേരിടുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കർമ്മപദ്ധതികൾ

7(*277) ശ്രീ. പി. ഉണ്ണി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വെല്ലുവിളികളെ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം കൊണ്ട് ഓരോ പ്രദേശങ്ങളിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ അറിയുന്നത് അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായതിനാൽ അവയെ ഫലപ്രദമായി നേരിടുന്നതിനും അടിയന്തര രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ എന്തെല്ലാം പരിശീലന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ മറ്റ് വകുപ്പുകൾ തമ്മിലുള്ള ഏകോപനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ഡി) ഓരോ പഞ്ചായത്തിലും ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് എന്ന പ്രാദേശിക കർമ്മപദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നീ മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് ഇത്തരം ദുരന്തങ്ങളുണ്ടാകുന്നതിന് സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മാപ്പ് ചെയ്യുകയും ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കാക്കി തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും വേണമെന്ന നിർദ്ദേശം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ബി) കിലയുടെ നേതൃത്വത്തിൽ കാലാവസ്ഥ വ്യതിയാനം അവസ്ഥാ വിശകലനം ചെയ്ത് 'പ്രാദേശിക കർമ്മ പദ്ധതി' തയ്യാറാക്കാനുള്ള രീതിശാസ്ത്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി ഇതിനകം 210 ഗ്രാമപഞ്ചായത്തുകൾക്ക് പരിശീലനം നൽകുകയുണ്ടായി. ഈ രീതിശാസ്ത്രം അനുസരിച്ച് കാലാവസ്ഥ വ്യതിയാനം പ്രാദേശിക കർമ്മ പദ്ധതി 10 ഗ്രാമപഞ്ചായത്തുകളിൽ ഇതിനകം തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2019 ഒക്ടോബർ 29, 30 തീയതികളിലായി കിലയിൽ ദേശീയ ശില്പശാലയും സംഘടിപ്പിച്ചിരുന്നു. കൂടാതെ കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച് കിലയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം കർമ്മപദ്ധതിക്കായുള്ള പരിശീലന പരിപാടി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരികയാണ്. കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് കാർബൺ ന്യൂട്രൽ എന്ന പരിശീലന പരിപാടിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ദുരന്തങ്ങളെ എങ്ങനെ നേരിടാം എന്ന പേരിലുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ കൈപ്പുസ്തകം തയ്യാറാക്കി നൽകിയിട്ടുണ്ട്. അതിന്റെ ആദ്യഘട്ട പരിശീലനവും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കേരളത്തിലെ പ്രളയബാധിത പ്രദേശങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സംബന്ധിച്ച കൈപ്പുസ്തകം കില പ്രസിദ്ധീകരിച്ച് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. ദുരന്തങ്ങളെ നേരിടാൻവേണ്ടിയുള്ള പഞ്ചായത്തുതല പദ്ധതി രൂപീകരണ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് കില ആവിഷ്കരിച്ചുവരുന്നു.

(സി) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ മറ്റ് വകുപ്പുകൾ തമ്മിലുള്ള ഏകോപനം കാര്യക്ഷമമാക്കാൻ ജില്ലാതലത്തിൽ അടിയന്തരഘട്ട പ്രതികരണ സംഘം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും, 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണം എന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിക്കുന്ന രീതിയിലാണ് തദ്ദേശ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത് എന്നാണ് ദുരന്ത നിവാരണ നിയമം അനുശാസിക്കുന്നത്.

(ഡി) കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മപദ്ധതി രീതിശാസ്ത്രം പൂർണ്ണമാക്കി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്ന രീതിയിൽ ആവിഷ്കരിക്കാൻ ആലോചിച്ചുവരുന്നു. ഇതിന്റെ ഭാഗമായി മുന്നൂറോളം തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥലപരമായ ആസൂത്രണ (Spatial Planning)-ത്തിനുള്ള പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്.

## ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി

8(*278) ശ്രീ. മുഹമ്മദ് മുഹസിൻ പി.
ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ എല്ലാവരെയും പങ്കാളിയാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിലൂടെ വീട്ടമ്മമാർ, വിദ്യാർത്ഥികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർ മുഖേന നടപ്പാക്കുന്ന പച്ചക്കറി വിത്ത് വിതരണം ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാധൂകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നിലവിൽ വന്നശേഷം സംസ്ഥാനത്ത് പച്ചക്കറി കൃഷിയുടെ വ്യാപ്തിയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. പച്ചക്കറി ഉല്പാദനത്തിൽ എല്ലാവരെയും പങ്കാളിയാക്കി ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ അവരവരുടെ വീട്ടുവളപ്പിൽത്തന്നെ ലഭ്യമാക്കാനുദ്ദേശിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'.

സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ വർഷം ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രകാരം പച്ചക്കറി വിത്ത് പാക്കറ്റുകൾ, തൈകൾ, ഗ്രോബാഗ് യൂണിറ്റുകൾ എന്നിവ നല്കിവരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

സ്കൂൾ വിദ്യാർത്ഥികളെ ടി പദ്ധതിയിൽ പങ്കാളികളാക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്നുണ്ട്. കൂടാതെ വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1000 രൂപ പ്രവർത്തനച്ചെലവായും നൽകിവരുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. സ്കൂൾ വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് 10 രൂപ വിലവരുന്ന പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. പദ്ധതിയിലൂടെ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

കർഷകർ, വീട്ടമ്മമാർ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് 10 രൂപ വിലയുള്ള വിവിധയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ

സൗജന്യമായി വിതരണം ചെയ്ത് പദ്ധതി നടപ്പാലാക്കുകയുണ്ടായി. എല്ലാ പഞ്ചായത്തുകളിലും പച്ചക്കറി കൃഷി നടത്തുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിക്കായി വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് സ്കൂൾ വിദ്യാർത്ഥികൾ, കർഷകർ മുഖേന 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകളടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തുപായ്ക്കറ്റുകളും 45.45 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. കൂടാതെ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും കർഷകർക്ക് വിതരണം ചെയ്തു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകൾ മട്ടുപ്പാവ് കൃഷിക്കായി നൽകി. പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനായി സാധിച്ചു. ഇതിലൂടെ 96899.52 ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിക്കാൻ കഴിഞ്ഞു.

2018-19 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ 1 കോടി പച്ചക്കറി വിത്ത് പാക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്തു. കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി നൽകി. ഓണക്കാലത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 25000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി കൊണ്ടുവരാൻ ലക്ഷ്യമിട്ടുകൊണ്ടായിരുന്നു പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരുന്നത്. എന്നാൽ അപ്രതീക്ഷിതമായുണ്ടായ പ്രളയം കാരണം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവന്ന പദ്ധതിയിൽ പച്ചക്കറി വിളവിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വിളനാശം സംഭവിക്കുകയുണ്ടായി. ഈ സ്ഥിതിയിൽനിന്നും കർഷകരെ പുനരുജ്ജീവിപ്പിക്കുന്നതിന് 'പുനർജ്ജനി' എന്ന പദ്ധതിയിലൂടെ ഒരു കോടി പച്ചക്കറി തൈകളും 77 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം ചെയ്തു.

(ബി) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലൂടെ വീട്ടമ്മമാർ, വിദ്യാർത്ഥികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർ മുഖേന നടപ്പാക്കുന്ന പച്ചക്കറി വിത്ത് വിതരണം ഉദ്ദേശലക്ഷ്യങ്ങൾ സാധൂകരിക്കുന്നുണ്ട്.

വിഷരഹിത പച്ചക്കറികൾ സ്വന്തം വീട്ടിൽ ഉല്പാദിപ്പിക്കുന്നതിനായി വീട്ടമ്മമാർക്ക് വിവിധയിനങ്ങളടങ്ങിയ 10 രൂപ വിലയുള്ള പച്ചക്കറി വിത്ത് പായ്ക്കറ്റ് സൗജന്യമായി വിതരണം നടത്തുന്നുണ്ട്. ഇതോടൊപ്പം പച്ചക്കറി കൃഷിക്കായുള്ള പരിശീലനം പഞ്ചായത്തുതലത്തിൽ നൽകുന്നുമുണ്ട്. നഗര പ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സസ്യസംരക്ഷണ ഉപാധികളും കർഷകർക്ക് നൽകുന്നു. ഇതുവഴി സ്ഥലപരിമിതി നേരിടുന്ന നഗര പ്രദേശങ്ങളിൽ വിഷരഹിതമായ പച്ചക്കറികൾ സ്വന്തം വീട്ടുവളപ്പിൽ ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിലൂടെ പുതിയ കാർഷിക സംസ്കാരം രൂപപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിവഴി വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിനും വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്ന് ഹരിത ക്ലബ്ബ് രൂപീകരിക്കുന്നു. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുകയും ചെയ്യുന്നു. കൂടാതെ സ്കൂൾ വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. ഇതിലൂടെ സ്കൂൾ വളപ്പിലും, വിദ്യാർത്ഥികളുടെ വീട്ടുവളപ്പിലും പച്ചക്കറി കൃഷി ചെയ്യുന്നതിനായി എല്ലാവിധ പ്രോത്സാഹനവും നൽകുന്നതിനുപരി വിഷരഹിത പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ഉല്പാദിപ്പിക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ യുവജനതയെ പച്ചക്കറി കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുന്നു.

റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനത്തിനായി പച്ചക്കറി വിത്ത് വിതരണം ചെയ്യുന്നതിലൂടെ പ്രസ്തുത റസിഡന്റ്സ് അസോസിയേഷനുകളുടെ പരിധിയിൽ ഉൾപ്പെടുന്ന വീടുകളിലേയ്ക്ക് പച്ചക്കറി വിത്ത് ലഭ്യമാക്കുന്നതിനും വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കാനുള്ള പ്രോത്സാഹനം നൽകാനും സാധിക്കുകയും ചെയ്യുന്നു. കൂടാതെ നഗര പ്രദേശങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ

ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകളെ ഒന്നിപ്പിച്ച് ഹരിത ഗ്രൂപ്പുകൾ സ്ഥാപിക്കുന്നു. ഒരു ഗ്രൂപ്പിൽ 3 മുതൽ 4 വരെ റസിഡന്റ്സ് അസോസിയേഷനുകൾ ഉൾപ്പെടുന്നു. ഹരിതഗ്രൂപ്പുകൾ ആഴ്ച ചന്തകൾ രൂപീകരിക്കുകയും പച്ചക്കറി വിപണനം നടത്തുകയും ചെയ്യുന്നു. ഇതുകൂടാതെ പച്ചക്കറി കൃഷിയെക്കുറിച്ചുള്ള പരിശീലനങ്ങളും ഈ ഗ്രൂപ്പുകൾ മുഖാന്തരം നടത്തിവരുന്നു.

(സി) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്തെ പച്ചക്കറിയുടെ ഉല്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണായിരുന്നത് 2018-19 സാമ്പത്തിക വർഷം 12.12 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. നടപ്പ് സാമ്പത്തിക വർഷം 92000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനും 14.70 ലക്ഷം മെട്രിക് ടണ്ണായി പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയതിലൂടെ മാത്രം സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷം 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനും 96899.52 മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2018-19 സാമ്പത്തിക വർഷം ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി പ്രകാരം വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ ഒരു കോടി പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്തു. കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് സൗജന്യമായി നൽകി. എന്നാൽ അപ്രതീക്ഷിതമായുണ്ടായ പ്രളയം കാരണം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവന്ന പദ്ധതിയിൽ പച്ചക്കറി വിളവിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വിളനാശം സംഭവിക്കുകയുണ്ടായി. ഈ സ്ഥിതിയിൽനിന്നും കർഷകരെ പുനരുജ്ജീവിപ്പിക്കുന്നതിന് 'പുനർജ്ജനി' എന്ന പദ്ധതിയിലൂടെ ഒരു കോടി പച്ചക്കറി തൈകളും 77 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം ചെയ്തു. ഇതിലൂടെ 35391 ഹെക്ടർ സ്ഥലത്തേയ്ക്ക് പച്ചക്കറി കൃഷി പുനഃസ്ഥാപിക്കാനും 1.85 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിക്കുകയുണ്ടായി.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയതിലൂടെ അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികൾ വിഷലിപ്തമാണെന്നും അതിന്റെ  ഇറക്കുമതി തോത് കുറയ്ക്കുന്നതിനായി വീട്ടാവശ്യത്തിനുള്ള പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കണമെന്നുമുള്ള അവബോധം വിദ്യാർത്ഥികൾ, വീട്ടമ്മമാർ, ഉദ്യോഗസ്ഥർ തുടങ്ങിയ എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

## മഹാത്മാഗാന്ധി സർവ്വകലാശാല ബി.ടെക് പരീക്ഷയിലെ മോഡറേഷൻ

9(*279) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാല ബി.ടെക് പരീക്ഷയിൽ ഒരു സെമസ്റ്ററിൽ ഒരു വിഷയത്തിന് തോറ്റ കുട്ടികൾക്ക് അഞ്ച് മാർക്ക് മോഡറേഷനായി നൽകുന്നതിന് സിൻഡിക്കേറ്റ് എടുത്ത തീരുമാനം റദ്ദ് ചെയ്യുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്ത അദാലത്തിൽ വച്ച് തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് കൂട്ടി നൽകുവാൻ എടുത്ത തീരുമാനത്തെ തുടർന്നാണ് സിൻഡിക്കേറ്റും മോഡറേഷൻ നൽകുവാൻ തീരുമാനിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അക്കാഡമിക് കൗൺസിലിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങളിൽ അദാലത്തിലും സിൻഡിക്കേറ്റിലും തീരുമാനങ്ങൾ എടുക്കുവാനുണ്ടായ സാഹചര്യം എപ്രകാരമാണ് ഉണ്ടായതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) അനധികൃതമായി മാർക്ക് ദാനമായി ലഭിച്ച ഏതെങ്കിലും കുട്ടികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; പ്രസ്തുത ഡിഗ്രി ക്യാൻസൽ ചെയ്യുന്നതിനോ പിൻവലിക്കുന്നതിനോ ചാൻസലറുടെ അനുമതി ആവശ്യമാണോയെന്ന് വ്യക്തമാക്കുമോ;

(ഇ) പരീക്ഷാ സമ്പ്രദായത്തെ നോക്കുകുത്തിയാക്കുകയും അതിന്റെ വിശ്വാസ്യതയെത്തന്നെ തകർക്കുകയും ചെയ്യുന്ന ഇത്തരം കാര്യങ്ങളിൽ ഉന്നതതല ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിനായി ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. സിൻഡിക്കേറ്റ് ഉത്തമ വിശ്വാസത്തോടുകൂടി ബി.ടെക് വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിലെടുത്ത ഒരു നയപരമായ തീരുമാനത്തെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടുള്ള പ്രചരണവും അടിസ്ഥാന രഹിതവും ദുരുദ്ദേശപരവുമായ വിവാദമുയർത്തി സർവ്വകലാശാലയുടെ യശസ്സിനെയും നേട്ടങ്ങളെയും കളങ്കപ്പെടുത്തുന്ന സാഹചര്യമുണ്ടായതിനെത്തുടർന്ന് പൊതുസമൂഹത്തിന് മുന്നിൽ സർവ്വകലാശാലയും അക്കാദമിക് സമൂഹവും സംശയത്തിന്റെ നിഴലിൽപ്പോലും വരാതിരിക്കാൻ ഉദ്ദേശിച്ച് 5 മാർക്ക് മോഡറേഷൻ നൽകാൻ 30-4-2019-ന് സിൻഡിക്കേറ്റെടുത്ത തീരുമാനം 24-10-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പിൻവലിക്കുകയാണുണ്ടായത്.

(ബി) 22-2-2019-ന് നടന്ന അദാലത്തിന്റെ ഉദ്ഘാടന ചടങ്ങിലാണ് പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്തത്. മോഡറേഷൻ നൽകാനുള്ള തീരുമാനമെടുത്തത് 21-2-2019-ന് ചേർന്ന സിൻഡിക്കേറ്റ് നിർവ്വാഹക സമിതി യോഗത്തിലാണ്.

(സി) ഉണ്ട്. അക്കാദമിക് കൗൺസിലിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങളിൽ അദാലത്തോ സിൻഡിക്കേറ്റോ തീരുമാനമെടുത്തിട്ടില്ല.

(ഡി) സർവ്വകലാശാല അനധികൃതമായി ഒരു കുട്ടിക്കുപോലും മാർക്ക് ദാനമായി നൽകിയിട്ടില്ല. ബി.ടെക് കോഴ്സിന് അഞ്ചുമാർക്ക് മോഡറേഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൻപ്രകാരം കുട്ടികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഡിഗ്രി കാൻസൽ ചെയ്യുന്നതിനോ പിൻവലിക്കുന്നതിനോ ബഹു. ചാൻസിലറുടെ അനുമതി ആവശ്യമുള്ളതായി കാണുന്നില്ല.

(ഇ) മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23 (15) പ്രകാരമാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. പരീക്ഷാ കാര്യങ്ങളിൽ നയപരമായി തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിനാണ് അധികാരം. ബി.ടെക് കോഴ്സ് എ. പി. ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറ്റപ്പെടുകയും തുടർ സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് സർവ്വകലാശാലയ്ക്കുള്ള പരിമിതി കണക്കിലെടുത്തും കാലിക്കറ്റ് സർവ്വകലാശാല 2012 ജൂൺ 12-ലെ ഉത്തരവിലൂടെ 2008 മുതൽ മുൻകാല പ്രാബല്യത്തോടെ ബി. ടെക് വിദ്യാർത്ഥികൾക്ക് 20 മാർക്ക് വരെ മോഡറേഷൻ നൽകാനെടുത്ത തീരുമാനം, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2012-ലെ ഉത്തരവിലൂടെ 2010 മുതലുള്ള ബി.ടെക് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകാനെടുത്ത

തീരുമാനം എന്നിവയെല്ലാം പരിഗണിച്ചാണ് 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനുപുറമെ പരമാവധി 5 മാർക്കുകൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനമെടുത്തത്. ഇക്കാര്യത്തിൽ ഉന്നതതല ഇടപെടലുകൾ ഉണ്ടായിട്ടില്ല.

## വിദ്യാർത്ഥികൾക്ക് കൺസഷൻ നിഷേധിക്കുന്ന കെ.എസ്.ആർ.ടി.സി. നടപടി

10(*280) ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. മോൻസ് ജോസഫ്
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നിഷേധിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ നടപടിക്ക് പരിഹാരം കണ്ടെത്തുമോ;

(ബി) സംസ്ഥാനത്തെ അംഗീകൃത സി.ബി.എസ്.ഇ. സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇനിയും കൺസഷൻ നൽകിയിട്ടില്ല എന്ന പ്രശ്നത്തിന് എന്ത് പരിഹാരമാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(സി) അധ്യയനവർഷം തുടങ്ങി അഞ്ചു മാസം കഴിഞ്ഞിട്ടും കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാത്രം ഓടുന്ന പ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെ കൺസഷൻ പ്രശ്നത്തിന് പരിഹാരം ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാർ എന്ത് നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ നിഷേധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായും മറ്റ് വിദ്യാർത്ഥികൾക്ക് വളരെ കുറഞ്ഞ നിരക്കിലുമാണ് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. എന്നാൽ തനത്

വർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടെ അപേക്ഷകളും ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും 40 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധി ആവശ്യപ്പെട്ട അപേക്ഷകളും കെ.എസ്.ആർ.ടി.സി. നാമമാത്രമായി ഓടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള കൺസഷൻ ടിക്കറ്റുകളുടെ അപേക്ഷകളും ചീഫ് ഓഫീസ് തലത്തിൽ പ്രത്യേക അനുമതി നൽകി തീർപ്പുകൽപ്പിക്കാറുണ്ട്.

(ബി) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് തനതു വർഷത്തെ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ.-യുടെ കേന്ദ്ര ഓഫീസിൽ നിന്നുള്ള അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. അത്തരത്തിൽ 2019-20 വർഷത്തെ അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയ എല്ലാ സ്കൂളുകൾക്കും 2019-20 അദ്ധ്യയന വർഷം കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ നിഷേധിച്ചിട്ടില്ല. എന്നാൽ തനത് വർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടെയും, ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും 40 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധി ആവശ്യപ്പെട്ട അപേക്ഷകളും കെ.എസ്.ആർ.ടി.സി. നാമമാത്രമായി ഓടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള കൺസഷൻ ടിക്കറ്റുകളുടെ അപേക്ഷകളും ചീഫ് ഓഫീസ് തലത്തിൽ പ്രത്യേക അനുമതി നൽകി തീർപ്പുകൽപ്പിക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ പരിഗണനയിലുള്ള എല്ലാ കൺസഷൻ അപേക്ഷകളും നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നിർദ്ദേശം ഇതിനോടകം നൽകിയിട്ടുണ്ട്.

(ഡി) 2019-20 അധ്യയന വർഷം തുടങ്ങിയതുമായി ബന്ധപ്പെട്ട് സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഡോക്കിലുള്ള ബസ്സുകൾ അറ്റകുറ്റപ്പണികൾ തീർത്ത് സർവ്വീസിന് യോഗ്യമാക്കുന്നതിന് എല്ലാ യൂണിറ്റ് ഓഫീസർമാർക്കും മേഖലാ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അധ്യയന വർഷാരംഭത്തിന് മുമ്പുതന്നെ കൺസഷൻ കൗണ്ടറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിദ്യാർത്ഥികൾക്ക് പരമാവധി സൗകര്യപ്രദമായ രീതിയിൽ കൗണ്ടർ പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

11(*281) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വെയർ ഹൗസിംഗ് കോർപ്പറേഷൻ ഏതൊക്കെ മേഖലകളിലാണ് പ്രവർത്തിക്കുന്നതെന്നും ആയതിന്റെ ഫലപ്രാപ്തിയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) ഓപ്പറേഷൻ പരശുറാം എന്ന പേരിൽ ഒരു പദ്ധതി വെയർ ഹൗസിംഗ് കോർപ്പറേഷൻ നടത്തുന്നുണ്ടോ; പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) കോർപ്പറേഷന്റെ നേതൃത്വത്തിൽ കീടനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി ഡയറക്ടർ ബോർഡ് യോഗങ്ങളും, വാർഷിക പൊതുയോഗവും നടത്തിവരുന്നു. 2002-03 സാമ്പത്തിക വർഷം മുതൽ തുടർച്ചയായി ഭീമമായ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ 2017-18 സാമ്പത്തിക വർഷത്തിൽ 6.57 കോടി രൂപയുടെ മികച്ച ലാഭം കൈവരിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ സഞ്ചിത നഷ്ടം 33.27 കോടി രൂപയിൽ നിന്ന് 26.70 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. വാർഷിക വിറ്റുവരവ് 2015-16 സാമ്പത്തിക വർഷം 22.13 കോടി രൂപയായിരുന്നത് 2016-17-ൽ 22.66 കോടി രൂപയായും 2017-18-ൽ 34.23 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ വാടക ഗോഡൗണുകൾ ഉൾപ്പെടെയുള്ള സംഭരണശേഷി 2016-17-ൽ 1.47 ലക്ഷം മെട്രിക് ടണ്ണായിരുന്നത് 2017-18-ൽ 2.72 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നിട്ടുണ്ട്.

കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ 2012-13 വർഷം മുതൽ കുടിശ്ശികയായിരുന്ന വാർഷിക കണക്കുകളും റിപ്പോർട്ടുകളും പൂർത്തീകരിക്കുകയും 2016-17 വർഷം വരെയുള്ള വാർഷിക കണക്കുകളും റിപ്പോർട്ടും പൂർത്തീകരിച്ച് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2017-18 വർഷത്തെ വാർഷിക പൊതുയോഗം 5-11-2019-ൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വെയർഹൗസിംഗ് കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഇൻസ്പെക്ഷൻ 2017-18 വർഷം വരെ അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ 8.97 കോടി രൂപയുടെ മികച്ച ലാഭം കൈവരിച്ചിട്ടുണ്ട്.

കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് വൈവിദ്ധ്യവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) സംസ്ഥാന സർക്കാരിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷനും തുല്യ ഓഹരി പങ്കാളിത്തമുള്ളതും 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്നതുമായ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ. കേരളത്തിലുടനീളം 55 വെയർഹൗസുകളിലായി ശാസ്ത്രീയമായി സാധനങ്ങൾ സൂക്ഷിച്ചുവയ്ക്കാവുന്ന വിധത്തിൽ പണികഴിപ്പിച്ചിട്ടുള്ള 2.72 ലക്ഷം മെട്രിക് ടൺ സംഭരണ ശേഷിയുള്ള ഗോഡൗണുകളും ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനുകീഴിൽ പ്രവർത്തിക്കുന്നു. സർക്കാർ സഹായത്തോടെ ആലത്തൂരിൽ ഒരു മോഡേൺ റൈസ് മില്ലും കോർപ്പറേഷൻ പണികഴിപ്പിച്ചിട്ടുണ്ട്. വിളവെടുപ്പ് കാലത്ത് ഉല്പന്നങ്ങൾക്കുണ്ടാകുന്ന വിലയിടിവ് തടയുന്നതിന് അവ ശാസ്ത്രീയമായി സൂക്ഷിക്കുകയും ഉല്പന്നങ്ങൾക്ക് വില വർദ്ധിക്കുന്ന അവസരത്തിൽ കർഷകർക്ക് അത് വിൽക്കുന്നതിനും വെയർഹൗസിംഗ് കോർപ്പറേഷൻ അവസരമൊരുക്കുന്നു. വെയർഹൗസിംഗ് കോർപ്പറേഷനിൽ സൂക്ഷിക്കുന്ന കാർഷികോല്പന്നങ്ങളുടെമേൽ നൽകുന്ന വെയർഹൗസ് രസീതിന്മേൽ കർഷകർക്ക് ബാങ്കുകളിൽനിന്നും കാർഷിക വായ്പയെടുക്കുന്നതിനുള്ള സൗകര്യവും നൽകിവരുന്നു.

കോർപ്പറേഷനിൽ സൂക്ഷിക്കുന്ന കാർഷികോല്പന്നങ്ങൾ കേടുകൂടാതെ നിലനിർത്തുന്നതിന് ഉപയോഗിക്കുന്ന കീടനശീകരണ പ്രവർത്തനങ്ങൾ കൃഷിയിടങ്ങളിലും കാർഷികോല്പന്നങ്ങൾ സൂക്ഷിക്കുന്ന സ്ഥലങ്ങളിലും ആയത് കർഷകരുടെ വീടുകളിലും ഉത്തരവാദിത്വത്തോടെ നിർവ്വഹിച്ചുവരുന്നു. ഇതിനായി പ്രത്യേകം പരിശീലനം സിദ്ധിച്ച ജീവനക്കാരെ ഏർപ്പെടുത്തിയിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ വെയർഹൗസിംഗ് കോർപ്പറേഷൻ വികസിപ്പിച്ചെടുത്ത 'റോഡോഫോ' എന്ന എലിവിഷ ബെയ്റ്റ് കേരളത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയും കൃഷിഭവനുകൾ മുഖേനയും നടത്തുന്ന എലി നശീകരണ പദ്ധതികളിൽ വളരെ വിജയകരമായി ഉപയോഗിച്ചുവരുന്നു.

വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കീടനശീകരണ പ്രവർത്തനം കപ്പലുകളിലും കൊച്ചി മെട്രോ, കേരള ഹൈക്കോടതി, കേരള നിയമസഭ, കൊച്ചിൻ ഷിപ്പ്‌യാർഡ്, കെ.റ്റി.ഡി.സി. ഹോട്ടലുകൾ, മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലും നടത്തിവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മെഡിക്കൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ മിതമായ നിരക്കിൽ കോർപ്പറേഷന്റെ ഗോഡൗണുകൾ ഉപയോഗിച്ചുവരുന്നു.

കാലഘട്ടത്തിനനുയോജ്യമായ രീതിയിൽ ശീതീകരണ സംവിധാനത്തോടുകൂടിയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെയും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷന്റെയും അനുമതിയോടുകൂടി വെയർഹൗസുകളിലെ ഉപയോഗശൂന്യമായ സ്ഥലത്ത് മൊബൈൽ ടവറുകൾ സ്ഥാപിക്കുക വഴി കോർപ്പറേഷന് അധിക വരുമാനം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിൽ നടപ്പാക്കുന്ന ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി ആയതിന്റെ വിജയകരമായ പ്രവർത്തനത്തിന് കോർപ്പറേഷന്റെ സ്വന്തം ഗോഡൗണുകൾക്കുപുറമെ ഗോഡൗണുകൾ വാടകയ്ക്കെടുത്തുനൽകി ഭക്ഷ്യ സുരക്ഷാ പദ്ധതി വിജയിപ്പിക്കുന്നതിന് വെയർഹൗസിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനം ഇടനിലക്കാരെ ഒഴിവാക്കി ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം നടത്തണമെന്ന സർക്കാരിന്റെ നയം പൂർണ്ണമായും നടപ്പിലാക്കുന്നതിന് സഹായകരമാകുന്നു.

(സി) ഉണ്ട്. വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിൽ ഒരു ഗോഡൗൺ എന്ന ആവശ്യം മുൻനിർത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ പരശുറാം'. നിലവിൽ കേരളത്തിലുടനീളം വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗണുകൾ സ്ഥാപിക്കാൻ സ്ഥലം ലഭിക്കാത്ത സ്ഥലങ്ങളിൽ ആയതിന് സർക്കാർ ഭൂമി ദീർഘകാലാടിസ്ഥാനത്തിൽ പാട്ടത്തിനെടുത്ത് ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ റീസർവ്വേ നമ്പർ 12/1-ൽപ്പെട്ട 40.47 ആർ. റവന്യൂ പുറമ്പോക്ക് ഭൂമിയും അതിലുൾപ്പെട്ട 2 കെട്ടിടങ്ങളും വെയർഹൗസിംഗ് കോർപ്പറേഷന് 30 വർഷത്തെ പാട്ടത്തിന് ലഭിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ സർക്കാർ ഭൂമി ലഭ്യമാക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) ഉണ്ട്. കോർപ്പറേഷന്റെ ഗോഡൗണുകളിൽ സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങളെ കീടബാധയിൽ നിന്ന് സംരക്ഷിക്കുന്നതിനായി തുടങ്ങിയ കീടനശീകരണ പ്രവർത്തനങ്ങൾ ഇന്ന് വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വകാര്യമേഖല, സ്വകാര്യവ്യക്തികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വളരെ വിജയകരമായി ചെയ്തുവരുന്നു. കോർപ്പറേഷൻ സ്വന്തമായി വികസിപ്പിച്ചെടുത്ത റോഡോഫോ എന്ന എലിവിഷ ബെയ്റ്റ് ഇപ്പോൾ കൃഷിഭവനുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം വിതരണം ചെയ്തുവരുന്നു. കേരളത്തിൽനിന്നും എലിപ്പനി എന്ന മഹാമാരി ഉന്മൂലനം ചെയ്യുന്നതിനായി റോഡോഫോ വാങ്ങി ഉപയോഗിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകുകയും ഇവ വിതരണം ചെയ്യുന്നതിനുള്ള നോഡൽ ഏജൻസിയായി വെയർഹൗസിംഗ് കോർപ്പറേഷനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

കീടനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് കേരള സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഹോമിയോപ്പതി വകുപ്പ്, കൃഷി വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ഉത്തരവുകൾ ലഭിച്ചിട്ടുണ്ട്. ഫ്യൂമിഗേഷൻ, സ്പ്രേയിംഗ് എന്നീ പ്രവർത്തനങ്ങളിലൂടെയാണ് കോർപ്പറേഷൻ കീടനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. കളനശീകരണവും നിലവിലുള്ള കെട്ടിടങ്ങളിലും പുതുതായി പണിയുന്ന കെട്ടിടങ്ങൾക്കും ശാസ്ത്രീയമായ രീതിയിൽ ചിതൽ നശീകരണ പ്രവർത്തനവും കോർപ്പറേഷൻ ചെയ്തുവരുന്നു.

## കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമം

12(*282) ശ്രീ. പി. വി. അൻവർ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമപ്രകാരം ഗതാഗത നിയമ ലംഘനങ്ങൾക്ക് യുക്തിരഹിതമായി വർദ്ധിപ്പിച്ച പിഴത്തുക കുറവു വരുത്തുന്നതിന് സംസ്ഥാനത്തിന് അനുമതി ലഭിച്ചതിന്റെയടിസ്ഥാനത്തിൽ ഇത് കുറച്ചിട്ടുണ്ടോ;

(ബി) പുതിയ ഭേദഗതി നിയമം പൊതുഗതാഗത സംവിധാനത്തെ പ്രതികൂലമായി ബാധിക്കാനിടയുള്ളതിനാൽ പൊതുഗതാഗത സംവിധാനം പൊതു മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധ്യമാകുമോ;

(സി) മോട്ടോർ വാഹന വകുപ്പിന്റെ സ്വകാര്യവൽക്കരണത്തിനിടയാക്കുന്ന വ്യവസ്ഥകൾ പിൻവലിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ഡി) ഡ്രൈവിംഗ് സ്കൂളുകളെയും ചെറുകിട വർക്ക്ഷോപ്പുകളെയും ഭേദഗതി നിയമം എങ്ങനെ ബാധിക്കുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്; തൊഴിലാളി ദ്രോഹകരമായ ഭേദഗതികൾ പിൻവലിക്കാൻ ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുമോ;

(ഇ) പ്രതികൂല സാഹചര്യത്തിലും സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനത്തെ സംരക്ഷിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 1-9-2019-ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ നിയമലംഘനങ്ങൾക്കുള്ള പിഴയുടെ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പുതിയ നിരക്കുകൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പൊതുജന പ്രതിഷേധം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പ്രസ്തുത പിഴ നിരക്കുകൾ പുനഃപരിശോധിക്കുകയും സംസ്ഥാന സർക്കാരിന് കുറയ്ക്കാൻ സാധിക്കുന്ന പിഴ

തുകകൾ 26-10-2019-ലെ സ.ഉ.(പി)37/2019/ഗതാ. നമ്പർ ഉത്തരവുപ്രകാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള പിഴയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്.

(ബി&സി) പുതിയ കേന്ദ്ര മോട്ടോർ വാഹന നിയമം, പൊതുമേഖലയെ സാരമായി ബാധിക്കുമെന്നാണ് കരുതുന്നത്. കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതിക്കുള്ള കരട് നിർദ്ദേശങ്ങൾ വന്ന സന്ദർഭത്തിൽത്തന്നെ, ഇതിലെ വകുപ്പുകൾ മോട്ടോർ വാഹന വകുപ്പിന്റെ അധികാരം നഷ്ടപ്പെടുത്തുന്നതാണെന്ന് സംസ്ഥാന സർക്കാർ വിലയിരുത്തുകയുണ്ടായി. തുടർന്ന് പ്രസ്തുത നിർദ്ദേശങ്ങളിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ എതിർപ്പ് പലതവണ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ പ്രതികരണങ്ങളുണ്ടായിട്ടില്ലെന്നു മാത്രമല്ല സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങളൊന്നുംതന്നെ പരിഗണിച്ചിട്ടുമില്ല. ആയതിനാൽ, പുതിയ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഇനിയും കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതുകൊണ്ട് പ്രയോജനമുണ്ടെന്ന് കരുതുന്നില്ല.

(ഡി) ഇത്തരത്തിലുള്ള ഒരു പഠനം ഗതാഗത വകുപ്പ് നടത്തിയിട്ടില്ല.

(ഇ) പൊതു ഗതാഗത മേഖലയെ സംരക്ഷിക്കുന്ന രീതിയിലുള്ള ഒരു നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ

13(*283) ശ്രീ. വി. ജോയി:
ശ്രീ. എ. എൻ. ഷംസീർ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും പ്രാപ്യതയും ഉറപ്പാക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) എത്ര സർക്കാർ കോളേജുകൾക്ക് 'നാക് ' അക്രഡിറ്റേഷൻ ലഭ്യമായി; സംസ്ഥാനത്ത് പ്രത്യേകമായി അക്രഡിറ്റേഷൻ നൽകുന്നതിന് 'സാക്' പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) സർവ്വകലാശാലകളിലെയും സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും അദ്ധ്യാപക-അദ്ധ്യാപകേതര ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ഡി) പുതുതായി സർക്കാർ എയ്ഡഡ് മേഖലയിൽ എവിടെയെല്ലാമാണ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും പ്രാപ്യതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് കാമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ [ORICE – Online Resource Initiative of Collegiate Education]യിൽ Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസുകൾ നടന്നുവരുന്നു. കൂടാതെ Walk with Scholar, FLAIR (Fostering Linkages for Academic Innovation and Research) ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്റ്റിവിറ്റി, ആസ്പയർ, സാഹിത്യത്തിൽ സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ, മറ്റ് വിവിധ സ്കോളർഷിപ്പുകൾ എന്നിവയും നൽകിവരുന്നു. സംസ്ഥാനത്തെ എല്ലാ ആർട്സ് & സയൻസ് കോളേജുകളിലും 'Jeevani-College Mental Awareness Programme', സെന്റർ ഓഫ് എക്സലൻസ്, അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, സമഗ്രമായ ലൈബ്രറി നവീകരണം, ലബോറട്ടറി വികസനത്തിനായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക എന്നീ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി അത്യാധുനിക സ്മാർട്ട് ക്ലാസ്സ് മുറികൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, ലബോറട്ടറികൾക്കായി ആധുനിക ഉപരണങ്ങൾ, ക്യാമ്പസ് നെറ്റ്‌വർക്ക്, ഫിറ്റ്നസ് സെന്റർ, എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിൽ AICTE അക്രെഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ, സമഗ്രമായ ഐ.സി.റ്റി. പദ്ധതി, അന്തർദേശീയ, ദേശീയ ഇ-ജേണലുകൾ

ലഭ്യമാക്കൽ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ എഞ്ചിനീയറിംഗ് പോളിടെക്നിക് കോളേജുകളിലും പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങുകയും ചെയ്തു.

ഗവേഷണ/പരിശീലന പദ്ധതികളുടെ ഭാഗമായി വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള-ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കേളേജിലെ സെന്റർ ഫോർ ബാംബു ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്.

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച കംപ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടിയ ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവരുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു. CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു. വ്യക്തമായ കരിക്കുലം പരിഷ്കരണത്തിനും പൊതു അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനും പരീക്ഷകൾ, റിസൾട്ടുകൾ എന്നിവ നിശ്ചിത സമയക്രമത്തിൽ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വകലാശാലകൾ വിവിധ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നൂതന ബോധന രീതികൾ MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു.

സംസ്ഥാനത്തെ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യവും ഗവേഷണ നിലവാരവും മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന റൂസ പദ്ധതിയുടെ ഭാഗമായി വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഇതുവരെ 163.07 കോടി രൂപയുടെ ഫണ്ട് ലഭ്യമായിട്ടുണ്ട്. തെരഞ്ഞെടുത്ത സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി കേന്ദ്രീകൃത ലബോറട്ടറികൾ, കോംപ്ലക്സുകൾ, അത്യാധുനിക ലാബ് ഉപകരണങ്ങൾ, അക്കാദമിക ഗവേഷണ രംഗത്ത് നൂതന പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ നാൽപ്പത് സർക്കാർ കോളേജുകൾക്ക് 'നാക്' (" NAAC') അംഗീകാരം ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്ത് പ്രത്യേകമായി 'സാക്' '(SAAC') അക്രഡിറ്റേഷൻ നൽകുന്നതിനായുള്ള സ്റ്റേറ്റ് അസ്സസ്സ്മെന്റ് & അക്രെഡിറ്റേഷൻ സെന്ററിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സർവ്വകലാശാലകളിൽ അധ്യാപക ഒഴിവുകൾ നികത്താനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു. അനധ്യാപക തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ആർട്സ് ആന്റ് സയൻസ് കോളേജിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) പുതുതായി സർക്കാർ എയ്ഡഡ് മേഖലയിൽ അനുവദിച്ച ആർട്സ് & സയൻസ് കോളേജുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. ശ്രീ ശബരീശ ആർട്സ് & സയൻസ് കോളേജ്, മുരുക്കാവയൽ
2. സായിഗ്രാമം ആർട്സ് & സയൻസ് കോളേജ്, തോന്നയ്ക്കൽ
3. ശ്രീ ശങ്കര കോളേജ്, നഗരൂർ, തിരുവനന്തപുരം
4. സാന്തോം മലങ്കര ആർട്സ് & സയൻസ് കോളേജ്, പാറശ്ശാല

## റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി

14(*284) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയൽ എസ്റ്റേറ്റ് മേഖലയിൽ നിലനിൽക്കുന്ന ആശാസ്യമല്ലാത്ത നടപടികൾ അവസാനിപ്പിക്കുന്നതിനും അനധികൃത ഇടപാടുകളും നിർമ്മാണ പ്രവൃത്തികളും തടയുന്നതിനും സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) അതോറിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ ചട്ടങ്ങളും നിയമങ്ങളും ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) 5-10-2019-ലെ ജി.ഒ.(പി) നമ്പർ 65/2019/തസ്വഭവ, ജി.ഒ.(പി)നമ്പർ 66/2019/തസ്വഭവ (യഥാക്രമം എസ്.ആർ.ഒ. നമ്പർ 724/2019, 726/2019 തീയതി 9-10-2019) പ്രകാരം സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുകയും അതോറിറ്റി നിലവിൽ നന്തൻകോട് സ്വരാജ് ഭവനിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. 25-3-2016-ൽ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം, 2016 (Central Act 16 of 2016) പ്രാബല്യത്തിൽ വന്നു. കേന്ദ്ര നിയമത്തിൽ അനുശാസിക്കും പ്രകാരം കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) റൂൾസ്, 2018 18-6-2018-ലെ ജി.ഒ.(പി) നമ്പർ 46/2018/തസ്വഭവ ഉത്തരവ് പ്രകാരം എസ്.ആർ.ഒ. നം.419/2018 ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ലൈഫ് മിഷൻ പദ്ധതി പ്രവർത്തനം

15(*285) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിർമ്മാണച്ചെലവിൽ ഉണ്ടായിരിക്കുന്ന ഗണ്യമായ വർദ്ധനവ് കാരണം പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഭൂമിയില്ലാത്തവർക്ക് ഭൂമി കണ്ടെത്തുന്ന രീതിക്ക് പകരമായി സർക്കാർ പുറമ്പോക്ക് കണ്ടെത്തി ഗുണഭോക്താക്കൾക്ക് നൽകുന്ന കാര്യം പരിശോധിക്കുമോ;

(ഡി) ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ കടന്നുകൂടുന്നത് തടയുവാൻ എന്ത് മുൻകരുതലാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ലൈഫ് മിഷൻ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും അനുബന്ധമായി ചേർക്കുന്നു*.

(ബി) നിർമ്മാണച്ചെലവിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ഈ വർദ്ധനവ് ലൈഫ് മിഷൻ ഭവന പദ്ധതിയെ ബാധിക്കാതിരിക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ മിഷൻ സ്വീകരിച്ചിട്ടുണ്ട്.

(1) ലൈഫ് മിഷൻ ഗുണഭോക്താക്കളെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ കാർഡ് നൽകുന്നതിനും 90 ദിവസത്തെ തൊഴിൽദിനം നൽകുന്നതിനും അതുവഴി 27,000 രൂപയോളം ഗുണഭോക്താവിന് അധികമായി ലഭ്യമാക്കുന്നു.

(2) വീട് നിർമ്മാണത്തിനാവശ്യമായ പെയിന്റ്, സാനിറ്ററി ഐറ്റംസ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വാട്ടർ ടാങ്ക്, സിമെന്റ് തുടങ്ങിയ സാധനങ്ങൾ പ്രമുഖ സ്ഥാപനങ്ങളായ സറെ, ജീറ്റ്, പ്യാരിവെയർ, ലെഗ്രാന്റ്, വീഗാർഡ്, വിപ്രോ, ബോൺട്ടൺ കേബിൾസ്, ഏഷ്യൻ പെയിന്റ്സ്, നേരോലാക്ക്, വാൾമാക്സ്, ഇന്റോ ഏഷ്യൻ, ഹൈക്കൗണ്ട്, സ്റ്റാർ പൈപ്പ്സ്, മലബാർ സിമെന്റ്സ് എന്നീ കമ്പനികൾ 20%-60% വരെ വിലകുറച്ച് ഗുണഭോക്താക്കൾക്ക് നൽകുന്നു.

(സി) ഭൂമിയില്ലാത്തവർക്കുവേണ്ടി വിവിധ മാർഗ്ഗങ്ങളിൽ ഭൂമി കണ്ടെത്തുന്നതിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിൽ സർക്കാർ പുറമ്പോക്ക് ഭൂമിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമിയും സ്വകാര്യ മേഖലയിൽനിന്നും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭ്യമാകുന്ന ഭൂമിയും ഉൾപ്പെടുന്നു. ഇത്തരത്തിൽ ഭൂമി കണ്ടെത്താൻ സാധ്യമല്ലാത്ത സ്ഥലങ്ങളിൽ തദ്ദേശഭരണ സ്ഥാപനതലങ്ങളിലൂടെ സ്ഥലം വിലയ്ക്ക് വാങ്ങുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെയാണ് ലൈഫ് ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്. 31-7-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 151/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ടി മാനദണ്ഡ പ്രകാരം കണ്ടെത്തിയവരിൽ 9 ക്ലേശ ഘടകങ്ങൾകൂടി പരിശോധിച്ചാണ് അർഹരായവരുടെ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഇത്തരത്തിൽ മാനദണ്ഡങ്ങളും ക്ലേശഘടകങ്ങളും രേഖകളുടെ അടിസ്ഥാനത്തിലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ നേരിട്ടുള്ള പരിശോധനയ്ക്കും ശേഷമാണ് ഗുണഭോക്താക്കളുടെ വിവരങ്ങൾ ഇതിനായി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്വെയറിൽ പട്ടികയായി അപ്‌ലോഡ് ചെയ്യുന്നത്. ഇത്തരത്തിൽ Software based ആയി പട്ടികപ്പെടുത്തുന്നതിനാൽ അനർഹർ ഒഴിവാക്കപ്പെടുന്നതാണ്.

## സാങ്കേതിക സർവ്വകലാശാലയിൽ എക്സാമിനേഷൻ മാനേജിംഗ് കമ്മിറ്റി

16(*286) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിൽ പരീക്ഷാ നടത്തിപ്പിനായി ആറു പേരടങ്ങുന്ന മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ വകുപ്പുമന്ത്രി ഉത്തരവ് നൽകിയിരുന്നോ;

(ബി) പ്രസ്തുത കമ്മിറ്റിക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള ചുമതലയും നൽകിയിട്ടുണ്ടോ; ഇത് പരീക്ഷാചോദ്യപേപ്പറിന്റെ രഹസ്യ സ്വഭാവം നഷ്ടപ്പെടുത്തുവാൻ ഇടയാക്കുമെന്നത് പരിശോധിക്കുമോ;

(സി) പരീക്ഷാ കൺട്രോളറുടെ നേതൃത്വത്തിലുള്ള എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന സംവിധാനത്തിന് പകരം പുതിയ കമ്മിറ്റിയെ നിയോഗിച്ചതിന്റെ പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ കമ്മിറ്റി പ്രകാരം ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ഡീനിന് ചുമതലയുണ്ടോ; സാങ്കേതിക സർവ്വകലാശാല നിയമപ്രകാരം ഡീനിന് അപ്രകാരമുള്ള ഒരു ചുമതല നൽകുന്നതിന് സാധിക്കുമോ;

(ഇ) എക്സാമിനേഷൻ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതു തീയതിയിൽ കൂടിയ യോഗത്തിലാണ് പ്രസ്തുത വിഷയം ചർച്ച ചെയ്തതെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ-ഡി) 24-6-2017-ൽ ചേർന്ന യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിലിൽ 5 പേരടങ്ങുന്ന ഒരു എക്സാമിനേഷൻ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. ചോദ്യപേപ്പർ സെറ്റിംഗ് അടക്കമുള്ള ചുമതലകൾ ഈ കമ്മിറ്റിക്കായിരുന്നു. മൂന്ന് വർഷമായി കുടിശ്ശികയായിരുന്ന അദ്ധ്യാപകരുടെ മൂല്യനിർണ്ണയ പ്രതിഫലം കൊടുത്തുതീർക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച പരാതികൾക്ക് പരിഹാരമുണ്ടാക്കുന്നതിന് ഫിനാൻസ് ഓഫീസറെക്കൂടി ഉൾപ്പെടുത്തി കമ്മിറ്റി വിപുലപ്പെടുത്താനാണ് വൈസ് ചാൻസലറുടെ ചുമതലയുണ്ടായിരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയത്. അക്കാഡമിക് കൗൺസിൽ തീരുമാനപ്രകാരം രൂപീകരിച്ച എക്സാമിനേഷൻ മാനേജിംഗ് കമ്മിറ്റിയിൽ ചോദ്യപേപ്പർ സെറ്റിംഗിന്റെ മേൽനോട്ടം പരീക്ഷാ കൺട്രോളർ, ഡീൻ (റിസർച്ച്) എന്നിവർക്കാണ്. അതിന് മാറ്റം വരുത്തിയിട്ടില്ല.

(ഇ) ഇല്ല.

**റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

17(*287) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനും റോഡുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പൊതുജന പങ്കാളിത്തത്തോടെ ഗതാഗത നിയമലംഘകരെ കുടുക്കുവാനും അതുവഴി അപകടങ്ങൾ കുറയ്ക്കുവാനും പദ്ധതി പ്രാവർത്തിക മാക്കിയിട്ടുണ്ടോ;

(സി) ദേശീയ-സംസ്ഥാന പാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിന് റഡാർ സർവൈലൻസ് സംവിധാനം തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) റോഡപകടങ്ങൾ കുറച്ച് റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിന് റോഡ് സുരക്ഷാ ഡേറ്റാ സെന്റർ ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് അറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ.

(1) സേഫ് കേരള പദ്ധതി

കേരളത്തിലെ റോഡുകളെ അപകടവിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള സേഫ് കേരള പദ്ധതി.

(2) ശബരിമല സേഫ് സോൺ

ഉത്സവകാലത്ത് ശബരിമല അപകടവിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന ശബരിമല സേഫ് സോൺ പദ്ധതി.

(3) ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(4) മാതൃകാ സുരക്ഷാ വീഥി

ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി ചലഞ്ച് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ മറ്റ് പാതകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(5) ബോധവത്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം എഫ്.എം റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന

കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവത്കരണ ക്ലാസ്സുകൾ, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

(6) <u>റോഡ് സുരക്ഷാ വാരാചരണം</u>

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ചകുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു.

(7) <u>സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി</u>

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും സ്കൂളുകൾ കേന്ദ്രീകരിച്ച് റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് 2019 ജൂൺ 10 മുതൽ 14 വരെ സംഘടിപ്പിച്ചു. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുകയുണ്ടായി.

ഇതിനുപുറമെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും എല്ലാ ദിവസവും എല്ലാ സമയത്തും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പട്രോളിംഗ് നടത്തുന്നു. ഈ ഉദ്യോഗസ്ഥരുടെ റോഡിലുള്ള സാന്നിദ്ധ്യവും വാഹന പരിശോധനയും അപകടങ്ങൾക്ക് കാരണമാകുന്ന അമിതവേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, ഓവർ ലോഡ് എന്നീ കുറ്റങ്ങളെ തടയുന്നു. അമിത വേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിതഭാരം എന്നിവമൂലം അപകടങ്ങൾക്ക് കാരണമാകുന്ന കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസുകൾ സസ്പെൻഡ് ചെയ്യാറുണ്ട്. കൂടാതെ, ഹൈവേകളിൽ മോട്ടോർ വാഹന വകുപ്പ് 240 ഹൈസ്പീഡ് ക്യാമറകളും ഘടിപ്പിച്ചിട്ടുണ്ട്. 2019-ൽ ഇത്തരത്തിൽ 21,246 ലൈസൻസുകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ,

അപകടത്തിനിടയാക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങളുടെ പെർമിറ്റ് റദ്ദ് ചെയ്യുന്നുണ്ട്. 2011 മുതൽ ആരംഭിച്ച റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. എല്ലാ വർഷവും പൊതുജന പങ്കാളിത്തത്തോടുകൂടി റോഡ് സുരക്ഷാ വാരം ആചരിക്കുന്നു. ഈ സമയത്ത് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് റോഡ് സുരക്ഷാ സന്ദേശവും ലഘുലേഖകളും പ്രചരിപ്പിക്കുന്നു.

സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രത്യേക പരിശോധനകൾ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു. ഇതുകൂടാതെ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതുവഴി അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. നിലവിൽ നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെയുള്ള ഗതാഗതം ക്യാമറ നിരീക്ഷണ സംവിധാനത്തിലാണ്. ഈ മേഖലയിലെ സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിതവേഗതയിൽ സഞ്ചരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ, വാളയാർ വടക്കാഞ്ചേരി നാഷണൽ ഹൈവേയിൽ ക്യാമറ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിതവേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറിയുള്ള സർവ്വീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനും നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ആയതുവഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിക്കും. കൂടാതെ, നിലവിലെ ലൈസൻസ് സമ്പ്രദായം, വാഹനക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹനക്ഷമതാ പരിശോധന കേന്ദ്രങ്ങളും എല്ലാ ആർ.ടി.ഒ/സബ് ആർ.ടി.ഒ.-കളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ്

റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. അതുകൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽനിന്നും ശക്തമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 2011 മുതൽ ആരംഭിച്ച റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. വിദ്യാർത്ഥികൾ, ഡ്രൈവർമാർ, ബസ് ജീവനക്കാർ എന്നിവർക്കായി പ്രത്യേക ക്ലാസ്സുകൾ നടത്തിവരുന്നു.

റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പ് പൂർണ്ണസമയ നിരീക്ഷണത്തിനായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റും ഹൈവേ പട്രോളും കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അതത് പോലീസ് കൺട്രോൾ റൂം വാഹനങ്ങൾ ഉപയോഗിച്ചും പൂർണ്ണസമയ നിരീക്ഷണം നടത്തി വരുന്നതുമാണ്.

വാഹനങ്ങളുടെ അമിതവേഗം കണ്ടെത്തുന്നതിലേയ്ക്ക് ഹൈവേ പോലീസ് വാഹനങ്ങൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവയിൽ നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ വാഹനങ്ങളുടെ അമിതവേഗം കണ്ടെത്തുന്നതിനായി സംസ്ഥാന പാതകളിലും ദേശീയ പാതകളിലും 100 ക്യാമറകൾ സ്ഥാപിച്ച് പിഴ ഈടാക്കി വരുന്നുണ്ട്.

(ബി) പൊതുജന പങ്കാളിത്തത്തോടെ തേഡ് ഐ എൻഫോഴ്സ്മെന്റ് പ്രൊജക്ട് വിപുലീകരിക്കുന്നതിനായി ഒരു 'mobile app' തയ്യാറാക്കുന്നതിന് സർക്കാരിന്റെ 'Total Solution Providers Agency'-കളിൽനിന്നും പ്രൊപ്പോസൽ ഈ 'app' വഴിയും വകുപ്പിന്റെ facebook page വഴിയും നിയമലംഘനം വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാകും.

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് വകുപ്പ് കർശന വാഹനപരിശോധന നടത്തിയും റോഡപകടങ്ങൾക്ക് കാരണമാകുന്ന മദ്യപിച്ച് വാഹനം ഓടിക്കുക, അമിതവേഗത, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗിക്കുക, അനധികൃത പാർക്കിംഗ്, ചുവന്ന സിഗ്നൽ ലൈറ്റ് അവഗണിക്കുക, ഹെൽമെറ്റ്, സീറ്റ്ബെൽറ്റ് എന്നിവ ധരിക്കാതിരിക്കുക, ലൈസൻസില്ലാതെ വാഹനം ഓടിക്കുക തുടങ്ങി ട്രാഫിക് നിയമങ്ങൾ അവഗണിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന പോലീസ് മേധാവിയുടെ 27-4-2015-ലെ സർക്കുലർ നം. 10/2015 പ്രകാരം "ശുഭയാത്ര-2015" പദ്ധതിയും വിജയകരമായി നടപ്പിലാക്കിവരുന്നു. പ്രധാന റോഡുവശങ്ങളിലും മറ്റും വിവിധ സംഘടനകളുടെ സഹായത്തോടുകൂടി സിസിടിവി ക്യാമറകൾ സ്ഥാപിച്ച് ഗതാഗതം നിരീക്ഷിച്ചുവരുന്നതും ഹൈവേ പട്രോൾ, കൺട്രോൾ റൂം വാഹനങ്ങൾ, ഇന്റർസെപ്റ്റർ, സ്പീഡ് റഡാർ എന്നിവ

ഉപയോഗിച്ചുകൊണ്ടും അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ സൈൻബോർഡുകൾ സ്ഥാപിച്ചും ക്രാഷ് ബാരിക്കേഡുകൾ, ബ്ലിങ്കിങ്ങ് ലൈറ്റുകൾ, റിഫ്ളെക്റ്റിംഗ് സ്റ്റഡുകൾ എന്നിവ സ്ഥാപിച്ചും അതാത് പോലീസ് സ്റ്റേഷൻ വാഹനങ്ങൾ, ഷാഡോ ട്രാഫിക് എൻഫോഴ്സ്മെന്റ് ടീം എന്നിവ ഉപയോഗിച്ചും റോഡ് ഗതാഗതം അപകടരഹിതമാക്കാനും ട്രാഫിക് നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുമായി രാപ്പകൽ വാഹന പരിശോധന പട്രോളിംഗ് എന്നിവ നടത്തിയും മോട്ടോർ വാഹന വകുപ്പുമായി കൂടിച്ചേർന്ന് പ്രത്യേക പരിശോധനകൾ നടത്തിവരുന്നതും കൂടാതെ ജനമൈത്രി, എസ്.പി.സി. കേഡറ്റ്, വിദ്യാർത്ഥികൾ, വിവിധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ റാലികളും ട്രാഫിക് ബോധവൽക്കരണ പരിപാടികളും മറ്റും സംഘടിപ്പിച്ചും സ്കൂൾ-കോളേജ് കേന്ദ്രീകരിച്ച് ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ നടത്തിയും ബോധവൽക്കരണ ലഘുലേഖകൾ പൊതുജനങ്ങൾക്കും മറ്റും വിതരണം ചെയ്തു് ബോധവൽക്കരണം നടത്തിയും വരുന്നുണ്ട്.

(സി) Speed Detection Camera-കളും മറ്റ് നിരീക്ഷണ ക്യാമറകളും സ്ഥാപിക്കുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്, മോട്ടോർ വാഹന വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കാറുണ്ട്. ഉദാഹരണമായി, ചേർത്തല-മഞ്ചേശ്വരം പാതയിലെ നിരീക്ഷണ ക്യാമറകൾ, പാപ്പിനിശ്ശേരി-പിലാത്തറ റോഡിലെ ആധുനിക ക്യാമറകളുടെ സ്ഥാപനം തുടങ്ങിയ പദ്ധതികൾക്ക് യഥാക്രമം 2017-ലും 2019-ലും അനുമതി നൽകിയിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ദേശീയ-സംസ്ഥാന പാതകളിൽ അപകട നിരക്ക് കുറയ്ക്കുന്നതിലേയ്ക്കായി 240-ഓളം സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ പുതുതായി രൂപീകരിച്ച സേഫ് കേരള പദ്ധതിയുടെ കീഴിൽ ഓരോ ജില്ലകളിലും ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണനയിലാണ്. പുതുതായി സംസ്ഥാനത്ത് റഡാർ സംവിധാനം രൂപകൽപ്പന ചെയ്യുന്നതിലേയ്ക്കായി സി-ഡാക്ക് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) നാടിന്റെ പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തുമ്പോൾ മുൻഗണനാക്രമത്തിൽ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടുപിടിച്ച് പ്രവർത്തനം ചെയ്യുന്നതിന് റോഡ് അപകടങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങളും മറ്റ് റോഡ് സുരക്ഷാ സംവിധാനങ്ങളുടെ വിവരങ്ങളും അത്യാവശ്യമാണ്. കൂടാതെ, റോഡ് സുരക്ഷയ്ക്കുവേണ്ടി ചെയ്തുവരുന്ന പ്രവർത്തനങ്ങളുടെ പരിണിതഫലങ്ങൾ വിലയിരുത്തുന്നത് റോഡ് സുരക്ഷ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചാണ്.

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശ പ്രകാരം റോഡിലെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് റോഡപകടം സംബന്ധിച്ച വിവരങ്ങൾ അത്യന്താപേക്ഷിതമാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ നടന്ന റോഡപകട മരണങ്ങളും അപകടങ്ങളും കൃത്യമായ സ്ഥാനവിവരങ്ങളും ഉപയോഗിച്ച് MoRTH മാനദണ്ഡങ്ങൾ പാലിച്ച വിശകലനം ചെയ്ത് കണ്ടെത്താൻ ഇതുസംബന്ധിച്ച കൃത്യമായ വിവരശേഖരണം സഹായിക്കുന്നു.

ഗതാഗത നിയമങ്ങളും വ്യവസ്ഥകളും എത്രത്തോളം പാലിക്കപ്പെടുന്നുണ്ടെന്നു കണ്ടെത്തുന്നതിനും അതുസംബന്ധിച്ച വിവരശേഖരണം അത്യന്താപേക്ഷിതമാണ്. ഈ വിവരങ്ങളുടെ പഠനത്തിൽ നിന്നുമാണ് റോഡ് സുരക്ഷയ്ക്കാവശ്യമായ എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ തീരുമാനിക്കുന്നതും നടപ്പിലാക്കുന്നതും.

റോഡ് സുരക്ഷാ ഡാറ്റാ സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് Detailed Project Report (DPR) തയ്യാറാക്കുന്നതിനായി State e-Mission Team (SeMT)-നെയാണ് വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

## വിരമിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ജപ്തി നോട്ടീസ്

18(*288) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. പി. ടി. തോമസ്
ശ്രീ. എം. വിൻസെന്റ്
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളത്തിൽ നിന്നും വായ്പാ തുക പിടിച്ചശേഷം കെ.എസ്.ആർ.ടി.സി. അത് ധനകാര്യ സ്ഥാപനങ്ങളിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ജപ്തി നോട്ടീസ് വരുവാനുമുള്ള സാഹചര്യമുണ്ടായിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണ്; വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന വായ്പാ തുക കൃത്യമായി ധനകാര്യ സ്ഥാപനങ്ങളിൽ അടയ്ക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കോർപ്പറേഷന്റെ ദിവസ വരുമാനത്തിൽനിന്നും മിച്ചം പിടിക്കുന്നതും സർക്കാർ വായ്പാ ധനസഹായവും ചേർത്ത് കിട്ടുന്ന തുക ഉപയോഗിച്ച് നെറ്റ് ശമ്പളം മാത്രമാണ് നൽകിവരുന്നത്. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും വിവിധയിനത്തിൽ ഈടാക്കുന്ന തുക കോർപ്പറേഷൻ മാറ്റിവയ്ക്കുകയോ വകമാറ്റി ചെലവഴിക്കുകയോ ചെയ്യുന്നില്ല. ഒരു മാസത്തെ ജീവനക്കാരുടെ മൊത്തശമ്പളവും വേതനവും നൽകാൻ ശരാശരി 84 കോടി രൂപ വേണ്ടിവരും. ദൈനംദിന നടത്തിപ്പ് ചെലവുകളും, കൺസോർഷ്യം വായ്പാ തിരിച്ചടവ്, പെൻഷൻ ആനുകൂല്യങ്ങൾ, സ്പെയർ പാർട്സ്, എം.എ.സി.ടി., ഇൻഷ്വറൻസ് തുടങ്ങിയ ഒഴിവാക്കാൻ കഴിയാത്ത ചെലവുകളും കഴിച്ചാൽ മിച്ചംവയ്ക്കാൻ കഴിയുന്ന തുക ഉപയോഗിച്ച് മൊത്തശമ്പളം നൽകാൻ സാധിക്കാത്ത അവസ്ഥയാണ് കോർപ്പറേഷനുള്ളത്. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഈടാക്കുന്ന എൽ.ഐ.സി. പ്രീമിയം തുക 2018 മാർച്ച് വരെയും 2018 നവംബർ, ഡിസംബർ എന്നീ മാസങ്ങളിലേയും 2019 ഫെബ്രുവരി മുതൽ ഏപ്രിൽ മാസങ്ങളിലെയും അടച്ചുതീർത്തിട്ടുണ്ട്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് നൽകുന്നതിനുള്ള തുകകളിൽ 2018 നവംബർ, ഡിസംബർ, 2019 ഫെബ്രുവരി മുതൽ ഏപ്രിൽ മാസങ്ങളിലേയുമുള്ള തുകകൾ നൽകിയിട്ടുണ്ട്. 2019 ആഗസ്റ്റ് മാസം മുതൽ വിരമിച്ച ജീവനക്കാരുടെ എൽ.ഐ.സി. പ്രീമിയം, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിലേയ്ക്ക് അടയ്ക്കുന്നതിനുള്ള തുകകൾ ഒറ്റത്തവണയായി അടച്ച് തീർത്തുവരുന്നു. ജീവനക്കാരുടെ ശമ്പളത്തിന്റെ ഭാഗമായി നൽകാനുള്ള തുകകൾ വരുമാനത്തിന്റെ ലഭ്യതക്കനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.

(ബി) ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ശ്രീ. എം.എസ്. രവികുമാർ, റിട്ടയേഡ് ചാർജ്മാൻ ഫയൽ ചെയ്ത പരാതിയിൽ ബഹുമാനപ്പെട്ട കമ്മീഷന്റെ 17-9-2019-ലെ HRMP No.4915/11/12/2019 നമ്പർ ഉത്തരവിൽ പരാതിക്കാരന്റെ ശമ്പളത്തിൽനിന്നും കോർപ്പറേഷൻ വായ്പാ തിരിച്ചടവിനത്തിൽ ഈടാക്കിയ തുക പലിശ സഹിതം രണ്ടാഴ്ചയ്ക്കുള്ളിൽ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽ ഒടുക്കാൻ നിർദ്ദേശമുണ്ടായി. റിക്കവറി തുക ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽ ഒടുക്കുന്നതിന് മതിയായ സാവകാശം നൽകണമെന്നുകാട്ടി ബഹുമാനപ്പെട്ട കമ്മീഷൻ മുമ്പാകെ കോർപ്പറേഷൻ പുനഃപരിശോധനാ ഹർജി

നൽകിയിട്ടുള്ളതാണ്. അതുപോലെ തന്നെ ശ്രീ. കെ. കെ. രാജൻ, റിട്ടയേർഡ് സ്റ്റേഷൻ മാസ്റ്റർ ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത പരാതിയിലും ബഹുമാനപ്പെട്ട കമ്മീഷന്റെ HRMP 340/11/07/19 നമ്പർ ഉത്തരവിൽ പരാതിക്കാരന്റെ പരാതി പരിഹരിച്ച് നടപടി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ബഹുമാനപ്പെട്ട കമ്മീഷൻ ഉത്തരവായിട്ടുള്ളതും ടി ഹർജി 4-11-2019-ൽ കോട്ടയം ക്യാമ്പ് സിറ്റിംഗിൽ പരിഗണിക്കുന്നതുമാണ്.

(സി) ജീവനക്കാരുടെ ശമ്പളത്തിന്റെ ഭാഗമായി നൽകുവാനുള്ള തുകകൾ വരുമാനത്തിന്റെ ലഭ്യതക്കനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.

**കൃഷിഭൂമി തരിശിടുന്ന പ്രവണത**

19(*289) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമി തരിശിടുന്ന പ്രവണത തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ;

(ബി) അത്തരം ഭൂമിയുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) അതിൽ എത്രത്തോളം കൃഷിയോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അതിനായി എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കൃഷിഭൂമി തരിശിടുന്ന പ്രവണത തടയാനായി ഈ സർക്കാർ തരിശു നിലങ്ങളിൽ നെല്ല്, പച്ചക്കറി എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകി വരുന്നു.

കൂടാതെ സമഗ്ര നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഒരു പ്രധാന ഘടകമായ തരിശുനിലത്തിലെ നെൽക്കൃഷി 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനു

ഒന്നാം വർഷം ഹെക്ടറിനു 30,000 രൂപയും, രണ്ടാം വർഷം 7,000 രൂപയും, മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5,800 രൂപയും 1,200 രൂപയും, മൂന്നാം വർഷം 3,750 രൂപയും 750 രൂപയും ആണ്. നെൽകൃഷി മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനു വ്യവസ്ഥയുണ്ട്. 2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11936.0781 ഹെക്ടർ തരിശുനിലം കൃഷിയിലേയ്ക്ക് കൊണ്ടുവന്നു (2016-17-ൽ 2782.3857 ഹെക്ടറും 2017-18-ൽ 5485.686 ഹെക്ടറും, 2018-19-ൽ 3668.0064 ഹെക്ടറും). നടപ്പുവർഷവും 3000 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി നടപ്പാക്കും.

തരിശു നിലത്തിൽ കൃഷി ചെയ്യുന്ന കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾ മുഖേന ലഭ്യമാകുന്ന സഹായം ഉറപ്പു വരുത്തുകയും ദേശീയ തൊഴിലുറപ്പു പദ്ധതി, കാർഷിക കർമ്മസേന, അഗ്രോ സർവീസ് സെന്റർ തുടങ്ങിയവയിലൂടെ ലഭ്യമാകുന്ന സഹായംകൂടി വിനിയോഗിച്ചുകൊണ്ട് പരമാവധി തരിശു നിലത്ത് കൃഷി ഇറക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. പച്ചക്കറി വികസന പദ്ധതിപ്രകാരം തരിശു സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 30,000 രൂപയാണ് ധനസഹായം നൽകുന്നത്. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5,000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25,000 രൂപയുമാണ് നൽകി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 696.11 ഹെക്ടറിലും 2017-18 സാമ്പത്തിക വർഷത്തിൽ 998 ഹെക്ടറിലും 2018-19 സാമ്പത്തിക വർഷത്തിൽ 783.605 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ 1000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

(ബി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 57522 ഹെക്ടർ തരിശുഭൂമിയുണ്ട്.

| ജില്ല | തരിശിന്റെ വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 2861 |
| കൊല്ലം | 2436 |
| പത്തനംതിട്ട | 3644 |
| ആലപ്പുഴ | 1820 |
| കോട്ടയം | 4177 |
| ഇടുക്കി | 1667 |
| എറണാകുളം | 7999 |
| തൃശ്ശൂർ | 8341 |
| പാലക്കാട് | 8365 |
| മലപ്പുറം | 6304 |
| കോഴിക്കോട് | 1878 |
| വയനാട് | 2437 |
| കണ്ണൂർ | 3718 |
| കാസർഗോഡ് | 1875 |

(സി) 2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11936.0781 ഹെക്ടർ തരിശുനിലം നെൽകൃഷിയിലേക്കും 2477.715 ഹെക്ടർ സ്ഥലം പച്ചക്കറി കൃഷിയിലേക്കും കൊണ്ടുവരുവാൻ സാധിച്ചു. (2016-17-ൽ 2782.3857 ഹെക്ടർ നെൽ കൃഷിയും, 696.11 ഹെക്ടറിൽ പച്ചക്കറികൃഷിയും ചെയ്തു. 2017-18 വർഷത്തിൽ 5485.686 ഹെക്ടർ നെൽ കൃഷിയും 998 ഹെക്ടറിൽ പച്ചക്കറി കൃഷിയും നടപ്പിലാക്കി. 2018-19 സാമ്പത്തിക വർഷത്തിൽ 3668.0064 ഹെക്ടറിൽ നെൽകൃഷിയും 783.605 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും ചെയ്തു). നടപ്പു വർഷം 3000 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും 1000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും വ്യാപിപ്പിക്കാനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന പുരോഗതി**

20(*290) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ് അനുസരിച്ചാണോ പുരോഗമിക്കുന്നത്; ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സൃഷ്ടിക്കാൻ സാധിച്ച തൊഴിൽ ദിനങ്ങളുടെയും പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച ആകെ തുകയുടെയും കണക്ക് ലഭ്യമാണോ;

(ബി) ഹരിതകേരള മിഷനുമായി യോജിച്ചുകൊണ്ടുള്ള പദ്ധതി പ്രകാരം മണ്ണ്-ജലസംരക്ഷണ പ്രവർത്തനത്തിന് പ്രാധാന്യം നൽകി വരുന്നുണ്ടോ; ഉപജീവനമാർഗം മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ ഏറ്റെടുക്കാൻ അനുവദിച്ചിട്ടുണ്ടോ;

(സി) പദ്ധതിയിൽ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം അറിയിക്കാമോ; ഈ വർഷം കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; നിലവിലെ കൂലി എത്ര രൂപയാണ്;

(ഡി) തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിച്ച് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ എന്നറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) അതെ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-10-2019 വരെ ആകെ 2667.71 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെ 868970.38 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.

(ബി) ഉണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൂലിയുടെ നിരക്ക് ഓരോ വർഷവും Consumer Price Index-Agricultural Labourers (CPI-AL)-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. 2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ കേരളത്തിൽ ഒരു ദിവസത്തെ കൂലി 271 രൂപയാണ്.

(ഡി) ഇക്കാര്യം ആവശ്യപ്പെടുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ കാര്യക്ഷമതാ വർദ്ധനവ്

21(*291) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുന്ന സമയം കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം നൂറ്റി മുപ്പത് കോടിയോളം രൂപ വരുമാന വിടവുണ്ടായിരുന്നത് പതിനഞ്ച് കോടിയോളം രൂപയായി കുറയ്ക്കാൻ സാധ്യമായതിന് നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(ബി) കേന്ദ്രസർക്കാർ നയം കൊണ്ടും സെസ് വർദ്ധിപ്പിച്ചതുകൊണ്ടും ഡീസൽ വില വർദ്ധിക്കുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം എത്ര അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സാഹചര്യത്തിൽ ഇന്ധനച്ചെലവ് കുറഞ്ഞതും അന്തരീക്ഷ മലിനീകരണം ഇല്ലാത്തതുമായ ഇലക്ട്രിക് ബസുകളും സി.എൻ.ജി. ബസുകളും പുതുതായി വാങ്ങാൻ പദ്ധതിയുണ്ടോ;

(ഡി) ജീവനക്കാരുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി.-യുടെ കാര്യക്ഷമത വർദ്ധനവിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ട് മുമ്പത്തെ മാസമായ ഏപ്രിൽ 2016-ൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 124 കോടി രൂപയായിരുന്നു. ഈ ഭീമമായ ചെലവിന് കാരണം പെൻഷൻ വിതരണവും ശമ്പള വിതരണവും വായ്പായിനത്തിലെ ഉയർന്ന തിരിച്ചടവുമായിരുന്നു. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിച്ചിരുന്ന ഈ ഗുരുതരമായ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി സർക്കാർ മുൻകയ്യെടുത്ത് നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റി. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2% പലിശ ഇനത്തിലും

20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചുതീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവുണ്ടായി.

കെ.എസ്.ആർ.ടി.സി. മുഖ്യമായും സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നത് പെൻഷൻ നൽകുന്നതിനാണ്. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ ഏർപ്പെടുത്തിയപ്പോൾ ഇതിനായി ഒരു സഞ്ചിതനിധി ആരംഭിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം വരുമാനത്തിൽനിന്ന് പെൻഷന് ആവശ്യമായ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിന്നിരുന്നതിനാൽ, സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവ മുഖേന കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തിവരുന്നു. ഇപ്രകാരം, സംസ്ഥാന സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ 2019 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ നൽകിക്കഴിഞ്ഞു. കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്ന പെൻഷൻ തുക 10% പലിശ സഹിതം, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് വകയിരുത്തിയിട്ടുള്ള 1000 കോടി രൂപയുടെ വായ്പാ ധനസഹായത്തിൽ നിന്നും തിരിച്ചടച്ചു വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും വിവിധ കുടിശ്ശികകൾ തീർക്കുന്നതിനുമായി ഇപ്പോൾ പ്രതിമാസം 20 കോടി രൂപയും ടി 1000 കോടി രൂപയിൽ നിന്നും അനുവദിച്ച് നൽകുന്നുണ്ട്.

പർച്ചേസ് നടത്തുന്നതിൽ വരുത്തിയ മാറ്റങ്ങൾ, ഡീസൽ വിലയിലെ കിഴിവ് എന്നിവ മുഖാന്തരം പ്രതിമാസം 4.9 കോടി രൂപ ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഫ്യൂവൽ എഫിഷ്യൻസി 4.15-ൽ നിന്നും 4.28 ആയി ഉയർത്തിയതുവഴി 1.79 കോടി രൂപ പ്രതിമാസം ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ നടപടികളുടെ ഫലമായി സർക്കാർ നൽകുന്ന വായ്പാ ധനസഹായം കൂടി കണക്കിലെടുത്താൽ, വരുമാനവും ചെലവും തമ്മിലുള്ള പ്രതിമാസ അന്തരം ശരാശരി 30 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പ്രധാന ചെലവുകളിൽ ഒന്ന് ഇന്ധന ഇനത്തിലാണ്. ജനുവരി 1/2019-ൽ ഡീസൽ വില ലിറ്ററിന് 59.93 രൂപയായിരുന്നത് നിലവിൽ 66.27 രൂപയായി വർദ്ധിച്ചിട്ടുണ്ട്. തന്മൂലം പ്രതിമാസം ലിറ്ററിന് 6.34 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ ഉപഭോഗം 12900 കിലോലിറ്റർ ആണെന്നിരിക്കെ ഈ ഇനത്തിൽ പ്രതിമാസം 8.18 കോടി രൂപയുടെ അധിക ബാധ്യത വന്നിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ FAME II പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 250 ഇലക്ട്രിക് ബസ്സുകൾ വെറ്റ്ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. സി.എൻ.ജി ബസ് ഒരെണ്ണം പരീക്ഷണാടിസ്ഥാനത്തിൽ ആലുവ-എറണാകുളം-വൈറ്റില റൂട്ടിൽ സർവ്വീസ് നടത്തിവരുന്നുണ്ട്.

(ഡി) സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച്, വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പൊലീസും, കെ.എസ്.ആർ.ടി.സി-യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ റൂട്ടുകളിലേയ്ക്ക് ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാ സൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുള്ളത്.

കൂടാതെ തിരുവനന്തപുരം-കോട്ടയം, തിരുവനന്തപുരം-എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ദീർഘദൂര ചെയിൻ സർവ്വീസുകൾ 4-8-2019 മുതൽ ആരംഭിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്.

വരുമാന വർദ്ധനവ് ലഭ്യമാക്കുന്ന സർവ്വീസുകളിലെ ജീവനക്കാർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഓരോ മാസവും യൂണിറ്റ് തലത്തിൽ മികച്ച ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരെ തെരഞ്ഞെടുത്ത് പ്രോത്സാഹനം നൽകുന്നതിനും അഭിനന്ദിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലി സമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ആയത് ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മെയിന്റനൻസിനായി പകൽസമയം ബസ്സുകൾ പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസ്സുകൾ എങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. ടയർ, കെ.എം.പി.എൽ., ലൂബ്രിക്കന്റ്സ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് മേഖലകളിലായി തിരിച്ച് അസിസ്റ്റന്റ് വർക്ക്സ് മാനേജർമാരെ നിയോഗിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ കാര്യക്ഷമത വർദ്ധനവിന് ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കോർപ്പറേഷനിലെ തൊഴിലാളി സംഘടന പ്രതിനിധികളുമായി വിവിധ ഘട്ടങ്ങളിലായി ഗതാഗത വകുപ്പുമന്ത്രിതലത്തിലും കോർപ്പറേഷൻ മാനേജ്മെന്റ് തലത്തിലും ചർച്ചായോഗങ്ങൾ ചേരുകയും പ്രസ്തുത ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിവിധ വിഭാഗം ജീവനക്കാരുടെ ജോലിസമയം
8 മണിക്കൂറായി പുനഃക്രമീകരിക്കുകയുണ്ടായി.

## 'നീര' അന്താരാഷ്ട്ര നിലവാരത്തിൽ വിപണിയിലിറക്കാൻ നടപടി

22(*292) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'നീര' ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും പുരോഗതി വ്യക്തമാക്കാമോ;

(ബി) പല കമ്പനികൾ പല പേരുകളിൽ ഇറക്കുന്ന 'നീര' പൊതു ബ്രാൻഡിൽ അന്താരാഷ്ട്ര നിലവാരത്തിൽ വിപണിയിലിറക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നീര ചെത്തുന്നതിന് ഏകീകൃത സാങ്കേതികവിദ്യ വികസിപ്പിക്കുമോ; നീരയുടെ ഗുണമേന്മ പരിശോധിക്കുവാനും പൊതുമാനദണ്ഡം തയ്യാറാക്കുന്നതിനും കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ):

(എ) നീര വിപണിയിലെത്തിക്കാൻ കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ലഹരി വിമുക്തവും ആരോഗ്യകരവുമായ പാനീയം പൊതുജനങ്ങളിൽ എത്തിക്കുക അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. നീര ഉത്പാദക കേന്ദ്രങ്ങൾ തുടങ്ങുകയും നീര ടാപ്പിംഗ് തൊഴിലാളികൾക്ക് പരിശീലനം നൽകി നീര ഉത്പാദനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 29 നീര ഉത്പാദക കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) നീര ഏകീകൃത ബ്രാൻഡാക്കുക, അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുക എന്നീ ഉദ്ദേശ്യത്തോടുകൂടി നീര ഉൽപാദക കമ്പനി പ്രതിനിധികളുടേയും കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, നാളികേര വികസന കോർപ്പറേഷൻ, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPCRI), സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC), കേരാഫെഡ്, കൃഷി വകുപ്പ് എന്നിവരുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് നീര പൊതു ബ്രാൻഡിൽ വിപണിയിൽ എത്തിക്കാൻ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നീരയുടെ quality standard 26-7-2018-ലെ ഗസറ്റ് വിജ്ഞാപനം അസാധാരണം വാല്യം (7) നമ്പർ 2010 വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലോഗോ പരസ്യവാചകം എന്നിവയും തീരുമാനിച്ചിട്ടുണ്ട്.

(സി) നീര ഉത്പാദനത്തിന് പല കമ്പനികളും വ്യത്യസ്തമായുള്ള സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനാൽ വ്യത്യസ്ത രുചികളിലാണ് അവ വിപണിയിലെത്തുന്നത്. ഇത് വിപണനത്തെ ബാധിക്കുമെന്നതിനാൽ നീര ഉല്പാദനത്തിനും വിപണനത്തിനുമുള്ള സാങ്കേതികവിദ്യ ഒരുപോലെയാക്കുന്നതിനും ചേരുവകൾ, ഗുണനിലവാരം എന്നിവ സംബന്ധിച്ച പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിനും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

## മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

23(*293) ശ്രീ. ഡി. കെ. മുരളി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ആൻസലൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഡി.ഡി.യു. സശാക്തീകരൺ പുരസ്കാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്തിനും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിനും ലഭിക്കുകയും മികച്ച മാലിന്യ സംസ്കരണത്തിനുള്ള അന്താരാഷ്ട്ര പുരസ്കാരം തിരുവനന്തപുരം നഗരസഭയ്ക്കും ലഭിക്കുന്ന തരത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേടിയ മികവ് കൂടുതൽ ശാക്തീകരിക്കാൻ ജലസംരക്ഷണം, കൃഷി വികസനം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത നിയമ ബോധവൽക്കരണം നടത്തിയിരുന്നോ; ഹരിത നിയമം കർശനമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടിയെടുത്തിട്ടുണ്ടോ;

(സി) പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പി.വി.സി. ഫ്ലക്സ് ഉല്പന്നങ്ങൾ പൂർണ്ണമായി നിരോധിച്ചത് വിജയകരമായി നടപ്പാക്കാൻ സാധ്യമായിട്ടുണ്ടോ; പരസ്യത്തിനുപയുക്തമായ ബദൽ ഉല്പന്നം ലഭ്യമാണോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) മാലിന്യ സംസ്കരണം

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് 941 ഗ്രാമപഞ്ചായത്തുകളിലും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും 87 നഗരസഭകളിലും ഹരിതകർമ്മ സേനകൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്തു.

- അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് 757 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടക്കുന്നു.

- പുനഃചംക്രമണത്തിന് സാധ്യതയുള്ള അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലായി 128 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

- തദ്ദേശഭരണ സ്ഥാപനങ്ങളെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും വിദഗ്ദ്ധോപദേശം നൽകുന്നതിനും 51 ഹരിത സഹായ സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് നിയോഗിച്ചിട്ടുണ്ട്.

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കുട്ടികൾ മുഖേന അവബോധം സൃഷ്ടിക്കുന്നതിനും അവരുടെ സ്വഭാവ രൂപീകരണത്തിനും സഹായകരമായ രീതിയിൽ "പെൻസിൽ" എന്ന പേരിൽ വാർഡുതലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇപ്പോൾ "അരുത് കത്തിക്കരുത്, വലിച്ചെറിയരുത്" എന്ന ക്യാമ്പയിൻ സ്കൂൾ തലത്തിൽ നടത്തിവരുന്നു.

- എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിവരുന്നു. ഉത്സവങ്ങൾ, മേളകൾ, ആഘോഷങ്ങൾ, വിവാഹങ്ങൾ, മതപരമായ ചടങ്ങുകൾ എന്നിവിടങ്ങളിലെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ വ്യാപകമായി പാലിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് നടപ്പിലാക്കിവരികയാണ്. ഓഫീസുകളിൽ പരിശോധന നടത്തി ഗ്രീൻ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രവൃത്തി ഹരിത കേരളം മിഷൻ ആരംഭിച്ചിട്ടുണ്ട്.

- ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 90% സബ്സിഡി അനുവദിച്ച് ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പെടെ കമ്പോസ്റ്റ് ഉണ്ടാക്കുന്നതിനുള്ള വിവിധതരം ഉപകരണങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വീടുകളിലെത്തിക്കുന്നു.

- മാലിന്യ സംസ്കരണ രംഗത്ത് നിലനിൽക്കുന്ന നിയമങ്ങൾ ക്രോഡീകരിച്ച് ഹരിത നിയമങ്ങൾ എന്ന പേരിൽ കിലയുമായി സഹകരിച്ച് ഹരിത കേരളം മിഷൻ പ്രസിദ്ധീകരിച്ചു.

**ജലസംരക്ഷണം**

- ഹരിത കേരളത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിരവധി മാതൃകാപരമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ ജല ഉപമിഷനുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി 23-10-2017-ൽ സ.ഉ. (അച്ചടി) 20/2017/ജ.വി.വ. നമ്പരായി ഒരു മാർഗ്ഗരേഖ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്തുതലം മുതൽ ജില്ലാതലം വരെ വിവിധ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി സാങ്കേതിക സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്.
- സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ ആയിരത്തിലധികം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും അവയെ ബ്ലോക്കടിസ്ഥാനത്തിൽ ഒന്നിച്ചുചേർത്ത് നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽപ്പെടുന്ന പ്രവൃത്തികൾ ഓരോന്നും ഏതൊക്കെ വകുപ്പുകൾ ഏറ്റെടുത്ത് നിർവ്വഹിക്കണമെന്ന് തീരുമാനിക്കുകയും അതനുസരിച്ച് നിർവ്വഹണം നടത്തുന്ന പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജല ഉപമിഷൻ സംസ്ഥാന കർമ്മസമിതി യോഗം ചേർന്ന് പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.
- ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളേയും ഏജൻസികളേയും സഹകരിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 390 കിലോമീറ്റർ നീളത്തിൽ പുഴകളും 34289 കിലോമീറ്റർ നീളത്തിൽ തോടുകളും നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചു.
- 53745 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം നടപ്പിലാക്കി, 22252 കിണറുകൾ നിർമ്മിച്ചു. 13942 കിണറുകൾ നവീകരിച്ചു.
- 13738 കുളങ്ങൾ നിർമ്മിച്ചു, 15381 കുളങ്ങൾ നവീകരിച്ചു.

**കൃഷി വികസനം**

- തരിശ് രഹിത പഞ്ചായത്ത് പ്രവർത്തനം - ഓരോ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലും ചുരുങ്ങിയത് ഒരു പഞ്ചായത്ത് എങ്കിലും

തരിശ് രഹിത പഞ്ചായത്തായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 152 പഞ്ചായത്തുകളിൽ നടത്തിവരുന്നു. 15 പഞ്ചായത്തുകൾ ഇതിനോടകം തരിശ് രഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചുകഴിഞ്ഞു. പാറശ്ശാല മണ്ഡലം തരിശ് രഹിത മണ്ഡലമായും പ്രഖ്യാപിച്ചു.

- ഹരിത സമൃദ്ധി വാർഡുകൾ - ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ ഒരു വാർഡെങ്കിലും മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി ആരംഭിച്ച 1000 ഹരിതസമൃദ്ധി വാർഡുകളുടെ പ്രവർത്തനം നടത്തിവരുന്നു. ഏകദേശം 300 വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളായി മാറിയിട്ടുണ്ട്.

- നെൽകൃഷി വിസ്തൃതി വ്യാപനം - നെൽകൃഷി വിസ്തൃതി 1.96 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടർ ആക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതിയുടെ സഹായം എന്നിവ മുഖേന കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കാൻ കൂട്ടായ പ്രവർത്തനം നടത്തിവരുന്നു.

- പച്ചത്തുരുത്ത് പദ്ധതി- കേരളത്തിന്റെ പരിസ്ഥിതി പുനഃസ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങളെ ചെറുക്കുന്നതിനും പ്രാദേശിക മരങ്ങളും സസ്യങ്ങളും വച്ചു പിടിപ്പിച്ച് സ്വാഭാവിക വനത്തിന്റെ മാതൃകയിലുള്ള ചെറുവനങ്ങൾ വച്ചു പിടിപ്പിക്കുന്ന പദ്ധതിയാണ് പച്ചത്തുരുത്തുകൾ. ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ചുരുങ്ങിയത് ഒരു പച്ചത്തുരുത്ത് എങ്കിലും സ്ഥാപിച്ച് 1000 പച്ചത്തുരുത്തുകൾ സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുവരെ സംസ്ഥാനത്താകെ 464 പച്ചത്തുരുത്തുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഹരിത നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി നാളിതുവരെ സംസ്ഥാനത്ത് 5965 ക്ലാസുകൾ നടത്തിയിട്ടുണ്ട്. കുട്ടികളിൽ ഹരിത നിയമ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എൻ.സി.എസ്., എൻ.എസ്.എസ്., സ്കൗട്ട്സ് & ഗൈഡ്സ് എന്നിവയിലെ എല്ലാ പരിശീലകർക്കും ശില്പശാലകൾ നടത്തിക്കഴിഞ്ഞു. ഈ ക്യാമ്പയിൻ 20 ലക്ഷം പേരിൽ എത്തിക്കുന്നതിനുള്ള

നടപടികൾ തുടരുകയാണ്. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിയമം നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഹരിത നിയമം കർശനമായി നടപ്പിലാക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു.

(സി) ഉണ്ട്. കേരള ഗ്രാമപഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ പൊതു ജല മാർഗ്ഗത്തിലോ ജലാശയത്തിലോ ചവറോ മാലിന്യങ്ങളോ വിസർജ്ജ്യവസ്തുക്കളോ നിക്ഷേപിക്കുകയോ അതിലേയ്ക്ക് ഒഴുക്കി വിടുകയോ ചെയ്യുന്നവർക്കെതിരെയും പൊതു സ്ഥലത്ത് ചവറോ മാലിന്യങ്ങളോ നിക്ഷേപിക്കുകയോ വലിച്ചെറിയുകയോ ചെയ്യുന്നവർക്കെതിരെയും അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. അതിൻപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കണസർവേഷൻ (അമെന്റ്മെന്റ്) ആക്ട് 2018 പ്രകാരം മൂന്ന് വർഷം വരെ തടവുശിക്ഷയോ, രണ്ട് ലക്ഷം രൂപ വരെ പിഴയോ, രണ്ടും കൂടിയ ശിക്ഷയോ ലഭിക്കാവുന്ന പ്രവൃത്തിയാണ്.

(ഡി) പി.വി.സി ഫ്ളക്സുകൾക്ക് ഏർപ്പെടുത്തിയ നിരോധനം വിജയകരമായി നടപ്പിലാക്കിവരുന്നു. 29-8-2019-ലെ സ.ഉ.(കൈ)നമ്പർ.111/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പി.വി.സി. നിർമ്മിത ഫ്ളക്സുകൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. പി.വി.സി. ഫ്ളക്സിന് പകരമായി യഥേഷ്ടം ലഭ്യമായ തുണി, പേപ്പർ, പോളി എത്തിലീൻ തുടങ്ങി പുനഃചംക്രമണം സാധ്യമായ വസ്തുക്കൾ ഉപയോഗിച്ച് അച്ചടിക്കുന്ന ബാനറുകളോ പരസ്യ ബോർഡുകളോ മാത്രമേ പരസ്യ പ്രചാരണങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂവെന്നാണ് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്.

## മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി

24(*294) <u>ശ്രീമതി സി. കെ. ആശ</u>
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>
<u>ശ്രീ. കെ. രാജൻ</u>
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര ഗതാഗതത്തിന്റെ ആസൂത്രണം, മേൽനോട്ടം, വികസനം, ഏകോപനം, നിയന്ത്രണം എന്നീ ലക്ഷ്യങ്ങളോടുകൂടി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഓരോ കോർപ്പറേഷനും പ്രത്യേക ട്രാൻസ്പോർട്ട് അതോറിറ്റികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ;

(സി) സമഗ്ര മൊബിലിറ്റി പ്ലാൻ പ്രാദേശിക വികസന പ്ലാനുമായി സംയോജിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇടതടവില്ലാത്ത ഗതാഗതത്തിനും (സീംലെസ് ട്രാൻസ്പോർട്ട്) മറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതോറിറ്റി വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ&ബി) മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ നിയമസഭ പാസ്സാക്കിയശേഷം മാത്രമേ ആ നിയമപ്രകാരം അതോറിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

(സി) ആയത് കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബില്ലിൽ വിഭാവന ചെയ്തിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട ബില്ലിലെ 12-ാം ഖണ്ഡം പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള വിവിധ കർത്തവ്യങ്ങളിലും, ചുമതലകളിലും ഇടതടവില്ലാതെ ഗതാഗതത്തിനും മറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം അർബൻ മൊബിലിറ്റി പ്രദേശങ്ങളിലെ നഗര ഗതാഗതത്തിന്റെ ആസൂത്രണം, ഏകോപനം, മേൽനോട്ടം, വികസനം, നിയന്ത്രണം എന്നിവ ഈ അതോറിറ്റിയുടെ അധികാരത്തിലായിരിക്കും.

**കേന്ദ്രീകൃത വേസ്റ്റ് ടു എനർജി പ്ലാന്റുകൾ**

25(*295) ഡോ. എം. കെ. മുനീർ :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന കേന്ദ്രീകൃത വേസ്റ്റ് ടു എനർജി പ്ലാന്റുകൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി വ്യാപകമായി സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ എത്ര പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഇനി എവിടെയെല്ലാം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ സ.ഉ (എം.എസ്) 82/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെൻഡറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്തത്തോടെ DBFOT (Design, Build, Finance, Operate and Transfer) വ്യവസ്ഥയിലായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ ഏകോപിപ്പിക്കുന്നതിന് പദ്ധതിയുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി-യെ നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലയിലും പദ്ധതിയിൽ പങ്കെടുക്കേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ രൂപകല്പന, നിർമ്മാണം, ആവശ്യമായ സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് തുടങ്ങിയവ പൂർണ്ണമായും സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്വമാണ്. രണ്ടുവർഷത്തെ നിർമ്മാണ കാലാവധി ഉൾപ്പെടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലയളവ്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിങ്ങ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെൻഡറുകൾ സമർപ്പിക്കേണ്ടത്.

(ബി) ഉണ്ട്. പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സ്വകാര്യ ഏജൻസിയെ ആഗോള ടെൻഡർ മുഖേനയാണ് കണ്ടെത്തുന്നത്. പ്രസ്തുത പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പൊതു സ്വകാര്യ

പങ്കാളിത്തത്തോടുകൂടി നിർമ്മിക്കുന്ന ഇത്തരം പ്ലാന്റുകൾ മാലിന്യം സംസ്കരിച്ച് ഊർജ്ജം ഉല്പാദിപ്പിക്കാൻ ശേഷിയുള്ളവ ആയിരിക്കും. ഈ പ്ലാന്റുകളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് വിൽക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള മുൻ പരിചയം, സാമ്പത്തിക ഭദ്രത തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള സ്വകാര്യ ഏജൻസികളെ കണ്ടെത്തുന്നത്. പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥിതിയിൽ തദ്ദേശസ്വയംഭരണ വകുപ്പും കെ.എസ്.ഐ.ഡി.സി-യും നടത്തിപ്പിനുള്ള സ്വകാര്യ ഏജൻസിയും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നുള്ള കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നത്. പ്ലാന്റുകളുടെ നടത്തിപ്പിന് ഒരു നിശ്ചിത സാങ്കേതികവിദ്യ നിഷ്കർഷിച്ചിട്ടില്ല. പ്രതിദിനം 200 മുതൽ 300 ടൺ വരെ സംസ്കരണശേഷിയുള്ള പ്ലാന്റുകളായിരിക്കും ഈ പദ്ധതിയിലൂടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഖരമാലിന്യം സംഭരിച്ച് സംസ്കരിക്കുന്നതിന് ഓരോ ടണ്ണിനും ഏജൻസികൾ സമർപ്പിക്കുന്ന ടിപ്പിംഗ് ഫീസിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും ടെൻഡറുകൾ നൽകുന്നത്.

വിദേശ രാജ്യങ്ങളിൽ ഉപയോഗിക്കുന്ന തരത്തിലുള്ള അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളാണ് ഈ പദ്ധതിയിലൂടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ടെൻഡറിൽ പങ്കെടുക്കുന്ന സ്വകാര്യ ഏജൻസികളുടെ യോഗ്യതയും സാങ്കേതിക മികവും സാമ്പത്തിക ഭദ്രതയും കൃത്യമായി പരിശോധിച്ചശേഷം മാത്രമേ ടെൻഡറുകൾ നൽകുകയുള്ളൂ. മാത്രവുമല്ല, തെരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണ് പ്ലാന്റുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതുമായിരിക്കും. പരിസ്ഥിതിക്കോ പൊതുജനങ്ങൾക്കോ യാതൊരുവിധ ബുദ്ധിമുട്ടുമുണ്ടാകാത്ത തരത്തിലുള്ള പൂർണ്ണമായും പ്രകൃതി സൗഹൃദമായ മാലിന്യ സംസ്കരണ പ്ലാന്റുകളാണ് ഈ പദ്ധതിയിലൂടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പദ്ധതിയുടെ ഭാഗമായി ഇതിനോടകം പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന 7 സ്ഥലങ്ങളിലാണ് 11-6-2018-ലെ സ.ഉ.(എം.എസ്) 82/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നത്.

തിരുവനന്തപുരം-പെരിങ്ങമ്മല

തൃശ്ശൂർ- ലാലൂർ

പാലക്കാട്- കഞ്ചിക്കോട്

കോഴിക്കോട്-ഞെളിയാംപറമ്പ്

കണ്ണൂർ-ചേലോറ
കൊല്ലം-കുരീപ്പുഴ

മലപ്പുറം- പാണക്കാട്

മേൽ പരാമർശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മലയ്ക്ക് പകരം പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന Zonta Infratech Pvt Ltd എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുള്ള കൺസഷൻ എഗ്രിമെന്റിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം മേൽപ്പറഞ്ഞ കമ്പനി, പദ്ധതി നടത്തിപ്പിനായി മലബാർ വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കൺസഷൻ എഗ്രിമെന്റ് 4-9-2019-ൽ ഒപ്പ് വച്ചിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ കമ്പനിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. രണ്ടാം ഘട്ടത്തിൽ കണ്ണൂർ, പാലക്കാട്, കൊല്ലം എന്നീ ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ടെൻഡർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർ നടപടികൾ പുരോഗമിക്കുന്നു.

മേൽപ്പറഞ്ഞ സ്ഥലങ്ങൾ കൂടാതെ കൊച്ചിയിലെ ബ്രഹ്മപുരത്തും, ഇടുക്കി ജില്ലയിലെ മൂന്നാറിലും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിലും മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിൽ വയനാട് സുൽത്താൻ ബത്തേരിയിൽ പ്ലാന്റ് ഉടൻതന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചിയിലെ ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

## ബി.ടെക് പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് ദാനം

26(*296) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബി-ടെക് പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് മാർക്ക് ദാനം ചെയ്ത് അവരെ വിജയിപ്പിച്ച സംഭവം സംബന്ധിച്ച് ചാൻസലർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചാൻസലർക്ക് സർവ്വകലാശാല എന്ത് മറുപടിയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) ഉന്നതങ്ങളിൽ നിന്നുള്ള സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ് സിൻഡിക്കേറ്റ് ഇത്തരമൊരു തീരുമാനം എടുത്തതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് ബി.ടെക് കോഴ്സുകൾ പൂർണമായും മാറ്റപ്പെടുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവ്വകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യവും നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതിരിക്കുകയും നാലുവർഷത്തെ പഠനത്തിനുശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേയ്ക്ക് മാത്രമായി വിദ്യാർത്ഥികൾ ചുരുങ്ങുന്ന സാഹചര്യവും 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനുപുറമെ പരമാവധി 5 മാർക്കുകൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനമെടുത്തിരുന്നു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ചാൻസലർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം മുൻകാലങ്ങളിൽ നടത്തിയിട്ടുള്ളതുപോലെ സർവ്വകലാശാല വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കോളേജ് മാനേജർമാർ, പ്രിൻസിപ്പൽമാർ എന്നിവർക്കുവേണ്ടിയും സർവ്വകലാശാലയിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപ്പിക്കാൻ 22-2-2019-ൽ അദാലത്ത് നടത്തിയിട്ടുണ്ട്. ഇതിനായി സിൻഡിക്കേറ്റിന്റെ അധികാരത്തോടുകൂടിയ അദാലത്ത് നിർവ്വാഹക സമിതി, 21-2-2019-ലും അദാലത്ത് ദിവസമായ 22-2-2019-ലും വിവിധ ഫയലുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. 21-2-2019-ൽ കൂടിയ ടി സമിതിയുടെ ഒരു യോഗം ഒരു ബി.ടെക് വിദ്യാർത്ഥിനിക്ക് ഒരു മാർക്ക് മോഡറേഷനായി നൽകാൻ ശിപാർശ ചെയ്യുകയും ആയത് വൈസ് ചാൻസിലർ 21-2-2019-ൽത്തന്നെ അംഗീകരിക്കുകയും ഈ വിവരം 22-2-2019-ലെ അദാലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. തുടർന്ന് ഈ വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

ഇതിനിടെ ഒരു മാർക്ക് മുതൽ 5 മാർക്ക് വരെ മോഡറേഷൻ നൽകുന്നതുമൂലം 180- ഓളം വിദ്യാർത്ഥികൾക്ക് പ്രയോജനകരമാണെന്ന് കണ്ടും, ബി.ടെക് കോഴ്സ് എ.പി.ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിലേയ്ക്ക് മാറ്റപ്പെടുകയും ചെയ്ത പ്രത്യേക സാഹചര്യത്തിലും മേഴ്സി ചാൻസ് പരീക്ഷകൾ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാലും, കാലിക്കറ്റ് സർവ്വകലാശാല സമാനരീതിയിൽ മോഡറേഷൻ നൽകിയതും പരിഗണിച്ച് 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ബി.ടെക് കോഴ്സിന് പരമാവധി 5 മാർക്ക് വരെ മോഡറേഷൻ നൽകാൻ തീരുമാനിച്ചു.

മേൽ തീരുമാനങ്ങളിലൊന്നും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടേയോ മന്ത്രിയുടെ ഓഫീസിന്റെയോ ഇടപെടൽ ഉണ്ടായിട്ടില്ല. സർവ്വകലാശാലയിലെ പരീക്ഷാ നടത്തിപ്പും അംഗീകരിക്കലും ഫലം പ്രസിദ്ധീകരിക്കലും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ വ്യവസ്ഥകൾ പ്രകാരം സിൻഡിക്കേറ്റിന്റെ അധികാര പരിധിയിൽ വരുന്നതിനാലും വിദ്യാർത്ഥികളുടെ ഭാവിയെ മാത്രം മുൻനിർത്തി സർവ്വകലാശാല സദുദ്ദേശപരമായ തീരുമാനം കൈക്കൊള്ളുകയുമായിരുന്നുവെന്ന് ബഹുമാനപ്പെട്ട ചാൻസലർക്ക് നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയതായി സർവ്വകലാശാല അധികൃതർ അറിയിച്ചിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23 (15) പ്രകാരമാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. പരീക്ഷാ കാര്യങ്ങളിൽ നയപരമായി തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിനാണ് അധികാരം. ബി.ടെക് കോഴ്സ് എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക്

മാറ്റപ്പെട്ടതിനുശേഷം തുടർ സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് സർവ്വകലാശാലയ്ക്കുള്ള പരിമിതി കണക്കിലെടുത്തും കാലിക്കറ്റ് സർവ്വകലാശാല 2012 ജൂൺ 12-ലെ ഉത്തരവിലൂടെ 2008 മുതൽ മുൻകാല പ്രാബല്യത്തോടെ ബി.ടെക് വിദ്യാർത്ഥികൾക്ക് 20 മാർക്ക് വരെ മോഡറേഷൻ നൽകാനെടുത്ത തീരുമാനം, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2012-ലെ ഉത്തരവിലൂടെ 2010 മുതലുള്ള ബി.ടെക് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകാനെടുത്ത തീരുമാനം എന്നിവയെല്ലാം പരിഗണിച്ചാണ് 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലുമൊരു വിഷയം മാത്രം വിജയിക്കാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനുപുറമെ പരമാവധി 5 മാർക്കുകൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനമെടുത്തത്. ഉത്തമ വിശ്വാസത്തോടുകൂടിയാണ് സിൻഡിക്കേറ്റ് ഇത്തരത്തിൽ തീരുമാനിച്ചത്.

## കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് പദ്ധതി

27(*297) ശ്രീ. കെ. രാജൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉല്പന്നങ്ങളുടെ സ്വീകാര്യത കൂട്ടി വില്പന വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കുടുംബശ്രീ വനിതാസംരംഭകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ ലഭ്യമാക്കുന്നതിന് ഇ-കോമേഴ്സ് പോർട്ടൽ നിലവിലുണ്ടോ; ആയതിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ;

(സി) കുടുംബശ്രീ ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ നേരിട്ട് വിപണിയിൽ എത്തിക്കുന്നതിനായി സ്ഥാപിച്ച നാട്ടുചന്തകളുടെ പ്രവർത്തനം ഫലപ്രദമാണോ; വ്യക്തമാക്കുമോ;

(ഡി) കുടുംബശ്രീ ഉല്പന്നങ്ങൾ പൊതുജന ശ്രദ്ധ ലഭിക്കുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കുടുംബശ്രീയുടെ ഉല്പന്നങ്ങൾക്ക് സ്വീകാര്യത കൂട്ടി വിപണി ഉറപ്പാക്കുന്നതിനായി 4 തരത്തിലുള്ള വിപണന പ്രവർത്തനങ്ങളാണ് സ്വീകരിച്ച് വരുന്നത്. (1) പ്രാദേശിക-ദേശീയ വിപണന മേളകളിലൂടെയുള്ള വിപണനം (മാസച്ചന്തകൾ, സരസ്സ് ഫെയറുകൾ, മറ്റ് വിപണനമേളകൾ), (2) കുടുംബശ്രീ ഉൽപ്പന്നങ്ങൾക്കായി സ്ഥിര വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള വിപണനം (ബസാർ, നാനോമാർക്കറ്റ്, കിയോസ്ക്, സംയോജിത വിപണന കേന്ദ്രങ്ങൾ), (3) കുടുംബശ്രീ ഉല്പന്നങ്ങൾ വീടുകളിലെത്തിക്കുന്നതിലൂടെയുള്ള വിപണനം (ഹോം ഷോപ്പുകൾ), (4) ഓൺലൈൻ മാർക്കറ്റിംഗിലൂടെ വിപണനം.

2018-19 സാമ്പത്തിക വർഷത്തിൽ മേൽ വിപണന പ്രവർത്തനങ്ങളിലൂടെ 38 കോടി രൂപയിലധികം വിറ്റുവരവ് കുടുംബശ്രീ സംരംഭകർക്ക് നേടിക്കൊടുക്കാൻ സാധിച്ചു. കുടുംബശ്രീ ഉല്പന്നങ്ങൾക്ക് കൂടുതൽ സ്വീകാര്യത വരുത്തുന്നതിനായി മികച്ച 50 ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് പൊതു വിപണിയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. Kudumbashreebazar.com എന്ന പേരിൽ ഒരു ഇ-കോമേഴ്സ് പോർട്ടൽ മുഖേന കുടുംബശ്രീ ഉല്പന്നങ്ങൾ വിപണനം നടത്തുന്നുണ്ട്. നിലവിൽ 785 ഉല്പന്നങ്ങൾ പ്രസ്തുത പോർട്ടൽ മുഖേന ലഭ്യമാണ്. കൂടാതെ ഓൺലൈൻ വിപണന കമ്പനിയായ ആമസോൺ മുഖേനയും കുടുംബശ്രീ ഉല്പന്നങ്ങൾ വിപണനം നടത്തിവരുന്നു. ബാഗ്, ഹാൻഡ് ലൂം, ഹാൻഡിക്രാഫ്റ്റ്സ്, സോപ്പ് & ടോയിലറ്ററീസ്, ഹെർബൽ പ്രോഡക്ട്സ്, പേഴ്സണൽ കെയർ പ്രോഡക്ട്സ്, ബ്യൂട്ടി പ്രോഡക്ട്സ്, ഹോം & കിച്ചൺ എക്യുപ്മെന്റ്സ് എന്നീ വിഭാഗങ്ങളിലായി 2019 ഫെബ്രുവരി മുതൽ 275 ഉൽപ്പന്നങ്ങൾ ആമസോൺ വഴി വിൽപ്പന നടത്തുന്നുണ്ട്. വനിതാ സംരംഭകർക്ക് താരതമ്യേന മികച്ച വരുമാനം ഇതുവഴി ലഭിക്കുന്നുണ്ട്. ആമസോണിന് പുറമെ കുടുംബശ്രീ ഉല്പന്നങ്ങൾ മറ്റ് ഓൺലൈൻ പോർട്ടലുകളിലൂടെ (ഫ്ളിപ്പ്കാർട്ട്, ജെം) വിപണനം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നാട്ടുചന്തകളുടെ പ്രവർത്തനം ഫലപ്രദമായി നടന്നുവരികയാണ്. കുടുംബശ്രീ കർഷകർക്കും മറ്റ് സംരംഭകർക്കും ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് അവസരമൊരുക്കി നൽകുന്നതിനായി 2017 ഒക്ടോബർ മുതലാണ് നാട്ടുചന്തകൾ സംഘടിപ്പിച്ചു തുടങ്ങിയത്. സംസ്ഥാനത്ത് തെരഞ്ഞെടുത്ത 450 സി.ഡി.എസ്.-കളിൽ നിലവിൽ നാട്ടുചന്തകൾ നടന്നുവരുന്നു. കൂടാതെ കൃഷി വകുപ്പുമായി സഹകരിച്ച് 400 പഞ്ചായത്തുകളിലും ചന്തകൾ നടത്തുന്നുണ്ട്. നാളിതുവരെ 152 ബ്ലോക്കുകളിലായി 22 കോടി രൂപയുടെ വിൽപ്പന നാട്ടുചന്തകളിലൂടെ നടന്നു.

(ഡി) കുടുംബശ്രീ ഉല്പന്നങ്ങൾ പൊതുജനശ്രദ്ധ ലഭിക്കുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതിലേയ്ക്ക് നാനോമാർക്കറ്റുകൾ, മേളകൾ (ട്രേഡ് ഫെയറുകൾ) എന്നിവ സംഘടിപ്പിച്ചു വരുന്നു. കൂടാതെ പൊതുജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന സർക്കാർ വിപണന കേന്ദ്രങ്ങളായ സപ്ലൈകോ മാർക്കറ്റുകൾ, ഹോർട്ടികോർപ്പ് ഔട്ട്‌ലെറ്റുകൾ എന്നിവയിലും കുടുംബശ്രീ നാനോ മാർക്കറ്റുകൾ ആരംഭിച്ച് ഉല്പന്ന വിപണനം സാധ്യമാക്കിയിട്ടുണ്ട്.

## പ്ലാസ്റ്റിക്, ഇലക്ട്രോണിക്സ് മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

28(*298) ശ്രീ. എസ്. ശർമ്മ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക്സ് മാലിന്യങ്ങളും ദിവസേന വർദ്ധിച്ച് വരുന്നത് നിയന്ത്രിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പോളി വിനൈൽ ക്ലോറൈഡ്(പി.വി.സി.) ഉപയോഗിച്ചുള്ള ഫ്ലക്സ് സംസ്ഥാനത്ത് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ പരിപാടികൾ, സ്വകാര്യ പരിപാടികൾ, മതപരമായ ചടങ്ങുകൾ, സിനിമ, തെരഞ്ഞെടുപ്പ് പ്രചരണം തുടങ്ങിയവയ്ക്കെല്ലാം പി.വി.സി.-യ്ക്ക് പകരമായി പരിസ്ഥിതി സൗഹൃദവും പുനഃചംക്രമണം ചെയ്യാൻ സാധിക്കുന്നതുമായ വസ്തുക്കൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) പ്ലാസ്റ്റിക് പോലുള്ള അജൈവ മാലിന്യം തരംതിരിച്ച് സുരക്ഷിതമായ പുനഃചംക്രമണം ഉറപ്പാക്കുന്നതിലേയ്ക്കുള്ള പ്രവർത്തനങ്ങളാണ് തദ്ദേശഭരണ

സ്ഥാപനങ്ങൾ പ്രാവർത്തികമാക്കുന്നത്. അജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങളായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) ക്ലസ്റ്റർ അടിസ്ഥാനത്തിലും സ്ഥാപിച്ചുവരുന്നുണ്ട്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഹരിതകർമ്മ സേനയെ സജ്ജമാക്കിവരുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെ 2016-ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടം പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ട് 24-9-2016-ലെ 576/ഡി.സി.1/2016/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ ഉൽപ്പന്നങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനായി സർക്കാർ ഗ്രീൻ പ്രോട്ടോക്കോൾ എന്ന ആശയം നടപ്പിലാക്കുകയും 5-10-2017-ലെ സ.ഉ.(സാധാ) നമ്പർ 3214/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ഈ നടപടികൾ പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗത്തിൽ ഗണ്യമായ കുറവുവരുത്തുന്നതിന് സഹായകമായിട്ടുണ്ട്.

എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ, ആപൽക്കരമായ മാലിന്യങ്ങൾ, പുനഃചംക്രമണ യോഗ്യമല്ലാത്ത മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിക്കൊണ്ട് 19-10-2019-ൽ സ.ഉ.(സാധാ) നം.2300/2019 തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണത്തിന് നൽകുന്നതിന്റെ ചുമതല ക്ലീൻ കേരള കമ്പനിയിൽ നിക്ഷിപ്തമാണ്.

(ബി) 29-8-2019-ലെ സ.ഉ.(കൈ)നം.111/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പി.വി.സി ഫ്ളക്സുകൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.

(സി) താഴെപ്പറയുന്ന നടപടിക്രമങ്ങളാണ് കർശനമായി പാലിക്കേണ്ടത്.

1. സർക്കാർ പരിപാടികൾ, സ്വകാര്യ പരിപാടികൾ, മതപരമായ ചടങ്ങുകൾ, സിനിമ, തെരഞ്ഞെടുപ്പ് പ്രചരണം മറ്റു പരസ്യങ്ങൾ ഉൾപ്പെടെ യാതൊരുവിധ പ്രചാരണത്തിനും പി.വി.സി. ഫ്ളക്സ് ഉപയോഗിക്കുവാനോ പ്രിന്റ് ചെയ്യുവാനോ പാടില്ല. പകരം പരിസ്ഥിതി സൗഹൃദവും പുനഃചംക്രമണം ചെയ്യാൻ സാധിക്കുന്നതുമായ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് പ്രോത്സാഹിപ്പിക്കണം.

2. പി.വി.സി. ഫ്ലക്സിന് പകരമായി, തുണി, പേപ്പർ, പോളി എതിലീൻ തുടങ്ങി പുനഃചംക്രമണം സാധ്യമായ വസ്തുക്കൾ ഉപയോഗിച്ച് അച്ചടിക്കുന്ന ബാനറുകളോ പരസ്യബോർഡുകളോ മാത്രമെ പരസ്യ പ്രചാരണങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ. പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള ക്ലോത്ത് ഉപയോഗിക്കുവാൻ പാടില്ല.

3. ഇത്തരം മെറ്റീരിയലിൽ പ്രിന്റ് ചെയ്യുമ്പോൾ 'റീസൈക്ലബിൾ, പി.വി.സി. ഫ്രീ' എന്ന ലോഗോയും, ഉപയോഗം അവസാനിക്കുന്ന തീയതിയും (Expiry Date) പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും, പ്രിന്റിംഗ് നമ്പരും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ഈ നമ്പർ പ്രകാരം പ്രിന്റ് ചെയ്യുന്ന ഉപഭോക്താവിന്റെ മുഴുവൻ വിവരവും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. തീയതി വച്ചുള്ള പ്രോഗ്രാം ബാനറുകൾക്ക് പ്രോഗ്രാം അവസാനിക്കുന്ന തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും, തീയതി വയ്ക്കാത്ത സ്ഥാപനങ്ങളുടേയും മറ്റും പരസ്യങ്ങൾക്ക് പരമാവധി 90 ദിവസം പിന്നിട്ടുള്ള തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും നിശ്ചയിക്കേണ്ടതും ഇങ്ങനെ പ്രദർശിപ്പിക്കുന്ന ബോർഡുകൾ/ബാനറുകൾ എന്നിവ ഉപയോഗം അവസാനിക്കുന്ന തീയതിക്കു ശേഷം പരമാവധി ഏഴ് ദിവസത്തിനുള്ളിൽ സ്ഥാപിച്ചവർതന്നെ നീക്കം ചെയ്യേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ സ്ഥാപിച്ചിട്ടുള്ള നിലവിലുള്ള പരസ്യ ബോർഡുകൾക്കും ഈ വ്യവസ്ഥ ബാധകമായിരിക്കും. അപ്രകാരം ചെയ്യാത്ത പക്ഷം ബോർഡ് സ്ഥാപിച്ചവരിൽ നിന്ന് സ്ക്വയർഫീറ്റിന് 20 രൂപ നിരക്കിൽ പിഴ കൂടാതെ ഡിസ്മാന്റിലിംഗ് ചാർജ്ജും കൺവെയൻസ് ചാർജ്ജും അതത് നഗരസഭ-ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടതാണ്.

4. സംസ്ഥാനത്തെ മുഴുവൻ പരസ്യ പ്രിന്റിംഗ് സ്ഥാപനങ്ങളിലും പുനഃചംക്രമണം ചെയ്യാവുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് ജോലികൾ മാത്രമേ ഏറ്റെടുക്കുകയുള്ളൂ എന്ന് പൊതുജനശ്രദ്ധ വരത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

5. ഈ ഉത്തരവിനുശേഷം പി.വി.സി. ഫ്ലക്സിൽ പ്രിന്റ് ചെയ്ത് ബാനർ/ബോർഡ് സ്ഥാപിക്കുന്ന വ്യക്തി/സ്ഥാപനത്തിന് നോട്ടീസ് നൽകി പ്രിന്റ് ചെയ്തുനൽകിയ സ്ഥാപനത്തിന്റെ വിവരം ശേഖരിച്ച് പ്രിന്റ് ചെയ്തവരിൽ നിന്നും ആദ്യപടിയായി സ്ക്വയർ ഫീറ്റിന് 20 രൂപ നിരക്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കേണ്ടതാണ്. ഇത്തരം നിയമവിരുദ്ധമായ പ്രവൃത്തികൾ തുടരുകയാണെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് അതത് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഡി) തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പി.വി.സി. ഫ്ളക്സിന് പകരമായി പോളി എതിലീൻ ഫ്ളക്സുകളും, പ്രകൃതി സൗഹൃദ വസ്തുക്കളായ തുണി, പായ തുടങ്ങിയവയൊക്കെ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് 12-3-2019-ലെ സ.ഉ.(സാധാ) നമ്പർ 118/2019/ഇലക്ഷൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചീഫ് ഇലക്ടറൽ ഓഫീസർ ഹരിതചട്ട പാലനം നിർബന്ധമാക്കിക്കൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുകയും ഈ ആശയം പ്രായോഗികവത്കരിക്കുന്നതിന് ശുചിത്വ മിഷൻ മുഖേന രാഷ്ട്രീയ പാർട്ടികളുടെ യോഗം ജില്ലാതലത്തിൽ വിളിച്ചു ചേർക്കുകയും ഇത് സംബന്ധിച്ച അവബോധം നൽകുകയും ചെയ്തിട്ടുണ്ട്. പി.വി.സി. ഫ്ളക്സ് ഉണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും അവയ്ക്കു പകരം ലഭ്യമാവുന്ന പ്രകൃതി സൗഹൃദ വസ്തുക്കളെ പരിചയപ്പെടുത്തുകയും അവയുടെ ലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ ലഘുലേഖ മുഖേന രാഷ്ട്രീയ പാർട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കേണ്ടതാണെന്ന തീരുമാനമെടുത്തിട്ടുണ്ട്. 30-11-2016-ലെ നം.എം.(4)80575/2016/ഡി.പി.ഐ. നമ്പർ സർക്കുലർ പ്രകാരം പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ള ബാനർ, കൊടിതോരണങ്ങൾ എന്നിവയുൾപ്പെടെ ഏകോപയോഗ പ്ലാസ്റ്റിക് വസ്തുക്കൾ കർശനമായി ഒഴിവാക്കി ഹരിതചട്ടം പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ഹരിതചട്ട പ്രതിജ്ഞയും സ്കൂളുകളിൽ സംഘടിപ്പിക്കുകയുണ്ടായി.

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ച

29(*299) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. യു. ജനിഷ് കുമാർ:

ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എഴുപത്തിയെട്ട് ശതമാനത്തിലും വിജയശതമാനം നാൽപ്പതിൽ താഴെയായിരുന്നതും അവയിൽ രണ്ടെണ്ണത്തിൽ ഒരാൾ പോലും ജയിച്ചില്ലെന്നതും പത്ത് എണ്ണത്തിൽ പത്ത് ശതമാനത്തിൽ താഴെയായിരുന്നു വിജയം എന്നതും സ്വാശ്രയ മേഖലയിലെ നിലവാരത്തകർച്ചയുടെ സൂചകമായതിനാൽ വിദ്യാർത്ഥികളുടെ ഭാവിയെക്കരുതി ഈ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാരിന് നടത്താൻ കഴിയുന്ന ഇടപെടലുകൾ എന്തെല്ലാമെന്നറിയിക്കാമോ;

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക ഓഡിറ്റ് നടത്താൻ പദ്ധതിയുണ്ടോ; ഇതിൽ എന്തെല്ലാം കാര്യങ്ങളാണ് പരിശോധിക്കപ്പെടുന്നതെന്ന് അറിയിക്കുമോ;

(സി) ഈ വർഷവും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പകുതിയോളം സീറ്റുകളിൽ വിദ്യാർത്ഥികൾ പ്രവേശനം തേടിയില്ലെന്ന സാഹചര്യത്തിൽ നിലവാരത്തകർച്ചയെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രവേശന നടപടികളെക്കുറിച്ച് സമഗ്ര അവലോകനം നടത്താൻ നിയമിച്ച കമ്മിറ്റി, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഓരോ വർഷവും എ.ഐ.സി.റ്റി.ഇ. പുറത്തിറക്കുന്ന Approval Process handbook-ലെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് കോളേജുകൾക്ക് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല അഫിലിയേഷൻ നൽകുന്നത്. സർവ്വകലാശാല അഫിലിയേഷൻ നൽകുന്നതിന് മുമ്പായി കോളേജുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി കർശന പരിശോധന നടത്തി

അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുണ്ട്. കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നതിനായി വർഷത്തിൽ രണ്ടുതവണ അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നു. രാജ്യത്തെ ഒന്നാംനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ നേതൃത്വം നൽകുന്ന ക്ലസ്റ്റർ കമ്മിറ്റികൾ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ സ്ഥാപനങ്ങൾ നടത്തുന്നതിന് എ.ഐ.സി.റ്റി.ഇ.-യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് അദ്ധ്യാപകരായി എം.ടെക് യോഗ്യതയുള്ളവരെ മാത്രമേ നിയമിക്കാവൂ എന്നും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:20 ആക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നിയമിക്കുന്ന അദ്ധ്യാപകരിൽ 20% മാത്രമേ കരാർ അല്ലെങ്കിൽ താൽക്കാലിക നിയമനം പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കരിക്കുലം പരിഷ്കരണം ഉൾപ്പെടെയുള്ള അക്കാദമിക് നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾ എ.പി.ജെ. അബ്ദുൽകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നടത്തി വരുന്നു. എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation-ന് വിധേയമാകണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനജനകമായ ക്യാമ്പസ് അന്തരീക്ഷം ഉറപ്പുവരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. സാങ്കേതിക നൈപുണ്യവികസനത്തിനായുള്ള പ്രവർത്തനങ്ങൾ അസാപ്പിന്റെ സഹായത്തോടു കൂടി ആരംഭിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകി പാഠ്യപ്രക്രിയയുടെ നിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ സ്വയം സംരംഭകത്വ പ്രവർത്തനങ്ങൾക്ക് വേണ്ട സൗകര്യം നൽകാനും നടപടികൾ സ്വീകരിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച ഉണ്ടാക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ഭാഗമായി, എ.ഐ.സി.ടി.-യുടെ മാതൃക കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തി 2019 ജൂൺ മുതൽ ബി.ടെക് പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ എ.പി.ജെ. അബ്ദുൽകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പ്രായോഗിക പരിചയം നേടുന്നതിനും അവസരങ്ങൾ ഒരുക്കുന്നതിലും സർവ്വകലാശാല ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

(ബി) സർവ്വകലാശാലയുടെ കീഴിലുള്ള 142 എഞ്ചിനീയറിംഗ് കോളേജുകളിൽ അക്കാദമിക് ഓഡിറ്റിനായി പത്തുവർഷത്തിലധികം അദ്ധ്യാപന പരിചയമുള്ള 116 അദ്ധ്യാപകരെ തെരഞ്ഞെടുത്തിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായാണ് ഓഡിറ്റിംഗ് നടക്കുന്നത്. ഈ കഴിഞ്ഞ ബി.ടെക് പരീക്ഷയിൽ

നാൽപത് ശതമാനത്തിൽ താഴെ മാത്രം വിജയ ശതമാനം ലഭിച്ചതും കഴിഞ്ഞ മൂന്ന് വർഷക്കാലം വിദ്യാർത്ഥി പ്രവേശനത്തിൽ ഗണ്യമായ കുറവുള്ളതുമായ 37 കോളേജുകളിലെ ഒന്നാംഘട്ട ഓഡിറ്റിംഗിൽ അദ്ധ്യാപകരുടെ രണ്ടംഗ സംഘമാണ് ഓഡിറ്റിംഗ് നടത്തുന്നത്. മറ്റ് കോളേജുകളിലെ രണ്ടാംഘട്ട ഓഡിറ്റിംഗിന് ഓരോ അദ്ധ്യാപകരെ നിയമിക്കും.

എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾ അനുസരിച്ച് വിവിധ വിഷയങ്ങളിലുള്ള അദ്ധ്യാപക ലഭ്യത, അദ്ധ്യാപക യോഗ്യതകൾ, യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരമുള്ള അധ്യയന വർഷങ്ങളുടെ ലഭ്യത, അക്രെഡിറ്റേഷൻ, ഇന്റേണൽ പരീക്ഷകളുടെ നടത്തിപ്പും സുതാര്യതയും, വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ, പരീക്ഷണശാലയുടെ നവീകരണവും ഉപയോഗവും, ലൈബ്രറി ഇന്റർനെറ്റ് സംവിധാനങ്ങൾ, കോളേജിന്റെ അക്കാദമികവും ഭരണപരവുമായ നേതൃത്വം, പഠന അന്തരീക്ഷം, അച്ചടക്കം, പരാതി പരിഹാര സംവിധാനങ്ങൾ, വിദ്യാർത്ഥികേന്ദ്രീകൃത നവീന പാഠ്യരീതികൾ, ഓൺലൈൻ കോഴ്സുകളിലെ വിദ്യാർത്ഥി പങ്കാളിത്തം, വിദ്യാർത്ഥികളുമായുള്ള അഭിമുഖം, പ്ലേസ്മെന്റ് തുടങ്ങി ഇരുപതോളം ഘടകങ്ങളാണ് പ്രധാനമായും വിലയിരുത്തപ്പെടുക. വരും വർഷം മുതൽ അക്കാഡമിക് ഓഡിറ്റിംഗിലെ കോളേജുകളുടെ നിലവാരവും റാങ്കിംഗും സ്ഥാപനത്തിന്റെ അഫിലിയേഷനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുന്നത് സർവ്വകലാശാലയുടെ പരിഗണനയിലുണ്ട്.

(സി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് അഡ്മിഷൻ രീതി പഠന വിധേയമാക്കി ഡോ. ആർ.വി.ജി. മേനോന്റെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. നിലവാര ത്തകർച്ചയെക്കുറിച്ച് പഠനം നടത്താൻ ആലോചിക്കാവുന്നതാണ്.

**യൂണിവേഴ്സിറ്റി പരീക്ഷകളുടെ നഷ്ടപ്പെട്ട ഉത്തരക്കടലാസുകൾ**

30(*300) ശ്രീ. അനിൽ അക്കര :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പരീക്ഷകളുടെ ഉത്തരക്കടലാസ്സുകൾ നഷ്ടപ്പെട്ടതായി കേരള സർവ്വകലാശാല രജിസ്ട്രാർ പോലീസിൽ പരാതിപ്പെട്ടിട്ടുണ്ടോ;

(ബി) എവിടെ നിന്ന് ഉത്തരക്കടലാസ്സുകൾ നഷ്ടപ്പെട്ടതായാണ് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) സർവ്വകലാശാല ഏതെല്ലാം വർഷങ്ങളിൽ നടത്തിയ പരീക്ഷകളിലെ ഉത്തരക്കടലാസ്സുകളാണ് അപ്രകാരം നഷ്ടപ്പെട്ടതെന്നും എത്രയെണ്ണം നഷ്ടപ്പെട്ടു എന്നും വിശദമാക്കുമോ;

(ഡി) യൂണിവേഴ്സിറ്റി കോളേജിലെ എസ്.എഫ്.ഐ.-യുടെ യൂണിറ്റ് ഓഫീസിൽ നിന്നും സർവ്വകലാശാലയുടെ ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയിരുന്നോ;

(ഇ) യൂണിവേഴ്സിറ്റി പരീക്ഷകളുടെ വിശ്വാസ്യതയെ തന്നെ തകർക്കുന്ന ഇത്തരം സംഭവങ്ങൾ സർവ്വകലാശാല ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) യൂണിവേഴ്സിറ്റി കോളേജിൽ സർവ്വകലാശാല പരീക്ഷ നടത്തിപ്പിനായി നൽകിയ ഉപയോഗിക്കാത്ത ഉത്തരക്കടലാസുകൾ പിടിച്ചെടുത്തത് സംബന്ധിച്ച് സർവ്വകലാശാല രജിസ്ട്രാർ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട്.

(ബി) യൂണിവേഴ്സിറ്റി കോളേജിൽ പരീക്ഷാ നടത്തിപ്പിനായി നൽകിയതും ഉപയോഗിക്കാത്തതുമായ ഉത്തരക്കടലാസുകളാണ് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയത്.

(സി) 23-7-2015, 05-11-2015, 1-4-2016, 19-5-2018 ദിവസങ്ങളിൽ കോളേജ് അധികൃതർ കൈപ്പറ്റിയ 9 ഉത്തരക്കടലാസുകളും ഫെയ്സിംഗ് ഷീറ്റ് ഇല്ലാത്ത 60 ഉത്തരക്കടലാസുകളുമാണ് കണ്ടെത്തിയത്.

(ഡി) കണ്ടെത്തിയിട്ടില്ല.

(ഇ) പ്രസ്തുത വിഷയത്തിൽ ആദ്യപടിയായി യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പലിനോട് വിശദീകരണം തേടിയിരുന്നു. 18-7-2019-ലെ സിൻഡിക്കേറ്റ് പ്രസ്തുത വിഷയം പരിഗണിക്കുകയും അതിൻ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് സർവ്വകലാശാല

രജിസ്ട്രാർ പരാതി നൽകുകയും ചെയ്തിരുന്നു. സിൻഡിക്കേറ്റ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കൈക്കൊണ്ട വിവിധ തീരുമാനങ്ങൾ സർവ്വകലാശാല നടപ്പിലാക്കി വരികയാണ്. 25-7-2019-ന് എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടുകയും പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിർദ്ദേശങ്ങൾ വിശദമാക്കുകയും പരീക്ഷ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥലങ്ങൾ പൂർണ്ണമായും cctv ക്യാമറയുടെ പരിധിയിൽ കൊണ്ട് വരേണ്ടതാണെന്ന കർശന നിർദ്ദേശം നൽകുകയും ചെയ്തു. കൂടാതെ ഡോ. കെ. ബി. മനോജ്, പ്രൊഫ. ലളിത, ഡോ. കെ. ജി. ഗോപ് ചന്ദ്രൻ എന്നീ സിൻഡിക്കേറ്റ് അംഗങ്ങളുൾപ്പെട്ട ഉപസമിതിയെ യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ഉത്തരക്കടലാസുകൾ നഷ്ടമായത് സംബന്ധിച്ച് അന്വേഷിക്കാൻ നിയോഗിക്കുകയും പ്രസ്തുത സമിതി 08.08.2019-ലെ സിൻഡിക്കേറ്റിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാലയിൽ ഒരു വിജിലൻസ് വിംഗ് രൂപീകരിക്കുന്നതിനും സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സംസ്ഥാനത്തെ കാർഷികമേഖല

1(3274) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ബാബു:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സ്വതന്ത്ര വാണിജ്യകരാറുകൾ റബ്ബർ, നാളികേരം, കുരുമുളക്, സുഗന്ധവ്യഞ്ജന കർഷകരെ സാമ്പത്തിക തകർച്ചയിലാക്കിയ പശ്ചാത്തലത്തിൽ ജനങ്ങളുമായി സംവദിക്കാതെ പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ നടത്തുന്ന ചർച്ചകൾ സംസ്ഥാനത്തെ കർഷകരെ കടുത്ത ആശങ്കയിലാഴ്ത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരാർ വ്യവസ്ഥകൾ ജനങ്ങളെ അറിയിച്ചശേഷം മാത്രം കരാറിലേർപ്പെടണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) കാർഷികോല്പന്നങ്ങൾ വിശേഷിച്ച് പച്ചക്കറികളും പഴങ്ങളും കയറ്റുമതി ചെയ്യുന്നതിന് സംസ്ഥാനം ആവിഷ്കരിച്ചിട്ടുള്ള പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണ്;

(സി) വിവിധ വിളകൾക്കായുള്ള പ്രത്യേക കാർഷിക മേഖലകൾ രൂപീകരിക്കുന്നതിനും അഗ്രോപാർക്കുകൾ രൂപീകരിക്കുന്നതിനും ശീതീകരണ സൗകര്യത്തോടെ വെയർഹൗസുകൾ നിർമ്മിച്ച് സംഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ഉള്ള പദ്ധതികൾ വഴി കാർഷിക മേഖലയെ ആധുനികീകരിക്കാൻ നടത്തുന്ന യത്നത്തിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) കാർഷികമേഖലയുടെ ആധുനികീകരണത്തിനു കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം എത്ര പ്രയോജനപ്രദമാകുന്നുണ്ടെന്നു പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2016-ൽത്തന്നെ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച ആശങ്കകൾ ഈ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്നും ചർച്ചകളിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്നും ചർച്ചകളുടെ വിശദാംശങ്ങൾ സംസ്ഥാനത്തെക്കൂടി അറിയിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. 30-10-2019-ൽ കേരള നിയമസഭ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച് ചർച്ച ചെയ്യുകയും കേന്ദ്രസർക്കാർ ഈ കരാറിൽനിന്നും പിൻവാങ്ങണമെന്ന പ്രമേയം ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തു.

(ബി) കേരളത്തിലെ താഴെപ്പറയുന്ന ക്ലസ്റ്ററുകളെ കേന്ദ്രസർക്കാരിന്റെ കാർഷിക നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ഉൽപ്പന്നം | ജില്ല |
|---|---|
| വാഴപ്പഴം | തൃശ്ശൂർ, വയനാട്, തിരുവനന്തപുരം |
| മഞ്ഞൾ | വയനാട്, ആലപ്പുഴ |
| കുരുമുളക് | വയനാട് |
| ഏലയ്ക്ക | ഇടുക്കി |

കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനം കാർഷിക കയറ്റുമതി നയം രൂപീകരിച്ച് നോഡൽ ഏജൻസിയായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ.)-യെ നിയമിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന ക്ലസ്റ്ററുകളെ സംസ്ഥാന കാർഷിക നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ഉൽപ്പന്നം | ജില്ല |
|---|---|
| റബ്ബർ | കോട്ടയം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ |
| മാമ്പഴം | പാലക്കാട്, വയനാട് |
| കശുവണ്ടി | കണ്ണൂർ, കാസർഗോഡ് |
| നാളികേരം | കോഴിക്കോട് |
| തേയില | ഇടുക്കി |
| കുരുമുളക് | ഇടുക്കി |
| ജാതിക്ക | എറണാകുളം, തൃശ്ശൂർ |
| കാപ്പി | വയനാട് |
| പൈനാപ്പിൾ | എറണാകുളം, തൃശ്ശൂർ |
| ഇഞ്ചി | വയനാട് |
| ചക്ക | പത്തനംതിട്ട, കോട്ടയം |

കേരളത്തിലെ കാർഷിക കയറ്റുമതി നയമനുസരിച്ച് പ്രധാന പഴവർഗ്ഗ വിളകൾക്കും പച്ചക്കറികൾക്കുമെല്ലാം ക്ലസ്റ്ററുകൾ രൂപീകരിച്ച് കൃഷി നടത്താനും ഉൽപ്പന്നങ്ങൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ ഉറപ്പാക്കാനും ലക്ഷ്യമിടുന്നുണ്ട്. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കയറ്റുമതി മൂല്യമുള്ള പഴം-പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പ്രൊഡക്ഷൻ പ്രോട്ടോക്കോൾ വികസിപ്പിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നേന്ത്രപ്പഴം യൂറോപ്പിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള സീ-ഷിപ്പ്മെന്റ് പ്രോട്ടോക്കോൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ശീതീകരണ സൗകര്യത്തോടെയുള്ള വെയർഹൗസുകൾ കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നില്ല. ശീതീകരണികളിൽ സൂക്ഷിക്കുന്ന കാർഷികോൽപ്പന്നങ്ങൾ വിൽപ്പനയ്ക്കെത്തിക്കുന്ന കച്ചവടശാലകളും ശീതീകരണ സംവിധാനത്തിലായിരിക്കണമെന്ന ഒരു പരിമിതി ഇത്തരം സംഭരണ സംവിധാനങ്ങൾക്കുണ്ട്. കേരളത്തിന്റെ കാലാവസ്ഥയുടെ പ്രത്യേകതകൾ കാരണം ഇത്തരം ശീതീകരണ സംവിധാനം പ്രായോഗികമാക്കുവാൻ വിശദമായ പഠനങ്ങൾ ആവശ്യമായി വരുന്നതാണ്.

സംസ്ഥാനത്ത് കിഫ്ബിയുടെ ധനസഹായത്തോടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) മുഖേന അഞ്ച് അഗ്രോ പാർക്കുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷികമൊത്ത വ്യാപാര വിപണിയിലും കൂത്താളി ഫാമിലും നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ പ്രോജക്ടുകളുടെ എസ്.പി.വി. ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ വാഴപ്പഴ-തേൻ അഗ്രോ പാർക്ക് സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. ടി അഗ്രോ പാർക്കിന്റെ എസ്.പി.വി. കെയ്ക്കോ ആണ്.

പാലക്കാട് ജില്ലയിലെ മുതലമട ഫാമിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മാമ്പഴ പാർക്കിന്റെ എസ്.പി.വി. ആയി ഇൻകൽ ലിമിറ്റഡിനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇടുക്കി ജില്ലയിലെ പഴത്തോട്ടം എന്ന സ്ഥലത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പച്ചക്കറി അഗ്രോ പാർക്കിന്റെ എസ്.പി.വി. ആയി വി.എഫ്.പി.സി.കെ.-യെ ആണ് തെരഞ്ഞെടുത്തിരിക്കുന്നത്.

ഓരോ വിളയുടെയും കൃഷിക്ക് അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉൽപ്പാദനം ഉണ്ടാക്കാൻ സാധിക്കുന്നതുമായ കാർഷിക കാലാവസ്ഥയുള്ള മേഖലകളാണ് പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്തിട്ടുള്ളത്. നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്. അഞ്ച് വിളകളെ കേന്ദ്രീകരിച്ച് 14 പ്രത്യേക കാർഷിക മേഖലകൾ രൂപീകരിച്ചിട്ടുണ്ട്. ഇവ താഴെപ്പറയും പ്രകാരമാണ്.

നെല്ല് (7) - കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്.

പച്ചക്കറി (4)-ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ-നെന്മാറ

വാഴ (1) -തൃശ്ശൂർ

പൂക്കൾ (I) -വയനാട്

തെങ്ങ് (1) - കോഴിക്കോട്

കൂടാതെ അട്ടപ്പാടി മേഖലയിൽ ട്രൈബൽ കൃഷിക്കായി പ്രത്യേക കാർഷിക മേഖലയും രൂപീകരിച്ചിട്ടുണ്ട്.

പ്രത്യേക കാർഷിക മേഖലകളിൽ അതാത് വിളയുടെ സമഗ്രവികസനം സാധ്യമാക്കി പരമാവധി ആഭ്യന്തരോത്പാദനം കൈവരിക്കാനും വിളവെടുപ്പിനു ശേഷമുള്ള പരിചരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ചിട്ടപ്പെടുത്തി കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്താനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി കൃഷി വകുപ്പ് ഇപ്പോൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഈ മേഖലകളിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നു.

(ഡി) കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വഴി കാർഷിക മേഖല ആധുനിക രീതിയിൽ നടപ്പാക്കുന്നതിന് വളരെയധികം സഹായകമാകുന്നുണ്ട്. യന്ത്രോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കൃഷിരീതി അവലംബിക്കുന്നതുവഴി കൃഷി കൂടുതൽ എളുപ്പത്തിലും കൃഷി ചെലവ് കുറവായും ചെയ്യുന്നതിന് സഹായിക്കുന്നു. നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള കൃഷി കൂടുതൽ പ്രയോജനപ്രദമാകുന്നുണ്ട്. നെൽപ്പാടം ഒരുക്കുന്നതിന് ട്രാക്ടർ, ടില്ലർ തുടങ്ങിയവയും കളനശീകരണത്തിനുവേണ്ടി കോണോവീഡറും കൊയ്ത്തിനും മെതിക്കും വേണ്ടി കമ്പയിൻസ് ഹാർവെസ്റ്ററും അഗ്രോ സർവ്വീസ് സെന്ററുകൾ വഴി ഉപയോഗിക്കുന്നതിനും എളുപ്പത്തിൽ ഇത്തരം കൃഷിപ്പണികൾ സാധ്യമാകുന്നതിനും കഴിയുന്നു.

അഗ്രോ സർവ്വീസ് സെന്ററുകളുടെ ബയോഫാർമസി വഴി ഗുണമേന്മയുള്ള സസ്യസംരക്ഷണ മരുന്നുകൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ കർഷകർക്ക് ആവശ്യമുള്ള ജൈവവളങ്ങൾ, രാസവളങ്ങൾ, ജൈവകീടനാശിനികൾ തുടങ്ങിയവയും ലഭ്യമാക്കുന്നു.

നഴ്സറികളുടെ പ്രവർത്തനമാണ് എടുത്തുപറയത്തക്ക മറ്റൊരു നേട്ടം. കർഷകരുടെ ആവശ്യത്തിനനുസരിച്ച് ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ തുടങ്ങിയവ യഥാസമയം ലഭ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വളരെ ഫലപ്രദമാകുന്നുണ്ട്.

കാർഷിക സേവന കേന്ദ്രങ്ങൾ വഴി പച്ചക്കറി തൈകൾ കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകാൻ കൃഷി വകുപ്പിന് കഴിയുന്നു.

മണ്ണ് സാമ്പിൾ പരിശോധനയാണ് മറ്റൊരു പ്രത്യേകത. ബ്ലോക്കുതലത്തിൽ കർഷകർക്ക് മണ്ണ് പരിശോധന അഗ്രോ സർവ്വീസ് സെന്ററുകൾ വഴി നടപ്പിലാക്കാൻ കഴിയുന്നു. പൂർണ്ണമായും യന്ത്രവൽക്കരണത്തിലൂടെ ലാഭകരമായി കൃഷി സാധ്യമാക്കുന്നതിനും തെങ്ങുകയറ്റമടക്കമുള്ള ജോലികൾ ഏറ്റെടുക്കുക വഴി തെങ്ങുകൃഷിയോട് കർഷകർക്ക് ആഭിമുഖ്യമുണ്ടാക്കുക, തരിശ് ഭൂമികളിൽ പാട്ടത്തിന് കൃഷിയിറക്കുക, ഹൈടെക് കൃഷിരീതികൾ, മഴമറകൾ, ട്രിപ്പ് എന്നിവ നടപ്പിലാക്കുക തുടങ്ങിയവയും കൃഷി വകുപ്പ് പദ്ധതികൾ സമയബന്ധിതമായി കർഷകരിൽ എത്തിക്കുന്നതിനും അഗ്രോ സർവ്വീസ് സെന്ററുകൾക്ക് കഴിയുന്നുണ്ട്.

കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷന്റെ നേതൃത്വത്തിൽ കേരളത്തിലെ പതിനാല് ജില്ലകളിലും പ്രവർത്തിക്കുന്ന ASC-കൾ 2018-19-ൽ പരിശോധിച്ച് അവയുടെ പ്രവർത്തനം വിലയിരുത്തുകയുണ്ടായിട്ടുണ്ട്.

## പഴം-പച്ചക്കറി ഉൽപ്പാദനവും വ്യാപനവും വർദ്ധിപ്പിക്കുന്ന പദ്ധതി

2(3275) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷി വ്യാപനത്തിനും പഴം പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് വേനൽക്കാല വിളയായി കൃഷി ചെയ്യുന്ന പച്ചക്കറിയിനങ്ങൾ ശേഖരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിന് ഏതെല്ലാം പദ്ധതികൾ കൃഷി വകുപ്പിന്റെ ചുമതലയിൽ നടന്നുവരുന്നു എന്ന് വിശദീകരിക്കുമോ;

(സി) കർഷകന് ന്യായമായ വില നൽകി ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് ചന്തകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) പച്ചക്കറി വ്യാപനത്തിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പ്രതിവർഷം ഇരുപത് ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യസംസ്കരണവും
3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
4. ജില്ലാ ക്ലസ്റ്റർ വികസനം
5. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
6. ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
7. നഴ്സറികൾ സ്ഥാപിക്കൽ

8. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവത്കരണം, പ്രചരണം തുടങ്ങിയവ

9. സൂക്ഷ്മജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും

10. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം

11. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

12. മഴമറ നിർമ്മാണം

13. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം

<u>വി.എഫ്.പി.സി.കെ. വഴി നടപ്പാക്കുന്ന പദ്ധതികൾ</u>

1. പച്ചക്കറി വിത്തുൽപ്പാദന പദ്ധതി
2. പച്ചക്കറി തൈ ഉൽപ്പാദന പദ്ധതി
3. നാടൻ/പരമ്പരാഗത പച്ചക്കറികളുടെ വിത്ത് ഉൽപ്പാദനവും വിതരണവും
4. പച്ചക്കറി കൃഷി വികസന പദ്ധതി 2019-20
5. വിള വികസന പദ്ധതി
6. ജൈവ പച്ചക്കറി വികസന പദ്ധതി
7. ഹരിത നഗരി പദ്ധതി

പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം 2019-20-ലെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപനത്തിനായുള്ള ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനത്തിനായുള്ള പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ വാഴ, കൈതച്ചക്ക, വാഴ (ടിഷ്യുകൾച്ചർ), പപ്പായ, മാവ്, പ്ലാവ്, കശുമാവ് എന്നിവയുടെ വിളവിസ്തൃതി വ്യാപനത്തിന് ധനസഹായം നൽകിവരുന്നു.

(ബി) ഹോർട്ടികോർപ്പ് ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ലഭിച്ച ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം ജില്ലാ സംഭരണ കേന്ദ്രമായ ആനയറയിൽ ഒരു കട്ട് വെജിറ്റബിൾ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ ആനയറയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസ്തുത യൂണിറ്റുകളിലൂടെ പഴം, പച്ചക്കറി എന്നിവ ഉണക്കി സംസ്കരിച്ച് വിപണനം നടത്തുന്നതിനാണ് ഹോർട്ടികോർപ്പ് ലക്ഷ്യമിടുന്നത്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കേരളയുടെ കീഴിലും മറ്റ് വെജിറ്റബിൾ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(സി) കർഷകന് ന്യായവില ഉറപ്പാക്കുന്നതിനും ഫലപ്രദമായ വിപണി ഇടപെടൽ നടത്തുന്നതിനും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ ജില്ലാസംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുകവഴി കർഷകർക്ക് നേരിട്ട് ഉൽപ്പന്നങ്ങൾ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കാനും ലേല സംവിധാനത്തിലൂടെ പച്ചക്കറികൾ വിറ്റഴിക്കാനും കഴിയുന്നുണ്ട്. ഇതിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കാൻ സാധിച്ചുവരുന്നുണ്ട്.

തിരുവനന്തപുരം (ആനയറ, നെടുമങ്ങാട്), എറണാകുളം (മരട്, മൂവാറ്റുപുഴ), കോഴിക്കോട് (വേങ്ങേരി), വയനാട് (സുൽത്താൻബത്തേരി) എന്നിവിടങ്ങളിലായി 6 കാർഷിക മൊത്ത വ്യാപാര വിപണികളും ലേലാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു.

ഇതിനുപുറമേ ഉത്പാദക കേന്ദ്രങ്ങൾക്ക് സമീപംതന്നെ വിപണന സൗകര്യം ഏർപ്പെടുത്തുന്നത് കർഷകരുടെ വ്യവഹാര ചെലവുകൾ കുറയ്ക്കുമെന്നതിനാൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുൻകയ്യെടുത്ത് വിപണി വികസന പദ്ധതി പ്രകാരം 400 ആഴ്ചചന്തകൾ രൂപീകരിച്ചിട്ടുണ്ട്. ജൈവ കൃഷിമുറകളിലൂടെ ഉത്പാദിപ്പിക്കപ്പെട്ട പഴം-പച്ചക്കറികൾ വിറ്റഴിക്കുന്നതിനായി 454 ഇക്കോഷോപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം ബ്ലോക്കുതല ഫെഡറേറ്റഡ് സമിതിയുടെ 26 വിപണികളും 128 ക്ലസ്റ്റർ വിപണികളും സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

ഉത്സവകാലങ്ങളായ ഓണം, വിഷു സീസണുകളിൽ തുറന്ന വിപണിയിലെ വില പിടിച്ചുനിർത്തുന്നതിനും കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കുന്നതിനും ഓണസമൃദ്ധി, വിഷുക്കണി എന്ന പേരിൽ താൽക്കാലിക ചന്തകളും വകുപ്പ് നടത്തിവരുന്നു. ഈ ചന്തകളിലൂടെ വിറ്റഴിക്കാൻ ശേഖരിക്കുന്ന പച്ചക്കറികൾ പ്രാദേശികമായി 10% അധികം വില നൽകി സംഭരിക്കുകയും 30% വിലകുറച്ച് ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്തുവരുന്നു. നല്ല കാർഷിക പരിപാലന മുറകളിലൂടെ ഉത്പാദിപ്പിച്ച പച്ചക്കറികൾക്ക് തുറന്ന വിപണിയിലെ സംഭരണ വിലയുടെ 10% അധികവില നൽകി സംഭരിക്കുകയും 20% വിലകുറച്ച് ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്യുന്നു.

ഹോർട്ടികോർപ്പ് കർഷകർക്ക് ന്യായവില നൽകി പച്ചക്കറികൾ സംഭരിക്കുന്നതിനായി കാസർഗോഡ് ഒഴികെയുള്ള എല്ലാ ജില്ലകളിലും ജില്ലാ സംഭരണ കേന്ദ്രങ്ങളും/ഉപകേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക വിപണികൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവയിലൂടെയാണ് ഹോർട്ടികോർപ്പ് ന്യായവില നൽകി പച്ചക്കറികൾ സംഭരിക്കുന്നത്. കാസർഗോഡ് ജില്ലയിൽ സംഭരണ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ആർ.സി.ഇ.പി. കരാർ

3(3276) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.ഇ.പി കരാർ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പരിമിതികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) പരിഗണനയ്ക്കുവരുന്ന വിഷയങ്ങളെ സംബന്ധിച്ചോ ചർച്ചയുടെ വിശദാംശങ്ങളെപ്പറ്റിയോ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളെ അറിയിക്കുന്നില്ല.

(ബി) 2016-ൽത്തന്നെ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച ആശങ്കകൾ ഈ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്നും ചർച്ചകളിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്നും ചർച്ചകളുടെ വിശദാംശങ്ങൾ സംസ്ഥാനത്തെ അറിയിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. 30-10-2019-ൽ കേരള നിയമസഭ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച് ചർച്ച ചെയ്യുകയും കേന്ദ്രസർക്കാർ ഈ കരാറിൽനിന്നും പിൻവാങ്ങണമെന്ന പ്രമേയം ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തു.

## ആർ.സി.ഇ.പി. കരാറിനെതിരെ സ്വീകരിച്ച നടപടികൾ

4(3277) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയെ തകർക്കുന്ന ആർ.സി.ഇ.പി കരാറിനെതിരെ സംസ്ഥാന സർക്കാർ പ്രത്യേകിച്ച് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ കരാറിൽ ഏർപ്പെടുന്നതിനെതിരെ പ്രതിഷേധവും ആശങ്കയും അറിയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2016-ൽത്തന്നെ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച ആശങ്കകൾ ഈ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ കാർഷിക, കാർഷിക അനുബന്ധ, ക്ഷീര, വ്യവസായ, മത്സ്യബന്ധന, ചെറുകിട വ്യവസായ, ആരോഗ്യ മേഖലകളിൽ സ്വതന്ത്ര വ്യാപാര കരാർ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപ്രകാരമുള്ള കരാറിൽ ഏർപ്പെടുന്നതിന് മുൻപ് സംസ്ഥാനങ്ങളുടെ ആശങ്കകൾ പരിഹരിക്കണമെന്നും ചർച്ചകളുടെ വിശദാംശങ്ങൾ സംസ്ഥാനത്തെ അറിയിക്കണമെന്നും ചർച്ചകളിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്നുമാവശ്യപ്പെട്ട് നിരവധി കത്തുകൾ നേരിട്ടും അല്ലാതെയും കേന്ദ്രസർക്കാരിന് നൽകിയിരുന്നു.

കരാറിനെതിരെ കർഷകരെ സംഘടിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുൻകയ്യെടുത്ത് മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വ്യവസായം എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോടുകൂടി 28-10-2019-ന് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ നാലായിരത്തിലധികം കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യം, ജലവിഭവം, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരവികസനം, വ്യവസായം എന്നീ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിലും 'ആർ.സി.ഇ.പി. കരാറും കേരളവും' എന്ന വിഷയത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ടി ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയുമുണ്ടായി.

30-10-2019-ൽ കേരള നിയമസഭ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച് ചർച്ച ചെയ്യുകയും കേന്ദ്രസർക്കാർ ഈ കരാറിൽനിന്നും പിൻവാങ്ങണമെന്ന പ്രമേയം ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തു.

**കമുക് തോട്ടങ്ങൾ നെൽപ്പാടങ്ങളാക്കി മാറ്റുന്നതിന് ആനുകൂല്യം**

5(3278) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമുക് കൃഷി ചെയ്തിരുന്ന നെൽപ്പാടങ്ങൾ വീണ്ടും നെൽകൃഷിയ്ക്കായി പരിവർത്തനപ്പെടുത്തുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) കമുക് തോട്ടങ്ങൾ വീണ്ടും നെൽപ്പാടങ്ങളാക്കി മാറ്റുന്നതിന് ഇപ്പോൾ നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കമുക് കൃഷി ചെയ്തിരുന്ന നെൽപ്പാടങ്ങൾ വീണ്ടും നെൽകൃഷിക്കായി പരിവർത്തനപ്പെടുത്തുന്നതിന് കൃഷി വകുപ്പിന് നിലവിൽ പദ്ധതികളില്ല.

കൃഷി വകുപ്പ് തരിശുനിലം പരിവർത്തനപ്പെടുത്തി നെൽകൃഷി ചെയ്യുന്നതിന് 30,000 രൂപയുടെ ധനസഹായം, കാർഷിക കർമ്മ സേനയുടെ സേവനം എന്നിവ നൽകുന്നു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി വിത്തിനുള്ള 100% സബ്സിഡി, കൂലിച്ചെലവ് സബ്സിഡി എന്നിവയും നിലവിലുണ്ട്.

**കർഷക ആത്മഹത്യ**

6(3279) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തു; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ അവകാശികൾക്ക് എന്തൊക്കെ സഹായങ്ങളാണ് ഇതിനകം നൽകിയതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2018 ആഗസ്റ്റ് മാസം ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാപ്രളയത്തെ തുടർന്ന് കർഷകർക്കുണ്ടായ വലിയ നാശനഷ്ടങ്ങൾ കാരണം ഇടുക്കി, വയനാട് ജില്ലകളിൽ 9 കർഷകർ വീതവും കണ്ണൂർ ജില്ലയിൽ 2-ഉം കാസർഗോഡ് ജില്ലയിൽ 1-ഉം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇടുക്കി ജില്ലയിലെ ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 29 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ടി തുക വിതരണം ചെയ്തിട്ടുള്ളതുമാണ്.

**കാർഷികമേഖലയിൽ വിവരസാങ്കേതികവിദ്യയുടെ ഉപയോഗം**

7(3280) ശ്രീ. സി. കൃഷ്ണൻ
ശ്രീ. ഒ. ആർ. കേളു
ശ്രീ. പി. വി. അൻവർ
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ വിവര സാങ്കേതികവിദ്യയുടെ പ്രയോഗം എത്രമാത്രം വ്യാപിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കർഷകർക്ക് ഡിജിറ്റൽ മാധ്യമങ്ങൾ ഉപയോഗിച്ച് ആധുനിക കാർഷിക ശാസ്ത്രീയ പരിചരണ മുറകൾ അവലംബിക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(സി) കൃഷി സംബന്ധമായ നൂതനാശയങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും കാർഷിക വിജ്ഞാന വ്യാപനത്തിനുമായി കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കാർഷിക വിജ്ഞാന വ്യാപനം, കാർഷികോൽപ്പന്നങ്ങളുടെ വിപണനം, കർഷകർക്ക് സബ്സിഡി, പെൻഷൻ എന്നിവയുടെ വിതരണം, കാർഷിക യന്ത്രങ്ങൾ, പരിശീലനം ലഭിച്ച ടെക്നീഷ്യന്മാരുടെ സേവനം എന്നിവ ലഭ്യമാക്കൽ, കൃഷി മന്ത്രിയുമായി നേരിട്ട് ആശയവിനിമയം നടത്തൽ, പരാതി പരിഹരിക്കൽ, സോഷ്യൽ മീഡിയ വഴിയുള്ള വിജ്ഞാന വ്യാപനം, ഔദ്യോഗിക ആവശ്യങ്ങൾക്ക് ജിയോ ടാഗിംഗ് ഉൾപ്പെടെയുള്ള ഐ.റ്റി. സാങ്കേതികവിദ്യകളുടെ ഉപയോഗം, മണ്ണ് പരിപോഷണ പദ്ധതികൾ എന്നീ മേഖലകളിൽ വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിവരുന്നു.

(ബി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ SFAC (സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം)-യുടെ കീഴിൽ നവമാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ച് കൂടുതൽ പേരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് കാർഷിക വിവര സങ്കേതം പദ്ധതി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ വെബ് പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ/ഫേസ്ബുക്ക് ഗ്രൂപ്പ്/ഫേസ്ബുക്ക് ലൈവ്/വാട്ട്സ്ആപ്പ് ഗ്രൂപ്പ്/എസ്.എം.എസ്. ഗ്രൂപ്പ് തുടങ്ങിയ മാധ്യമങ്ങൾ വഴി കൃഷിയിലേയ്ക്കും അനുബന്ധ തൊഴിൽ മേഖലകളിലേയ്ക്കും കൂടുതൽ കർഷകരെ ആകർഷിച്ചുവരുന്നു.

വിവര വിനിമയ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി ഒരുക്കുന്ന ഏകജാലക സംവിധാനമാണ് "കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ" എന്ന പോർട്ടൽ. കൃഷിഭവനുകളിലെ കൃഷി ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി വികസിപ്പിച്ച 'കാർഷിക കേരളം', ലോകത്തിലെമ്പാടും നടപ്പിലാക്കിവരുന്ന നൂതന ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചും ഉത്തമ കൃഷിമുറകളെക്കുറിച്ചും ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസസ് (GAP) കർഷകർക്കും പൊതുജനങ്ങൾക്കും വിവരം നൽകുന്ന 'കാർഷിക വിവര സങ്കേതം', കാർഷികോൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും മികച്ച വില ഉറപ്പാക്കാനും കർഷകരെ സഹായിക്കുന്ന 'ഇ-വിപണി' എന്നീ മൂന്ന് മൊബൈൽ ആപ്ലിക്കേഷനുകളും വികസിപ്പിച്ചിട്ടുണ്ട്.

കൂടാതെ കൃഷി വകുപ്പുമന്ത്രി കർഷകരുമായി നേരിട്ട് സംവദിക്കുന്ന 'കൃഷി മന്ത്രി വിളിപ്പുറത്ത് ' എന്ന പരിപാടി, 'കാർഷിക വിവര സങ്കേതം' എന്ന ഫേസ്ബുക്ക് ഗ്രൂപ്പ്, കർഷകർക്കുള്ള തത്സമയ പരിശീലന പരിപാടി ' ഫേസ്ബുക്ക് ലൈവ് ', വാട്ട്സ്ആപ്പ് ഗ്രൂപ്പ് എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്ക് യഥാസമയം ആവശ്യമായ സഹായമെത്തിക്കുന്നതിനും ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും കാർഷിക വികസന കർഷകക്ഷേമ വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി. ഈ സാമ്പത്തിക വർഷംതന്നെ ജില്ലാ ബ്ലോക്കുതല ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കും.

പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശം കൃഷി ഉദ്യോഗസ്ഥർ തിട്ടപ്പെടുത്തിയത് യഥാസമയം ക്രോഡീകരിക്കുന്നതിനും ജില്ലാ സംസ്ഥാനാടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനും കർഷകർക്കുള്ള ധനസഹായം യഥാസമയം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് കൃഷി ഡയറക്ടറേറ്റിൽനിന്ന് നേരിട്ട് നൽകുന്നത് സാധ്യമാക്കുന്നതിനുമായി SMART എന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കി നടപ്പിലാക്കി.

കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള mkisan.gov.in എന്ന എസ്.എം.എസ്. പ്ലാറ്റ്ഫോമിലൂടെ സംസ്ഥാന-ജില്ലാ-ബ്ലോക്ക് തലത്തിലുള്ള കൃഷി ഉദ്യോഗസ്ഥർ കർഷകർക്ക് എസ്.എം.എസ്. മുഖേന നവീന കൃഷിരീതികളെക്കുറിച്ചും കൃഷി വകുപ്പിന്റെ വിവിധ സ്കീമുകളെക്കുറിച്ചും വിവരങ്ങൾ നൽകുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനായ FEM@Mobile വെബ്സൈറ്റായ www.farmextensionmanager.com എന്നിവ കാർഷിക വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ, കാർഷിക വിദ്യാർത്ഥികൾ, പുരോഗമനോന്മുഖരായ കർഷകർ എന്നിവർക്ക് വളരെ പ്രയോജനപ്രദമാണ്.

(സി) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ആലപ്പുഴ ജില്ലയിലെ കളർകോട് എന്ന സ്ഥലത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ആയതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിൽനിന്നും ലെറ്റർ ഓഫ് ഇന്റന്റ് (LOI) ലഭിച്ചിട്ടുണ്ട്. സ്പെക്ട്രം ഫീസ് അടച്ചിട്ടുണ്ട്. വയർലെസ് ഓപ്പണിംഗ് ലൈസൻസ് (WOL) ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കാർഷിക കർമ്മസേനകൾക്ക് കാർഷികയന്ത്രങ്ങൾ**

8(3281) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കൃഷിഭവൻ വഴി 2019-20 വർഷത്തിൽ കാർഷിക കർമ്മസേനകൾക്ക് പുതിയ കാർഷികയന്ത്രങ്ങൾ വിതരണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണത്തിനെന്നുള്ള വിശദാംശം നൽകുമോ;

(ബി) കാർഷിക കർമ്മസേനകൾക്ക് നൽകിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പ്രവൃത്തികൾക്ക് ഫണ്ട് നൽകുന്നത് കൃഷി വകുപ്പ് ആണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇപ്രകാരം അറ്റകുറ്റപ്പണികൾക്ക് എത്ര ഫണ്ടാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കാർഷിക കർമ്മ സേനകൾക്ക് കൃഷി ഭവൻ വഴി 2019-20 സാമ്പത്തിക വർഷം പുതിയ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) കാർഷിക കർമ്മ സേനകൾക്ക് നൽകിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് കാർഷിക യന്ത്ര പ്രവർത്തനങ്ങളിൽനിന്ന് സ്വരൂപിക്കുന്ന വരുമാനത്തിൽ നിന്നും (സർവ്വീസ് ചാർജ്ജിനത്തിൽ ലഭിക്കുന്ന തുകയിൽ നിന്ന്) ആണ് ഫണ്ട് കണ്ടെത്തേണ്ടത്. നിലവിൽ കർമ്മസേനകൾക്ക് കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി കൃഷി വകുപ്പിൽനിന്നും പ്രത്യേക ഫണ്ട് നൽകുന്നില്ല.

**തേൻഗ്രാമം പദ്ധതി**

9(3282) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ തേൻഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി സമർപ്പിച്ച പ്രോജക്ട് എസ്.എച്ച്.എം ഡയറക്ടർക്ക് നൽകിയശേഷം (നമ്പർ 264/VIP/19-തീയതി 14-6-2019) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എസ്.എച്ച്.എം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്റ്റ് നടപ്പിലാക്കുവാൻ ഇനി എന്തെല്ലാം നടപടികൾ പൂർത്തിയാക്കാനുണ്ടെന്നും പ്രോജക്റ്റ് എന്ന് നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ തേൻഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ-സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ തേൻഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി പ്രോജക്റ്റ് ലഭിച്ചെങ്കിലും സംസ്ഥാന ഹോർട്ടികൾച്ചർ മിഷനിൽ പ്രോജക്റ്റ് നടത്തിപ്പിനായി ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യം പരിഗണിക്കുന്നതാണ്.

**കോഴിക്കോട് ജില്ലയിലെ അഗ്രോ സർവ്വീസ് സെന്ററുകൾ**

10(3283) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ എത്ര പുതിയ അഗ്രോ സർവ്വീസ് സെന്ററുകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; അവ ഏതൊക്കെ പഞ്ചായത്തുകളിലാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) ബാലുശ്ശേരി മണ്ഡലത്തിലെ കാവുന്തറ സർവ്വീസ് സഹകരണ ബാങ്ക് അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുന്നതിനായി നിവേദനം സമർപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ 2 പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കാർഷിക സേവന കേന്ദ്രം | പഞ്ചായത്ത് |
|---|---|
| തലക്കുളത്തൂർ കാർഷിക സേവന കേന്ദ്രം | തലക്കുളത്തൂർ |
| ഉണ്ണികുളം കാർഷിക സേവന കേന്ദ്രം | ഉണ്ണികുളം |

(ബി) അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നത് ബ്ലോക്ക് അടിസ്ഥാനത്തിലാണ്. കാർഷിക സേവന കേന്ദ്രങ്ങൾക്ക് വേണ്ടുന്ന ഓഫീസ് സൗകര്യങ്ങളും കാർഷിക യന്ത്ര സൂക്ഷിപ്പ് കലവറയ്ക്ക് വേണ്ടുന്ന സ്ഥല സൗകര്യങ്ങളും അനുവദിച്ചുതരുന്ന ബ്ലോക്കിനാണ് സാധാരണഗതിയിൽ മുൻഗണന നൽകുന്നത്.

(സി) കാവുന്തറ സർവ്വീസ് സഹകരണ ബാങ്ക് അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുന്നതിനായി 14-1-2019-ൽ നൽകിയ അപേക്ഷ കൃഷി വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിരുന്നു. എന്നാൽ 2018-19-ൽ ബാലുശ്ശേരി ബ്ലോക്കിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ ഉണ്ണികുളം പഞ്ചായത്തിൽ 2019 ജനുവരിക്ക് മുമ്പേതന്നെ അനുവദിച്ചിരുന്നു. ഒരു ബ്ലോക്കിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ മാത്രമേ നിലവിലെ വ്യവസ്ഥ പ്രകാരം അനുവദിക്കാറുള്ളൂ. ആയതിനാൽ കാവുന്തറ സർവ്വീസ് സഹകരണ ബാങ്ക്/ഫാർമേഴ്സ് ക്ലബ്ബിന് 2019-20 വർഷത്തിലെ അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുമ്പോൾ പരിശോധിക്കുന്നതാണ്.

## കൃഷിനാശത്തിന് നഷ്ടപരിഹാരം

11(3284) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തിലെ കാലവർഷത്തിൽ കാസർഗോഡ് ബ്ലോക്കിൽ എത്ര രൂപയുടെ കൃഷിനാശം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കൃഷിനാശത്തിന് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് ഫണ്ടിൽ നിന്നും ഡിപ്പാർട്ട്മെന്റ് വിഹിതമായും കാസർഗോഡ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ എത്ര രൂപയാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(സി) അപ്രകാരം ആവശ്യപ്പെട്ട തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കൃഷിനാശം സംഭവിച്ചതിന്റെ വിശദാംശങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 2019-20 വർഷത്തിലെ കാലവർഷത്തിൽ കാസർകോഡ് ബ്ലോക്കിൽ ആകെ 48,04,300 രൂപയുടെ കൃഷിനാശം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി&സി) കൃഷിനാശത്തിന് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും 4,51,213 രൂപയും ഡിപ്പാർട്ട്മെന്റ് വിഹിതമായി 26,26,085 രൂപയും കാസർകോഡ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൃഷിനാശത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിള | എണ്ണം/വിസ്തീർണ്ണം |
|---|---|
| തെങ്ങ് (കായ് ഫലമുള്ളത്) | 207 |
| വാഴ (കുലച്ചത്) | 1695 |
| വാഴ (കുലയ്ക്കാത്തത്) | 180 |
| കമുക് (കായ് ഫലമുള്ളത്) | 2971 |
| കമുക് (കായ് ഫലമില്ലാത്തത്) | 300 |
| കുരുമുളക് | 88 |
| പച്ചക്കറി | 4 (ഹെക്ടർ) |
| നെല്ല് | 8.7 (ഹെക്ടർ) |

## ചാത്തൻചാലിന്റെ സംരക്ഷണ-നവീകരണ പ്രവർത്തനങ്ങൾ

12(3285) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി, കാടുകുറ്റി പഞ്ചായത്തുകളിലായി ഒഴുകുന്ന പ്രധാന ജലസ്രോതസ്സായ ചാത്തൻചാലിന്റെ സംരക്ഷണ-നവീകരണ പ്രവർത്തനങ്ങൾക്കായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഇതിന്റെ ഭാഗമായി നടപ്പാക്കുക എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി, കാടുകുറ്റി പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന ചാത്തൻചാലിന്റെ നവീകരണ പ്രവൃത്തിക്കായി നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXV-ൽ 727 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ടി പ്രവൃത്തിയിൽ ചാത്തൻചാലിന്റെ ആഴം വർദ്ധിപ്പിച്ച് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയും മൂന്ന് ഫാം റോഡുകളുടെ പ്രവൃത്തിയും 5 നടപ്പാലങ്ങളുടെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ കാർഷിക പദ്ധതികൾ

13(3286) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യംവച്ച് ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരഗ്രാമം പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് മണ്ഡലത്തിലെ കേര കർഷകർക്ക് ലഭിച്ചിട്ടുള്ളത്; ഈ ആനുകൂല്യങ്ങൾ ഓരോ പഞ്ചായത്തിലും എത്ര കർഷകർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം നെൽകൃഷി മെച്ചപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യംവച്ച് ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കേരഗ്രാമം പദ്ധതിയിലൂടെ ജൈവവളം, കുമ്മായം, ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങ് വെട്ടിമാറ്റുന്നതിനുള്ള ധനസഹായം, തെങ്ങിൻതൈ വിതരണം, തെങ്ങ് തടംതുറന്ന് ഇട കിളയ്ക്കുന്നതിനുള്ള ധനസഹായം, ഇടവിള കൃഷി,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലസേചനത്തിന് പമ്പുസെറ്റ് വിതരണം, ജൈവവള നിർമ്മാണ യൂണിറ്റിനുള്ള സഹായം എന്നീ ആനുകൂല്യങ്ങളാണ് കേരകർഷകർക്ക് ലഭിച്ചിട്ടുള്ളത്. ബാലുശ്ശേരി, ഉണ്ണികുളം എന്നീ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ബാലുശ്ശേരി പഞ്ചായത്തിൽ 1316 കർഷകർക്കും ഉണ്ണികുളം പഞ്ചായത്തിൽ 1228 കർഷകർക്കുമാണ് ഈ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളത്.

(സി) സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് ഹെക്ടറൊന്നിന് 10,000 രൂപയും ധനസഹായമായി നൽകിവരുന്നു. തരിശുനിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. നെല്ലിന് കുമ്മായ വസ്തുക്കൾ നൽകുന്നതിന് 5,400 രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിന് 500 രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ഹെക്ടറിന് 360 രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്.

നെൽകർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം കൂലിച്ചെലവ് സബ്സിഡി 17,500 രൂപ വരെ നൽകാൻ കഴിയും. നെൽവിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രസർക്കാർ സഹായത്തോടെ ആർ.കെ.വി.വൈ. പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകവും നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 3,500 രൂപയുടെ ധനസഹായം നൽകുന്നു.

## ഹരിത കേരളം പദ്ധതി

14(3287) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഹരിത കേരളം പദ്ധതി പ്രവർത്തനമാരംഭിച്ചതിന് ശേഷം കാർഷിക മേഖലയിൽ എത്ര ശതമാനം ഉല്പാദനവർദ്ധനവാണ് മുൻ കാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സുജലം-സുഫലം പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി നെൽകൃഷിയിൽ 2017-18 വർഷത്തിൽ മുൻവർഷത്തേക്കാൾ 19 ശതമാനത്തോളം ഉൽപ്പാദനവർദ്ധനവും ഈ നൂറ്റാണ്ടിന്റെ ഏറ്റവും വലിയ പ്രളയമുണ്ടായിട്ടുപോലും 2018-19 വർഷത്തിൽ 2016-17 വർഷത്തേക്കാൾ 26 ശതമാനത്തോളം ഉൽപ്പാദനവർദ്ധനവും ഉണ്ടായിട്ടുണ്ട്. പച്ചക്കറികൃഷി മേഖലയിൽ 2017-18 വർഷത്തിൽ, മുൻവർഷത്തേക്കാൾ 38 ശതമാനത്തോളം ഉൽപ്പാദനവർദ്ധനവും 2018-19 വർഷത്തിൽ, 2016-17 വർഷത്തേക്കാൾ 67% ഉൽപ്പാദനവർദ്ധനവും ഉണ്ടായിട്ടുണ്ട്.

## പാഠം ഒന്ന് പാടത്തേയ്ക്ക് പദ്ധതി

15(3288) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ചേർന്ന് പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പുതുതലമുറയെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിന് ഇത്തരം പദ്ധതികൾ പ്രചോദനമാകുമെന്ന് വിലയിരുത്തുന്നുണ്ടോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതുതലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ എല്ലാ വർഷവും നെല്ലിന്റെ ജന്മദിനമായ കന്നി മാസത്തിലെ മകം നക്ഷത്രം പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷി വകുപ്പ് 'പാഠം ഒന്ന് പാടത്തേയ്ക്ക് ' എന്ന മുദ്രാവാക്യത്തോടുകൂടി സമുചിതമായി ആചരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു. അതിൻപ്രകാരം ഈ വർഷം

2019 സെപ്തംബർ 26-ന് 'പാഠം ഒന്ന് പാടത്തേയ്ക്ക് ' എന്ന പരിപാടി സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിരുന്നു. കുട്ടികൾക്ക് കൃഷിയിൽ താൽപ്പര്യം വരുന്ന രീതിയിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന തരത്തിലുള്ള പ്രവർത്തനത്തിന്റെ ആരംഭമായിട്ടാണ് ഈ പരിപാടി സംഘടിപ്പിച്ചത്. അതിനുവേണ്ട വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കാർഷിക സർവ്വകലാശാല, മറ്റ് ഗവേഷണ സ്ഥാപനങ്ങൾ, പുരോഗമനാശയങ്ങൾ നടപ്പിലാക്കുന്ന കർഷകരുടെ കൃഷിയിടം എന്നിവ സന്ദർശനം, കൃഷിത്തോട്ട നിർമ്മാണം എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കും. നെൽകൃഷിയുടെ വിവിധ ഘട്ടങ്ങൾ കണ്ടുമനസ്സിലാക്കാനും സാധ്യമായവ ചെയ്ത് മനസ്സിലാക്കാനും പ്രത്യേകം ശ്രദ്ധിക്കും. ആരോഗ്യകരമായ ഭക്ഷണം, ജൈവഭക്ഷണ രീതി എന്നിവയെക്കുറിച്ചുള്ള അവബോധവും പുതുതലമുറയിലുണ്ടാക്കും.

(ബി) ഉണ്ട്. കുട്ടികളിലുണ്ടാകുന്ന താൽപ്പര്യം മറ്റ് മേഖലകളിലേയ്ക്ക് താൽപര്യം വളർത്തുന്നതിനുള്ള സ്ഫുലിംഗങ്ങളാകുമെന്നത് സംശയാതീതമായ കാര്യമാണ്. പരിപാടികൾ സംഘടിപ്പിച്ച എല്ലാ സ്ഥലങ്ങളിലും വളരെ ആവേശത്തോടെയാണ് പഴയ തലമുറയും പുതുതലമുറയും ഒന്നിച്ചുകൂടി ആശയവിനിമയം നടത്തിയത്. വിത, നടീൽ, കൊയ്ത്ത്, കരനെൽകൃഷി, അതാത് സ്ഥലത്തെ നെൽകൃഷിയുടെ വിവിധ വളർച്ചാഘട്ടങ്ങൾ എന്നിവ അടിസ്ഥാനമാക്കി പരിപാടികൾ പ്രതീക്ഷിച്ചതിലും ഭംഗിയായി നടത്താൻ സാധിച്ചിട്ടുണ്ട്.

## സഹസ്ര സരോവരം പദ്ധതി

16(3289) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹസ്ര സരോവരം പദ്ധതി മുഖേന നിലവിൽ ജലാശയങ്ങളുടെ നവീകരണം നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണച്ചുമതല ആർക്കാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ജലാശയങ്ങൾ നവീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) സഹസ്ര സരോവരം പദ്ധതി മുഖേന ജലാശയങ്ങൾ നവീകരിക്കുന്ന പ്രവൃത്തികൾ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി നബാർഡ്-ആർ.ഐ.ഡി.എഫ്., കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. എന്നീ സ്കീമുകളിലുൾപ്പെടുത്തി ഭരണാനുമതിക്ക് അനുസൃതമായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

(സി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ജലാശയങ്ങൾ നവീകരിക്കുന്നതിനായി ആർ.കെ.വി.വൈ. 2018-19 സ്കീമിലുൾപ്പെടുത്തി വിളക്കുടി പഞ്ചായത്തിലെ പള്ളിച്ചിറയുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

**വിത്ത് ബാങ്ക് പദ്ധതി**

17(3290) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും വ്യാപനത്തിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ് രണ്ട് കോടി രൂപ കേരള കാർഷിക സർവ്വകലാശാലക്ക് അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഉപയോഗപ്പെടുത്തി കാർഷിക സർവ്വകലാശാല പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കാമോ;

(സി) പട്ടാമ്പി, മണ്ണുത്തി എന്നിവിടങ്ങളിൽ വിത്തു ബാങ്ക് സ്ഥാപിക്കാനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ കൃഷി വകുപ്പ് കാർഷിക സർവ്വകലാശാലയ്ക്ക് 21-2-2018-ലെ TA(3)44612/2017 ഉത്തരവ് പ്രകാരം അനുവദിക്കുകയും 15-3-2018-ന് പ്രസ്തുത തുക കേരള കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറുകയും ചെയ്തു.

(ബി) 2018 മുതൽ 2023 വരെ 5 വർഷത്തെ കാലയളവിലേയ്ക്കാണ് വിത്ത് ബാങ്ക് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന വിത്ത് വിഭാഗവും പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രവുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കാർഷിക സർവ്വകലാശാല സമയബന്ധിതമായി നടപ്പിലാക്കിവരികയാണ്. പദ്ധതിയുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് കാർഷിക സർവ്വകലാശാല കൃഷി വകുപ്പിന് നൽകുന്നുണ്ട്. കൃഷി വകുപ്പുമായി സംയോജിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ, കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി, ആലപ്പുഴ ജില്ലയിലെ മങ്കൊമ്പ് എന്നീ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി പ്രകാരം നാടൻ ഇനങ്ങൾ കൃഷി ചെയ്തുവരുന്നു.

(സി) കേരള സർവ്വകലാശാലയുടെ കീഴിലുള്ള പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നെല്ലിന്റെ നാടൻ/പരമ്പരാഗത/തനതായ ഇനങ്ങളുടെ ഒരു ജനിതക ശേഖരം നിലവിൽ വരികയും അതിൽ തെരഞ്ഞെടുത്ത ചില ഇനങ്ങളുടെ വിത്തുകൾ (പറമ്പുവട്ടൻ, തവളക്കണ്ണൻ, തെക്കൻചീര, ചെങ്കയമ, കട്ടമോടൻ, കറുത്ത മോടൻ, ചുവന്ന മോടൻ, രക്തശാലി, ചെന്നെല്ല്, ചൊമാല, കല്ലടി ആര്യൻ) വൻതോതിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിത്ത് ലഭ്യമാക്കാവുന്ന രീതിയിലുള്ള പ്രവർത്തനം നടന്നുവരുന്നുണ്ട്. കൂടാതെ മറ്റിനങ്ങളായ എറവപാണ്ടി, വെള്ളരി, തെക്കൻ ചീമേനി, കവുങ്ങിൻ പൂങ്കുല, തെക്കൻ എന്നിവയുടെയും വിത്തുൽപ്പാദനം നടത്തിവരുന്നുണ്ട്. കൂടാതെ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിൽ സീഡ്സ് സയൻസ് വിഭാഗത്തിൽ 362 തനതായ നെല്ലിനങ്ങളുടെ ജനിതക ശേഖരം നിലനിർത്തി വരുന്നുണ്ട്. വിത്തുകളുടെ സൂക്ഷിപ്പുകാലം വർദ്ധിപ്പിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ (മധ്യകാല ശാസ്ത്രീയ സൂക്ഷിപ്പ് സംവിധാനം) പൂർത്തീകരണ ഘട്ടത്തിലാണ്. അത് ഉടൻ പ്രവർത്തനക്ഷമമാവുന്നതാണ്. കൂടാതെ പയറിന്റെ വിവിധ ഇനങ്ങളുടെ ഒരു ജനിതക ശേഖരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ് സീഡ് സയൻസ് വിഭാഗം ചെയ്തുവരുന്നു.

**പാറശ്ശാല മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

18(3291) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, അതിനായി വകയിരുത്തിയ തുക എത്രയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഏതു ഘട്ടത്തിലാണെന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പുനർജ്ജനി പദ്ധതിയിലൂടെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2019-20 വരെ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ എല്ലാ പദ്ധതികളും പൂർത്തീകരിച്ചു. 2019-20-ലെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്താകെയുണ്ടായ പ്രളയത്തെത്തുടർന്ന് കൃഷിയിടങ്ങളിൽ മണ്ണിലും വിളകളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തി കർഷകരെ ബോധ്യപ്പെടുത്തുകയും പ്രളയം ബാധിച്ച കൃഷിയിടങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ കർഷകരെ പരിശീലിപ്പിക്കുകയും അതുവഴി പ്രളയം കാരണം കാർഷിക മേഖലയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കിയ പദ്ധതിയാണ് പുനർജനി. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ പെരുങ്കടവിളയിലും സമീപപ്രദേശങ്ങളിലും പ്രളയം കാരണം കാർഷിക മേഖലയിലുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കർഷകരെ ബോധവൽക്കരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## സുഗന്ധവിള വികസന പദ്ധതി

19(3292) <u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. കെ. യു. ജനിഷ് കുമാർ:</u>
<u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുരുമുളക്, ജാതി, ഗ്രാമ്പു തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സുഗന്ധവിള വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം സുഗന്ധവിളകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം, കൃഷിവ്യാപനം തുടങ്ങിയവയ്ക്കായി ഈ പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ടോ ;വിശദാംശം നൽകുമോ;

(ഡി) സുഗന്ധവിളകളുടെ സംയോജിത കീടനിയന്ത്രണത്തിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കുരുമുളക്, ജാതി, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളെയാണ് സുഗന്ധവിള വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം, കൃഷി വ്യാപനം തുടങ്ങിയവയ്ക്കായി ഈ പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഹെക്ടറിന് 10,000 രൂപ വീതം ധനസഹായം നൽകിക്കൊണ്ട് 2500 ഹെക്ടറിലെ കുരുമുളക് തോട്ടങ്ങളിൽ നശിച്ചുപോയ കുരുമുളക് വള്ളികൾക്ക് പകരം പുതിയവ വച്ചുപിടിപ്പിക്കുന്നതിനും കേടായ താങ്ങുമരങ്ങൾക്ക് പകരം പുതിയവ വച്ചുപിടിപ്പിക്കുന്നതിനും വളപ്രയോഗം, കീടനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനും 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കുരുമുളക് തോട്ടങ്ങളുടെ കൃഷി വ്യാപനത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ ഹെക്ടറിന് 20,000 രൂപ വീതം ധനസഹായം നൽകിക്കൊണ്ട് 875 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നു. ഇതിലേയ്ക്കായി 175 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. ഇടുക്കി പാക്കേജ് പ്രകാരം ഇടുക്കി ജില്ലയിൽ കുരുമുളക് കൃഷി വ്യാപനത്തിനായി 4000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) ഇടുക്കി ജില്ലയിൽ കുരുമുളകിന്റെ ദ്രുതവാട്ടത്തിനെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് ഒരു ശതമാനം (1%) വീര്യമുള്ള ബോർഡോ മിശ്രിതം അല്ലെങ്കിൽ 0.2% വീര്യമുള്ള കോപ്പർ ക്ലോറൈഡ് സ്പ്രേ ചെയ്യുന്നതിന് ഹെക്ടറിന് 10,000 രൂപ ധനസഹായം നൽകിക്കൊണ്ട് 1750 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 175 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

### കൊണ്ടാഴി കേരഗ്രാമം പദ്ധതി

20(3293) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ൽ കൃഷി വകുപ്പ് നടപ്പിലാക്കിയ കൊണ്ടാഴി കേരഗ്രാമം പദ്ധതിയുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ആകെ ചെലവഴിച്ച തുക എത്ര ;ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിനകം എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്;

(ഡി) കേരകർഷകർക്ക് വലിയ തോതിൽ പ്രയോജനം ചെയ്യുന്ന പ്രസ്തുത പദ്ധതി കൂടുതൽ കൃഷിഭവനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 വർഷം നടപ്പിലാക്കിയ കൊണ്ടാഴി കേരഗ്രാമം പദ്ധതി പ്രകാരം 37843 തെങ്ങുകൾക്ക് ഉൽപ്പാദനോപാധികൾ (കുമ്മായം, രാസവളം, ജൈവവളം) വിതരണം ചെയ്യുകയും 49 പമ്പുസെറ്റ്, 86 തെങ്ങുകയറ്റ യന്ത്രം, 4 മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നിവയും സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. 55.6 ഹെക്ടർ സ്ഥലത്തെ രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

2019-20 വർഷം 62.84 ഹെക്ടർ സ്ഥലത്തെ തെങ്ങുകളുടെ തടം തുറക്കുകയും കുമ്മായം, രാസവളം, ജൈവവളം എന്നിവ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി നടപ്പിലാക്കുന്നതിൽ ആകെ 51,46,835 രൂപ ചെലവഴിച്ചു. ഇനംതിരിച്ച വിവരം ചുവടെ ചേർക്കുന്നു.

<u>ഒന്നാംവർഷം ചെലവഴിച്ച തുക (2018-19)</u>

| ഇനം | ചെലവഴിച്ച തുക (രൂപ) |
|---|---|
| പമ്പുസെറ്റ് വിതരണം ചെയ്തതിന് | 3,62,563 |
| തെങ്ങുകയറ്റ യന്ത്രം വിതരണം ചെയ്തതിന് | 1,72,000 |
| ജൈവവള ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് | 39,795 |
| കേരസമിതിയുടെ പ്രവർത്തന ചെലവ് | 99,980 |
| കൃഷിഭവനുകളുടെ പ്രവർത്തന ചെലവ് | 15,000 |
| **സംയോജിത പരിചരണമുറകൾ സ്വീകരിച്ചതിന്** | |
| പുതയിടൽ, ഇടയിളക്കൽ, തടംതുറക്കൽ | 13,24,460 |
| രോഗം ബാധിച്ചതും ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകളെ മുറിച്ചുമാറ്റുന്നതിന് | 5,34,708 |
| ജൈവവളം വിതരണം ചെയ്തതിന് | 5,91,608 |
| ഇടവിള കൃഷി | 10,40,000 |
| രാസവളം വിതരണം ചെയ്തതിന് | 1,28,688 |
| കുമ്മായം വിതരണം ചെയ്തതിന് | 2,13,318 |
| ഗുണമേന്മയുള്ള തെങ്ങിൻതൈകൾ നടുന്നതിന് | 18,000 |

രണ്ടാംവർഷം ചെലവഴിച്ച തുക (2019-20)

| | |
|---|---|
| പുതയിടൽ, ഇടയിളക്കൽ, തടംതുറക്കൽ | 3,84,895 |
| ജൈവവളം വിതരണം ചെയ്യുന്നതിന് | 27,483 |
| കുമ്മായം വിതരണം ചെയ്യുന്നതിന് | 11,407 |
| രാസവളം വിതരണം ചെയ്യുന്നതിന് | 1,82,930 |

(സി) 2018-19-ൽ 1176 കർഷകർക്കും 2019-20-ൽ 252 കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഡി) വരുംവർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ പഞ്ചായത്തുകളിൽ ഈ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതി**

21(3294) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ ഇനി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സുജലം സുഫലം പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ ചെയ്ത പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു.

ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ ബ്ലോക്ക്

1. ആലത്തൂർ ബ്ലോക്കിലെ ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി എന്നീ പഞ്ചായത്തുകളിലെ ഓരോ വാർഡ് വീതം തരിശുരഹിത വാർഡാക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ നടത്തിവരുന്നു.
2. ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി എന്നീ പഞ്ചായത്തുകളിൽ 1875 പച്ചക്കറിതൈകൾ വിതരണം ചെയ്തു.
3. സ്കൂൾ പച്ചക്കറികൃഷി പദ്ധതിക്കായി 7 സ്കൂളുകൾ തെരഞ്ഞെടുത്തു. (ആലത്തൂർ-2, എരിമയൂർ-2, കിഴക്കഞ്ചേരി -3 സ്കൂളുകൾ)

4. പാഠം ഒന്ന് പാടത്തേയ്ക്ക് എന്ന പദ്ധതി കുട്ടികളിൽ കൃഷിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിച്ചു.
5. കിഴക്കഞ്ചേരി പഞ്ചായത്തിൽ 15 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്തു.
6. എരിമയൂർ പഞ്ചായത്തിൽ 2 മഴമറ ഉണ്ടാക്കി.
7. എല്ലാ പഞ്ചായത്തിലും പച്ചക്കറി കൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി നടത്തി.
8. ആലത്തൂർ പഞ്ചായത്തിൽ 2 ഹെക്ടർ സ്ഥലത്തും കിഴക്കഞ്ചേരി പഞ്ചായത്തിൽ 2 ഹെക്ടർ സ്ഥലത്തും തരിശ് സ്ഥലത്ത് നെൽകൃഷി ചെയ്തു.

ആലത്തൂർ മണ്ഡലത്തിലെ നെന്മാറ ബ്ലോക്ക്

മേലാർകോട്, വണ്ടാഴി പഞ്ചായത്തുകളിൽ 2.4 ഹെക്ടർ തരിശുനിലങ്ങളിൽ നെൽകൃഷിയും ഒരു ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷിയും ചെയ്തിട്ടുണ്ട്. കൂടാതെ 15730 കിറ്റ് പച്ചക്കറി വിത്തും 36800 പച്ചക്കറി തൈകളും വിതരണം ചെയ്തു. മേലാർകോട് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 50000 പച്ചക്കറിതൈകൾ 67 യൂണിറ്റ് ഗ്രോബാഗുകൾ 15,000 ടിഷ്യൂകൾച്ചർ വാഴ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്.

ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം ബ്ലോക്ക്

1. പരിസ്ഥിതി സൗഹൃദ നെൽകൃഷി നടത്തുന്നു.
2. തരിശുഭൂമിയിൽ പച്ചക്കറി പാട്ടകൃഷി നടത്തുന്നു.
3. പച്ചക്കറിതൈകൾ 10070 വിതരണം ചെയ്തു.
4. ബയോവിൻ 10 എണ്ണം സ്ഥാപിച്ചു.
5. 3300 കുരുമുളക് വള്ളി വിതരണം ചെയ്തു.
6. ജനകീയാസൂത്രണ പദ്ധതി പ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്ക് 120000 പച്ചക്കറിതൈകൾ വിതരണം ചെയ്തു.
7. ജൈവനിയന്ത്രണോപാധി 100 കിലോഗ്രാം നൽകി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 50 ഏക്കർ വരുന്ന മൂന്ന് ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നു.

(ബി)

1. വിവിധ പഞ്ചായത്തുകളിൽ കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുന്നതാണ്.

2. പരിസ്ഥിതി സൗഹൃദ കൃഷി രണ്ടാംവിളയിൽ നടത്തുന്നു.

3. വണ്ടാഴി മേലാർകോട് പഞ്ചായത്തുകളിൽ ഓരോ വാർഡുകൾ ഹരിത വാർഡുകളാക്കാൻ ഉദ്ദേശിക്കുന്നു. (എല്ലാ വീടുകളിലും പച്ചക്കറികൃഷിയും മാലിന്യസംസ്കരണ യൂണിറ്റുകളും സ്ഥാപിക്കുക.)

4. കൂടുതൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാനും പച്ചക്കറികൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിനുവേണ്ടി പദ്ധതികൾക്ക് രൂപം കൊടുക്കാനും ഉദ്ദേശിക്കുന്നു. കൂടാതെ തേങ്കുറിശ്ശി പഞ്ചായത്തിനെ പച്ചക്കറി സ്വയംപര്യാപ്ത പഞ്ചായത്തായി മാറ്റാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കുഴിമന്ദം ബ്ലോക്കിൽ 3 ബയോവിൻ സ്ഥാപിക്കാനും ഒരു വാം (VAM) പ്രൊഡക്ഷൻ യൂണിറ്റും 0.70 ഹെക്ടർ തരിശുനില പച്ചക്കറികൃഷിയും 0.70 ഹെക്ടർ പറമ്പ് കൃഷിയും നിറപദ്ധതിയുടെ ഭാഗമായി 500 ഏക്കർ രണ്ടാംവിള സംയോജിത പരിസ്ഥിതി സൗഹാർദ്ദ കൃഷിയും ആർ.കെ.വി.വൈ. പദ്ധതിയുടെ തുടർപ്രവർത്തനങ്ങളും നടപ്പിലാക്കാൻ പോകുന്നു.

**കർഷകരക്ഷാ പാക്കേജ്**

22(3295) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവർത്തിച്ചുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്തെ കർഷകരുടെ ജീവിതത്തെ സാരമായി ബാധിച്ചുവെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) മുമ്പെങ്ങുമില്ലാത്ത വിധത്തിൽ ഉണ്ടായിട്ടുള്ള കാർഷിക ഉല്പന്ന വില തകർച്ചയിലും, പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള കൃഷിനാശത്തിലും ഉഴലുന്ന കർഷകർക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) ഇടുക്കിയിലും, വയനാട്ടിലും ഉണ്ടായ കർഷക ആത്മഹത്യകൾക്ക് കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലങ്ങളിൽ എന്തൊക്കെ ആശ്വാസ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(ഡി) നിലവിലെ സാഹചര്യത്തിൽ കർഷകർക്ക് മാത്രമായി ഒരു കർഷകരക്ഷാ പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്നതിനും ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നെല്ല് സംഭരിച്ചുവരുന്നു. 26.95 രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. സംഭരിച്ച നെല്ലിന്റെ വില സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്നും കർഷകർക്ക് നേരിട്ട് നൽകിവരുന്നു. റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് മൊത്ത വ്യാപാര വിപണികളും കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറിയുൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായവില ലഭിക്കുന്നതിന് അവസരമുണ്ടാക്കുന്നു. ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു.

ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിക്കുകയും ഹോർട്ടികോർപ്പിന്റെ ചില്ലറ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തുകയും ചെയ്തുവരുന്നു.

കർഷകരിൽനിന്നുള്ള പച്ചക്കറി ഉൽപ്പന്നങ്ങൾ വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് കച്ചവടക്കാരുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നു.

ഇതുകൂടാതെ കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനായി കാർഷിക വിളകളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രധാനമായും SFAC മുഖേനയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്. കാർഷിക ഉൽപ്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ധനസഹായം നൽകുന്നുണ്ട്. കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകൾ മുഖാന്തരം പരിശീലനം നൽകിവരുന്നു. കേന്ദ്ര

കിഴങ്ങുവിള ഗവേഷണ കേന്ദ്രം- ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം-കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി-തിരുവനന്തപുരം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്.

പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് വിളനാശത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുന്നു. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചെറിയ പ്രീമിയത്തിൽ വിളനാശത്തിന് നഷ്ടപരിഹാരം അനുവദിക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിക്ക് പുറമെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കേര ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ഭീമാ യോജന എന്നിവയും നടപ്പിലാക്കുന്നു.

(സി) പരിശോധിച്ചിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ പുനഃക്രമീകരിച്ച കാർഷിക ലോണുകൾക്ക് എസ്.എൽ.ബി.സി.-യുടെ സബ്കമ്മിറ്റി തീരുമാനപ്രകാരം 2019 ഡിസംബർ 31 വരെ മൊറട്ടോറിയം നീട്ടി നൽകിയിട്ടുണ്ട്.

ഇടുക്കി, വയനാട് ജില്ലകളിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് രണ്ട് ജില്ലകളിലും ലീഡ് ബാങ്ക് മാനേജർമാരുടെ അദ്ധ്യക്ഷതയിൽ അതത് ബാങ്ക് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ കേസിലും സർഫാസി നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുമ്പ് ഈ സബ്കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ സഹകരണ ബാങ്കുകളിൽനിന്നും 31-08-2018 വരെ എടുത്തതും അടയ്ക്കാത്തതുമായ വായ്പകൾ കർഷക കടാശ്വാസത്തിന് പരിഗണിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. രണ്ട് ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇതുകൂടാതെ കൃഷി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി, വയനാട് ജില്ലകളിൽ പ്രത്യേകമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം 2019-20 എന്ന പദ്ധതിയിൽ ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 'ഇടുക്കി പാക്കേജ് ' എന്ന പദ്ധതിയും വയനാട് ജില്ലയുടെ കുരുമുളക് വികസനത്തിനും ജല-മണ്ണ് സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷം 1700 ലക്ഷം രൂപയുടെ വയനാട് പദ്ധതിയും നടപ്പിലാക്കുന്നു.

(ഡി) കർഷകരുടെ സമഗ്ര ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായോ ആയ മറ്റ് കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കർഷക വായ്പകളിന്മേൽ മൊറട്ടോറിയം പ്രഖ്യാപിച്ചും പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്നതിനുള്ള ആനുകൂല്യം, വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം എന്നിവ നൽകിയും കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയും കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള വായ്പ ഇളവുകൾ അനുവദിച്ചും കർഷക ക്ഷേമത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഗുണമേന്മയുള്ള വിത്തിനം ലഭ്യമാക്കാൻ നടപടി

23(3296) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയ സർക്കാർ ഗുണമേന്മയുള്ള വിത്തിനം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വിശദമാക്കാമോ;

(ബി) സൗജന്യമായി കർഷകർക്ക് ഗുണമേന്മയുള്ള വിത്തിനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുൽപ്പാദന ശേഷിയുള്ളതുമായ നെൽവിത്തുകൾ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിയിലൂടെ ഉൽപ്പാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.), നാഷണൽ സീഡ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ കൃഷിഭവൻ മുഖേന നൽകുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ (ബി.എം.എഫ്.സി.), കേരള കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ, സംസ്ഥാനത്തുള്ള ഇന്ത്യൻ കൗൺസിൽ ഫോർ

അഗ്രികൾച്ചറൽ റിസർച്ച് സെന്റർ (ഐ.സി.എ.ആർ.) സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.

ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിൻ പ്രകാരം വിവിധതരം തെങ്ങിൻതൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിത്തൈകൾ, വാഴത്തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കർഷർക്കാവശ്യമായ വിവിധയിനം നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ എന്നിവ 33 സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങൾ വഴിയും 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിവ മുഖേന വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ, വിവിധയിനം ഫലവൃക്ഷങ്ങളുടെ തൈകൾ, ഗ്രാഫ്റ്റുകളും ലെയറുകളും, അലങ്കാരച്ചെടികൾ, പച്ചക്കറിത്തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം മോഡൽ ഫ്ലോറികൾച്ചർ & ബയോടെക്നോളജി ലാബ് മുഖേന ടിഷ്യൂകൾച്ചർ വാഴത്തൈകൾ, പച്ചക്കറിത്തൈകൾ, ഓർക്കിഡ്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. 2019-20 വർഷം 65 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 160 ലക്ഷം പച്ചക്കറിത്തൈകളും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.) മുഖാന്തരം 12 ലക്ഷം വിത്ത് പായ്ക്കറ്റുകളും സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി.

(ബി) കൃഷി വകുപ്പ് കാലാകാലങ്ങളിൽ നടപ്പിലാക്കിവരുന്ന സുസ്ഥിര നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM) മുതലായ വിവിധ കാർഷിക പദ്ധതികളുടെ ഭാഗമായി കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകൾ പരമാവധി 100% വരെ സബ്സിഡിയോടെ അനുവദിച്ചുവരുന്നുണ്ട്.

**കൃഷി വകുപ്പിന് അനുവദിച്ച തുക**

24(3297) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17,2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ പദ്ധതി ഇനത്തിൽ കൃഷിവകുപ്പിന് എന്ത് തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ പദ്ധതി ഇനത്തിൽ കൃഷി വകുപ്പിന് അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക (ബഡ്ജറ്റ് പ്രൊവിഷൻ) (രൂപ ലക്ഷത്തിൽ) | | | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) | | |
|---|---|---|---|---|---|---|
| | സംസ്ഥാനാവിഷ്കൃത പദ്ധതി | കേന്ദ്രാവിഷ്കൃത പദ്ധതി | ആകെ | സംസ്ഥാനാവിഷ്കൃത പദ്ധതി | കേന്ദ്രാവിഷ്കൃത പദ്ധതി | ആകെ |
| 2016-17 | 53115.77 | 40995.99 | 94111.76 | 48335.67 | 27857.70 | 76193.37 |
| 2017-18 | 51066.03 | 39096.00 | 90162.03 | 44470.23 | 25363.49 | 69833.72 |
| 2018-19 | 61312.22 | 47318.9185 | 108631.1385 | 53065.944 | 24848.98592 | 77914.92992 |

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബജറ്റിൽ അനുവദിക്കുന്ന പ്രൊവിഷനിൽ ഓരോ പദ്ധതിക്കും കേന്ദ്രസർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായി മാത്രമാണ് 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും വിനിയോഗിക്കുന്നത്.

**ജൈവ പച്ചക്കറി കൃഷി വ്യാപനത്തിന് നടപടി**

25(3298) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൈവ പച്ചക്കറി കൃഷി വ്യാപനത്തിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ</u> - 15-25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപ ധനസഹായം നൽകുന്നുണ്ട്.

2. <u>ഇക്കോഷോപ്പ്</u> - ജൈവ ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ, മറ്റ് ഉൽപ്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി 241 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു.

3. <u>ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം</u>- ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. <u>കാസർകോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ</u>- കാസർകോഡ് ജില്ലയെ പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിന് 2016-17 മുതൽ 1000 ഹെക്ടറിലേയ്ക്ക് 190 ലക്ഷം രൂപ വി.എഫ്.പി.സി.കെ.-യ്ക്ക് അനുവദിച്ചിട്ടുണ്ട്.

5. <u>കുട്ടനാട് ജി.എ.പി. പദ്ധതി</u>- കുട്ടനാട്ടിലെ പ്രത്യേക പരിസ്ഥിതി-ആവാസ വ്യവസ്ഥകൾക്ക് അനുസൃതമായി നെൽകൃഷിയിൽ നല്ല കൃഷി മുറകൾ പാലിച്ച് സുസ്ഥിര നെൽകൃഷിക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് 2017-18, 2018-19 വർഷങ്ങളിൽ നടപ്പിലാക്കി. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ 27750 ഹെക്ടർ പാടശേഖരത്തിലാണ് ഈ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്.

6. <u>സമ്പൂർണ്ണ ജൈവകാർഷിക മണ്ഡലം അവാർഡ്</u> - ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

7. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന - സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാ ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

8. സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് - 'സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ്' എന്ന പുതിയ കൃഷിരീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവ് കുറഞ്ഞ രീതിയിൽ നടപ്പാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന്റെ ഭാഗമായി സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ സുഭാഷ് പലേക്കറിന്റെ സാന്നിധ്യത്തിൽ സംസ്ഥാനതല ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

9. ഫാം സ്കൂൾ മുഖേന കർഷകർക്കുള്ള പരിശീലനങ്ങൾ - ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഫാം സ്കൂളുകൾ സജ്ജീകരിച്ച് കർഷകർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഇത്തരം 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം 2018-19-ൽ സംഘടിപ്പിച്ചിട്ടുണ്ട്.

ഇതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) വഴി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് 60:40 എന്ന അനുപാതത്തിൽ ഉപയോഗപ്പെടുത്തി 619 പി.ജി.എസ്. ക്ലസ്റ്ററുകൾ വഴിയും ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്.

## ജൈവ കൃഷിക്കുള്ള പദ്ധതികൾ

26(3299) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹനത്തിനായി 2017-18, 2018-19 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതി നടത്തിപ്പുമൂലം കാർഷിക മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം 854.54290 ലക്ഷം രൂപ ജൈവകൃഷി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉത്തമ കൃഷിമുറകളിലൂന്നിയുള്ള പച്ചക്കറി കൃഷി ക്ലസ്റ്ററുകൾ (ജി.എ.പി. ക്ലസ്റ്റർ) - ജൈവ പച്ചക്കറി കർഷകരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷിരീതികൾ (ജി.എ.പി.) അവലംബിച്ച് കൃഷി ചെയ്യുന്ന 15-25 ഹെക്ടർ വരെ വിസ്തൃതിയുള്ള 155 ക്ലസ്റ്ററുകൾക്ക് ഹെക്ടറിന് 3,000 രൂപ നിരക്കിൽ 115.8195 ലക്ഷം രൂപ ധനസഹായമായി നൽകി.

2. ജൈവകാർഷിക മണ്ഡലം അവാർഡുകൾ- ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന മൂന്ന് നിയോജകമണ്ഡലങ്ങൾ, മൂന്ന് മുനിസിപ്പാലിറ്റികൾ, ഒരു കോർപ്പറേഷൻ എന്നിവയ്ക്ക് സംസ്ഥാനതലത്തിലും ജൈവകൃഷിയിലേയ്ക്ക് മാറിയിട്ടുള്ള ജില്ലകളിലെ മൂന്ന് മികച്ച പഞ്ചായത്തുകൾക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും നൽകി.

3. ജൈവ പച്ചക്കറി വിപണികൾ (ഇക്കോഷോപ്പുകൾ)- ജൈവ കർഷകർക്കുള്ള ഉല്പാദനോപാധികൾ ലഭ്യമാക്കുന്നതിനും അവരുടെ ജൈവ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനുമായി 149 ഇക്കോഷോപ്പുകൾ അനുവദിച്ചു.

4. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - കേരളത്തിലെ ജൈവ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിനും കാർഷിക ഉല്പന്നങ്ങൾക്ക് കേരളത്തിൽത്തന്നെ വിപണി കണ്ടെത്തുന്നതിനും "കേരള ഓർഗാനിക്" എന്ന ലേബലിലുള്ള ഉല്പന്നങ്ങൾക്ക് വിപണികളിൽ സ്വീകാര്യത ലഭിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

5. കാസർകോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ- കാസർകോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ ജില്ലയാക്കി മാറ്റുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖേന കാസർകോഡ് ജില്ലയിൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് പി.ജി.എസ്. സർട്ടിഫിക്കേഷൻ 1000 ഹെക്ടറിൽ നടപ്പാക്കുന്നതിന് 60 ലക്ഷം രൂപയാണ് ചെലവഴിച്ചത്.

6. ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള കുട്ടനാട്ടിലെ കൃഷി (കുട്ടനാട് ജി.എ.പി.)- കേരളത്തിന്റെ പടിഞ്ഞാറേ തീരത്തുള്ള ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകൾ ഉൾപ്പെടുന്ന കുട്ടനാടൻ പ്രദേശത്തെ 27750 ഹെക്ടർ കൃഷി സ്ഥലത്തിലെ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കായി 72.14 ലക്ഷം രൂപയുടെ ജൈവ കൃഷിയിലൂന്നിയ സുസ്ഥിര കൃഷി വികസന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്.

2018-19 സാമ്പത്തിക വർഷം 698.98 ലക്ഷം രൂപ ജൈവ കൃഷി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു.

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ - 15-25 ഹെക്ടർ ഉൾക്കൊള്ളുന്ന 240 ക്ലസ്റ്ററുകൾ രൂപീകരിച്ച് ഓരോ ക്ലസ്റ്ററിനും 75,000 രൂപ നിരക്കിൽ 172.49 ലക്ഷം രൂപ ധനസഹായമായി നൽകി.

2. ഇക്കോഷോപ്പ് - ജൈവ ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ, മറ്റ് ഉൽപ്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി 54 ലക്ഷം രൂപ വിനിയോഗിച്ച് 27 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ഇതിനുപരിയായി നിലവിലുള്ള 139 ഇക്കോഷോപ്പുകളുടെ പരിപാലനത്തിനായി 128.313 ലക്ഷം രൂപയും വിനിയോഗിച്ചു.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം- ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. കാസർകോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ- കാസർകോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിന് ഹെക്ടറിന് 6,000 രൂപ നിരക്കിൽ 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി.

5. കുട്ടനാട് ജി.എ.പി. പദ്ധതി - കുട്ടനാട്ടിലെ പ്രത്യേക പരിസ്ഥിതി-ആവാസ വ്യവസ്ഥകൾക്ക് അനുസൃതമായി നെൽകൃഷിയിൽ നല്ല കൃഷി മുറകൾ പാലിച്ച് സുസ്ഥിര നെൽകൃഷിക്കുള്ള പദ്ധതികൾ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ 27750 ഹെക്ടർ പാടശേഖരത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

6. സമ്പൂർണ്ണ ജൈവകാർഷിക മണ്ഡലം അവാർഡ് - ജൈവ കൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം നടത്തുന്നവർക്ക് അവാർഡുകൾ നൽകുന്നു. 2018-19 -ൽ ഇതിനായി 27 ലക്ഷം രൂപ ചെലവഴിച്ചു.

7. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന - 2018-19 വർഷം പഴം-പച്ചറികളിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയ്ക്കായി വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകൾ"ക്കായി 20 ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി. ഇവിടങ്ങളിൽ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലപ്രദമായി നടത്തുന്നു.

8. സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് - ഈ പദ്ധതിയിൽ ഒരു ഏകദിന ശില്പശാല സംഘടിപ്പിച്ചു.

9. ഫാം സ്കൂൾ മുഖേന കർഷകർക്കുള്ള പരിശീലനങ്ങൾ - സുസ്ഥിര ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി കർഷകർക്കുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം 26.4 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ജൈവ കൃഷി വ്യാപന പദ്ധതി സുസ്ഥിര വികസനത്തിലൂന്നി സംസ്ഥാനം മുഴുവൻ ഫലപ്രദമായി നടപ്പാക്കി. ഇപ്രകാരം സംസ്ഥാനത്ത് നിലവിൽ 31195 ഹെക്ടർ കൃഷിയിടങ്ങൾ ജൈവ പഴം-പച്ചക്കറി കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ജൈവകൃഷി വിസ്തൃതി വർദ്ധിപ്പിച്ചതിനുപുറമെ ഗുണനിലവാരമുള്ള ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ ജനങ്ങൾക്ക് നൽകുന്നതിന് കഴിഞ്ഞു. വിഷലിപ്ത പഴം-പച്ചക്കറിമൂലം ജനങ്ങൾക്കുണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും കഴിഞ്ഞു. കൃത്യമായ മാനദണ്ഡങ്ങൾ അനുവർത്തിച്ച് സാങ്കേതിക മേൽനോട്ടം നിർവ്വഹിച്ച് പദ്ധതി നടപ്പാക്കാനായത് പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനും ജനങ്ങൾ സ്വമേധയാ ജൈവകൃഷി ഏറ്റെടുക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ജൈവകൃഷിക്ക് പൊതുജന അംഗീകാരം നേടാനായത് ജൈവകൃഷി വ്യാപന പ്രവർത്തനങ്ങളുടെ ആക്കം കൂട്ടുന്നതിന് സഹായകമായി.

ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി നടത്തിപ്പുമൂലം 31195 ഹെക്ടറിലും കേന്ദ്രസർക്കാർ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ്

യോജനയിലൂടെ 12380 ഹെക്ടറിലും ജൈവകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞു. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട വില ഉറപ്പാക്കാനായത് കർഷകർക്ക് പ്രോത്സാഹനമായി. വിപണനത്തിനായി പുതിയ സംവിധാനങ്ങളായ ഇക്കോഷോപ്പുകൾ, നേരിട്ടുള്ള വിപണി എന്നിവ ഏർപ്പെടുത്താനായതും പദ്ധതിയുടെ വ്യാപനം സുസാധ്യമാക്കി. കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെട്ടു. പൊതുജന ആരോഗ്യ സുരക്ഷ ഉറപ്പാക്കാനായി ജനങ്ങളുടെ ഇടയിൽ സുരക്ഷിത ഭക്ഷണത്തിനും ആരോഗ്യ സുരക്ഷയ്ക്കും വമ്പിച്ച സ്വീകാര്യത ഉറപ്പാക്കാനായി. ഇതിനൊക്കെപുറമെ അനിയന്ത്രിത രാസകീടനാശിനി പ്രയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്താനും പരിസ്ഥിതി സംരക്ഷിക്കാനും പൊതുജന പങ്കാളിത്തത്തോടെ കഴിയുന്നു എന്നത് ഏറ്റവും വലിയ നേട്ടമാണ്.

## ജൈവ പച്ചക്കറി വ്യാപിപ്പിക്കുന്നതിന് ഇക്കോഷോപ്പ്

27(3300) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറി വ്യാപിപ്പിക്കുന്നതിന് സംസ്ഥാനത്ത് ഉടനീളം ആരംഭിച്ച ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ നന്നായി പ്രവർത്തിക്കുന്ന ഇക്കോ ഷോപ്പുകളിൽ മറ്റ് കാർഷിക ഉപകരണങ്ങൾ, വിത്തിനം, ജൈവ കീടനാശിനി, തുടങ്ങിയവയുടെ വിൽപ്പന ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. മെച്ചപ്പെട്ട വിപണന സൗകര്യം ഇല്ലാത്തതിനാൽ കേരളത്തിലെ കർഷകർ ഏറെ പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് കാർഷിക ഉൽപ്പന്നങ്ങൾക്ക് കേരളത്തിൽത്തന്നെ വിപണി കണ്ടെത്തുന്നതിനും "കേരള ഓർഗാനിക് " എന്ന ലേബലിലുള്ള ഉൽപ്പന്നങ്ങൾക്ക് സ്വീകാര്യത ലഭിക്കുന്നതിനുവേണ്ടിയും 241 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടിയ തെരഞ്ഞെടുക്കപ്പെട്ട കർഷക ക്ലസ്റ്ററുകളിൽനിന്നും ഉൽപ്പന്നങ്ങൾ ശേഖരിച്ച് തരംതിരിച്ച് ഗ്രേഡ് ചെയ്ത് "കേരള ഓർഗാനിക്" ലേബലോടുകൂടിയ പായ്ക്കറ്റുകളിലാക്കി ഇക്കോഷോപ്പുകളിലൂടെ വിപണനം ചെയ്യുന്നു.

ഒരു ഇക്കോഷോപ്പിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വിൽപ്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താൽപ്പര്യമുള്ള ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) നിലവിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളിൽ ജൈവ പഴം, പച്ചക്കറികൾ കൂടാതെ കാർഷിക ഉപകരണങ്ങൾ, വിത്തുകൾ, ജൈവ കീടനാശിനി, മറ്റ് ഉൽപ്പാദനോപാധികൾ (ജീവാമൃതം, ജൈവ വളങ്ങൾ, ട്രൈക്കോഡർമ, VAM, PGPR-mix1) തുടങ്ങിയവയുടെ വിൽപ്പനയും നടത്തുന്നുണ്ട്.

**ഓണത്തിന് ഒരു മുറം പച്ചക്കറി**

28(3301) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നോ; അത് വിജയപ്രദമായിരുന്നോ;വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തുണ്ടായ മഴക്കെടുതി പ്രസ്തുത പദ്ധതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;എങ്കിൽ എന്ത് നാശനഷ്ടമാണ് ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(സി) വിഷരഹിത പച്ചക്കറികൾ സമാഹരിച്ച് വിതരണം ചെയ്യുന്നതിൽ ഹോർട്ടികോർപ്പ്,വി.എഫ്.പി.സി.കെ. എന്നിവയുടെ ഇടപെടൽ എത്രത്തോളം വിജയപ്രദമാണ്;വിശദമാക്കുമോ;

(ഡി) കാർഷിക ഉത്പന്നങ്ങൾ നേരിട്ട് കർഷകരിൽ നിന്നും സംഭരിച്ച് ന്യായവിലക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉത്സവ സീസണുകളിൽ പച്ചക്കറിക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായും ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചും ഓരോ വീടിനും ആവശ്യമായ വിഷരഹിത പച്ചക്കറി സ്വന്തം വീട്ടുവളപ്പിൽത്തന്നെ ഉൽപ്പാദിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് "ഓണത്തിന് ഒരുമുറം പച്ചക്കറി.”

സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പ്രതിവർഷം 20 ലക്ഷം ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. ഇതിന്റെ 10 മുതൽ 20 ശതമാനം വരെ ഓണക്കാലത്താണ് ഉപയോഗിക്കപ്പെടുന്നത്. ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി പച്ചക്കറി വിത്ത് പാക്കറ്റുകൾ, തൈകൾ, ഗ്രോബാഗ് യൂണിറ്റുകൾ എന്നിവ നൽകിവരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയതിലൂടെ മാത്രം സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 96899.52 മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും സാധിച്ചു. 2018-19 സാമ്പത്തിക വർഷത്തിൽ ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതി പ്രകാരം വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 1 കോടി പച്ചക്കറി വിത്ത് പാക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്തു. കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് സൗജന്യമായി നൽകി. എന്നാൽ അപ്രതീക്ഷിതമായുണ്ടായ പ്രളയംമൂലം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവന്ന പദ്ധതിയിൽ പച്ചക്കറി വിള വിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വിളനാശം സംഭവിക്കുകയുണ്ടായി. ഈ സ്ഥിതിയിൽനിന്നും കർഷകരെ പുനരുജ്ജീവിപ്പിക്കുന്നതിന് 'പുനർജ്ജനി' എന്ന പദ്ധതിയിലൂടെ 1 കോടി പച്ചക്കറി തൈകളും 77 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം ചെയ്തു. ഇതിലൂടെ 35391 ഹെക്ടർ സ്ഥലത്തേയ്ക്ക് പച്ചക്കറി കൃഷി പുനഃസ്ഥാപിക്കുകയും 1.85 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും സാധിക്കുകയുണ്ടായി.

2019-20 സാമ്പത്തിക വർഷം 92000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനും 14.70 ലക്ഷം മെട്രിക് ടണ്ണായി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

(സി) ഉത്തമ കാർഷികമുറ കൃഷി രീതി അവലംബിച്ച് കർഷകർ ഉൽപ്പാദിപ്പിച്ച പച്ചക്കറികൾ വി.എഫ്.പി.സി.കെ. ഓണക്കാലത്ത് നടത്തിയ ചില്ലറ വില്പനശാലകൾ വഴി ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 3.9 ടൺ പച്ചക്കറികളാണ് വിതരണം നടത്തിയത്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അന്യസംസ്ഥാന ജില്ലയിലെ കർഷക

കൂട്ടായ്മകളിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും ഗുണനിലവാരം ഉറപ്പുവരുത്തി സംഭരിച്ച് ഹോർട്ടികോർപ്പ് വഴിയും വിപണനം നടത്തുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ അധീനതയിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികൾ, 5 ജില്ലാതല സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കർഷകർ/കർഷക കൂട്ടായ്മകൾ നേരിട്ട് പഴം-പച്ചക്കറി ഇടനിലക്കാരെ ഒഴിവാക്കി വ്യാപാരികൾക്ക് ലേല സംവിധാനത്തിലൂടെ നൽകുന്ന സാഹചര്യം നിലവിലുണ്ട്.

ഇതുകൂടാതെ പച്ചക്കറി വികസന പദ്ധതി, കാർഷിക വിപണി ശക്തിപ്പെടുത്തൽ, ജൈവകൃഷി പദ്ധതി എന്നീ പദ്ധതികൾ മുഖേന സംസ്ഥാനത്തുടനീളം കർഷക വിപണികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കാർഷിക വിപണി ശക്തിപ്പെടുത്തൽ പദ്ധതി പ്രകാരം 400 ആഴ്ചചന്തകളും 213 ഇക്കോഷോപ്പുകളും ജൈവകൃഷി പദ്ധതിപ്രകാരം 241 ഇക്കോഷോപ്പുകളും, പച്ചക്കറി വികസന പദ്ധതി പ്രകാരം 26 ബി.എൽ.എഫ്.ഒ. വിപണികളും 128 ക്ലസ്റ്റർ മാർക്കറ്റുകളും സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ വഴി സംഭരിച്ച് വിപണനം നടത്തുമ്പോൾ കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി മാർക്കറ്റിംഗ് സെയിൽസ് പ്രൊമോഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം 232 ലക്ഷം രൂപയും മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതി പ്രകാരം 17 ലക്ഷം രൂപയും വിലയിടിവ് വരുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിനായി 96.5 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

## ഇതരസംസ്ഥാന പച്ചക്കറികളിലെ കീടനാശിനിയുടെ അളവ് പരിശോധിക്കാൻ നടപടി

29(3302) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽനിന്നും കീടനാശിനികളും വിഷാംശവും കലർന്ന പച്ചക്കറികൾ കേരളത്തിലേയ്ക്ക് എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ ഒരുവർഷത്തിനിടെ ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കുറ്റക്കാർക്കെതിരെ എന്തൊക്കെ ശിക്ഷാനടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ;

(ബി) കീടനാശിനികൾ കലർന്ന പച്ചക്കറികൾ കേരളത്തിലേയ്ക്ക് എത്താതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഇതരസംസ്ഥാന പച്ചക്കറികളിലെ കീടനാശിനിയുടെ അളവ് പരിശോധിച്ചിട്ടുണ്ടോ; പരിശോധനാഫലം ലഭ്യമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ പച്ചക്കറിയിലുമുള്ള കീടനാശിനികളുടെ അളവും അവ എത്രത്തോളം മനുഷ്യശരീരത്തിന് ഹാനികരമാണ് എന്നതും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതരസംസ്ഥാനങ്ങളിൽനിന്നും കീടനാശിനികളും വിഷാംശവും കലർന്ന പച്ചക്കറികൾ കേരളത്തിലേയ്ക്ക് എത്തുന്നത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്യുന്നതും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതും ഭക്ഷ്യ സുരക്ഷാ വകുപ്പാണ്. ഇതരസംസ്ഥാനങ്ങളിൽനിന്നും വരുന്നതുൾപ്പെടെയുള്ള പച്ചക്കറികൾ പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 258 പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ രണ്ട് സാമ്പിളുകളിൽ (കറിവേപ്പില, കാരറ്റ്) കീടനാശിനിയുടെ സാന്നിധ്യം കണ്ടെത്തി. ഈ കാലയളവിൽ ഒരു പ്രോസിക്യൂഷൻ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാരറ്റിന്റെ സാമ്പിൾ റഫറൽ ലാബിൽ തുടർപരിശോധനയിൽ Conformed to Standards ആയി റിപ്പോർട്ട് ലഭിച്ചതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) കീടനാശിനി കലർന്ന പച്ചക്കറികൾ കേരളത്തിലേയ്ക്ക് എത്തുന്നത് തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് അതിർത്തിയിൽ പരിശോധനകൾ നടത്തുന്നുണ്ട്.

സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു.

(സി) സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ "സേഫ് റ്റു ഈറ്റ്" എന്ന പദ്ധതി ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, നേരിട്ടുള്ള വിപണികൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ (അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്നതുൾപ്പെടെയുള്ള) ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. പ്രസ്തുത ഫലത്തിൽ ഈ ഉൽപ്പന്നങ്ങളിൽ കണ്ടെത്തിയിട്ടുള്ള വിഷാംശത്തിന്റെ തോതും ഹാനികരമാകാത്ത തോതും രേഖപ്പെടുത്തിയിട്ടുണ്ട്.

## പച്ചക്കറികളുടെ ഗുണനിലവാര പരിശോധന

30(3303) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ വിപണിയിലേയ്ക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്തെ അതിർത്തികളിൽ സ്ഥിരം പരിശോധനാ സംവിധാനം ഉണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലായെങ്കിൽ അതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ ?

### ഉത്തരം

(എ&ബി) ഇതരസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെ വിപണിയിലേയ്ക്ക് കൊണ്ടുവരുന്ന പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥിരം പരിശോധനാ സംവിധാനം സജ്ജമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ഭക്ഷ്യസുരക്ഷാ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് ഇവ പരിശോധിക്കുന്നതിനുള്ള സ്ഥിരം സംവിധാനം നിലവിലില്ല. എന്നാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിൽ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്താറുണ്ട്.

**പച്ചക്കറികളുടെ ഓൺലൈൻ വിതരണം**

31(3304) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികൾ കഷ്ണങ്ങളാക്കി പാക്ക് ചെയ്ത് ഓൺലൈനായി വിതരണം ചെയ്യുന്നതിന് ഹോർട്ടികോർപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഏതൊക്കെ ജില്ലകളിലാണ് ഇത് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിനായി പുതിയ മെഷീനറികൾ സ്ഥാപിച്ചിട്ടുണ്ടോ; ഇതിന് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിനായി പുതിയതായി ജീവനക്കാരെ നിയമിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ ആനയറയിൽ ആരംഭിച്ച കട്ട് പച്ചക്കറി യൂണിറ്റിൽനിന്നും പരീക്ഷണാടിസ്ഥാനത്തിൽ കഷണങ്ങളാക്കിയ പച്ചക്കറികൾ ഓൺലൈനായി വിപണനം നടത്താനുള്ള നടപടികൾ ആരംഭിച്ചു.

(ബി) ഉണ്ട്. മെഷീനുകൾ വാങ്ങുന്നതിനായി 4,41,438 രൂപയാണ് ചെലവഴിച്ചത്.

(സി) ഇല്ല.

**നെൽകർഷകർക്കുള്ള സാമ്പത്തിക സഹായം**

32(3305) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നെല്ല് സംഭരണം ആരംഭിക്കുവാൻ വൈകിയതുകാരണം നെൽകർഷകർക്ക് നെല്ല് കിട്ടിയവിലക്ക് ഓപ്പൺ മാർക്കറ്റിൽ വിറ്റഴിക്കേണ്ടി വന്ന നിസ്സഹായാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെൽകർഷകർക്ക് നെല്ലിന്റെ വിൽപ്പനയിൽ ഉണ്ടായ നഷ്ടം, കാലാവസ്ഥ മോശമായതിനെത്തുടർന്ന് വിളവ് പൂർണ്ണമായി കൊയ്തെടുക്കുവാൻ പറ്റാതായതുകൊണ്ടുണ്ടായ നഷ്ടം എന്നിവയ്ക്ക് നഷ്ടപരിഹാരമായി സംസ്ഥാന സർക്കാർ കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പ്രതികൂല കാലാവസ്ഥയിൽ കൊയ്തെടുത്ത നെല്ലിന് ആവശ്യമായ ഉണക്ക് പോരാത്തതിന്റെ പേരിൽ മില്ലുടമകൾ നെല്ല് സംഭരണം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന് പരിഹാരമായി നെല്ല് ഉണക്കുന്ന മെഷീൻ പാടശേഖരസമിതികൾ മുഖേന വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പാലക്കാട് ജില്ലയിലെ പട്ടാമ്പി, ഷൊർണ്ണൂർ, പാലക്കാട്, മലമ്പുഴ എന്നീ ബ്ലോക്കുകളിലും ആലത്തൂർ ബ്ലോക്കിലെ കണ്ണമ്പ്ര കൃഷിഭവനിലും കർഷകർ നെല്ല് കിട്ടിയ വിലയ്ക്ക് ഓപ്പൺ മാർക്കറ്റിൽ വിറ്റഴിക്കേണ്ടിവന്നിട്ടുണ്ട്. കുഴൽമന്ദം ബ്ലോക്കിലെ തേങ്കുറിശ്ശി, കുഴൽമന്ദം എന്നീ കൃഷിഭവനുകളിൽ കൊയ്ത്തിന്റെ ആദ്യഘട്ടത്തിൽ ഇപ്രകാരം നെല്ല് വിറ്റഴിക്കേണ്ടിവന്നിട്ടുണ്ട്. നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്യാത്ത കർഷകരാണ് ഓപ്പൺ മാർക്കറ്റിൽ നെല്ല് വിറ്റഴിക്കേണ്ടിവന്നത്. വിലയിൽ വലിയ വ്യത്യാസമില്ലാത്ത സാഹചര്യത്തിലാണ് കർഷകർ സ്വന്തം ഇഷ്ടപ്രകാരം നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്യാതെ വിറ്റഴിച്ചത്.

(ബി) പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിന് നഷ്ടപരിഹാരം സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്നുണ്ട്.

(സി) ഉണ്ട്. പാലക്കാട് ജില്ലയിലെ പട്ടാമ്പി, ഷൊർണ്ണൂർ, പാലക്കാട്, മലമ്പുഴ എന്നീ ബ്ലോക്കുകളിലും ആലത്തൂർ ബ്ലോക്കിലെ പുതുക്കോട് കൃഷിഭവനിലെ ഒരു പാടശേഖര സമിതിയും ഇപ്രകാരം നെല്ല് സംഭരണം നടത്തിയിട്ടില്ല.

(ഡി) സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ എന്ന പദ്ധതി പ്രകാരം ആവശ്യക്കാർക്ക് നെല്ല് ഉണക്കുന്ന മെഷീൻ നൽകിവരുന്നുണ്ട്. കുഴൽമന്ദം ബ്ലോക്കിലെ തേങ്കുറിശ്ശി, കുഴൽമന്ദം എന്നീ കൃഷിഭവനുകളിൽ ഹരിത മിത്ര സൊസൈറ്റി വഴി കർഷകർക്ക് ഉണക്കുയന്ത്രം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നെല്ലുൽപ്പാദനം**

33(3306) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ എത്ര ഏക്കർ സ്ഥലത്താണ് അധികമായി നെല്ല് ഉത്പാദനം നടത്താൻ കഴിഞ്ഞതെന്നും ശരാശരി എത്ര ടൺ നെല്ലാണ് ഉത്പാദിപ്പിച്ചതെന്നും വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ മുഖേന നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 196870 ഹെക്ടർ നെൽകൃഷിയിൽനിന്നും 2017-18-ൽ 220449 ഹെക്ടറായി നെൽകൃഷി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

2016-17-ൽ 682004.69 മെട്രിക് ടൺ നെല്ലായിരുന്നു ഉൽപ്പാദിപ്പിച്ചത്. 2017-18-ൽ 814546.88 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-19-ൽ പ്രകൃതിക്ഷോഭംമൂലം വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായിട്ടും 864143.98 മെട്രിക് ടൺ നെല്ല് ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. 2016-ലെ ഉൽപ്പാദനത്തേക്കാൾ 26.7% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നെൽകൃഷിയിലേയ്ക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കിക്കൊണ്ടുവരുന്നതിനുവേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിന് ഒന്നാം വർഷത്തെ കൃഷിക്ക് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാംവർഷം 4,500 രൂപയും നൽകുന്നു. 2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11936.0781 ഹെക്ടർ തരിശുനില കൃഷിയിലേയ്ക്ക് കൊണ്ടുവന്നു (2016-17-ൽ 2782.3857 ഹെക്ടറും 2017-18-ൽ 5485.686 ഹെക്ടറും 2018-19-ൽ 3668.0064 ഹെക്ടറും). നടപ്പുവർഷവും 3000 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി നടപ്പാക്കും.

## വയനാട് ജില്ലയിൽ നെൽകൃഷിയിലുണ്ടായ വർദ്ധനവ്

34(3307) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽക്കൃഷിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ 2016-17-ൽ 7822 ഹെക്ടർ സ്ഥലത്തും 2017-18-ൽ 8111 ഹെക്ടറിലും 2018-19-ൽ 7266.06 ഹെക്ടറിലും നെൽകൃഷി ചെയ്തു. 2018 ആഗസ്റ്റിലെ പ്രളയത്തിൽ 980.7 ഹെക്ടർ നെൽകൃഷി നഷ്ടപ്പെട്ടതുകൊണ്ടാണ് 2018-19-ൽ വിസ്തൃതി കുറഞ്ഞത്.

(ബി) സംസ്ഥാനാവിഷ്കൃത പദ്ധതിയായ സമഗ്ര നെൽകൃഷി വികസന പദ്ധതി, പ്രത്യേക കാർഷിക മേഖലാ പദ്ധതിയുടെ ഭാഗമായ സവിശേഷ നെല്ലിനങ്ങളുടെ കൃഷി, വയനാട് പാക്കേജ് പ്രകാരമുള്ള മൂല്യവർദ്ധനവ് എന്നിവ പ്രകാരം വയനാട് ജില്ലയിൽ നെൽകൃഷി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## നെല്ല് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റുന്നതിനുള്ള നടപടി

35(3308) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നെല്ല് സംസ്കരിച്ച് അരിയും മൂല്യവർദ്ധിത ഉല്പന്നങ്ങളുമാക്കി മാറ്റുന്നതിനും കർഷകർക്ക് കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

2017-18 സാമ്പത്തിക വർഷത്തിലെ സമഗ്ര നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം മിനി റൈസ് മില്ലുകളും നെല്ല് പുഴുങ്ങിക്കുത്തി അരിയും അരി ഉൽപ്പന്നങ്ങളുമാക്കി വിപണനം നടത്തുന്ന പ്രോസസിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ആനുകൂല്യം

നൽകിയിരുന്നു. പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകളും പ്രോസസിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനാണ് ധനസഹായം നൽകിയത്. അപ്രകാരം കാസർകോഡ് 121, കണ്ണൂർ 228, എറണാകുളം 15, മലപ്പുറം 40, തൃശ്ശൂർ 8, പാലക്കാട് 3 എന്നിങ്ങനെ 415 മിനി റൈസ് മില്ലുകളും കോഴിക്കോട് 3, കൊല്ലം 2, ആലപ്പുഴ 7, പാലക്കാട് 3, കോട്ടയം 1 എന്നിങ്ങനെ 16 പ്രോസസിംഗ് യൂണിറ്റുകളും സ്ഥാപിച്ചു.

നടപ്പുവർഷം റൈസ് മില്ലുകളും പ്രോസസിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനായി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## കൈപ്പാട് കൃഷി

36(3309) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന്, കണ്ണപുരം, ഏഴോം, പട്ടുവം ഗ്രാമപഞ്ചായത്തുകളിൽ കൈപ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി നബാർഡിൽനിന്നും ലഭ്യമാക്കിയ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ നിർമ്മാണപുരോഗതി അറിയിക്കാമോ;

(ബി) കൈപ്പാട് മേഖലകളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കൈപ്പാട് നില വികസന പ്രവൃത്തികൾക്ക് ചെറുകുന്ന്, കണ്ണപുരം, ഏഴോം, പട്ടുവം എന്നീ 4 പഞ്ചായത്തുകളിൽ 1023.51 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് ഭരണാനുമതി നൽകിയിട്ടുണ്ട്. ചെറുകുന്ന് പഞ്ചായത്തിലെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. കണ്ണപുരം പഞ്ചായത്തിലെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. പട്ടുവം പഞ്ചായത്തിൽ അരിയിൽ പാടശേഖരത്തിന്റെ പുറംബണ്ടിന്റെ നിർമ്മാണം 800 മീറ്റർ പൂർത്തിയാക്കിയിട്ടുണ്ട്. സ്ലൂയിസുകളുടെ തോടിന്റെ ആഴം കൂട്ടൽ, പറന്പൂർ പാടശേഖരത്തിന്റെ പുറംതോടിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. ഏഴോം പഞ്ചായത്തിലെ പ്രവൃത്തികൾ സ്ഥലം ഉടമയുമായുള്ള തർക്കം കാരണം കോടതിയുടെ പരിഗണനയിലായതിനാൽ കാലതാമസമുണ്ടായിട്ടുണ്ട്. എന്നാൽ ടി പദ്ധതിയിൽ ഉൾപ്പെട്ട ഇടബണ്ടിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) തരിശുരഹിത കൈപ്പാട് എന്ന പേരിൽ കണ്ണൂർ ജില്ലാപഞ്ചായത്ത് 70 ലക്ഷം രൂപ വകയിരുത്തി ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺ പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി പൂർത്തീകരിച്ചിട്ടുണ്ട്.

1. ഏഴോം കൃഷി ഭവൻ പരിധിയിലെ ചെങ്കൽ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം 6,13,204 രൂപ
2. പട്ടുവം കൃഷി ഭവൻ പരിധിയിലെ കയ്യം പറന്പൽ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം 12,22,569 രൂപ.
3. ചെറുകുന്ന് കൃഷിഭവൻ പരിധിയിലെ ഒദയംമാടം കൈപ്പാട് പാടശേഖരത്തിലെ തോട് ആഴം കൂട്ടൽ- 10,30,893 രൂപ

ചെറുകുന്ന് പഞ്ചായത്തിലെ തെങ്ങിക്കണ്ടി മുതൽ മുട്ടിൽ അണക്കെട്ട് വരെയുള്ള ബണ്ടിന്റെയും സ്ലൂയിസുകളുടെയും നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ 'Rebuild Kerala Initiative' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

**നെൽകൃഷി**

37(3310) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി വർഷം തോറും കുറഞ്ഞുവരുന്നുവെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) നെൽകൃഷിയുടെ വിസ്തൃതി നിലവിൽ ഉള്ളതിൽ നിന്നും ഇനിയും കുറയാതിരിക്കുവാനും നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) നെൽകൃഷി ലാഭകരമാക്കുന്നതിനും കൂടുതൽ കർഷകരെ ഈ മേഖലയിൽ എത്തിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ സർക്കാർതലത്തിൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞിട്ടില്ല എന്നുമാത്രമല്ല, വിസ്തൃതി വർദ്ധിക്കുകയും ചെയ്തു. 2015-16 സാമ്പത്തിക

വർഷം ഉണ്ടായിരുന്ന 1,96,870 ഹെക്ടർ നെൽകൃഷിയിൽനിന്നും 2017-18-ൽ 220449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നു. ഈ പഞ്ചവത്സര പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലുള്ള നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടറാക്കുന്നതിനായിരുന്നു സർക്കാർ ലക്ഷ്യമിട്ടിരുന്നത്. 2018 ആഗസ്റ്റിലെ മഹാപ്രളയവും 2019 ജൂൺ-ജൂലൈ മാസങ്ങളിലെ വരൾച്ചയും ആഗസ്റ്റ് മാസത്തിലെ പ്രളയവും വിസ്തൃതി വ്യാപനത്തിന് അനല്പമായ തടസ്സം സൃഷ്ടിച്ചു.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിന് ഹെക്ടറിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് ഹെക്ടറൊന്നിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശുനിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാംവർഷം 30,000 രൂപയും രണ്ടാംവർഷം 7,000 രൂപയും മൂന്നാംവർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. നെല്ലിന് കുമ്മായ വസ്തുക്കൾ നൽകുന്നതിന് 5,400 രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിന് 500 രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ഹെക്ടറിന് 360 രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്.

നെൽകർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം കൂലിച്ചെലവ് സബ്സിഡി 17,500 രൂപ വരെ നൽകാൻ കഴിയും. നെൽവിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രസർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, RAD-NMSA, ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ, സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗം, സസ്യസംരക്ഷണം, കാർഷിക യന്ത്രവത്കരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക മുൻകൈ സംരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകും. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ താഴെയുള്ള അത്യുൽപ്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ കൂടുതലുള്ള അത്യുൽപ്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും നൽകും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകും.

RAD-NMSA പദ്ധതി പ്രകാരം തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിന് ഹെക്ടറൊന്നിന് 50% സബ്സിഡി (പരമാവധി 10,000 രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങുന്നതിനും മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുള്ള പരിപോഷണവസ്തുക്കളുടെ പ്രയോഗത്തിനും മണ്ണ്-ജല സംരക്ഷണത്തിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകവും നടപ്പാക്കുന്നു. ഇതുപ്രകാരം കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 3,500 രൂപയുടെ ധനസഹായം നൽകുന്നു.

**രാഷ്ട്രീയ കൃഷി വികാസ് യോജന**

38(3311) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചതെന്നും അതുമൂലമുണ്ടായ പുരോഗതി എന്തെല്ലാമെന്നും വിശദമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ പ്രോഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് എന്ന പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികൾ എന്തെല്ലാമാണ്; ഇത് നെൽകൃഷി മേഖലയിൽ എന്തെല്ലാം ഗുണകരമായ മാറ്റങ്ങൾക്കാണ് വഴിയൊരുക്കിയതെന്ന് വെളിപ്പെടുത്തുമോ;

(സി) സുസ്ഥിര ആശയങ്ങൾ നെൽകൃഷിയിൽ നടപ്പിലാക്കുന്നതിനായി പദ്ധതിയധിഷ്ഠിത നൂതന പരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിന് ഹെക്ടറിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് ഹെക്ടറൊന്നിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയുമാണ് ധനസഹായമായി നൽകുന്നത്. തരിശുനിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാംവർഷം 30,000 രൂപയും രണ്ടാംവർഷം 7,000 രൂപയും മൂന്നാംവർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. നെല്ലിന് കുമ്മായ വസ്തുക്കൾ നൽകുന്നതിന് 5,400 രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിന് 500 രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ഹെക്ടറിന് 360 രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്. നെൽകർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1,000 രൂപ നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ സബ്സിഡിയായി 17,000 രൂപ വരെ നൽകാൻ കഴിയും. നെൽവിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

ഇതുമൂലം 2015-16 സാമ്പത്തിക വർഷമുണ്ടായിരുന്ന നെൽകൃഷി വിസ്തൃതി 196870 ഹെക്ടറിൽനിന്നും 2017-18-ൽ 220449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചു.

2016-17-ൽ 436483 മെട്രിക് ടൺ അരിയായിരുന്നു ഉൽപ്പാദിപ്പിച്ചത്. ഇത് 2017-18-ൽ 617260 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-19-ൽ പ്രകൃതിക്ഷോഭംമൂലം വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായിട്ടും 578255.62 മെട്രിക് ടൺ അരി ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം ഉണ്ടായിട്ടുപോലും 2016-17 വർഷത്തേക്കാൾ 26% ഉൽപ്പാദന വർദ്ധനവ് 2018-19-ൽ ഉണ്ടായിട്ടുണ്ട്.

(ബി) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകം പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയിരുന്നു. (2016-17, 2017-18 വർഷങ്ങളിൽ പ്രസ്തുത ഘടകത്തിന് അംഗീകാരം ലഭിച്ചിരുന്നില്ല.) ഇതുപ്രകാരം നെൽവിത്തിന് ഹെക്ടറിന് 1,000 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4,500 രൂപയുടെ ധനസഹായം നൽകുകയുണ്ടായി.

2019-20 വർഷവും ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്. എന്നാൽ പദ്ധതിയിൽ നെൽവിത്തിന് ആനുകൂല്യം ഉൾപ്പെടുത്തിയിട്ടില്ല. പകരം നെല്ലിന്റെ മൂല്യവർദ്ധനവിനായി 125 ലക്ഷം രൂപ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്.

(സി) 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ നെൽവർഷമായി ആചരിച്ചതിന്റെ ഭാഗമായിട്ടാണ് പദ്ധതിയധിഷ്ഠിത നൂറിന പരിപാടി നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ മറ്റ് ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുൽപ്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായിക വിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുകയായിരുന്നു പ്രധാന ലക്ഷ്യം. ഈ പദ്ധതിയധിഷ്ഠിത ഘടകം 2017-18 സാമ്പത്തിക വർഷവും 2018-19 സാമ്പത്തിക വർഷവും നടപ്പിലാക്കി.

(ഡി) ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കുന്നതിനായി ഹെക്ടറൊന്നിന് 10,000 രൂപ ധനസഹായം നൽകുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം 88.452 ഹെക്ടർ സ്ഥലത്തും 2017-18-ൽ 3136.06 ഹെക്ടർ സ്ഥലത്തും 2018-19-ൽ 1783.7554 ഹെക്ടർ സ്ഥലത്തും ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കി.

## തൃശ്ശൂർ ജില്ലയിലെ ഇരുപ്പൂകൃഷി

39(3312) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഇത്തവണ ഇരുപ്പൂകൃഷി ഇറക്കിയ കർഷകരുടെ ഞാറ്റടികളും വിത്തും പ്രളയത്തിൽ നശിച്ചതിനാൽ വീണ്ടും കൃഷി ഇറക്കുന്നതിന് വിത്ത്ക്ഷാമം നേരിടുന്നതിനാൽ വിത്ത് ലഭ്യമാക്കാനും കൃഷിയ്ക്കാവശ്യമായ മറ്റ് സഹായങ്ങൾ ചെയ്യാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) ജില്ലാതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞാറ്റടികളും വിത്തും നശിച്ചുപോയ പാടശേഖര സമിതികൾക്ക് പുതുതായി വിതയ്ക്കുന്നതിനായി ആകെ 775 ഹെക്ടറിലേയ്ക്ക് 618.72 ടൺ നെൽവിത്ത് ആവശ്യമായി വരും. അത് ലഭ്യമാക്കാൻ സംസ്ഥാന വിത്തുവികസന അതോറിറ്റിയിലേയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ഏകദേശം 400 ടൺ വിത്ത് ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. ശേഷിച്ച വിത്തുകൾ നവംബർ രണ്ടാമത്തെ ആഴ്ചയോടെ വിതരണം ചെയ്യാനാകും.

(ബി) ബാധകമല്ല.

## നെൽകൃഷി വ്യാപിപ്പിക്കാൻ സ്വീകരിച്ച നടപടി

40(3313) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ടായിരുന്നു; വ്യക്തമാക്കുമോ;

(ബി) 2019-20 സാമ്പത്തിക വർഷം എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്; അറിയിക്കുമോ;

(സി) നെൽകൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു.

(ബി) 2017-18-ൽ 220449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് സാധിച്ചു. 2018 ആഗസ്റ്റ് മാസത്തിൽ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19-ൽ 202985 ഹെക്ടറിൽ നെൽകൃഷി നിലനിർത്താൻ സാധിച്ചു. 2019-20 സാമ്പത്തിക വർഷത്തിലെ ഒന്നാം വിളയിൽ പ്രളയവും വരൾച്ചയും കാരണം 17500 ഹെക്ടറിലെ കൃഷി നശിച്ചുപോയതിനാൽ 58291 ഹെക്ടറിൽ മാത്രമേ കൃഷി ഇറക്കാൻ സാധിച്ചിട്ടുള്ളൂ. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ഇരുപ്പൂവും രണ്ടാംവിളയും കൃഷി ചെയ്യുമ്പോൾ മുൻവർഷത്തേക്കാൾ നെൽകൃഷി വർദ്ധിക്കുന്നതാണ്.

(സി) സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിന് ഹെക്ടറിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് ഹെക്ടറൊന്നിന് 10,000 രൂപയും കരനെൽ കൃഷിക്ക്

13,600 രൂപയും ധനസഹായമായി നൽകുന്നു. തരിശുനിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാംവർഷം 30,000 രൂപയും രണ്ടാംവർഷം 7,000 രൂപയും മൂന്നാംവർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. നെല്ലിന് കുമ്മായ വസ്തുക്കൾ നൽകുന്നതിന് 5,400 രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിന് 500 രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ഹെക്ടറിന് 360 രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായവും നൽകുന്നുണ്ട്.

നെൽകർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1,000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം കൂലിച്ചെലവ് സബ്സിഡി 17,500 രൂപ വരെ നൽകാൻ കഴിയും. നെൽവിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, RAD-NMSA, ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ, സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗം, സസ്യ സംരക്ഷണം, കാർഷിക യന്ത്രവൽക്കരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക മുൻകൈ സംരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകും. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ താഴെയുള്ള അത്യുൽപ്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ കൂടുതലുള്ള അത്യുൽപ്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും നൽകും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന്

500 രൂപയും ആനുകൂല്യം നൽകും. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രെയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകും.

RAD-NMSA പദ്ധതി പ്രകാരം തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിന് ഹെക്ടറൊന്നിന് 50% സബ്സിഡി (പരമാവധി 10,000 രൂപ) നൽകുന്നുണ്ട്. ജലസേചന ഉപകരണങ്ങൾ വാങ്ങുന്നതിനും മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുള്ള പരിപോഷണ വസ്തുക്കളുടെ പ്രയോഗത്തിനും മണ്ണ്-ജല സംരക്ഷണത്തിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകവും നെൽകൃഷി വികസനത്തിനായി നടപ്പാക്കുന്നു. ഇതുപ്രകാരം കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 3,500 രൂപയുടെ ധനസഹായം നൽകുന്നു.

## നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി

41(3314) ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ആയത് പ്രോത്സാഹിപ്പിക്കുന്നതിനും നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2016-ന് ശേഷം നെല്ലുൽപാദനത്തിൽ ഉണ്ടായ വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കൃഷിഭൂമിയുടെ വിസ്തൃതിയിൽ ഉണ്ടായ കുറവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) എങ്കിൽ തരിശ്ശായി കിടക്കുന്ന വയലുകളും കോൾ നിലങ്ങളും കൃഷി ചെയ്യുന്നതിനും കരനെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഉടമസ്ഥർ കൃഷി ചെയ്യാതെ തരിശിടുന്ന പ്രദേശങ്ങളിൽ പ്രാദേശിക സ്വയം സഹായ സംഘങ്ങൾക്ക് കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞിട്ടില്ല എന്നുമാത്രമല്ല, വിസ്തൃതി വർദ്ധിക്കുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 196870 ഹെക്ടർ നെൽകൃഷിയിൽനിന്നും 2017-18-ൽ 220449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയമുണ്ടായിട്ടുപോലും 2018-19 വർഷത്തിൽ 2016-17 വർഷത്തേക്കാൾ 26% നെല്ല് ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണംവഴി നടപ്പിലാക്കുന്ന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നു. ഈ പഞ്ചവത്സര പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലുള്ള നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടറാക്കുന്നതിനായിരുന്നു സർക്കാർ ലക്ഷ്യമിട്ടിരുന്നത്. 2018 ആഗസ്റ്റിലെ മഹാപ്രളയവും 2019 ജൂൺ-ജൂലൈ മാസങ്ങളിലെ വരൾച്ചയും ആഗസ്റ്റ് മാസത്തിലെ പ്രളയവും വിസ്തൃതി വ്യാപനത്തിന് അനല്പമായ തടസ്സം സൃഷ്ടിച്ചു.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിന് ഹെക്ടറിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് ഹെക്ടറൊന്നിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശുനിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാംവർഷം 30,000 രൂപയും രണ്ടാംവർഷം 7,000 രൂപയും മൂന്നാംവർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. നെല്ലിന് കുമ്മായ

വസ്തുക്കൾ നൽകുന്നതിന് 5,400 രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിന് 500 രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ഹെക്ടറിന് 360 രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്.

നെൽകർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം കൂലിച്ചെലവ് സബ്സിഡി 17,500 രൂപവരെ നൽകാൻ കഴിയും. നെൽവിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, RAD-NMSA, ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ, സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗം, സസ്യസംരക്ഷണം, കാർഷിക യന്ത്രവൽക്കരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക മുൻകൈ സംരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകുന്നുണ്ട്. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ താഴെയുള്ള അത്യുൽപ്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ കൂടുതലുള്ള അത്യുൽപ്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും നൽകുന്നുണ്ട്. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകുന്നുണ്ട്. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകുന്നുണ്ട്.

RAD-NMSA പദ്ധതി പ്രകാരം തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിന് ഹെക്ടറൊന്നിന് 50% സബ്സിഡി (പരമാവധി 10,000 രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുള്ള പരിപോഷണ വസ്തുക്കളുടെ പ്രയോഗത്തിനും മണ്ണ്-ജല സംരക്ഷണത്തിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകവും നടപ്പാക്കുന്നു. ഇതുപ്രകാരം കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 3,500 രൂപയുടെ ധനസഹായം നൽകും.

(ബി) 2016-17-ൽ 682004.69 മെട്രിക് ടൺ നെല്ലായിരുന്നു ഉൽപ്പാദിപ്പിച്ചത്. 2017-18-ൽ 814546.88 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-19-ൽ പ്രകൃതിക്ഷോഭംമൂലം വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായിട്ടും 864143.98 മെട്രിക് ടൺ നെല്ല് ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. 2016-ലെ ഉൽപ്പാദനത്തേക്കാൾ 26.7% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) കൃഷിഭൂമിയുടെ വിസ്തൃതിയിൽ കുറവുണ്ടായിട്ടില്ല. 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 196870 ഹെക്ടർ നെൽകൃഷിയിൽനിന്നും 2017-18-ൽ 220449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്. അതായത് 2015-16 സാമ്പത്തിക വർഷം നിലവിലുണ്ടായിരുന്നതിനേക്കാൾ 6115 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്തിട്ടുണ്ട്.

(ഡി) നെൽകൃഷിയിലേയ്ക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കിക്കൊണ്ടു വരുന്നതിനുവേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിന് ഒന്നാംവർഷത്തെ കൃഷിക്ക് 30,000 രൂപയും രണ്ടാംവർഷം 7,000 രൂപയും മൂന്നാംവർഷം 4,500 രൂപയും നൽകുന്നു. 2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11936.0781 ഹെക്ടർ തരിശുനില കൃഷിയിലേയ്ക്ക് കൊണ്ടുവന്നു ( 2016-17-ൽ 2782.3857 ഹെക്ടറും 2017-18-ൽ 5485.686 ഹെക്ടറും 2018-19-ൽ 3668.0064 ഹെക്ടറും). നടപ്പുവർഷവും 3000 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി നടപ്പാക്കും.

നാലുവർഷങ്ങളിലായി നടപ്പിലാക്കിവരുന്ന സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600 രൂപ സബ്സിഡി നൽകിവരുന്നു. മൂന്ന് വർഷങ്ങളിലായി 7715.20406 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി ചെയ്യാൻ സാധിച്ചു. (2016-17-ൽ 2752.092 ഹെക്ടറും 2017-18-ൽ 2624.64 ഹെക്ടറും 2018-19-ൽ 2338.47 ഹെക്ടറും).

(ഇ) പ്രാദേശിക സ്വയംസഹായ സംഘങ്ങൾക്ക് നിലവിലും തരിശുഭൂമി പാട്ടത്തിനെടുത്ത് നെൽകൃഷി ചെയ്യാവുന്നതാണ്. തരിശുകൃഷിയുടെ ആനുകൂല്യം ഹെക്ടറിന് 30,000 രൂപ നൽകുന്നത് 25,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും എന്ന നിലയ്ക്ക് വ്യവസ്ഥ ചെയ്തിരിക്കുന്നത് തരിശുനിലം ഏറ്റെടുത്ത് കൃഷി ചെയ്യുന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് തന്നെയാണ്.

## നെൽകർഷകർക്കുള്ള ആനുകൂല്യങ്ങളിൽ വർദ്ധനവ്

42(3315) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

ഉണ്ട്. സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറിന് 1,500 രൂപയായിരുന്ന ആനുകൂല്യം നൽകിയിരുന്നത്. ഈ സർക്കാർ നടപ്പിലാക്കിയ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറിന് 5,500 രൂപയാക്കി ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ട്.

നെൽകൃഷിക്കുള്ള കുമ്മായ വസ്തുക്കൾ നൽകുന്നതിനുള്ള ധനസഹായം ഹെക്ടറിന് 3,000 രൂപയിൽ നിന്ന് 5,400 രൂപയായി വർദ്ധിപ്പിച്ചു.

തരിശുനിലത്തിലെ കൃഷിക്ക് മൂന്നുവർഷത്തെ ആനുകൂല്യവും ഈ സർക്കാർ കൊണ്ടുവന്നതാണ്. അതിൻപ്രകാരം ഹെക്ടറൊന്നിന് ഒന്നാംവർഷം 30,000 രൂപയും രണ്ടാംവർഷം 7,000 രൂപയും മൂന്നാംവർഷം 4,500 രൂപയും ആനുകൂല്യമായി നൽകുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരനെൽകൃഷി പ്രോത്സാഹനത്തിന് ഹെക്ടറൊന്നിന് 13,600 രൂപ നൽകാൻ ആരംഭിച്ചു. മാത്രമല്ല ഒരുപ്പൂ നിലങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി ഇരുപ്പൂ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 10,000 രൂപ നൽകാനും വ്യവസ്ഥയുണ്ടാക്കി.

പദ്ധതിയധിഷ്ഠിതമായി അടിസ്ഥാന സൗകര്യ വികസനം, റൈസ് മിൽ സ്ഥാപിക്കൽ എന്നിവയ്ക്കും ആനുകൂല്യം നൽകിവരുന്നു.

ഇതിനുപുറമെ ഉൽപ്പാദിപ്പിക്കുന്ന നെൽ സംഭരിക്കുന്നത് കിലോയ്ക്ക് 26.95 രൂപയ്ക്കാണ്. ഇന്ത്യയിൽ നെല്ലിന് ഏറ്റവും ഉയർന്ന താങ്ങുവില നൽകുന്ന സംസ്ഥാനം കേരളമാണ്. കേന്ദ്രസർക്കാർ നൽകുന്ന താങ്ങുവില 18.15 രൂപ മാത്രമാണ്. സംസ്ഥാന സർക്കാർ 8.80 രൂപയും ചേർത്താണ് ഇത്രയും തുക നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിന്റെ താങ്ങുവിലയിൽ 5.45 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. നെൽകൃഷിക്ക് ഏർപ്പെടുത്തിയ സംസ്ഥാന വിള ഇൻഷ്വറൻസ് പ്രകാരം ഹെക്ടറൊന്നിന് നൽകുന്ന നഷ്ടപരിഹാര തുക 12,500 രൂപയായിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1995-ൽ ഏർപ്പെടുത്തിയ ഇൻഷ്വറൻസ് പ്രീമിയം തുകയായ ഹെക്ടറിന് 250 രൂപ എന്നത് വർദ്ധിപ്പിക്കാതെതന്നെ നഷ്ടപരിഹാര തുക 35,000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവിറക്കി.

## നെൽകൃഷിക്കാർക്കുള്ള ആനുകൂല്യ വിതരണം

43(3316) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്കാർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യപ്പെടാതെ തിരിച്ചുവരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം, തേങ്കുറിശ്ശി, എരിമയൂർ, മേലാർകോട്, ആലത്തൂർ, വണ്ടാഴി, കിഴക്കഞ്ചേരി തുടങ്ങിയ പഞ്ചായത്തുകളിൽ വിവിധ കാരണങ്ങളാൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യപ്പെടാതിരുന്ന കർഷക കുടുംബങ്ങളുടെ കണക്ക് വ്യക്തമാക്കാമോ;

(സി) കൃഷിയുടമ മരണപ്പെട്ട് യഥാസമയം ബന്ധപ്പെട്ട അവകാശികൾ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ ആനുകൂല്യം നഷ്ടപ്പെട്ട കർഷക കുടുംബങ്ങൾ എത്രയെന്നും ലഭിക്കേണ്ട തുകയെത്രയെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അർഹതപ്പെട്ട അപേക്ഷകർക്ക് ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് പരമാവധി ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ അപേക്ഷകൻ മരണപ്പെടുകയോ

അക്കൗണ്ട് ഇടപാടുകളില്ലാതെ ഡെഡ് അക്കൗണ്ട് ആകുകയോ അപേക്ഷയിൽ തരുന്ന IFSC തെറ്റായി രേഖപ്പെടുത്തുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ തുക അക്കൗണ്ടിലേയ്ക്ക് പോകാതെ വരാറുണ്ട്. അത് ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭിച്ചശേഷം പരിശോധിച്ച് പരമാവധി കേസുകളിൽ അവരവരുടെ അക്കൗണ്ടിലേയ്ക്ക് നൽകാറുണ്ട്.

(സി) അപേക്ഷകൻ (ബാങ്ക് അക്കൗണ്ട് ഉടമ) മരണപ്പെട്ടുപോകുന്ന സാഹചര്യത്തിൽ അക്കൗണ്ടിലേയ്ക്ക് കൊടുക്കുന്ന തുക അക്കൗണ്ടിലേയ്ക്ക് പോകാതെ വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. അത്തരം സാഹചര്യത്തിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭിക്കുമ്പോൾ അപേക്ഷകന്റെ മേൽവിലാസത്തിൽ ബന്ധപ്പെട്ട് മരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ബാങ്കിലേയ്ക്ക് എഴുതി നൽകുകയും അവകാശിക്ക് തുക നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. ആയതിനാൽ ഈ രീതിയിൽ ആനുകൂല്യം നഷ്ടപ്പെട്ട കർഷക കുടുംബങ്ങൾ ഇല്ല എന്ന് കാണുന്നു.

**നീര ഉൽപ്പാദകർ നേരിടുന്ന പ്രതിസന്ധി**

44(3317) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര ഉല്പാദക സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളികേര കർഷകർ വളരെയേറെ പ്രതീക്ഷയോടെ കാത്തിരുന്ന ഈ പദ്ധതി തുടക്കത്തിൽ തന്നെ പിന്നോട്ട് പോകുന്നതിന് ഉണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്;

(സി) നാളീകേര വികസന ബോർഡ് നീര ഉല്പാദകർക്കായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) നീര ഉല്പാദനത്തിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉല്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസിലെ ഓഡിറ്റ് വിഭാഗം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2012-ലെ സർക്കാർ ഉത്തരവ് പ്രകാരം ചെറുകിട കർഷകർക്ക് പെൻഷൻ അനുവദിച്ച കൃഷി ഓഫീസർമാരും അത് കൈപ്പറ്റിയ കർഷകരും ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഓഡിറ്റിൽ തടസ്സവാദമുന്നയിച്ചതുമൂലം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും അവരുടെ പെൻഷൻ തുക തിരിച്ച് പിടിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇടപെട്ട് കർഷകർക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വൈദഗ്ദ്ധ്യമുള്ള ടാപ്പിംഗ് തൊഴിലാളികളുടെ ലഭ്യതക്കുറവ്, നീര ടാപ്പിംഗ് അറിയാവുന്ന തൊഴിലാളികളുടെ ഈ മേഖലയിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്, നീര സംസ്കരണ കേന്ദ്രങ്ങളുടെ ആവശ്യത്തിനനുസരിച്ച് ആരോഗ്യമുള്ള തെങ്ങുകളുടെ അഭാവം, കുറഞ്ഞ നീര ഉൽപ്പാദനം എന്നീ കാരണങ്ങൾ നീര ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) നാളികേര വികസന ബോർഡ് 10 നാളികേര ഉൽപ്പാദന കമ്പനികൾക്ക് നീര യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം നൽകുകയുണ്ടായി. പ്രവർത്തന മൂലധനത്തിന്റെ 25% ബാക്ക് എൻഡ് ക്രെഡിറ്റ് സബ്സിഡിയായി (പരമാവധി 50 ലക്ഷം രൂപ) നീര പ്രോസസിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC) എന്ന സ്കീമിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത കമ്പനികൾക്ക് നൽകിയിട്ടുണ്ട്. നീര ടെക്നീഷ്യർക്കുള്ള ട്രെയിനിംഗ്, ട്രെയിനിംഗുകൾക്കുള്ള സാമ്പത്തിക സഹായം എന്നിവ ബോർഡ് നൽകിവരുന്നു. നീര പ്രോസസിംഗിനുള്ള സാങ്കേതികവിദ്യ നാളികേര ഉൽപ്പാദക കമ്പനികൾക്ക് സൗജന്യമായി നൽകിവരുന്നു. നീരയ്ക്കും അനുബന്ധ ഉൽപ്പന്നങ്ങൾക്കുമുള്ള മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള ജനറിക് പ്രൊമോഷൻ പ്രവർത്തനങ്ങളും ബോർഡ് നടത്തുന്നുണ്ട്. നീരയും മറ്റ് മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളും അന്താരാഷ്ട്ര-തദ്ദേശീയ എക്സിബിഷനുകളിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) കേരളത്തിലെ നാളികേര വികസനം ലക്ഷ്യമാക്കി നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നമായി നീര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പദ്ധതികൾ നടപ്പിലാക്കിവരികയും 2017-18 വരെ നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട് നാളികേര വികസന ബോർഡ് മുഖേന വിവിധ നാളികേര ഉൽപ്പാദക കമ്പനികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ധനസഹായം വായ്പാധിഷ്ഠിത സബ്സിഡിയായിട്ടാണ് നൽകിയത്. കേരളത്തിലെ നിലവിൽ നീര ഉൽപ്പാദിപ്പിക്കുന്ന പല നാളികേര കമ്പനികളും പല കാരണങ്ങളാലും അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഈ കമ്പനികളെ പുനരുദ്ധരിക്കുന്നതിനും പ്രവർത്തനസജ്ജമാക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടി കമ്പനികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്ത വായ്പാ കുടിശ്ശിക സ്റ്റാൻഡേർഡാക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകിയിരിക്കുന്ന സബ്സിഡി പ്രസ്തുത അക്കൗണ്ടുകളിലേയ്ക്ക് ക്രമീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ആഫീസറുടെ റിപ്പോർട്ട് പ്രകാരം കർഷകരുടെ ബാങ്ക് അക്കൗണ്ടിൽനിന്നും തിരിച്ചുപിടിക്കുന്നതിന് പകരം പിന്നീട് കർഷക പെൻഷൻ ഗഡുക്കൾ അനുവദിച്ചപ്പോൾ ആഡിറ്റ് തടസ്സവാദം ഉന്നയിച്ച് തുക കുറച്ച് ബാക്കി തുകയാണ് കർഷകർക്ക് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയത്. ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരഗ്രാമ പദ്ധതി മുഖേന തെങ്ങുകൃഷി**

45(3318) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതി പ്രകാരം സംസ്ഥാനത്ത് ഉണ്ടായ പുരോഗതിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുടങ്ങിയ കേരഗ്രാമ പദ്ധതി വഴി പുതുതായി എത്ര ഹെക്ടർ തെങ്ങു കൃഷി ആരംഭിച്ചിട്ടുണ്ടെന്നും ഈ മേഖലയിൽ എന്തൊക്കെ പുരോഗതിയാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പ് സുജലം-സുഫലം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾമൂലം പച്ചക്കറികൃഷി, നെൽകൃഷി മേഖലയിൽ വൻകുതിപ്പാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 29336.5 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി നടത്താൻ സാധിച്ചിട്ടുണ്ട്. നെൽകൃഷി മേഖലയെ നിലനിർത്താനും വിസ്തൃതി വർദ്ധിപ്പിക്കാനും സാധിച്ചു. 2015-16-ൽ 196870 ഹെക്ടർ വിസ്തൃതിയായിരുന്ന നെൽകൃഷി 2017-18-ൽ 220449 ഹെക്ടറായി വർദ്ധിച്ചു. പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 വർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചു.

പച്ചക്കറി, നെൽകൃഷി മേഖലകളിൽ വിളവിസ്തൃതി വ്യാപനം, ഉൽപ്പാദന വർദ്ധനവിനോടൊപ്പം ഒരു കാർഷിക സംസ്കാരം വളർത്തിയെടുക്കാനും കൂടുതൽ യുവാക്കളെയും വിദ്യാർത്ഥികളെയും വീട്ടമ്മമാരെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനും സാധിച്ചിട്ടുണ്ട്.

(ബി) 2016-17 വർഷം മുതൽ കേരഗ്രാമം പദ്ധതിയിലൂടെ പുതുതായി 2475.73 ഹെക്ടർ കേരകൃഷി ആരംഭിച്ചു. പ്രധാനമായും കേരഗ്രാമം പദ്ധതിയിലൂടെ നിലവിലുള്ള തെങ്ങുകൃഷിയുടെ പരിചരണവും അഭിവൃദ്ധിയുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കേരകൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനുവേണ്ടി കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്തുതല കേര സമിതികൾ, ബ്ലോക്കുതല ഫെഡറേഷനുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കാനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ ഉൽപ്പാദന ക്ഷമതയില്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 നാളികേരമായി ഉയർത്താനും ലക്ഷ്യമിടുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുതേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം എന്നിവ 60:20:20 അനുപാതത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 10 വർഷംകൊണ്ട് ഇപ്രകാരം രണ്ട് കോടി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. വിളവെടുപ്പിന് കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിനും കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തിവരുന്നു. 2019-20 സാമ്പത്തിക വർഷം സമഗ്ര നാളികേര വികസനത്തിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസന കൗൺസിലിന്റെ 'കേരകേരളം സമൃദ്ധ കേരളം' എന്ന പദ്ധതി പ്രകാരം ഗുണമേന്മയുള്ളതും അത്യൽപ്പാദനശേഷിയുള്ളതുമായ തെങ്ങിൻതൈകളുടെ വിതരണോദ്ഘാടനം 6-7-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് ജില്ലയിൽ നിർവ്വഹിച്ചു.

കേരഗ്രാമങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്തുകളും കേരഗ്രാമങ്ങളില്ലാത്ത നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും വാർഡ് ഒന്നിന് 75 തെങ്ങിൻതൈ എന്ന നിരക്കിൽ കർഷകർക്ക് 50% സബ്സിഡിയോടുകൂടി തെങ്ങിൻതൈകൾ വിതരണം ചെയ്തുവരുന്നു.

കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻതൈകൾ സൗജന്യമായി വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ കേരഫെഡ് കേര വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക്, പൗഡർ, കേരജം, കേശാമൃത്, ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് ഇന്ത്യയ്ക്കകത്തും വിദേശത്തും വിപണനം നടത്തിവരുന്നു. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ലഡു, നീര വിനിഗർ തുടങ്ങിയ ഉൽപ്പന്നങ്ങൾ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തിവരുന്നു.

സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2016 മുതൽ 'വൈഗ' എന്ന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചുവരുന്നുണ്ട്.

## കേരഗ്രാമം പദ്ധതി

46(3319) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ എത്ര കൃഷി ഭവനുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ ഈ പദ്ധതിയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) തൃശ്ശൂർ ജില്ലയിലെ 33 കൃഷിഭവനുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 2016-17 | 20.69 ലക്ഷം രൂപ |
| 2 | 2017-18 | 446.743 ലക്ഷം രൂപ |
| 3 | 2018-19 | 416.8663 ലക്ഷം രൂപ |
| 4 | 2019-20 | 43.3807 ലക്ഷം രൂപ |

## നാളികേരത്തിന് താങ്ങുവില

47(3320) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന് നിലവിൽ താങ്ങുവില നിശ്ചയിച്ചിട്ടുണ്ടോ; ആയത് എത്രയാണെന്ന് വിശദമാക്കാമോ;

(ബി) കേര കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) ഉണ്ട്. 29-6-2019-ലെ സ.ഉ.(കൈ)നമ്പർ 87/2019/കൃഷി നമ്പർ ഉത്തരവ് പ്രകാരം പച്ചത്തേങ്ങയുടെ താങ്ങുവില കിലോയ്ക്ക് 25 രൂപയിൽനിന്നും 27 രൂപയായി ഉയർത്തിയിട്ടുണ്ട്. പച്ചതേങ്ങ സംഭരണം പുനരാരംഭിക്കാൻ തത്വത്തിൽ

തീരുമാനമെടുക്കുകയും കേരഫെഡിനെ പച്ചതേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സംഭരണ വിലയേക്കാൾ ഉയർന്ന വില പച്ചത്തേങ്ങയ്ക്ക് ലഭിക്കുന്നുണ്ട്. സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നാളികേര കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും നാളികേരത്തിന്റെ സമഗ്ര വികസനത്തിനുമായി സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

**റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

48(3321) <u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. വി. കെ .ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. എം. ഉമ്മർ:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.ഇ.പി. കരാറിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കരാർ കാർഷിക മേഖലയെ എങ്ങനെ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ ഇതു സംബന്ധിച്ച ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടുള്ള വില സ്ഥിരതാ പദ്ധതിയിൽ ഒരു കിലോ റബ്ബറിന് നിശ്ചയിച്ച വില നൂറ്റി അമ്പത് രൂപ എന്നത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. ആർ.സി.ഇ.പി.മൂലം കാർഷിക മേഖല, മൃഗസംരക്ഷണ, ക്ഷീരമേഖല, മത്സ്യബന്ധന മേഖല, വ്യവസായ മേഖല, ആരോഗ്യ മേഖല, ചെറുകിട വ്യവസായ വ്യാപാര മേഖല എന്നീ മേഖലകളുടെ തകർച്ചയും അതുമൂലമുണ്ടാകുന്ന തൊഴിൽനഷ്ടവുമാകും കരാറിന്റെ ആകെ തുക.

ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നീ രാജ്യങ്ങൾ പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും മികച്ച കയറ്റുമതിക്കാരാണ്. ആ രാജ്യങ്ങളിൽനിന്നുള്ള പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി ചെറുകിട കർഷകരെയും പാൽ സഹകരണ സംഘങ്ങളെയും പ്രതിസന്ധിയിലാക്കും. സോയാബീൻ എണ്ണ, ഗോതമ്പ്, മത്സ്യം എന്നിവ നല്ല രീതിയിൽ കയറ്റുമതി ചെയ്യുന്ന രാജ്യമാണ് ആസ്ട്രേലിയ. ആസിയൻ രാജ്യങ്ങളിൽനിന്നുള്ള സ്വാഭാവിക റബ്ബർ, അരി, പാം ഓയിൽ, തേയില, കാപ്പി, കുരുമുളക്, മത്സ്യം എന്നിവ നമുക്ക് കൂടുതൽ ഭീഷണിയാകാൻ പോവുകയാണ്. വിയറ്റ്നാമിൽ നിന്നുമുള്ള പൗൾട്രി ഉൽപ്പന്നങ്ങൾ ഇന്ത്യയിലെ കർഷകർക്ക് വൻഭീഷണിയാണ്. കരാർ മുഖാന്തരം സംഭവിക്കുന്ന കാർഷിക ഉൽപ്പാദന മേഖലയുടെ തകർച്ച വൻതോതിൽ തൊഴിലവസരങ്ങൾ ഇല്ലാതാക്കും. പുതിയ ആർ.സി.ഇ.പി. വ്യാപാര കരാർ നടപ്പിലാക്കുന്നതോടെ വ്യവസായ തകർച്ച നേരിടുന്ന ഒരു രാജ്യം ഇന്ത്യയാണ്. ഈ സമയത്താണ് നാം വ്യവസായ രംഗത്തെ കരുത്തരായ ചൈനയും ജപ്പാനും ദക്ഷിണകൊറിയയും ഉൾപ്പെട്ട ഒരു സ്വതന്ത്ര വ്യാപാര കരാറിന് ശ്രമിക്കുന്നത്. ആഗോളവത്കരണകാലത്തെ ഇറക്കുമതി കൊണ്ട് 10 ലക്ഷത്തോളം ചെറുകിട വ്യവസായങ്ങൾ പ്രതിസന്ധിയിലായതിന് പ്രധാന കാരണം ചൈനയിൽനിന്നും ജപ്പാനിൽനിന്നും ദക്ഷിണ കൊറിയയിൽനിന്നുമുള്ള ഇറക്കുമതിയാണെന്നിരിക്കെ പുതിയ കരാർ പ്രകാരം ഇറക്കുമതി തീരുവ വീണ്ടും കുറച്ചാൽ വ്യവസായ മേഖലയുടെ സ്ഥിതി പരിതാപകരമാകും. ബൗദ്ധിക സ്വത്തവകാശ (IPR) നിയമത്തിൽ മറ്റ് വികസിത രാജ്യങ്ങൾ നിർദ്ദേശിക്കുന്ന മാറ്റങ്ങൾ വരുത്തിയാൽ ഭാരതത്തിലെ മരുന്ന് വ്യവസായം തകരുകയും മരുന്നുൽപ്പാദന മേഖലയിലെ കുത്തകകൾ അനിയന്ത്രിതമായി വില വർദ്ധിപ്പിക്കുകയും ചെയ്താൽ ആരോഗ്യരംഗം സാധാരണക്കാരന് അപ്രാപ്യമാകും. ആർ.സി.ഇ.പി. കരാർ വ്യവസ്ഥ പ്രകാരം സർക്കാർ വാങ്ങലിൽ (Government Procurement) ആർ.സി.ഇ.പി. രാജ്യങ്ങളിൽനിന്നുള്ള കമ്പനികൾക്ക് തുല്യപരിഗണന നൽകേണ്ടിവന്നാൽ അത് നമ്മുടെ മരുന്ന് വ്യവസായത്തെയും ബാധിക്കും. ഇത് ഇന്ത്യൻ സമ്പദ്ഘടനയെ തകർക്കും.

സംസ്ഥാനങ്ങളുടെയും ജനങ്ങളുടെയും എതിർപ്പ് അവഗണിച്ചുകൊണ്ട് നടപ്പിലാക്കാൻ പോകുന്ന കരാറിൽ പ്രതിഷേധിച്ച് 'RCEP കരാറും കേരളവും' എന്ന വിഷയത്തിൽ 28-10-2019-ൽ തിരുവനന്തപുരത്തുവച്ച് ഒരു പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്തുത ശിൽപ്പശാല ഉദ്ഘാടനം

നിർവ്വഹിക്കുകയും ബഹുമാന്യരായ പ്രതിപക്ഷ നേതാവ്, ധനകാര്യവും കയറും വകുപ്പുമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, ജലസേചന വകുപ്പുമന്ത്രി, ഫിഷറീസ് വകുപ്പുമന്ത്രി, മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പുമന്ത്രി, വിവിധ രംഗങ്ങളിലെ വിദഗ്ദ്ധർ എന്നിവരേയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ശിൽപ്പശാലയിൽ മൂവായിരത്തിലധികം കർഷകർ പങ്കെടുക്കുകയും ചെയ്തു. കാർഷിക മേഖല, മൃഗസംരക്ഷണ-ക്ഷീര മേഖല, മത്സ്യബന്ധന മേഖല, വ്യവസായ മേഖല, ആരോഗ്യ മേഖല, ചെറുകിട വ്യവസായ വ്യാപാര മേഖല എന്നീ മേഖലകളുടെ തകർച്ചയും അതുമൂലമുണ്ടാകുന്ന തൊഴിൽ നഷ്ടവുമാകും കരാറിന്റെ ആകെത്തുക എന്നിരിക്കെ നിയന്ത്രണങ്ങളും നികുതിയുമില്ലാതെ സംസ്ഥാനങ്ങളുടെയും ജനങ്ങളുടെയും എതിർപ്പ് അവഗണിച്ച് നടപ്പിലാക്കാൻ പോകുന്ന ആർ.സി.ഇ.പി. കരാർ ഇന്ത്യൻ സമ്പദ്ഘടന തകർക്കും എന്നതിനാൽ ഈ കരാറിൽനിന്നും ഇന്ത്യ പിൻവാങ്ങണമെന്ന് ഏകകണ്ഠമായി ആവശ്യപ്പെടുകയുണ്ടായി.

(ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം ലഭിക്കുന്ന നിലവിലുള്ള വിലയായ 150 രൂപ അപര്യാപ്തമായതുകൊണ്ട് വില കിലോയ്ക്ക് 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാരിന്റെ സഹകരണം ലഭ്യമാക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്.

## നെൽകർഷകർക്ക് ഉൽപ്പാദന ബോണസ്

49(3322) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽ കർഷകർക്ക് ഉൽപ്പാദന ബോണസ്സായി ഇപ്പോൾ എത്ര തുകയാണ് ഒരു ഹെക്ടറിന് നൽകി വരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഉൽപ്പാദന ബോണസ്സ് വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ നെൽകർഷകർക്ക് ഒരു സീസണിൽ ഒരു ഹെക്ടറിന് 1000 രൂപയാണ് ഉൽപ്പാദന ബോണസായി നൽകിവരുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## കർഷകരിൽനിന്നും പച്ചക്കറി ശേഖരിക്കുന്ന ഏജൻസികൾ

50(3323) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിന് കീഴിലുള്ള ഏതെല്ലാം ഏജൻസികൾ കർഷകരിൽ നിന്നും പച്ചക്കറി ശേഖരിച്ചിട്ടുണ്ടെന്നും അത് എത്ര രൂപയ്ക്കാണെന്നും വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഈ ഇനത്തിൽ ഓരോ ഏജൻസിയും ഓരോ വർഷവും കർഷകർക്ക് നൽകേണ്ടിയിരുന്ന തുക എത്രയെന്നും അതിൽ എത്ര തുക നൽകിയെന്നും ഇനി എത്ര തുക കുടിശ്ശിക ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ കുടിശ്ശിക തുക നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്തെന്ന് വെളിപ്പെടുത്താമോ; ഈ തുക എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കർഷകരിൽനിന്നും പച്ചക്കറി ശേഖരിക്കുന്നതിന് സർക്കാർ അംഗീകരിച്ചിരിക്കുന്നത് ഹോർട്ടികോർപ്പ് (കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രോഡക്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ)-നെയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹോർട്ടികോർപ്പ് കർഷകരിൽനിന്നും ശേഖരിച്ച പച്ചക്കറികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | കർഷകരിൽനിന്നുള്ള സംഭരണം | |
|---|---|---|---|
| | | തോത് (ടൺ) | തുക (കോടി) |
| 1 | 2016-17 | 7003.92 | 18.38 |
| 2 | 2017-18 | 7217.73 | 27.07 |
| 3 | 2018-19 | 8997.52 | 24.03 |
| 4 | 2019-20 (2019 സെപ്റ്റംബർ വരെ) | 3793.28 | 11.26 |

(ബി&സി) ഹോർട്ടികോർപ്പ് കർഷകരിൽനിന്നും സംഭരിച്ച പച്ചക്കറികൾക്ക് നൽകിയ തുകയും കുടിശ്ശികയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | കർഷകർക്ക് നൽകിയ തുക | കുടിശ്ശിക (കോടി) |
|---|---|---|---|
| 1 | 2016-17 | 18.38 | ഇല്ല |
| 2 | 2017-18 | 27.07 | ഇല്ല |
| 3 | 2018-19 | 24.03 | ഇല്ല |
| 4 | 2019-20 | 8.95 | 2.31 |

2019-20 ഓണക്കാലം വരെ കർഷകരിൽനിന്നും ലഭിച്ച പച്ചക്കറികൾക്ക് ക്ലെയിം ലഭിച്ചമുറയ്ക്ക് പേമെന്റ് നടത്തിയിട്ടുണ്ട്.

**കർഷക പെൻഷൻ**

51(3324) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഉൾപ്പെടുന്ന മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്നും കർഷക പെൻഷൻ വാങ്ങുന്നവരുടെ എണ്ണമെത്രയെന്ന് മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) നിലവിൽ കർഷക പെൻഷൻ ലഭ്യമാക്കുന്നതിനായുള്ള അപേക്ഷകൾ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കൃഷി ഭവനുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽനിന്നും കർഷക പെൻഷൻ വാങ്ങുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മടവൂർ പഞ്ചായത്ത് | 95 |
| നാവായിക്കുളം പഞ്ചായത്ത് | 156 |
| പള്ളിക്കൽ പഞ്ചായത്ത് | 177 |
| ചെമ്മരുതി പഞ്ചായത്ത് | 431 |
| ഇടവ പഞ്ചായത്ത് | 270 |
| ഇലകമൺ പഞ്ചായത്ത് | 144 |
| വെട്ടൂർ പഞ്ചായത്ത് | 108 |
| വർക്കല പഞ്ചായത്ത് | 223 |

(ബി) വർക്കല മണ്ഡലത്തിൽ കർഷക പെൻഷൻ ലഭിക്കുന്നതിന് ലഭിച്ച 10 അപേക്ഷകളിൽ 4 എണ്ണം കാർഷിക വികസന സമിതി അംഗീകരിച്ച് കൃഷിഭവനിൽ സൂക്ഷിച്ചിട്ടുണ്ട്. 6 അപേക്ഷകളുടെ പരിശോധനാ നടപടികൾ പുരോഗമിക്കുന്നു.

## കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

52(3325) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ടു മഹാപ്രളയങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) നഷ്ടപരിഹാരം നൽകുന്നതിനായി കൃഷി വകുപ്പ് ഓരോ ജില്ലയ്ക്കും എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏറനാട് നിയോജകമണ്ഡലത്തിലെ കൃഷിനാശം സംഭവിച്ച എത്ര കർഷകർക്ക്/കർഷക സംഘടനകൾക്ക് നാളിതുവരെയായി നഷ്ടപരിഹാരം നല്കിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പുതുതായി എത്രപേർ നഷ്ടപരിഹാരം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ട്; അവയിൽ എത്ര ആളുകൾക്ക് നഷ്ടപരിഹാരം നല്കി; എത്ര അപേക്ഷകൾ നിരസിച്ചു; വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. പ്രകൃതിക്ഷോഭത്തിനായി ഓരോ ജില്ലയ്ക്കും വിവിധ പദ്ധതികൾ പ്രകാരം നൽകിയ തുക അനുബന്ധമായി ചേർത്തിരിക്കുന്നു.*

2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെത്തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും സംസ്ഥാന ഫണ്ടും എസ്.ഡി.ആർ. ഫണ്ടും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 19586 കർഷകർക്ക് 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതി വഴിയും 4.712 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിലും വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഏറനാട് നിയോജകമണ്ഡലത്തിൽ 2018-ലെ പ്രകൃതിക്ഷോഭ ഇനത്തിൽ 2230 കർഷകർക്ക് 3,13,05,790 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഏറനാട് മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിൽ 54 കർഷകർക്ക് 3,54,497 രൂപ 2018-ലെ പ്രളയത്തിൽ കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്.

(ഡി) 2019-ലെ പ്രളയത്തിൽ 1990 പേർ നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. എല്ലാ അപേക്ഷയും സ്വീകരിച്ചിട്ടുണ്ടെങ്കിലും ആർക്കും നഷ്ടപരിഹാരം നൽകിയിട്ടില്ല.

**വർക്കല മണ്ഡലത്തിലുണ്ടായ കൃഷി നാശനഷ്ടം**

53(3326) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ വർക്കല മണ്ഡലത്തിൽ എത്ര രൂപയുടെ കൃഷി നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന് ഇതിനകം എത്ര രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചതിനെത്തുടർന്ന് ധനസഹായം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് കർഷകരിൽ നിന്നും ലഭിച്ചിട്ടുള്ളതെന്നും ആയതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ വർക്കല മണ്ഡലത്തിൽ ആകെ 3.72674 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ഇതിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി സംസ്ഥാന വിഹിതം 3.24507 ലക്ഷം രൂപയും കേന്ദ്ര വിഹിതം (എസ്.ഡി.ആർ.എഫ്.) 0.44687 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. എസ്.ഡി.ആർ.എഫ്.-ൽനിന്നും നൽകാൻ ബാക്കിയുള്ള 3480 രൂപയിൽ 2603 രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 877 രൂപ അനുവദിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചിട്ടുണ്ട്.

2019-ലെ പ്രളയത്തിൽ വർക്കല മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) 2018-ലെ പ്രളയത്തിൽ വിളനാശം സംഭവിച്ചതിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി 109 കർഷകരുടെ അപേക്ഷകളാണ് വർക്കല മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളിലായി ലഭിച്ചിട്ടുള്ളത്. ആയതിൽ മുഴുവൻ കർഷകർക്കും സംസ്ഥാന വിഹിതം നൽകിയിട്ടുണ്ട്. ഒരു കർഷകന് നൽകാൻ ബാക്കിയുള്ള എസ്.ഡി.ആർ.എഫ്. തുക നൽകാനുള്ള നടപടി ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ കൃഷിനാശം

54(3327) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-ലെ പ്രളയത്തിൽ തൃശ്ശൂർ ജില്ലയിലുണ്ടായ കൃഷി നാശം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ വിള തിരിച്ചുള്ള നഷ്ടത്തിന്റെ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

2019-ലെ പ്രളയത്തിൽ തൃശ്ശൂർ ജില്ലയിലുണ്ടായ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. ഓരോ വിളയുടെയും നഷ്ടത്തിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

## നിലമ്പൂർ മണ്ഡലത്തിലെ കൃഷിനാശം

55(3328) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ എത്ര ഹെക്ടർ കൃഷിഭൂമി കൃഷിയോഗ്യമല്ലാതായിട്ടുണ്ടെന്ന് അറിയിക്കാമോ; പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രളയത്തിൽ മണ്ഡലത്തിലുണ്ടായ കൃഷിനാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രളയത്തിലും ഉരുൾപൊട്ടലിലും കൃഷി നാശം സംഭവിച്ച നിലമ്പൂർ മണ്ഡലത്തിലെ കർഷകർക്ക് സഹായധനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ധനസഹായവിതരണം എന്ന് നടത്താൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 390.16 ഹെക്ടർ കൃഷിഭൂമി കൃഷിയോഗ്യമല്ലാതായിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ക്രമ നമ്പർ | പഞ്ചായത്ത് | ഹെക്ടർ |
|---|---|---|
| 1 | നിലമ്പൂർ | 4 |
| 2 | മൂത്തേടം | 8 |
| 3 | ചുങ്കത്തറ | 8 |
| 4 | വഴിക്കടവ് | 10 |
| 5 | എടക്കര | 5 |
| 6 | പോത്തുകല്ല് | 350 |
| 7 | കരുളായി | 5.16 |
| 8 | അമരമ്പലം | 0 |
| ആകെ | | 390.16 |

(ബി) പ്രസ്തുത പ്രളയത്തിൽ മണ്ഡലത്തിൽ 21,78,61,925 രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | തുക (രൂപയിൽ) |
|---|---|---|
| 1 | നിലമ്പൂർ | 12,89,445 |
| 2 | മൂത്തേടം | 13,00,000 |
| 3 | ചുങ്കത്തറ | 3,11,30,000 |
| 4 | വഴിക്കടവ് | 2,53,67,780 |
| 5 | എടക്കര | 17,46,700 |
| 6 | പോത്തുകല്ല് | 14,82,49,000 |
| 7 | കരുളായി | 82,79,000 |
| 8 | അമരമ്പലം | 5,00,000 |
| ആകെ | | 21,78,61,925 |

(സി&ഡി) നൽകിയിട്ടില്ല. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രളയാനന്തര കാർഷിക കേരളത്തിന്റെ പുനരുദ്ധാരണം

56(3329) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്നടിഞ്ഞ കാർഷിക കേരളത്തെ വീണ്ടും പടുത്തുയർത്തുന്നതിന് നടത്തുന്ന കർമ്മപരിപാടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രളയാനന്തരം പുനഃകൃഷിക്കുള്ള വിത്ത്, നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്നുണ്ടോ; അറിയിക്കാമോ;

(സി) നവകാർഷിക കേരളത്തിന്റെ പുനരുദ്ധാരണവും പുനരുജ്ജീവനവും ലക്ഷ്യമിട്ട് മാതൃകാ കാർഷിക പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ കാർഷിക വായ്പകൾക്കും ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയംമൂലം കനത്ത നാശനഷ്ടം സംഭവിച്ച കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി.

പുനർജനി പദ്ധതിയിലൂടെ മണ്ണും ചെളിയും അടിഞ്ഞുകൂടിയ പാടശേഖരങ്ങൾ വൃത്തിയാക്കി മണ്ണ് നീക്കം ചെയ്ത് കൃഷിയോഗ്യമാക്കി. തോടുകൾ വൃത്തിയാക്കി ജലസേചന സൗകര്യം വർദ്ധിപ്പിച്ചു. പ്രളയാനന്തരം മണ്ണിലുണ്ടായ മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് മണ്ണ് പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ച് അതനുസരിച്ച് മണ്ണിലുപയോഗിക്കേണ്ട കുമ്മായ വസ്തുക്കളുടേയും വളങ്ങളുടെയും വിവരം കർഷകർക്ക് നൽകി. പ്രളയാനന്തരം കീട-രോഗബാധകൾ പൊട്ടിപ്പുറപ്പെട്ട പാടശേഖരങ്ങളിലും മറ്റ് കൃഷിയിടങ്ങളിലും ശാസ്ത്രജ്ഞരുടെ സംഘം സന്ദർശനം നടത്തി പ്രതിവിധി നിർദ്ദേശിച്ചു. ഇപ്രകാരം കീട-രോഗ നിയന്ത്രണത്തിനാവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനും അവ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നതിനുമുള്ള ചെലവ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെ നൽകി. കൃഷി ഭവൻ തലത്തിൽ എലി നശീകരണ

ക്യാമ്പയിനുകൾ നടപ്പിലാക്കി. നെൽവിത്ത്, പച്ചക്കറി വിത്തുകൾ, കുരുമുളക് തൈ, വാഴക്കന്ന്, ദീർഘകാല സുഗന്ധവ്യഞ്ജന വിളകൾ തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ വിതരണം ചെയ്തു. അഗ്രോസർവ്വീസ് സെന്റർ കാർഷിക കർമ്മസേന അംഗങ്ങളും തൊഴിലുറപ്പ് അംഗങ്ങളും ചേർന്ന് പ്രളയത്തിൽ തകർന്ന കൃഷിയിടങ്ങൾ വീണ്ടും കൃഷിയോഗ്യമാക്കി. കേടുപാടുസംഭവിച്ച യന്ത്രോപകരണങ്ങളും പമ്പുസെറ്റുകളും റിപ്പയർ ചെയ്തു. പുനർജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കാനും സാധിച്ചു.

(ബി) 2018-ലെ പ്രളയാനന്തരം 5650.85 ടൺ നെൽവിത്തും 77 ലക്ഷം പച്ചക്കറിവിത്ത് കിറ്റുകളും 30 ലക്ഷം പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തു. കൂടാതെ 665 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനാവശ്യമായ ദീർഘകാല സുഗന്ധവ്യഞ്ജനവിളകളുടെ നടീൽ വസ്തുക്കളും വിതരണം ചെയ്തു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ "സ്പെഷ്യൽ പാക്കേജ് 2018-19"-ൽ ഉൾപ്പെടുത്തി 41495 ഹെക്ടറിൽ വാഴ, കൈതച്ചക്ക, ടിഷ്യുകൾച്ചർ വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, സങ്കരയിനം പച്ചക്കറി, കശുമാവ്, കൊക്കോ, സുഗന്ധതൈല വിളകൾ എന്നിവയുടെ വിളവിസ്തൃതി വ്യാപനത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2019 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കർഷകർക്കായി 392 മെട്രിക് ടൺ നെൽവിത്ത് വിതരണം ചെയ്തു. കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം വിത്തുകളും തൈകളും പ്രളയബാധിത പ്രദേശത്തിന് ഊന്നൽ നൽകി വിതരണം ചെയ്തുവരുന്നു.

(സി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന വാർഷിക പദ്ധതികൾക്കുപുറമെ കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) 2018-ലെ പ്രളയത്തോടനുബന്ധിച്ച് നിശ്ചിത സമയത്തിനുള്ളിൽ പുന:ക്രമീകരിക്കപ്പെട്ട കാർഷിക ലോണുകളുടെ മൊറട്ടോറിയം കാലാവധി, 07-08-2019-ന് കൂടിയ എസ്.എൽ.ബി.സി.-യുടെ സബ്കമ്മിറ്റി 31-12-2019 വരെ നീട്ടിനൽകിയിട്ടുണ്ട്. 2019-ൽ വീണ്ടും പ്രളയമുണ്ടായ സാഹചര്യത്തിൽ 3-9-2019-ന് കൂടിയ പ്രത്യേക എസ്.എൽ.ബി.സി. യോഗ തീരുമാനപ്രകാരം പ്രളയബാധിത വില്ലേജുകളായി സർക്കാർ പ്രഖ്യാപിച്ച സ്ഥലങ്ങളിലെ കർഷകർ എടുത്തിട്ടുള്ള വിളവായ്പകൾക്ക് 23-8-2019 മുതൽ ഒരു വർഷം വരെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്.

**പ്രളയത്തിൽ കാർഷികവിളകൾ നശിച്ചവർക്ക് പുനരുജ്ജീവന പാക്കേജ്**

57(3330) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ കാർഷിക വിളകൾ നശിച്ചത് മൂലം കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കർഷകർക്ക് നഷ്ടപരിഹാരം എന്തെങ്കിലും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വിളകൾക്ക് എത്ര രൂപ നിരക്കിൽ എത്ര പേർക്ക് നൽകിയെന്ന കാര്യം ജില്ല തിരിച്ച് അറിയിക്കാമോ;

(സി) കർഷകർക്ക് ഏതെങ്കിലും തരത്തിലുള്ള പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഈ വർഷം പ്രളയത്തെത്തുടർന്ന് സംസ്ഥാനത്ത് 26-10-2019 വരെ 166992.46 ലക്ഷം രൂപയുടെ നാശനഷ്ടമാണ് പ്രാഥമിക റിപ്പോർട്ട് സ്മാർട്ട് സോഫ്റ്റ്‌വെയർ പ്രകാരം കണക്കാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | വിളനാശം (ഹെക്ടറിൽ) | പ്രാഥമിക റിപ്പോർട്ട് പ്രകാരമുള്ള നഷ്ടം (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 6224.42 | 2513.95 |
| കൊല്ലം | 347.62 | 571.29 |
| ആലപ്പുഴ | 9034.18 | 9944.98 |
| പത്തനംതിട്ട | 1053.03 | 1790.63 |
| കോട്ടയം | 6359.87 | 7225.86 |
| ഇടുക്കി | 1785.25 | 4834.89 |
| എറണാകുളം | 2605.22 | 6771.09 |
| തൃശ്ശൂർ | 4072.31 | 10650.65 |
| പാലക്കാട് | 10118.79 | 52122.14 |
| മലപ്പുറം | 24984.27 | 21416.35 |
| കോഴിക്കോട് | 4324.12 | 4495.79 |

| (1) | (2) | (3) |
|---|---|---|
| വയനാട് | 17777.32 | 31242.39 |
| കണ്ണൂർ | 3557.22 | 12635.05 |
| കാസർഗോഡ് | 981.4 | 777.4 |
| ആകെ | 93225.02 | 166992.46 |

(ബി) 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെത്തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭത്തിനുള്ള ദുരിതാശ്വാസ പദ്ധതി പ്രകാരവും സംസ്ഥാന ഫണ്ടും എസ്.ഡി.ആർ. ഫണ്ടും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 19586 കർഷകർക്ക് 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതിവഴിയും 4.712 കോടി രൂപ പ്രകൃതിക്ഷോഭം കുടിശ്ശികയിനത്തിലും വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | 2019-20 സാമ്പത്തിക വർഷത്തിൽ നൽകിയ തുക (ലക്ഷം) | |
|---|---|---|---|
| | | പ്രകൃതിക്ഷോഭം | വിള ഇൻഷ്വറൻസ് |
| 1 | തിരുവനന്തപുരം | 0.10352 | 502.8 |
| 2 | കൊല്ലം | - | 100 |
| 3 | പത്തനംതിട്ട | 0.32891 | 103.1 |
| 4 | ആലപ്പുഴ | 19.37178 | 800.27 |
| 5 | കോട്ടയം | - | 70.97 |
| 6 | ഇടുക്കി | 96.80746 | 73.5 |
| 7 | എറണാകുളം | 0.86617 | 284.35 |
| 8 | തൃശ്ശൂർ | - | 362.46 |
| 9 | പാലക്കാട് | - | 2389.5175 |
| 10 | മലപ്പുറം | - | 329.03 |
| 11 | കോഴിക്കോട് | 0.11354 | 285 |
| 12 | വയനാട് | 202.31006 | 68.5 |
| 13 | കണ്ണൂർ | - | 183.2925 |
| 14 | കാസർഗോഡ് | 50.43179 | 7.21 |
| | ആകെ | 370.33 | 5560 |

(സി) കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ ആർ.കെ.ഐ.-ക്ക് സമർപ്പിച്ചിട്ടുണ്ട്. 2020-21 വാർഷിക പദ്ധതിയിൽ പുനർജനി-പുനരുജ്ജീവന പാക്കേജ് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പ്രളയത്തിൽ തകർന്ന കൃഷിയിടങ്ങൾ പുനഃസ്ഥാപിക്കുന്നതിന് അനുവദിച്ച പ്രവൃത്തികൾ

58(3331) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് പരിധിയിൽ 2018-ലെ മഹാപ്രളയത്തിൽ ഇടിഞ്ഞുപോയ വയലോരങ്ങളും തകർന്ന തോടിന്റെ കരകളും, മണ്ണൊലിച്ചുപോയ കൃഷി ഇടങ്ങളും എത്രയുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇവ പുനഃസ്ഥാപിക്കുന്നതിനായി ചേലക്കര നിയോജകമണ്ഡലത്തിലെ തിരുവില്വാമല, പഴയന്നൂർ, കൊണ്ടാഴി, ചേലക്കര, പാഞ്ഞാൾ, മുള്ളൂർക്കര, വരവൂർ, വള്ളത്തോൾ നഗർ, ദേശമംഗലം എന്നീ കൃഷിഭവൻ പരിധികളിൽ ഏതൊക്കെ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് പരിധിയിൽ 4.65 ഹെക്ടർ സ്ഥലത്താണ് നാശനഷ്ടം ഉണ്ടായിട്ടുള്ളത്.

വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് പരിധിയിൽ നാശനഷ്ടമുണ്ടായ കണക്ക് ചുവടെ ചേർക്കുന്നു.

1. മുള്ളൂർക്കര കൃഷിഭവനിലെ മുള്ളൂർക്കര എ പാടശേഖരത്തിലെ പാടവരമ്പ് റെയിൽവേ പാലത്തിന് സമീപം 14 മീറ്റർ കരിങ്കൽ പടവ് പൊളിഞ്ഞു.
2. മുള്ളൂർക്കര കൃഷിഭവനിലെ മുള്ളൂർക്കര എ പാടശേഖരത്തിലെ പാടവരമ്പ് റെയിൽവേ പാലത്തിന് സമീപം 10 മീറ്റർ കരിങ്കൽ പടവ് പൊളിഞ്ഞു.
3. റെയിൽവേ അറ്റത്ത് 15 മീറ്റർ ബണ്ട് പൊട്ടി.

4. മുള്ളൂർക്കര കൃഷിഭവനിലെ വളവ് പാടശേഖരത്തിലെ വളവ് പള്ളിക്ക് മുന്നിൽ 300 മീറ്റർ തോട് പൊട്ടി.

5. മുള്ളൂർക്കര കൃഷിഭവനിലെ മനപ്പടി പാടശേഖരത്തിലെ അയ്യപ്പൻ കുളത്തിനോട് ചേർന്നുള്ള തോട് 300 മീറ്റർ നീളത്തിൽ പൊട്ടി.

(ബി)

| ക്രമ നമ്പർ | ഓഫീസ് | കർഷകരുടെ എണ്ണം | തുക (രൂപ) | പ്രവൃത്തികൾ |
|---|---|---|---|---|
| 1 | കൃഷിഭവൻ, കൊണ്ടാഴി | 2 | 5368 | ചെളിനീക്കം |
| 2 | കൃഷിഭവൻ, പാഞ്ഞാൾ | 14 | 41236 | ചെളിനീക്കം |
| 3 | കൃഷിഭവൻ, പഴയന്നൂർ | 1 | 10464 | ചെളിനീക്കം |
| 4 | കൃഷിഭവൻ, തിരുവില്വാമല | 1 | 5734 | ചെളിനീക്കം |
| | ആകെ | 18 | 62802 | |

**പ്രളയത്തിൽ പാലക്കാട് ജില്ലയിലുണ്ടായ കൃഷിനാശം**

59(3332) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ പാലക്കാട് ജില്ലയിലുണ്ടായ കൃഷിനാശം കണക്കാക്കിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഓരോ വിള തിരിച്ചുള്ള നഷ്ടത്തിന്റെ കണക്ക് താലൂക്ക് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) 2018-ലെ പ്രളയത്തിൽ നശിച്ച കൃഷിക്ക് നഷ്ടപരിഹാരമായി പാലക്കാട് ജില്ലയിൽ തുക വിതരണം ചെയ്തിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിന്റെ കണക്ക് തരം തിരിച്ച് താലൂക്ക് അടിസ്ഥാനത്തിൽ നൽകാമോ?

ഉത്തരം

(എ&ബി) ഉണ്ട്. താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയത്തിൽ ബാലുശ്ശേരി മണ്ഡലത്തിലെ കാർഷിക മേഖലയിലുണ്ടായ നാശനഷ്ടങ്ങൾ

60 (3333) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ ബാലുശ്ശേരി മണ്ഡലത്തിലെ കാർഷിക മേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രധാനമായും ഏതൊക്കെ വിളകൾക്കാണ് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കൃഷിയെ മാത്രം ആശ്രയിച്ച് ജീവിതം നയിക്കുന്ന കർഷകർക്ക് സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിള | എണ്ണം/വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| (1) | (2) |
| തെങ്ങ് (കായ് ഫലമുള്ളത്) | 238 |
| തെങ്ങ് (കായ് ഫലമില്ലാത്തത്) | 35 |
| വാഴ (കുലച്ചത്) | 7172 |
| വാഴ (കുലക്കാത്തത്) | 4848 |
| കമുക് (കായ് ഫലമുള്ളത്) | 537 |
| കമുക്(കായ് ഫലമില്ലാത്തത്) | 164 |
| കൊക്കോ | 170 |
| റബർ (ടാപ്പിംഗ്) | 608 |
| റബർ (ടാപ്പിംഗ് ആരംഭിക്കാത്തത്) | 101 |
| ജാതി | 48 |
| കശുമാവ് | 8 |
| കുരുമുളക് | 190 |
| മരിച്ചീനി | 1179 |

| (1) | (2) |
|---|---|
| പച്ചക്കറി | 220 |
| നെല്ല് | 55 |
| കിഴങ്ങ് വർഗ്ഗങ്ങൾ | 45 |
| ഇഞ്ചി | 10 |
| കാപ്പി | 21 |

(ബി) തെങ്ങ്, വാഴ, കമുക്, മരിച്ചീനി, റബ്ബർ, കാപ്പി, കുരുമുളക്, കിഴങ്ങ്, ജാതി, കശുമാവ്, കൊക്കോ, ഇഞ്ചി, നെല്ല്, പച്ചക്കറി എന്നീ വിളകൾക്കാണ് പ്രധാനമായും കൃഷിനാശം സംഭവിച്ചത്.

(സി) കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് സമർപ്പിച്ചിട്ടുണ്ട്. 2020-21 വാർഷിക പദ്ധതിയിൽ പുനർജ്ജനി-പുനരുജ്ജീവന പാക്കേജ് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## തിരുവനന്തപുരം ജില്ലയിലെ വാഴകൃഷി

61 (3334) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ വാഴകൃഷി നടത്തി വരുന്നത് ഏത് കൃഷിഭവന്റെ കീഴിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ വാഴകർഷകർക്ക് പ്രളയത്തെ തുടർന്നും അല്ലാതെയും കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷത്തിലും ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തുക നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ വീതമാണ് ഓരോ കൃഷി ഭവൻ മുഖേനയും അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ വാഴകൃഷി നടത്തിവരുന്നത് പെരുങ്കടവിള കൃഷി ഭവന് കീഴിലാണ്.

(ബി) ഉണ്ട്. 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ പ്രളയം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭംമൂലമുണ്ടായ വിളനാശത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്ത ധനസഹായത്തിന്റെ കൃഷിഭവൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇരിങ്ങാലക്കുട മണ്ഡലത്തിലെ കൃഷിനാശം

62 (3335) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ എത്ര രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) കർഷകർക്ക് ലഭിക്കേണ്ട നഷ്ട പരിഹാരം എത്രയെന്ന് മണ്ഡലത്തിലെ കൃഷിഭവനുകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ ഇരിങ്ങാലക്കുട നിയോജകമണ്ഡല പരിധിയിൽ ആകെ 345,22,938 രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

(ബി) കൃഷിനാശത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിള | കണക്കാക്കിയ നഷ്ടം |
|---|---|
| (1) | (2) |
| വാഴ (കുലച്ചത്) | 22048467 |
| വാഴ (കുലക്കാത്തത്) | 2992080 |
| കമുക് (കായ് ഫലമുള്ളത്) | 885875 |
| കമുക് (കായ് ഫലമില്ലാത്തത്) | 21200 |
| റബർ (ടാപ്പിംഗ് ആരംഭിക്കാത്തത്) | 11000 |
| കുരുമുളക് | 1372481 |
| മരിച്ചീനി (ഹെക്ടർ) | 180709 |
| ഇഞ്ചി (ഹെക്ടർ) | 16294 |
| നെല്ല് (ഹെക്ടർ) | 453330 |
| ജാതി (കായ്ഫലമുള്ളത്) | 3137700 |
| ജാതി (കായ്ഫലമില്ലാത്തത്) | 1482340 |
| തെങ്ങ് (കായ് ഫലമുള്ളത്) | 509973 |
| തെങ്ങ് (കായ് ഫലമില്ലാത്തത്) | 846330 |
| പച്ചക്കറി (ഹെക്ടർ) | 475475 |

| (1) | (2) |
|---|---|
| കശുമാവ് | 3696 |
| കിഴങ്ങുവർഗ്ഗം (ഹെക്ടർ) | 11288 |
| വെറ്റില | 74700 |
| **ആകെ** | **34522938** |

(സി)

| **കൃഷിഭവൻ** | **തുക** |
|---|---|
| പറപ്പൂക്കര | 12559497 |
| കാറളം | 5856942 |
| കാട്ടൂർ | 2348634 |
| പടിയൂർ | 2247958 |
| പൊറത്തിശ്ശേരി | 4246411 |
| ഇരിങ്ങാലക്കുട | 349771 |
| മുരിയാട് | 3102270 |
| ആളൂർ | 2899403 |
| വേളൂക്കര | 511565 |
| പൂമംഗലം | 400487 |
| **ആകെ** | **34522938** |

**പാടശേഖരങ്ങളുടെ സംരക്ഷണം**

63(3336) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം പഞ്ചായത്തിലെ ചാത്തനല്ലൂർ, പൂപ്പലം പാടശേഖരങ്ങൾ വെള്ളം കയറി കൃഷിനാശം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാടശേഖരങ്ങൾ വെള്ളം കയറി കൃഷിനാശം സംഭവിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാരണങ്ങൾക്ക് ഫലപ്രദമായ രീതിയിൽ ശാശ്വതപരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ചെറുപുഴയിലേയ്ക്ക് ഒഴുകി എത്തുന്ന തോടിന്റെ സംരക്ഷണഭിത്തി കാലോചിതമായി പുതുക്കി പണിയുന്നതിന് വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചെറുപുഴയിലേയ്ക്ക് ഒഴുകിയെത്തുന്ന തോടിന്റെ ഇരുവശങ്ങളിലുമുള്ള സംരക്ഷണഭിത്തി പലയിടങ്ങളിലായി പൊട്ടിപ്പോയതാണ് പാടശേഖരങ്ങളിലേയ്ക്ക് വെള്ളം കയറാൻ കാരണമായത്.

(സി &ഡി) തോടിന് ഇരുവശവും സ്ഥായിയായി സംരക്ഷണഭിത്തി കെട്ടി തോടിന് ആഴം കൂട്ടേണ്ട ഭാഗങ്ങളിൽ ആഴംകൂട്ടി തടയണകൾ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യേണ്ടതായുണ്ട്. ഇതിനായി ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മൊറട്ടോറിയത്തിനായി അപേക്ഷ നൽകിയ കർഷകർ**

64(3337) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ കൃഷിയും ചെറുകിട വ്യവസായ യൂണിറ്റുകളും നശിച്ച എത്ര പേർക്കാണ് മൊറട്ടോറിയം ആനുകൂല്യം പ്രഖ്യാപിച്ചതെന്ന് അറിയിക്കുമോ;

(ബി) എത്ര കർഷകർ മൊറട്ടോറിയത്തിനായി അപേക്ഷിച്ചുവെന്നും എത്രപേർക്ക് മൊറട്ടോറിയം ലഭ്യമായെന്നും വ്യക്തമാക്കുമോ;

(സി) മൊറട്ടോറിയത്തിനായി അപേക്ഷ നൽകിയ കർഷകരുടെ എണ്ണം കുറവാണെങ്കിൽ അത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ സാഹചര്യം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-ലെ പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളായി സർക്കാർ പ്രഖ്യാപിച്ച വില്ലേജുകളിലെ എല്ലാ കർഷകരുമെടുത്ത കാർഷിക വായ്പകൾക്ക് മൊറട്ടോറിയം ആനുകൂല്യം പ്രഖ്യാപിച്ചിരുന്നു.

2018 ആഗസ്റ്റ് 20-ാം തീയതി കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം സംസ്ഥാനത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിലെ അർഹമായ വായ്പകൾക്കെല്ലാം മൊറട്ടോറിയത്തിന്റെ ആനുകൂല്യം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 48810 കർഷകർ മൊറട്ടോറിയത്തിന് അപേക്ഷിച്ചതിൽ അർഹരായ 34684 പേർക്ക് എസ്.എൽ.ബി.സി. മുഖേന മൊറട്ടോറിയം ലഭ്യമാക്കിയിട്ടുണ്ട്. സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പകൾക്ക് ലഭ്യമാക്കിയിട്ടുള്ള മൊറട്ടോറിയത്തിന് പുറമേയാണിത്. സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകൾക്ക് മൊറട്ടോറിയത്തിന് പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല. പ്രസ്തുത കാലയളവിൽ അർഹരായ എല്ലാ കർഷകർക്കും അപേക്ഷ കൂടാതെതന്നെ മൊറട്ടോറിയം അനുവദിച്ചുവരുന്നുണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളായി സർക്കാർ പ്രഖ്യാപിച്ച വില്ലേജുകളിലെ എല്ലാ കർഷകരുമെടുത്ത കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.

ഹ്രസ്വകാല വായ്പകൾ പുനഃക്രമീകരിക്കാൻ ആദ്യം റിസർവ് ബാങ്ക് 2018 ഒക്ടോബർ 31 വരെ സമയം നൽകിയിരുന്നു. 2018-ലെ മഹാപ്രളയത്തിൽ നിന്നും കരകയറാൻ കർഷകരും ബാങ്കുകളും സമയമെടുക്കുകയും ബാങ്കുകളെ സമീപിച്ച കർഷകരുടെ എണ്ണം കുറവാണെന്ന് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വായ്പകൾ പുനഃക്രമീകരിക്കാൻ 2018 നവംബർ 30 വരെയും പിന്നീട് 2018 ഡിസംബർ 31 വരെയും സമയം നീട്ടി നൽകിയിരുന്നു. പഞ്ചായത്തിലെ കർഷക യോഗങ്ങളിലും കാർഷിക വികസന സമിതികളിലും ഇതുസംബന്ധിച്ച് ബോധവത്കരണം നടത്തിയിട്ടുണ്ട്. നിശ്ചയിച്ച സമയത്തിനുള്ളിൽ പുനഃക്രമീകരിച്ച കാർഷിക വായ്പകൾക്ക് 31-12-2019 വരെ ആർ.ബി.ഐ. മാനദണ്ഡപ്രകാരം മൊറട്ടോറിയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനതല ബാങ്കേഴ്സ് സമിതി അംഗീകരിച്ച 2018-ലെ പ്രളയ ദുരിതാശ്വാസ നടപടികളുടെ ആനുകൂല്യം ലഭ്യമാക്കാൻ വായ്പാ ഉപഭോക്താക്കൾ അതത് ബാങ്കുകളെ സമീപിക്കണമെന്ന് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പത്രക്കുറിപ്പുകൾ ഇറക്കിയിട്ടുണ്ട്.

**കോട്ടയം ജില്ലയിലെ കാർഷിക വികസന സമിതി അംഗങ്ങൾ**

65(3338) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കൃഷിഭവനുകളിൽ രൂപീകരിച്ചിട്ടുള്ള കാർഷിക വികസന സമിതികളിൽ കാർഷിക പരിജ്ഞാനമുള്ളവരും കൃഷിക്കാരുമായ പുതിയ ആളുകളെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) നിലവിൽ കോട്ടയം ജില്ലയിലെ കൃഷി ഭവനുകളിലെ കാർഷിക വികസന സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ്; കൃഷിഭവനുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) കാർഷിക വികസന സമിതിയിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സർക്കാരിന്റെ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിൽ രൂപീകരിച്ചിട്ടുള്ള കാർഷിക വികസന സമിതികളുടെ കാലാവധി 6-11-2019-ൽ അവസാനിക്കുന്നതാണ്. കൃഷിഭവനകളിൽ പുതുതായി രൂപീകരിക്കുന്ന കാർഷിക വികസന സമിതികളിൽ കാർഷിക പരിജ്ഞാനമുള്ളവരും കൃഷിക്കാരുമായ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കോട്ടയം ജില്ലയിലെ കൃഷിഭവനകളിലുള്ള കാർഷിക വികസന സമിതി അംഗങ്ങളുടെ ലിസ്റ്റുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) 07-11-2016-ലെ സ.ഉ.(എം.എസ്) 150/2016/കൃഷി നമ്പർ ഉത്തരവുപ്രകാരമാണ് കാർഷിക വികസന സമിതിയിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**കൃഷിയിടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

66(3339) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ കൃഷി നഷ്ടപ്പെട്ട കർഷകർക്ക് എന്തെല്ലാം സഹായമാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് കൃഷിയിടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെത്തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പ്രകാരവും പ്രകൃതിക്ഷോഭം പദ്ധതി പ്രകാരവും സംസ്ഥാന ഫണ്ടും എസ്.ഡി.ആർ. ഫണ്ടും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതി വഴിയും 4.712 കോടി രൂപ പ്രകൃതിക്ഷോഭം പദ്ധതിയിലും വിതരണം ചെയ്തിട്ടുണ്ട്. 1.65 കോടി രൂപയുടെ 392.38 ടൺ നെൽവിത്ത് പ്രളയബാധിത പ്രദേശങ്ങളിൽ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭം പദ്ധതി, എസ്.ഡി.ആർ.എഫ്. എന്നീ ഇനങ്ങളിൽ അഡീഷണൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കർഷകരുടെ കൃഷിയിടങ്ങളിൽ പുരയിടങ്ങൾക്ക് മൊത്തമായി ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് പദ്ധതി നിലവിലില്ലെങ്കിലും കർഷകരുടെ വിള മാത്രമായി ഇൻഷ്വർ ചെയ്യുന്നതിന് പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

**മാരക രാസവസ്തുക്കൾ അടങ്ങിയ കളനാശിനികളുടെ ഉപയോഗം**

67(3340) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടുമുറ്റത്തെയും പാടങ്ങളിലെയും റോഡരികിലെയും പുല്ലുകളും കളകളും നശിപ്പിക്കാൻ മാരക രാസവസ്തുക്കൾ അടങ്ങിയ കളനാശിനികൾ ഉപയോഗിക്കുന്ന പ്രവണത കൂടി വരുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഉപയോഗം ജനങ്ങളുടെയും മറ്റു ജീവജാലങ്ങളുടെയും ആരോഗ്യത്തെ ഏതു തരത്തിൽ ബാധിക്കുന്നുവെന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരം വീര്യം കൂടിയ മാരകവിഷാംശങ്ങൾ അടങ്ങിയ കളനാശിനികളുടെ ഉപയോഗം കുറയ്ക്കുവാൻ വേണ്ട ബോധവത്കരണപരിപാടികൾ വകുപ്പ് നടത്തുമോ; പകരം താരതമ്യേന സുരക്ഷിതമായ മറ്റ് മാർഗ്ഗങ്ങൾ നിർദ്ദേശിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വീട്ടുമുറ്റത്തെയും പാടങ്ങളിലെയും റോഡരികിലെയും പുല്ലുകളും കളകളും നശിപ്പിക്കാൻ കളനാശിനികളുടെ പ്രത്യേകിച്ച് ഗ്ലൈഫോസേറ്റിന്റെ ഉപയോഗം 2015-16-ലേതിൽ നിന്നും 2017-18-ൽ വർദ്ധിച്ചത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയും ആയത് കണക്കിലെടുത്ത് ഗ്ലൈഫോസേറ്റും ഗ്ലൈഫോസേറ്റടങ്ങിയ കളനാശിനികളുടെയും ഉപയോഗം 2-2-2019-ൽ സർക്കാർ നിരോധിക്കുകയുണ്ടായി. ഈ വിഷയത്തിൽ സംസ്ഥാന വ്യാപകമായി ബോധവത്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി 2018-19-ൽ ഗ്ലൈഫോസേറ്റുൾപ്പെടെയുള്ള കളനാശിനികളുടെ ഉപയോഗം വളരെയധികം കുറയ്ക്കാൻ കഴിഞ്ഞു.

കളനാശിനികളുടെ ഉപയോഗം ജനങ്ങളുടെയും മറ്റ് ജീവജാലങ്ങളുടെയും ആരോഗ്യത്തെ ഏതുതരത്തിൽ ബാധിക്കുമെന്ന് കാർഷിക സർവ്വകലാശാല വിശദമായ പഠനം നടത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടുകൂടി പരിഗണിച്ചു കൊണ്ടാണ് ഗ്ലൈഫോസേറ്റും ഗ്ലൈഫോസേറ്റടങ്ങിയ ഉല്പന്നങ്ങളും സർക്കാർ നിരോധിച്ചത്.

(ബി) മാരകമായ വിഷാംശങ്ങളടങ്ങിയ കളനാശിനികളുടെയും മറ്റ് കീടനാശിനികളുടെയും ഉപയോഗം കുറയ്ക്കാൻ നിരവധി ബോധവത്കരണ പരിപാടികൾ കൃഷി വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. 2019 ജനവരി 21 മുതൽ 31 വരെ "കീടനാശിനി ഉപയോഗം നിയന്ത്രിക്കു; സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തു" എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി 631 ബോധവത്കരണ ക്യാമ്പുകൾ കീടനാശിനി ഡിപ്പോ കേന്ദ്രീകരിച്ചും പഞ്ചായത്ത്, ബ്ലോക്ക് ജില്ലാതലങ്ങളിലും നടത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ "ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് " പദ്ധതി പ്രകാരം നടപ്പുവർഷം ലക്ഷ്യമിട്ട 593 ബോധവത്കരണ ക്ലാസ്സുകളും സ്പെഷ്യൽ ക്യാമ്പയിൻ വാരവും നടന്നുവരുന്നു.

കൃഷി വകുപ്പിന്റെ കാർഷിക കർമ്മ സേന അഗ്രോ സർവ്വീസ് സെന്റർ എന്നിവയുടെ നേതൃത്വത്തിൽ ബ്രഷ് കട്ടർ ഉപയോഗിച്ച് യാന്ത്രിക കളനശീകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കളനിയന്ത്രണത്തിന് അവലംബിക്കാവുന്ന സുരക്ഷിതമായ മറ്റ് മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

1. ജലപരിപാലനം (Water Mangement)
2. മണ്ണ് പരിപാലനം (Land Management)
3. വേനൽക്കാല മണ്ണ് ഉഴുതുമറിക്കൽ (Summer Ploughing)
4. ഇടവിള കൃഷി പ്രോത്സാഹനം (Inter cropping)
5. പുതയിടീൽ (Mulching)
6. ബയോഗ്യാസ് സ്ലറി ഉപയോഗിച്ചുള്ള ജൈവ കൃഷി വ്യാപനം
7. വിള പരിക്രമണം (Crop rotation)
8. ശാസ്ത്രീയ വള പ്രയോഗം (Scientific fert application)

**കാസർഗോഡ് ജില്ലയിലെ കീടനാശിനി വിപണനം**

68(3341) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മാരകവിഷമുള്ള കീടനാശിനികൾ വിപണനം നടത്തുന്നത് നിരോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ജില്ലയിൽ ഇത്തരത്തിൽ വ്യാപകമായ തോതിൽ കീടനാശിനികൾ അന്യസംസ്ഥാനങ്ങളിൽ നിന്നും അതിർത്തി ജില്ലകളിൽ നിന്നും യഥേഷ്ടം എത്തിച്ച് വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ ഫാമുകളിൽ ഇവ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിൽ വിൽക്കുന്ന കീടനാശിനികളുടെ ഉല്പാദനവും വിതരണവും ഉപയോഗവും നിരോധിച്ചുകൊണ്ട് 2-12-2010-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കാസർഗോഡ് ജില്ലയിലെ സർക്കാർ ഫാമുകളിൽ കടും ചുവപ്പും കടും മഞ്ഞയും ലേബലുകളുള്ള മാരക കീടനാശിനികൾ ഉപയോഗിക്കുന്നില്ല. എന്നാൽ കശുമാവ്, തെങ്ങ്, മാവ്, കുരുമുളക്, നെല്ല് എന്നീ വിളകളെ കീടരോഗ ആക്രമണത്തിൽനിന്നും സംരക്ഷിക്കുന്നതിന് ജില്ലയിൽ നിരോധിച്ചിട്ടില്ലാത്ത മിതമായ വിഷാംശമുള്ള (നീല ലേബൽ) നേരിയ വിഷാംശമുള്ള (പച്ച ലേബൽ) കീടനാശിനികൾ നിർദ്ദിഷ്ട അളവിൽ ഉപയോഗിക്കുന്നുണ്ട്.

## കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ

69(3342) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കർഷകരുടെ വായ്പകൾ എഴുതിത്തള്ളിയെന്ന് അറിയിക്കുമോ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) കർഷക കടാശ്വാസ കമ്മീഷന്റെ ഓഫീസുകൾ സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഓഫീസുകളുടെ ഔദ്യോഗിക മേൽവിലാസങ്ങൾ ലഭ്യമാക്കുമോ;

(ഡി) കർഷക കടാശ്വാസ കമ്മീഷൻ മെമ്പർ സെക്രട്ടറി, മെമ്പർമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കർഷക കടാശ്വാസ കമ്മീഷനിൽ ലഭിക്കുന്ന പൂർണ്ണമായ അപേക്ഷകൾ രജിസ്റ്റർ ചെയ്ത് ജില്ലാടിസ്ഥാനത്തിൽ തരംതിരിച്ചശേഷം അതത് ജില്ലാ ആസ്ഥാനങ്ങളിൽവച്ച് ബാങ്ക് പ്രതിനിധികളെയും കർഷകരെയും പങ്കെടുപ്പിച്ച് അപേക്ഷകളിൽ ന്യായനിർണ്ണയം നടത്തി കടാശ്വാസത്തുക ശിപാർശ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടുതൽ അപേക്ഷകൾ ലഭിച്ചിട്ടുള്ള ഇടുക്കി, വയനാട്, തിരുവനന്തപുരം ജില്ലകളിൽ എല്ലാ മാസവും മറ്റു ജില്ലകളിൽ ഇടവിട്ടും സിറ്റിംഗ് നടത്തുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 20,039 കർഷകർക്കാണ് കടാശ്വാസം ശിപാർശ ചെയ്തിട്ടുള്ളത്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ. നമ്പർ | ജില്ല | ആനുകൂല്യത്തിന് അർഹരായ കർഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3152 |
| 2 | കൊല്ലം | 6 |
| 3 | ആലപ്പുഴ | 65 |
| 4 | പത്തനംതിട്ട | 21 |
| 5 | കോട്ടയം | 22 |
| 6 | ഇടുക്കി | 6263 |
| 7 | എറണാകുളം | 3 |
| 8 | തൃശ്ശൂർ | 1 |
| 9 | പാലക്കാട് | 705 |
| 10 | മലപ്പുറം | 25 |
| 11 | കോഴിക്കോട് | 132 |
| 12 | വയനാട് | 3827 |
| 13 | കണ്ണൂർ | 3523 |
| 14 | കാസർഗോഡ് | 2294 |
| **ആകെ** | | **20039** |

(സി) കർഷക കടാശ്വാസ കമ്മീഷന്റെ ഓഫീസ് തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് പ്രവർത്തിക്കുന്നത്.

മേൽവിലാസം

കേരള കർഷക കടാശ്വാസ കമ്മീഷൻ,

അഗ്രി അർബൻ മാർക്കറ്റ് കോമ്പൗണ്ട്,

ആനയറ.പി.ഒ., വെൺപാലവട്ടം,

തിരുവനന്തപുരം-29

ഫോൺ നം. 0471-2743783

(ഡി) കർഷക കടാശ്വാസ കമ്മീഷൻ ചെയർമാൻ- ജസ്റ്റിസ് (റിട്ട.) എം. ശശിധരൻ നമ്പ്യാർ

അംഗങ്ങൾ:

1. ശ്രീ. എസ്. ജനാർദ്ദനൻ
2. ശ്രീ. വി. ചാമുണ്ണി
3. ശ്രീ. കെ. വി. രാമകൃഷ്ണൻ
4. ശ്രീ. എം. ഒ. ജോൺ
5. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
6. അഡ്വ. കൊല്ലങ്കോട് രവീന്ദ്രൻ നായർ
7. സെക്രട്ടറി - ശ്രീ. റ്റി. ശ്രീകുമാർ

## കർഷക കടാശ്വാസ പ്രവർത്തനങ്ങൾ

70 (3343) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക കടാശ്വാസ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കാർഷിക കടാശ്വാസം നൽകുന്നതിനുള്ള നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രളയംമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ - സി) കർഷക കടാശ്വാസ കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങൾ എല്ലാമടങ്ങിയ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി എല്ലാ മാസത്തിലും വിവിധ ജില്ലാ ആസ്ഥാനങ്ങളിൽ മാറിമാറി സിറ്റിംഗ് നടത്തിവരുന്നു. കൂടുതൽ അപേക്ഷകൾ ലഭിച്ചിട്ടുള്ള ഇടുക്കി, വയനാട് ജില്ലകളിൽ എല്ലാ മാസവും സിറ്റിംഗ് നടത്തിവരുന്നു. കർഷകർക്ക് വേഗത്തിൽ കടാശ്വാസം ലഭിക്കുന്നതിനായി കമ്മീഷൻ പ്രതിമാസം 16 സിറ്റിംഗ് നടത്തിവരുന്നുണ്ട്. ഓരോ ദിവസവും 400 അപേക്ഷകൾവരെ പരിഗണിക്കുന്നുണ്ട്.

കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകിവന്നിരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളിലൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരം രൂപയ്ക്കുമേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ 2019 നവംബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(ഡി) 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെത്തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരവും സംസ്ഥാന ഫണ്ടും എസ്.ഡി.ആർ. ഫണ്ടും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതിയിലും 4.712 കോടി രൂപ പ്രകൃതിക്ഷോഭം പദ്ധതിയിലും വിതരണം ചെയ്തിട്ടുണ്ട്. 1.65 കോടി രൂപയുടെ 392.38 ടൺ നെൽവിത്ത് പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, എസ്.ഡി.ആർ.എഫ്. എന്നീ ഇനങ്ങളിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കർഷകർ എടുത്തിട്ടുള്ള വായ്പകൾക്ക് മൊറട്ടോറിയം

71(3344) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പ്രളയം ബാധിച്ച എല്ലാ വില്ലേജുകളിലേയും കർഷകർ എടുത്തിട്ടുള്ള വായ്പകൾക്ക് ആഗസ്റ്റ് 23 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഏതൊക്കെ വായ്പകൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്; വിദ്യാഭ്യാസ വായ്പയ്ക്ക് ഈ ആനുകൂല്യം നൽകുന്നുണ്ടോ;

(സി) വായ്പാ കുടിശ്ശിക ഇല്ലാത്തവർക്ക് മാത്രമേ മൊറട്ടോറിയമായി വായ്പ പുനക്രമീകരിക്കുവാൻ അനുമതി നൽകിയിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മൊറട്ടോറിയം സമയത്ത് അടയ്ക്കേണ്ടിയിരുന്ന പലിശ, തുക തിരിച്ചടയ്ക്കുമ്പോൾ ബാക്കിയുള്ള വായ്പ തുകയിൽ ഉൾപ്പെടുത്തുമോ; അതുമൂലം പ്രതിമാസ തിരിച്ചടവ് തുക ഉയരുവാൻ സാധ്യതയില്ലേയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം പ്രളയം ബാധിച്ച, 1038 വില്ലേജുകളിലെയും അർഹമായ വായ്പകൾക്ക് എസ്.എൽ.ബി.സി., ആർ.ബി.ഐ. മാനദണ്ഡങ്ങൾക്ക് വിധേയമായി മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്.

2019 സെപ്റ്റംബർ 3-ാം തീയതി കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം സംസ്ഥാനത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്കും സഹകരണ ബാങ്കുകൾക്കും ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും, ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിലെ അർഹമായ കാർഷിക വായ്പകൾക്കുള്ള മൊറട്ടോറിയം ഈ നിർദ്ദേശങ്ങളുടെ ഭാഗമാണ്.

സംസ്ഥാനത്ത് പ്രളയബാധിത പ്രദേശങ്ങളിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കൃഷി, M.S.M.E (Micro, Small and Medium Enterprises) ഹൗസിംഗ് ലോണുകൾക്ക് ഒരു വർഷം വരെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ വായ്പകൾക്ക് ആറു മാസം വരെ മാത്രമാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി മൊറട്ടോറിയം അനുവദിച്ചിട്ടുള്ളത്.

പ്രളയബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിലെ അർഹമായ ഹ്രസ്വകാല/ദീർഘകാല കാർഷിക വായ്പകൾ കൃഷി അനുബന്ധ പ്രവർത്തന വായ്പകൾ, ഭവന വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ മുതലായവയ്ക്ക് പ്രളയ ദുരിതാശ്വാസ നടപടികളുടെ ഭാഗമായി മൊറട്ടോറിയം ലഭ്യമാണ്.

സംസ്ഥാനത്ത് പ്രളയബാധിത പ്രദേശങ്ങളിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കടങ്ങൾക്കാണ് ഈ ആനുകൂല്യം നൽകുന്നത്. സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-12-2019 വരെ മൊറട്ടോറിയം അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ആർ.ബി.ഐ.-യുടെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ എസ്.എൽ.ബി.സി.-ക്ക് മൊറട്ടോറിയം/പുനഃക്രമീകരണം തുടങ്ങിയവ അനുവദിക്കാൻ സാധിക്കുകയുള്ളൂ. പ്രളയം സംഭവിച്ചതിന് മുമ്പുതന്നെ മറ്റ് കാരണങ്ങളാൽ വായ്പ കുടിശ്ശിക വരുത്തിയവർക്ക് ഈ ആനുകൂല്യം ലഭിക്കാൻ ആർ.ബി.ഐ. അനുവദിക്കുന്നില്ല. പ്രളയത്തിന്റെ കെടുതികൾ ബാധിച്ച കർഷകർക്ക് ആർ.ബി.ഐ.-യുടെ നിബന്ധന ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ 7-8-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ധനകാര്യ, റവന്യൂ, കൃഷി വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ബാങ്ക് പ്രതിനിധികളുമായും ഒരു യോഗം വിളിച്ചുചേർക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.

1. പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം പരിഗണിച്ച് നിലവിലുള്ള വായ്പയുടെ പലിശ മാത്രം അടച്ച് ലോൺ പുതുക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ബാങ്ക് പ്രതിനിധികൾ സമ്മതിച്ചു.

2. പുനഃക്രമീകരിക്കപ്പെട്ടിട്ടില്ലാത്ത വായ്പകൾക്കുമേൽ ജപ്തി നടപടി ഒഴിവാക്കിക്കൊണ്ട് അതതു ബാങ്കുകൾക്ക് കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ ഉചിതമായ തീരുമാനങ്ങളെടുക്കാവുന്നതാണ്. ഇതിനായി ജില്ലാതലങ്ങളിൽ സബ്കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനമായിട്ടുള്ളതും ടി സബ്കമ്മിറ്റികളുടെ തീരുമാനപ്രകാരം വായ്പകൾക്ക് പലിശ അടച്ചുകൊണ്ട് പുതുക്കി നൽകുന്നതിനോ പരിധി വർദ്ധിപ്പിച്ചുനൽകുന്നതിനോ തീരുമാനമെടുക്കാവുന്നതാണ്. 2019-ലെ പ്രളയബാധിതരായ കർഷകർക്ക് മൊറട്ടോറിയം പുനഃക്രമീകരിക്കുന്നതിന് 2019 നവംബർ 25 വരെ അപേക്ഷ നൽകാവുന്നതാണ്.

(ഡി) മൊറട്ടോറിയം കാലയളവിൽ ബാങ്ക് വായ്പകൾക്ക് സാധാരണ പലിശയാണ് (simple interest) ഈടാക്കുന്നത്. ഈ പലിശത്തുക മൊറട്ടോറിയം കാലാവധിക്കുശേഷമുള്ള തിരിച്ചടവ് കാലയളവിൽ ആർ.ബി.ഐ.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി തിരിച്ചടയ്ക്കേണ്ടതാണ്.

മൊറട്ടോറിയം കാലയളവിൽ അടയ്ക്കേണ്ടുന്ന പലിശ തുക തിരിച്ചടയ്ക്കുമ്പോൾ ബാക്കിയുള്ള വായ്പയിൽ ഉൾപ്പെടുത്തുന്നതാണ്. പ്രസ്തുത വായ്പകൾക്ക് പുനഃക്രമീകരണത്തിനുള്ള അർഹതയുള്ളതിനാൽ തിരിച്ചടവിന് കൂടുതൽ കാലയളവ് ലഭ്യമാക്കുന്നതുമൂലം പ്രതിമാസ തിരിച്ചടവ് തുക ക്രമാതീതമായി ഉയരാൻ സാധ്യതയില്ല.

മൊറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് മൊറട്ടോറിയം കാലാവധിക്കുശേഷം ഈടാക്കുന്നതാണ്. എന്നാൽ സഹകരണ സ്ഥാപനം/ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളുടെ പലിശ അതത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്തു കൊടുക്കാവുന്നതാണ്.

## വായ്പകൾക്ക് മൊറട്ടോറിയം

72 (3345) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊറട്ടോറിയം ഏതൊക്കെ വായ്പകൾക്കാണ് ബാധകമാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ദേശസാത്കൃത ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് മൊറട്ടോറിയം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിലേയ്ക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) വായ്പകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തെത്തുടർന്ന്, 2019-ൽ വീണ്ടും പ്രളയമുണ്ടായ സാഹചര്യത്തിൽ, പ്രളയം ബാധിച്ച 1038 വില്ലേജുകളിലെ കർഷകരുടെ കൃഷി, M.S.M.E (Micro, Small and Medium Enterprises) വിദ്യാഭ്യാസം, ഹൗസിംഗ് തുടങ്ങിയ ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് വായ്പകൾക്ക് ആർ.ബി.ഐ. മാനദണ്ഡങ്ങൾക്ക് വിധേയമായി എസ്.എൽ.ബി.സി. മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ചുനൽകിയിരുന്നു. കൂടാതെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തിനടപടികൾക്ക് 31-12-2019 വരെ മൊറട്ടോറിയം നൽകിയിട്ടുണ്ട്.

(ബി) 2019-ൽ പ്രളയബാധിതമായി പ്രഖ്യാപിച്ച 1038 വില്ലേജുകളിലെ കൃഷി, M.S.M.E (Micro, Small and Medium Enterprises) വിദ്യാഭ്യാസം, ഹൗസിംഗ് തുടങ്ങിയ വായ്പകൾക്ക് ആർ.ബി.ഐ. മാനദണ്ഡങ്ങൾക്ക് വിധേയമായി എസ്.എൽ.ബി.സി. മൊറട്ടോറിയം ബാധകമാക്കിയിട്ടുണ്ട്. 5-3-2019-ൽ നടന്ന മന്ത്രിസഭായോഗ തീരുമാനപ്രകാരം കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ ഉൾപ്പെടുത്താനാകുമോയെന്നത് പരിശോധിക്കാൻ കൃഷി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിരുന്നു.

2019 സെപ്തംബർ 3-ാം തീയതി കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം സംസ്ഥാനത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിലെ അർഹമായ കാർഷിക വായ്പകൾക്കുള്ള മൊറട്ടോറിയം ഈ നിർദ്ദേശങ്ങളുടെ ഭാഗമാണ്.

(സി) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയം കണക്കിലെടുത്ത് കർഷകർ എടുത്തിട്ടുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയത്തിന്റെ കാലാവധി 2019 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. നിശ്ചിത സമയത്തിനുള്ളിൽ പുനഃക്രമീകരിക്കപ്പെട്ട കാർഷിക ലോണുകൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയം, 31-12-2019 വരെ ദീർഘിപ്പിക്കാൻ എസ്.എൽ.ബി.സി.-യുടെ 7-8-2019-ലെ സബ്കമ്മിറ്റിയുടെ മിനിറ്റ്സ് പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് മൊറട്ടോറിയം ബാധകമാക്കിക്കൊണ്ട് 18-8-2019-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രധാനമന്ത്രി കിസാൻ സമ്മാൻ പദ്ധതി

73(3346) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി കിസാൻ സമ്മാൻ പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) എത്ര കർഷകർക്കാണ് ഇതുവരെ ഈ പദ്ധതി വഴി സഹായം നൽകിയിരിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) എത്ര തുകയാണ് ഓരോ കർഷകർക്കും നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ചെറുകിട നാമമാത്ര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി (പി.എം. കിസാൻ) എന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാന സർക്കാരിന്റെ ലാൻഡ് റെക്കോർഡിൽ 1-2-2019-ൽ കൃഷിഭൂമി കൈവശമുള്ള കർഷക കുടുംബങ്ങൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പ്രതിവർഷം 6,000 രൂപ നാലു മാസത്തിലൊരിക്കൽ മൂന്ന് തുല്യ ഗഡുക്കളായി നൽകുന്നു. വനാവകാശനിയമപ്രകാരം കൈവശാവകാശ രേഖയുള്ള പട്ടികവർഗ്ഗ കുടുംബത്തിനും പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്.

കർഷകൻ, അദ്ദേഹത്തിന്റെ ഭാര്യ അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ് കുടുംബം.

ഇപ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള കർഷക കുടുംബത്തിന് നിശ്ചിത അപേക്ഷാഫോമിന്റെ കൂടെ ആധാർ കാർഡിന്റെയും കൃഷി ഭൂമിയുടെ കരമടച്ച രസീതിന്റെയും ബാങ്ക് പാസ്ബുക്കിന്റെയും പകർപ്പ് സഹിതം ബന്ധപ്പെട്ട കൃഷിഭവനിൽ അപേക്ഷ നൽകാവുന്നതാണ്. ഇപ്പോൾ pmkisan.gov.in വെബ്സൈറ്റ് വഴി നേരിട്ടും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ആനുകൂല്യത്തിൽനിന്നും ഒഴിവാക്കപ്പെടുന്ന കുടുംബങ്ങൾ

താഴെപ്പറയുന്ന ഉയർന്ന സാമ്പത്തിക നിലവാരമുള്ള വ്യക്തികൾ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല.

a) സ്ഥാപനങ്ങളോടനുബന്ധിച്ച വസ്തു ഉടമകൾ (All institutional Land Holders)

b) കർഷക കുടുംബത്തിൽ ഒന്നോ അതിലധികമോ അംഗങ്ങൾ താഴെപ്പറയുന്ന വിഭാഗത്തിൽ ഉൾപ്പെട്ടാൽ ആനുകൂല്യത്തിന് അർഹരല്ല.

i. ഭരണഘടനാ സ്ഥാപനങ്ങളിലെ നിലവിലുള്ളതും മുമ്പുള്ളതുമായിട്ടുള്ള ഉദ്യോഗസ്ഥർ

ii. നിലവിലുള്ളതും മുമ്പുള്ളതുമായിട്ടുള്ള മന്ത്രിമാർ, ലോകസഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ, നിയമസഭാംഗങ്ങൾ, സ്റ്റേറ്റ് ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ, മേയർമാർ, ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷന്മാർ

iii. കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങൾ, ഇവയുടെ ഫീൽഡ് യൂണിറ്റുകൾ, മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയിലെ നിലവിൽ സർവ്വീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥരും, തദ്ദേശസ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരും (ക്ലാസ് 4/ഗ്രൂപ്പ് ഡി ഒഴികെയുള്ള)

iv. കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിൽനിന്നും വിരമിച്ച്, പ്രതിമാസം 10,000 രൂപയോ അതിൽ കൂടുതലോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ (ക്ലാസ് 4/ഗ്രൂപ്പ് ഡി ഒഴികെയുള്ള)

v. അവസാന അസെസ്സ്മെന്റ് വർഷം ഇൻകം ടാക്സ് അടച്ചവർ

vi. പ്രൊഫഷണൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ (ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, ആർക്കിടെക്ട്, ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങി നിയമാനുസൃതമായി പ്രൊഫഷണൽ ബോഡികളിൽ രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുന്ന പ്രൊഫഷണൽസ്)

(ബി) pmkisan.gov.in വെബ്സൈറ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2135274 പേർക്ക് ഒന്നാം ഗഡു ആനുകൂല്യവും, 2092373 പേർക്ക് രണ്ടാം ഗഡു ആനുകൂല്യവും 1675811 പേർക്ക് മൂന്നാം ഗഡു ആനുകൂല്യവും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഒന്നാംഗഡു മാത്രം ലഭിച്ചവർക്ക് 2,000 രൂപയും രണ്ട് ഗഡുക്കളും ലഭിച്ചവർക്ക് 4,000 രൂപയും മൂന്ന് ഗഡുക്കളും ലഭിച്ചവർക്ക് 6,000 രൂപയും നൽകിയിട്ടുണ്ട്.

## അഗ്രോ സർവ്വീസ് സെന്ററുകൾ

74(3347) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ പുതിയതായി അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പുതിയതായി അനുവദിച്ച സെന്ററുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ തേങ്കുറിശ്ശി പഞ്ചായത്തിലുള്ള 'തേങ്കുറിശ്ശി അഗ്രോ സർവ്വീസ് സെന്റർ' ആണ് നിലവിലുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് ആലത്തൂർ നിയോജകമണ്ഡലത്തിൽ പുതുതായി അഗ്രോ സർവ്വീസ് സെന്റർ 2017-18-ൽ അനുവദിച്ചത്. തേങ്കുറിശ്ശി പഞ്ചായത്തിലുള്ള തേങ്കുറിശ്ശി അഗ്രോ സർവ്വീസ് സെന്ററാണത്.

(സി) ആലത്തൂർ നിയോജകമണ്ഡലത്തിലുള്ള തേങ്കുറിശ്ശി അഗ്രോ സർവ്വീസ് സെന്ററിന് 22 ലക്ഷം രൂപ കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനും 2 ലക്ഷം രൂപ ഓഫീസിനും 3 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായും 3.10 ലക്ഷം രൂപ പരിശീലനത്തിനും 1.90 ലക്ഷം രൂപ പ്രവർത്തന ഫണ്ടായും നൽകിയിട്ടുണ്ട്. നിലവിൽ തേങ്കുറിശ്ശി അഗ്രോ സർവ്വീസ് സെന്ററിൽ ഏഴ് സേവനദായകരാണുള്ളത്. പുതുതായി അനുവദിച്ച ഈ അഗ്രോ സർവ്വീസ് സെന്റർ അംഗങ്ങൾക്കാവശ്യമായ പരിശീലനം ഇതിനകം നൽകിയിട്ടുണ്ട്. അതുപോലെ ട്രാക്ടർ, നടീൽ യന്ത്രം എന്നിവയും ഈ അഗ്രോ സർവ്വീസ് സെന്ററിന് നൽകിയിട്ടുണ്ട്. ബ്ലോക്ക് പരിധിയിൽ വരുന്ന ഉഴവ്, നടീൽ തുടങ്ങിയ പണികൾ ഇതുപയോഗിച്ച് നടത്തിവരുന്നു. അഗ്രോ സർവ്വീസ് സെന്ററിനുവേണ്ടിയുള്ള ഓഫീസ് കെട്ടിടം, യന്ത്രങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ് എന്നിവയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

**അഗ്രോപാർക്കുകൾ**

75(3348) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിൽ പ്രത്യേകിച്ച് പച്ചക്കറിയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന സർക്കാരിന്റെ ലക്ഷ്യത്തിന്, കാലാവസ്ഥാ വ്യതിയാനവും

പരിണിതഫലമായ ആവർത്തിച്ചുള്ള കൊടുംപ്രളയവും വരൾച്ചയും ഏല്പിച്ച കനത്ത ആഘാതം അതിജീവിക്കുന്നതിന് നടത്തിയ പ്രവർത്തനം വിശദമാക്കാമോ; അറുപത്തിയഞ്ചു ലക്ഷത്തോളം കുടുംബങ്ങളെ പങ്കാളികളാക്കി പച്ചക്കറി കൃഷി ജനകീയ പ്രസ്ഥാനമാക്കിത്തീർക്കാൻ സാധ്യമായിട്ടുണ്ടോ;

(ബി) വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു ജലസേചന സൗകര്യം, നല്ലയിനം വിത്ത്, വളം, കീടനാശിനി തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനു നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചും സംസ്ഥാനം തരിശുരഹിതമാക്കുന്നതിനുള്ള പരിപാടിയെക്കുറിച്ചുമുള്ള വിശദ വിവരം ലഭ്യമാക്കുമോ;

(സി) കാർഷിക രംഗത്തെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് മൂല്യവർദ്ധിതതോല്പന്നങ്ങളുടെ നിർമ്മാണം വ്യാപകമാക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

## ഉത്തരം

(എ) പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കാൻ വേണ്ട ബോധവത്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യത ഉറപ്പാക്കൽ ഉൾപ്പെടെയുള്ള ഘടകങ്ങൾ സർക്കാർ പച്ചക്കറി വികസന പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. 2018-19 സാമ്പത്തികവർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കി. 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ലഭിക്കുകയുമുണ്ടായി. എന്നാൽ, നടപ്പുസാമ്പത്തികവർഷം 92000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനും 14.70 ലക്ഷം മെട്രിക് ടണ്ണായി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

2018-19 സാമ്പത്തികവർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിപ്രകാരം വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങിയ ഒരു കോടി പച്ചക്കറി വിത്ത് പാക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്തു. കൂടാതെ, 90.9 ലക്ഷം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി നൽകി. ഓണക്കാലത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 25000 ഹെക്ടർ സ്ഥലത്ത് പച്ചക്കറിക്കൃഷി ചെയ്യാൻ ലക്ഷ്യമിട്ടുകൊണ്ടായിരുന്നു പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരുന്നത്. എന്നാൽ അപ്രതീക്ഷിതമായുണ്ടായ പ്രളയംമൂലം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവന്ന

പദ്ധതിയിൽ പച്ചക്കറി വിളവിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വരെ വിളനാശം സംഭവിക്കുകയുണ്ടായി. ഈ സ്ഥിതിയിൽനിന്നും കർഷകരെ പുനരുജ്ജീവിപ്പിക്കുന്നതിന് പുനർജ്ജനി എന്ന പദ്ധതിയിലൂടെ ഒരു കോടി പച്ചക്കറി തൈകളും 77 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം ചെയ്തു.

സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം പച്ചക്കറിവിത്ത് പാക്കറ്റുകൾ, തൈകൾ, ഗ്രോബാഗ് യൂണിറ്റുകൾ എന്നിവ നൽകിവരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടർ വരെയും പരമാവധി 7 ഹെക്ടർ വരെയും പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1.05 ലക്ഷം രൂപ വീതം ധനസഹായം നൽകിക്കൊണ്ടുള്ള പദ്ധതിയാണ്. പച്ചക്കറി കൃഷിക്കായുള്ള ജലസേചന സൗകര്യത്തിനായി പമ്പ് സെറ്റും മറ്റ് അനുബന്ധഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10,000 രൂപ വരെയും പച്ചക്കറി കൃഷിയെ കീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിനും യൂണിറ്റൊന്നിന് 1,500 രൂപവരെയും സബ്സിഡി നൽകിവരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് 15,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. മീഡിയം എൻ.ജി.ഒ.-കൾ മുഖാന്തരവും നല്ലയിനം പച്ചക്കറി വിത്ത് കിറ്റുകൾ വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ നൂതനപദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഹരിത ഫണ്ട്, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഭൗമസൂചിക ഇനങ്ങളുടെ പ്രചരണത്തിലേയ്ക്കുമായി പ്രത്യേക ധനസഹായം സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻകീഴിലെ ഘടകത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ദീർഘകാല പച്ചക്കറി വിളകളായ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും അഗ്രോസർവ്വീസ് സെന്ററുകൾ മുഖാന്തരം നഴ്സറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകിവരുന്നു. ഇതിലേയ്ക്കായി നടപ്പുസാമ്പത്തികവർഷം 990 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി തരിശുഭൂമിയിൽ പച്ചക്കറികൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം തരിശു സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 30,000 രൂപയാണ് ധനസഹായം നൽകുന്നത്. ഭൂമി കൃഷി ചെയ്യുന്നതിനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5,000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25,000 രൂപയുമാണ് നൽകിവരുന്നത്. ഈ ഘടകത്തിനായി നടപ്പുസാമ്പത്തികവർഷം 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നാളികേരം, വാഴപ്പഴം, തേൻ, മാമ്പഴം, പച്ചക്കറികൾ എന്നിവയ്ക്കായി അഗ്രോപാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. നാളികേര അഗ്രോപാർക്കുകൾ വേങ്ങേരി കാർഷിക മൊത്തവ്യാപാര വിപണിയിലും കുത്താളി ജില്ലാ കൃഷിത്തോട്ടത്തിലും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ തേനും വാഴപ്പഴവും അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കും പാലക്കാട് ജില്ലയിലെ മുതലമടയിൽ മാമ്പഴ അഗ്രോപാർക്കും ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിലെ പഴത്തോട്ടത്ത് വെജിറ്റബിൾ പാർക്കും സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പാർക്കുകളുടെ മേൽനോട്ടത്തിന് വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേരം, വാഴപ്പഴം, തേൻ എന്നീ കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയും മാമ്പഴ പാർക്ക് സ്ഥാപിക്കുന്നതിനായി ഇൻകൽ ലിമിറ്റഡിനെയും വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിനായി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനെയും (VFPCK) ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**അഗ്രോപാർക്കുകളുടെ നടത്തിപ്പ്**

76(3349) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പാർക്കുകളുടെ നടത്തിപ്പ് എപ്രകാരമായിരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോ; അതിനായി കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അഗ്രോ പാർക്ക് വഴിയുള്ള ഉല്പന്നങ്ങൾ എപ്രകാരം വിപണനം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നാളികേരം, വാഴപ്പഴം, തേൻ, മാമ്പഴം, പച്ചക്കറികൾ എന്നിവയ്ക്കായി അഗ്രോപാർക്കുകൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നാളികേരത്തിന്റെ അഗ്രോപാർക്കുകൾ വേങ്ങേരി കാർഷിക മൊത്തവ്യാപാര വിപണിയിലും, കുത്താളി ജില്ലാ കൃഷിത്തോട്ടത്തിലും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ കണ്ണാറഫാമിൽ തേനും വാഴപ്പഴവും അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കും പാലക്കാട് ജില്ലയിലെ മുതലമടയിൽ മാമ്പഴ അഗ്രോപാർക്കും ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിലെ പഴത്തോട്ടത്തിൽ വെജിറ്റബിൾ പാർക്കും സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ട്.

(ബി) പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മേൽനോട്ടത്തിന് വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേരം, വാഴപ്പഴം, തേൻ എന്നീ കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയും മാമ്പഴ പാർക്ക് സ്ഥാപിക്കുന്നതിനായി ഇൻകൽ ലിമിറ്റഡിനെയും വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിനായി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) അഗ്രോപാർക്കുകൾ പ്രവർത്തനസജ്ജമായി കഴിഞ്ഞാൽ കർഷകരുടെ ഉല്പന്നങ്ങൾ മൂല്യവർദ്ധനവിലൂടെ സംസ്ഥാനത്തിനകത്തും പുറത്തും രാജ്യാന്തരതലത്തിലും വിപണനം നടത്താൻ സാധിക്കുമെന്ന കാഴ്ചപ്പാടോടുകൂടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**കേരഫെഡിലെ നിയമനം**

77(3350) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിലെ ഏതെങ്കിലും തസ്തികയിലെ നിയമനം പി.എസ്.സി.-ക്ക് വിടണമെന്ന കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് എന്നാണ് ലഭിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് ലഭ്യമായശേഷം ഈ തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നല്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ സാഹചര്യമെന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരഫെഡിലെ നിയമനം പി.എസ്.സി.-ക്ക് വിടണമെന്ന കോടതി ഉത്തരവ് നിലവിലില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരഫെഡിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

**തിരുവനന്തപുരം ജില്ലയിലെ അഗ്രോ സർവ്വീസ് സെന്ററുകൾ**

78(3351) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2019-20 സാമ്പത്തിക വർഷത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകളാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇത് ഏതൊക്കെ പഞ്ചായത്തിലാണ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഓരോ അഗ്രോ സർവ്വീസ് സെന്ററിനും എത്ര ലക്ഷം രൂപയാണ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ജില്ലയിലെ ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തിൽ പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ ജില്ലകളിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കണമെന്നത് സംബന്ധിച്ച് അന്തിമ ലിസ്റ്റ് തയ്യാറായി വരുന്നതേയുള്ളൂ.

(ബി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് പുതുതായി തുടങ്ങുന്ന ഓരോ അഗ്രോ സർവ്വീസ് സെന്ററുകൾക്കും കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് 25 ലക്ഷം രൂപയും ഓഫീസ് സൗകര്യത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും ദൈനംദിന പ്രവർത്തനങ്ങൾക്കുമായി 7 ലക്ഷം രൂപയും ഉൾപ്പെടെ 32 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

(സി) 2019-20 സാമ്പത്തികവർഷം പുതുതായി അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഏതൊക്കെ ജില്ലകളിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കണമെന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

## കൃഷി ആഫീസർ തസ്തികയിലെ ഒഴിവുകൾ

79(3352) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളിൽ കൃഷി ആഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കൃഷി ഓഫീസർ തസ്തികയിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽനിന്ന് വകുപ്പുതല പ്രൊമോഷൻ വഴി നികത്തേണ്ട 44 ഒഴിവും കേരള പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്തേണ്ട 32 ഒഴിവും ഉൾപ്പെടെ ആകെ 76 ഒഴിവുകൾ നിലവിലുണ്ട്. പി.എസ്.സി. വഴി നിയമനം നടത്തേണ്ട ഒഴിവുകൾ മുഴുവനും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇനിയും ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ തന്നെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 24-7-2018-ൽ നിലവിൽ വന്ന 704/2017/SSVII നമ്പർ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനത്തിനായി നാളിതുവരെ 561 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

80(3353) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18, 2018-19 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതികളിലൂടെ എത്ര തുക തൃശ്ശൂർ ജില്ലയിൽ ചെലവഴിച്ചിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ)

1. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)
2. സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (SMAM)
3. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (NFSM)
4. റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് (RAD)
5. ദേശീയ ബയോഗ്യാസ് വികസന പദ്ധതി
6. നാഷണൽ മിഷൻ ഓൺ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ (NMSA)
7. സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ എക്സ്റ്റെൻഷൻ (SMAE)
8. പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)
9. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലെപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH)

(ബി) 2017-18, 2018-19 വർഷങ്ങളിൽ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

### നെന്മാറ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

81(3354) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

1. പച്ചക്കറി വികസനം
2. സമഗ്ര നെൽകൃഷി വികസനം
3. നാളികേര വികസന പദ്ധതി
4. സുഗന്ധവ്യഞ്ജനങ്ങളുടെ വികസന പദ്ധതി
5. മണ്ണ് ആരോഗ്യ വർദ്ധന പരിപാലന പദ്ധതി
6. വിള ആരോഗ്യ പരിപാലന പദ്ധതി
7. അഗ്രോ സർവ്വീസ് സെന്റർ പദ്ധതി
8. ഔഷധ സസ്യ കൃഷി പദ്ധതി
9. ജൈവകൃഷി പദ്ധതി
10. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി
11. അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ)
12. കേരസമൃദ്ധി പദ്ധതി
13. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി
14. ബയോഗ്യാസ് വികസന പദ്ധതി
15. സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (സ്മാം)
16. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി
17. രാഷ്ട്രീയ കൃഷി വികാസ് യോജന
18. നെൽകൃഷിക്ക് ഉല്പാദന ബോണസ്
19. നെൽകൃഷിക്ക് ഉഴവുകൂലി
20. ബയോഡൈവേഴ്സിറ്റി ആൻഡ് ജേം പ്ലാസം കൺസർവേഷൻ
21. കേരഗ്രാമം പദ്ധതി
22. നാളികേര വികസന ബോർഡ് പദ്ധതികൾ
23. കർഷക/ഞാറ്റുവേല ചന്ത
24. വൈഗ പരിപാടി
25. പാഠം ഒന്ന് പാടത്തേയ്ക്ക്

26. രാസവള ഗുണനിയന്ത്രണ പരിപാടി
27. എം.ഐ.ഡി.എച്ച്-മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ
28. പി.എം.കെ.എസ്.വൈ. (പ്രൈം മിനിസ്റ്റേഴ്സ് കിസാൻ സിഞ്ചായി യോജന)
29. മുതലമട പാക്കേജ് (മാവ് കർഷകർക്ക് പ്രത്യേക പാക്കേജ് പദ്ധതി)
30. ഇക്കോ ഷോപ്പ്
31. ലൊക്കേഷൻ സ്പെസിഫിക് പദ്ധതി
32. ഓണം/വിഷു ചന്തകളുടെ നടത്തിപ്പ്
33. പ്രകൃതിക്ഷോഭം മൂലം വിള നശിച്ചതിന് പരിഹാരം
34. സൗജന്യ വൈദ്യുത പദ്ധതി
35. ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ
36. പി.എം.കിസാൻ
37. കശുവണ്ടി വികസന പദ്ധതി (പ്ലാന്റേഷൻ കോർപ്പറേഷൻ)

## എറണാകുളം ജില്ലയിൽ വി.എഫ്.പി.സി.കെ.സ്വാശ്രയ വിപണി കർഷകർക്കുള്ള സബ്സിഡി

82(3355) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.)-യുടെ എത്ര സ്വാശ്രയ വിപണികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 2018-19 ലെ വാഴ, ഹൈബ്രിഡ് പച്ചക്കറി, പൈനാപ്പിൾ എന്നിവ കൃഷി ചെയ്ത കർഷകർക്കുള്ള സബ്സിഡി തുക എറണാകുളം ജില്ലയിൽ എത്ര വി.എഫ്.പി.സി.കെ. സ്വാശ്രയ വിപണികളിലെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എറണാകുളം ജില്ലയിൽ ഇനി ഏതെല്ലാം സ്വാശ്രയ വിപണികളാണ് പ്രസ്തുത സബ്സിഡി തുക വിതരണം ചെയ്യുവാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സബ്സിഡി തുക വിതരണം നടത്തുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സബ്സിഡി തുക എന്നത്തേയ്ക്ക് വിതരണം ചെയ്യുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(എഫ്) സബ്സിഡി തുക വേഗത്തിൽ വിതരണം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ 22 സ്വാശ്രയ കർഷക വിപണികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ 2018-19-ലെ വിള വികസന പദ്ധതിയിൽ വാഴകൃഷിക്കുള്ള സബ്സിഡി 18 വിപണികളിൽ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ഹൈബ്രിഡ് പച്ചക്കറി, പൈനാപ്പിൾ എന്നിവ കൃഷിചെയ്ത കർഷകർക്കുള്ള തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.

(സി - എഫ്) എറണാകുളം ജില്ലയിലെ മുക്കന്നൂർ, വെങ്ങോല, മലയാറ്റൂർ, കരുമാലൂർ എന്നീ വിപണികളിൽ വാഴകൃഷിക്കുള്ള സബ്സിഡി വിതരണം ചെയ്യാനുണ്ട്. ഹൈബ്രിഡ് പച്ചക്കറി കൃഷിക്കുള്ള സബ്സിഡി കുറുമശ്ശേരി, കക്കാട്, മലയാറ്റൂർ, തുറവൂർ, കടുങ്ങല്ലൂർ, കരുമാലൂർ, കാഞ്ഞൂർ, പുത്തൻവേലിക്കര, കുന്നുകര, ഇലഞ്ഞി, അയ്യമ്പുഴ, വാഴക്കുളം, നെടുമ്പാശ്ശേരി, വെങ്ങോല, മഴുവന്നൂർ, കിരമ്പാറ, നെടുങ്ങപ്ര, കൂവപ്പടി, തിരുവാണിയൂർ, എടയ്ക്കാട്ടുവയൽ, മൂക്കന്നൂർ, പോത്താനിക്കാട് എന്നീ വിപണികളിൽ വിതരണം ചെയ്യാനുണ്ട്. പൈനാപ്പിൾ കൃഷിക്കുള്ള സബ്സിഡി വെങ്ങോല, മഴുവന്നൂർ, കീരമ്പാറ, നെടുങ്ങപ്ര, കൂവപ്പടി, തിരുവാണിയൂർ, എടയ്ക്കാട്ടുവയൽ, മൂക്കന്നൂർ, പോത്താനിക്കാട് വിപണികൾക്ക് ലഭ്യമാക്കാനുണ്ട്.

സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായത്തോടെ വാഴ, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നിവയുടെ കൃഷി വ്യാപനത്തിനായി 25.88 കോടി രൂപയുടെ പദ്ധതിയാണ് കൗൺസിൽ നടപ്പാക്കിയത്. ഇതിൽ ആദ്യ ഗഡുവായി കൗൺസിലിന് ലഭിച്ച 8 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. രണ്ടാമത്തെ ഗഡു ധനസഹായം കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ദേവികുളം മണ്ഡലത്തിൽ കർഷക കടാശ്വാസ കമ്മീഷൻ മുഖേന വിതരണം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ

83(3356) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ കർഷക കടാശ്വാസ കമ്മീഷൻ മുഖേന വിതരണം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ;

(ബി) ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കമ്മീഷന്റെ പരിഗണനയ്ക്കായി ലഭിക്കുന്ന പൂർണ്ണമായ അപേക്ഷകൾ ജില്ലാടിസ്ഥാനത്തിൽ തരംതിരിക്കുകയും ജില്ലാതല സിറ്റിംഗുകളിൽ വച്ച് തീരുമാനമെടുത്ത് കടാശ്വാസം ശിപാർശ ചെയ്യുന്നതുമാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമം. ഇങ്ങനെ ജില്ലാടിസ്ഥാനത്തിൽ ശിപാർശ ചെയ്ത കടാശ്വാസത്തിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട അപേക്ഷകനും സഹകരണ ബാങ്കുകൾക്കും/സംഘങ്ങൾക്കും കമ്മീഷനിൽ നിന്നും അയച്ചുകൊടുക്കുന്നുണ്ട്. നിലവിൽ നിയോജകമണ്ഡലം/വില്ലേജ് അടിസ്ഥാനമാക്കി അപേക്ഷകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നില്ല.

## മാവേലിക്കര മണ്ഡലത്തിലെ കൃഷിവകുപ്പ് പ്രവൃത്തികൾ

84(3357) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷി വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര നിയമസഭാമണ്ഡലത്തിൽ നിർദ്ദേശിച്ചതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇവയിൽ നടപ്പിലാക്കിയവ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) പൂർത്തീകരിക്കാനുള്ളവ ഏതെന്നും ഇവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പാലമേൽ-നൂറനാട് പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന കരിങ്ങാലിച്ചാൽ പുഞ്ചയിൽ 2017-18 വർഷം അംഗീകാരം ലഭിച്ച 1.75 കോടി രൂപയുടെ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പാലമേൽ പഞ്ചായത്ത് ഭഗവാൻകുളവും കല്ലുകുളവും പുനരുദ്ധരിക്കുക.

2. പാലമേൽ പഞ്ചായത്തിലെ വെട്ടച്ചേരിമുക്കിലെ രണ്ട് റാമ്പുകളുടെ റിപ്പയറും പുനർനിർമ്മാണവും

3. ചൂരക്കാവിനാൽ പാടശേഖരത്തിലെ കനാൽ എന്റിലെ ഡൈവേർഷൻ സമ്പിന്റെ നിർമ്മാണം.

4. വിളയിൽകടവ് പാടശേഖരത്തിൽ പത്ത് എച്ച്.പി. പമ്പ് സെറ്റ് സ്ഥാപിക്കൽ, പമ്പ് ഹൗസ് നിർമ്മാണവും ഇലക്ട്രിഫിക്കേഷനും.

5. കരിങ്ങാലിച്ചാൽ മെയിൻബണ്ട് പമ്പ് ഹൗസ് ഇലക്ട്രിഫിക്കേഷൻ, രണ്ട് വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ് (30 എച്ച്.പി. വീതമുള്ളത്) സ്ഥാപിക്കൽ.

6. മുണ്ടയ്ക്കൽ പാടത്ത് പമ്പ് ഹൗസ് നിർമ്മാണവും ഇലക്ട്രിഫിക്കേഷനും.

7. പള്ളിമുക്കം വാട്ടർ ഡൈവേർഷൻ സമ്പിലെ ഇറിഗേഷൻ വർക്കുകളും 10/20 എച്ച്.പി. ഡിസ്ചാർജ്ജ് പമ്പ് സ്ഥാപിക്കൽ, പമ്പ് ഹൗസ്, പൈപ്പ് ലൈൻസ്, കോൺക്രീറ്റ് ചാനൽ നിർമ്മാണം.

8. രണ്ട് എണ്ണം 30 എച്ച്.പി. വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ് വലിയ തുരുത്തിൽ സ്ഥാപിക്കുക, പമ്പ് ഹൗസ് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, ബണ്ടുകൾ ബലപ്പെടുത്തൽ തുടങ്ങിയവ.

ചെന്നിത്തല പഞ്ചായത്തിലെ ബ്ലോക്ക് ഏഴിൽ ബണ്ട് നിർമ്മാണത്തിനും തോട് താഴ്ത്തുന്നതിനുമായി ആർ.ഐ.ഡി.എഫ്.-ൽ 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) പാലമേൽ പഞ്ചായത്ത് ഭഗവാൻകുളവും, കല്ലുകുളവും പുനരുദ്ധാരണവും പാലമേൽ പഞ്ചായത്തിലെ വെട്ടച്ചേരിമുക്കിലെ രണ്ട് റാമ്പുകളുടെ റിപ്പയറും പുനർനിർമ്മാണവും പള്ളിമുക്കം-വാട്ടർ ഡൈവേർഷൻ സമ്പിലെ ഇറിഗേഷൻ വർക്കുകളും 10/20 എച്ച്. പി. ഡിസ്ചാർജ്ജ് പമ്പ് സ്ഥാപിക്കൽ, പമ്പ് ഹൗസ്, പൈപ്പ് ലൈൻസ്, കോൺക്രീറ്റ് ചാനൽ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. മറ്റു പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

## ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രളയാനന്തര പദ്ധതികൾ

85(3358) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ) വകുപ്പിന്റെ 13-8-2019-ലെ നം. (കൈ) 25/19 ഉത്തരവ് പ്രകാരം റീ ബിൽഡ് കേരള ഇനിഷ്യേറ്റിവിൽ ഉൾപ്പെടുത്തുന്നതിനായി കൃഷി വകുപ്പ് ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പാക്കുവാൻ നിർദ്ദേശങ്ങൾ തയ്യാറാക്കി തുക തിട്ടപ്പെടുത്തുന്ന പ്രളയാനന്തര പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

ചെങ്ങന്നൂർ മണ്ഡലത്തിലെ 10 പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി 62.14 കോടി രൂപ ചെലവിൽ "ചെങ്ങന്നൂർ-സമൃദ്ധി-തരിശുരഹിതമണ്ഡലം പദ്ധതി" റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭ പരിശോധന പൂർത്തിയാക്കി, റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പദ്ധതി അംഗീകരിച്ച് തുക തിട്ടപ്പെടുത്തുന്നതിനുള്ള തുടർനടപടി കൈക്കൊണ്ടുവരികയാണ്.

## ചെങ്ങന്നൂർ മണ്ഡലത്തിലെ പഞ്ചായത്തുകളെ തരിശുരഹിതമാക്കാൻ പദ്ധതി

86 (3359) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 4-9-2019- ലെ 1757/19 -ാം നമ്പർ കത്തിനൊപ്പം ചെങ്ങന്നൂർ എം.എൽ.എ. സമർപ്പിച്ച, മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളെയും തരിശുരഹിതമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള 62.14 കോടി രൂപയുടെ വിശദമായ പദ്ധതിരേഖയ്ക്ക് അനുമതി ലഭ്യമാക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഈ വർഷം ആരംഭിക്കുന്നതിനായി പ്രത്യേക പരിഗണന നൽകി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) 3-9-2019-ലെ 1757/19 നമ്പർ കത്തിനൊപ്പം ചെങ്ങന്നൂർ എം.എൽ.എ. സമർപ്പിച്ച 62.14 കോടി രൂപയുടെ "ചെങ്ങന്നൂർ സമൃദ്ധി - തരിശുരഹിത മണ്ഡലം പദ്ധതി" രൂപരേഖ പ്രാരംഭ പരിശോധനയ്ക്കുശേഷം റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ)-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) ആർ.കെ.ഐ. പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പദ്ധതി നടത്തിപ്പിനായുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നബാർഡ്, ആർ.ഐ.ഡി.എഫ്. 25-ാം പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ അനുമതി സർക്കാർ നൽകിയിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിൽ തനിനാടൻ എന്ന പദ്ധതി**

87(3360) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടൻ മാവുകളുടെ പ്രചരണവും തനിനാടൻ ഉല്പന്നങ്ങളുടെ വിപണനവും മുൻനിർത്തി ചാത്തന്നൂർ മണ്ഡലത്തിൽ "തനിനാടൻ" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കപ്പെട്ട പ്രോജക്ട് ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാന് കൈമാറിയ ശേഷം (നമ്പർ 3735820/19/MLA തീയതി 16-7-2019) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബയോ ഡൈവേഴ്സിറ്റി ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ട് ശാസ്ത്രീയമായി നടപ്പിലാക്കുവാൻ ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും പ്രോജക്ട് എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നാടൻ മാവുകളുടെ പ്രചരണവും തനിനാടൻ ഉല്പന്നങ്ങളുടെ വിപണനവും മുൻനിർത്തി ചാത്തന്നൂർ മണ്ഡലത്തിൽ 'തനിനാടൻ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിലേയ്ക്ക് നൽകിയ പ്രോജക്ട് 2020-21 സാമ്പത്തിക വർഷത്തിലെ മാതൃക ജൈവവൈവിദ്ധ്യ പരിപാലന സമിതികൾക്കായുള്ള പദ്ധതിയിൽ പദ്ധതി വിഹിതം ലഭ്യമാകുന്നമുറയ്ക്ക് പൂർത്തീകരിക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷിക ജൈവവൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ഒരു പത്തംഗ സമിതി ബോർഡ് രൂപീകരിക്കുകയും ഈ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ജില്ലാതലത്തിൽ നോഡൽ ഏജൻസികളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

## യന്ത്രവൽകൃത കൃഷിരീതികൾ

88(3361) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യന്ത്രവൽകൃത കൃഷിരീതികൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ പഞ്ചായത്തുകളിലും നെൽകൃഷിക്കാവശ്യമായ എല്ലാ യന്ത്രങ്ങളും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഇവ ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) യന്ത്രവൽകൃത കൃഷിരീതി പരിപോഷിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ബ്ലോക്കുകൾതോറും കാർഷിക സേവന കേന്ദ്രങ്ങളും-പഞ്ചായത്തുതോറും കാർഷിക കർമ്മസേനകളും രൂപീകരിച്ച് കാർഷികയന്ത്ര സേവനം ലഭ്യമാക്കുന്നു.

യന്ത്രവൽകൃത കൃഷിരീതികൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി അഗ്രോസർവ്വീസ് സെന്ററുകൾ വഴിയും കാർഷിക കർമ്മസേനകൾ വഴിയും കസ്റ്റം ഹയറിംഗ് സെന്റർ വഴിയും കാർഷികയന്ത്രങ്ങൾ മിതമായ വാടകനിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) മുഖാന്തരം കർഷകർ, കർഷക ഗ്രൂപ്പുകൾ, സംരംഭകർ തുടങ്ങിയവയ്ക്ക് കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിന് ആനുകൂല്യം നൽകിവരുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കാർഷിക സേവന കേന്ദ്രങ്ങളുടെ സേവനം ലഭ്യമാകുന്ന പഞ്ചായത്തുകളുടെ പേരുവിവരം താഴെപ്പട്ടികയിൽ കൊടുത്തിരിക്കുന്നു.

| കാർഷിക സേവന കേന്ദ്രം | പ്രവർത്തന പരിധിയിലുള്ള പഞ്ചായത്തുകൾ |
|---|---|
| നീലേശ്വരം | • ചെറുവത്തൂർ<br>• പീലിക്കോട്<br>• കയ്യൂർ ചീമേനി<br>• പടന്ന<br>• വലിയപറമ്പ<br>• തൃക്കരിപ്പൂർ<br>• ചെറുവത്തൂർ |

| | |
|---|---|
| തുളുനാട് അഗ്രോ ആർമി | • മഞ്ചേശ്വരം<br>• എൻമകജെ<br>• പുതിഗേ<br>• പൈവളികെ<br>• മീഞ്ച<br>• മംഗൽപാടി<br>• വോർക്കാടി |
| പുല്ലൂർപെരിയ | • പുല്ലൂർപെരിയ<br>• പള്ളിക്കര<br>• ഉദുമ<br>• അജാനൂർ<br>• മടിക്കൈ<br>• കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി |
| പരപ്പ ബ്ലോക്ക് | • കിനാനൂർ<br>• വെസ്റ്റ് എളേരി<br>• ഈസ്റ്റ് എളേരി<br>• വളാൽ<br>• കോടോംബേളൂർ<br>• കള്ളാർ<br>• പനത്തടി |

പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേനകളുടെ സേവനം ലഭ്യമാകുന്ന പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| കാർഷിക കർമ്മസേന | സേവനം ലഭിക്കുന്ന പഞ്ചായത്ത് |
|---|---|
| മധൂർ | മധൂർ |
| പിലിക്കോട് | പീലിക്കോട് |
| കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി |
| മുളിയാർ | മുളിയാർ |
| വെസ്റ്റ് എളേരി | വെസ്റ്റ് എളേരി |
| പൈവളികെ | പൈവളികെ |

## പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കാൻ നടപടി

89(3362) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന കൃഷിഭവന്റെ പരിധിയിൽ വരുന്ന മടയനാരി, കോഴിക്കുഴി പാടശേഖരങ്ങളുടെ സമീപത്ത് അടിഞ്ഞു കൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പ്രസ്തുത പാടശേഖര കമ്മിറ്റികൾക്ക് ചെലവായ തുക തിരിച്ച് നൽകണമെന്ന നിവേദനത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക തിരിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിവേദനപ്രകാരം മാതരം പള്ളിപാലത്തിന്റെ കാലുകളിൽ വെള്ളപ്പൊക്കത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യം നീക്കം ചെയ്യാൻ മടയനാരി പാടശേഖര സമിതിക്ക് ചെലവായ 88,000 രൂപ അനുവദിച്ചിട്ടില്ല. എന്നാൽ മടവീണതിന് കോഴിക്കുഴി പാടശേഖരത്തിന് 4,33,267 രൂപയും മടയനാരി പാടശേഖരത്തിന് 2,52,267 രൂപയും ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പാടത്തിന്റെ പേര് | പ്രവൃത്തി | തുക (രൂപയിൽ) |
|---|---|---|---|
| 1 | കോഴിക്കുഴി | മട | 2,52,267 |
| 2 | മടയനാരി | മട | 2,52,267 |
| 3 | കോഴിക്കുഴി | മണൽചാക്ക് | 1,11,000 |
| 4 | കോഴിക്കുഴി | വെള്ളം വറ്റിക്കൽ | 70,000 |

## 'നീര' ഉല്പാദന കമ്പനികൾ

90(3363) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര 'നീര' ഉല്പാദന കമ്പനികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; എങ്കിൽ അവയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കമ്പനികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 8 നീര ഉല്പാദന കമ്പനികൾക്ക് കൃഷി വകുപ്പ് മുഖേന ധനസഹായം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ നാളികേര വികസനം ലക്ഷ്യമാക്കി നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നമായ നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2017-18 വരെ നീര ഉല്പാദനവുമായി ബന്ധപ്പെട്ട് നാളികേരള വികസന ബോർഡ് മുഖേന വിവിധ നാളികേര ഉല്പാദക കമ്പനികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ധനസഹായം വായ്പാധിഷ്ഠിത സബ്സിഡിയായിട്ടാണ് നൽകിയത്. എന്നാൽ നിലവിൽ നീര ഉല്പാദിപ്പിക്കുന്ന പല നാളികേര കമ്പനികളും പല കാരണങ്ങളാലും അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഈ കമ്പനികളെ പുനരുദ്ധരിക്കുന്നതിനും പ്രവർത്തനസജ്ജമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടി കമ്പനികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമെടുത്ത വായ്പ കുടിശ്ശിക സ്റ്റാൻഡേർഡാക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകിയിരിക്കുന്ന സബ്സിഡി പ്രസ്തുത അക്കൗണ്ടുകളിലേയ്ക്ക് ക്രമീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഹണി പാർക്ക്**

91(3364) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴപ്പഴ ഇനങ്ങളുടെയും തേനിന്റെയും സംസ്കരണത്തിനും വിപണനത്തിനുമായി ഹണി പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാർക്ക് എവിടെയാണ് സ്ഥാപിക്കുന്നതെന്നും അതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഹണി പാർക്കുകളുടെ നടത്തിപ്പിനായി പ്രത്യേക കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) വാഴപ്പഴ ഇനങ്ങളുടെയും തേനിന്റെയും 'സംസ്കരണത്തിനും വിപണനത്തിനുമായി ബനാന ആൻഡ് ഹണി പാർക്ക് ' തൃശ്ശൂർ ജില്ലയിലെ കൃഷി വകുപ്പിന്റെ അധീനതയിലുള്ള കണ്ണാറ ഫാമിൽ സ്ഥാപിക്കുന്നതിനുള്ള നടപടി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പുരോഗമിക്കുന്നു. ബനാന ആൻഡ് ഹണി പാർക്കിന്റെ നിർമ്മാണോദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. അടുത്ത വർഷംതന്നെ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിന് 25.13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഹണി പാർക്കിന്റെ സ്ഥാപന മേൽനോട്ടത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സോയിൽ ഹെൽത്ത് കാർഡുകൾ**

92(3365) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെ സൂക്ഷ്മഗുണങ്ങൾ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) എത്ര കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഫോർ സസ്റ്റെനബിൾ അഗ്രികൾച്ചർ സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ ഡെവലപ്മെന്റ് ഓഫ് മോഡൽ വില്ലേജസ് എന്ന പൈലറ്റ് പ്രോജക്ട് സംസ്ഥാനത്തെ 14 ജില്ലകളിലായി 152 വികസന ബ്ലോക്കുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഓരോ വില്ലേജുകളിൽ മണ്ണ് സാമ്പിളുകൾ ശേഖരിച്ച് അവ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നു. ഈ പദ്ധതിപ്രകാരം മണ്ണ് പരിശോധന ശാലകളിൽ മണ്ണിന്റെ അമ്ലത (പി.എച്ച്), വൈദ്യുത ചാലകത (ഇലക്ട്രിക്കൽ കണ്ടക്ടിവിറ്റി), ജൈവ കാർബണിന്റെ അളവ് (ഓർഗാനിക് കാർബൺ %), ലഭ്യമായ ഫോസ്ഫറസ്, പൊട്ടാസ്യം, സൾഫർ എന്നിവയ്ക്കുപുറമെ സൂക്ഷ്മമൂലകങ്ങളായ കോപ്പർ, മാംഗനീസ്, ഇരുമ്പ്, സിങ്ക്, ബോറോൺ എന്നിവ പരിശോധിച്ച് വിളകൾക്കാവശ്യമായ വളം സോയിൽ ഹെൽത്ത് കാർഡുകളിലൂടെ ശിപാർശ ചെയ്യുന്നു. 2019-20-ൽ ഈ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നുണ്ട്.

(ബി) ഈ പദ്ധതിയുടെ ഒന്നാമത്തെ സൈക്കിളിൽ (2015-16, 2016-17)- 763435 എണ്ണം, രണ്ടാമത്തെ സൈക്കിളിൽ (2017-18, 2018-19)- 2052653 എണ്ണം എന്നിങ്ങനെ ആകെ 2816088 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിന് മണ്ണ് സാമ്പിൾ ശേഖരണം ആരംഭിച്ചിട്ടുണ്ട്.

### നബാർഡ് സഹായത്തോടെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് അനുമതി ലഭിച്ച പ്രവൃത്തികൾ

93(3366) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നബാർഡ് സഹായത്തോടെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നബാർഡ് സഹായത്തോടെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്.XXIV സ്കീമിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി. മുഖേന ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയിൽ വാളകം ചിറയുടെ (വാളകം പഞ്ചായത്ത്) പുനരുദ്ധാരണ പ്രവൃത്തികൾ, ആവോലി പഞ്ചായത്തിലെ ആനിക്കാട് ചിറ, പൂതക്കുഴി ചിറ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ടി മൂന്ന് പ്രവൃത്തികളിൽ ആനിക്കാട് ചിറയുടെ പ്രവൃത്തികൾ പുരോഗതിയിലാണ്. വാളകം ചിറ, പൂതക്കുഴി ചിറ ഇവയുടെ പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്.

### മണ്ണുസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവൃത്തികൾ

94(3367) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണവകുപ്പിന്റെ മേൽനോട്ടത്തിൽ നടക്കുന്ന പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിലെ പ്രവൃത്തികളുടെ മേൽനോട്ടം സംബന്ധിച്ച ജീവനക്കാരുടെ അധികാരപരിധിയും ചുമതലയും നിർവചിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ചെക്ക് ഡാമുകൾ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി എഞ്ചിനീയറിംഗ് സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ സേവനം നിലവിൽ ലഭ്യമാണോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ഇ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളാണ് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നത്. 15-11-1975-ലെ ജി.ഒ.(പി) നമ്പർ 380/75/എ.ഡി. നമ്പർ ഉത്തരവുപ്രകാരം സർക്കാർ അനുമതി ലഭിച്ച സോയിൽ കൺസർവേഷൻ കോഡ് പ്രകാരമാണ് വകുപ്പിലെ എല്ലാ പദ്ധതി പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത്.

(സി) ചെക്ക്ഡാമുകളടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി എഞ്ചിനീയറിംഗ് സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ സേവനം വകുപ്പിൽ ലഭ്യമാണ്.

**കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

95(3368) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണ് പര്യവേഷണ /മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പാലക്കാട് ജില്ലയിൽ എത്ര കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട് ; കുളങ്ങളുടെ പേരും അനുവദിച്ച തുകയും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരം പദ്ധതികൾ വരും വർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡം എന്തെല്ലാമാണ് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി RIDF 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി അനുമതി നൽകുകയുണ്ടായി. നാളിതുവരെ 1179.85 ലക്ഷം രൂപ ചെലവഴിച്ച് 46 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പാലക്കാട് ജില്ലയിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിലവിൽ പുതിയ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. നബാർഡ് ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ സ്കീമുകളിലുൾപ്പെടുത്തി കുളങ്ങളുടെ നവീകരണത്തിനായി സഹസ്ര സരോവർ പദ്ധതി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

**കാർഷിക സർവ്വകലാശാലയിലെ വിവിധ തസ്തികകളുടെ പേര് മാറ്റം**

96(3369) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ എത്ര തസ്തികകളുടെ പേര് മാറ്റിയിട്ടുണ്ടെന്ന് തസ്തിക സഹിതം വ്യക്തമാക്കാമോ; ഇങ്ങനെ പേരു മാറ്റുമ്പോൾ അനുവർത്തിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ;

(ബി) തസ്തികകളുടെ പേര് മാറ്റുന്നതിന് നിലവിലെ നിയമപ്രകാരം സർവ്വകലാശാലയ്ക്ക് അധികാരമുണ്ടോ; നിലവിലെ സേവന വേതന വ്യവസ്ഥകളിൽ മാറ്റമില്ലെങ്കിലും ഇതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ;

(സി) ഇതുവരെ പുനർ നാമകരണം ചെയ്ത തസ്തികകൾക്കെല്ലാം സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) എട്ട് തസ്തികകളുടെ പേര് മാറ്റിയിട്ടുണ്ട്. പേരുമാറ്റിയ തസ്തികകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

നിലവിലുള്ള തസ്തികകളുടെ പേര് മാറ്റുന്നതിന് ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യേണ്ടതുണ്ട്. ഈ ഭേദഗതിക്ക് സ്റ്റാറ്റ്യൂട്ട് സബ്കമ്മിറ്റി, ഭരണസമിതി, ജനറൽ കൗൺസിൽ എന്നിവയുടെ അംഗീകാരം ലഭിച്ചശേഷം ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) സർവ്വകലാശാല ഭരണസമിതിയിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ചാണ് തസ്തികകളുടെ പേര് മാറ്റുന്നത്. ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടിൽ ഭേദഗതികൾ വരുത്തി അംഗീകരിക്കുന്നത് ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണറാണ്. ബഹുമാനപ്പെട്ട ഗവർണർ ആവശ്യമുള്ളപക്ഷം സർക്കാരിന്റെ ഉപദേശം തേടാറുണ്ട്.

**നെന്മാറ മണ്ഡലത്തിൽ കാർഷിക കോളേജ്**

97(3370) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കാർഷിക കോളേജ് ആരംഭിക്കുന്നതിനുള്ള പ്രാഥമികപഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) കാർഷിക മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള നെന്മാറ മണ്ഡലത്തിൽ കാർഷിക കോളേജ് ആരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന കാർഷിക കോളേജിനാവശ്യമായ സ്ഥലത്തിന്റെ വിസ്തൃതി, സ്പെസിഫിക്കേഷൻ തുടങ്ങിയ വിവരങ്ങൾ തയ്യാറാക്കി നൽകാനായി സർവ്വകലാശാല പ്രൊഫസർ ഡോ. ഗിരിജയെ ചുമതലപ്പെടുത്തുകയും അവർ പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്. 25-06-2019-ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ സർവ്വകലാശാല രജിസ്ട്രാറും കൃഷി വകുപ്പ് ഡയറക്ടറുമായി ചേർന്ന യോഗത്തിൽ കൊല്ലങ്കോട് എഡ്യൂക്കേഷൻ & ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലുള്ള വസ്തു ഏറ്റെടുക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി Requisition Form-2 ലഭ്യമാക്കാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർദ്ദിഷ്ട കാർഷിക കോളേജിന് ആവശ്യമായ ഭൂമി സ്വന്തമായി ആർജ്ജിക്കുന്നതുവരെ മുതലമട സീഡ് ഫാമിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ വിദ്യാർത്ഥികളുടെ പഠന പ്രവർത്തനത്തിന് മുതലമട ഫാം ഉപയോഗിക്കുന്നത് സംബന്ധിച്ച് കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും കക്ഷികളായി ധാരണാപത്രം തയ്യാറാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം കോളേജിനാവശ്യമായ ഭൂമി കണ്ടെത്തുക, സാമ്പത്തിക ലഭ്യത തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

## ദളിത് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ജി.സി.ഡി.എ.-യിൽ നിയമനം

98(3371) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.സി.ഡി.എ.-യിൽ ദളിത് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഡെപ്യൂട്ടി ടൗൺപ്ലാനർ, ടൗൺ പ്ലാനർ തസ്തികകളിലേയ്ക്ക് നിയമനം നൽകണമെന്ന് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ ആയതിന്മേൽ എന്തൊക്ക നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഹൈക്കോടതിയുടെ ഉത്തരവിനെതിരെ ജി.സി.ഡി.എ. സുപ്രീം കോടതിയിൽ അപ്പീൽ നൽകിയിരുന്നോ; എങ്കിൽ എന്തുകൊണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.സി. നം.29289/17 &29290/17 നമ്പർ കേസുകളിലെ 28-3-2019-ലെ ഇടക്കാലവിധി പ്രകാരം അന്തിമവിധിക്ക് വിധേയമായി ടിയാളുകൾക്ക് ജി.സി.ഡി.എ.-യിൽ താൽക്കാലികമായി നിയമനം നൽകണമെന്ന് ഉത്തരവായിരുന്നു. ആയതിനെതിരെ ജി.സി.ഡി.എ. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ജി.സി.ഡി.എ. ഒഴിവ് റിപ്പോർട്ട് ചെയ്തുകൊണ്ട് കെ.പി.എസ്.സി.-ക്ക് നൽകിയ പ്രൊഫോർമയിൽ നിഷ്കർഷിച്ചിരുന്നതും തദനുസരണം കെ.പി.എസ്.സി. വിജ്ഞാപനം ചെയ്തിരുന്നതുമായ, 'മതിയായ പ്രവൃത്തി പരിചയം' കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾക്കില്ലെന്ന കാരണത്താലാണ് ജി.സി.ഡി.എ. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തത്.

ഹൈക്കോടതി ഉത്തരവിനെതിരെ ജി.സി.ഡി.എ. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് സർക്കാരിന്റെ അനുമതിയോ അഭിപ്രായമോ ആരായുകയോ സർക്കാർ ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.

## തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്ന പ്രക്രിയ

99(3372) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണ പ്രക്രിയയിൽ പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്ന ജില്ലാതല ഏകോപിത സംവിധാന പ്രക്രിയ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനാവശ്യമായ സാങ്കേതിക വൈദഗദ്ധ്യം ആരാണ് നൽകുന്നത് എന്നും ഇതിലൂടെ നഗര -ഗ്രാമാസൂത്രണം ഫലപ്രദമായി നിർവ്വഹിക്കാനായി എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെയും വകുപ്പുകളുടെയും വികസന നടത്തിപ്പ് ഏജൻസികളായി പ്രവർത്തിച്ചുവരുന്ന നഗര - ഗ്രാമ പഞ്ചായത്തുകളെയും ജില്ലാ പഞ്ചായത്തുകളെയും അതത് പ്രദേശങ്ങളുടെ പൂർണ്ണമായ ഒരു ഭരണ സംവിധാനമായി മാറ്റി നവകേരള നിർമ്മാണം ഫലപ്രദമാക്കാനായി സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## കെട്ടിടനിർമ്മാണ പെർമിറ്റുകൾ

100 (3373) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ യഥാസമയം തീർപ്പുകൽപ്പിക്കാതെ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ കണക്കുകൾ സർക്കാർ ശേഖരിച്ചിട്ടുണ്ടോ; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര കേസുകൾ തീർപ്പാക്കിയിട്ടുണ്ട്; അറിയിക്കുമോ;

(സി) അദാലത്തിനുശേഷം ഈ വിഷയത്തിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ;

(ഡി) ചട്ടങ്ങൾ പാലിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി പെർമിറ്റ് നൽകുന്നതിന് കർശനനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്നു. ഗ്രാമപഞ്ചായത്തുകൾ തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല. നഗരസഭകൾ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഉണ്ട്. ഗ്രാമപഞ്ചായത്തുകൾ തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല. നഗരസഭകൾ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) അദാലത്തുകൾ സംഘടിപ്പിച്ചതോടെ തീർപ്പാകാതെ ശേഷിച്ചിരുന്ന അപേക്ഷകളിൽ 90 ശതമാനത്തിലേറെ അപേക്ഷകൾ തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ ലഭിക്കുന്ന അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കിവരുന്നുണ്ട്.

(ഡി) ചട്ടങ്ങൾ പാലിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന സമയപരിധി പാലിച്ച് നിർമ്മാണാനുമതി നൽകണമെന്ന് എല്ലാ തദ്ദേശഭരണ സ്ഥാപനമേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## സേവനങ്ങൾ സമയബന്ധിതമായും അഴിമതിരഹിതമായും ലഭ്യമാക്കാൻ നടപടി

101(3374) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ.വി. വിജയദാസ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾ സമയബന്ധിതമായും അഴിമതി രഹിതമായും ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം തന്നെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാകുംവിധം പ്രവർത്തനാന്തരീക്ഷവും പശ്ചാത്തല സൗകര്യവും മെച്ചപ്പെടുത്തുന്നതിനു പദ്ധതിയുണ്ടോ; എല്ലാ ജില്ലകളും സദ്ഭരണ ജില്ലകളാക്കി ഉയർത്തുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജീവനക്കാരുടെ സേവന മനോഭാവവും കാര്യക്ഷമതയും ഉയർത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നതോടൊപ്പം അവരെ സർക്കാർ ജീവനക്കാരാക്കണമെന്ന ആവശ്യം നിറവേറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ – സി) വിവരം ശേഖരിച്ചുവരുന്നു.

**വാർഡ് വിഭജന മാനദണ്ഡം**

102(3375) ശ്രീ. പി. ഉബൈദുള്ള
ശ്രീ. സി. മമ്മൂട്ടി
ശ്രീ. പി. കെ. അബ്ദു റബ്ബ്
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ വിഭജിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ വിഭജിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനങ്ങളിലെ അംഗസംഖ്യ നിശ്ചയിക്കുന്നത് സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ടിലും, കേരള മുനിസിപ്പാലിറ്റീസ് ആക്ടിലും പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത്

ജനസംഖ്യ പതിനയ്യായിരം വരെ - 13 അംഗങ്ങൾ. അധികരിക്കുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് പേർക്കും അധികമായി ഒരു അംഗം വീതം.

പരമാവധി 23 അംഗങ്ങൾ

2. ബ്ലോക്ക് പഞ്ചായത്ത്

ജനസംഖ്യ ഒരു ലക്ഷത്തി അമ്പതിനായിരം വരെ - 13 അംഗങ്ങൾ.

അധികരിക്കുന്ന ഓരോ ഇരുപത്തി അയ്യായിരം പേർക്കും അധികമായി ഒരു അംഗം വീതം

പരമാവധി 23 അംഗങ്ങൾ

3. ജില്ലാ പഞ്ചായത്ത്

ജനസംഖ്യ പത്ത് ലക്ഷം വരെ - 16 അംഗങ്ങൾ

അധികരിക്കുന്ന ഓരോ ഒരു ലക്ഷം പേർക്കും അധികമായി ഒരു അംഗം വീതം.

പരമാവധി 32 അംഗങ്ങൾ.

4. മുനിസിപ്പാലിറ്റി

ജനസംഖ്യ ഇരുപതിനായിരം വരെ 25 അംഗങ്ങൾ.

അധികരിക്കുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് പേർക്കും അധികമായി ഓരോ അംഗം.

പരമാവധി 52 അംഗങ്ങൾ.

5. മുനിസിപ്പൽ കോർപ്പറേഷൻ

ജനസംഖ്യ നാല് ലക്ഷം വരെ 55 അംഗങ്ങൾ.

അധികരിക്കുന്ന ഓരോ പതിനായിരം പേർക്കും അധികമായി ഒരു അംഗം.

പരമാവധി 100 അംഗങ്ങൾ.

## തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം

103(3376) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വകുപ്പുകളെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ കരട് ചട്ടം തയ്യാറാക്കിയിട്ടുണ്ടോ; കരട് ചട്ടത്തിൽ കണ്ടെത്തിയ അപാകതകൾ വെളിപ്പെടുത്തുമോ;

(ബി) നഗരകാര്യവകുപ്പും പഞ്ചായത്ത്-ഗ്രാമ വികസന വകുപ്പുകളും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗവും ടൗൺ പ്ലാനിങ് വിഭാഗവും കൂടി ഏകീകരിക്കുക വഴി ജീവനക്കാരുടെ പ്രൊമോഷൻ സീനിയോറിറ്റി വിഷയങ്ങളിൽ നിരവധി തർക്കങ്ങൾ ഉടലെടുക്കുമെന്നിരിക്കെ ഇത് രൂപീകരിക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എന്തുഗുണമാണ് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. വകുപ്പുതലവന്മാരുടെ നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടത്തിൽ അപാകതകളുണ്ടോയെന്നുള്ള വിഷയം സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്.

(ബി) പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം എൽ.എസ്.ജി.ഡി., എഞ്ചിനീയറിംഗ് വിഭാഗം, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ വിഭാഗങ്ങൾ ഏകീകരിക്കുകവഴി അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകര മാകുന്നതാണ്. ഏകീകൃതമായ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭാവം വിവിധ

തട്ടുകളിലുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും നഗരസഭകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗമായി നിലവിൽ ഏകോപിത സ്വാഭാവത്തിലല്ലാതെ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥ സംവിധാനത്തിന് പ്രാദേശിക വികസന ഭരണത്തിൽ പൊതുവായ കാഴ്ചപ്പാടും കാര്യക്ഷമതയും വളർത്തുന്നതിനും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണം അത്യന്താപേക്ഷിതമാണ്. ഫലപ്രദമായ പ്രാദേശിക ഭരണ സംവിധാനം രൂപപ്പെടുത്തേണ്ടതും വികേന്ദ്രീകരണം സുസ്ഥാപിതമാക്കുന്നതിന് അനിവാര്യമാണ്. തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തതിന്റെ യുക്തിയും ഇതുതന്നെയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ അധികാരങ്ങൾ വിനിയോഗിച്ച് നടപ്പിലാക്കുന്ന ഫലപ്രദമായ നടപടികളും തീരുമാനങ്ങളും സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കാനായി ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കാര്യക്ഷമവും ആത്മാർത്ഥവുമായ സേവനം അനിവാര്യമാണ്. നിലവിൽ വിവിധ വകുപ്പുകളിലായി നിലകൊള്ളുന്ന ഉദ്യോഗസ്ഥരിലൂടെയാണ് ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നത്. അവരുടെ സേവന സംബന്ധമായ സ്പെഷ്യൽ റൂളുകളും വ്യത്യസ്തമാണ്. അപ്രകാരമുള്ളവരെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പിന് കീഴിൽ ഒറ്റ സ്പെഷ്യൽ റൂളിനുകീഴിൽ കൊണ്ടുവരുന്നതുവഴി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും.

**തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന അദാലത്തുകൾ**

104(3377) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന അദാലത്തുകളിൽ തീരുമാനമെടുക്കുന്നതിന് ഉത്തരവാദിത്തപ്പെട്ടവർ ആരൊക്കെയാണ് എന്നറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ ഇത്തരം അദാലത്തുകളിൽ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി അല്ലാതെ മറ്റാരെങ്കിലും ഫയലുകൾ തീർപ്പാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ് ഇത്തരത്തിൽ ഉത്തരവ് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ട് എന്നിവ വിഭാവനം ചെയ്തിട്ടുള്ള അധികാരങ്ങൾ ലംഘിച്ചുകൊണ്ട് സർക്കാരോ വകുപ്പുമന്ത്രിയോ ഇത്തരം അദാലത്തുകളിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) നഗരകാര്യ വകുപ്പും പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട് കെട്ടിടനിർമ്മാണ അനുമതി ഫയൽ അദാലത്ത്, ഓഡിറ്റ് ഫയൽ അദാലത്ത്, പരാതി ഫയൽ അദാലത്ത് മുതലായവ നടത്തിയിരുന്നു. ഇത്തരം അദാലത്തുകളിൽ ഫയലിന്റെ രീതിയും വ്യാപ്തിയും അനുസരിച്ചാണ് തീരുമാനമെടുക്കുന്നതിനുള്ള ഉദ്യോഗസ്ഥരെ തീരുമാനിക്കുന്നത്.

(സി) ഇല്ല.

**പൊതുനിരത്തുകളോട് ചേർന്ന് സൗജന്യ ശൗചാലയങ്ങൾ**

105(3378) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുനിരത്തുകളോടുചേർന്ന് സൗജന്യമായി ശൗചാലയങ്ങൾ ഒരുക്കേണ്ട ബാധ്യത സർക്കാരിനുണ്ടെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ പണം നൽകി ഉപയോഗിക്കാവുന്ന ശൗചാലയങ്ങൾ നിർമ്മിച്ച് നൽകുന്ന കാര്യത്തിൽ സർക്കാർ കാട്ടുന്ന താൽപ്പര്യം സൗജന്യ ശൗചാലയങ്ങളുടെ കാര്യത്തിൽ കാട്ടുന്നില്ല എന്ന ആക്ഷേപം ഗൗരവമായി കാണുമോ;

(സി) അയൽ സംസ്ഥാനങ്ങളിൽ പണം നൽകി ഉപയോഗിക്കാവുന്ന ശൗചാലയങ്ങൾ വ്യാപകമാണെങ്കിലും അവയോട് ചേർന്ന് സൗജന്യമായി ഉപയോഗിക്കാവുന്ന ശൗചാലയങ്ങൾ നിർമ്മിച്ച് പരിപാലനച്ചുമതല കോൺട്രാക്ട് എടുത്തിട്ടുള്ള ആളിൽ നിക്ഷിപ്തമാക്കി പരിപാലിച്ച് വരുന്നവ മാതൃകയാക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ&ബി) പൊതുസ്ഥലങ്ങളിൽ ഉൾപ്പെടെ സ്വച്ഛ് ഭാരത് മിഷൻ ഫണ്ട്, തദ്ദേശഭരണ സ്ഥാപന ഫണ്ട് എന്നിവ ഉപയോഗിച്ച് ശൗചാലയങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെടുന്ന ശൗചാലയങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലനവും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള മാതൃകയാണ് നിലവിൽ പിന്തുടരുന്നത്.

## എം.എൻ.ആർ.ഇ.ജി.പി.-യുടെ നടത്തിപ്പ്

106(3379) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൻ.ആർ.ഇ.ജി.പി.- യിൽ ഒരു വർഷം 100 തൊഴിൽ ദിനങ്ങൾ നൽകണമെന്ന് നിയമം അനുശാസിക്കുന്നുവെങ്കിലും അപ്രകാരം നൽകുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ;

(ബി) തൊഴിലാളികൾക്ക് നിലവിൽ കൂലി കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) കൂലിയിനത്തിലുള്ള തുകയുടെ എത്ര ശതമാനമാണ് കേന്ദ്രവിഹിതമെന്ന് അറിയിക്കാമോ; ഇക്കാര്യത്തിനായി കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട തുക ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സമോ പ്രതിബന്ധമോ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മുൻ വർഷത്തെക്കാൾ ബഡ്ജറ്റ് വിഹിതത്തിൽ കേന്ദ്രം കുറവ് വരുത്തിയിട്ടുണ്ടോ; സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തൊഴിലുറപ്പ് പദ്ധതിയെ ദോഷകരമായി ബാധിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. 2019-20 സാമ്പത്തിക വർഷം 31-10-2019 വരെ 59337.96 ലക്ഷം രൂപ കൂലി കുടിശ്ശികയുണ്ട്.

(സി) കൂലിയിനത്തിലുള്ള തുകയുടെ 100 ശതമാനവും കേന്ദ്ര വിഹിതമാണ്. കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ പ്രത്യേക തടസ്സമോ പ്രതിബന്ധമോ നിലവിലില്ല.

(ഡി) 2018-19 സാമ്പത്തികവർഷവും 2019-20 സാമ്പത്തികവർഷവും 700 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ നൽകിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി തൊഴിലുറപ്പ് മേഖലയെ ദോഷകരമായി ബാധിച്ചിട്ടില്ല.

## അമൃത് പദ്ധതി

107(3380) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ നടത്തുന്ന അമൃത് പദ്ധതി നിലവിൽ ഏതൊക്കെ കോർപ്പറേഷനിലും മുൻസിപ്പാലിറ്റിയിലുമാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലത്തെ അവസ്ഥ എന്താണെന്നും പദ്ധതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) അമൃത് പദ്ധതി പ്രകാരം ജലവിതരണം, അഴുക്ക് ചാൽ നിർമ്മാണം തുടങ്ങിയ മേഖലകളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതി കാലാവധി അവസാനിക്കുന്നതിന് മുമ്പ് പൂർത്തിയാക്കുവാൻ സാധിക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിനായി സമയം ദീർഘിപ്പിച്ച് നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് തുടങ്ങിയ മൂന്ന് മുനിസിപ്പാലിറ്റികളിലുമാണ് അമൃത് പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) 2015 സെപ്റ്റംബർ മുതൽ 2020 മാർച്ച് 30 വരെയാണ് പദ്ധതി കാലാവധി. ശുദ്ധജല വിതരണം, സ്വീവറേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട് (നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട്), പാർക്ക് ആൻഡ് ഓപ്പൺ സ്പെയ്സ് എന്നീ അഞ്ച് മേഖലകളിലായാണ് (സെക്ടറുകൾ) പദ്ധതി നടപ്പിലാക്കുന്നത്. ആകെ 2357.66 കോടി രൂപയുടെ 1023 പദ്ധതികളാണുള്ളത്. അതിൽ 2248.35 കോടി രൂപയുടെ 1023 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു. 2127.75 കോടി രൂപയുടെ 1018 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചു. 2115.92 കോടി രൂപയുടെ 1017 പദ്ധതികൾ ടെണ്ടർ ചെയ്തു. 1609.23 കോടി രൂപയുടെ 951 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു. 298 പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചു. 577.71 കോടി രൂപ നാളിതുവരെ ചെലവഴിച്ചു.

(സി& ഡി) ജലവിതരണവും സെപ്റ്റേജ് ആൻഡ് സ്വിവറേജ് മാനേജ്മെന്റും സെക്ടറുകളിലെ പദ്ധതികളൊഴിച്ച് ബാക്കി എല്ലാ പദ്ധതികളും 2020 മാർച്ച് 31-നുമുമ്പ് പൂർത്തീകരിക്കാൻ സാധിക്കും. ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## മഞ്ചേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

108(3381) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ 2016-17 മുതൽ ആരംഭിച്ചതും നാളിതുവരെ പൂർത്തിയാകാത്തതുമായ തദ്ദേശസ്വയംഭരണ വകുപ്പുവഴി നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നീ പദ്ധതികൾ പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനതു പ്രവൃത്തികളല്ലാതെ മറ്റ് പദ്ധതികൾ പ്രകാരവും നടപ്പിലാക്കിവരുന്ന ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി , സാങ്കേതിക അനുമതി, ടെണ്ടർ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ;

(സി) പ്രവൃത്തികൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് കർശനനിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ടെണ്ടർ ചെയ്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കരാറുകാർക്ക് നിർദ്ദേശം നൽകുന്നതും ടെണ്ടർ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതുമാണ്.

## ഹോമിയോ ഡിസ്പെൻസറികൾക്ക് ഭൗതിക സാഹചര്യവും കെട്ടിടവും

109(3382) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പിന്റെ 2017-18- ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും 13-7-2017-ലെ സ.ഉ.(കൈ) 21/2017/ആയുഷ് നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതുമായ ഹോമിയോ ഡിസ്പെൻസറികളിൽ എത്ര എണ്ണത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ഭൗതിക സാഹചര്യവും കെട്ടിടവും കണ്ടെത്തി നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം ഡിസ്പെൻസറികൾക്കാണ് ഇനിയും ഭൗതിക സാഹചര്യവും കെട്ടിടവും കണ്ടെത്തി നൽകാനുള്ളത്; ഇത് നൽകാത്തതിനുള്ള കാരണം എന്താണ്; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മേലാറ്റൂർ പഞ്ചായത്തിൽ ആരംഭിക്കാൻ തീരുമാനിച്ച ഹോമിയോ ഡിസ്പെൻസറിക്ക് ഭൗതിക സാഹചര്യവും കെട്ടിടവും കണ്ടെത്തി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ കെട്ടിടവും ഭൗതിക സാഹചര്യവും പുതുതായി നിർമ്മിച്ച ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ ഒരുക്കിയിട്ടുണ്ട്.

**തിരുവനന്തപുരം നഗരത്തിലെ അമൃത് പദ്ധതി**

110(3383) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതി പ്രകാരം തിരുവനന്തപുരം നഗരത്തിന് എത്ര കോടി രൂപയുടെ പദ്ധതികളാണ് അനുവദിച്ചുകിട്ടിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര പദ്ധതികളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്; പൂർത്തീകരിച്ച പദ്ധതികളുടെയും നിർവ്വഹണം ആരംഭിച്ചിട്ടുള്ള പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 357.50 കോടി രൂപയുടെ 275 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

(ബി) 357.35 കോടി രൂപയുടെ 275 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശുദ്ധജല വിതരണ സെക്ടറിലെ 45 പദ്ധതികൾക്ക് 99.04 കോടി രൂപയുടെ ഭരണാനുമതിയും 97.46 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 97.46 കോടി രൂപയ്ക്ക് ടെണ്ടർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. ഈ മേഖലയിലെ എല്ലാ പ്രവൃത്തികളുടെയും നിർമ്മാണം നടത്തുന്നത് കേരള വാട്ടർ അതോറിറ്റിയാണ്. 12 പ്രവൃത്തികൾ പൂർത്തീകരിച്ചു. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 38.76 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സെപ്റ്റേജ് ആൻഡ് സ്വീവേജ് മാനേജ്മെന്റ് സെക്ടറിലെ 112 പദ്ധതികൾക്ക് 159.66 കോടി രൂപയുടെ ഭരണാനുമതിയും 151.57 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 147.57 കോടി രൂപയുടെ 111 പദ്ധതികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതുമാണ്. 91.65 കോടി രൂപയുടെ 92 പദ്ധതികൾക്ക് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. 38 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയാണ് ടി സെക്ടറിലെ എല്ലാ പദ്ധതികളും നിർവ്വഹിക്കുന്നത്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 25.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സ്റ്റോം വാട്ടർ ഡ്രയിനേജ് സെക്ടറിലെ 110 പദ്ധതികൾക്ക് 61.07 കോടി രൂപയുടെ ഭരണാനുമതിയും 48.7 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 48.7 കോടി രൂപയുടെ ടെണ്ടർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. ഈ മേഖലയിലെ എല്ലാ പ്രവൃത്തികളും കോർപ്പറേഷനാണ് നിർവ്വഹിക്കുന്നത്. 55 പ്രവൃത്തികൾ പൂർത്തിയായി. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 23.60 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ നാല് പദ്ധതികൾക്ക് 31.73 കോടി രൂപയുടെ ഭരണാനുമതിയും 28.73 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 28.73 കോടി രൂപയുടെ ടെണ്ടർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. ഈ മേഖലയിലെ നാല് പ്രവൃത്തികളുടെയും നിർമ്മാണം നടത്തുന്നത് കോർപ്പറേഷനാണ്. ഒരു പ്രവൃത്തി പൂർത്തീകരിച്ചു. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 0.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പാർക്ക് സെക്ടറിലെ നാല് പദ്ധതികൾക്ക് 5.85 കോടി രൂപയുടെ ഭരണാനുമതിയും 5.85 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും

5.85 കോടി രൂപയ്ക്ക് ടെണ്ടർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് കോർപ്പറേഷനാണ്. ഇതിൽ ഒരു പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 0.30 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 328.31 കോടി രൂപയുടെ 274 പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 272.39 കോടി രൂപയുടെ 255 വർക്കുകൾ അവാർഡ് ചെയ്തതിൽ 107 വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. (കേരള വാട്ടർ അതോറിറ്റി 50 വർക്കും, കോർപ്പറേഷൻ 57 വർക്കും പൂർത്തീകരിച്ചു.) 126 വർക്കുകളുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നു. (കേരള വാട്ടർ അതോറിറ്റി 74 വർക്കും കോർപ്പറേഷൻ 52 വർക്കും)

(ഡി) നാളിതുവരെ പദ്ധതികൾക്കായി 88.19 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## ബ്രഹ്മപുരത്തെ അത്യാധുനിക ഖരമാലിന്യ പ്ലാന്റ്

111(3384) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനുമതി നൽകിയിട്ടും കൊച്ചിയിലെ ബ്രഹ്മപുരത്ത് അത്യാധുനിക ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇതിനാവശ്യമായ അനുമതികൾ ലഭ്യമായിട്ടുണ്ടോ; എന്തെല്ലാം അനുമതികളാണ് ഇനിയും ലഭ്യമാകേണ്ടതായിട്ടുള്ളത്; അനുമതി ലഭ്യമാകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം അറിയിക്കുമോ;

(സി) ഖരമാലിന്യ പ്ലാന്റിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കൊച്ചിയിലെ ബ്രഹ്മപുരത്ത് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ള വേസ്റ്റ്-ടു-എനർജി പ്ലാന്റിന്റെ നിർമ്മാണം തുടങ്ങുന്നതിന് മുന്നോടിയായുള്ള പാരിസ്ഥിതികാനുമതി ലഭ്യമാകുന്നതിനുണ്ടായ കാലതാമസമാണ് പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കുന്നത് വൈകുന്നതിന് കാരണമായത്. പ്രസ്തുത അനുമതി 5-10-2019-ന് ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ 2019 ഡിസംബർ മാസം ആദ്യവാരത്തിൽത്തന്നെ പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

## പഞ്ചായത്തുകളുടെ വാർഷിക പദ്ധതി

112(3385) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പഞ്ചായത്തുകളുടെ എത്ര പദ്ധതികൾക്കാണ് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ ഏകോപനസമിതി അംഗീകാരം നൽകിയത്; വിശദമാക്കാമോ;

(ബി) ഈ വർഷത്തെ വാർഷിക പദ്ധതിയിൽ എത്ര രൂപയാണ് വകമാറ്റി ചെലവഴിക്കാൻ അനുമതി നൽകിയതെന്നും ഏതെല്ലാം പദ്ധതികൾക്കാണെന്നുമുള്ള വിശദാംശം നൽകുമോ;

(സി) പഞ്ചായത്തുകളുടെ പദ്ധതി തുക വിനിയോഗത്തിന് ഏർപ്പെടുത്തിയിട്ടുള്ള ട്രഷറി നിയന്ത്രണങ്ങളുടെ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത നിയന്ത്രണം പഞ്ചായത്തുതല പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകളുടെ (ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്) 69 പദ്ധതികൾക്കാണ് വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി അംഗീകാരം നൽകിയത്. സർക്കാർ അനുമതി ആവശ്യമുള്ള പദ്ധതികൾ, മാർഗ്ഗരേഖയിൽ പറയാത്തതും എന്നാൽ മുൻവർഷങ്ങളിൽ നടപ്പാക്കിയതുമായ വിവിധ പ്രോജക്ടുകളുടെ സാധൂകരണം, മുൻവർഷങ്ങളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ബിൽ തുക നൽകാൻ അനുമതി, ഗുണഭോക്തൃ വിഹിതത്തിലെ കുറവ് ഒഴിവാക്കുന്നതിനുള്ള പ്രത്യേക അനുമതി എന്നിവ ഉൾപ്പെടെയുള്ള എണ്ണമാണിത്.

(ബി) വകമാറ്റി തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

(സി &ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ദേവികുളം മണ്ഡലത്തിലെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി

113(3386) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം നിയോജകമണ്ഡലത്തിലെ ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെയുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഈ സാമ്പത്തിക വർഷത്തിലെ നാളിതുവരെയുള്ള വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## ഉത്തരം

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ സാമ്പത്തിക വർഷത്തിലെ 4-11-2019 വരെയുള്ള വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തദ്ദേശസ്വയം ഭരണ സ്ഥാപനം | പദ്ധതി നിർവ്വഹണ പുരോഗതി (ശതമാനത്തിൽ) |
|---|---|---|
| 1 | ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 8.70 |
| 2 | അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 28.02 |
| 3 | അടിമാലി ഗ്രാമപഞ്ചായത്ത് | 43.54 |
| 4 | മറയൂർ ഗ്രാമപഞ്ചായത്ത് | 47.47 |
| 5 | വട്ടവട ഗ്രാമപഞ്ചായത്ത് | 47.15 |
| 6 | ബൈസൻവാലി ഗ്രാമപഞ്ചായത്ത് | 43.03 |
| 7 | മാൻകുളം ഗ്രാമപഞ്ചായത്ത് | 41.10 |
| 8 | വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് | 31.48 |
| 9 | ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് | 30.85 |
| 10 | കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് | 26.92 |
| 11 | പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | 26.62 |
| 12 | മൂന്നാർ ഗ്രാമപഞ്ചായത്ത് | 23.01 |

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിനിയോഗം

114 (3387) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ (ആറ് മാസം) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിനിയോഗം തൃപ്തികരമാണോ; വിശദമാക്കാമോ;

(ബി) ഇക്കാലയളവിൽ ഓരോ തദ്ദേശ സ്ഥാപനവും എത്ര ശതമാനം വിനിയോഗിക്കണമെന്ന് നിജപ്പെടുത്തിയിരുന്നോ; എങ്കിൽ എത്രയാണ് നിജപ്പെടുത്തിയിരുന്നതെന്നും എത്രയാണ് ചെലവഴിച്ചതെന്നും വിശദമാക്കുമോ;

(സി) പദ്ധതി പ്രവർത്തനം വേഗത്തിലാക്കാൻ സർക്കാർ ചെയ്യുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ആസൂത്രണ സമിതി വർഷത്തിൽ എത്ര തവണ കൂടിയിരിക്കണമെന്ന നിഷ്കർഷയുണ്ടോ; ആസൂത്രണ സമിതി യോഗം ചേരേണ്ടതിന്റെ നിബന്ധനകൾ അറിയിക്കാമോ?

## ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ പദ്ധതി വിനിയോഗം കഴിഞ്ഞ വർഷത്തെ നിലയിലേയ്ക്ക് ഉയർന്നില്ലെങ്കിലും ലോക്സഭാ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന മാതൃകാ പെരുമാറ്റച്ചട്ടം, പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ താരതമ്യേന തൃപ്തികരമാണ്.

2019-20 സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ (ആറ് മാസം) സെപ്റ്റംബർ 30 വരെയുള്ള ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിനിർവ്വഹണ പുരോഗതി 25.66 ശതമാനവും ജില്ലാ പഞ്ചായത്തുകളുടേത് 21.19 ശതമാനവുമായിരുന്നു.

2019-20 വർഷം സെപ്റ്റംബർ 30 വരെ ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി ചെലവ് 31% ആണ്.

30-9-2019 വരെയുള്ള ആറ് മാസത്തെ കണക്കുപ്രകാരം കോർപ്പറേഷനുകൾ 22.32 ശതമാനവും മുനിസിപ്പാലിറ്റികൾ 24.78 ശതമാനവും തുക വിനിയോഗിച്ചിട്ടുണ്ട്.

(ബി) 10-7-2019-ലെ ഡി.എ.1/221/19/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും സെപ്റ്റംബർ 30-ന് 45% പദ്ധതിച്ചെലവ് കൈവരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സെപ്തംബർ 30 വരെയുള്ള ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിനിർവ്വഹണ പുരോഗതി 25.66 ശതമാനവും പഞ്ചായത്തുകളുടെത് 21.19 ശതമാനവുമായിരുന്നു. ഈ കാലയളവിൽ നഗരസഭകളുടെ ആകെ പദ്ധതി ചെലവ് 24.78 ശതമാനവും കോർപ്പറേഷനുകളുടേത് 22.32 ശതമാനവുമായിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ 31% ആദ്യ ആറ് മാസകാലയളവിൽ ചെലവഴിച്ചിട്ടുണ്ട്.

(സി) എല്ലാ വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ആയവ വേഗത്തിലാക്കുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറിയും എല്ലാ വകുപ്പ്

സെക്രട്ടറിമാരുമുൾപ്പെടുന്ന പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗം എല്ലാ ത്രൈമാസങ്ങളിലും നടത്തിവരുന്നു. 2019-20 സാമ്പത്തികവർഷത്തിൽ, 2-5-2019, 22-10-2019 തീയതികളിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗങ്ങളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് സെക്രട്ടറിമാർക്ക് പ്രത്യേക നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും നാളിതുവരെ നടത്തപ്പെട്ട സെക്രട്ടറിമാരുടെ യോഗങ്ങളിലും 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവ്വഹണം വിലയിരുത്തുകയും അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 2019-ലെ പാർലമെന്റ് പൊതുതെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ കാലേക്കൂട്ടി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 2018 സെപ്റ്റംബറിൽ തന്നെ നൽകിയിരുന്നു. അതനുസരിച്ച് 1181 സ്ഥാപനങ്ങൾ 2018 ഡിസംബർ 31-നുമുമ്പും ശേഷിക്കുന്നവ ജനുവരിയിലും വാർഷിക പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ സ്പിൽഓവർ പ്രോജക്ടുകൾകൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള ഉത്തരവുകളും നൽകിയിരുന്നു. ഉദ്യോഗസ്ഥതലത്തിൽ പരിശീലനവും നൽകിയിട്ടുണ്ട്. ഇവ സംബന്ധിച്ച് ഒരു പൊതുധാരണ നൽകുന്നതിന് തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ മേഖലായോഗങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

(ഡി) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ആസൂത്രണ സമിതി വർഷത്തിൽ എത്രതവണ കൂടിയിരിക്കണമെന്ന പ്രത്യേക നിഷ്കർഷയില്ല. തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുകയെന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം.

**ലൈഫ് പദ്ധതി**

115 (3388) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഒന്നാം ഘട്ടം - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

രണ്ടാംഘട്ടം - ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം

മൂന്നാംഘട്ടം - ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം.

(ബി) ഒന്നാം ഘട്ടം

ആകെ വീടുകൾ - 1066

പൂർത്തീകരിച്ചവ - 1057

രണ്ടാം ഘട്ടം

ആകെ ഗുണഭോക്താക്കൾ - 9535

അർഹരായി കണ്ടെത്തിയവർ - 5773

പൂർത്തീകരിച്ചത് - 4023

ബാക്കിയുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

മൂന്നാം ഘട്ടം

ആകെ ഗുണഭോക്താക്കൾ - 37739

നാളിതുവരെ അർഹരായി കണ്ടെത്തിയവർ - 15350

**ലൈഫ് മിഷൻ മുഖേന അനുവദിച്ച വീടുകൾ**

116 (3389) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി സംസ്ഥാനത്ത് ഭൂരഹിത ,ഭവനരഹിത, വാസയോഗ്യമായ വീടില്ലാത്തവർ എന്നിവരുടെ സർവേ നടത്തിയിട്ടുണ്ടോ ; പ്രസ്തുത സർവേ പ്രകാരം ഈ മൂന്നു വിഭാഗത്തിലായി എത്ര കുടുംബങ്ങളാണ് ഉള്ളത്; വിശദമാക്കാമോ;

(ബി) ലൈഫ് മിഷൻ മുഖേന എത്ര പേർക്കാണ് പുതുതായി വീട് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര എണ്ണം പൂർത്തിയായിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) 2009 -2011 കാലയളവിൽ സംസ്ഥാനത്ത് വിവിധ ഭവന പദ്ധതികൾ വഴി എത്ര പേർക്ക് പുതുതായി വീട് അനുവദിച്ചു നൽകിയിട്ടുണ്ട്;

(ഡി) ഭൂരഹിത ഭവനരഹിത വിഭാഗത്തിൽപ്പെടാത്ത ഭവനരഹിതരായിട്ടുള്ള എത്ര പേർക്കാണ് ലൈഫ് മിഷൻ വഴി പുതുതായി വീട് അനുവദിച്ചിട്ടുള്ളത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-ൽ ലൈഫ് മിഷൻ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ ഭൂമിയുള്ള ഭവനരഹിതരായ 174390 ഗുണഭോക്താക്കളെയും ഭൂരഹിത ഭവനരഹിതരായ 337415 ഗുണഭോക്താക്കളെയുമാണ് കണ്ടെത്തിയിട്ടുള്ളത്. വാസയോഗ്യമായ വീടില്ലാത്തവരുടെ സർവ്വേ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(ബി) ലൈഫ് മിഷൻ ഒന്നാംഘട്ടമായ പൂർത്തീകരിക്കാനുണ്ടായിരുന്ന വീടുകളുടെ പൂർത്തീകരണ വിഭാഗത്തിൽ 54260 വീടുകളും രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ 97312 വീടുകളുമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ഒന്നാംഘട്ടത്തിൽ 51831 വീടുകളും രണ്ടാം ഘട്ടത്തിൽ 48759 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പി.എം.എ.വൈ.(നഗരം) - ലൈഫ് പദ്ധതിയിൽ 26,015 വീടുകളും പി.എം.എ.വൈ. (ഗ്രാമീൺ) - ലൈഫ് പദ്ധതിയിൽ 16,229 വീടുകളുമുൾപ്പെടെ 142834 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഭൂരഹിത ഭവനരഹിത വിഭാഗത്തിൽപ്പെടാത്ത ഭൂമിയുള്ള ഭവനരഹിതരായിട്ടുള്ള 97,312 പേർക്കാണ് പുതുതായി വീട് അനുവദിച്ചിട്ടുള്ളത്.

## ലൈഫ് മിഷൻ പദ്ധതി

117 (3390) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് ശ്രീമതി സുഗന്ധി, (പ്ലാവിള പുത്തൻവീട് ,പൂങ്കോട് ഭഗവതിനട.പി.ഒ. പള്ളിച്ചൽ പഞ്ചായത്ത് ) എന്ന വ്യക്തിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) അപേക്ഷ നാളിതുവരെ പരിഗണിക്കാത്തതിനുള്ള കാരണം അറിയിക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീട് ടിയാൾക്ക് എപ്പോൾ അനുവദിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വ്യക്തി ഉൾപ്പെടുന്ന ഗുണഭോക്തൃപട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് ശ്രീമതി സുഗന്ധി, പ്ലാവിള പുത്തൻവീട്, പൂങ്കോട് എന്നയാളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിപ്രകാരം സർവ്വേയിലൂടെ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ശ്രീമതി സുഗന്ധിയുടെ പേര് ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ 21-12-2017-ന് നടന്ന ഗ്രാമസഭയിൽ ഭവന നിർമ്മാണത്തിനായി വന്ന അപേക്ഷകളിൽ ഗ്രാമസഭ, ശ്രീമതി സുഗന്ധിയുടെ അപേക്ഷ പരിഗണിക്കുകയും ടിയാളുടെ പേര് സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള സപ്ലിമെന്ററി പട്ടികയിൽനിന്നും ഗുണഭോക്താക്കളെ പരിഗണിക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ഗുണഭോക്തൃ പട്ടികയുടെ (സപ്ലിമെന്ററി പട്ടിക ഗ്രാമസഭയിൽ ഭവന നിർമ്മാണത്തിനായി വന്ന അപേക്ഷകൾ) ബന്ധപ്പെട്ട ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**ലൈഫ് പദ്ധതി - ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം**

118 (3391) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u>
<u>ശ്രീ. സണ്ണി ജോസഫ് :</u>
<u>ശ്രീ. കെ. സി. ജോസഫ് :</u>
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവന രഹിതർക്കായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 56 സ്ഥലങ്ങളിൽ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ മൊത്തം അടങ്കൽ എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് പ്രോജക്ട് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുവാൻ ടെൻഡർ വിളിച്ചിരുന്നോ; പ്രസ്തുത ടെൻഡറിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തു; അവർ ഓരോരുത്തരും ആവശ്യപ്പെട്ട കൺസൾട്ടൻസി നിരക്ക് എത്ര ശതമാനമായിരുന്നു; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. ആകെ അടങ്കൽ തുക 687.96 കോടി രൂപ വരുന്ന 54 ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 3 റീജിയണുകളായി ഇ-ടെണ്ടർ വിളിച്ചിരുന്നു. പങ്കെടുത്ത കമ്പനികളുടെ പേരും ആവശ്യപ്പെട്ട കൺസൾട്ടൻസി നിരക്കും ചുവടെ ചേർക്കുന്നു.

| നമ്പർ | ടെണ്ടർ സമർപ്പിച്ച കമ്പനിയുടെ പേര് | ആവശ്യപ്പെട്ട കൺസൾട്ടൻസി നിരക്ക് | | |
|---|---|---|---|---|
| | | Region- I | Region- II | Region- III |
| 1 | M/s. C. R. Narayana Rao (P) Ltd | 1.95% | 1.95% | 1.95% |
| 2 | M/s. Infrastructure Development Corporation, Karnataka | 3.00% | 2.39% | 3.12% |
| 3 | M/s. CBRE, South Asia (P) Ltd. | 3.11% | 3.31% | 3.88% |

**ലൈഫ് പദ്ധതിയുടെ പുരോഗതി**

119 (3392) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ, കുടുംബശ്രീ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരുടെ കണക്കുകളനുസരിച്ച് സംസ്ഥാനത്തുള്ള ഭൂരഹിത ഭവനരഹിതർ, ഭൂമിയുള്ള ഭവനരഹിതർ തുടങ്ങിയവരുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് എത്രയെന്നും ആയതിൽ ഈ സർക്കാർ നാളിതുവരെ ഓരോ വിഭാഗത്തിലും എത്ര പേർക്ക് വീടു വച്ച് നൽകിയെന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) വിവിധ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങളിൽ ഇനിയും ഭവനരഹിതരായിട്ടുള്ളതായി കണ്ടെത്തിയവർ എത്ര നിർമ്മാണ പ്രക്രിയാഘട്ടത്തിലുള്ളത് എത്രയെന്ന് അറിയിക്കുമോ;

(സി) എല്ലാവർക്കും സ്വന്തം ഭവനം ഉറപ്പാക്കാനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; ഇതിനായി ഈ സർക്കാർ ഓരോ വർഷവും എത്ര തുക ചെലവാക്കിയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ അനർഹർ കടന്നു കൂടിയോ എങ്കിൽ എത്രയെന്നും ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) ലൈഫ് മിഷൻ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത ഭവനരഹിതരുടെ വിഭാഗത്തിലും ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിലുമുള്ള ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങളും ഇതിൽ ഓരോ വിഭാഗത്തിലും എത്രപേർക്ക് വീട് നൽകി എന്നുള്ള വിവരവും അനുബന്ധമായി ചേർക്കുന്നു*.

ലൈഫ് മിഷൻ മാനദണ്ഡങ്ങൾ പ്രകാരം അർഹരായെന്ന് കണ്ടെത്തിയ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട മുഴുവൻ ഭൂമിയുള്ള ഭവനരഹിതർക്കും നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളുടെ അർഹത പരിശോധന നടത്തി സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നുണ്ട്. ആയത് പൂർത്തീകരിക്കുന്നമുറയ്ക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഒന്നാംഘട്ടമായ പൂർത്തീകരിക്കാനുണ്ടായിരുന്ന ഭവനങ്ങളുടെ പൂർത്തീകരണ വിഭാഗത്തിൽ പൂർത്തീകരിക്കാനുണ്ടായിരുന്ന 54260 വീടുകളിൽ നാളിതുവരെ 51831 വീടുകൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള വീടുകളുടെ നിർമ്മാണം 2019 ഡിസംബർ 31-ഓടുകൂടി പൂർത്തീകരിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേയ്ക്കായി 665.58 കോടി രൂപ ധനസഹായമായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

രണ്ടാം ഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ അർഹരായി കണ്ടെത്തിയ 97312 ഗുണഭോക്താക്കളിൽ 48,759 ഗുണഭോക്താക്കളുടെ വീടുകൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇതിലേയ്ക്കായി 2757.90 കോടി രൂപ ധനസഹായമായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

(ഡി) ലൈഫ് ഭവന പദ്ധതിയിൽ അനർഹരെ ഉൾക്കൊള്ളിക്കാതിരിക്കുന്നതിലേയ്ക്കായി വ്യക്തമായ അർഹതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. ഉദ്യോഗസ്ഥതല ഫീൽഡുതല പരിശോധന നടത്തിയാണ് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. തെറ്റായ വിവരങ്ങൾ നൽകി ഗുണഭോക്തൃ ലിസ്റ്റിൽ കടന്ന് കൂടിയവരെ പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയും നിർവ്വഹണോദ്യോഗസ്ഥന് നേരിട്ട് അനർഹരാണെന്ന് ബോദ്ധ്യപ്പെട്ടവരെയും ആനുകൂല്യം നൽകുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആനുകൂല്യത്തിന്റെ ഗഡുക്കൾ കൈപ്പറ്റിയതിനുശേഷം അനർഹരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ടം

120 (3393) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ സ്ഥലവും വീടും ഇല്ലാത്തവർക്കായി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിന് അർഹതപ്പെട്ടവർ എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി സ്ഥലം കണ്ടെത്തുന്നത് എപ്രകാരമാണ്; എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ടെന്നും ഇതിനകം എത്ര ഏക്കർ സ്ഥലം കണ്ടെത്തിയെന്നും വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ വ്യക്തികളിൽ നിന്നും ഇതിനായി സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടന്നുവരുന്നു. നാളിതുവരെ 87,479 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ജില്ലാ കളക്ടർമാർ/തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന 314 സ്ഥലങ്ങളിലായി വിവിധ സർക്കാർ വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള 374.92 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(സി) സ്വകാര്യ വ്യക്തികൾ സ്ഥലം സൗജന്യമായി നൽകുന്നതിന് താൽപ്പര്യപ്പെടുന്നുണ്ട്.

### ലൈഫ് പദ്ധതി

121 (3394) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് വീട് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ 944 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ലൈഫ് മൂന്നാംഘട്ടം ഭൂരഹിത ഭവനരഹിതരുടെ അംഗീകൃത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ രേഖാപരിശോധന നടത്തി രേഖകൾ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യുന്ന പ്രവൃത്തി തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുരോഗമിക്കുന്നു. ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ മാണിക്കൽ, നെടുമങ്ങാട് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

## ലൈഫ് മിഷൻ പദ്ധതി

122(3395) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയിലൂടെ എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയിലൂടെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി നാളിതുവരെ 151731 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. ഇതോടൊപ്പം പി.എം.എ.വൈ.(യു)-ലൈഫിൽ 74,900 പേർക്കും പി.എം.എ.വൈ.(ജി)-ലൈഫിൽ 17316 പേർക്കും വീട് അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ മൂന്നാംഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്താൻ 87479 പേരുടെ വെരിഫിക്കേഷൻ പൂർത്തീകരിച്ചു.

## ലൈഫ് പദ്ധതിപ്രകാരം വീടുകൾ പുനർനിർമ്മിക്കാൻ നടപടി

123(3396) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ കോന്തുരുത്തി പുഴയുടെ പുറമ്പോക്കിൽ താമസിക്കുന്ന സർവ്വേ നമ്പർ 1006-ൽപ്പെട്ട 42 കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച ഫയൽ നമ്പർ വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ കോന്തുരുത്തി പുഴയുടെ പുറമ്പോക്കിൽ താമസിക്കുന്ന സർവ്വേ നമ്പർ 1006-ൽപ്പെട്ട 42 കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി പുനരധിവാസ പദ്ധതി സ്വീകരിച്ചിട്ടില്ല. ടി സർവ്വേ നമ്പരും കൂടി ഉൾപ്പെട്ട 58-ാം ഡിവിഷനിൽ നിന്ന് ആകെ 135 കുടുംബങ്ങൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

**ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാംഘട്ടം**

124 (T*3397) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പത്തനംതിട്ട ജില്ലയെ ആയതിനായി പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിൽ നാല് സ്ഥലങ്ങൾ ഭവന സമുച്ചയ നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുണ്ട്. ഇത് മെഴുവേലി, ഏഴാകുളം, കടമ്പനാട് എന്നീ പഞ്ചായത്തുകളിലും പന്തളം മുനിസിപ്പാലിറ്റിയിലുമാണ്.

**ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിനിർമ്മിക്കുന്ന വീടുകൾ**

125 (3398) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളുടെ എണ്ണം എത്രയാണെന്നും അവയിൽ എത്ര വീടുകൾ ഇതുവരെ പൂർത്തീകരിച്ചുവെന്നുമുള്ള പഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

മണലൂർ മണ്ഡലത്തിൽ ഒന്നാംഘട്ടമായ പൂർത്തീകരിക്കാനുണ്ടായിരുന്ന വീടുകളുടെ വിഭാഗത്തിലുള്ള 194 വീടുകളിൽ 188 വീടുകളും രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിലുള്ള 393 വീടുകളിൽ 223 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഇവയുടെ പഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

## ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് കെട്ടിടനിർമ്മാണ സാമഗ്രികൾ

126 (T*3399) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് കെട്ടിടനിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഈ സർക്കാർ എടുത്ത തീരുമാനങ്ങൾ അറിയിക്കാമോ;

(ബി) ഇപ്രകാരമുള്ള ഗുണഭോക്താക്കൾക്ക് പൊതുവിപണിയിലേതിൽനിന്നും വില കുറച്ച് കെട്ടിട നിർമ്മാണ സാമഗ്രികൾ നൽകുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ;

(ഡി) ഈ പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രാവർത്തികമാകും; വ്യക്തമാക്കുമോ?

ഉത്തരം

(എ) ലൈഫ് ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ വിലകുറച്ച് നൽകുന്നതിനായി ലൈഫ് മിഷൻ, നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന പ്രമുഖ സ്ഥാപനങ്ങളുടെ യോഗം വിളിക്കുകയും അവർക്ക് ഈ പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുകയും അവർ ലൈഫ് ഗുണഭോക്താക്കൾക്ക് നിർമ്മാണ സാമഗ്രികൾ വിലകുറച്ച് വിതരണം ചെയ്യിക്കുന്നതിനായി സർക്കാരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വീട് നിർമ്മാണത്തിനാവശ്യമായ പെയിന്റ്, സാനിറ്ററി ഐറ്റംസ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വാട്ടർ ടാങ്ക്, സിമെന്റ് തുടങ്ങിയ സാധനങ്ങൾ പ്രമുഖ സ്ഥാപനങ്ങളായ സെറ, ജീറ്റ്, പ്യാരീവെയർ, ലെഗ്രാന്റ്, വീഗാർഡ്, വിപ്രോ, ബോൺട്ടൺ കേബിൾസ്, ഏഷ്യൻ പെയിന്റ്സ്, നേരോലാക്ക്, വാൾമാക്സ്, ഇന്റോ ഏഷ്യൻ ഹൈക്കൗണ്ട്, സ്റ്റാർ പൈപ്പ്സ്, മലബാർ സിമെന്റ്സ് എന്നീ കമ്പനികൾ 20-60 ശതമാനം വരെ വില കുറച്ച് ഗുണഭോക്താക്കൾക്ക് നൽകുന്നതിന് സമ്മതിച്ചിട്ടുണ്ട്. ലൈഫ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന പ്രത്യേക വില മിഷന്റെ വെബ്സൈറ്റായ www.lifemission.kerala.in -ൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ലൈഫ് ഗുണഭോക്താക്കൾക്ക് ഈ സാധന സാമഗ്രികൾ ലഭിക്കുന്നതിനായി മിഷന്റെ സോഫ്റ്റ്വെയറിലൂടെ പഞ്ചായത്ത് സെക്രട്ടറിക്കോ വി.ഇ.ഒ.യ്ക്കോ ഐഡന്റിറ്റി കാർഡ് ജനറേറ്റ് ചെയ്ത് നൽകാൻ സാധിക്കുന്നതാണ്. ഈ ഐഡന്റിറ്റി കാർഡുമായി ഗുണഭോക്താവിന് ബന്ധപ്പെട്ട കമ്പനികളുടെ ഡീലർമാരെ സമീപിച്ച് സാധനസാമഗ്രികൾ വിലകുറച്ച് നേരിട്ട് വാങ്ങാൻ സാധിക്കുന്നതാണ്.

(ഡി) ഈ പദ്ധതി 2019 ജൂലൈ 17-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കമ്പനി പ്രതിനിധികളുമായി എം.ഒ.യു. ഒപ്പിട്ടതോടുകൂടി നിലവിൽവരികയുണ്ടായി.

## പാറശ്ശാല മണ്ഡലത്തിൽ ലൈഫ് പദ്ധതിയുടെ പുരോഗതി

127 (3400) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിലുൾപ്പെട്ട ഭവനരഹിതരുടെയും ഭൂമിയില്ലാത്ത ഭവനരഹിതരുടെയും പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിൽ ലൈഫ് പദ്ധതിപ്രകാരം എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു; ഇനി എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനുണ്ട്; പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഭൂരഹിതരായ ഭവനരഹിതർക്ക് വീട് ലഭ്യമാക്കി നൽകുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണ്; വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ട ഭവനരഹിതരുടെയും ഭൂമിയില്ലാത്ത ഭവനരഹിതരുടെയും പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പാറശ്ശാല മണ്ഡലത്തിൽ ലൈഫ് പദ്ധതിപ്രകാരം 2081 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 1000 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ലൈഫ് മൂന്നാംഘട്ടം ഭൂരഹിത ഭവനരഹിതരുടെ അംഗീകൃത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ രേഖാപരിശോധന നടത്തി രേഖകൾ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യുന്ന പ്രവൃത്തി തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുരോഗമിക്കുന്നു. ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട്, വെള്ളറട എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

128 (3401) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിപ്രകാരം ബാലുശ്ശേരി മണ്ഡലത്തിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ; ഈ വീടുകൾ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാലുശ്ശേരി മണ്ഡലത്തിലെ വീടില്ലാത്തവർക്കായി എത്ര വീടുകളാണ് നിർമ്മിച്ച നൽകിയതെന്ന് അറിയിക്കാമോ; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിപ്രകാരം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ 2199 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ലൈഫ് മിഷൻ പദ്ധതിപ്രകാരം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പൂർത്തിയാക്കാൻ 170 വീടുകൾ ബാക്കിയുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്*. ഈ വീടുകൾ 2019 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാലുശ്ശേരി മണ്ഡലത്തിലെ വീടില്ലാത്തവർക്കായി 785 വീടുകളാണ് നിർമ്മിച്ച് നൽകിയത്.

| ഗ്രാമപഞ്ചായത്ത് | വീടുകളുടെ എണ്ണം |
|---|---|
| ബാലുശ്ശേരി | 36 |
| കൂരാച്ചുണ്ട് | 39 |
| കോട്ടൂർ | 40 |
| നടുവണ്ണൂർ | 23 |
| പനങ്ങാട് | 167 |
| ഉള്ളിയേരി | 22 |
| ഉണ്ണികുളം | 110 |
| അത്തോളി | 325 |
| കായണ്ണ | 23 |
| **ആകെ** | **785** |

## പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് വക ഭൂമിയിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം

129 (3402) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പദ്ധതിയിലോ മറ്റ് ഏതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി, പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് വക ഭൂമിയിൽ വനിതാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സ്ഥലം നൽകണമെന്ന അപേക്ഷയോ ശിപാർശയോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആരുടെ ശിപാർശയാണെന്നും അതുസംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിലെയോ ത്രിതല പഞ്ചായത്ത് സമിതികളിലെയോ ഏതെങ്കിലും തലങ്ങളിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) ഏങ്കിൽ അതുസംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പി.എം.ജെ.വി.കെ. (പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം) പദ്ധതിപ്രകാരം ബ്ലോക്ക് പഞ്ചായത്ത് വക സ്ഥലത്ത് 250 ലക്ഷം രൂപ ചെലവിൽ വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് കേന്ദ്ര ന്യൂനപക്ഷ ക്ഷേമവകുപ്പിൽനിന്നും അംഗീകാരവും അനുമതിയും ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ 10-4-2019-ലെ എഫ്.നം.11/ 11/2016-MsDP(Pt.) (Vol.II) നമ്പർ കത്തുപ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

(സി&ഡി) വനിതാ ഹോസ്റ്റൽ നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഉദ്ദേശിച്ചിട്ടുള്ള സ്ഥലം ജിയോ ടാഗ് ചെയ്തിട്ടുള്ളതും ആയത് പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 4-10-2019-ലെ 4(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്.

**കൽപ്പാത്തിയിൽ വീട് നിർമ്മാണത്തിന് അനുമതി**

130 (3403) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നഗരസഭയിലെ കൽപ്പാത്തി ഗ്രാമത്തെ ഹെറിറ്റേജ് വില്ലേജായി പ്രഖ്യാപിച്ചതുകാരണം ഈ പ്രദേശത്തുള്ള പുതിയ വീട് നിർമ്മാണം, വീടുകളിലെ അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുന്നതിന് നിലവിൽ തിരുവനന്തപുരം ആർട് & ഹെറിറ്റേജ് കമ്മിറ്റിയുടെ അനുമതി ആവശ്യമായതിനാൽ പ്രദേശ നിവാസികൾ അനുമതിക്കായി വളരെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് നഗരസഭയിൽ നിന്നു തന്നെ കൽപ്പാത്തി ഹെറിറ്റേജ് വില്ലേജിലെ വീടുകൾ നിർമ്മാണ, പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗീകൃത പാലക്കാട് മാസ്റ്റർ പ്ലാനിൽ 11-11-2009-ലെ G.O.(Ms) No.210/09/LSGD നമ്പർ സർക്കാർ ഉത്തരവുപ്രകാരം വരുത്തിയ variation അനുസരിച്ചുള്ള കൽപ്പാത്തി പൈതൃക മേഖലയിൽ നടത്തുന്ന യാതൊരു നിർമ്മാണപ്രവർത്തനത്തിനും KMBR 1999-ലെ ചട്ടം 154 പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുള്ള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്. ഇതിനായി ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻ നിയോഗിച്ചിട്ടുള്ള ഒരു കമ്മിറ്റിയാണ് കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിച്ച് അനുമതി നൽകുന്നത്. പ്രസ്തുത കമ്മീഷന്റെ മെമ്പർ സെക്രട്ടറിയായ ചീഫ് ടൗൺ പ്ലാനറുടെ തിരുവനന്തപുരത്തെ ഓഫീസിൽ വച്ചാണ് ടി കമ്മിറ്റി സംസ്ഥാനത്തെ വിവിധ ഹെറിറ്റേജ് പ്രദേശങ്ങളിൽ നിന്നും ലഭ്യമാകുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ പരിഗണിക്കുന്നത്.

**പ്രധാന നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടി**

131 (T*3404) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴയെത്തുടർന്ന് കൊച്ചി നഗരത്തിലുണ്ടായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ഓപ്പറേഷൻ ബ്രേക്ക് ത്രൂ നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) കോടതി നിർദ്ദേശം ഉണ്ടായിട്ടും കൊച്ചി കോർപ്പറേഷൻ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിക്കാതിരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) കൊച്ചിയുൾപ്പെടെയുള്ള പ്രധാന നഗരങ്ങളിൽ ഇത്തരത്തിൽ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാനുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കാൻ നഗരസഭകൾക്കും മുനിസിപ്പാലിറ്റികൾക്കും നിർദ്ദേശം നൽകാമോ; വ്യക്തമാക്കുമോ?

---

* "T"മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ദുരന്തനിവാരണ നിയമമനുസരിച്ച് വെള്ളക്കെട്ട് ഒഴിവാക്കാൻ അടിയന്തര നടപടിക്കായി മുഖ്യമന്ത്രി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

(ബി) തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി വിജയകരമായി നടപ്പാക്കിയ ഓപ്പറേഷൻ അനന്ത മാതൃകയിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മേൽനോട്ടത്തിൽ കൊച്ചി നഗരത്തിലുണ്ടായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

(സി) കനത്ത മഴയെത്തുടർന്ന് കൊച്ചിയിലുണ്ടായ വെള്ളക്കെട്ടിന്റെ പശ്ചാത്തലത്തിൽ കൊച്ചിയുൾപ്പെടെയുള്ള പ്രധാന നഗരങ്ങളിൽ ഇത്തരത്തിൽ വെള്ളക്കെട്ടുണ്ടാകാതിരിക്കാനുള്ള പ്രത്യേക പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## മരടിലെ ഫ്ലാറ്റുടമകൾക്കുള്ള നഷ്ടപരിഹാരം

132 (3405) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയെത്തുടർന്ന് മരടിലെ അഞ്ച് ഫ്ലാറ്റുകളിൽ നിന്നും ഒഴിഞ്ഞുപോയ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി ഏതുഘട്ടത്തിലാണ്;

(ബി) നഷ്ടപരിഹാരത്തിനായി ഇതിനകം എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും അതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ ഏതെങ്കിലും ഫ്ലാറ്റുകൾക്ക് ഉടമസ്ഥാവകാശം ഇല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം ഫ്ലാറ്റുകളിൽ നിന്നും മരട് നഗരസഭ വീട്ടുകരം ഈടാക്കിയിരുന്നോ; വ്യക്തമാക്കുമോ;

(ഡി) ഫ്ലാറ്റുകൾ രജിസ്റ്റർ ചെയ്തപ്പോഴുള്ള വില പരിഗണിക്കാതെ എല്ലാവർക്കും ഇടക്കാല നഷ്ടപരിഹാരമായി ഇരുപത്തിയഞ്ച് ലക്ഷം രൂപ നൽകുവാൻ സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ടോ; പ്രസ്തുത തുക ആരിൽ നിന്നും ഈടാക്കുവാനാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഇ) ഫ്ലാറ്റുകൾ പൊളിക്കുന്നതിന് മരട് മുൻസിപ്പൽ കൗൺസിലിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിനെത്തുടർന്ന് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ജസ്റ്റിസ് കെ. ബാലകൃഷ്ണൻ നായർ (റിട്ട.) കമ്മിറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിന് നഗരസഭയിൽ ലഭിച്ച 251 ക്ലെയിം പെറ്റീഷനുകൾ ജസ്റ്റിസ് കെ. ബാലകൃഷ്ണൻ നായർ (റിട്ട.) കമ്മിറ്റി മുമ്പാകെ തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷകളിൽ 1-11-2019 വരെ 200 ഫ്ലാറ്റുടമകൾക്ക് 25 ലക്ഷം രൂപ വച്ച് 50 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

(ബി) നഷ്ടപരിഹാരത്തിനായി ആകെ 251 അപേക്ഷകളാണ് നഗരസഭയിൽ ലഭിച്ചിട്ടുള്ളത്. ആയതിൽ 200 പേർക്ക് നഷ്ടപരിഹാരം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നിലവിൽ ഫ്ലാറ്റുടമകൾക്ക് ഉടമസ്ഥാവകാശമില്ലെന്ന് കണ്ടെത്തിയിട്ടില്ല. നിർദ്ദിഷ്ട ഫ്ലാറ്റുകളിൽ 84 എണ്ണം ബിൽഡർമാരുടെ ഉടമസ്ഥാവകാശത്തിലാണ് ഉള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. വീട്ടുകരം സംബന്ധിച്ച് വസ്തു നികുതി ഈടാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. പ്രസ്തുത തുക നിർദ്ദിഷ്ട ഫ്ലാറ്റുകളുമായി ബന്ധപ്പെട്ട ബിൽഡർമാർ/ പ്രമോട്ടർമാർ/വ്യക്തികൾ/ഒഫീഷ്യൽസ് എന്നിവരിൽനിന്നും ഈടാക്കാനാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ളത്

(ഇ) ഫ്ലാറ്റുകൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾക്ക് മരട് നഗരസഭാ കൗൺസിലിന്റെ 17-10-2019-ൽ ചേർന്ന അടിയന്തര കൗൺസിൽ യോഗത്തിലെ 1-ാം നമ്പർ തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**മുൻഗ്രാമപഞ്ചായത്തംഗങ്ങളുടെ ക്ഷേമത്തിനായുള്ള നടപടികൾ**

133 (3406) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ ഗ്രാമപഞ്ചായത്തംഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിനുവേണ്ടി സർക്കാരിന്റെ 18-5-2017 -ലെ സ.ഉ.(സാധാ) നം.1621/2017/ത.സ്വ.ഭ.വ. പ്രകാരം ഉപസമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ശ്രീ. എം. പി. അജിത്കുമാർ കൺവീനറും താഴെപ്പറയുന്നവർ സമിതിയംഗങ്ങളുമാണ്.

1. ഡോ. മുഹമ്മദ് അഷീൽ (എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ)
2. ശ്രീ. പി. വിശ്വംഭര പണിക്കർ (ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ)
3. ശ്രീ. വി. വി. രമേശൻ, ചെയർമാൻ, മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ.
4. ശ്രീ. കെ. വി. അബ്ദുറഹിമാൻ (പ്രസിഡന്റ്, ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ)
5. ശ്രീ. പി. അപ്പുക്കുട്ടൻ (പ്രസിഡന്റ്, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കുരുവട്ടൂർ പി.ഒ., കോഴിക്കോട് )
6. ശ്രീ. എൻ. എ. അസീസ്, (പ്രസിഡന്റ്, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് ആൻഡ് കൗൺസിലേർഴ്സ് ഓഫ് കേരള സ്റ്റേറ്റ് കമ്മിറ്റി)

**വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ആഫീസ് നിർമ്മാണം**

134 (3407) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടന്നുവരുന്ന വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ആഫീസ് മന്ദിരം കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുമോ;

(ബി) ടി മന്ദിരത്തിന്റെ നിർമ്മാണത്തിനായി അനുവദിച്ച ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട് ലാപ്സായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ടി പ്രവൃത്തിയിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൂർത്തീകരിക്കും.

(ബി) തുക ലാപ്സായിട്ടില്ല.

(സി) ബ്ലോക്ക് ഫണ്ടുപയോഗിച്ച് ചെയ്യുന്ന ഗ്രൗണ്ട് ഫ്ലോറിന്റെ ബാക്കിയും അതിനുമുകളിലെ ഒന്നാം നിലയും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളും ആസ്തി വികസന ഫണ്ട് ഉപയോഗിച്ചാണ് ചെയ്യുന്നത്.

**പത്തനാപുരം താലൂക്ക് ആശുപത്രിയുടെ നിർമ്മാണം**

135 (3408) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരത്ത് അനുവദിച്ച താലൂക്ക് ആശുപത്രിയുടെ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് വക ഒഴിഞ്ഞുകിടക്കുന്ന ഭൂമിയാണെന്ന് കിഫ്ബി നിയോഗിച്ച എസ്.പി.വി. ആയ ഇൻകെൽ സർക്കാരിന് സമർപ്പിച്ച ശിപാർശയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത ഭൂമിയിൽ നിന്നും ആവശ്യത്തിന് സ്ഥലം ഇതിലേയ്ക്കായി ആരോഗ്യ വകുപ്പിന് വിട്ടുനൽകുവാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിച്ച് പത്തനാപുരം എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ ജീവൽപ്രധാനമായ ആവശ്യമെന്ന നിലയിലും ഇതിലേയ്ക്കുള്ള സർക്കാർ ഭൂമി ബ്ലോക്ക് പഞ്ചായത്ത് വളപ്പിൽ ആവശ്യത്തിന് ലഭ്യമാണ് എന്ന വസ്തുത പരിഗണിച്ചും ഇക്കാര്യത്തിൽ സർക്കാർ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പത്തനാപുരത്ത് അനുവദിച്ച താലൂക്ക് ആശുപത്രിയുടെ നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വക ഭൂമി ആരോഗ്യവകുപ്പിന് വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് പത്തനാപുരം എം.എൽ.എ. നൽകിയ കത്ത് 9-10-2010-ൽ ലഭിച്ചിട്ടുള്ളതായി ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(ബി) ഈ വിഷയം സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കേരളോത്സവം**

136 (3409) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോത്സവം നടത്താൻ പഞ്ചായത്തുകൾക്ക് എത്ര ചെലവ് വരുമെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്തുകൾക്ക് ഇതിനായി സർക്കാർ നൽകുന്ന വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കേരളോത്സവത്തിൽ ഏതെല്ലാം കായിക ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കേരളോത്സവത്തിൽ പങ്കെടുത്ത് സമ്മാനം നേടുന്ന കായിക താരങ്ങൾക്ക് സർക്കാർ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാറുണ്ടോ; ഇല്ലെങ്കിൽ തൊഴിൽ സംബന്ധമായ ഇന്റർവ്യൂകളിൽ ഗ്രേസ് മാർക്ക് അടക്കം നൽകുന്നതിനെക്കുറിച്ച് ആലോചിക്കാമോ?

<u>ഉത്തരം</u>

(എ) കേരളോത്സവം നടത്തുന്നതിന് ഓരോ ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും എത്ര രൂപ ചെലവ് വരുന്നുണ്ടെന്നത് സംബന്ധിച്ച് ജില്ലാ ആഫീസുകളിൽ നിന്നും ശേഖരിച്ച് തയ്യാറാക്കിയതുപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ശരാശരി 77,981 (എഴുപത്തി ഏഴായിരത്തി തൊള്ളായിരത്തി എൺപത്തി ഒന്ന്) രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 7,57,250 (എഴ് ലക്ഷത്തി അൻപത്തി ഏഴായിരത്തി ഇരുന്നൂറ്റി അൻപത്) രൂപയും ചെലവ് വരുന്നുണ്ട്.

കേരളോത്സവം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക്

ചെലവാകുന്ന തുക

| ക്രമനമ്പർ | ജില്ല | ചെലവാകുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 52,40,000 |
| 2 | കൊല്ലം | 68,89,552 |
| 3 | പത്തനംതിട്ട | 38,25,000 |
| 4 | ആലപ്പുഴ | 51,13,000 |
| 5 | കോട്ടയം | 39,22,971 |
| 6 | ഇടുക്കി | 44,16,500 |
| 7 | എറണാകുളം | 52,73,913 |
| 8 | തൃശ്ശൂർ | 74,77,551 |
| 9 | പാലക്കാട് | 53,50,822 |
| 10 | മലപ്പുറം | 76,19,432 |
| 11 | കോഴിക്കോട് | 53,15,000 |
| 12 | വയനാട് | 21,60,000 |
| 13 | കണ്ണൂർ | 71,80,000 |
| 14 | കാസർഗോഡ് | 35,96,500 |
| ആകെ | | 7,33,80,241 |

കേരളോത്സവം നടത്തിപ്പിനായി ജില്ലാപഞ്ചായത്തുകൾക്ക്

ചെലവാകുന്ന തുക

| ക്രമ നമ്പർ | ജില്ല | ചെലവാകുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 7,48,904 |
| 2 | കൊല്ലം | 7,00,000 |
| 3 | പത്തനംതിട്ട | 6,50,000 |
| 4 | ആലപ്പുഴ | 4,95,000 |
| 5 | കോട്ടയം | 7,00,000 |
| 6 | ഇടുക്കി | 7,00,000 |

| | | |
|---|---|---|
| 7 | എറണാകുളം | 7,00,000 |
| 8 | തൃശ്ശൂർ | 12,00,000 |
| 9 | പാലക്കാട് | 9,00,000 |
| 10 | മലപ്പുറം | 10,00,000 |
| 11 | കോഴിക്കോട് | 5,07,589 |
| 12 | വയനാട് | 6,00,000 |
| 13 | കണ്ണൂർ | 10,00,000 |
| 14 | കാസർഗോഡ് | 7,00,000 |
| ആകെ | | 1,06,01,493 |

ബ്ലോക്ക് പഞ്ചായത്തുകൾക്ക് ശരാശരി 272697 രൂപ ചെലവ് വരുന്നുണ്ട്.

കേരളോത്സവം നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ചെലവാകുന്ന തുക

| ക്രമ നമ്പർ | ജില്ല | ചെലവാകുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 29,50,000 |
| 2 | കൊല്ലം | 29,00,000 |
| 3 | പത്തനംതിട്ട | 21,00,000 |
| 4 | ആലപ്പുഴ | 32,00,000 |
| 5 | കോട്ടയം | 29,00,000 |
| 6 | ഇടുക്കി | 30,00,000 |
| 7 | എറണാകുളം | 38,00,000 |
| 8 | തൃശ്ശൂർ | 43,00,000 |
| 9 | പാലക്കാട് | 35,00,000 |
| 10 | മലപ്പുറം | 40,00,000 |
| 11 | കോഴിക്കോട് | 31,00,000 |
| 12 | വയനാട് | 11,00,000 |
| 13 | കണ്ണൂർ | 30,00,000 |
| 14 | കാസർഗോഡ് | 16,00,000 |
| ആകെ | | 4,14,50,000 |

(ബി) കേരളോത്സവത്തിന്റെ നടത്തിപ്പിനായി യുവജനക്ഷേമ ബോർഡിൽനിന്ന് ഗ്രാമപഞ്ചായത്തുകൾക്ക് 20,000 രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 60,000 രൂപയും നഗരസഭകൾക്ക് 50,000 രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 3,00,000 രൂപയും നൽകുന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട്/പ്ലാൻ ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനുള്ള അനുമതി സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1783/2019/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി) സർക്കാർ അംഗീകരിച്ച മാർഗ്ഗരേഖപ്രകാരം താഴെപ്പറയുന്ന കായിക ഇനങ്ങളാണ് കേരളോത്സവ മത്സരങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സർക്കാർ ഇതുമായി ബന്ധപ്പെട്ട് 11-10-2019-ൽ പുറപ്പെടുവിച്ച സ.ഉ (സാധാ)നം.199/19/ കായുവ. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*..

കായിക ഇനങ്ങൾ

I. അത്‌ലറ്റിക്സ്

1. 100 മീറ്റർ
2. 200 മീറ്റർ
3. 400 മീറ്റർ
4. 800 മീറ്റർ
5. 1500 മീറ്റർ
6. 5000 മീറ്റർ
7. 4X100 മീറ്റർ റിലേ
8. ഷോട്ട്പുട്ട്
9. ഡിസ്കസ്
10. ജാവലിൻ
11. ലോംഗ് ജംപ്
12. ഹൈ ജംപ്
13. ട്രിപ്പിൾ ജംപ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

II. നീന്തൽ മത്സരങ്ങൾ

1. ഫ്രീ സ്റ്റൈൽ 100 മീറ്റർ
2. ഫ്രീ സ്റ്റൈൽ 200 മീറ്റർ
3. ബട്ടർ ഫ്ലൈ 50 മീറ്റർ
4. ബട്ടർ ഫ്ലൈ 100 മീറ്റർ
5. ബാക്ക് സ്ട്രോക്ക് 50 മീറ്റർ
6. ബാക്ക് സ്ട്രോക്ക് 100 മീറ്റർ
7. ബ്രസ്റ്റ് സ്ട്രോക്ക് 50 മീറ്റർ
8. ബ്രസ്റ്റ് സ്ട്രോക്ക് 100 മീറ്റർ
9. മെഡ് ലെ വ്യക്തിഗതം 200 മീറ്റർ
10. മെഡ് ലെ വ്യക്തിഗതം 400 മീറ്റർ

III. ഗെയിംസ്

1. വോളിബോൾ
2. ഷട്ടിൽ ബാഡ്മിന്റൺ
3. ഫുട്ബോൾ
4. ബാസ്കറ്റ് ബോൾ
5. ട്വന്റി-ട്വന്റി ക്രിക്കറ്റ്
6. കബഡി
7. വടംവലി
8. ചെസ്സ്
9. ആർച്ചറി (2 വ്യക്തിഗതം)
10. ആർച്ചറി (2 ടീം മത്സരം)
11. പഞ്ചഗുസ്തി

IV. കളരിപ്പയറ്റ്

V. കാർഷിക കായിക മത്സരങ്ങൾ

(ഡി) നിലവിൽ സർക്കാർ ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല. ഗ്രേസ് മാർക്ക് നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

## കർഷകർക്ക് ഫാം ലൈസൻസ് എടുക്കണമെന്ന ചട്ടം പുനഃപരിശോധിക്കുന്നതിന് നടപടി

137 (3410) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികമായി പശുക്കളെ വളർത്തുന്നവർക്ക് ലൈസൻസ് നിർബന്ധമാക്കി പഞ്ചായത്ത് ചട്ടം പുതുക്കിയിട്ടുണ്ടോ;

(ബി) അതുമൂലം അഞ്ച് പശുക്കളിലധികം വളർത്തുന്നവർക്ക് ഫാം ലൈസൻസ് എടുക്കേണ്ട സാഹചര്യമുണ്ടോ;

(സി) പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് ചെറുകിട ക്ഷീരകർഷകർക്ക് പോലും പഞ്ചായത്ത് അധികൃതർ നോട്ടീസ് നൽകുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സാധാരണക്കാരായ ചെറുകിട ക്ഷീരകർഷകർക്ക് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഈ നിബന്ധന പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമാണ് പശുക്കളെ വളർത്തുന്നതിന് പഞ്ചായത്ത് ലൈസൻസ് അനുവദിക്കുന്നത്. ടി ചട്ടങ്ങൾ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം 3(1) പ്രകാരം അഞ്ച് മൃഗങ്ങളിൽ കൂടുതൽ വളർത്തുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമുള്ള പ്രവൃത്തിയാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## കേരള ചിക്കൻ പദ്ധതി

138 (3411) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചിക്കൻ പദ്ധതിക്കുവേണ്ടി കമ്പനി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്പനിയുടെ ഡയറക്ടർമാർ എന്ന് വെളിപ്പെടുത്താമോ;

(ബി) ഡയറക്ടർമാരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) ബഡ്ജറ്റിൽ ഈ പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയത്; അതിലെന്ത് തുക ഇതിനകം ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരള ചിക്കൻ പദ്ധതിക്കുവേണ്ടി കുടുംബശ്രീ ബ്രോയലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, പ്രോഗ്രാം ഓഫീസർ (അനിമൽ ഹസ്ബന്ററി), കുടുംബശ്രീ സംസ്ഥാന മിഷനിൽനിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ട മാർക്കറ്റിംഗിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, തെരഞ്ഞെടുക്കപ്പെട്ട മൂന്ന് സി.ഡി.എസ്. ചെയർപേഴ്സൺമാർ എന്നിവരാണ് നിലവിൽ ഡയറക്ടർ ബോർഡ് അംഗങ്ങളായിട്ടുള്ളത്.

(ബി) കമ്പനി ആക്ട് പ്രകാരം എക്സ്-ഒഫീഷ്യോ ഡയറക്ടർമാരായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ (സി.എം.ഡി), പ്രോഗ്രാം ഓഫീസർ (അനിമൽ ഹസ്ബന്ററി), കുടുംബശ്രീ സംസ്ഥാന മിഷനിലെ മാർക്കറ്റിംഗ് ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്നിവരെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ച് സംസ്ഥാനത്തെ മൂന്ന് റീജിയണുകളായി വിഭജിച്ചാണ് കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നത്. ആയതിനാൽ പ്രസ്തുത ജില്ലകളിൽനിന്നുമുള്ള സി.ഡി.എസ്. ചെയർപേഴ്സൺമാരെയാണ് കമ്പനി ഡയറക്ടർ ബോർഡ് അംഗങ്ങളാക്കിയിരിക്കുന്നത്. അംഗങ്ങളുടെയിടയിൽ നടത്തിയ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ഓരോ റീജിയണിൽ നിന്നും ആകെ മൂന്നുപേരെ ഇപ്രകാരം കമ്പനി ഡയറക്ടർ ബോർഡ് അംഗങ്ങൾ ആക്കിയിട്ടുണ്ട്.

(സി) ബഡ്ജറ്റിൽ കേരള ചിക്കൻ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. എൻ.ആർ.എൽ.എം.-ൽ നിന്നും പദ്ധതിയിൽ അംഗങ്ങളായ സി.ഡി.എസ്. ചെയർപേഴ്സൺമാർ അതത് സി.ഡി.എസ്.-നുവേണ്ടി ഈ ആവശ്യത്തിനെടുത്ത ലോൺ (സി.ഇ.എഫ്) തുക കമ്പനിയിൽ നിക്ഷേപിച്ചാണ് പദ്ധതി നടത്തുന്നത്. ഇത്തരത്തിൽ ആറ് കോടി രൂപ കമ്പനിയിൽ നിക്ഷേപിച്ചിട്ടുണ്ട്. അതിൽ 5.98 കോടി രൂപ ചെലവായി.

## മുറ്റത്തെ മുല്ല

139 (3412) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊള്ളപ്പലിശക്കാരിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുവാനായി മുറ്റത്തെ മുല്ല എന്ന പേരിൽ ഗ്രാമീണ വായ്പാ പദ്ധതി കുടുംബശ്രീ യൂണിറ്റുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിലവിൽ എല്ലാ ജില്ലകളിലെയും കുടുംബശ്രീ യൂണിറ്റുകളിലും ഈ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലായിടത്തും ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. വായ്പ എടുക്കുന്നതിന് വ്യവസ്ഥാപിത മാർഗ്ഗങ്ങളോട് വിമുഖത കാണിക്കുന്ന ഗ്രാമീണ ജനതയെ അവരുടെ വീട്ടുമുറ്റത്തെത്തി ഏറ്റവും ലളിതമായ വ്യവസ്ഥയിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകി സഹായിക്കുക എന്നതാണ് ' മുറ്റത്തെ മുല്ല്' എന്ന പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. ജില്ലയിലെ കുടുംബശ്രീ പ്രസ്ഥാനത്തിനും പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഗ്രാമീണ മേഖലയിലെ പിന്നോക്കാവസ്ഥയിലായ ജനവിഭാഗത്തിനും ഏറെ പ്രയോജനകരമായ ടി പദ്ധതി മുഖേന ഓരോ പ്രദേശത്തെയും ആവശ്യക്കാരുടെ എണ്ണമനുസരിച്ച് ഓരോ വാർഡിലെയും ഒന്നുമുതൽ മൂന്നുവരെ കുടുംബശ്രീ അയൽക്കൂട്ടങ്ങളെ പ്രാഥമിക സഹകരണ സംഘങ്ങൾ തെരഞ്ഞെടുത്ത്, 10 ലക്ഷം രൂപ വരെ വായ്പയായി നൽകുകയും ഈ അയൽക്കൂട്ടങ്ങൾ വഴി സാധാരണക്കാർക്ക് കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കുകയുമാണ് ചെയ്തുവരുന്നത്. (ബാങ്ക് അയൽക്കൂട്ടത്തിന് 9 ശതമാനം പലിശയ്ക്കും അയൽക്കൂട്ടം വ്യക്തികൾക്ക് 12 ശതമാനം പലിശയ്ക്കുമാണ് വായ്പ നൽകുന്നത്.) ഇതുവരെ 1,675 അയൽക്കൂട്ടങ്ങളിലെ 49,808 പേർക്ക് 14,950.12 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) ആദ്യഘട്ടത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോട്ടയം, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്, എന്നീ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. പത്തനംതിട്ട, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിൽ ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

## കുടുംബശ്രീയുടെ നിലവാരം മെച്ചപ്പെടുത്തൽ

140 (3413) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ ശാക്തീകരണത്തിന് ലോകോത്തര മാതൃകയായി മാറിയ സംസ്ഥാനത്തെ കുടുംബശ്രീയുടെ പ്രവർത്തനങ്ങളെ സർക്കാർ സമഗ്രമായി വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കുടുംബശ്രീ അംഗങ്ങളിൽ ഭൂരിഭാഗം പേരും അടിസ്ഥാന വിദ്യാഭ്യാസമുള്ളവരായതിനാൽ അവരെ എസ്.എസ്.എൽ.സി,പ്ലസ് ടു തുല്യതാ കോഴ്സുകൾ പഠിപ്പിച്ച് ഹയർസെക്കന്ററി നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കാനുദ്ദേശിക്കുന്ന "സമ" പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കുടുംബശ്രീ ഏറ്റെടുക്കുന്ന എല്ലാ പദ്ധതികളിലും പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് ആ രംഗത്തെ വിദഗ്ധരുടെ നേതൃത്വത്തിൽ പരിശോധനയും പരിശീലനവും നടത്തി മികച്ച നിലവാരം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 'സ്ത്രീകളുടെ ജീവിതരീതിയിലും തൊഴിലിലും (Conditions of life & work) കുടുംബശ്രീയുടെ സ്വാധീനം' എന്ന വിഷയത്തിൽ ലാറി ബേക്കർ സെന്റർ ഫോർ ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ വിശദമായ ഒരു പഠനം നടത്തിയിട്ടുണ്ട്. കുടുംബശ്രീയിൽ ചേരുന്നതിന് മുമ്പും പിൻപുമുള്ള സ്ത്രീകളുടെ വീടുകളുടെ അവസ്ഥ, നേരിട്ട് വരുമാനം തരുന്ന സ്രോതസ്സുകളുടെ സ്ഥിതി, കഴിവ് വികസനം, സാമ്പത്തിക സാമൂഹിക ശാക്തീകരണം, വരുമാനദായക പ്രവർത്തനങ്ങൾ തുടങ്ങിയ ഘടകങ്ങൾ പഠന വിധേയമാക്കിയിരുന്നു. ഈ മേഖലകളിലെല്ലാംതന്നെ ഗണനീയമായ പുരോഗതി കൈവരിക്കാൻ കുടുംബശ്രീയുടെ സ്വാധീനംകൊണ്ട് കഴിഞ്ഞതായി ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി) 'സമ' പദ്ധതി സംസ്ഥാന സാക്ഷരതാ മിഷനും തദ്ദേശഭരണ സ്ഥാപനങ്ങളും സംയോജിച്ചാണ് നടപ്പിലാക്കുന്നത്. ഇതിൽ കുടുംബശ്രീയും പങ്കാളിയാണ്. പദ്ധതിയുടെ രൂപരേഖയും മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിച്ചു വരുന്നതേയുള്ളൂ.

(സി) കുടുംബശ്രീ ഏറ്റെടുക്കുന്ന എല്ലാ പദ്ധതികളിലും പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് അതത് രംഗത്തെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശോധനയും പരിശീലനവും നടത്തി മികച്ച നിലവാരം നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ക്ഷേമപെൻഷനുകൾ**

141 (3414) <u>ശ്രീ. എം. രാജഗോപാലൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി എത്രപേർക്ക് നാളിതുവരെ ക്ഷേമപെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | ആകെ എണ്ണം |
|---|---|---|
| 1 | ബേളൂർ ഗ്രാമപഞ്ചായത്ത് | 1355 |
| 2 | കംബഡജെ ഗ്രാമപഞ്ചായത്ത് | 1878 |
| 3 | മംഗൽപാടി ഗ്രാമപഞ്ചായത്ത് | 6717 |
| 4 | വോർക്കാടി ഗ്രാമപഞ്ചായത്ത് | 3042 |
| 5 | പുത്തിഗെ ഗ്രാമപഞ്ചായത്ത് | 2407 |
| 6 | മീഞ്ച ഗ്രാമപഞ്ചായത്ത് | 3295 |
| 7 | മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് | 4668 |
| 8 | കുമ്പള ഗ്രാമപഞ്ചായത്ത് | 5148 |
| 9 | പൈവളികെ ഗ്രാമപഞ്ചായത്ത് | 4155 |
| 10 | എൻമകജെ ഗ്രാമപഞ്ചായത്ത് | 3397 |
| 11 | ബദിയഡുക്ക ഗ്രാമപഞ്ചായത്ത് | 4439 |
| 12 | മുളിയാർ ഗ്രാമപഞ്ചായത്ത് | 3325 |
| 13 | കാറഡുക്ക ഗ്രാമപഞ്ചായത്ത് | 2910 |

| | | |
|---|---|---|
| 14 | ദേലംപാടി ഗ്രാമപഞ്ചായത്ത് | 2757 |
| 15 | ചെങ്കള ഗ്രാമപഞ്ചായത്ത് | 6072 |
| 16 | ചെമ്മനാട് ഗ്രാമപഞ്ചായത്ത് | 6641 |
| 17 | ബേഡഡുക്ക ഗ്രാമപഞ്ചായത്ത് | 4085 |
| 18 | മധൂർ ഗ്രാമപഞ്ചായത്ത് | 4664 |
| 19 | മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് | 2724 |
| 20 | കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് | 3696 |
| 21 | ഉദുമ ഗ്രാമപഞ്ചായത്ത് | 4723 |
| 22 | അജാനൂർ ഗ്രാമപഞ്ചായത്ത് | 7172 |
| 23 | ബളാൽ ഗ്രാമപഞ്ചായത്ത് | 3800 |
| 24 | കോടോംബേളൂർ ഗ്രാമപഞ്ചായത്ത് | 5161 |
| 25 | മടിക്കൈ ഗ്രാമപഞ്ചായത്ത് | 4012 |
| 26 | പള്ളിക്കര ഗ്രാമപഞ്ചായത്ത് | 5779 |
| 27 | പനത്തടി ഗ്രാമപഞ്ചായത്ത് | 3549 |
| 28 | പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് | 4875 |
| 29 | കള്ളാർ ഗ്രാമപഞ്ചായത്ത് | 2788 |
| 30 | ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് | 4108 |
| 31 | കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് | 3887 |
| 32 | ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് | 3280 |
| 33 | പിലിക്കോട് ഗ്രാമപഞ്ചായത്ത് | 3839 |
| 34 | വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് | 4343 |
| 35 | കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് | 4325 |
| 36 | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് | 5511 |
| 37 | പടന്ന ഗ്രാമപഞ്ചായത്ത് | 3210 |
| 38 | വലിയപറമ്പ ഗ്രാമപഞ്ചായത്ത് | 1832 |
| **ആകെ** | | **153569** |

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി നാളിതുവരെ ക്ഷേമപെൻഷൻ അനുവദിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **പെൻഷൻ തരം** | **എണ്ണം** |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1422 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 35914 |
| ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി/മാനസികമായി വെല്ലുവിളി നേരിടുന്നവർ | 3694 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 439 |
| ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 10996 |
| **ആകെ** | 52465 |

**ഗ്രാമപഞ്ചായത്തുകൾവഴി നൽകുന്ന ക്ഷേമപെൻഷനുകൾ**

142(3415) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളാണ് ഗ്രാമ പഞ്ചായത്തുകൾ വഴി സ്വീകരിക്കുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എന്തൊക്കെ ക്ഷേമ പെൻഷനുകളാണ് അനുവദിച്ചതെന്നും അനുവദിച്ചവരുടെ ജില്ല തിരിച്ചുള്ള എണ്ണവും ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏതൊക്കെ ക്ഷേമ പെൻഷനുകൾ എത്ര രൂപ വീതം കുടിശ്ശികയുണ്ടായിരുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഓരോ ജില്ലയിലും ഇത്തരത്തിൽ കുടിശ്ശികയായ എത്ര ക്ഷേമ പെൻഷനുകൾ കൊടുത്തു തീർത്തുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, കാർഷിക തൊഴിലാളി പെൻഷൻ, 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവയ്ക്കുള്ള അപേക്ഷകളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തെരുവുനായ നിയന്ത്രണത്തിനായി എ.ബി.സി. പ്രോഗ്രാം

143 (3416) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ അക്രമം വർദ്ധിച്ചുവരുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായിട്ടും സർക്കാർ ഇക്കാര്യത്തിൽ തികഞ്ഞ നിസ്സംഗതയാണ് പുലർത്തുന്നത് എന്ന ആക്ഷേപം വസ്തുതാപരമാണോ;

(ബി) മലപ്പുറം വണ്ടൂരിൽ നഴ്സറി സ്കൂളിൽ കയറി തെരുവുനായ കടിച്ച് നാല് വയസ്സുകാരന് ഗുരുതര പരിക്ക് പറ്റിയ സംഭവവും കോഴിക്കോട് ഒളവണ്ണയിൽ വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരുന്ന രണ്ടര വയസ്സുകാരനെ തെരുവ് നായ്ക്കൂട്ടം കടിച്ചുകൊണ്ടുപോയ സംഭവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തെരുവു നായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന എ.ബി.സി. പ്രോഗ്രാം തികഞ്ഞ പരാജയമായിട്ടും സർക്കാർ ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) അല്ല. തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി കുടുംബശ്രീ ജില്ലാ മിഷന്റെ സഹകരണത്തോടെ മൃഗസംരക്ഷണ ഓഫീസർ നിർവ്വഹണം നടത്തുന്ന എ.ബി.സി. പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും തുടർന്നുവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എ.ബി.സി. പ്രോഗ്രാം കുടുംബശ്രീയുടെ പങ്കാളിത്തത്തോടുകൂടി ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ഫലപ്രദമായി നടപ്പിലാക്കിയിട്ടുള്ളതാണ്. എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുകവഴി തെരുവുനായ്ക്കളുടെ പ്രജനനം നിയന്ത്രിക്കുന്നതിന് കഴിഞ്ഞിട്ടുള്ളതാണ്.

തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ കുടുംബശ്രീ മിഷനെ പദ്ധതി ഏജൻസിയായി അംഗീകരിച്ച് പദ്ധതിക്കായി തുക കൈമാറുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് കുടുംബശ്രീ നേരിട്ട് എ.ബി.സി. പദ്ധതി നടപ്പിലാക്കിവരുന്നത്. 2017 ജൂൺ മുതൽ 2019 ഒക്ടോബർ വരെ 43834 തെരുവുനായ്ക്കളെ കുടുംബശ്രീയുടെ നേതൃത്വത്തിൽ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്.

## തെരുവുനായ്ക്കളെ നിയന്ത്രിക്കാൻ നടപടി

144 (3417) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ ആക്രമണം ഭയാനകമാംവിധം വർദ്ധിക്കുമ്പോഴും ഇവയെ വന്ധ്യംകരിക്കാനുള്ള എ.ബി.സി. പദ്ധതി ഇഴയുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കുട്ടികൾ, വിനോദ സഞ്ചാരികൾ, വൃദ്ധർ, വളർത്തു മൃഗങ്ങൾ എന്നിവർക്കൊക്കെ നിരന്തരം കടിയേറ്റിട്ടും നായ്ക്കളുടെ എണ്ണം നിയന്ത്രിക്കാനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വഴിയരികിൽ വ്യാപകമായി മാലിന്യം തള്ളുന്നതും മാലിന്യ സംസ്കരണം ശരിയാംവിധം നടക്കാത്തതും തെരുവ് നായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടോ;

(ഡി) എങ്കിൽ എ.ബി.സി. പദ്ധതിയും മാലിന്യസംസ്കരണവും ഊർജ്ജിതമാക്കി തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി ജില്ലാ പഞ്ചായത്തുമായി ചേർന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ നിർവ്വഹണം നടത്തുന്ന എ.ബി.സി. പ്രോഗ്രാം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. സർക്കാരിന്റെ 9-11-2018-ലെ ആർ.സി.3/422/2017/തസ്വഭവ. നമ്പർ സർക്കുലർപ്രകാരം തെരുവുനായ സംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമുള്ള സംഘടനകളെ എ.ബി.സി. പ്രോഗ്രാമിന് ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2017 ജൂൺ മുതൽ 2019 ഒക്ടോബർ വരെ 43834 തെരുവുനായ്ക്കളെ കുടുംബശ്രീയുടെ നേതൃത്വത്തിൽ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. തെരുവുനായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിന് എല്ലാ നായകളെയും എ.ബി.സി. പദ്ധതി വഴി വന്ധ്യംകരണത്തിന് വിധേയമാക്കുന്നുണ്ട്.

(സി&ഡി) വഴിയരികിൽ വ്യാപകമായി മാലിന്യം തള്ളുന്നത് തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതിന് ഒരു പരിധിവരെ കാരണമാകുന്നുണ്ട്.

നിലവിൽ പരിസര ശുചിത്വം പാലിക്കുന്നതിനും മാലിന്യം അലക്ഷ്യമായി കയൊഴിയുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും അതിലൂടെ തെരുവുനായ ശല്യം കുറയ്ക്കുന്നതിനും എ.ബി.സി. പദ്ധതി കാര്യക്ഷമമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി പൊതുജനങ്ങൾക്ക് അവബോധം നൽകിവരുന്നുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളിൽ പട്ടി/പന്നി ലൈസൻസ് വ്യവസ്ഥ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും മാർക്കറ്റുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് പൊതുസ്ഥലങ്ങളിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയത് സ്ഥാപിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അടിയന്തരമായി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക യൂണിവേഴ്സിറ്റിയിൽ ഡോ. നാരായണന്റെ നേതൃത്വത്തിൽ നടക്കുന്ന തെരുവുനായ വന്ധ്യംകരണ പരിപാടിയായ ഇ.എൻ.ഡി. (Early Neutering Dogs) എന്ന തെരുവുനായ്ക്കളെ വളരെ ചെറുപ്രായത്തിൽതന്നെ പിടികൂടി വന്ധ്യംകരിക്കുന്ന പദ്ധതി തെരുവുനായ ശല്യം നിയന്ത്രിക്കാനുള്ള പ്രാദേശിക നടപടിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ വകുപ്പ് കുടുംബശ്രീയുമായി സഹകരിച്ച് നിലവിൽ നടപ്പിലാക്കിവരുന്ന എ.ബി.സി. പ്രോഗ്രാമിനോടൊപ്പം ഇ.എൻ.ഡി. പദ്ധതി വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി സുഗമമായി നടപ്പിലാക്കുന്നത് പരിശോധിക്കുന്നതാണ്.

വികേന്ദ്രീകൃത-ഉറവിട മാലിന്യ പരിപാലന പരിപാടിയാണ് മിക്ക നഗരസഭകളും നടപ്പിലാക്കി വരുന്നത്. സ്വച്ഛ് ഭാരത മിഷൻ അംഗീകരിച്ച ഡി.പി.ആർ. പ്രകാരമുള്ള പദ്ധതികൾ നിർവ്വഹണം ആരംഭിക്കുന്നതിനും നഗരസഭകളിൽ മാലിന്യ പരിപാലന പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നതാണ്. ടി പദ്ധതിയും എ.ബി.സി. പദ്ധതിയും ഊർജ്ജിതമാക്കിക്കൊണ്ട് തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## തെരുവുനായ്ക്കളുടെ ആക്രമണവുമായി ബന്ധപ്പെട്ടുള്ള കരുതലും സഹായവും

145 (3418) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും സർക്കാർ/സ്വകാര്യ ആശുപത്രികളിൽ റിപ്പോർട്ട് ചെയ്ത കേസുകൾ എത്ര; ഇവർക്ക് എന്ത് സഹായം നൽകി വരുന്നു; വിശദമാക്കാമോ;

(ബി) ഈ വിപത്തിൽപ്പെട്ടവരെ സഹായിക്കാനായി ഓരോ വർഷവും ചെലവാക്കിയ തുക എത്രയെന്ന് വിശദമാക്കാമോ;

(സി) ഇത്തരം ആക്രമണം നടത്തുന്ന തെരുവ് നായകളെ വന്ധ്യംകരണത്തിന് വിധേയമാക്കാനും രോഗബാധിതരായിട്ടുള്ളവയെ നശിപ്പിക്കാനുമായി വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഇത്തരത്തിൽ എത്ര എണ്ണത്തെ വന്ധ്യംകരിച്ചു എന്നും എത്ര എണ്ണം രോഗബാധിതരായ നായ്ക്കളെ നശിപ്പിച്ചുവെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വിപത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കാൻ ഒരു നിയമ നിർമ്മാണമോ കോടതികളിലൂടെ സുരക്ഷ ഉറപ്പാക്കൽ നടപടികൾ സ്വീകരിക്കാനോ ഉള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ തെരുവുനായ്ക്കളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ചുവടെ പറയുംവിധം കേസ്സുകൾ ആശുപത്രികളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| വർഷം | ചികിത്സ തേടിയവരുടെ എണ്ണം |
|---|---|
| 2016 | 91,833 |
| 2017 | 1,51,237 |
| 2018 | 1,66,983 |
| 2019 | 1,34,253 |

റിട്ടയേർഡ് ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും ആക്രമണത്തിനിരയായവർക്ക് ധനസഹായം നൽകിവരുന്നുണ്ട്.

(ബി) തെരുവുനായ ആക്രമണത്തിനിരയായവർക്ക് 2016-17-ൽ 9,34,011, 2017-18-ൽ 38,52,293, 2018-19-ൽ 1,61,39,531, 2019-20-ൽ 44,29,176 എന്നിങ്ങനെ തുക ചെലവാക്കിയിട്ടുണ്ട്.

(സി) തെരുവുനായ നിയന്ത്രണത്തിന് കൈക്കൊള്ളാവുന്ന ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും

കുടുംബശ്രീ ജില്ലാ മിഷനുമായി ചേർന്ന് തുക വകയിരുത്തി, നടപ്പിലാക്കി വരുന്നുണ്ട്. കുടുംബശ്രീയുടെ മൈക്രോ എന്റർപ്രൈസ് (എം.ഇ) യൂണിറ്റുകൾ തെരുവുനായ്ക്കളെ പിടികൂടി അതത് വെറ്ററിനറി ആശുപത്രികളിൽ എത്തിച്ച് കുടുംബശ്രീ എം.പാനൽ ചെയ്ത വെറ്ററിനറി ഡോക്ടർ പരിശോധിച്ചശേഷം അനുയോജ്യമായ നായ്ക്കളെ മാത്രം ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ശസ്ത്രക്രിയാനന്തരം അവയെ പരിപാലിക്കുകയും രോഗാവസ്ഥയിലുള്ളവയെ ചികിത്സിച്ച് ഭേദമാക്കി തിരിച്ചുവിടുകയും ചെയ്യുന്നു.

നിലവിൽ എ.ബി.സി. പദ്ധതി കാര്യക്ഷമമാക്കുന്നതിനും പരിസര ശുചിത്വം പാലിക്കുന്നതിനും അതിലൂടെ മാലിന്യം അലക്ഷ്യമായി കയ്യൊഴിയുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിലൂടെ തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ വളർത്തുനായകൾക്ക് ലൈസൻസ്, പേവിഷബാധ നിയന്ത്രിക്കുന്നതിന് വാക്സിനേഷൻ എന്നിവ നിർബന്ധമാക്കുകയും ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക യൂണിവേഴ്സിറ്റിയിൽ ഡോ. നാരായണന്റെ നേതൃത്വത്തിൽ നടക്കുന്ന തെരുവുനായ വന്ധ്യംകരണ പരിപാടിയായ ഇ.എൻ.ഡി. (Early Neutering Dogs) എന്ന തെരുവുനായ്ക്കളെ വളരെ ചെറുപ്രായത്തിൽതന്നെ പിടികൂടി വന്ധ്യംകരിക്കുന്ന പദ്ധതി വഴി വളരെ ചെറുപ്രായത്തിൽ തെരുവുനായ്ക്കളെ പിടികൂടുന്നതിലൂടെ അവയെ വന്ധ്യംകരിക്കുന്ന പ്രക്രിയ ഫലപ്രദമായി നടപ്പാക്കാനാവുമെന്നുള്ളതിനാൽ എൽ.എസ്.ജി.ഡി. കുടുംബശ്രീയുമായി സഹകരിച്ച് നിലവിൽ നടപ്പിലാക്കി വരുന്ന എ.ബി.സി. പ്രോഗ്രാമിനോടൊപ്പം ഇ.എൻ.ഡി. പദ്ധതി, വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി സുഗമമായി നടപ്പിലാക്കി തെരുവുനായ ശല്യം നിയന്ത്രിക്കാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

(ഡി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ 122684 തെരുവുനായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്. വന്ധ്യംകരണത്തോടൊപ്പം പേവിഷബാധക്കെതിരെയുള്ള കുത്തിവയ്പും നൽകിവരുന്നുണ്ട്. യുത്തനേഷ്യ (ദയാവധം) നാളിതുവരെ നടത്തേണ്ട സാഹചര്യമുണ്ടായിട്ടില്ല.

(ഇ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി എ.ബി.സി. പ്രോഗ്രാം നിലവിൽ ഫലപ്രദമായി നടപ്പിലാക്കിവരികയാണ്. കൂടാതെ, തെരുവുനായ സംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടനകൾ സർക്കാരിനെ സമീപിക്കുകയും സംഘടനകളുടെ അപേക്ഷ പരിഗണിച്ച് 2001-ലെ അനിമൽ

ബർത്ത് കൺട്രോൾ ചട്ടങ്ങളിലെ ചട്ടം 6(2), (3) പ്രകാരം തെരുവുനായ സംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമുള്ള സംഘടനകളെ എ.ബി.സി. പ്രോഗ്രാമിന് ചുമതലപ്പെടുത്തുന്നതിന് സർക്കാരിന്റെ 9-11-2018-ലെ ആർ.സി. 3/422/2017/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കുടുംബശ്രീ മിഷന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ തെരുവുനായ്ക്കളുടെ വന്ധ്യംകരണം നടത്തുന്ന പരിപാടി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും എ.ബി.സി. ചട്ടം-4 പ്രകാരമുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ വളർത്തുനായ്ക്കൾക്ക് ലൈസൻസിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം മൃഗപരിപാലന രംഗത്തും തെരുവുനായ്ക്കളെ വന്ധ്യംകരിച്ച് സംരക്ഷിക്കുന്ന കാര്യത്തിലും മികവ് പുലർത്തുന്ന കേന്ദ്ര അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമുള്ള കോവളം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ട്രീറ്റ് ഡോഗ് വാച്ച് അസോസിയേഷൻ എന്ന സംഘടനയെ എ.ബി.സി. പദ്ധതിക്ക് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## വാമനപുരം നിയോജകമണ്ഡലത്തിൽ ഹരിത കേരളം പദ്ധതി

146 (3419) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വാമനപുരം നിയോജകമണ്ഡലത്തിൽ ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെ തുകയും മറ്റ് വിശദാംശങ്ങളും പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ നടപ്പാക്കാനിരിക്കുന്ന പ്രവർത്തനങ്ങളും ഇനിയും പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങളും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വാമനപുരം നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

**പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്**

എം.സി.എഫ്. യൂണിറ്റ് നിർമ്മാണം

ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്

കിണർ റീ ചാർജ്ജ്

**വാമനപുരം ഗ്രാമപഞ്ചായത്ത്**

എം.സി.എഫ്. കെട്ടിട നിർമ്മാണം

ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്

**ആനാട് ഗ്രാമപഞ്ചായത്ത്**

എം.സി.എഫ്. കെട്ടിട നിർമ്മാണം

**കല്ലറ ഗ്രാമപഞ്ചായത്ത്**

ഹരിത കർമ്മസേന

കിണർ റീ ചാർജ്ജിംഗ്

ഹരിതഭവനം

**പനവൂർ കല്ലറ ഗ്രാമപഞ്ചായത്ത്**

ഹരിത കർമ്മസേന & എം.സി.എഫ്

**പാങ്ങോട് ഗ്രാമപഞ്ചായത്ത്**

എം.സി.എഫ്. കെട്ടിട നിർമ്മാണം

വയബിലിറ്റി ഗ്യാപ് ഫണ്ട്

**പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്**

ഹരിത കർമ്മസേന

(ബി) **പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്**

എം.സി.എഫ്. യൂണിറ്റ് നിർമ്മാണം - 1150000

ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് - 120000

കിണർ റീ ചാർജ്ജ് - 526400

**വാമനപുരം ഗ്രാമപഞ്ചായത്ത്**

എം.സി.എഫ് കെട്ടിട നിർമ്മാണം - 334940

ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് -43200

**ആനാട് ഗ്രാമപഞ്ചായത്ത്**

എം.സി.എഫ് കെട്ടിട നിർമ്മാണം - 725000

**കല്ലറ ഗ്രാമപഞ്ചായത്ത്**

ഹരിത കർമ്മസേന - 31900

കിണർ റീ ചാർജ്ജിംഗ് - 360000

ഹരിതഭവനം - 1230000

**പനവൂർ ഗ്രാമപഞ്ചായത്ത്**

ഹരിത കർമ്മസേന & എം.സി.എഫ് - 521620

**പാങ്ങോട് ഗ്രാമപഞ്ചായത്ത്**

എം.സി.എഫ് കെട്ടിട നിർമ്മാണം - 500000

വയബിലിറ്റി ഗ്യാപ് ഫണ്ട് - 727500

**പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്**

ഹരിത കർമ്മസേന – 333280

(സി) പൂർത്തിയാക്കാനുള്ള പദ്ധതികൾ

**വാമനപുരം ഗ്രാമപഞ്ചായത്ത്**

കിണർ റീ ചാർജ്ജിംഗ് - 385600

ഹരിതഭവനം - 369600

**കല്ലറ ഗ്രാമപഞ്ചായത്ത്**

Collectors @School – 125000

ഒ.ഡി.എഫ്. - 985600

തുമ്പൂർമൂഴി - 1800000

ഹരിതഭവനം - 457800

കിണർ റീചാർജ്ജിംഗ് - 400000

**പനവൂർ ഗ്രാമപഞ്ചായത്ത്**

| | | |
|---|---|---|
| മിനിമാർക്കറ്റ്, പബ്ലിക് ലാട്രിൻ | – | 2000000 |

**പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്**

| | | |
|---|---|---|
| തുമ്പൂർമൂഴി | - | 2000000 |

ഇനി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ

**പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്**

| | | |
|---|---|---|
| Collectors @ School | - | 106000 |
| സ്കൂളുകളിൽ മിനി എം.സി.എഫ്. | - | 414000 |
| ജലശ്രീ കിണർ റീചാർജ്ജിംഗ് | - | 404000 |
| സ്കൂളുകളിൽ തുമ്പൂർമൂഴി | - | 736000 |

**വാമനപുരം ഗ്രാമപഞ്ചായത്ത്**

| | | |
|---|---|---|
| കിണർ റീചാർജ്ജിംഗ് | - | 385600 |
| വയബിലിറ്റി ഗ്യാപ് ഫണ്ട് | - | 174000 |
| ഹരിതഭവനം | - | 369600 |

**കല്ലറ ഗ്രാമപഞ്ചായത്ത്**

| | | |
|---|---|---|
| Collectors @ School | - | 125000 |
| ഒ.ഡി.എഫ്. | - | 985600 |
| തുമ്പൂർമൂഴി | - | 1800000 |
| ഹരിതഭവനം | - | 457800 |
| കിണർ റീചാർജ്ജിംഗ് | - | 400000 |

**പനവൂർ ഗ്രാമപഞ്ചായത്ത്**

| | | |
|---|---|---|
| Collectors @ School | - | 2000000 |

**പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്**

| | | |
|---|---|---|
| തുമ്പൂർമൂഴി | - | 2000000 |

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുടെ തുക

147(3420) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മാർച്ച് 31-ന മുമ്പ് പണി പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുടെ തുക സ്വയം കണ്ടെത്തണമെന്നും, 2019-20 വർഷത്തെ ഫണ്ടിൽ ഉൾപ്പെടുത്തണമെന്നും സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഇതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരം നേടിയ പദ്ധതികൾ ഉപേക്ഷിക്കേണ്ട സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗ്രാമസഭകളിൽ അംഗീകാരം നേടിയ പദ്ധതികൾ ഉപേക്ഷിക്കുക വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 15-5-2019-ലെ സ.ഉ.(സാധാ)നമ്പർ 990/2019/തസ്വഭവ. പ്രകാരവും 12-6-2019-ലെ സ.ഉ.(സാധാ) നമ്പർ 1209/2019/ തസ്വഭവ. പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുമ്പോൾ കൂടുതൽ പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും 2019-20-ലെ ബഡ്ജറ്റ് വിഹിതത്തിന്റെ 20 ശതമാനം വരെയും ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും 30 ശതമാനം വരെയും സ്പിൽ ഓവർ ബാധ്യത ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കൂടാതെ, 12-4-2019-ലെ സ.ഉ.(സാധാ) നം.3002/2019/ധന. നമ്പർ ഉത്തരവുപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെയും സംരക്ഷണ ഫണ്ടിന്റെയും ആദ്യഗഡുക്കളിൽനിന്നും ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ മാറുന്നതിനും 30-5-2019-ലെ സ.ഉ.(സാധാ)നം. 4086/2019/ധന നമ്പർ പ്രകാരം പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലുള്ള ക്യൂ ബില്ലുകൾ മാറുന്നതിനും ഉത്തരവിറക്കിയിട്ടുണ്ട്.

(ബി&സി) പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഉൾപ്പെടെ മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന വിഹിതം ഉപയോഗപ്പെടുത്തി പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചെങ്ങന്നൂർ ജില്ലാ സ്റ്റേഡിയം

148 (3421) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയുടെ അനുമതിയോടെ പുരോഗമിക്കുന്ന ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ ജില്ലാ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്റ്റേഡിയത്തിനായുള്ള 21.75 ആർ സ്ഥലം സമീപത്തുള്ള ചിന്മയ വിദ്യാലയത്തിന് നൽകുന്നതിനും പകരം വിദ്യാലയം വക 21.75 ആർ സ്ഥലം സ്റ്റേഡിയത്തിന് വിട്ടു തരുന്നതിനും അനുമതിക്കായുള്ള അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ?

### ഉത്തരം

ചെങ്ങന്നൂർ നഗരസഭാ സ്റ്റേഡിയം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നത് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് വകുപ്പാണ്. ആയതിനാൽ 26-9-2017-ൽ കൂടിയ നഗരസഭാ കൗൺസിൽ യോഗത്തിന്റെ മൂന്നാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് വകുപ്പിന് വിട്ടുനൽകിയിട്ടുള്ളതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## വലിയ കടമക്കുടി-ചാത്തനാട് പാലവും അനുബന്ധ റോഡും

149(3422) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെയും അനുബന്ധ റോഡിന്റെയും സ്ഥലമേറ്റെടുപ്പിനായി സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി സാമൂഹികാഘാത പഠനം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെയും അനുബന്ധ റോഡിന്റെയും സ്ഥലമേറ്റെടുപ്പിനായി 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) സെക്ഷൻ 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 9-10-2019-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടത്തിയിട്ടുള്ള സാമൂഹികാഘാത പഠനം (Social Impact Assessment) പൂർത്തീകരിക്കുകയും 27-2-2019-ൽ ടി റിപ്പോർട്ട് അംഗീകരിക്കുകയും ആയതിന്റെ സംക്ഷിപ്ത രൂപം പ്രാഥമിക വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) മേല്പറഞ്ഞ ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**കൊച്ചി നഗരസഭ നടപ്പിലാക്കുന്ന നിർമ്മാണപ്രവൃത്തികൾ**

150 (3423) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ, കൊച്ചി നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്നതും വർഷങ്ങൾക്ക് മുൻപ് കൊച്ചി നഗരസഭ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ആരംഭിച്ചതുമായ 40 അടി റോഡിന്റെ സ്ഥലമെടുപ്പിന്റെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) ഇതിനായി ഇനി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളതെന്നും വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊച്ചി കോർപ്പറേഷൻ പള്ളുരുത്തി മേഖലയിൽ 40 അടി റോഡുമായി ബന്ധപ്പെട്ട് തോപ്പുംപടി മറൈൻ ജംഗ്ഷൻ മുതൽ എം.എൽ.എ. റോഡ് ജംഗ്ഷന്റെ തെക്ക് വശം വരെ (കല്ലുചിറ) ടാറിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് 40 പേരുടെ സ്ഥലം ഏറ്റെടുത്ത് രജിസ്ട്രേഷൻ നടത്തി ടി സ്ഥലത്ത് റോഡ് ഫോർമേഷൻ വർക്കുകൾ നടത്തുന്നു.

(ബി) 2018-19 കാലയളവിൽ അനുവദിച്ചിട്ടുള്ള മുഴുവൻ ഫണ്ടും ടി റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ ചെലവാക്കിയിട്ടുള്ളതാണ്. ഫണ്ടിന്റെ ലഭ്യതക്കുറവാണ് കാലതാമസത്തിന് കാരണം. സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 12 കോടി രൂപ ആവശ്യമുള്ളതാണ്.

(സി) ടി 40 അടി റോഡ് വികസനത്തിനായി 2 ഏക്കർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ടി പ്രോജക്ടിന്റെ തുക വകയിരുത്തിയിട്ടില്ല. തുക വകയിരുത്തി സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് ടി പദ്ധതി പൂർത്തീകരിക്കുന്നതാണ്.

## ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

151 (3424) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 1331.04 കോടി രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്.

2018-19 വർഷത്തെ കാലവർഷക്കെടുതികൾ കാരണം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്ക് (റോഡ്) ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി പ്രളയം അധികമായി ബാധിച്ച എട്ട് ജില്ലകളിലെ 1781.25 കിലോമീറ്റർ ദൈർഘ്യം വരുന്ന 1528 റോഡ് പ്രവൃത്തികളുടെ ഒരു പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. അടിയന്തര പ്രാധാന്യമുള്ള റോഡ് പ്രവൃത്തികളുടെ പുനരുദ്ധാരണം നടത്തുന്നതിലേയ്ക്കായി ആദ്യഘട്ടത്തിൽ 603.74 കി.മീ ദൈർഘ്യം വരുന്ന റോഡുകളുടെ Groundtruthing നടപടികൾ കിഫ്ബി മുഖാന്തരം പൂർത്തിയാക്കിയിട്ടുണ്ട്. 2018-ലെ വെള്ളപ്പൊക്കക്കെടുതി നേരിട്ട എട്ട് ജില്ലകൾക്കായി കാറ്റഗറി എ വിഭാഗത്തിൽപ്പെടുന്ന (5.5 മീറ്റർ വീതിയിൽ അധികം വരുന്നത്) റോഡുകൾക്ക് 315 കോടി രൂപയും കാറ്റഗറി ബി വിഭാഗത്തിൽപ്പെടുന്ന (5.5 മീറ്റർ വീതിയിൽ താഴെ വരുന്നത്) റോഡുകൾക്ക് 173 കോടി രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 5.5 മീറ്റർ വീതിയിൽ കൂടുതൽ വരുന്ന പത്തനംതിട്ട,

വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ 218 കി.മീ. നീളം വരുന്ന റോഡുകളുടെ ഡി.പി.ആർ. കിഫ്ബി തയ്യാറാക്കി എച്ച്.എൽ.ഇ.സി.-യിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവുമായി ബന്ധപ്പെട്ട് കേടുപാടുകൾ പറ്റിയ റോഡുകളുടെ പുനരുദ്ധാരണം നടത്തുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, 3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, 4 അസിസ്റ്റന്റ് എഞ്ചിനീയർമാരടങ്ങുന്ന ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) രൂപീകരിച്ചിട്ടുള്ളതാണ്. PMU-ന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഡെപ്യൂട്ടേഷൻ/കരാറടിസ്ഥാനത്തിൽ അധികമായി 40 തസ്തികകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

## ടാറിംഗ് പൂർത്തിയാക്കാത്ത റോഡുകൾ

152 (3425) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കീഴിൽ ഇനിയും ടാറിംഗ് പൂർത്തിയാക്കാത്ത റോഡുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കീഴിൽ ടാറിംഗ് പൂർത്തിയാക്കേണ്ട റോഡുകളുണ്ട്. ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കടമക്കുടി-ചാത്തനാട് പാലത്തിന്റെ നിർമ്മാണ പുരോഗതി

153 (3426) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന കടമക്കുടി-ചാത്തനാട് പാലത്തിന്റെയും അനുബന്ധ റോഡിന്റെയും സ്ഥലമേറ്റെടുപ്പിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇതിനായി നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് നിശ്ചയിച്ചിരിക്കുന്ന നഷ്ടപരിഹാരത്തുക സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) കടമക്കുടി-ചാത്തനാട് പാലത്തിന്റെയും അനുബന്ധ റോഡിന്റെയും സ്ഥലമേറ്റെടുപ്പിനായി 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശം ആക്ട് (കേന്ദ്ര ആക്ട് 30/2013) സെക്ഷൻ 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 9-10-2019-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 15-10-2019-ലെ കേരള ഗസറ്റിലും (അസാധാരണം) തുടർന്ന് രണ്ട് ദിനപത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) ടി പദ്ധതിയുടെ പൊന്നുംവില നടപടികളിൽ നഷ്ടപരിഹാരത്തുക നിർണ്ണയിക്കുന്നതിനുള്ള ഘട്ടം എത്തിയിട്ടില്ലാത്തതാണ്.

(ഡി) വലിയ കടമക്കുടി ചാത്തനാട് പാലത്തിന്റെ 12 സ്പാനുകളിൽ എട്ടെണ്ണം പൂർത്തീകരിച്ചു.

## പ്രളയത്തിൽ തകർന്ന നിലമ്പൂരിലെ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം

154 (3427) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ തകർന്ന റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര കിലോമീറ്റർ റോഡുകളാണ് അടിയന്തരമായി പുനർനിർമ്മിക്കേണ്ടത്- പഞ്ചായത്ത്/ നഗരസഭ തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പ് മാതൃകയിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിന് പ്രത്യേക ഫണ്ട് വകയിരുത്തുമോ;

(ഡി) പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിന് പ്രഥമ പരിഗണന നൽകാൻ തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ പ്രളയത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുകീഴിലെ തകർന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖാന്തരം നടപ്പിലാക്കാൻ വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കാറ്റഗറി എ-യിൽ ഉൾപ്പെടുന്ന എൽ.എസ്.ജി. റോഡുകൾക്ക് 315 കോടി രൂപയും കാറ്റഗറി ബി-യിൽ ഉൾപ്പെടുന്ന എൽ.എസ്.ജി. റോഡുകൾക്ക് 173 കോടി രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർ നിർമ്മാണത്തിനായിരിക്കണം വാർഷിക പദ്ധതിയിൽ പ്രഥമ പരിഗണന നൽകേണ്ടതെന്ന നിർദ്ദേശം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

**ചാലക്കുടിയിലെ റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപടികൾ**

155 (3428) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ കഴിഞ്ഞ മഹാപ്രളയത്തിൽ ഗതാഗത യോഗ്യമല്ലാതായ റോഡുകളുടെ പുനർനിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകളുടെ പുനർനിർമ്മാണത്തിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പുനർനിർമ്മാണ പദ്ധതിപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ ചാലക്കുടി നിയോജക മണ്ഡലത്തിലെ ചുവടെ പറയുന്ന ആറ് റോഡുകൾ പുനർനിർമ്മാണത്തിനായി ആദ്യഘട്ടത്തിൽ ഏറ്റെടുത്തുകൊണ്ട് സർക്കാർ ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ട്.

1. Vellikullangara Cormala Randukai road, Kodassery Grama Panchayat.
2. Pindani-Sreepuram Road-Meloor Grama Panchayat.
3. Ex-Servicemen Colony Centre Road, Athirappally Grama Panchayat.
4. V R Puram – Thachudapparambu Road, Chalakkudy Municipality.

5. Tramway Road - Ward 30 - Chalakkudy Municipality
6. Vellikullangara road - Alavi Centre link road, Chalakkudy Municipality.

തദ്ദേശഭരണ സ്ഥാപനങ്ങൾ പുനർനിർമ്മാണത്തിനായി അനുമതി നൽകിയ റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പഞ്ചായത്തുകളിൽ അങ്കണവാടി കെട്ടിടങ്ങൾ**

156 (3429) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനുമായി ചേർന്ന് പഞ്ചായത്തുകളിൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ പ്രത്യേക പദ്ധതിയുണ്ടോ; എങ്ങനെയാണ് പദ്ധതി നടപ്പാക്കുക; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മാതൃ-ശിശു വികസന വകുപ്പിൽ നിന്നും ഇതിനായി പ്രത്യേക സഹായങ്ങൾ ലഭ്യമാകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി അങ്കണവാടികളുടെ നിർമ്മാണമേറ്റെടുക്കാൻ സാധിക്കുന്നതാണ്. അങ്കണവാടി നിർമ്മാണത്തിനുള്ള ആകെ ചെലവുതുകയിൽ 5 ലക്ഷം രൂപ തൊഴിലുറപ്പ് പദ്ധതിയിൽനിന്നും ചെലവാക്കാൻ കഴിയും. ബാക്കി ആവശ്യമായി വരുന്ന തുകയിൽ 2 ലക്ഷം രൂപ മാതൃ-ശിശു വികസന വകുപ്പിൽനിന്നും ലഭ്യമാകും. ഇതിനുപരിയായി വേണ്ടിവരുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തുകയാണ് ചെയ്യുന്നത്. ഈ മാതൃകയിൽ സംസ്ഥാനത്ത് നിലവിൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നുള്ള അങ്കണവാടി നിർമ്മാണത്തിന് ഒരു അങ്കണവാടിക്ക് 2 ലക്ഷം രൂപ എന്ന നിരക്കിൽ മാതൃ-ശിശു വികസന വകുപ്പ് ലഭ്യമാക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി**

157 (3430) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ പി.എം..ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി പ്രകാരം ഇവിടെ എത്ര പ്രവൃത്തികൾക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) 2018-19 വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ ഒരു പദ്ധതിക്കും അനുമതി ലഭ്യമായിട്ടില്ല.

(സി) പി.എം.ജി.എസ്.വൈ.-III-ൽ പ്രവൃത്തികൾ പദ്ധതിയിലുൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഫെസിലിറ്റി സർവ്വേ നടന്നുവരുന്നു. ആയത് അന്തിമഘട്ടത്തിൽ എത്തിയതിനുശേഷം മാത്രമേ പ്രവൃത്തികൾ ശിപാർശ ചെയ്യുകയുള്ളൂ.

**പി.എം.ജി.എസ്.വൈ**

158 (3431) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി പരിഷ്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പി.എം.ജി.എസ്.വൈ-III-ൽ ഉൾപ്പെടുത്താൻ മാനദണ്ഡപ്രകാരം വേണ്ട റോഡിന്റെ യൂട്ടിലിറ്റിവാല്യൂ കണ്ടെത്താൻവേണ്ട സൈറ്റ് പരിശോധനയും ജിയോ ടാഗിംഗ് വർക്കും നടന്നുകൊണ്ടിരിക്കുകയാണ്. ആയത് പൂർത്തീകരിച്ചതിനുശേഷം മാത്രമേ പുതുതായി ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ശിപാർശ ചെയ്യുകയുള്ളൂ.

## വിവാഹ ആഡിറ്റോറിയങ്ങളുടെ കെട്ടിട നികുതി

159 (3432) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹ ആഡിറ്റോറിയങ്ങളുടെ കെട്ടിട നികുതി അമിതമായി വർദ്ധിപ്പിച്ചത് സംബന്ധിച്ച് ആഡിറ്റോറിയം ഓണേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ള ഫയൽ നമ്പർ RC2-34/18-ൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) അമിതമായി വർദ്ധിപ്പിക്കപ്പെട്ട പ്രസ്തുത കെട്ടിട നികുതി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവാഹ ആഡിറ്റോറിയങ്ങളുടെ കെട്ടിട നികുതി സംബന്ധിച്ച് ലഭിച്ച നിവേദനത്തിന്മേൽ ആർ.സി.2/34/2018/ത.സ്വ.ഭ.വ. ഫയൽ പ്രകാരം നഗരകാര്യ ഡയറക്ടറുടെയും പഞ്ചായത്ത് ഡയറക്ടറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ചുവരുന്നു. ഈ വിഷയം സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

## തിരുവനന്തപുരം നഗരസഭയിൽ ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ

160 (3433) ശ്രീ. കെ. എസ് .ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനായി ഐ.ബി.പി.എം.എസ്. എന്ന സോഫ്റ്റ്‌വെയറാണോ തിരുവനന്തപുരം നഗരസഭ നിലവിൽ ഉപയോഗിക്കുന്നതെന്ന് അറിയിക്കുമോ?

(ബി) പരാതിരഹിതമായി പ്രവർത്തിച്ചിരുന്ന സങ്കേതമെന്ന സോഫ്റ്റ്‌വെയർ മാറ്റി ഐ.ബി.പി.എം.എസ്.-ൽ അപേക്ഷ സ്വീകരിക്കുവാൻ തുടങ്ങിയത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) പുതിയ സോഫ്റ്റ്‌വെയറിലുള്ള പോരായ്മമൂലം പല അപേക്ഷകളും പ്രോസസ്സ് ചെയ്യുന്നതിന് സാധിക്കാത്ത അവസ്ഥ സംജാതമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) വ്യാവസായിക ആവശ്യത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി അപേക്ഷിക്കുന്നതിന് പ്രത്യേക സോഫ്റ്റ്‌വെയറാണോ നിലവിൽ ഉപയോഗിക്കുന്നത്;

(ഇ) കെട്ടിട നിർമ്മാണത്തിന് രണ്ട് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതുമൂലം ആശയക്കുഴപ്പം ഉണ്ടായിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) അതെ.

(ബി) സങ്കേതം ഒരു ഇന്റലിജന്റ് സോഫ്റ്റ്‌വെയർ ആയിരുന്നില്ല. അപേക്ഷ സ്വീകരിക്കുന്നത് സങ്കേതം വഴി ആയിരുന്നെങ്കിലും അപേക്ഷയുടെ പരിശോധന മുതൽ നിർമ്മാണാനുമതി നൽകുന്നതുവരെയുള്ള നടപടിക്രമങ്ങളെല്ലാം ഉദ്യോഗസ്ഥതലത്തിലാണ് ചെയ്തിരുന്നത്. എന്നാൽ ഐ.ബി.പി.എം.എസ്. ഒരു ഇന്റലിജന്റ് സോഫ്റ്റ്‌വെയറാണ്. മാനുഷിക ഇടപെടലുകൾ പൂർണ്ണമായും ഒഴിവാക്കി സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ബിൽഡിംഗ് പ്ലാനിൽനിന്നും നേരിട്ട് വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തി കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി സമർപ്പിച്ചിട്ടുള്ള പ്ലാനുകൾ അംഗീകരിക്കുന്നതിനും ചട്ടവിരുദ്ധമായി സമർപ്പിച്ചിട്ടുള്ള പ്ലാനുകൾ നിരസിക്കുന്നതിനും ഈ സോഫ്റ്റ്‌വെയർ പര്യാപ്തമാണ്. ഈ സാഹചര്യത്തിലാണ് സങ്കേതം ഒഴിവാക്കി തിരുവനന്തപുരം നഗരസഭയിൽ ഐ.ബി.പി.എം.എസ്. നടപ്പിലാക്കിയത്.

(സി) ഇല്ല.

(ഡി&ഇ) കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് നിലവിൽ ഐ.ബി.പി.എം.എസ്. എന്ന സോഫ്റ്റ്‌വെയർ മാത്രമാണ് ഉപയോഗിക്കുന്നത്.

**തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ നിയമനം**

161 (3434) <u>ശ്രീ. റ്റി. വി. രാജേഷ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ

ഏതൊക്കെ തസ്തികകളിലാണ് ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളത് എന്നറിയാമോ. പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ഒഴിവുള്ള തസ്തികകൾ യഥാസമയം പി.എസ്.സി. യെ അറിയിക്കുന്നതിനും നിയമനം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാംതരം ഓവർസിയർ, രണ്ടാംതരം ഓവർസിയർ, മൂന്നാംതരം ഓവർസീയർ, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ എന്നീ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. ടി ലിസ്റ്റുകളിൽനിന്ന് നിയമനം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 629 |
| ഒന്നാംതരം ഓവർസിയർ | 644 |
| രണ്ടാംതരം ഓവർസിയർ | 351 |
| മൂന്നാംതരം ഓവർസിയർ | 1246 |
| ക്ലാർക്ക് | 139 |
| ഓഫീസ് അറ്റൻഡന്റ് | 41 |
| ഡ്രൈവർ | 11 |
| ആകെ | 3061 |

നിലവിൽ കാലാവധി കഴിഞ്ഞിട്ടുള്ള ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും 14 നിയമനങ്ങൾ നടന്നിട്ടുണ്ട്.

(ബി) കേരള പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകിവരികയും ചെയ്യുന്നുണ്ട്.

**ഡീംഡ് ലൈസൻസ് ലഭിച്ച സാഹചര്യം**

162 (3435) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ നിക്ഷേപങ്ങൾക്ക് അനുമതി നൽകുന്ന കെ-സ്വിഫ്റ്റ് പോർട്ടലിൽ ഓൺലൈനായി വ്യാവസായിക കെട്ടിട നിർമ്മാണങ്ങൾക്ക് നൽകിയ

അപേക്ഷയിൽ കാലതാമസം വരുത്തി ഡീംഡ് ലൈസൻസ് ലഭിക്കുന്നതിന് സംസ്ഥാനത്ത് പല കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും അവസരമൊരുക്കി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനകം എത്ര അപേക്ഷകളിൽ ഡീംഡ് അനുമതി ലഭിക്കുകയുണ്ടായി;

(സി) ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നഗരസഭാ സെക്രട്ടറിമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ-സ്വിഫ്റ്റ് ആപ്ലിക്കേഷൻ മുഖേന ലഭിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് മതിയായ പരിശീലനം ലഭിക്കാതിരുന്ന സാഹചര്യത്തിൽ കെ-സ്വിഫ്റ്റ് ആപ്ലിക്കേഷൻ പ്രവർത്തനക്ഷമമായ തുടക്കഘട്ടത്തിൽ അപേക്ഷകർക്ക് കൽപ്പിത അനുമതി ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളിൽ ലഭിച്ച 90 അപേക്ഷകളിലും നഗരസഭകളിൽ ലഭിച്ച 28 അപേക്ഷകളിലും ഡീംഡ് അനുമതി ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 56 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും 11 നഗരസഭാ സെക്രട്ടറിമാർക്കും കാരണം കാണിക്കൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരികയാണ്.

**കൊല്ലം കോർപ്പറേഷനിലെ അമൃത് പദ്ധതി**

163 (3436) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കോർപ്പറേഷൻ പരിധിയിൽ കൊല്ലം കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന അമൃത് പദ്ധതികളുടെ പുരോഗതി എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) അമൃത് പദ്ധതിപ്രകാരം പുതിയതായി അംഗീകാരം ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അമൃത് പദ്ധതിയിൽ കൊല്ലം കോർപ്പറേഷനിൽ അഞ്ച് മേഖലകളിലായി 253.45 കോടി രൂപയുടെ 60 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ 60 പദ്ധതികൾക്ക് 207.19 കോടി രൂപയുടെ ഭരണാനുമതിയും 209.003 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 110.90 കോടി രൂപയുടെ 51 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഇതിൽ 13 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ പദ്ധതിക്കായി 35.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുദ്ധജല വിതരണ സെക്ടറിലെ 16 പദ്ധതികൾക്ക് 105.18 കോടി രൂപയ്ക്ക് ഭരണാനുമതിയും 116.03 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 114.93 കോടി രൂപയ്ക്ക് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതുമാണ്.

ടി പദ്ധതികളിൽ കേരള വാട്ടർ അതോറിറ്റി 14 പ്രവൃത്തികളുടെയും കോർപ്പറേഷൻ രണ്ട് പ്രവൃത്തികളുടെയും നിർവ്വഹണം നടത്തിവരുന്നു. ജല അതോറിറ്റിയുടെ ആറ് പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികളുടെ നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു. കോർപ്പറേഷൻ നിർവ്വഹണം നടത്തി വരുന്ന രണ്ട് ശുദ്ധജല വിതരണ പദ്ധതികളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.

സെപ്റ്റേജ് ആൻഡ് സ്വിവറേജ് മാനേജ്മെന്റ് സെക്ടറിൽ അഞ്ച് പദ്ധതികൾക്ക് 42.66 കോടി രൂപയ്ക്ക് ഭരണാനുമതിയും 39.8 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭിക്കുകയും 39.8 കോടി രൂപയ്ക്ക് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതുമാണ്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഈ മേഖലയിൽ രണ്ട് പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയും മൂന്ന് പദ്ധതികൾ കോർപ്പറേഷനുമാണ് നടത്തുന്നത്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിലെ 20 പദ്ധതികൾക്ക് 32.2 കോടി രൂപയുടെ ഭരണാനുമതിയും 29.17 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 29.17 കോടി രൂപയ്ക്ക് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതുമാണ്. കൂടാതെ 28.99 കോടി രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തിട്ടുമുണ്ട്. ഈ മേഖലയിലെ 20 പ്രവൃത്തികളും കോർപ്പറേഷനാണ് നിർവ്വഹിക്കുന്നത്. മൂന്ന് പ്രവൃത്തികൾ പൂർത്തിയായി. 17 പ്രവൃത്തികളുടെ നിർവ്വഹണം പുരോഗതിയിലാണ്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 10.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ 12 പദ്ധതികൾക്ക് 21.92 കോടി രൂപയ്ക്ക് ഭരണാനുമതിയും 20.69 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭിക്കുകയും 20.69 കോടി രൂപയ്ക്ക് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതുമാണ്. കൂടാതെ 10.18 കോടി രൂപയുടെ 10 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ 12 പ്രവൃത്തികളുടെയും നിർമ്മാണം നടത്തുന്നത് കോർപ്പറേഷനാണ്. ഒരു പ്രവൃത്തി പൂർത്തീകരിച്ചു. ആറ് പ്രവൃത്തികളുടെ നിർമ്മാണം പുരോഗതിയിലാണ്. മൂന്ന് പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. രണ്ട് പ്രവൃത്തികൾക്ക് ദർഘാസ് നടപടികൾ ആരംഭിച്ചു. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 0.74 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പാർക്ക് സെക്ടറിൽ 5.23 കോടി രൂപയുടെ 7 പദ്ധതികൾക്ക് ഭരണാനുമതിയും 3.31 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിക്കുകയും 3.31 കോടി രൂപയുടെ ടെണ്ടർ ക്ഷണിച്ചിട്ടുള്ളതുമാണ്. 3.25 കോടി രൂപയുടെ പദ്ധതികൾക്ക് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് കോർപ്പറേഷനാണ്. ഇതിൽ മൂന്ന് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 2.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പുതിയതായി പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

**തൃശ്ശൂർ കോർപ്പറേഷനിൽ മുൻകൂർ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ**

164(3437) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷനിൽ നിലവിലുള്ള ഭരണസമിതി അധികാരമേറ്റശേഷം മേയർ എത്ര അജണ്ടകൾക്കും പ്രവൃത്തികൾക്കുമാണ് മുൻകൂർ അനുമതി നൽകിയിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) മുൻകൂർ അനുമതി നൽകുന്നത് ഏത് ചട്ടപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(സി) മുൻകൂർ അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഒരു കോടി രൂപയ്ക്കു മുകളിലുള്ള പ്രവൃത്തികൾക്ക് മുൻകൂർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) തൃശ്ശൂർ കോർപ്പറേഷനിൽ നിലവിലുള്ള ഭരണ സമിതി അധികാരത്തിൽ വന്ന 2015 മുതലുള്ള ഫയലുകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിച്ച് മറുപടി നൽകുന്നതാണ്.

**മൂലമ്പിള്ളി-പിഴല പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ്**

165 (3438) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന മൂലമ്പിള്ളി-പിഴല പാലത്തിന്റെയും അനുബന്ധ റോഡിന്റെയും സ്ഥലമേറ്റെടുപ്പിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ആയതിനായി നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് നിശ്ചയിച്ചിരിക്കുന്ന നഷ്ടപരിഹാരത്തുക സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) ആയതിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മൂലമ്പിള്ളി-പിഴല പാലത്തിന്റെയും അനുബന്ധ റോഡിന്റെയും നിർമ്മാണത്തിനായി കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ വ്യത്യസ്ത റീ-സർവ്വെ നമ്പരുകളിൽപ്പെട്ട ഭൂമികൾക്ക് ജിഡ അർത്ഥന സമർപ്പിച്ചിട്ടുള്ളതും, പൊന്നുംവില നടപടികൾ സ്വീകരിച്ചിട്ടുള്ളതും ടി പദ്ധതിക്കുവേണ്ടി 5-8-2015-ലെ ജി.ഒ (ആർ.ടി) നമ്പർ 4120/15/ആർ.ഡി ഉത്തരവുപ്രകാരം നെഗോഷ്യബിൾ പർച്ചേസ് പ്രകാരവും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരവും ഭൂമി ഏറ്റെടുത്തിട്ടുണ്ട്. നെഗോഷ്യബിൾ പർച്ചേസ് പ്രകാരം എൺപത് ശതമാനം നഷ്ടപരിഹാരത്തുക എഗ്രിമെന്റ് അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുപ്രകാരം ഭൂവുടമകൾക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച ഭൂമി വില സമ്മതമില്ലാതെ ചില ഭൂവുടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ആളുകൾക്ക്

ഡി.എൽ.പി.സി. പ്രകാരം നിശ്ചയിച്ച എൺപത് ശതമാനം തുക നൽകുന്നതിനും 2013-ലെ മേൽ ആക്ട് പ്രകാരം പൊന്നുംവില നടപടി സ്വീകരിച്ച് അവാർഡ് പാസ്സാക്കാനും ടി അവാർഡ് തുകയിൽ എൺപത് ശതമാനം കുറവ് വരുത്തി ബാക്കി തുക നൽകാനുമാണ് കോടതി ഉത്തരവായിട്ടുള്ളത്. ആയത് പ്രകാരം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുത്ത ഭൂമിക്കും കോടതി ഉത്തരവുപ്രകാരം പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയുടെ ഉടമകൾക്കും എൺപത് ശതമാനം തുക നൽകിയിട്ടുള്ളതും ബാക്കി ഇരുപത് ശതമാനം നൽകുന്നതിനുള്ള നടപടികൾ അതോറിറ്റി സ്വീകരിച്ചുവരികയുമാണ്.

(ബി) മേൽ ആക്ട് സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനം സി 4-2414/17 നമ്പരായി 5-5-2018-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് രണ്ട് ദിനപത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 26-6-2018-ലെ 26-ാം നമ്പർ ഗസറ്റിലും വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഗസറ്റ് വിജ്ഞാപനം അനുബന്ധമായി* ചേർക്കുന്നു.

(സി) നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഡിസ്ട്രിക്റ്റ് ലെവൽ പർച്ചേസ് കമ്മിറ്റി നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുള്ളത് ചുവടെ ചേർക്കുംവിധമാണ്.

| | |
|---|---|
| മൂലമ്പിള്ളിഭാഗം | |
| കാറ്റഗറി I (Dry land) | ₹ 5,50,000/cent |
| കാറ്റഗറി II (Wet now dry land) | ₹ 4,50,000/cent |
| കാറ്റഗറി III ( Wet land) | ₹ 3,50,000/cent |
| പിഴല ഭാഗത്തുള്ള ഭൂമി (കാറ്റഗറി I-ൽ ഉൾപ്പെട്ടിട്ടുള്ളതാണ്.) | ₹ 2,00,000/cent |

2013-ലെ മേൽ ആക്ട് പ്രകാരം പൊന്നും വില നടപടികളിൽപ്പെട്ട ഭൂമിക്ക് ജില്ലാ കളക്ടർ അംഗീകരിച്ച അടിസ്ഥാന ഭൂമി വില (BVR) നിശ്ചയിച്ച് ഡ്രാഫ്റ്റ് അവാർഡ് തയ്യാറാക്കി ജില്ലാ കളക്ടറുടെ അംഗീകാരത്തിനായി അയച്ചിട്ടുള്ളതാണ്. ടി വസ്തുക്കളുടെ വില നിശ്ചയിച്ചിട്ടുള്ളത് ചുവടെ ചേർക്കുംവിധമാണ്.

| | |
|---|---|
| കാറ്റഗറി I (Dry land പുരയിടം) | ₹ 3,13,772/cent |
| കാറ്റഗറി II ( Wet land നിലം) | ₹ 64,155/cent |
| കാറ്റഗറി III (Wet land now dry land- നിലം നികത്ത് പുരയിടം) | ₹ 2,19,641/cent |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മൂലമ്പിള്ളി-പിഴല പാലത്തിന്റെ ടാറിംഗും പെയിന്റിംഗും ഒഴിച്ചുള്ള മുഴുവൻ പണികളും പൂർത്തീകരിച്ചിട്ടുണ്ട്. മൂലമ്പിള്ളി - പിഴല കണക്റ്റിവിറ്റി പാലത്തിന്റെ 7 സ്പാനുകളിൽ 3 എണ്ണം പൂർത്തീകരിച്ചു.

## പള്ളുരുത്തിയിൽ നൈറ്റ് ഷെൽറ്റർ സ്ഥാപിക്കുന്നതിന്റെ കാലതാമസം

166 (3439) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-10-2017-ന് കൊച്ചി നഗരസഭയുടെ പള്ളുരുത്തി മേഖല 16-ാം ഡിവിഷനിലെ നഗരസഭാ വക സ്ഥലത്ത് എൻ.യു.എൽ.എം. മുഖേന നൈറ്റ് ഷെൽറ്റർ സ്ഥാപിക്കുവാൻ തീരുമാനം എടുത്തിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ഡി.പി.ആർ. തയ്യാറാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് ലഭിക്കുന്നതിന് എന്നാണ് അപേക്ഷ സമർപ്പിച്ചതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അനുമതി ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായിട്ടുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ അനുവാദം ലഭിക്കാത്തതിനാലാണ് ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നത്.

(ബി) 10-10-2018-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) വിശദമായ സൈറ്റ് പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് തീരദേശ പരിപാലന അതോറിറ്റിയിൽനിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയത് തയ്യാറാക്കി വരികയാണ്.

(ഡി) കൊച്ചി നഗരസഭയിൽനിന്നും ലഭ്യമാക്കിയ അപേക്ഷയുടെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊടുവള്ളി മുനിസിപ്പാലിറ്റി ബസ് സ്റ്റാന്റ് കം ഓഫീസ് കോംപ്ലക്സ്

167 (3440) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മുനിസിപ്പാലിറ്റി ബസ് സ്റ്റാന്റ് കം ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കാൻ ഏതെങ്കിലും പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കിഫ്ബിയിൽ നിന്നോ സർക്കാരിന്റെ മറ്റേതെങ്കിലും ഏജൻസിയിൽ നിന്നോ ഇതുസംബന്ധമായ പരിശോധനകൾക്കായി പ്രൊപ്പോസ് ചെയ്ത സൈറ്റ് സന്ദർശിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 22,20,00,000 രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. നഗരസഭാ ഓഫീസ് കെട്ടിടം പൊളിഞ്ഞ് വീഴാറായെന്നും അറ്റകുറ്റപ്പണികൾ നടത്താൻ പറ്റാത്ത അവസ്ഥയാണെന്നും പല സ്ഥലങ്ങളിലായി ബസ് സ്റ്റാന്റിലേയ്ക്കും മറ്റും സ്ലാബിന്റെ ഭാഗങ്ങൾ അടർന്നുവീഴാൻ ഇടയുണ്ടെന്നും മുനിസിപ്പൽ എഞ്ചിനീയറും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ദ്ധ സംഘവും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി ടി കെട്ടിടം പൊളിച്ചുനീക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമായി കിഫ്ബി ഫോർമാറ്റ് അനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിനും ആയത് ടെണ്ടർ ചെയ്യുന്നതിനും തീരുമാനിച്ചു.

(സി) ഇല്ല.

## ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കാൻ സ്ഥലം

168 (3441) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലം വിട്ടുനൽകാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള പ്രൊപോസൽ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസലിന്മേൽ തീരുമാനമെടുക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് RC1/193/2019-LSGD നമ്പർ ഫയലിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലം വിട്ടുനൽകാൻ പഞ്ചായത്ത് 10-07-2019-ലെ 2/2 തീരുമാനപ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ ആവശ്യമായ വിവരങ്ങളും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അവ ലഭ്യമാക്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

169 (3442) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ;

(ബി) നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വനംവകുപ്പിന്റെ കർശന നിബന്ധനകൾ പാലിക്കപ്പെട്ടുകൊണ്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 30 കിലോമീറ്റർ മൺറോഡ് നിർമ്മിച്ചിട്ടുണ്ട്. കുടിയിലെ ആളുകൾക്ക് കൈത്തൊഴിൽ ചെയ്യുന്നതിലേയ്ക്കായി സൊസൈറ്റി കുടിയിൽ പനമ്പ് നെയ്ത്തുശാല സ്ഥാപിക്കുകയും ഇടമലക്കുടിയുടെ അഞ്ച് വാർഡുകളിൽ വൈദ്യുതി എത്തിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇടമടക്കുടിയിലെ സൊസൈറ്റി കുടിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗിച്ച് പി.എച്ച്.സി.-യ്ക്കായി കെട്ടിടം നിർമ്മിക്കുകയും സ്റ്റാഫുകൾക്കായി പഞ്ചായത്ത് ഫണ്ട് ചെലവിട്ട് ക്വാർട്ടേഴ്സ് കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 6-1-2018-ലെ സ.ഉ.(സാധാ) നമ്പർ

60/2018/തസ്വഭവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടമലക്കുടിയിലെ MGLC സ്കൂളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണവും വൈകുന്നേരത്തെ ഭക്ഷണവും നൽകിവരുന്നുണ്ട്. പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിലുൾപ്പെടുത്തി അലമാര, കട്ടിൽ, സോളാർ ലൈറ്റ് എന്നിവ വിതരണം നടത്തിയിട്ടുമുണ്ട്.

(ബി) നിലവിൽ വിവിധ വാർഡുകളിൽ ഗ്രാമപഞ്ചായത്ത് മുഖേന സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**പാരിപ്പള്ളി ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിന് നിർദ്ദേശം**

170 (3443) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിനും നിയുക്തമായ കമ്മിറ്റി നൽകിയ ശിപാർശകളിൽ ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ രൂപീകരിക്കാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിനുമായി സർക്കാർ ചുമതലപ്പെടുത്തിയതനുസരിച്ച് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ സാധ്യതാപട്ടികയിൽ ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള ശിപാർശ ഉൾപ്പെട്ടിട്ടുണ്ട്.

## പ്ലാവുങ്കൽ-കാരാമൽ റോഡിന്റെ നിർമ്മാണ പുരോഗതി

171(3444) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ താലൂക്കിൽ എഴിക്കര വില്ലേജിൽ 12-ാം വാർഡിൽ നിർമ്മാണത്തിലിരിക്കുന്ന പ്ലാവുങ്കൽ- കാരാമൽ റോഡിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഏത് ഫണ്ട് വിനിയോഗിച്ചാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നതെന്നും എസ്റ്റിമേറ്റ് തുക എത്രയെന്നും പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിനാവശ്യമായ ഫണ്ട് ലഭ്യമാണോയെന്നും വ്യക്തമാക്കുമോ;

(സി) ഈ റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ച് എത്രയും വേഗം ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) പറവൂർ താലൂക്കിൽ, എഴിക്കര ഗ്രാമപഞ്ചായത്തിൽ പന്ത്രണ്ടാം വാർഡിൽ ഉൾപ്പെടുന്ന പ്ലാവുങ്കൽ-കാരാമൽ റോഡിൽ, 2018-2019 കാലയളവിൽ ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചിരുന്നെങ്കിലും ടെണ്ടറിലും റീ-ടെണ്ടറിലും കരാറുകാർ പങ്കെടുക്കാത്തതുമൂലം പദ്ധതി നടപ്പിലാക്കാതെവരികയും സ്പിൽ ഓവറിൽ ഉൾപ്പെടുത്താനാവാതെ പദ്ധതി ഉപേക്ഷിക്കേണ്ടതായും വന്നു. പഞ്ചായത്തിലെ 2019-2020 വാർഷിക പദ്ധതിയിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്താനായി 31-10-2019-ലെ കമ്മിറ്റി തീരുമാനിക്കുകയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി. അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) എഴിക്കര ഗ്രാമപഞ്ചായത്തിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. 160 മീറ്റർ നീളവും 2.5 മീറ്റർ വീതിയുമുള്ള റോഡിൽ ടൈൽ വിരിച്ച് ഗതാഗതസൗകര്യം ഉറപ്പാക്കുന്നതിന് 2,70,000 രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടുണ്ട്.

(സി) റോഡ് നിർമ്മാണത്തിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയം

172(3445) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ നിലവിലുള്ള പഞ്ചായത്തുകളിൽ ഏതിന്റെയെങ്കിലും അതിർത്തി പുനർനിർണ്ണയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) മണ്ഡലത്തിൽ ഏതെങ്കിലും പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

### ഉത്തരം

(എ&ബി) കേരളത്തിൽ രൂപീകരിക്കാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലാക്ക് പഞ്ചായത്തുകളുടെയും സാദ്ധ്യതാ പട്ടിക തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

## കൊട്ടാരക്കരയിൽ പുതിയ ഗ്രാമപഞ്ചായത്ത്

173(3446) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിന് ശിപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന പഞ്ചായത്ത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) ഉണ്ട്

(ബി) കേരളത്തിൽ രൂപീകരിക്കാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലാക്ക് പഞ്ചായത്തുകളുടെയും സാദ്ധ്യതാ പട്ടിക തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

## വയനാട് ജില്ലയിൽ പുതിയ പഞ്ചായത്തുകൾ

174(3447) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതിയെന്താണ്; ഏതൊക്കെ പഞ്ചായത്തുകൾ ആണ് പുതുതായി രൂപീകരിക്കുന്നതിന് ആലോചിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

കേരളത്തിൽ രൂപീകരിക്കാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലാക്ക് പഞ്ചായത്തുകളുടെയും സാദ്ധ്യതാ പട്ടിക, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ

175(3448) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തി വികസന ഫണ്ടുപയോഗിച്ച് ആലത്തൂർ നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന 2017-18, 2018-19 വർഷത്തെ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

ആസ്തി വികസന ഫണ്ടുപയോഗിച്ച് ആലത്തൂർ നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന 2017-18, 2018-19 വർഷത്തെ പദ്ധതികളുടെ പുരോഗതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കോതമംഗലം മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്ന് ഭരണാനുമതി ലഭിച്ച പദ്ധതി

176(3449) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽപ്പെടുത്തി എൽ.എസ്.ജി.ഡി.(എഫ്.എം) വകുപ്പിൽ നിന്നും 1629/17

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച തെക്കുമ്മേൽ കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റിൽ ചെറിയ മാറ്റംവരുത്തി പുതുക്കിയ ഭരണാനുമതിക്കുവേണ്ടി നല്കിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ നല്കണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുള്ളത് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ച് പുതുക്കിയ ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇതുസംബന്ധിച്ച പുതുക്കിയ എസ്റ്റിമേറ്റ് PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി പ്രാരംഭ എസ്റ്റിമേറ്റിൽനിന്നും ഏതെല്ലാം ഐറ്റങ്ങൾ ഒഴിവാക്കിയെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കി അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കാൻ 25-9-2019-ലെ 155/എഫ്.എം.3/2019/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം കീരംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറോടും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതാണ്.

## പത്തനംതിട്ട ജില്ലയിൽ ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയങ്ങൾ

177(3450) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ ലൈഫ് മിഷൻ മൂന്നാം ഘട്ട പദ്ധതി പ്രകാരം ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പത്തനംതിട്ട ജില്ലയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

പത്തനംതിട്ട ജില്ലയിൽ 4 സ്ഥലങ്ങൾ ഭവന സമുച്ചയ നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുണ്ട്. ഇത് മെഴുവേലി, ഏഴംകുളം, കടമ്പനാട് എന്നീ പഞ്ചായത്തുകളിലും പന്തളം മുനിസിപ്പാലിറ്റിയിലുമാണ്.

## കോലഞ്ചേരിയിലെ വെയിറ്റിംഗ് ഷെഡ് നിർമ്മാണം

178(3451) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലഞ്ചേരിയിൽ പ്രത്യേക വികസന നിധിയിൽ നിന്നും അനുവദിച്ച ഫണ്ട് വിനിയോഗിച്ച് വെയിറ്റിംഗ് ഷെഡ് നിർമ്മാണം ആരംഭിക്കാത്തതിന് കാരണം എന്താണെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരുവിവരവും വിശദമാക്കുമോ;

(ബി) പഴയ ഷെഡ് പൊളിച്ചുനീക്കിയശേഷം ടെണ്ടർ നടപടികളും നിർമ്മാണവും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഭരണാനുമതി കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട നിലവിലുള്ള ബസ് കാത്തിരിപ്പുകേന്ദ്രം പൊളിച്ചുനീക്കാത്തത് കാരണമാണ് നിർമ്മാണം ആരംഭിക്കാത്തത്. നിലവിലുള്ള ബസ് കാത്തിരിപ്പുകേന്ദ്രത്തിന്റെ സർവ്വേ റിപ്പോർട്ട് പാസ്സാക്കിയിട്ടുള്ളതും പൂത്തൃക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറി രണ്ട് തവണ ലേലം ചെയ്തിട്ടുള്ളതുമായ ഈ പ്രവൃത്തി നിലവിൽ ആരും ഏറ്റെടുത്തിട്ടില്ല. വീണ്ടും പഞ്ചായത്ത് അധികൃതർ ലേലം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല.

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും പ്രവൃത്തി കരാർ വച്ചിട്ടുള്ളതുമാണ്.

(സി) 31-1-2020 വരെ കാലാവധി നീട്ടി ഉത്തരവായിട്ടുള്ളതാണ്. നിലവിലുള്ള ബസ് കാത്തിരിപ്പുകേന്ദ്രം പൊളിച്ച് മാറ്റിയാൽ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതാണ്.

## വല്ലാർപാടം ദ്വീപ് സംരക്ഷണ പ്രവൃത്തി

179(3452) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന വല്ലാർപാടം ദ്വീപ് സംരക്ഷണ പ്രവൃത്തിയും ബണ്ടുറോഡ് നിർമ്മാണവും പൂർത്തീകരിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കരാർ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ കാലാവധി എന്നുവരെയെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം നടത്തുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - ഡി) വല്ലാർപാടം ഔട്ടർ ബണ്ടിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ടി ഔട്ടർ ബണ്ടിന്റെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ചുപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിൻപ്രകാരം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതിനാലാണ് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തി നടപ്പാക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

## ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം

180(3453) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ അംഗീകാരം ഇല്ലാത്തവ ഉൾപ്പെടെ എത്ര ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ബഡ്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ബഡ്സ് സ്കൂളുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. എന്നാൽ 18 വയസ്സിന് മുകളിലുള്ള, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി മാണിക്കൽ, കരകുളം, പോത്തൻകോട് എന്നീ പഞ്ചായത്തുകളിലായി ആകെ 3 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ (ബി.ആർ.സി.) പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 2018-19 മുതൽ പുതുതായി തുടങ്ങുന്ന ഓരോ ബഡ്സ് സ്ഥാപനങ്ങളുടെയും അടിസ്ഥാന/പശ്ചാത്തല വികസനത്തിനായി രണ്ട് ഗഡുക്കളായി 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 22-02-2018-ലെ സ.ഉ. (എം.എസ്.) നം.25/2018/ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആദ്യഗഡുവായി 12.5 ലക്ഷം രൂപയും അതിന്റെ വിനിയോഗ പത്രം ഹാജരാക്കുന്ന മുറയ്ക്ക് അടുത്ത ഗഡുവായി ശേഷിക്കുന്ന 12.5 ലക്ഷം രൂപയും അനുവദിക്കുന്നതാണ്.

## പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം

181(3454) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽ ഏതെങ്കിലും പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്ത് രൂപീകരണം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ;

(സി) പുതിയ പഞ്ചായത്ത് രൂപീകരണ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) കേരളത്തിൽ രൂപീകരിക്കാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലാക്ക് പഞ്ചായത്തുകളുടെയും സാദ്ധ്യതാ പട്ടിക തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

## ഗ്രാമവികസന വകുപ്പിലെ ലക്ചറർ തസ്തിക

182(3455) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിലെ വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ തസ്തിക സംബന്ധിച്ച സ്പെഷ്യൽ റൂളിലെ അപാകത പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ലക്ചറർ ഗ്രേഡ് I, II എന്നീ തസ്തികകളുടെ എൻട്രി കേഡർ തസ്തികകൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) ലക്ചറർ ഗ്രേഡ് - II സബോർഡിനേറ്റ് സർവ്വീസിലും ഗ്രേഡ്- I സ്റ്റേറ്റ് സർവ്വീസിലും ഉൾപ്പെടുത്തിയ നിലവിലുള്ള സ്പെഷ്യൽ റൂളിലുള്ള അപാകത പരിഹരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറുടെ കത്ത് ലഭ്യമായിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിട്ടുണ്ട്*. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

(ബി) ലക്ചറർ ഗ്രേഡ് I, II തസ്തികകളുടെ എൻട്രി കേഡർ വ്യക്തമാക്കിയിട്ടുള്ള സ്പെഷ്യൽ റൂൾസ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഈ വിഷയം പരിശോധിച്ചുവരുന്നു.

**ഗ്രാമവികസന വകുപ്പിലെ ലക്ചറർ തസ്തികകൾ**

183(3456) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിൽ നിലവിൽ ഏതെല്ലാം ലക്ചറർ തസ്തികകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചതിന്റേയും ശമ്പള സ്കെയിൽ നിശ്ചയിച്ചതിന്റേയും ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ലക്ചറർ തസ്തികകൾ ഏത് തീയതി മുതലാണ് ഗ്രാമ വികസന വകുപ്പിന് അനുവദിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 22-1-2010-ലെ ജി.ഒ.(പി.) നമ്പർ 18/2010/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം അനുവദനീയമായ ലക്ചറർ തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലക്ഷംവീട് പദ്ധതിപ്രകാരമുള്ള ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്ന പദ്ധതി

184(3457) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ ഇനി എത്ര ലക്ഷം വീട് പദ്ധതി പ്രകാരമുള്ള ഇരട്ട വീടുകൾ ഒറ്റ വീടാക്കാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ ആയതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ ഇനിയും 16 ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് ബാക്കിയുണ്ട്.

(ബി) പ്രസ്തുത ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് പദ്ധതികളൊന്നും നിലവിൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇതിനായി ഗ്രാമപഞ്ചായത്തിന് മാത്രം ഫണ്ട് കണ്ടെത്താൻ സാധിക്കാത്തതിനാൽ മറ്റ് സ്രോതസ്സുകളിൽനിന്നും ഫണ്ട് ലഭ്യമായാൽ മാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

## ചീഫ് ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഓഫീസുകൾ

185(3458) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) എന്നിങ്ങനെയുള്ള മൂന്ന് ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2019 വർഷത്തിൽ ഈ മൂന്ന് ഓഫീസുകളിലും കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം എത്ര; ഓഫീസ് തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കുമോ;

(സി) നിലവിൽ ചീഫ് ടൗൺ പ്ലാനർ സി.റ്റി.പി. (വിജിലൻസ്) വകുപ്പിന്റെ കീഴിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ട്; ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഓഫീസിൽ 2019 -ൽ ലഭിച്ച പരാതികൾ എത്ര; ഫയലുകൾ എത്ര; അതിൽ എത്രയെണ്ണം പരിശോധിച്ചു; എത്ര ഫയലിൽ ശരിയായ നടപടികൾ സ്വീകരിച്ചു എന്നീ വിവരങ്ങൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ഇ) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ശരിയായ രീതിയിൽ പരാതികൾ പരിശോധിക്കാതിരിക്കുകയും തെറ്റായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതികൾ പരിശോധിക്കുന്ന രീതി സർക്കാർതലത്തിൽ പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(എഫ്) ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) വിഭാഗത്തിന്റെ ജോലി സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; നിലവിൽ 2019-ൽ പൂർത്തിയാക്കിയ മാസ്റ്റർ പ്ലാനുകൾ എത്രയാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ ചീഫ് ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) എന്നിങ്ങനെയുള്ള മൂന്ന് ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) 2019 വർഷത്തിൽ ഈ മൂന്ന് ഓഫീസുകളിലും കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | ജില്ല | ചീഫ് ടൗൺ പ്ലാനർ ഓഫീസ് | ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) | ചീഫ് ടൗൺ പ്ലാനർ (വിജിലൻസ് വിംഗ്) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | തിരുവനന്തപുരം | 501 | 126 | 454 |
| 2 | കൊല്ലം | 117 | 16 | 41 |
| 3 | ആലപ്പുഴ | 118 | 16 | 38 |
| 4 | പത്തനംതിട്ട | 90 | 6 | 30 |
| 5 | കോട്ടയം | 124 | 51 | 35 |
| 6 | ഇടുക്കി | 55 | 23 | 12 |
| 7 | തൃശ്ശൂർ | 144 | 44 | 34 |
| 8 | എറണാകുളം | 240 | 67 | 67 |
| 9 | പാലക്കാട് | 91 | 28 | 10 |
| 10 | മലപ്പുറം | 143 | 36 | 14 |
| 11 | കോഴിക്കോട് | 157 | 34 | 29 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 12 | വയനാട് | 67 | 11 | 0 |
| 13 | കണ്ണൂർ | 119 | 23 | 16 |
| 14 | കാസർഗോഡ് | 112 | 11 | 4 |
| 15 | മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം | 993 | 72 | --- |
| ആകെ | | 3071 | 564 | 784 |

(സി) വിജിലൻസ് വിംഗിൽ നിലവിൽ ആകെ 14 ജീവനക്കാർ ജോലി നോക്കിവരുന്നു. വിജിലൻസ് വിംഗിന് ജില്ലാതല ഓഫീസുകളില്ല.

(ഡി) വിജിലൻസ് വിംഗിൽ 2019-ൽ ലഭിച്ച പരാതികൾ, ഫയലുകൾ, പരിശോധിച്ച ഫയലുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ലഭിച്ച പരാതികളുടെ എണ്ണം | ഫയലുകളുടെ എണ്ണം | പരിശോധിച്ച ഫയലുകളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 237 | 488 | 226 |
| 2 | കൊല്ലം | 72 | 72 | 30 |
| 3 | ആലപ്പുഴ | 51 | 51 | 26 |
| 4 | പത്തനംതിട്ട | 32 | 32 | 13 |
| 5 | കോട്ടയം | 97 | 97 | 22 |
| 6 | ഇടുക്കി | 29 | 29 | 5 |
| 7 | തൃശ്ശൂർ | 89 | 89 | 16 |
| 8 | എറണാകുളം | 150 | 150 | 50 |
| 9 | പാലക്കാട് | 21 | 21 | 4 |
| 10 | മലപ്പുറം | 47 | 47 | 7 |
| 11 | കോഴിക്കോട് | 51 | 51 | 12 |
| 12 | വയനാട് | 9 | 9 | 0 |
| 13 | കണ്ണൂർ | 36 | 36 | 8 |
| 14 | കാസർഗോഡ് | 19 | 19 | 2 |
| ആകെ | | 940 | 1191 | 421 |

(ഇ) ഇല്ല. 3-10-2013-ലെ G.O.(Ms.) No. 2459/2013/LSGD സർക്കാർ ഉത്തരവിന് അനുസൃതമായാണ് വിജിലൻസ് വിംഗ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. വിജിലൻസ് വിംഗിൽ ലഭിക്കുന്ന പരാതികളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൗൺ പ്ലാനിംഗ് ഓഫീസുകൾ എന്നിവയിൽനിന്നും ഫയലുകൾ ലഭ്യമാക്കി ആയത് വിശദമായി പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഉൾപ്പെടെയുള്ള നിയമങ്ങൾക്കനുസൃതമായി പരാതി സംബന്ധിച്ച വിഷയങ്ങൾ പരിശോധിക്കുകയും നടപടി ശിപാർശ സഹിതം സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയുമാണ് നിലവിൽ വിജിലൻസ് വിംഗിൽ ചെയ്തുവരുന്നത്.

(എഫ്) ഉണ്ട്. 2019-ൽ പൊന്നാനി, നിലമ്പൂർ രണ്ട് മാസ്റ്റർ പ്ലാനുകൾക്ക് സർക്കാർ അന്തിമ അനുമതി നൽകുകയും മൂന്ന് മാസ്റ്റർ പ്ലാനുകൾക്ക് (നെടുമങ്ങാട്, പന്തളം, സുൽത്താൻ ബത്തേരി) പ്രസിദ്ധീകരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2019 ഒക്ടോബർ മാസത്തെ സ്ഥിതിയനുസരിച്ച് സംസ്ഥാനത്ത് 25 അംഗീകൃത മാസ്റ്റർ പ്ലാനുകളും 18 പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകളും നിലവിലുണ്ട്. ഇതുകൂടാതെ നാല് മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കേന്ദ്ര പദ്ധതികളായ സ്മാർട്ട്സിറ്റി പദ്ധതിയുടെ ഭാഗമായി ഏരിയ ബേസ്ഡ് ഡെവലപ്മെന്റ് പ്ലാനുകൾ/അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ എന്നിവയും മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ ചുമതലയിൽപ്പെടുന്നു. തിരുവനന്തപുരം പട്ടണത്തിനായുള്ള ലോക്കൽ ഏരിയ പ്ലാൻ, ടൗൺ പ്ലാനിംഗ് സ്കീം എന്നിവയുടെ നോഡൽ ഓഫീസറായും മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്) പ്രവർത്തിക്കുന്നു.

## അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ

186(3459) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരട് ഫ്ലാറ്റുകൾ നിർമ്മിച്ചപോലെ അനധികൃതമായി നിർമ്മിച്ച മറ്റു കെട്ടിടങ്ങൾ പൊളിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ പഞ്ചായത്തുതലത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കെട്ടിടങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം കണ്ടുപിടിക്കുന്നതിനും തടയുന്നതിനും കെട്ടിട നിർമ്മാണങ്ങൾ ബന്ധപ്പെട്ട ആക്ടിന്റെയും ചട്ടങ്ങളുടെയും മറ്റ് വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 148 പ്രകാരവും ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകൾ പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും അതിനെതിരെ നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ അനധികൃത നിർമ്മാണം സംബന്ധിച്ച് സർക്കാരിന് ലഭിക്കുന്ന പരാതികളിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ തീരദേശപരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ച കെട്ടിടങ്ങളെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കാൻ 16-10-2019-ലെ സ.ഉ.(സാധാ) നമ്പർ 98/2017/പരി., 17-10-2019-ലെ സ.ഉ. (സാധാ) നം. 101/2019/പരി. എന്നീ ഉത്തരവുകൾ പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥ**

187(3460) <u>ശ്രീ. കെ. എൻ. എ. ഖാദർ</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>:
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബഹുനില മന്ദിരങ്ങൾ, ഓഡിറ്റോറിയങ്ങൾ, കൺവെൻഷൻ സെന്ററുകൾ എന്നിവയ്ക്ക് അന്തിമാനുമതി നൽകുന്നതിന് മുമ്പായി സ്ട്രക്ചറൽ എഞ്ചിനീയർ കെട്ടിടത്തിന്റെ ഉറപ്പ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന വച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ ഇപ്രകാരം സ്ട്രക്ചറൽ എഞ്ചിനീയർ

സാക്ഷ്യപ്പെടുത്തണമെന്ന വ്യവസ്ഥ നിലവിലെ കെട്ടിടനിർമ്മാണ ചട്ടത്തിൽ ഉണ്ടോ; വ്യക്തമാക്കുമോ;

(സി) ജനങ്ങൾക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അവബോധം വളർത്താൻ ചട്ടങ്ങൾ മനസ്സിലാകുന്ന വിധത്തിൽ വേണ്ടത്ര ലഘുവാക്കി പബ്ലിഷ് ചെയ്യുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011-ലെ ചട്ടം 115(1)-ൽ 16 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം സ്ട്രക്ചറൽ എഞ്ചിനീയറിംഗിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയുള്ള രജിസ്റ്റേർഡ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, സ്ട്രക്ചറൽ ഡിസൈൻ സഹിതം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999-ലെ ചട്ടം 120-ൽ 16 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം രജിസ്റ്റേർഡ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ/2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ചട്ടം 44(8)(iv), ചട്ടം 81(9) പ്രകാരം അസംബ്ലി ഗണത്തിൽപ്പെട്ട High rise കെട്ടിടങ്ങൾക്കും അനുമതി ലഭ്യമാക്കുന്നതിന് സ്ട്രക്ചറൽ എഞ്ചിനീയറുടെ സാക്ഷ്യപത്രം നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

(സി) പ്രധാന കെട്ടിട നിർമ്മാണ ചട്ടങ്ങൾ സാധാരണക്കാരന് മനസ്സിലാകുന്ന വിധത്തിൽ മലയാളത്തിൽ തയ്യാറാക്കി നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**വൈപ്പിനിലേയ്ക്കുള്ള റോഡ്, പാലം എന്നിവയിലെ ഗതാഗത തടസ്സം**

188(3461) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ (ഗോശ്രീ ദ്വീപുവികസന അതോറിറ്റി)-യുടെ അധീനതയിലുള്ള വൈപ്പിനിലേയ്ക്കുള്ള റോഡ്, പാലം എന്നിവയിലെ ടാറിംഗ് തകർന്ന് പതിവായി ഗതാഗതം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) റോഡ്, പാലം എന്നിവ എന്നത്തേക്ക് പൂർണ്ണമായും ഗതാഗതയോഗ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിനെ ജിഡ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ താൽക്കാലികമായി കുഴികൾ അടച്ചിട്ടുള്ളതും മെയിന്റനൻസ് ടാറിംഗ് ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(സി) കനത്തമഴയെത്തുടർന്ന് പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമായിരുന്നു. നിർമ്മാണ സാമഗ്രികളെല്ലാംതന്നെ സൈറ്റിൽ സൂക്ഷിച്ചിട്ടുള്ളതാണ്. മഴ മാറിനിൽക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി തന്നെ മെയിന്റനൻസ് പ്രവൃത്തി പൂർത്തിയാക്കുന്നതാണ്.

**പ്രാദേശിക വികസന അതോറിറ്റികൾ**

189(3462) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്രാദേശിക വികസന അതോറിറ്റികൾ ഉണ്ട്; അവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഓരോ സ്ഥാപനത്തിലും എത്ര വീതം ജീവനക്കാർ ഉണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലുള്ള സ്ഥിരം, താത്കാലിക, കരാർ ജീവനക്കാരുടെ കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മൂന്ന്

1. തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)

2. വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.)

3. ഗോശ്രീദ്വീപ് വികസന അതോറിറ്റി (ജിഡ)

(ബി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 1. ട്രിഡ

| | | |
|---|---|---|
| സ്ഥിരം ജീവനക്കാർ (ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) | | 42 |
| താൽക്കാലിക ജീവനക്കാർ | | 18 |
| a) എസ്റ്റാബ്ലിഷ്മെന്റ് ഷെഡ്യൂൾ പ്രകാരം | 6 | |
| b) ട്രിഡയുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലും സൈറ്റുകളിലും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എസ്റ്റാബ്ലിഷ്മെന്റ് ഷെഡ്യൂളിൽ ഇല്ലാത്തവർ | 12 | |
| കരാർ ജീവനക്കാർ | | 1 |

2. ജി.സി.ഡി.എ.

| | |
|---|---|
| സ്ഥിരം ജീവനക്കാർ (ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) | 196 |
| താൽക്കാലിക ജീവനക്കാർ | 22 |
| കരാർ ജീവനക്കാർ | 3 |

3. ജിഡ

| | |
|---|---|
| സ്ഥിരം ജീവനക്കാർ (ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) | 8 |
| താൽക്കാലിക ജീവനക്കാർ | 2 |
| കരാർ ജീവനക്കാർ | 6 |

**ഫൈൻ ആർട്സ് കോളേജുകളുടെ വികസനം**

190(3463) ശ്രീ. വി. ജോയി:
ശ്രീ. ആർ. രാജേഷ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഫൈൻ ആർട്സ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകളും, സീറ്റുകളും വളരെ കുറവായതിനാൽ കലാഭിരുചിയുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അവസരങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത കോളേജുകളുടെ വികസനത്തിനും, കാലിക പ്രസക്തമായ കോഴ്സുകൾ ആരംഭിക്കുന്നതിനും കൂടുതൽ പേർക്ക് പഠന സൗകര്യമൊരുക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരത്ത് വിശാലമായ കോളേജ് കാമ്പസുണ്ടെങ്കിലും അവ വേണ്ടവിധം പരിപാലിക്കാത്തതിനാൽ പരിസര മലിനീകരണവും പകർച്ചവ്യാധികളും ഉണ്ടാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തരനിർദ്ദേശം നൽകുമോ;

(സി) മാവേലിക്കര രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജിൽ വിദ്യാർത്ഥികളുടെ താമസസൗകര്യങ്ങളുടെയും മറ്റു പശ്ചാത്തല സൗകര്യങ്ങളുടെയും പരിമിതികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) തൃശ്ശൂരിലെ സാധ്യതകൾക്കനുസരിച്ച് സമഗ്രമായ കോളേജ് വികസന പദ്ധതിയും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടിയുണ്ടാകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഫൈൻ ആർട്സ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2019-20-ലെ ബഡ്ജറ്റ് വിഹിതമായ 100 ലക്ഷം രൂപയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി ഇതുവരെ നൽകിയിട്ടുണ്ട്. കരിക്കുലം പരിഷ്കരണം സംബന്ധിച്ച് വിദഗ്ദ്ധരേയും എല്ലാ ഫൈൻ ആർട്സ് കോളേജുകളേയും ഉൾപ്പെടുത്തി കമ്മിറ്റി രൂപവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫൈൻ ആർട്സ് കോളേജുകളിലെ ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ സീറ്റ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ടി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ construction waste, ഉപയോഗശൂന്യമായ ഫർണിച്ചർ എന്നിവ ക്വട്ടേഷൻ വിളിച്ച് നീക്കം ചെയ്യുന്നതിനും ഉപയോഗശൂന്യമായ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇ-വേസ്റ്റ് നീക്കം ചെയ്യുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കാൻ കോളേജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോളേജ് കാമ്പസിന്റെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോൺട്രാക്ട് വ്യവസ്ഥയിൽ KEXCON-ൽനിന്നും രണ്ട് Ex-service ഓഫീസർമാരെ സെക്യൂരിറ്റിയായി നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ കോളേജിന് കെട്ടുറപ്പുള്ള ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ടി കോളേജിൽ പരിസര മലിനീകരണവും പകർച്ചവ്യാധികളും ഉണ്ടാകുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി., കോർപ്പറേഷൻ എന്നിവയുടെ നേതൃത്വത്തിൽ താൽക്കാലികമായി ഡ്രെയിനേജ് സംവിധാനത്തിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തൃശ്ശൂരിലെ സാദ്ധ്യതകൾക്കനുസരിച്ച് തൃശ്ശൂർ ഫൈൻ ആർട്സ് കോളേജിന്റെ സമഗ്ര വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. ടി കോളേജിൽ ഈ അദ്ധ്യയന വർഷത്തിൽ "ആർട്സ് ഹിസ്റ്ററി & വിഷ്വൽ സ്റ്റഡീസ്" എന്ന പുതിയ കോഴ്സ് ആരംഭിക്കുകയും പ്രവേശനം നടത്തുകയും ചെയ്തിട്ടുണ്ട്.

## ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട്

191(3464) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരടിൽ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവ്വകലാശാലകളോ ഡിഗ്രി നൽകാൻ സ്വാതന്ത്ര്യമുള്ള സ്വയംഭരണ കോളേജുകളോ ആയിരിക്കണമെന്ന വ്യവസ്ഥയും അഫിലിയേറ്റ് ചെയ്യുന്ന സർവകലാശാലകൾ ഇല്ലാതാകുന്നതും ഉന്നത വിദ്യാഭ്യാസ രംഗത്തെ എത്തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഓരോ ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിനും പാഠ്യക്രമം നിശ്ചയിക്കാമെന്നതും പരീക്ഷ നടത്തി ഡിഗ്രി നൽകാമെന്നതും സമൂഹത്തിന്റെ പൊതുതാല്പര്യത്തിനുപരി വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണത്തിനിടയാക്കാനുള്ള സാധ്യത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(സി) ഓരോ സ്ഥാപനത്തിനും യുക്തമെന്നു തോന്നുന്ന ഫീസ് നിശ്ചയിക്കാമെന്നും പകുതി പേർക്ക് 50% മുതൽ 100% വരെ സ്കോളർഷിപ്പ് നൽകിയാൽ മതിയെന്നുമുള്ള വ്യവസ്ഥ വിദ്യാഭ്യാസത്തിന്റെ വരേണ്യവൽക്കരണത്തിനിടയാക്കാനുള്ള സാധ്യത എത്രത്തോളമുണ്ടെന്ന് പരിശോധിക്കുമോ;

(ഡി) ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതു നിക്ഷേപത്തിന് പ്രാധാന്യം കൽപിച്ചിട്ടില്ലാത്തത് വിദ്യാഭ്യാസം ചെലവേറിയതാക്കി സാമ്പത്തികമായി താഴെ തട്ടിലുള്ളവരെ പാർശ്വവൽക്കരിക്കാനുള്ള സാധ്യത എത്രയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; കരട് നയം പരിശോധനാവിധേയമാക്കി കേന്ദ്ര സർക്കാരിനോട് സംസ്ഥാനത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കരട് ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായങ്ങളും ആശങ്കകളും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പഠനാവശ്യങ്ങളുടെ വൈവിദ്ധ്യം വിസ്മരിച്ചുകൊണ്ട് ബഹുവൈജ്ഞാനിക ഗവേഷണ സർവ്വകലാശാലകൾ, ബഹുവൈജ്ഞാനിക ബോധനസർവ്വകലാശാലകൾ, ബഹുവൈജ്ഞാനിക സ്വയംഭരണ കോളേജുകൾ എന്നീ മൂന്ന് തരം വിജ്ഞാന സ്ഥാപനങ്ങൾ മാത്രമേ ആവശ്യമുള്ളൂ എന്നാണ് കരട് രേഖയിൽ പറഞ്ഞിട്ടുള്ളത്. രാജ്യത്തെ പല സർവ്വകലാശാലകളും പഠന ഗവേഷണ കേന്ദ്രങ്ങളും പ്രാദേശിക ആവശ്യങ്ങൾക്കും സവിശേഷ പ്രശ്നങ്ങൾക്കും സാമുദായിക വിഷയങ്ങൾക്കും പരിഹാരം കാണാൻ പ്രത്യേക നിയമനിർമ്മാണം നടത്തി രൂപീകരിക്കപ്പെട്ടവയാണെന്ന കാര്യം പാടെ മറന്നുകൊണ്ടുള്ളതാണ് ഈ ശിപാർശ. അഫിലിയേറ്റിംഗ് സർവ്വകലാശാലകൾ ഇല്ലാതായാൽ ധന-മനുഷ്യ വിഭവശേഷി പങ്കുവയ്ക്കാനുള്ള സാദ്ധ്യതകൾ ഇല്ലാതാകും. ഗ്രാമീണ-വിദൂര പ്രദേശ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരം നിഷേധിക്കപ്പെടും. സ്വയംഭരണ പദവിയുള്ള സ്ഥാപനങ്ങൾ അനിയന്ത്രിതമായി അനുവദിച്ചുനൽകുന്നതുമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും തുല്യതയും നഷ്ടമാകാനിടയുണ്ടാകുമെന്ന് കേന്ദ്ര മാനവ വിഭവശേഷി വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അത്തരം സ്ഥാപനങ്ങളുടെ മേൽ സർക്കാരുകൾക്കോ യൂണിവേഴ്സിറ്റികൾക്കോ നിയന്ത്രണമില്ലാത്ത അവസ്ഥ വരുമെന്നതിനാൽ സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച് പുതുതലമുറ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും തുല്യതയും ഗുണനിലവാരവും ഉറപ്പ

വരുത്തുന്നതിനും നിയമനിർമ്മാണം നടത്തണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജുകൾ നിർത്തലാക്കുന്ന നടപടിയോട് സർക്കാർ വിയോജിപ്പ് അറിയിച്ചിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജ് സംവിധാനത്തിന് എന്തൊക്കെ പോരായ്മകൾ ഉണ്ടെങ്കിലും രാജ്യത്തെ GER വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത സംവിധാനം സഹായകരമായിരുന്നുവെന്നും അറിയിച്ചിരുന്നു.

(ബി) ബഹുവൈജ്ഞാനിക-സമ്മിശ്രരീതിയിൽ തങ്ങളുടെ പഠനമാർഗ്ഗവും കോഴ്സുകളും തെരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകലാണ് ലിബറൽ ആർട്സ് സമ്പ്രദായത്തിന്റെ കാതൽ. എന്നാൽ ഇത്തരമൊരു സമ്പ്രദായം നടപ്പിലാക്കാൻ ആവശ്യമായ അക്കാദമിക-സാംസ്കാരിക പരിസരം സജ്ജമാക്കിയാലേ പഠിതാക്കളുടെ കഴിവുകൾ പൂർണ്ണാർത്ഥത്തിൽ വികസിപ്പിച്ചെടുക്കാൻ കഴിയൂ. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ കെൽപ്പുള്ളവയും പൂർണ്ണമായി വികസിച്ചവയുമായ റെഡിഡൻഷ്യൽ സർവ്വകലാശാലകളിൽ ഈ സമ്പ്രദായം വിജയിക്കുന്നുണ്ടാകാം. പക്ഷെ, രാജ്യത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും സ്ഥിതി ഇത്തരത്തിലുള്ളതല്ല. ലിബറൽ ആർട്സ് സമ്പ്രദായം പഠനത്തിന്റെ ഗൗരവവും സത്തയും നഷ്ടപ്പെടുത്തുമെന്നും പകുതിവെന്ത ആശയങ്ങളുമായി വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുന്ന സ്ഥിതി സൃഷ്ടിക്കുമെന്നും ഭയപ്പെടുന്നു. ബിരുദ പഠന കാലയളവ് നാല് വർഷമാക്കുന്നതോടെ വിദ്യാർത്ഥികളുടെ പഠനച്ചെലവ് വർദ്ധിക്കുകയും പലരും പ്രത്യേകിച്ച് ദുർബ്ബലവിഭാഗങ്ങളിൽപ്പെടുന്നവരും സ്ത്രീകളും വിദ്യാഭ്യാസം പൂർത്തിയാക്കാതെ സ്ഥാപനം വിടേണ്ട സ്ഥിതിയുണ്ടാകുകയും ചെയ്യും. കോളേജുകൾക്ക് ഡിഗ്രി അനുവദിച്ചു നൽകുന്നതിനുള്ള അധികാരം നൽകിയാൽ അത് അക്കാദമിക രംഗത്ത് വലിയ പ്രശ്നങ്ങൾക്കിടയാക്കുമെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി & ഡി) കരട് ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര മാനവവിഭവശേഷി വകുപ്പിനെ അറിയിച്ചിട്ടുണ്ട്. സുതാര്യമായി പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമാത്രമേ സ്വയംഭരണം നൽകാവൂ എന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് GER വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ധനസഹായം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സമൂഹത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും പ്രാപ്യതയും ഉറപ്പുവരുത്തുന്നതിനായി ദേശീയ പ്രാധാന്യമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഉന്നത

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായുള്ള National Research Foundation-ൽ വിവിധ വിഷയങ്ങളിലെയും വിവിധ പ്രദേശങ്ങളിലെയും വിദഗ്ധരെയും ഉൾപ്പെടുത്തണമെന്നഭ്യർത്ഥിച്ചിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസനയം നടപ്പിലാക്കുന്നത് സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ചിട്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിച്ചിട്ടുണ്ട്.

**എയ്ഡഡ് മാനേജ്മെന്റ് കോളേജുകളിലെ ആശ്രിത നിയമനം**

192(3465) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് മാനേജ്മെന്റ് കോളേജുകളിൽ ആശ്രിത നിയമനം പ്രകാരം ജോലി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ എത്ര കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(സി) നിലവിൽ ഏതൊക്കെ എയ്ഡഡ് മാനേജ്മെന്റ് കോളേജുകളിൽ ആശ്രിത നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിലൂടെ എത്രപേർ നിയമനം നേടി എന്ന വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയിട്ടുള്ള ആശ്രിത നിയമന പദ്ധതി സ്വകാര്യ എയ്ഡഡ് കോളേജുകൾക്ക് ബാധകമാക്കിയിട്ടില്ല. സ്വകാര്യ എയ്ഡഡ് കോളേജുകളിൽ ആശ്രിത നിയമന പദ്ധതി നടപ്പാക്കുന്നതിന് 7-10-2013-ലെ സ.ഉ.(കൈ) 636/2013/ഉ.വി.വ. പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നെങ്കിലും ഇതിനെതിരെ കോടതി വ്യവഹാരങ്ങൾ നിലനിന്നതിനാൽ മാർഗ്ഗരേഖ പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും എയ്ഡഡ് കോളേജ് സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിന് മാനേജ്മെന്റ് തയ്യാറാകുന്ന പക്ഷം സർക്കാർ അനുമതി നൽകിവരുന്നുണ്ട്.

(ബി) ഈ വിഷയത്തിൽ മൂന്ന് കേസ്സുകൾ നിലവിലുണ്ട്.

(സി) അടൂർ സെന്റ് സിറിൽസ് കോളേജിൽ ശ്രീ. അലൻ ജോണിനും അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ ശ്രീമതി ബിജി വർഗ്ഗീസിനും ആശ്രിത നിയമനം നൽകിയിട്ടുണ്ട്.

## കോളേജുകളിലെ ഫീസ് വർദ്ധനവ്

193(3466) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത സ്വാശ്രയ മേഖലകളിൽ പ്രവർത്തിക്കുന്ന ആർട്സ് ആൻഡ് സയൻസ്, എഞ്ചിനീയറിംഗ്, മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ് കോളേജ് എന്നിവിടങ്ങളിലെ ട്യൂഷൻ ഫീസിലും ഹോസ്റ്റൽ ഫീസിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് ഇക്കാര്യത്തിൽ വരുത്തിയത്;

(ബി) ഈ വർദ്ധനവിലൂടെ പ്രതിവർഷം സർക്കാരിന് എന്ത് വരുമാനം അധികമായി ലഭിക്കും; വ്യക്തമാക്കാമോ?

### ഉത്തരം

(എ) സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത സ്വാശ്രയ മേഖലകളിൽ പ്രവർത്തിക്കുന്ന ആർട്സ് ആൻഡ് സയൻസ്, എഞ്ചിനീയറിംഗ്, മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ് കോളേജ് എന്നിവിടങ്ങളിലെ ട്യൂഷൻ ഫീസിലും ഹോസ്റ്റൽ ഫീസിലും 5 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, മെഡിക്കൽ, ദന്തൽ, നഴ്സിംഗ് കോളേജുകൾ എന്നിവിടങ്ങളിൽ ഫീസ് വർദ്ധനവ് വരുത്തിയതുമൂലം നടപ്പുസാമ്പത്തിക വർഷം ഏകദേശം 3,79,56,800 രൂപയുടെ അധിക വരുമാനം ലഭിക്കുന്നതാണ്.

## സർക്കാർ കോളേജുകളിൽ ഡിഗ്രി, പി.ജി. സീറ്റ് വർദ്ധനവ്

194(3467) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസത്തിൽ ആർട്സ്, സയൻസ്, കൊമേഴ്സ് കോളേജുകൾക്ക് പ്രാധാന്യം ഏറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ കോളേജുകളുടെയും സ്വകാര്യ കോളേജുകളുടെയും എണ്ണത്തിലുള്ള പരിമിതി വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്ന സാഹചര്യം പരിഗണിച്ച് സർക്കാർ കോളേജുകളിൽ ഡിഗ്രി, പി.ജി സീറ്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജി.ഒ.(എം.എസ്.) നമ്പർ 176/2019/ഉ.വി.വ. തീയതി 21-6-2019 പ്രകാരം 2019-20 അക്കാദമിക് വർഷം മുതൽ ഡിഗ്രി, പി.ജി. സീറ്റ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**കോളേജുകളിലെ പരീക്ഷാ പേപ്പർ റോഡിൽ കിടന്ന സംഭവത്തിൽ നടപടി**

195(3468) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെ പരീക്ഷാ പേപ്പർ സെന്ററുകളിലെത്താതെ വഴിയിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തുന്നത് പതിവായിരിക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) എം.ജി. സർവ്വകലാശാലയുടെ പരീക്ഷാ പേപ്പറും കാലിക്കറ്റ് സർവ്വകലാശാലയുടെ പരീക്ഷ പേപ്പറും റോഡിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയത് സർക്കാർ പരിശോധിക്കുമോ;

(സി) എം.ജി. സർവ്വകലാശാലയിലെ പരീക്ഷാ പേപ്പർ റോഡിൽ കിടന്ന സംഭവത്തിൽ സർക്കാർ പരിശോധിച്ച് നടപടി എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പതിവായി ഇത്തരത്തിൽ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) എം.ജി. സർവ്വകലാശാല ഇക്കാര്യം പരിശോധിക്കുകയും ആയത് സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുള്ളതിനാലും ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം പരിശോധന നടത്തിയിട്ടില്ല. കാലിക്കറ്റ് സർവ്വകലാശാലയുടെ പരീക്ഷാ പേപ്പറുകളൊന്നും റോഡിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയിട്ടില്ല.

(ഡി) ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകളും നിർദ്ദേശങ്ങളും അടക്കം വേണ്ടുന്ന നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം

196(3469) ശ്രീ. സജി ചെറിയാൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനായി ഈ സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ആർട്സ് & സയൻസ് കോളേജുകളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി അതതു കോളേജുകളിൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സെല്ലിന്റെ ഘടനയും പ്രവർത്തനങ്ങളും ഏതെല്ലാം രീതിയിലാണെന്ന് അറിയിക്കാമോ;

(ഡി) അടിസ്ഥാനരഹിതമായ അരോപണങ്ങൾ മറികടന്നുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിന് കാലാനുസൃതവും ദീർഘവീക്ഷണത്തോടുകൂടിയതുമായ പദ്ധതികൾക്ക് രൂപം നൽകുമോ?

ഉത്തരം

(എ & ഡി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് കാമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ് സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE – Online Resource Initiative of Collegiate Education)-യിൽ Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്നു. കൂടാതെ Walk with Scholar, FLAIR (Fostering Linkages for Academic Innovation and Research) ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി, ആസ്പയർ, സാഹിത്യത്തിൽ സംഗീതം, കല,

പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ, മറ്റ് വിവിധ സ്കോളർഷിപ്പുകൾ എന്നിവയും നൽകിവരുന്നു. സംസ്ഥാനത്തെ എല്ലാ ആർട്സ് & സയൻസ് കോളേജുകളിലും "Jeevani – College Mental Awareness Programme" , സെന്റർ ഓഫ് എക്സലൻസ്, അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, സമഗ്രമായ ലൈബ്രറി നവീകരണം, ലബോറട്ടറി വികസനത്തിനായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക എന്നീ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി അത്യാധുനിക സ്മാർട്ട് ക്ലാസ്സ് മുറികൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ, കാമ്പസ് നെറ്റ്വർക്ക്, ഫിറ്റ്നസ് സെന്റർ, എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിൽ AICTE അക്രെഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ, സമഗ്രമായ ഐ.സി.റ്റി. പദ്ധതി, അന്തർദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കൽ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജിലും പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങുകയും ചെയ്തു.

ഗവേഷണ/പരിശീലന പദ്ധതികളുടെ ഭാഗമായി വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീ-യൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടിയ ടെക്നോളജി ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവരുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു. CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോർമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു. വ്യക്തമായ കരിക്കുലം പരിഷ്കരണത്തിനും പൊതു അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനും പരീക്ഷകൾ, റിസൽട്ടുകൾ എന്നിവ നിശ്ചിത സമയക്രമത്തിൽ പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വകലാശാലകൾ വിവിധ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നൂതന ബോധന രീതികൾ MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു.

കൂടാതെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന വിവിധ പദ്ധതികൾ താഴെപ്പറയും പ്രകാരം നടപ്പിലാക്കിവരുന്നു.

1. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകളും (GA):- ഔട്ട്കം ബേയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് ഈ പദ്ധതിയിലൂടെ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി.

2. ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ:- ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ടാണ് സംസ്ഥാനത്ത് ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ ആരംഭിച്ചിരിക്കുന്നത്. Kerala Institutional Ranking Framework (KIRF)-ന് ആവശ്യമായ വിവരങ്ങളും സർവ്വേയിലൂടെ ശേഖരിക്കാൻ കഴിയും.

3. ചാൻസിലേഴ്സ് അവാർഡ്:- ബഹുമാനപ്പെട്ട കേരള ഗവർണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12

വർഷം കഴിയാത്ത സർവ്വകലാശാലകളെ "Emering and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നൽകുന്നത്.

4. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:- ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ. അവാർഡുകളുടെ നിർവ്വഹണ ചുമതല കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മാ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് "എറുഡൈറ്റ്" അഥവാ "Scholar in Residence Scheme"

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലും സർവ്വകലാശാലാ ഡിപ്പാർട്ടുമെന്റുകളിലും ബിരുദ, ബിരുദാനന്തര തലത്തിൽ നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 2009 മുതൽ നടപ്പിലാക്കിയതാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി.

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ "Higher Education for the future" എന്ന 'ബൈ-ആനുവൽ' ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള അക്കാദമിക വിദഗ്ധരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഈ ജേർണൽ Scopus Data Base-ൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി 2016-ൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ "സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെല്ലുകൾ" (SLQAC) രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ അക്കാദമിക് സ്റ്റാഫ് കോളേജ് & സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അദ്ധ്യാപനരീതിയിൽ ആധുനിക രീതിയിലുള്ള പരിശീലനം അദ്ധ്യാപകർക്ക് നൽകാനും നൂതനമായ അദ്ധ്യാപന പഠനപ്രക്രിയ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സ്ഥാപനങ്ങളിലെ അക്കാദമിക-ഭരണ പ്രവർത്തനങ്ങൾ സുസ്ഥിരമായി ഉയർത്തിക്കൊണ്ടു വരുന്നതിനും വിദ്യാഭ്യാസം എന്ന ലക്ഷ്യം വച്ച് സ്ഥാപനങ്ങൾ എന്തൊക്കെ ചെയ്താലും അവ കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ആയതിലേയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ വിവിധ വശങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കാനുള്ള നടപടിക്രമങ്ങൾ എന്നിവയാണ് സ്റ്റേറ്റ് ക്വാളിറ്റി അഷ്വറൻസ് സെല്ലുകൾ വഴി തയ്യാറാക്കിവരുന്നത്.

(സി) നിലവിൽ കേരളത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ രൂപീകരണവും പ്രവർത്തനരീതിയും നിഷ്കർഷിക്കുന്നത് NAAC/UGC ഗൈഡൻസ് പ്രകാരമാണ്.

**യൂണിവേഴ്സിറ്റികളിൽ പ്രവേശന നടപടികൾക്കുശേഷമുള്ള ഒഴിവുകൾ**

197(3470) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ ഈ വർഷത്തെ പ്രവേശന നടപടികൾ പൂർത്തീകരിച്ചതിനുശേഷം ആർട്സ് ആൻഡ് സയൻസ് തുടങ്ങിയ വിഷയങ്ങളിൽ ഡിഗ്രിക്കും പി. ജി..-ക്കും ആയി എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ഓരോ വിഷയത്തിന്റെയും ഒഴിവുകൾ യൂണിവേഴ്സിറ്റി തിരിച്ച് പ്രത്യേകം വ്യക്തമാക്കാമോ;

(ബി) ഇത്തരം സീറ്റുകൾ സമൂഹത്തിൽ വളരെ അവശത അനുഭവിക്കുന്നതും പഠനത്തിൽ മികവു കാണിക്കുന്നതുമായ കുട്ടികൾക്ക് അഡ്മിഷൻ നൽകി പ്രയോജനകരമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) സർവ്വകലാശാലകളിലെ നിലവിലുള്ള പ്രവേശന മാനദണ്ഡങ്ങളും സംവരണ നിയമങ്ങളും മിനിമം ഹാജർ സംബന്ധിച്ച നിയമങ്ങളും പ്രകാരം പ്രവേശനം നടത്താൻ കഴിയുന്നതല്ല.

**റൂസ ഉന്നതവിദ്യാഭ്യാസ പദ്ധതി നടത്തിപ്പിലെ പ്രതിസന്ധി**

198(3471) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അനുവദിച്ച തുക സംസ്ഥാന സർക്കാർ വകമാറ്റിയതോടെ റൂസ ഉന്നതവിദ്യാഭ്യാസ പദ്ധതി നടത്തിപ്പ് പ്രതിസന്ധിയിലാണെന്ന ആക്ഷേപം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2020 മാർച്ച് മാസത്തിനകം പൂർത്തിയാക്കേണ്ട പദ്ധതിയുടെ ആദ്യ ഗഡുവിന്റെ അറുപത് ശതമാനം തുക കേന്ദ്രസർക്കാർ കൈമാറിയിട്ടും അതിന്റെ മൂന്നിലൊന്ന് തുകയാണ് കോളേജുകൾക്കും സർവ്വകലാശാലകൾക്കും ഇതിനകം നൽകിയതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) പദ്ധതി നടത്തിപ്പ് വിഷയത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് നാഷണൽ റൂസ മിഷൻ ഡയറക്ടർ ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകുകയുണ്ടായോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ അനുവദിച്ച തുക സംസ്ഥാന സർക്കാർ വകമാറ്റിയിട്ടില്ല. റൂസയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും സംസ്ഥാനത്ത് സമയബന്ധിതമായി നടത്തപ്പെടുന്നുണ്ട്.

(ബി) റൂസ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും കോളേജുകൾക്കുമായി ഇതുവരെ കേന്ദ്രവിഹിതമായി ലഭിച്ചത് 84.9 കോടി രൂപയാണ്. ഇതിലെ ഫണ്ട് ലഭിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുക സംസ്ഥാനം കൈമാറിയിട്ടുണ്ട്. ഇതിൽത്തന്നെ സ്വയംഭരണ കോളേജുകൾക്ക് മുഴുവൻ തുകയും കൈമാറിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങൾക്ക് പ്രവൃത്തി ആരംഭിക്കുന്നതിലേയ്ക്കായി Technical Sanction (TS) നൽകി പ്രവൃത്തികൾ ആരംഭിക്കുന്ന മുറയ്ക്ക് അനുവദിക്കപ്പെട്ട മുഴുവൻ തുകയും കൈമാറാനാകും.

(സി) അതെ. പ്രസ്തുത കത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വിവിധ വിഷയങ്ങളിൽ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആർട്സ് & സയൻസ് കോളേജുകളുടെ വികസനം

199(3472) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടി അനുവദിച്ച തുക, കോളേജ് തിരിച്ച് അറിയിക്കാമോ;

(ബി) കിഫ്ബി ഫണ്ട് അനുവദിച്ച കോളേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് മുന്നോട്ടുപോകുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ;

(സി) കിഫ്ബി നിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് വേണ്ടി വകുപ്പ് ചെയ്യുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ച തുക, കോളേജ് തിരിച്ചുള്ളത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇതുവരെ 35 ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്കായി 250.46 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കൂടാതെ പുതിയ കോളേജായ തവനൂർ ആർട്സ് ആൻഡ് സയൻസ് കോളേജിന് 10.24 കോടി രൂപയും കിഫ്ബി അനുവദിച്ചുകഴിഞ്ഞു. മറ്റ് കോളേജുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി & സി) കിഫ്ബി ഫണ്ട് അനുവദിച്ച ആർട്സ് ആൻഡ് സയൻസ് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എസ്.പി.വി.-കളുടെ പുനർവിന്യാസം, പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ തുടർച്ചയായ പ്രോജക്ട് റിവ്യൂ, പ്രവർത്തന പുരോഗതി മന്ദഗതിയിലായിട്ടുള്ള കോളേജുകളെ ഉൾപ്പെടുത്തി അവലോകന യോഗങ്ങൾ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പുരോഗതി വിലയിരുത്തുന്നതിന് കോളേജ് പ്രിൻസിപ്പൽമാർ ഉൾപ്പെടുന്ന നോഡൽ ഓഫീസർമാരുടെ ശൃംഖല എന്നിവയിലൂടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജ് പ്രവർത്തനം**

200(3473) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിനായി നിർമ്മിച്ച പുതിയ കെട്ടിടം വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിടം കൈമാറാത്തതിന്റെ കാരണം വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കോളേജ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) കോളേജ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിനായി നിർമ്മിച്ച പുതിയ കെട്ടിടം പൊതുമരാമത്ത് വകുപ്പ് കോളേജിന് കൈമാറിയിട്ടില്ല.

(ബി) കെട്ടിടത്തിന് ഇതുവരെ പഞ്ചായത്ത് നമ്പർ നൽകിയിട്ടില്ല. നിർമ്മാണത്തിലെ ചില ന്യൂനതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് അധികൃതർ പൊതുമരാമത്ത് വകുപ്പിനെ സമീപിച്ചിട്ടുണ്ട്. കെട്ടിട നമ്പർ ലഭിക്കാത്തത് കാരണം കെട്ടിടത്തിന് വൈദ്യുതി കണക്ഷനും ലഭ്യമായിട്ടില്ല. പഞ്ചായത്ത് ചട്ടങ്ങൾക്കനുസൃതമായി വീതിയുള്ള റോഡ് കാമ്പസിലേയ്ക്ക് ലഭ്യമല്ല. കോളേജ് കാമ്പസിനുള്ളിൽ വിദ്യാർത്ഥികൾക്കായി കുടിവെള്ള സ്രോതസ്സ് ഇല്ല. കുഴൽ കിണർ കുഴിക്കുന്നതിന് ഭൂഗർഭ ജല വകുപ്പ് സർവ്വേ നടത്തി ശിപാർശ ചെയ്തെങ്കിലും കുഴിക്കുന്നതിന് ആവശ്യമായ വാഹനങ്ങൾക്ക് കാമ്പസിലേയ്ക്ക് പ്രവേശിക്കുന്നതിന് മതിയായ റോഡില്ല

(സി & ഡി) കോളേജ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നിലവിലുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പി.ടി.എ.-യുടെയും സ്ഥലവാസികളുടെയും സഹകരണത്തോടെ സ്വീകരിച്ചുവരുന്നു. കെട്ടിടത്തിലേയ്ക്ക് വൈദ്യുതി കണക്ഷനുള്ള തുക കെ.എസ്.ഇ.ബി.-യിൽ അടയ്ക്കുകയും അതിൻപ്രകാരം പോസ്റ്റുകൾ സ്ഥാപിച്ച് പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കോളേജിലേയ്ക്കുള്ള റോഡിനുവേണ്ടി അധിക സ്ഥലം വാങ്ങുന്നതിനാവശ്യമായ തുക കണ്ടെത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികൃതരുമായും പി.ടി.എ.-യുമായും സഹകരിച്ച് സ്വീകരിച്ചുവരുന്നു.

## പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണ പുരോഗതി

201(3474) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടും ആയതിന്റെ പണി തുടങ്ങുന്നതിന് കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിവരം നൽകുമോ;

(സി) പ്രസ്തുത കോളേജിന്റെ നിർമ്മാണപ്രവർത്തനം എന്നാരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; നിലവിൽ ഈ പദ്ധതിയുടെ എസ്.പി.വി. ഏതാണ്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ-സി) കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വിശദ പദ്ധതിരേഖ കിറ്റ്കോ മുഖേന തയ്യാറാക്കിവരുന്നു. കിറ്റ്കോയെയാണ് എസ്.പി.വി. ആയി നിയമിച്ചിരിക്കുന്നത്. കിഫ്ബിയിൽനിന്നും വിശദ പദ്ധതിരേഖ അനുവദിച്ചാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതിനുശേഷം 2020 ജനുവരിയിൽ നിർമ്മാണപ്രവർത്തനം ആരംഭിക്കാവുന്നതാണ്.

## അദ്ധ്യാപകരുടെ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

202(3475) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്കനുസരിച്ച് അദ്ധ്യാപകരുടെ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ കോളേജുകളിലെ അദ്ധ്യാപന നിലവാരം ഉയർത്തുന്നതിനായി നടത്തിവരുന്ന എഫ്.എൽ.എ.ഐ.ആർ. (ഫോസ്റ്ററിംഗ് ലിംകേജ് ഇൻ അക്കാദമിക് ഇനൊവേഷൻ ആന്റ് റിസർച്ച്)ന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതിനായി സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദമാക്കുമോ;

(സി) സർക്കാർ കോളേജുകളിലെപ്പോലെ എയ്ഡഡ്-അൺഎയ്ഡഡ് കോളേജുകളിലേയും അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള പരിശീലന പദ്ധതികൾ നടപ്പാക്കാറുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

## ഉത്തരം

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പ് മേഖലയുടെ വളർച്ചയ്ക്കനുസരിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ കോളേജ് അദ്ധ്യാപകരുടെ അക്കാദമിക് മികവ് വർദ്ധിപ്പിക്കുന്നതിനായി ഓരോ സാമ്പത്തിക വർഷത്തിലും പദ്ധതി വിഹിതത്തിൽ അദ്ധ്യാപക ജീവനക്കാരുടെ കാര്യശേഷി വികസിപ്പിക്കുന്നതിനായി വകുപ്പുതല പരിശീലന പരിപാടികളും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ പരിശീലന കലണ്ടർ പ്രകാരമുള്ള പരിശീലന പരിപാടികളും നടത്തുന്നുണ്ട്. കൂടാതെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിക്കണമെന്നുള്ള നിർദ്ദേശം പരിശോധിച്ചുവരികയാണ്. Humanities & Social Science, Science, Commerce and Management എന്നീ സ്കീമുകളിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്കായി പരിശീലനം നടത്തുന്നത് അദ്ധ്യാപകരുടെ പ്രാപ്തി വർദ്ധിപ്പിക്കുന്നതിനായി അക്കാദമിക മേന്മ, ഗവേഷണപരത, ബോധന വൈദഗ്ധ്യം എന്നിവയിൽ ഊന്നിയുള്ള പരിശീലന പരിപാടികൾ, അന്താരാഷ്ട്ര സ്വഭാവമുള്ള പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക എന്നീ ഫാക്കൽറ്റി ട്രെയിനിംഗുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. കൂടാതെ, ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരിക്കുന്നതിനായി പരിശീലനം നൽകിവരുന്നു.

എം.ജി. സർവ്വകലാശാലയിൽ അദ്ധ്യാപകരുടെ അക്കാദമിക് മികവ് വർദ്ധിപ്പിക്കുന്നതിനായി റിഫ്രഷർ കോഴ്സുകൾ, ഇൻസർവ്വീസ് ട്രെയിനിംഗ് പ്രോഗ്രാമുകൾ, യു.ജി.സി. ധനസഹായത്തോടെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നിവ നടന്നുവരുന്നുണ്ട്. കൂടാതെ മൈനർ/മേജർ റിസർച്ച് പ്രോജക്ടുകളും അദ്ധ്യാപകർ നടത്തിവരുന്നു. സർവ്വകലാശാലയിൽ ഈ വർഷം Research Methodology-യുടെ ശിൽപ്പശാല, ചോദ്യപേപ്പറുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശിൽപ്പശാല, യു.ജി.സി.-യുടെ SWAYAM, MOOCS E-Content Development ട്രെയിനിംഗ് പ്രോഗ്രാം, Spoken Tutorial Programme, SPARC, STRIDE, IMPRESS & IMPRINT തുടങ്ങിയ വിവിധ പ്രോജക്ടുകൾ സർവ്വകലാശാലയുടെ കീഴിലുള്ള അദ്ധ്യാപകർക്കായി നടത്തപ്പെടുന്നുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്കുവേണ്ടിയുള്ള വിവിധ പരിശീലന പരിപാടികൾ Faculty & Staff

Development Training Centre എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നടത്തിവരുന്നുണ്ട്. പോളിടെക്നിക് അദ്ധ്യാപകർക്കായി കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന SITTTR-ന്റെ ആഭിമുഖ്യത്തിൽ വൈവിധ്യപൂർണ്ണമായ പരിശീലന പരിപാടികൾ നടത്തി വരികയും NITTTR തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്ക് അദ്ധ്യാപകരെ പരിശീലനത്തിന് അയയ്ക്കുകയും ചെയ്യുന്നു. സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ജി.ഐ.എഫ്.ഡി. ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നീ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കുവേണ്ടി ഐ.എം.ജി. വഴിയും വകുപ്പിൽനിന്നും നേരിട്ടും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിന് (QIP) എം.ടെക്./പി.എച്ച്.ഡി. കോഴ്സുകൾ പഠിക്കുന്നതിലേയ്ക്കായി വർഷംതോറും രാജ്യത്തെ വിവിധ ഐ.ഐ.ടി.-കളിലും എൻ.ഐ.ടി.-കളിലും ഐ.ഐ.എസ്.സി. ബാംഗ്ലൂരിലും അയയ്ക്കാറുണ്ട്.

(ബി) കേരളത്തിലെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ ഗവേഷണ നിലവാരം ഉയർത്തുന്നതിനായി രൂപീകരിച്ച പദ്ധതിയാണ് ഫ്ലയർ. ഈ പദ്ധതിയുടെ കീഴിൽ പ്രധാനമായും നാല് ഘടകങ്ങളാണുള്ളത്.

1. അദ്ധ്യാപക നിലവാരം ഉയർത്താനും അദ്ധ്യാപനത്തിലെ പുതിയ രീതികൾ പരിചയപ്പെടുത്തുന്നതിനുമായി ഐ.ഐ.ടി. മദ്രാസ്, ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി ഹൈദ്രാബാദ് തുടങ്ങിയ രാജ്യത്തെ പ്രധാനപ്പെട്ട ഉന്നതവിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തപ്പെടുന്ന പരിശീലന പരിപാടികളാണ് ഒന്നാമത്തെ ഘടകം.

2. കേരളത്തിലെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർ കോളേജുകളിൽ നടത്തുന്ന ഗവേഷണങ്ങൾ ഗവേഷണ പ്രബന്ധങ്ങളുടെ രൂപത്തിൽ രാജ്യത്തിനകത്തും പുറത്തും വച്ച് നടത്തപ്പെടുന്ന കോൺഫറൻസുകളിലും സെമിനാറുകളിലും അവതരിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതാണ് രണ്ടാമത്തെ ഘടകം.

3. കേരളത്തിലെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ ഗവേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി ഒരു മാസം നീണ്ടുനിൽക്കുന്ന ഗവേഷണ പരിചയ ഇന്റേൺഷിപ്പുകളാണ് മൂന്നാമത്തെ ഘടകം.

4. കേരളത്തിലെ സർക്കാർ കോളേജുകളിലെ യൂണിയൻ/ ചെയർപേഴ്സൺമാർക്ക് നേതൃത്വ പരിശീലനം നൽകുന്നതാണ് നാലാമത്തെ ഘടകം.

ഫ്ലയർ പദ്ധതിയുടെ ഭാഗമായി 2019-20 സാമ്പത്തിക വർഷം മൂന്ന് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. സർക്കാർ കോളേജുകളിലെപ്പോലെ എയ്ഡഡ്-അൺ എയ്ഡഡ് കോളേജുകളിലേയും അക്കാദമിക നിലവാരം ഉയർത്തുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖാന്തിരം താഴെപ്പറയും പ്രകാരം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ഫാക്കൽറ്റി സെന്ററിന്റെ കീഴിൽ സംഘടിപ്പിച്ചുവരുന്ന പരിശീലന പരിപാടികൾ Humanities and Social Science, Science, Commerce and Management എന്നീ സ്കീമുകളിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്കായി പരിശീലനത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണം.

3. ബിരുദ/ബിരുദാനന്തര തലത്തിലുള്ള കരിക്കുലം പരിഷ്കരണം.

എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ICT അക്കാദമിയുമായി ചേർന്ന് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഏകദേശം 75 FDP ഓരോ വർഷവും നടത്താറുണ്ട്. ഇതിൽ പങ്കെടുക്കുന്നത് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന സ്ഥാപനങ്ങളിലെ അദ്ധ്യാപകരാണ്.

എം.ജി. സർവ്വകലാശാല, എയ്ഡഡ് കോളേജുകളിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി യു.ജി.സി. ധനസഹായത്തോടെ കരിയർ ഓറിയന്റഡ് add on course-കൾ, ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, മൈനർ/മേജർ റിസർച്ച് പ്രോജക്ടുകൾ എന്നിവ നടത്താറുണ്ട്. സർവ്വകലാശാലയുടെ നൂതന പരീക്ഷാ സമ്പ്രദായങ്ങളെക്കുറിച്ചും സിലബസ് പരിഷ്കരണങ്ങളെ സംബന്ധിച്ചും എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും (ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ്) അദ്ധ്യാപകർക്കായി പ്രത്യേക പരിശീലന പരിപാടികൾ നടത്താറുണ്ട്.

## ഭിന്നശേഷിക്കാരുടെ ഉന്നതവിദ്യാഭ്യാസം, ഗവേഷണം എന്നിവ ലക്ഷ്യമിട്ട് സർവ്വകലാശാല രൂപീകരിക്കുന്നതിനുള്ള നടപടികൾ

203(3476) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നതവിദ്യാഭ്യാസം, ഗവേഷണം എന്നിവ ലക്ഷ്യമിട്ട് ഒരു സർവ്വകലാശാല രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയെന്നും സർവ്വകലാശാല തുടങ്ങുന്നതിനാവശ്യമായ ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നതെന്നും നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാർക്കായി മാത്രം ഏതൊക്കെ പ്രത്യേക കോഴ്സുകളാണ് സിലബസിൽ ഉൾപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ളത്;വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭിന്നശേഷിക്കാരുടെ ഉന്നതവിദ്യാഭ്യാസം, ഗവേഷണം എന്നിവ ലക്ഷ്യമിട്ട് നിഷിനെ ഒരു സർവ്വകലാശാലയാക്കി മാറ്റുന്നതിനുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പിൽ സ്വീകരിച്ചുവരുന്നുണ്ട്. 2015-16-ലെ കേന്ദ്ര ബഡ്ജറ്റിൽ നിഷിനെ നാഷണൽ യൂണിവേഴ്സിറ്റി ഫോർ റീഹാബിലിറ്റേഷൻ ആൻഡ് ഡിസെബിലിറ്റി സ്റ്റഡീസ് (NURDS) ആയി ഉയർത്തുന്നതിനുള്ള പ്രഖ്യാപനം നടത്തുകയും കേരള സർക്കാർ അതിനുള്ള സമ്മതം അറിയിക്കുകയും ചെയ്തു. അതിനുശേഷം കേന്ദ്ര സർക്കാരിൽനിന്നും തുടർനടപടികളുണ്ടായില്ല. അതേത്തുടർന്ന് നിഷിനെ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന്റെ മുന്നോടിയായി തയ്യാറാക്കിയ കരട് ബില്ലിന്റെ സൂക്ഷ്മ പരിശോധനയ്ക്കും പുതുക്കലിനും വേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ 1-10-2019-ലെ G.O.(Rt.) No. 639/2019/SJD പ്രകാരം നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ പ്രഥമ യോഗം 18-10-2019-ൽ സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ടി യോഗത്തിൽ നിഷിനെ സർവ്വകലാശാലയാക്കുന്നത് ഘട്ടംഘട്ടമായി നടത്തുന്നതിനും ആദ്യഘട്ടമായി disabled മേഖലയിലെ ഒരു അതോറിറ്റി ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരമായി നിശ്ചയിച്ചിട്ടുണ്ട്. ഫണ്ട് കണ്ടെത്തുന്നതിനെപ്പറ്റിയുള്ള ചർച്ചകൾ നടക്കുന്നു.

(സി) നിഷിൽ ഇപ്പോൾ നടത്തിവരുന്ന ശ്രവണ വൈകല്യമുള്ളവർക്കായുള്ള ബിരുദ കോഴ്സുകൾ കൂടാതെ ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ ന്യൂറോ വൈകല്യങ്ങൾ ഉള്ളവർക്കുള്ള കോഴ്സുകൾ പരിഗണനയിലുണ്ട്. ഇതുകൂടാതെ 18-10-2019-ൽ ചേർന്ന യോഗത്തിൽ ബിരുദ കോഴ്സുകൾക്ക് ഉപരിയായി disabled മേഖലയിലുള്ള സ്പെഷ്യലൈസ്ഡ് കോഴ്സുകൾ തുടങ്ങുന്നതിന് പ്രാധാന്യം നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

**കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ ശമ്പളം**

204(3477) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജ് അധ്യാപകരുടെ പുതുക്കിയ ശമ്പളം ലഭ്യമാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) യു.ജി.സി. നിർദ്ദേശപ്രകാരം ഏത് തീയതി മുതലാണ് പ്രസ്തുത ശമ്പളം നൽകേണ്ടിയിരുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പുതിയ ശമ്പളം നൽകുന്ന കാര്യത്തിൽ നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ശമ്പളം നൽകുന്നതിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ ശമ്പളവും കുടിശ്ശികയും എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ ശമ്പളം ലഭ്യമാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് 29-6-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 18/2019/ഉ.വി.വ., 30-9-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2019/ഉ.വി.വ. ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) യു.ജി.സി. നിർദ്ദേശപ്രകാരം 1-1-2016 പ്രാബല്യത്തിൽ ശമ്പളം പുതുക്കി നൽകേണ്ടിയിരുന്നു.

(സി) ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ഡി&ഇ) യു.ജി.സി. ശമ്പള പരിഷ്കരണം 1-1-2016 തീയതി പ്രാബല്യത്തിൽ 2019 ജൂൺ മാസം മുതൽ നടപ്പിലാക്കാൻ ധനവകുപ്പ് അനുമതി നൽകിയിരുന്നു. ശമ്പള പരിഷ്കരണ കുടിശ്ശിക തുക അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നതിന് വിധേയമായും സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുസരിച്ചും പിന്നീട് തീരുമാനമെടുക്കുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. പരിഷ്കരിച്ച ശമ്പളം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കുടിശ്ശിക സംബന്ധിച്ച് സാമ്പത്തിക ബാദ്ധ്യത ധനവകുപ്പ് പരശോധിച്ചുവരുന്നു.

**എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക, അനദ്ധ്യാപക നിയമനം**

205(3478) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക, അനദ്ധ്യാപക നിയമനം നടത്തുന്നത് എങ്ങനെയാണ്; ഇതിന് പ്രത്യേക മാനദണ്ഡമുണ്ടോ; ഇതിനായി യോഗ്യതാ പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയവ നടത്താറുണ്ടോ; ഉണ്ടെങ്കിൽ ആരാണ് നടത്തുന്നത്; വിശദമാക്കാമോ;

(ബി) എയ്ഡഡ് കോളേജുകളിൽ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(സി) എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിലെ സംവരണം സംബന്ധിച്ച് എന്തെങ്കിലും കോടതി കേസുകളോ വിധികളോ നിലവിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ഒഴിവുകൾ, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിൽ അനുശാസിക്കും പ്രകാരം പത്രപരസ്യം നൽകി അപേക്ഷ സ്വീകരിച്ച് യോഗ്യരായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉദ്യോഗാർത്ഥികളെ, യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടും ഡയറക്ട് പേമെന്റ് എഗ്രിമെന്റും പ്രകാരം രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റി ഇന്റർവ്യൂ ചെയ്ത് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും മാനേജ്മെന്റുകൾ നിയമനം നടത്തുന്നു.

(ബി) യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിൽ അനുശാസിക്കും പ്രകാരമുള്ള സംവരണം പാലിക്കുന്നുണ്ട്.

(സി) എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണം സംബന്ധിച്ച് എസ്.എൽ.പി. നമ്പർ 9975-9979/2018 ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

## മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ ലക്ചറർ തസ്തിക

206(3479) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവ.ആർട്സ് & സയൻസ് കോളേജ് ഹിസ്റ്ററി വിഭാഗത്തിൽ ലക്ചറർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് നിലവിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ഹിസ്റ്ററി വിഭാഗത്തിൽ ഒരു ലക്ചറർ തസ്തിക സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## മലപ്പുറം ഗവൺമെന്റ് വനിത കോളേജ് കെട്ടിട നിർമ്മാണം

207(3480) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ. വനിതാ കോളേജ് കെട്ടിട നിർമ്മാണത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പത്ത് കോടി രൂപക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) പാണക്കാട് ഇൻകെൽ എഡ്യൂസിറ്റിയിൽ കോളേജിനായി അഞ്ച് ഏക്കർ ഭൂമി സർക്കാർ അനുവദിച്ച സാഹചര്യത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ;

(സി) കെട്ടിട നിർമ്മാണ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കി വാടക കെട്ടിടത്തിൽനിന്നും സ്ഥിരം സംവിധാനത്തിലേയ്ക്ക് കോളേജ് മാറ്റുവാൻ സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യത്തിനുവേണ്ടി അനുവദിച്ച തുക, കോളേജ് തിരിച്ചുള്ളത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 21-10-2019-ലെ സ.ഉ.(കൈ.) നമ്പർ 350/2019/ഉ.വി.വ. നമ്പർ ഉത്തരവുപ്രകാരം പ്രസ്തുത പദ്ധതി നിർവ്വഹണത്തിനുള്ള എസ്.പി.വി. ആയി കിറ്റ്കോയെ നിയമിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) നിർമ്മാണ നടപടികൾ പൂർത്തിയാക്കി ബിൽഡിംഗ് കൈമാറുന്ന മുറയ്ക്കുമാത്രമേ വാടക കെട്ടിടത്തിൽനിന്നും സ്ഥിരം സംവിധാനത്തിലേയ്ക്ക് കോളേജിന്റെ പ്രവർത്തനം മാറ്റാൻ സാധിക്കുകയുള്ളൂ.

## പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ പുതിയ കോഴ്സുകൾ

208(3481) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ഗവ: വിക്ടോറിയ കോളേജിൽ എം.എസ്‌സി. മൈക്രോബയോളജി, എം.എ. സംസ്കൃതം, എം.എ. തമിഴ്, എം.എ. ഹിന്ദി എന്നീ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ എം.എസ്‌സി. മൈക്രോബയോളജി, എം.എ. സംസ്കൃതം, എം.എ. തമിഴ്, എം.എ. ഹിന്ദി എന്നിവയുൾപ്പെടെ 6 പി.ജി. കോഴ്സുകൾക്കുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കോഴിക്കോട് ജില്ലയിലെ കോളേജുകൾക്ക് പുതുതായി അനുവദിച്ച കോഴ്സുകൾ**

209(3482) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിലെ കോളേജുകൾക്കായി എത്ര കോഴ്സുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അനുവദിച്ച കോഴ്സുകളുടെ പട്ടിക, കോളേജിന്റെ പേര്, അനുവദിച്ച കോഴ്സ് എന്നീ ക്രമത്തിൽ ലഭ്യമാക്കാമോ;

(സി) കൊയിലാണ്ടി എസ്.എ.ആർ.ബി.ടി.എം. ഗവൺമെന്റ് കോളേജിന് പുതിയ കോഴ്സ് അനുവദിക്കണമെന്ന അപേക്ഷ പരിഗണനയിലുണ്ടോ; കോഴ്സ് അനുവദിക്കുന്ന കാര്യത്തിൽ എടുത്തുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കോളേജുകൾക്ക് 3 പി.ജി. കോഴ്സുകളും 2 ഡിഗ്രി കോഴ്സുകളും അനുവദിച്ചിട്ടുണ്ട്.

(ബി)

| | |
|---|---|
| സർക്കാർ കോളേജ്, മൊകേരി | 1. ബി.എസ്‌സി. കെമിസ്ട്രി<br>2. എം.കോം. |
| സർക്കാർ കോളേജ്, പേരാമ്പ്ര | 1. ബി.എ. ഇംഗ്ലീഷ്<br>2. എം.കോം. ഫിനാൻസ്<br>3. എം.എസ്‌സി. മാത്തമാറ്റിക്സ് |

(സി) കൊയിലാണ്ടി എസ്.എ.ആർ.ബി.ടി.എം. സർക്കാർ കോളേജിൽ ബി.എസ്‌സി. മാത്തമാറ്റിക്സ്, ബി.എസ്.സി. കെമിസ്ട്രി, ബി.എ. മലയാളം, ബി.എ. ഹിന്ദി, ബി.എ. ഇംഗ്ലീഷ്, എം.എ. ഹിസ്റ്ററി, എം.എസ്.സി. മാത്തമാറ്റിക്സ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

### മാനന്തവാടി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

210(3483) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഫയൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കൈവശം ഉണ്ടോയെന്നറിയിക്കാമോ;

(ബി) എങ്കിൽ ആ ഫയലിന്റെ നിലവിലെ സ്ഥിതി വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

### പെരിന്തൽമണ്ണ പി.ടി.എം. ഗവൺമെന്റ് കോളേജിൽ എം.എ. ഇസ്ലാമിക് ഹിസ്റ്ററി കോഴ്സ്

211(3484) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ പി.ടി.എം. ഗവ. കോളേജിൽ എം.എ.(ഇസ്ലാമിക് ഹിസ്റ്ററി) കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ശിപാർശകൾ പരിഗണനയിലുണ്ടോ;

(ബി) ഇസ്ലാമിക് ഹിസ്റ്ററി ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് സർക്കാർ മേഖലയിൽ ആവശ്യത്തിന് കോളേജുകൾ ഈ പ്രദേശത്തില്ലാത്തത് പ്രയാസങ്ങൾ ഉണ്ടാക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(സി) പി.ടി.എം. ഗവ. കോളേജിൽ ഇസ്ലാമിക് ഹിസ്റ്ററി ബിരുദാനന്ദര ബിരുദ കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ പി.ടി.എം. സർക്കാർ കോളേജിൽ എം.എ. ഇസ്ലാമിക് ഹിസ്റ്ററി കോഴ്സിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടില്ല.

(ബി & സി) മലപ്പുറം ഗവൺമെന്റ് കോളേജിൽ എം.എ. ഇസ്ലാമിക് ഹിസ്റ്ററി കോഴ്സ് നടത്തുന്നുണ്ട്. എന്നിരുന്നാലും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**യൂണിവേഴ്സിറ്റി കോളേജിൽ അച്ചടക്കം ഉറപ്പാക്കാൻ നടപടി**

212(3485) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി കോളേജിലെ കത്തിക്കുത്ത് കേസ്സിനുശേഷം കോളേജിൽ അച്ചടക്കം ഉറപ്പാക്കുന്നതിന് എടുത്ത തീരുമാനങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതിനുമുമ്പ് പ്രിൻസിപ്പലിന്റെ അനുമതി വാങ്ങണമെന്ന നിർദ്ദേശം പാലിക്കാതെ കോളേജിൽ ചടങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 12-7-2019-ൽ യൂണിവേഴ്സിറ്റി കോളേജ് കാമ്പസിൽ വച്ച് നടന്ന വിദ്യാർത്ഥി സംഘട്ടനത്തിനുശേഷം കോളേജ് കൗൺസിൽ കൂടുകയും അച്ചടക്കം ഉറപ്പാക്കുന്നതിന് തീരുമാനങ്ങൾ എടുക്കുകയും ഡിസിപ്ലിനറി കമ്മിറ്റിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പ് മേധാവികളുടെയും ട്യൂട്ടർമാരുടെയും നേതൃത്വത്തിൽ എല്ലാ ക്ലാസ്സുകളിലും അച്ചടക്കം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 19-7-2019-ന് നടന്ന കോളേജ് കൗൺസിൽ തീരുമാനപ്രകാരം കോളേജുതല ഡിസിപ്ലിൻ കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും അച്ചടക്കം നടപ്പിലാക്കുന്നതിൽ മേൽനോട്ടം വഹിച്ചുവരികയും ചെയ്യുന്നുണ്ട്.

ഒക്ടോബർ 15-ന് കാമ്പസിനുള്ളിൽ ബോട്ടണി വിഭാഗത്തിലെ വിദ്യാർത്ഥികൾ തമ്മിൽ നടന്ന സംഘർഷത്തിൽ കർശനനടപടി സ്വീകരിച്ചതിന്റെ ഭാഗമായി 4 വിദ്യാർത്ഥികളെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അച്ചടക്കം ഉറപ്പാക്കുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതിനുമുമ്പ് പ്രിൻസിപ്പാളിന്റെ അനുമതി ലഭ്യമാക്കാറുണ്ട്. അനുമതി വാങ്ങാതെ പൊതുപരിപാടികൾ സംഘടിപ്പിക്കാറില്ല.

## സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കൽ

213(3486) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് ഹൈക്കോടതി റദ്ദാക്കിയത്; ഇതിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിരുന്നോ;വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത അപ്പീൽ പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന 2006-ലെ 19-ാം നമ്പർ ആക്ടിലെ 3, 7, 8(b), (c) and 10 വകുപ്പുകളും 10, 11 ചട്ടങ്ങളുമാണ് ഹൈക്കോടതി റദ്ദുചെയ്തത്. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിരുന്നു.

കേരള സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷന് എതിരെ സർക്കാർ ഫയൽ ചെയ്ത സിവിൽ അപ്പീൽ 2847/2007 എന്ന കേസ്, എഞ്ചിനീയറിംഗ് കോളേജുമായി ബന്ധപ്പെട്ട പുതിയ നിയമനിർമ്മാണം ഉദ്ദേശിക്കുന്നതിനാൽ തുടർവാദത്തിന് താൽപ്പര്യമില്ലെന്ന് സർക്കാർ അറിയിച്ചതിനെ തുടർന്ന് 3-9-2019-ൽ തീർപ്പാക്കിയിട്ടുണ്ട്.

കൂടാതെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം, ക്രമപ്പെടുത്തലും, നിയന്ത്രിക്കലും) ആക്ട് 2017-ലെ സെക്ഷൻ 5(3), 8(1)(b), 17 എന്നീ മൂന്ന് വകുപ്പുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി 2-11-2017-ലെ വിധിന്യായത്തിലൂടെ അസാധുവാക്കപ്പെട്ടിട്ടുള്ളതാണ്. ഹൈക്കോടതി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ വരുത്തിയതിനെത്തുടർന്ന് നിലനിന്നിരുന്ന നിയമപ്രകാരം ഉണ്ടായിരുന്ന ഒറ്റക്കമ്മിറ്റിക്ക് പകരം Admission Supervisory Committee-യായും Fee Regulatory Committee-യായും കമ്മിറ്റികൾ രണ്ടായി ക്രമീകരിച്ച് ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കിയിട്ടുള്ളതുമാണ്.

## തിരൂരിലെ നിയുക്ത മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടി

214(3487) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ വെട്ടം വില്ലേജിൽ മലയാളം സർവ്വകലാശാലക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; എത്ര ഏക്കർ ഭൂമിയാണ് ഇക്കാര്യത്തിനായി ഏറ്റെടുക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ഈ പ്രദേശത്തിന്റെ പരിസ്ഥിതി ആഘാത പഠനത്തിനായി വിദഗ്ദ സമിതിയെ നിയോഗിക്കണമെന്ന് ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ആരൊക്കെയാണ് സമിതി അംഗങ്ങൾ; വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതിൽ വൻ അഴിമതി നടന്നിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി 4.2076 ഹെക്ടർ ഭൂമി രജിസ്റ്റർ ചെയ്തു.

(ബി) ദേശീയ ഹരിത ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ചുവടെപ്പറയുന്നവരാണ്.

1. കേരള സംസ്ഥാന തണ്ണീർത്തട നെൽവയൽ അതോറിറ്റിയിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ.
2. കേരള തീരദേശമേഖല മാനേജ്മെന്റ് അതോറിറ്റിയുടെ ഒരു പ്രതിനിധി.
3. പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർ.
4. എം.ഒ.ഇ.എഫ്. & സി.സി. പ്രതിനിധി
5. എൻ.സി.ഇസഡ്.എം.ഇസഡ്. പ്രതിനിധി.
6. എസ്.ഇ.ഐ.എ.എ.-യുടെ പ്രതിനിധി.
7. ജില്ലാ കളക്ടർ, മലപ്പുറം.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം

215(3488) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളാണ് പ്രവർത്തിക്കുന്നത്; സർക്കാർ, എയ്ഡഡ്, സ്വാശ്രയം, വിവിധ യൂണിവേഴ്സിറ്റികളുടെ നിയന്ത്രണത്തിലുള്ളത് എന്നീ മേഖല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഓരോന്നിലും 2015-16 മുതൽ 2018-19 വരെയുള്ള കാലഘട്ടത്തിലെ വിജയശതമാനം സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) സ്വാശ്രയ മേഖലയിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജുകൾ 2016-ന് ശേഷം അടച്ചുപൂട്ടിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളുടെ കണക്ക് ചുവടെ ചേർക്കുന്നു:-

| | | |
|---|---|---|
| 1. സർക്കാർ | - | 9 |
| 2. എയ്ഡഡ് | - | 3 |
| 3. സർക്കാർ നിയന്ത്രിത സ്വാശ്രയം | - | 23 |
| 4. സ്വകാര്യ സ്വാശ്രയം | - | 107 |

| | |
|---|---|
| കേരള സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജ് | 1 |
| കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജ് | 1 |
| കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജ് | 2 |

(ബി) 2015 മുതൽ എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്ക് കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെയും വിവിധ സർവ്വകലാശാലയ്ക്ക് കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെയും വിജയശതമാനം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വാശ്രയ മേഖലയിൽ പ്രവർത്തിച്ചിരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ 2016-നുശേഷം അടച്ചുപൂട്ടിയവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. Archana College of Engineering, Alappuzha.
2. Axis College of Engineering, Thrissur.
3. Aryanet Institute of Technology, Palakkad.
4. Cochin Institute of Science and Technology, Muvattupuzha.
5. Baselios Thomas Catholicose College of Engineering and Technology, Koothattukulam.
6. Believers Church Caarmel Engineering College, Pathanamthitta.
7. Focus Institute of Science and Technology, Thrissur.
8. Hindustan College of Engineering, Kollam.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9. Ilahia School of Science and Technology, Ernakulam.
10. KMP College of Engineering, Ernakulam.
11. Matha College of Technology, Ernakulam.
12. Pankajakasthuri College of Engineering, Thiruvananthapuram.
13. Pinnacle School of Engineering and Technology, Kollam.
14. Prime College of Engineering, Palakkad.
15. St: Gregorios College of Engineering, Kasargod.
16. Younus College of Engineering, Thalachira, Kollam.

**മാവേലിക്കരയിൽ യു.ഐ.ടി. ആരംഭിക്കുന്നതിന് നടപടി**

216(3489) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കേരളാ യൂണിവേഴ്സിറ്റിയുടെ യു.ഐ.ടി. അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവേലിക്കര തഴക്കര ഇറവങ്കര ഗവ. വി.എച്ച്.എസ്.എസ്-ൽ യു.ഐ.ടി. ആരംഭിക്കുന്നതിന് സ്ഥലവും കെട്ടിടവും അനുവദിച്ചുകൊണ്ടുള്ള ജനറൽ എഡ്യൂക്കേഷൻ (എം) വകുപ്പിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത യു. ഐ. ടി. ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 2018-19-ലെ കേരള സർവ്വകലാശാല ബഡ്ജറ്റ് പ്രസംഗത്തിൽ മാവേലിക്കര ഉൾപ്പെടെ 10 സ്ഥലങ്ങളിൽ യു.ഐ.ടി. തുടങ്ങുന്നത് സംബന്ധിച്ച പ്രഖ്യാപനം ഉണ്ടായിരുന്നു.

(ബി) ഉണ്ട്.

(സി) പ്രസ്തുത യു.ഐ.ടി. പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർവ്വകലാശാലയുടെ പരിഗണനയിലാണ്.

## സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പഠനരീതി

217(3490) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പഠനരീതി ആധുനികവത്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇതിലേയ്ക്കായി പഠനരീതി/പഠന മാധ്യമം എന്നിവയിൽ ആധുനിക വിവരസാങ്കേതിക വിദ്യയുടെ സേവനം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സ്ഥാപനങ്ങളിൽ പഠനരീതി ആധുനികവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താൻ ലക്ഷ്യമിട്ടുകൊണ്ട് "അക്കാദമിക് സ്റ്റാഫ് കോളേജ് ആൻഡ് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലുകൾ" രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ ഐ.സി.റ്റി. ഉപയോഗപ്പെടുത്തി വകുപ്പിനുകീഴിലെ എല്ലാ സ്ഥാപനങ്ങളിലെയും ക്ലാസ്സ് മുറികളെ ഇന്റർനെറ്റ് സേവനവും എൽ.സി.ഡി. പ്രൊജക്ടറും ലാപ്ടോപ്പും നൽകി സ്മാർട്ട് ക്ലാസ്സ് മുറികളാക്കി മാറ്റുന്ന പ്രക്രിയ പൂർത്തിയായിവരുന്നു.

എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും സ്മാർട്ട് ക്ലാസ് റൂമുകൾ നിലവിലുണ്ട്. ഓൺലൈൻ പഠനം പ്രോത്സാഹിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് MOOC (Massive Open Online Courses) പഠിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.

## സാങ്കേതിക സർവ്വകലാശാല നടത്തുന്ന അക്കാദമിക് ആഡിറ്റ്

218(3491) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. സ്വരാജ്:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ പഠനത്തിന്റെയും സാങ്കേതിക സംവിധാനത്തിന്റെയും

ഗുണനിലവാരം വിലയിരുത്തുന്നതിനും ഉയർത്തുന്നതിനും അക്കാദമിക് ആഡിറ്റ് നടത്തുന്നതിന് സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഷയങ്ങളിലാണ് ആഡിറ്റ് നടത്തുകയെന്നും ആഡിറ്റ് നടത്താൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളവരുടെ യോഗ്യത/മാനദണ്ഡം എന്താണെന്നും അറിയിക്കുമോ;

(സി) അക്കാദമിക് ആഡിറ്റിലെ കോളേജുകളുടെ നിലവാരവും റാങ്കിംഗും ഭാവിയിൽ കോളേജുകളുടെ അഫിലിയേഷനുള്ള മാനദണ്ഡമായി പരിഗണിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത ആഡിറ്റിന്റെ ഇതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിൽ കോളേജ് മാനേജ്മെന്റുകളുടെ സമ്പൂർണ്ണ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾ അനുസരിച്ച് വിവിധ വിഷയങ്ങളിലുള്ള അദ്ധ്യാപക ലഭ്യത, അദ്ധ്യാപക യോഗ്യതകൾ, യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരമുള്ള അദ്ധ്യയന വർഷങ്ങളുടെ ലഭ്യത, അക്രെഡിറ്റേഷൻ, ഇന്റേണൽ പരീക്ഷകളുടെ നടത്തിപ്പും സുതാര്യതയും, വിദ്യാർത്ഥികളുടെ പഠ്യേതര പ്രവർത്തനങ്ങൾ, പരീക്ഷണശാലയുടെ നവീകരണവും ഉപയോഗവും, ലൈബ്രറി, ഇന്റർനെറ്റ് സംവിധാനങ്ങൾ, കോളേജിന്റെ അക്കാദമികവും ഭരണപരവുമായ നേതൃത്വം, പഠന അന്തരീക്ഷം, അച്ചടക്കം, പരാതിപരിഹാര സംവിധാനങ്ങൾ, വിദ്യാർത്ഥി കേന്ദ്രീകൃത നവീന പാഠ്യ രീതികൾ, ഓൺലൈൻ കോഴ്സുകളിലെ വിദ്യാർത്ഥി പങ്കാളിത്തം, വിദ്യാർത്ഥികളുമായുള്ള അഭിമുഖം, പ്ലേസ്മെന്റ് തുടങ്ങി ഇരുപതോളം ഘടകങ്ങളാണ് പ്രധാനമായും വിലയിരുത്തപ്പെടുക. പത്ത് വർഷത്തിലധികം അദ്ധ്യാപന പരിചയമുള്ള അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകരെയാണ് ഓഡിറ്റ് നടത്താൻ നിശ്ചയിച്ചിട്ടുള്ളത്.

(സി) വരും വർഷം മുതൽ അക്കാദമിക് ഓഡിറ്റിംഗിലെ കോളേജുകളുടെ നിലവാരവും റാങ്കിംഗും സ്ഥാപനത്തിന്റെ അഫിലിയേഷനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുന്നത് സർവ്വകലാശാലയുടെ പരിഗണനയിലാണ്.

(ഡി) ഉണ്ട്. ഓഡിറ്റിംഗിനായി ഒരു ഓൺലൈൻ സംവിധാനവും സർവ്വകലാശാല ഒരുക്കിയിട്ടുണ്ട്. ഓഡിറ്റർമാർ ഓൺലൈനായി സർവ്വകലാശാലയ്ക്ക് സമർപ്പിക്കുന്ന വിവരങ്ങൾക്ക് അനുബന്ധമായി കോളേജ് പ്രിൻസിപ്പൽമാർക്കും അഭിപ്രായം രേഖപ്പെടുത്താം. അതിനുശേഷമാണ് സർവ്വകലാശാല അന്തിമ തീരുമാനമെടുക്കുക.

## സാങ്കേതിക ശാസ്ത്ര സർവ്വകലാശാല അദാലത്തിലൂടെ വിദ്യാർത്ഥിക്ക് ഉയർന്ന മാർക്ക്

219(3492) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികശാസ്ത്ര സർവകലാശാല അദാലത്തിലൂടെ വിദ്യാർത്ഥിക്ക് ഉയർന്ന മാർക്ക് നൽകിയതായ പരാതി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഈ വിഷയം പ്രത്യേക കേസായി അദാലത്തിൽ പരിഗണിക്കാമെന്ന് നിർദ്ദേശം നൽകിയത് ആരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർവ്വകലാശാല അദാലത്തിലൂടെ വിദ്യാർത്ഥിക്ക് ഉയർന്ന മാർക്ക് നൽകിയിട്ടില്ല.

(ബി) ഇത് സംബന്ധിച്ച പരാതികളൊന്നും ഉന്നതവിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) സാങ്കേതിക സർവ്വകലാശാല അദാലത്തിൽ ഒരു വിഷയവും പ്രത്യേകമായി പരിഗണിക്കാൻ ഒരിടത്തുനിന്നും നിർദ്ദേശം ലഭിച്ചിട്ടില്ല.

## ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം

220(3493) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ.എ. പി. ജെ. അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) ഇതിനായി എവിടെയാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; ഇതിന്റെ പണി എന്ന് മുതൽ ആരംഭിയ്ക്കുവാനാണ് ഉദ്ദേശിച്ചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഡോ. എ. പി. ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ആസ്ഥാനം നിർമ്മിക്കുന്നതിന് കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ 42.13.66 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ റവന്യൂ വകുപ്പിന്റെ 3-7-2019-ലെ സ.ഉ.(സാധാ) നം. 1757/19/RD. പ്രകാരം ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് തിരുവനന്തപുരം ജില്ലാ ഭരണകൂടം സ്പെഷ്യൽ തഹസിൽദാരെ (പൊന്നുംവില) സ്പെഷ്യൽ ഓഫീസറായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട പ്രാരംഭ ചെലവുകൾക്കായി അൻപതുലക്ഷം രൂപ തഹസിൽദാരുടെ പേരിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് വിശദമായ സ്കെച്ച് ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി നടപടികൾ സർവ്വകലാശാല കൈക്കൊണ്ടിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷംതന്നെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**തൃശ്ശൂർ തേജസ് എഞ്ചിനീയറിംഗ് കോളേജിൽ ലാറ്ററൽ എൻട്രി**

221(3494) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ തേജസ് എഞ്ചിനീയറിംഗ് കോളേജിൽ പോളിടെക്നിക് പാസ്സായവർക്ക് ഒഴിവുവരുന്ന സീറ്റുകളിൽ ലാറ്ററൽ എൻട്രി പരീക്ഷ എഴുതാതെ രണ്ടാം വർഷത്തിലേയ്ക്ക് അഡ്മിഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര വിദ്യാർത്ഥികൾക്കെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിദ്യാർത്ഥികളുടെ തുടർപഠനം തടഞ്ഞുകൊണ്ട് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(സി) കഴിഞ്ഞ നാലുമാസമായി പ്രസ്തുത കോളേജിൽ അഡ്മിഷൻ നേടി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ നിർദ്ദേശംമൂലം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2018-19 ബാച്ചിൽ 8 വിദ്യാർത്ഥികൾക്ക് ഇപ്രകാരം കോളേജ് അഡ്മിഷൻ നൽകിയിട്ടുണ്ട്.

(ബി) ഈ വിദ്യാർത്ഥികളുടെ തുടർപഠനം തടഞ്ഞുകൊണ്ട് എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ഇതുവരെ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ 26-7-2019-ലെ സ.ഉ.(സാധാ) നമ്പർ 1305/2019/ ഉ.വി.വ. എന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ലാറ്ററൽ എൻട്രി ടെസ്റ്റ് (LET) വിജയിച്ച വിദ്യാർത്ഥികൾക്കുമാത്രമേ രണ്ടാം വർഷത്തിലേയ്ക്ക് അഡ്മിഷൻ നൽകാവൂ എന്ന് സർവ്വകലാശാല അഫിലിയേറ്റഡ് കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ലാറ്ററൽ എൻട്രി ടെസ്റ്റ് (LET) വിജയിച്ച വിദ്യാർത്ഥികളെ മാത്രമേ രണ്ടാം വർഷത്തിലേയ്ക്ക് അഡ്മിഷൻ നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ ഇവരുടെ പ്രസ്തുത അഡ്മിഷൻ അംഗീകരിച്ചാൽ മാത്രമേ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ.

(ഡി) ഈ വിഷയം സർവ്വകലാശാലയുടെ പരിഗണനയിലാണ്.

**സാങ്കേതിക സർവ്വകലാശാല ഓഡിറ്റിംഗ്**

222(3495) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം വിലയിരുത്തുവാൻ സാങ്കേതിക സർവ്വകലാശാല ഓഡിറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് പ്രസ്തുത ഓഡിറ്റിംഗ് നടത്തുന്നതെന്നും ഇതിനായി എത്ര അദ്ധ്യാപകരെയാണ് നിയോഗിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾ അനുസരിച്ച് വിവിധ വിഷയങ്ങളിലുള്ള അദ്ധ്യാപക ലഭ്യത, അദ്ധ്യാപക യോഗ്യതകൾ, യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരമുള്ള അധ്യയന വർഷങ്ങളുടെ ലഭ്യത, അക്രെഡിറ്റേഷൻ, ഇന്റേർണൽ പരീക്ഷകളുടെ നടത്തിപ്പും സുതാര്യതയും, വിദ്യാർത്ഥികളുടെ പഠ്യേതര പ്രവർത്തനങ്ങൾ, പരീക്ഷണശാലയുടെ നവീകരണവും ഉപയോഗവും, ലൈബ്രറി, ഇന്റർനെറ്റ് സംവിധാനങ്ങൾ, കോളേജിന്റെ അക്കാദമികവും ഭരണപരവുമായ നേതൃത്വം, പഠന അന്തരീക്ഷം, അച്ചടക്കം, പരാതിപരിഹാര സംവിധാനങ്ങൾ, വിദ്യാർത്ഥി കേന്ദ്രീകൃത നവീന പാഠ്യ രീതികൾ, ഓൺലൈൻ കോഴ്സുകളിലെ വിദ്യാർത്ഥി പങ്കാളിത്തം, വിദ്യാർത്ഥികളുമായുള്ള അഭിമുഖം, പ്ലേസ്മെന്റ് തുടങ്ങി ഇരുപതോളം ഘടകങ്ങളാണ് പ്രധാനമായും വിലയിരുത്തപ്പെടുക. സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള 142 എഞ്ചിനീയറിംഗ് കോളേജുകളിൽ ഒക്ടോബർ 20 മുതൽ നവംബർ 11 വരെ നടത്തുന്ന ഓഡിറ്റിംഗിന് പത്ത് വർഷത്തിലധികം അദ്ധ്യാപന പരിചയമുള്ള 116 അദ്ധ്യാപകരെ തെരഞ്ഞെടുത്തിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായാണ് ഓഡിറ്റിംഗ് നടക്കുന്നത്. ഇക്കഴിഞ്ഞ ബി.ടെക്. പരീക്ഷയിൽ നാൽപ്പത് ശതമാനത്തിൽ താഴെ മാത്രം വിജയശതമാനം ലഭിച്ചതും കഴിഞ്ഞ മൂന്ന് വർഷക്കാലം വിദ്യാർത്ഥി പ്രവേശനത്തിൽ ഗണ്യമായ കുറവുള്ളതുമായ 37 കോളേജുകളിലെ ഒന്നാംഘട്ട ഓഡിറ്റിംഗിൽ അദ്ധ്യാപകരുടെ രണ്ടംഗ സംഘമാണ് ഓഡിറ്റിംഗ് നടത്തുക. മറ്റ് കോളേജുകളിലെ രണ്ടാം ഘട്ട ഓഡിറ്റിംഗിന് ഓരോ അദ്ധ്യാപകരെ നിയോഗിക്കും.

## കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. കോളേജിന്റെ പുതിയ ബ്ലോക്ക്

223(3496) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിനായി നിർമ്മിച്ച പുതിയ ബ്ലോക്ക് ഉപയോഗിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബ്ലോക്കിന്റെ പ്രവർത്തനത്തിന് ഇനിയും എന്തെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആയതിനുവേണ്ടി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലയുടെ വൈദ്യുതീകരണ പ്രവൃത്തികൾ മാത്രമാണ് പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിയത്. മുകളിലത്തെ നിലയുടെ വൈദ്യുതീകരണ പ്രവൃത്തികൾക്ക് തുക വകയിരുത്തിയിരുന്നില്ല എന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ താഴത്തെ നിലയിലാണ് കോളേജിന്റെ ലബോറട്ടറികളും മറ്റും ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. മുകളിലത്തെ നില ഭാഗികമായി ASAP-ന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തിവരുന്നു.

(സി) കെട്ടിടം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് മുകളിലത്തെ നിലയുടെ വൈദ്യുതീകരണ പ്രവൃത്തികൾകൂടി പൂർത്തീകരിക്കേണ്ടതുണ്ട്. ടി പ്രവൃത്തികൾക്കുവേണ്ടി പൊതുമരാമത്ത് വകുപ്പിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 17 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത തുക ഐ.എച്ച്.ആർ.ഡി.-യുടെ പ്ലാൻ ഫണ്ടിൽനിന്നും പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

## പ്രൊഫഷണൽ കോളേജുകളിൽ ഫ്ളോട്ടിംഗ് സംവരണം നിർത്തലാക്കാൻ നടപടി

224 (3497) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ നിലവിലുള്ള ഫ്ളോട്ടിംഗ് സംവരണ രീതി നിർത്തി സംവരണം കോളേജ് അടിസ്ഥാനത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഫ്ളോട്ടിംഗ് രീതിയിലുള്ള സംവരണം സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നിലവിലുള്ള ഫ്ളോട്ടിംഗ് സംവരണം സംബന്ധിച്ച് പട്ടികജാതി വകുപ്പിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്നും ഇത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് എന്ത് തീരുമാനം എടുത്തുവെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള രീതി നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) സംവരണതത്വം പാലിച്ച് സംസ്ഥാനതലത്തിൽ നടന്നു കൊണ്ടിരിക്കുന്ന അലോട്ട്മെന്റ് പ്രക്രിയ കോളേജുതലത്തിലാക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം എസ്.സി. വകുപ്പിന്റെ 31.08.2019-ലെ SCSTDD-A2/170/2019 നമ്പർ കത്തുപ്രകാരം ലഭ്യമായിട്ടുണ്ട്. ആയതിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന സംസ്ഥാനതലത്തിലുള്ള അലോട്ട്മെന്റ് പ്രക്രിയ പ്രകാരം സ്വീകാര്യത കുറഞ്ഞ കോളേജുകളിൽ സംവരണാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥികൾക്ക് മാത്രമായി പ്രവേശനം ലഭിക്കുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ നിലവിലെ സംവരണരീതിക്ക് എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

**എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം**

225 (3498) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശന നടപടികളെക്കുറിച്ച് പഠിക്കാനും കോളേജുകളിലെ നിലവാരത്തെക്കുറിച്ച് മനസ്സിലാക്കാനും ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെയുള്ള സീറ്റുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; ആയതിൽ 2019 അധ്യയന വർഷം എത്ര സീറ്റിൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ടെന്നും നിലവിൽ എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മിക്കതിനും ആവശ്യമായ നിലവാരം ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇവ പരിഹരിക്കുവാനും ക്ലാസ്സെടുക്കുവാൻ യോഗ്യരായ അദ്ധ്യാപകർ ഉണ്ടെന്ന് ഉറപ്പുവരുത്തുവാനുമായി സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) സർക്കാർ/എയ്ഡഡ്/സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് കോഴ്സ് പൂർത്തിയാക്കുന്നവരുടെ വിജയ ശതമാനം താരതമ്യം ചെയ്യാറുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് അഡ്മിഷൻ രീതി പഠന വിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ഡോ. ആർ. വി. ജി. മേനോന്റെ അദ്ധ്യക്ഷതയിൽ ഒരു മൂന്നംഗ കമ്മിറ്റിയെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരമുള്ള കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. എഞ്ചിനീയറിംഗ് അഡ്മിഷൻ തേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു. ഇത് ഇന്ത്യയിൽ ഒട്ടാകെ കണ്ടുവരുന്ന പ്രവണതയാണ്.
2. കേരളത്തിൽ മികച്ച കോളേജുകളിൽ വിദ്യാർത്ഥി ദൗർലഭ്യമില്ല. എന്നാൽ അക്കാദമികമായി ദുർബ്ബലമായ കോളേജുകളിൽ കുട്ടികൾ കുറയുന്നതായി കാണുന്നു. ഇത് പ്രവേശന മാനദണ്ഡം ലഘൂകരിക്കാൻ കാരണമല്ല.
3. പൊതു, മാനേജ്മെന്റ് ക്വാട്ട സീറ്റുകൾ നികത്താൻ പൊതുമാനദണ്ഡം കൈക്കൊള്ളണം.
4. IIT, NIT, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ പ്രവേശനം ലഭിച്ചുപോകുന്ന വിദ്യാർത്ഥികളുടെ ഒഴിവുകൾ സമയബന്ധിതമായി നികത്തണം.

(ബി) 2019 അദ്ധ്യയനവർഷത്തെ വിദ്യാർത്ഥിപ്രവേശനം സംബന്ധിച്ചുള്ള വിശദവിവരം താഴെ കൊടുക്കുന്നു.

| 2019-20 അദ്ധ്യയനവർഷത്തെ ബി.ടെക്. വിദ്യാർത്ഥിപ്രവേശനം സംബന്ധിച്ചുള്ള വിവരം | | | |
|---|---|---|---|
| സ്ഥാപന വിവരം | ആകെ സീറ്റ് എണ്ണം | പ്രവേശനം നടന്ന സീറ്റ് എണ്ണം | ഒഴിഞ്ഞുകിടക്കുന്ന സീറ്റ് |
| സർക്കാർ | 3565 | 3424 | 141 |
| സർക്കാർ എയ്ഡഡ് | 1875 | 1875 | 0 |
| സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ് | 6360 | 4148 | 2212 |
| സ്വാശ്രയ കോളേജ് | 13868 | 18061 | 17807 |

(സി) 2015-16 അദ്ധ്യയനവർഷം മുതൽ എഞ്ചിനീയറിംഗ് കോഴ്സിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരികയായിരുന്നു. എഞ്ചിനീയറിംഗ് കോഴ്സുകളോട് വിദ്യാർത്ഥികൾക്ക് പൊതുവെയുള്ള വിമുഖതയാവാം ഇത്തരത്തിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിനുള്ള കാരണം. എന്നാൽ 2019-20 അദ്ധ്യയനവർഷം തൊട്ടുമുമ്പുള്ള അദ്ധ്യയനവർഷത്തേക്കാൾ ഏകദേശം 7 ശതമാനം കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്.

(ഡി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകൾക്ക് ആവശ്യമായ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ അദ്ധ്യാപകരുടെ നിലവാരത്തെപ്പറ്റി ചില പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. കോളേജുകളുടെ നിലവാരം ഉറപ്പുവരുത്താൻ അക്കാദമിക് ഓഡിറ്റിംഗും അഫിലിയേഷനുമായി ബന്ധപ്പെട്ട് വിസിറ്റിംഗ് കമ്മിറ്റിയുടെ പരിശോധനയും നടത്തിവരുന്നു.

(ഇ) 2019 അധ്യയനവർഷത്തെ വിജയശതമാനം താഴെച്ചേർക്കുന്നു:

| കോഴ്സ് | സർക്കാർ | സർക്കാർ എയ്ഡഡ് | സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ് | സ്വാശ്രയ കോളേജ് |
|---|---|---|---|---|
| ബി.ടെക്. | 50.90% | 56.50% | 40.90% | 32.1% |

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്ത് കാലഹരണപ്പെട്ട സിലബസ് മാറ്റുന്നതിന് നടപടി

226(3499) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്ത് നിലവിലുള്ള സിലബസ് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാത്തതും, കാലഹരണപ്പെട്ടതുമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കാലഹരണപ്പെട്ട സിലബസ് മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(ഡി) ഇതിനായി വിദേശരാജ്യങ്ങളിലെ വിദ്യാഭ്യാസരംഗമുൾപ്പെടെയുള്ള മേഖലയിൽ അറിവുള്ളവരും വൈദഗ്ധ്യം ഉള്ളവരുമായ വ്യക്തികൾ അടങ്ങുന്ന സമിതിയെ നിയോഗിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്ത് സിലബസ് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് 2015-ൽ പരിഷ്കരിച്ചതാണ്. AICTE മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2019-ൽ പരിഷ്കരിച്ച സിലബസാണ് നിലവിലുള്ളത്.

(ബി) എഞ്ചിനീയറിംഗ് മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 2019-ൽ സിലബസ് പരിഷ്കരിക്കുകയും പുതിയ കോഴ്സുകൾ തുടങ്ങുകയും ചെയ്യാൻ എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) 2019-ലെ പുതുക്കിയ കരിക്കുലത്തിൽ ഇൻഡസ്ട്രിയുമായി ചേർന്ന് ഇന്റർ ഡിസിപ്ലിനറി കോൺസെപ്റ്റ്സ് ആവിഷ്കരിക്കാൻ തീരുമാനമായിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ഡേറ്റ സയൻസ്, റോബോട്ടിക്സ് തുടങ്ങിയ തൊഴിൽ സാധ്യതയുള്ള നൂതന മേഖലകളിൽ ബി.ടെക്. വിദ്യാർത്ഥികൾക്ക് മൈനർ പ്രോഗ്രാമുകൾ നൽകാൻ തീരുമാനമായിട്ടുണ്ട്. അതിലേയ്ക്കായി ASAP-മായി ധാരാണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. B.Voc. (Bachelor of Vocation) തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) തീരുമാനിച്ചിട്ടില്ല.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

227(3500) ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. സി. മമ്മൂട്ടി:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ ഇടിവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് തുടങ്ങിയ സർവ്വകലാശാലയുടെ ആദ്യ ബാച്ച് ബി.ടെക് ഫലം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) ഒറ്റ കുട്ടിയേയും വിജയിപ്പിക്കാത്ത കോളേജുകളും പത്തുശതമാനം വിജയം നേടാത്ത ധാരാളം കോളേജുകളും ഉണ്ടെന്നകാര്യം പ്രത്യേകം പരിശോധിക്കുമോ;

(ഡി) സംസ്ഥാനത്തെ എൻജിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ആദ്യ ബി.ടെക്. ബാച്ച് പരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദമായ വിലയിരുത്തലുകൾ നടത്തിവരുന്നു. 23 വിവിധ എഞ്ചിനീയറിംഗ് ശാഖകളിലായി 35104 വിദ്യാർത്ഥികൾ എഴുതിയ പരീക്ഷയിൽ 12803 വിദ്യാർത്ഥികൾ വിജയിച്ചു. വിജയശതമാനം 36.41. ഇതിൽ സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത സ്വാശ്രയം, സ്വകാര്യ സ്വാശ്രയം വിഭാഗങ്ങളിലെ വിജയശതമാനം യഥാക്രമം 50.9, 56.5, 40.9, 32.1 ആണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ വിജയശതമാനം 27.3 ആണ്.

(സി) പരിശോധിച്ചുവരുന്നു.

(ഡി) എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് ബിരുദ പാഠ്യ പദ്ധതിയുടെ ഉള്ളടക്കവും ഘടനയും സമ്പൂർണ്ണമായി നവീകരിക്കാൻ അക്കാദമിക് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല കോളേജുകളിൽ കർശന പരിശോധന നടത്തി അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തിയശേഷമാണ് അഫിലിയേഷൻ നൽകുന്നത്. ഭാരതത്തിലെ ഒന്നാംനിര സാങ്കേതിക ശാസ്ത്ര സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ നേതൃത്വം നൽകുന്ന ക്ലസ്റ്റർ കമ്മിറ്റികൾ കോഴ്സുകളുടെ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നു. ഇതിലേയ്ക്കായി വർഷത്തിൽ രണ്ടുതവണ അക്കാദമിക് ഓഡിറ്റിംഗ് നടത്തിവരുന്നു. കൂടാതെ സ്ഥാപനങ്ങൾ നടത്തുന്നതിന് എ.ഐ.സി.റ്റി.ഇ.-യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിദ്യാർത്ഥികൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശം

228(3501) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകർക്ക് ബിസിനസ്സ് സംരംഭങ്ങളെ സംബന്ധിച്ചും സ്റ്റാർട്ട് അപ് സംരംഭങ്ങളെ സംബന്ധിച്ചുമുള്ള പരിചയക്കുറവ് വിദ്യാർത്ഥികൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശവും ദിശാബോധവും നൽകുന്നതിന് പ്രയാസങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും "ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ" പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനായി പ്രത്യേകം സജ്ജീകരിച്ച അത്യാധുനിക സൗകര്യങ്ങളോടുകൂടിയ മുറികളും കമ്പ്യൂട്ടറും ഇന്റർനെറ്റ് സേവനവും വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾ നടത്താൻ സഹായിക്കുന്ന സെമിനാറുകൾ, കോൺഫറൻസ്, പരിശീലനം തുടങ്ങിയവ ടി സെന്ററുകൾ മുഖേന നടത്തിവരുന്നുണ്ട്. കേരള സർക്കാർ സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചും സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും "എന്റർപ്രണർഷിപ്പ് ആൻഡ് ഇന്നൊവേറ്റീവ് സെൽ" വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. "കരിയർ ഗൈഡൻസ് ആൻഡ് പ്ലേസ്മെന്റ് യൂണിറ്റ്" വഴി അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ട്. അദ്ധ്യാപകരുടെ പരിചയക്കുറവ് നികത്തുന്നതിന് ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ (Industry Institute Interaction Cell) പ്രവർത്തിക്കുന്നുണ്ട്.

## പുതിയ പോളിടെക്നിക് കോളേജുകൾ

229(3502) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോളിടെക്നിക്ക് കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അഞ്ച് ഏക്കർ സ്ഥലം/ഭൂമി സൗജന്യമായി സർക്കാരിന് ലഭ്യമാക്കിയാൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ പോളിടെക്നിക്ക് കോളേജിന് അനുമതി നൽകുമോ; വിശദമാക്കാമോ;

(സി) നിലമ്പൂർ താലൂക്കിൽ സർക്കാർ മേഖലയിൽ പോളിടെക്നിക്ക് കോളേജോ,എഞ്ചിനീയറിംഗ് കോളേജോ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ പോളിടെക്നിക്ക് കോളേജ് ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ സഹകരണ മേഖലയിൽ പോളിടെക്നിക്ക് കോളേജിന് അനുമതി നൽകുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ നടുവിൽ, തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, കോഴിക്കോട് ജില്ലയിലെ മുക്കം, വയനാട് ജില്ലയിലെ മാനന്തവാടി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നീ സ്ഥലങ്ങളിൽ പുതിയ പോളിടെക്നിക് കോളേജുകൾ അനുവദിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ മഞ്ചേരി, മാനന്തവാടി എന്നിവിടങ്ങളിലെ പോളിടെക്നിക് കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റുള്ളവയ്ക്ക് AICTE അംഗീകാരം ലഭ്യമായിട്ടില്ല. അതോടൊപ്പം കണ്ണവം, താനൂർ, കുറ്റിപ്പുറം, കൊന്നത്തടി എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക് കോളേജുകൾ

ആരംഭിക്കുന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്.

(ബി-ഡി) നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജോ എഞ്ചിനീയറിംഗ് കോളേജോ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഗവൺമെന്റ്/സഹകരണ മേഖലകളിൽ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പെരുമ്പഴുതൂർ ഗവൺമെന്റ് പോളിടെക്നിക്

230(T*3503) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2019-20-ലെ ബജറ്റിൽ ടോക്കൺ ഫണ്ട് അനുവദിച്ച പെരുമ്പഴുതൂർ ഗവൺമെന്റ് പോളിടെക്നിക് നിർമ്മാണത്തിന് ഡി.പി.ആർ. പ്രകാരം ഭരണാനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് പ്രസ്തുത പോളിടെക്നിക്കിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2019-20-ലെ ബഡ്ജറ്റിൽ ടോക്കൺ ഫണ്ട് അനുവദിച്ച ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ അക്കാഡമിക് കെട്ടിടനിർമ്മാണത്തിനായി തിരുവനന്തപുരം പൊതുമരാമത്ത് ബിൽഡിംഗ് ഡിവിഷൻ തയ്യാറാക്കിയ 350 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ പരിശോധിച്ചുവരുന്നു.

(ബി) 350 ലക്ഷം രൂപയുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റാണ് പ്രസ്തുത പോളിടെക്നിക്കിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(സി) നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## പെരിന്തൽമണ്ണ പോളിടെക്നിക് കെട്ടിട നിർമ്മാണം

231(T*3504) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പെരിന്തൽമണ്ണ പോളിടെക്നിക്കിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പെരിന്തൽമണ്ണ പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് 40 ലക്ഷം രൂപയുടെ ഓഡിറ്റോറിയം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) നിലവിൽ 18-7-2017-ലെ സ.ഉ.(സാധാ)നമ്പർ 1349/2017/ഉ.വി.വ. പ്രകാരം 430 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ ലാബ് കെട്ടിടനിർമ്മാണം, 29-6-2015-ലെ സ.ഉ.(സാധാ)നമ്പർ 1634/2015/ഉ.വി.വ. പ്രകാരം 550 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ സിൽവർ ജൂബിലി അക്കാദമിക് ബ്ലോക്ക് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

## പോളിടെക്നിക്കുകളിൽ പഠിക്കുന്ന ഹാജർ കുറവായ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതിന് നടപടി

232(3505) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഹാജർ കുറവായവർക്ക് അതിന് മാപ്പ് നൽകി മൂന്ന് തവണ അവസരം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) എത്ര ശതമാനം വരെ ഹാജരുള്ള വിദ്യാർത്ഥികൾക്കാണ് ഇപ്രകാരം അവസരം നൽകുന്നത്; വ്യക്തമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കുന്നതിന് 30-9-2019-ലെ സ.ഉ. (കൈ)നം.326/2019/ഉ.വി.വ.,4-10-2019-ലെ സ.ഉ.(കൈ)നം.331/2019/ ഉ.വി.വ. എന്നിവ പ്രകാരം (പുതിയ വ്യവസ്ഥകൾ രൂപപ്പെടുത്തി) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 65% വരെ ഹാജരുള്ള വിദ്യാർത്ഥികൾക്കാണ് ഇപ്രകാരം അവസരം നൽകുന്നത്.

## കോട്ടയം സയൻസ് സിറ്റി പ്ലാനറ്റോറിയത്തിന്റെ നിർമ്മാണ പുരോഗതി

233(3506) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കീഴിലുള്ള കോട്ടയം സയൻസ് സിറ്റിയിലെ പ്ലാനറ്റോറിയം പണിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) സ്പെയിസ് തിയേറ്റർ നിർമ്മാണത്തിന്റെ ഭാഗമായി മൈക്രോ കോൺക്രീറ്റിംഗ് പണിയുടെ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണോ എന്നറിയിക്കാമോ;

(സി) ഈ സ്ഥാപനത്തിലെ ഡ്രായിംഗുകളും സ്പെസിഫിക്കേഷനുകളും പ്രകാരം പണി നടത്തുവാൻ കഴിയുന്നുണ്ടോ എന്നറിയിക്കാമോ; സിവിൽ കോൺട്രാക്ടറുടെ പരിജ്ഞാനക്കുറവ് പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നുണ്ടോ;

(ഡി) പ്രോജക്ട് മാനേജ്മെൻറ് കൺസൾട്ടൻസിയുടെ പ്രവർത്തനങ്ങൾ ഏതുരീതിയിൽ നടക്കുന്നുവെന്ന് അറിയിക്കാമോ;

(ഇ) സെൻട്രൽ ഗവൺമെന്റ് കമ്പനിയായ എച്ച്.എൽ.എൽ. പുതിയ നിർദ്ദേശം നൽകിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(എഫ്) സയൻസ് സിറ്റിയുടെ പ്രവർത്തനം എന്നേക്ക് ആരംഭിക്കാൻ കഴിയും എന്നറിയിക്കാമോ; സയൻസ് സിറ്റിയുടെ നിർമ്മാണത്തിൽ കേന്ദ്ര

ഗവൺമെന്റിന്റെയും സംസ്ഥാന സർക്കാരിന്റെയും വിഹിതം എത്രയാണെന്ന് അറിയിക്കാമോ; ഇതിൽ കേന്ദ്രഗവൺമെന്റ് വിഹിതം പൂർണ്ണമായും ലഭിച്ചുകഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ;

(ജി) സയൻസ് സിറ്റിയിൽ ഇപ്പോൾ നടക്കുന്ന മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; സയൻസ് സിറ്റിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് 10-7-2019-ൽ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ യോഗം ചേർന്നതിനുശേഷം എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്തിയോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോട്ടയം സയൻസ് സിറ്റി പ്ലാനറ്റോറിയത്തിലെ സ്പെയ്സ് തിയേറ്ററിന്റെ കെട്ടിട നിർമ്മാണ പണികൾ 65% പൂർത്തീകരിച്ചു. പ്രസ്തുത കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ജോലികൾ പൂർത്തിയായി. പ്രൊജക്ഷൻ സിസ്റ്റത്തിനായി സർക്കാർ മാനദണ്ഡം പാലിച്ച് ഗ്ലോബൽ ഇ-ടെണ്ടർ ക്ഷണിച്ച് ജർമ്മൻ കമ്പനിയായ കാൾസീസിനോട് എഗ്രിമെന്റ് വച്ച് Supply order നൽകിയിട്ടുണ്ട്.

(ബി) സ്പെയ്സ് തിയേറ്റർ നിർമ്മാണത്തിന്റെ ഭാഗമായി മൈക്രോ കോൺക്രീറ്റിംഗ് പണിയുടെ നിർമ്മാണം നിർത്തി വച്ചിട്ടില്ല.

(സി) കോട്ടയം സയൻസ് സിറ്റി പ്ലാനറ്റോറിയത്തിലെ പ്രോജക്ടുകൾക്ക് ആവശ്യമായ Architectural Drawing-ഉം Structural Drawing-ഉം തയ്യാറാക്കിയത് ടെണ്ടർ മുഖേന കൺസൾട്ടൻസി ഏല്പിച്ച ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുഖേനയാണ്. അതേ തുടർന്ന് Chennai IIT പരിശോധിച്ച് അംഗീകരിച്ച Structural Drawing പ്രകാരം കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ HLL Life Care Limited സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക പരിമിതികൾ കാരണം ടെണ്ടർ മുഖാന്തരം പ്രവൃത്തികൾ ഏറ്റെടുത്ത കോൺട്രാക്ടർ പണി പൂർത്തിയാക്കിയിട്ടില്ല.

(ഡി) HLL Life Care Limited എന്ന പൊതുമേഖലാസ്ഥാപനത്തെ സയൻസ് സിറ്റി പ്രോജക്ടിലെ രണ്ട് പ്രധാന പ്രവൃത്തികളുടെ Project Management Consultant (PMC) ആയി നിയമിച്ചിട്ടുള്ളതാകുന്നു. എന്നാൽ സമയബന്ധിതമായി പണി മുന്നോട്ട് കൊണ്ടുപോകാൻ Project Management Consultancy-ക്ക് സാധിച്ചിട്ടില്ല.

(ഇ) ഉണ്ട്. ഇതനുസരിച്ച് അടങ്കൽ തുകയിൽ വരാവുന്ന വ്യതിയാനം HLL Life Care Limited കണക്കാക്കിക്കൊണ്ടിരിക്കുന്നു.

(എഫ്) 2020-21 സാമ്പത്തിക വർഷത്തിൽ ഉദ്ഘാടനം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും വിഹിതം 50:50 എന്ന അനുപാതത്തിലാണ് കോട്ടയം സയൻസ് സിറ്റിയിലെ റീജിയണൽ സയൻസ് സെന്ററിന്റെ നിർമ്മാണം. ഇതിൽ കേന്ദ്ര വിഹിതം നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയം (NCSM), മുഖാന്തരം നേരിട്ട് പ്രോജക്ട് വർക്കായി പൂർത്തീകരിച്ചാണ് കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് കൈമാറുന്നത്. ടി പ്രോജക്ടിന്റെ പണികൾ ഏകദേശം 95% പൂർത്തിയായിട്ടുണ്ട്.

(ജി) കോട്ടയം സയൻസ് സിറ്റിയിൽ താഴെപ്പറയുന്ന നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

1. Regional Science Centre നിർമ്മാണം.
2. Space Theatre നിർമ്മാണം.
3. Edutainment Components നിർമ്മാണം.
4. മുൻഭാഗ Compound Wall-ഉം ഗേറ്റും നിർമ്മാണം.
5. ആന്തരിക റോഡുകളുടെ നിർമ്മാണം.
6. Food Court/Overhead Tank/Observatory നിർമ്മാണം.
7. Substation-ഉം അനുബന്ധ ഘടകങ്ങളും.

10-7-2019-ൽ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല.

## സാങ്കേതിക മേഖലയിലെ വിദ്യാർത്ഥികളുടെ നിലവാരം

234(3507) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക മേഖലയിലെ വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിനും കേരളത്തിൽ പുതുതായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന കമ്പനികൾക്ക് ഇവരുടെ വിഭവശേഷി ഉപയോഗിക്കുന്നതിനും അതിലൂടെ

തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും സഹായകമായ തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുമോ ;

(ബി) ഇതിലേയ്ക്കായി തൊഴിൽ വകുപ്പിന്റെയും മറ്റും സഹായത്തോടെ വിപുലവും സമഗ്രവുമായ പദ്ധതി നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സാങ്കേതിക മേഖലയിലെ വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗവേഷണ/പരിശീലന പദ്ധതികൾ

വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ് എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും പ്രവർത്തിച്ചുതുടങ്ങി. CET-SAT വിക്ഷേപണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ഇതിനോടനുബന്ധിച്ച് പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോർമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിച്ച് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ (PPP) തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും (Bosch) ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിലും (Mercedes Benz) ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികൾ വിജയകരമായി നടത്തിവരുന്നു. തൊഴിലില്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവാക്കൾക്കുവേണ്ടി ഹ്രസ്വകാല കഴിവ് വികസന പരിപാടികൾ സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി വിദഗ്ധ കഴിവ് നേടുന്നതിനുള്ള പദ്ധതി എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും തെരഞ്ഞെടുക്കപ്പെട്ട ടെക്നിക്കൽ ഹൈസ്കൂളുകളിലും നടത്തിവരുന്നു. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റുകളും മാസംതോറുമുള്ള സ്റ്റൈപ്പന്റ്, ടൂൾകിറ്റ് മുതലായവയും നൽകുന്നു. സ്കോളർഷിപ്പുകളും ഇന്റേൺഷിപ്പുകളും വ്യാവസായിക രംഗത്തെ വിദഗ്ധൻമാരുടെയും സാങ്കേതിക വിദഗ്ധരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. അദ്ധ്യാപകർക്ക് നൂതന സാങ്കേതികവിദ്യകളിൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

സംരംഭകത്വ വികസന പദ്ധതികൾ

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 32 യൂണിറ്റുകളും 10 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 15 യൂണിറ്റുകൾ Gestation period പൂർത്തിയാക്കി.

പ്രായോഗിക പരിശീലനങ്ങളും വ്യാവസായിക മേഖലയിലേയ്ക്കുള്ള പ്രവേശനവുമാണ് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ഘടകങ്ങൾ. വ്യാവസായിക ഉല്പാദനരംഗത്തുള്ള പ്രധാന വ്യവസായങ്ങളുടെ സ്വഭാവം ഈ മേഖലയിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ സ്വയം പ്രകാശന സാധ്യതയെ പിന്നോട്ടടിക്കുന്നതാണ്. ഈ സ്ഥിതിയെ തരണം ചെയ്യുന്നതിന് പോളിടെക്നിക്കുകളിൽ ഉല്പാദന പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കോഴിക്കോട് വനിതാ പോളിടെക്നിക് കാമ്പസിൽ ഉല്പാദന പരിശീലന കേന്ദ്രം 2014-15-ൽ സ്ഥാപിക്കുകയുണ്ടായി. ഈ കേന്ദ്രത്തിൽ LED ബൾബുകളും ട്യൂബുകളുമാണ് സംയോജിപ്പിച്ച് നിർമ്മിക്കുന്നത്.

നിർമ്മാണ സാമഗ്രികൾ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണവും ആരംഭിച്ചു. 2017-18-ൽ പെരുമ്പാവൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിലും ഈ സംരംഭം ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിൽ ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്ക് ആവശ്യമുള്ള Embedded System Trainer Kit(ATMEGA 32), Micro Controller (8051) trainer Kit ഇവ നിർമ്മിച്ചുവരുന്നുണ്ട്. ഈ പരിശീലന കിറ്റുകൾക്ക് മാർക്കറ്റ് മതിപ്പുവിലയുടെ ഏകദേശം 30% മാത്രമാണ് നിർമ്മാണ ചെലവായിവരുന്നത്. 2018-19-ൽ Embedded System Trainer Kit(ATMEGA 32) 65 എണ്ണവും Micro Controller (8051) trainer Kit 60 എണ്ണവും നിർമ്മിച്ചിട്ടുണ്ട്. നിർമ്മിച്ച പരിശീലന കിറ്റുകൾ സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ നിർദ്ദേശപ്രകാരം ആവശ്യാനുസരണം സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഉല്പാദന പരിശീലന കേന്ദ്രം വിദ്യാർത്ഥികൾക്ക് വ്യാവസായിക അന്തരീക്ഷം പരിചയപ്പെടുന്നതിനുള്ള സൗകര്യത്തോടൊപ്പം ഒരു ചെറിയ വരുമാനം ലഭിക്കുന്നതിനും സാഹചര്യമുണ്ടാക്കുന്നു.

2012-ൽ സ്ഥാപിതമായ TrEST (Trivandrum Engineering, Science & Technology) റിസർച്ച് പാർക്ക് വ്യാവസായിക സംരംഭങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവയുടെ സഹകരണം ലക്ഷ്യമാക്കുന്ന സംവിധാനമാണ്. ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന ഗവേഷണ പ്രവർത്തനങ്ങളെ സ്വയം സംരംഭകർക്കും വ്യവസായരംഗത്തിനുമുതകുന്ന രീതിയിൽ ഉപയുക്തമാക്കാനും സാങ്കേതികവിദ്യയുടെ പങ്കുവയ്ക്കലിനും ഈ റിസർച്ച് പാർക്ക് ലക്ഷ്യമിടുന്നു.

മറ്റ് പ്രവർത്തനങ്ങൾ

ഉപയോഗ ശൂന്യമായ യന്ത്രങ്ങളും ഉപകരണങ്ങളും മറ്റ് വസ്തുക്കളും പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി കേരളത്തിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ ടെക്നിക്കൽ സെൽ വിഭാവനം ചെയ്ത പദ്ധതിയാണ് 'പുനർജ്ജനി'. സർക്കാർ ആശുപത്രികളിലും എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും അതുപോലെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളിലുമുള്ള സ്വത്തുക്കളുടെ പുനർവിന്യാസവും പുനർനിർമ്മാണവുമാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. പ്ലംബിംഗ് മലിനജല-മാലിന്യ മാനേജ്മെന്റ്, ഇലക്ട്രിക്കൽ റിപ്പയറിംഗുകൾ എന്നിവ പദ്ധതി ലക്ഷ്യമിടുന്നു. എൻ.എസ്.എസ്. വോളണ്ടിയർമാരുടെ സേവനം ഇതിനായി

ഉപയോഗപ്പെടുത്തുന്നു. ഇത് പ്രായോഗിക പരിശീലനം നേടുന്നതിനും സാമൂഹ്യബോധം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. എല്ലാ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിലും റോബോട്ടിക് ക്ലബ്ബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സ്കൂൾ തലത്തിൽ തന്നെ ആധുനിക സാങ്കേതിക മുന്നേറ്റങ്ങളെ പറ്റിയുള്ള അനുഭവജ്ഞാനം വിദ്യാർത്ഥികൾക്ക് പ്രദാനം ചെയ്യാനുള്ള ഒരു ഇടമായി ഇവ മാറുമെന്നാണ് വിഭാവനം ചെയ്യുന്നത്. ഇവിടെ പൂർത്തിയാക്കുന്ന പ്രോജക്ടുകൾ, ടെക്നിക്കൽ ഹൈസ്കൂളുകളുടെ സംസ്ഥാനതല സാങ്കേതിക മേളയിൽ പ്രത്യേക മത്സര ഇനമായി ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു.

തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ അഡ്വാൻസ്ഡ് ഫാബ്രിക്കേഷൻ ലാബുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 3D പ്രിന്ററുകൾ റോബോട്ടിക്സ് കിറ്റ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വികസന ഉപാധികളിലെ പരിജ്ഞാനം ഡിപ്ലോമാതല വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിൽ കേരള സ്റ്റാർട്ടപ്പ് മിഷനുമായി "മിനി ഫാബ് ലാബ്" സ്ഥാപിക്കാനായി ധാരണാ പത്രം ഒപ്പ് വച്ചിട്ടുണ്ട്.

സാമൂഹ്യ നന്മ ലക്ഷ്യമിട്ട് രൂപീകരിച്ച ഹരിതകേരളം മിഷൻ ഉൾപ്പെടെയുള്ള പദ്ധതികൾക്കാവശ്യമായ സാങ്കേതിക സഹായം നൽകാനും തദ്ദേശീയമായ സാങ്കേതികവിദ്യ വികസനത്തിന് ഊന്നൽ നൽകാനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാങ്കേതിക വിവര വിനിമയത്തിലൂന്നിയ കർമ്മ പദ്ധതിയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(ബി) തൊഴിൽ വകുപ്പിന്റെ സഹായത്തോടെയുള്ള പദ്ധതികളൊന്നും തന്നെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ആരംഭിച്ചിട്ടില്ല.

## സ്പെഷ്യൽ റൂൾ ഭേദഗതി

235(3508) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാങ്കേതിക വിദ്യാഭ്യാസവകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സ്പെഷ്യൽ റൂൾസ് ഫോർ ദ കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ സർവ്വീസ് ഭേദഗതി ചെയ്യുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച കരട് പ്രൊപ്പോസൽ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുകയും ആയത് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റി വിശദമായി പരിശോധിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിലെ അഭിപ്രായങ്ങൾ പ്രകാരം സമഗ്രമായ മാറ്റം വരുത്തിയ കരട് റൂൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പുനഃസമർപ്പിക്കുകയും പ്രൊപ്പോസൽ AICTE മാനദണ്ഡങ്ങൾ കൂടി ചേർത്ത് പരിഷ്കരിച്ച് വീണ്ടും സർവ്വീസ് സംഘടനകളുമായി 20-11-2019-ലെ യോഗത്തിൽ ചർച്ച ചെയ്യുന്നതിനായി തീരുമാനിച്ചിട്ടുമുണ്ട്. അതോടൊപ്പം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകരെ സംബന്ധിക്കുന്ന സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരട് സമർപ്പിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഷൊർണ്ണൂർ ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലം വിട്ടുനൽകാൻ നടപടി**

236(3509) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ വി.എച്ച്.എസ്.ഇ.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി ഷൊർണ്ണൂർ ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലം വിട്ടുനൽകുവാൻ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ഫയൽ നമ്പറും പ്രസ്തുത ഫയലിന്റെ നാൾവഴി നടപടിക്രമങ്ങളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഷൊർണ്ണൂർ ടെക്നിക്കൽ ഹൈസ്കൂളിന്റെ പരിധിയിൽ വരുന്ന 10 ഏക്കർ 20 സെന്റ് സ്ഥലത്ത് നിന്നും നിലവിൽ വി.എച്ച്.എസ്.ഇ. കെട്ടിടം സ്ഥിതി ചെയ്യുന്ന പി.ഡബ്ല്യൂ.ഡി. റോഡിനോട് ചേർന്നുള്ള ഒരു ഏക്കർ 10 സെന്റ് സ്ഥലം വി.എച്ച്.എസ്.ഇ.-ക്ക് പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ജെ.3/412/2018/ഉ.വി.വ. നമ്പർ ഫയൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും ആയത് പ്രസ്തുത വകുപ്പ് തുടർനടപടികൾക്കായി റവന്യൂ വകുപ്പിന് നൽകുകയും ചെയ്തു.

## ചാലക്കുടിയിലെ റീജിയണൽ സയൻസ് സെന്റർ, പ്ലാനറ്റോറിയം

237(3510) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ റീജണൽ സയൻസ് സെന്റർ, പ്ലാനറ്റോറിയം എന്നിവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനും ജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി റീജിയണൽ സയൻസ് സെന്ററിന്റെയും പ്ലാനറ്റോറിയത്തിന്റെയും നിർമ്മാണ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനും ജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിനും ആവശ്യമായ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

## അധിക മാർക്ക് നൽകുന്ന സാഹചര്യം

238(3511) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ഏതൊക്കെ സാഹചര്യത്തിലാണ് വിദ്യാർത്ഥികൾക്ക് അധിക മാർക്ക് നൽകി വിജയിപ്പിക്കുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കോതമംഗലം ഇന്ദിരാഗാന്ധി എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക്കിന് പഠിച്ച അനുജ മോഹനകുറുപ്പ് എന്ന വിദ്യാർത്ഥിനി 2018 മേയിൽ നടന്ന ബി-ടെക് ആറാം സെമസ്റ്റർ പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകിയിട്ടും പരാജയപ്പെട്ടിരുന്നോ;

(സി) എം.ജി. സർവ്വകലാശാല 2019 ഫെബ്രുവരിയിൽ സംഘടിപ്പിച്ച ഫയൽ അദാലത്തിൽ പ്രസ്തുത വിദ്യാർത്ഥിനി അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത അദാലത്തിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പുനർമൂല്യനിർണ്ണയത്തിനുശേഷം വിദ്യാർത്ഥിയുടെ മാർക്ക് മോഡറേഷൻ പരിധിയിൽ വരുന്നപക്ഷം മോഡറേഷൻ നൽകാവുന്നതാണ്. ഗ്രേസ് മാർക്ക് സംബന്ധിച്ച് മികവിന്റെ രേഖകൾ സമർപ്പിക്കുന്നവർക്ക് ഗ്രേസ് മാർക്ക് അനുവദിക്കാറുണ്ട്.

(ബി) 2018 മേയ് മാസം നടന്ന ആറാം സെമസ്റ്റർ പരീക്ഷയിൽ അനുജ മോഹനകുറുപ്പിന് ഗ്രേസ് മാർക്ക് നൽകിയിരുന്നില്ല.

(സി) അപേക്ഷ സമർപ്പിച്ചിരുന്നു. "ബി-ടെക് കോഴ്സുകൾ KTU-വിലേയ്ക്ക് പോയതിനാലും ബാക്കി സെമസ്റ്ററുകളെല്ലാം ജയിച്ചതിനാലും ഏതെങ്കിലും ഒരു വിഷയത്തിന് മാത്രം ഒരു മാർക്ക് ജയിക്കാൻ ആവശ്യമായി വരികയും ചെയ്ത സാഹചര്യത്തിൽ നിലവിൽ പാസ് ബോർഡ് നൽകിയിരിക്കുന്ന മോഡറേഷനുപുറമെ ഒരു മാർക്ക് സ്പെഷ്യൽ മോഡറേഷൻ നൽകുന്നതിന് അദാലത്തിന്റെ തലേദിവസം ചേർന്ന സിൻഡിക്കേറ്റ് നിർവ്വാഹക സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്. ഇത് ബി.ടെക് കോഴ്സിനുമാത്രം ബാധകമാകുന്നതും വിദ്യാർത്ഥി അപേക്ഷിക്കുന്ന മുറയ്ക്കുമാത്രം നൽകുന്നതുമാണ്" എന്നാണ് ടി യോഗത്തിൽ തീരുമാനിച്ചത്. അദാലത്തിൽ ഇതുസംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**എം.ജി. സർവ്വകലാശാലയിൽ ഫയൽ അദാലത്ത്**

239(3512) ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവിളംബമുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് എം.ജി. സർവ്വകലാശാല ഫയൽ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ വർഷം എന്നാണ് സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അദാലത്തിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ പങ്കെടുത്തിട്ടുണ്ടോ;

(സി) ഈ അദാലത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത അദാലത്തിൽ അനുജ മോഹനകുറുപ്പ് സമർപ്പിച്ച പരാതിയിൽ (ഫയൽ നമ്പർ 190081) എന്ത് തീരുമാനമാണ് എടുത്തതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്; 2019 ഫെബ്രുവരി 22-നാണ് സർവ്വകലാശാലയിൽ അദാലത്ത് സംഘടിപ്പിച്ചത്.

(ബി) അദാലത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗം പങ്കെടുത്തിട്ടുണ്ട്. എന്നാൽ അദാലത്തിന്റെ ബിസിനസ് സെഷനിൽ പങ്കെടുത്തിട്ടില്ല.

(സി) പ്രസ്തുത അദാലത്തിൽ 280-ഓളം അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ ഓരോ ഫയലിലും പ്രത്യേകം തീരുമാനം കൈക്കൊള്ളുകയാണ് ചെയ്തത്. അദാലത്തിന്റെ മാത്രമായ ഒരു മിനിറ്റ്സ് തയ്യാറാക്കിയിട്ടില്ല.

(ഡി) അനുജ മോഹനകുറുപ്പ് സമർപ്പിച്ച പരാതിയിൽ അദാലത്ത് തീരുമാനമൊന്നുമെടുത്തിട്ടില്ല. അദാലത്തിന്റെ തലേദിവസം ചേർന്ന സിൻഡിക്കേറ്റ് നിർവ്വാഹകസമിതി ഈ വിദ്യാർത്ഥിനിയുടെ പരാതി പരിശോധിച്ച് തീരുമാനമെടുക്കുകയായിരുന്നു.

## ഫീസ് ആനുകൂല്യവും ഫിഷർമെൻ സ്കോളർഷിപ്പും

240(3513) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം നേടുന്ന ജനറൽ കാറ്റഗറി കോളേജ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഫീസ് ആനുകൂല്യം നിർത്തലാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഒ.ബി.സി., ഒ.ഇ.സി. ക്വാട്ടയിൽ കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുട്ടികൾക്ക് ലഭ്യമായിരുന്ന ഫിഷർമെൻ സ്കോളർഷിപ്പ് നിലവിൽ ലഭ്യമാക്കുന്നുണ്ടോ എന്നറിയിക്കുമോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-5-1966-ൽ പുറപ്പെടുവിച്ച സ.ഉ.(പി)നമ്പർ 208/66/Edn എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പോസ്റ്റ് മെട്രിക് തലത്തിൽ എസ്.ഇ.ബി.സി.-ക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചത്. 21-7-1972-ലെ ജി.ഒ.(എം.എസ്.)നമ്പർ

158/72/Edn. എന്ന ഉത്തരവുപ്രകാരം ടി വിദ്യാഭ്യാസാനുകൂല്യം മുന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുകൂടി അനുവദിക്കുകയുണ്ടായി. 2-5-1966-ലെ ടി ഉത്തരവുപ്രകാരം മെരിറ്റിലും റിസർവേഷനിലും പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മാത്രമാണ് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നത്. അതിനാൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം നേടുന്ന ജനറൽ വിഭാഗത്തിനോ ഒ.ബി.സി. വിഭാഗത്തിനോ വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നില്ല.

(ബി) 9-6-2014-ലെ സ.ഉ.(എം.എസ്.)നമ്പർ 47/14/മ.തു.വ ഉത്തരവു പ്രകാരമാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. പട്ടികജാതി വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾക്ക് വിധേയമായിട്ടാണ് ഫിഷറീസ് വകുപ്പ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നത്.

27-6-2011-ലെ സ.ഉ.(സാധാ)നം.587/2011/പ.ജ.പ.വ.വി.വ. പ്രകാരം സർക്കാർ നിയന്ത്രിത/അംഗീകൃത എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് അർഹ വിഭാഗം വിദ്യാർത്ഥികൾക്ക് മെരിറ്റ്/റിസർവേഷൻ മാനേജ്മെന്റ് ക്വാട്ട മാനദണ്ഡങ്ങൾ പരിഗണിക്കാതെ നിലവിലുള്ള ആനുകല്യം അനുവദിച്ച് നൽകുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് അനുവാദം നൽകിയിരുന്നു. ഇത്തരത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കാൻ അർഹതയുള്ളവർക്ക് ഫിഷറീസ് വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം നൽകുന്നതല്ല. ഇത്തരത്തിൽ ഒ.ബി.സി., ഒ.ഇ.സി. ക്വാട്ടയിൽ പ്രവേശനം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതാണ്.

## വിദേശ സർവ്വകലാശാലകളുടെ കാമ്പസ്

241(3514) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച വിദേശ സർവ്വകലാശാലകളുടെ ക്യാമ്പസ് ഇന്ത്യയിൽ തുറക്കുന്നതിന് ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ബില്ലിൽ പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശ സർവ്വകലാശാലകളുടെ ക്യാമ്പസ് സംസ്ഥാനത്ത് ആരംഭിക്കുന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് നൽകിയ അഭിപ്രായം എന്താണ്; വിശദമാക്കുമോ;

(സി) വിദേശ സർവ്വകലാശാലകൾ വന്നാൽ കുട്ടികളിൽ നിന്നും ഉയർന്ന ഫീസ് ഈടാക്കുന്നതിനും സർക്കാർ സ്ഥാപനങ്ങളിലെ മികച്ച അദ്ധ്യാപകരെ നഷ്ടപ്പെടുന്നതിനുമുള്ള സാഹചര്യം ഉണ്ടാകില്ലേയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ ബിൽ, 2019-ന്റെ ചാപ്റ്റർ III, Functions of Commission എന്ന അദ്ധ്യായത്തിൽ clause 20(4) ആയി വിദേശത്തെ പ്രശസ്തമായ സർവ്വകലാശാലകളുടെ കാമ്പസുകൾ ഇൻഡ്യയിൽ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും പ്രസ്തുത സർവ്വകലാശാലകൾക്ക് അംഗീകാരം നൽകുന്നതിനുമുള്ള അധികാരം ഹയർ എഡ്യൂക്കേഷൻ കമ്മീഷനിൽ നിക്ഷിപ്തമാണ്.

(ബി) ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ബിൽ, 2019 സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം അറിയിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ബിൽ സംബന്ധിച്ചുള്ള അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കണമെന്നും സംസ്ഥാനങ്ങളുമായി വിശദമായ ചർച്ച നടത്തണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ അഭിപ്രായം കണക്കിലെടുത്തുകൊണ്ടുമാത്രം ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ ബിൽ, 2019 നടപ്പിലാക്കണമെന്നും സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ കരടിന്മേൽ കേന്ദ്ര സർക്കാരിന് നൽകിയ അഭിപ്രായത്തിൽ സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതുമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് പൂർണ്ണമായ സ്വകാര്യവത്കരണത്തിന് വഴി തെളിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(സി) വിദേശ സർവ്വകലാശാലകൾ വന്നാൽ കുട്ടികളിൽ നിന്നും ഉയർന്ന ഫീസ് ഈടാക്കാനുള്ള സാധ്യതയുണ്ട്. കൂടാതെ മികച്ച അദ്ധ്യാപകർ ഇത്തരം സർവ്വകലാശാലകളിലേയ്ക്ക് കുടിയേറാനുള്ള സാഹചര്യവുമുണ്ടാകും. ഇൻഡ്യയിൽത്തന്നെ ഇപ്പോൾ പ്രവർത്തിക്കുന്ന സ്വകാര്യ സർവ്വകലാശാലകളിലേയ്ക്ക് പൊതുമേഖലയിലുള്ള സർവ്വകലാശാലകൾ/ഗവേഷണ

സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്രഗത്ഭരായ അക്കാദമിക്കുകൾ ജോലിക്കായി പോകുന്ന അവസ്ഥയുണ്ട്. ഇത് നിലവിലുള്ള സർവ്വകലാശാലകളെ അക്കാദമികമായി ദുർബലപ്പെടുത്താൻ ഇടയാക്കും. കൂടാതെ ഇത്തരം സർവ്വകലാശാലകളിലെ ഉയർന്ന ഫീസുമൂലം സാധാരണ വിദ്യാർത്ഥികൾക്ക് അവ അപ്രാപ്യമാകും. ഇത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി തകിടം മറിക്കാൻ ഇടയാക്കും.

### ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളുടെ നിലവാരമുയർത്തൽ

242(3515) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദ പഠനം പൂർത്തിയാക്കുന്നവർക്ക് കാലാനുസൃതമായ അറിവും കർമശേഷിയും ഉണ്ടാകുന്നു എന്ന് ഉറപ്പ് വരുത്തക്കതരത്തിലുള്ള 'Graduate attributes' സംസ്ഥാനത്തെ സർവകലാശാലകൾ തയ്യാറാക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) അന്തർ വൈജ്ഞാനിക പാഠ്യവിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളുടെ സിലബസ് പരിഷ്കരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) അന്തർ-വൈജ്ഞാനിക പാഠ്യവിഷയങ്ങൾ ഉൾക്കൊള്ളുന്ന ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളുടെ നടത്തിപ്പിനായി സർവകലാശാലകളിൽ ടെന്യൂർ ട്രാക്ക് അദ്ധ്യാപകരെ നിയമിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സർവകലാശാലകളിലെ കോഴ്സുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ഫലപ്രാപ്തിയിൽ ഊന്നിയ വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

#### ഉത്തരം

(എ&ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും

ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് സിലബസ്സിലും കരിക്കുലത്തിലും പരീക്ഷയിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകിക്കഴിഞ്ഞു. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിലാണ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലനം നൽകിയത്. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു.

ബിരുദാനന്തര പഠനത്തിന്റെ സമഗ്ര പരിഷ്കരണത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ പ്രൊഫസറായ ഇ. ഡി. ജെമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേക കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

(സി) സർവ്വകലാശാലകളിൽ പുതിയ പ്രോഗ്രാമുകൾ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ കണ്ടെത്തുന്നതിനും ടെന്യൂർ ട്രാക്ക് രീതിയിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനും സർക്കാർ ആലോചിക്കുന്നു.

(ഡി) സർവ്വകലാശാല കോഴ്സുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ഫലപ്രാപ്തിയിൽ ഊന്നിയ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സർവ്വകലാശാലകളിലെ കോഴ്സുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ശിൽപ്പശാലകൾ, അദ്ധ്യാപകർക്കായി റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുകയും കാലാനുസൃതമായി സിലബസുകൾ പരിഷ്കരിക്കുകയും ചെയ്യുന്നുണ്ട്.

സർവ്വകലാശാലയിൽ വിജ്ഞാനവർദ്ധനവും തൊഴിൽ സാധ്യതയും ലക്ഷ്യമാക്കി കാലിക പ്രാധാന്യമുള്ള നൂതന ബി.വോക് കോഴ്സുകളും ബി.എസ്.സി. ഫോറൻസിക് സയൻസ്, ബി.എ. ക്രിമിനോളജി ആൻഡ് പോലീസ് സയൻസ് എന്നീ ബിരുദ-ബിരുദാനന്തര കോഴ്സുകളും സർവ്വകലാശാല നടത്തുന്നുണ്ട്. കൂടാതെ SWAYAM പദ്ധതിയുടെ ഭാഗമായി മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകളും (MOOC) നടപ്പാക്കിയിട്ടുണ്ട്.

ഇൻഡ്യൻ ഭരണഘടന, തൊഴിൽ നൈതികത, വ്യാവസായിക സുരക്ഷ സുസ്ഥിര വികസനം, ദുരന്തനിവാരണം എന്നിവയിലുൾപ്പെടെ വൈവിധ്യമാർന്ന അഞ്ച് വിഷയങ്ങൾ എല്ലാ എഞ്ചിനീയറിംഗ് ശാഖകളിലും നിർബന്ധമായും വിദ്യാർത്ഥികൾ വിജയിക്കേണ്ട നോൺ ക്രെഡിറ്റ് കോഴ്സുകളാക്കി.

സാങ്കേതിക ശാസ്ത്ര രംഗത്തെ വിജ്ഞാന വൈവിധ്യങ്ങൾ ഉൾക്കൊള്ളാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ബി.ടെക്. മൈനർ ബിരുദവും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുവഴി ഏത് സാങ്കേതിക ശാഖയിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റ് ശാഖകളിലെ നവീനമായ വിഷയങ്ങൾ പഠിക്കാൻ അവസരം ലഭിക്കും. സാങ്കേതിക വ്യവസായ മേഖലയിലെയും ഐ.ടി. അനുബന്ധ വിവര സാങ്കേതിക, നൈപുണ്യ വികസന സ്റ്റാർട്ടപ്പ് രംഗങ്ങളിലെയും സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും കമ്പനികൾക്കും മൈനർ കോഴ്സുകൾ നടത്താനുള്ള അനുവാദമുണ്ടാകും. വ്യാവസായിക രംഗത്തെ വൈവിധ്യ വത്കരണത്തിന് അനുബന്ധമായി ഉയർന്ന് വരുന്ന കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ തത്സമയം തന്നെ പഠിക്കാനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന രീതിയിലാണ് ഈ കോഴ്സ് വിഭാവന ചെയ്തിരിക്കുന്നത്.

**ഓപ്പൺ സർവ്വകലാശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി**

243(3516) ശ്രീ. എം. സ്വരാജ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഓപ്പൺ സർവ്വകലാശാല ആരംഭിക്കുന്നതിന് ആവശ്യമായ സാധ്യതാപഠനത്തിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസറുടെ പഠന റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലയിലെ പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയും വിദൂര വിദ്യാഭ്യാസ പദ്ധതി വഴിയും നടത്തുന്ന കോഴ്സുകളാണ് ഓപ്പൺ സർവ്വകലാശാലയിലേയ്ക്ക് കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ റഗുലർ കോഴ്സുകൾക്കുള്ള അംഗീകാരം തന്നെ ലഭിക്കുന്ന പ്രസ്തുത കോഴ്സുകൾ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കീഴിൽ വരുമ്പോഴും ആയത് തുടരുമോ; ഇതിന് യു.ജി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) ഇപ്പോൾ പ്രൈവറ്റ് രജിസ്ട്രേഷൻ വഴി ബിരുദ /ബിരുദാനന്തര കോഴ്സുകൾ ഗ്രാമ പ്രദേശങ്ങളിൽ ഉള്ളവർക്കുപോലും പഠിക്കാൻ കഴിയുന്നത് പോലെ ഓപ്പൺ യൂണിവേഴ്സിറ്റികളുടെ കോഴ്സുകളും പഠിക്കുന്നതിന് അവസരം ഉണ്ടാകുമോ?

ഉത്തരം

(എ-ഡി) ഓപ്പൺ സർവ്വകലാശാലയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ആർട്സ് & സയൻസ് ട്രെയിനിംഗ് കോളേജുകൾ**

244(3517) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ആർട്സ് & സയൻസ് ട്രെയിനിംഗ് കോളേജുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പുതുതായി അനുവദിച്ച സർക്കാർ കോളേജുകളിൽ അനുവദിക്കപ്പെട്ട കോഴ്സുകളും വിഷയങ്ങളും സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ട്രെയിനിംഗ് കോളേജുകൾ ആകെ 4 എണ്ണം;

| No. | Training Colleges |
|---|---|
| 1 | Govt. College of Teacher Education, Trivandrum |
| 2 | Govt. College of Teacher Education, Thalassery |
| 3 | Govt. College of Teacher Education, Kozhikode |
| 4 | IASE Thrissur |

(ബി)

| ക്രമ നമ്പർ | കോളേജ് | കോഴ്സുകൾ |
|---|---|---|
| 1 | സർക്കാർ കോളേജ്, നിലമ്പൂർ, മലപ്പുറം | ബി.എ. മലയാളം, ബി.എസ്സി. ജോഗ്രഫി, ബി.കോം. ഫിനാൻസ് |
| 2 | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, വൈപ്പിൻ | ബി.കോം ഫിനാൻസ് & ടാക്സേഷൻ, ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബി.എസ്.സി. മാത്തമാറ്റിക്സ് |
| 3 | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കിനാനൂർ, കരിന്തളം, കാസർഗോഡ് | ബി.എ. ഇക്കണോമിക്സ്, ബി.കോം., ബി.എ. ഇംഗ്ലീഷ് |
| 4 | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, തോലനൂർ, പാലക്കാട് | ബി.എ. ഇംഗ്ലീഷ്, ബി.എസ്സി. ജോഗ്രഫി, ബി.കോം. |
| 5 | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, ശാന്തൻപാറ, പൂപ്പാറ, ഇടുക്കി | ബി.എസ്സി. മാത്തമാറ്റിക്സ്, ബി.കോം., ബി.എ. ഇംഗ്ലീഷ് |

## കോളേജുകളിലെ അക്രമരാഷ്ട്രീയം

245(3518) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലെ അക്രമരാഷ്ട്രീയം സംബന്ധിച്ച് ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ അദ്ധ്യക്ഷനായ കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കോളേജുകളിലെ അക്രമരാഷ്ട്രീയം അവസാനിപ്പിക്കുവാൻ കർശന നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ശിപാർശകളാണ് ഇതിനകം അംഗീകരിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) കോളേജുകളിലെ അക്രമരാഷ്ട്രീയം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിനായി ജസ്റ്റിസ് പി. കെ. ഷംസുദ്ദീൻ അദ്ധ്യക്ഷനായി ഒരു കമ്മീഷനെ സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടില്ല.

## സർവ്വകലാശാലകളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കുന്നതിനുള്ള പദ്ധതി

246(3519) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം വിവിധ സർവകലാശാലകളിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുള്ള സാമ്പത്തിക സഹായത്തെക്കുറിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ സർവകലാശാലകളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; പ്രസ്തുത പദ്ധതിക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സർവകലാശാലകളുടെ പ്രവർത്തനങ്ങളും സേവനങ്ങളും ആധുനീകരിക്കുന്നതിന് നടത്തിയ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയെ ഇന്റർനാഷണൽ സെന്റർ ഫോർ എക്സലൻസ് ഇൻ അക്കാദമിക് & റിസർച്ചായി ഉയർത്തുന്നതിന് കിഫ്ബി പദ്ധതിയിൽപ്പെടുത്തി 132,75,81,772.35 (നൂറ്റി മുപ്പത്തിരണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തി ഒന്നായിരത്തി എഴുനൂറ്റി എഴുപത്തിരണ്ട് രൂപ മുപ്പത്തിയഞ്ച് പൈസ മാത്രം) രൂപയുടെ ഭരണാനുമതി നൽകുകയും ടി പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കിറ്റ്കോ എന്ന സ്ഥാപനത്തെ നിയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി 81,50,00,000 രൂപയുടെ എസ്റ്റിമേറ്റിൽ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനും 51,25,81,772.35 രൂപ എസ്റ്റിമേറ്റിൽ സെൻട്രൽ ലബോറട്ടറി കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിനായുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 165 കോടി രൂപയുടെയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 207.82 കോടി രൂപയുടെയും പദ്ധതിക്ക് ഭരണാനുമതി നൽകി കഴിഞ്ഞു.

(സി) <u>ചാൻസിലേഴ്സ് അവാർഡ്</u>:- ബഹുമാനപ്പെട്ട കേരളാ ഗവർണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവ്വകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നൽകുന്നത്.

<u>കൈരളി ഗവേഷണ പുരസ്കാരങ്ങൾ</u>:- ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം, റിസർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ.

<u>എറുഡൈറ്റ് പദ്ധതി</u>:- ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ 'Scholar in Residence Scheme'. ദേശീയ/അന്തർദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നോബൽ സമ്മാന ജേതാക്കളടക്കമുള്ള ദേശീയ-അന്തർദേശീയ പ്രശസ്തരായ ഏകദേശം 300-ഓളം അക്കാദമിക പണ്ഡിതർ ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ചു.

കൗൺസിൽ ജേർണൽ:- ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'Higher Education for the Future' എന്ന 'ബൈ-ആനുവൽ' ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള അക്കാദമിക വിദഗ്ധരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഈ ജേർണൽ Scopus Data Base-ൽ ഉൾപ്പെട്ടിട്ടുണ്ട്.

## സർവ്വകലാശാലകളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ

247(3520) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർവ്വകലാശാലകളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം കോളേജുകളിൽ പുതിയ ഡിഗ്രി, പി.ജി. കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി റൂസ ധനസഹായത്തോടെ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയായിവരുന്നു. ഇതിൽ സയൻസ് വകുപ്പുകളിൽ ആധുനിക ലബോറട്ടറി ഉപകരണങ്ങൾ സ്ഥാപിക്കുക, എല്ലാ വകുപ്പുകളിലും ലൈബ്രറി പുസ്തകങ്ങൾ വാങ്ങുക, സൗജന്യ വൈഫൈ ആധുനിക ഇ-ക്ലാസ് മുറികൾ എന്നിങ്ങനെയുള്ള പദ്ധതികൾ ഉൾപ്പെടുന്നു. കൂടാതെ MOOC Course നടപ്പിലാക്കുകയും Institution Innovation Council രൂപീകരിക്കുകയും Research Council പുനഃക്രമീകരിക്കുകയും Internal Quality Assurance Cell-ന്റെ ആഭിമുഖ്യത്തിൽ Performance - Audit നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. Examination Reform ശില്പശാല നടത്തുകയും സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിനായി സിലബസ് പരിഷ്കരണം, ഇന്റർഫേസ് പ്രോഗ്രാമുകൾ, കാമ്പസ് റിക്രൂട്ട്മെന്റ് മുതലായവയും നടത്തിവരുന്നു. ഇന്റർയൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി വലിയ തോതിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. വിവിധ സെന്ററുകളുടെ കീഴിൽ സെമിനാറുകൾ, ട്രെയിനിംഗ് പ്രോഗ്രാമുകൾ

എന്നിവയും നടത്താറുണ്ട്. കൂടാതെ NAAC അംഗീകാരമില്ലാത്ത കോളേജുകളിൽ നാക് അക്രഡിറ്റേഷനുവേണ്ടിയുള്ള അക്കാദമിക പ്രവർത്തനങ്ങളും നടന്നുവരുന്നു. സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനം, നൂതന സാങ്കേതികവിദ്യയുടെ ഉപയോഗം, അക്കാദമിക മികവ്, ഭരണപരമായ ആധുനികവൽക്കരണം, ഗവേഷണരംഗത്തെ നേട്ടങ്ങൾ, എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഔട്ട് കം ബേസ്ഡ് എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് സിലബസ്സിലും കരിക്കുലത്തിലും പരീക്ഷയിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകിക്കഴിഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിലാണ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലനം നൽകിയത്. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ കോളേജുകളിൽ പുതിയതായി അഫിലിയേഷൻ നൽകിയ/അനുവദിച്ച ഡിഗ്രി, പി.ജി. കോഴ്സുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സർവ്വകലാശാലകളുമായി ബന്ധപ്പെട്ട പരിഷ്കാരങ്ങൾ**

248 (3521) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഐ .ബി. സതീഷ്:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖല വിദേശ സർവ്വകലാശാലകൾക്കും സ്വകാര്യ സർവ്വകലാശാലകൾക്കും തീറെഴുതാൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രമിക്കുന്ന കാലത്ത് സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പര്യാപ്തമായ എന്തെല്ലാം പരിഷ്കാരങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾ മുൻകാലങ്ങളെ അപേക്ഷിച്ച് പ്രവേശനത്തിലും പരീക്ഷാഫല പ്രഖ്യാപനത്തിലും വേഗത കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) സർവ്വകലാശാലകളുടെ അക്കാദമികവും ഭൗതികവുമായ വികസനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്; ഇതിനായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു; ഈ തുക ഏതു പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ ഭരണപരമായ കാര്യങ്ങളിൽ അതത് സർവ്വകലാശാലകൾ വഹിക്കുന്ന പങ്ക് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ&ബി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെയും എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയുടെയും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു. മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി 4.2076 ഹെക്ടർ ഭൂമി രജിസ്റ്റർ ചെയ്തു.

(സി) സർവ്വകലാശാലകളുടെ സമഗ്രവികസനത്തിന് കിഫ്ബി വഴി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു;

മഹാത്മാഗാന്ധി സർവ്വകലാശാല:

മഹാത്മാഗാന്ധി സർവ്വകലാശാലയെ ഇന്റർനാഷണൽ സെന്റർ ഫോർ എക്സലൻസ് ഇൻ അക്കാദമിക് & റിസർച്ചായി ഉയർത്തുന്നതിന് കിഫ്ബി പദ്ധതിയിൽപ്പെടുത്തി 132,75,81,772.35 (നൂറ്റി മുപ്പത്തിരണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തി ഒന്നായിരത്തി എഴുനൂറ്റി എഴുപത്തിരണ്ട് രൂപ മുപ്പത്തിയഞ്ച് പൈസ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല:

കിഫ്ബി വഴി 150 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് പദ്ധതി വിനിയോഗത്തിനായി സർവ്വകലാശാലയ്ക്ക് 25 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല:

2018-19 അദ്ധ്യയന വർഷത്തിൽ ദേശീയ സെമിനാറിന് 50 ലക്ഷം രൂപയും ശില്പശാലകൾക്ക് 25 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കണ്ണൂർ സർവ്വകലാശാല:

കണ്ണൂർ സർവ്വകലാശാലയുടെ ഭൗതിക വികസനത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ 1999.15 ലക്ഷം രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നു.

(ഡി) സർവ്വകലാശാലാ നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട് 2014-ലെ വ്യവസ്ഥകൾ പ്രകാരമാണ് സ്വയംഭരണ കോളേജുകൾ പ്രവർത്തിക്കുന്നത്. സ്വയംഭരണ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദങ്ങൾ നൽകുന്നതിനുപുറമെ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളും നൽകുന്നത് സർവ്വകലാശാലയാണ്. സ്വയംഭരണ കോളേജുകളിലെ താൽക്കാലിക അഫിലിയേഷനുള്ള കോഴ്സുകളുടെ അഫിലിയേഷൻ എല്ലാ വർഷവും സർവ്വകലാശാല പുതുക്കി നൽകുന്നു. കൂടാതെ സ്വയംഭരണ കോളേജുകൾ പുതുതായി കോഴ്സുകൾ ആരംഭിക്കുന്നതിന് സർവ്വകലാശാലയിൽ നിന്നും നിയമാനുസൃതം അഫിലിയേഷൻ നേടണമെന്ന് സർവ്വകലാശാല നിഷ്കർഷിക്കുന്നു.

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഡിഗ്രി, പി.ജി. സീറ്റുകൾ

249 (3522) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിൽ ഡിഗ്രി, പി.ജി.സീറ്റുകൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള കോളേജുകളിൽ ആവശ്യകത അനുസരിച്ച് മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കാൻ 21-6-2019-ലെ G.O(Ms)No. 176/2019/HEDN പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കാലിക്കറ്റ് സർവ്വകലാശാല വിവിധ കോളേജുകളിൽ 2019-20 വർഷം സീറ്റ് വർദ്ധനവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ബി.ആർക് പരീക്ഷയ്ക്ക് കോപ്പിയടിച്ച് പിടിക്കപ്പെട്ടവർക്കെതിരെ നടപടി

250 (3523) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2018 മാർച്ചിൽ നടന്ന ബി. ആർക് പരീക്ഷക്ക് കോപ്പിയടിച്ച് പിടിക്കപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ചീഫ് എക്സാമിനർ ശിപാർശ നൽകിയിരുന്നോ; എങ്കിൽ എത്ര പേർക്കെതിരെയാണ് നടപടിക്ക് ശിപാർശ ചെയ്തതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്കെതിരെ എന്തെങ്കിലും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് മാപ്പ് നൽകി ഉത്തരക്കടലാസ്സ് പരിശോധനയിലേയ്ക്കായി സിൻഡിക്കേറ്റ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാർത്ഥികൾ പരീക്ഷാ ഹാളിൽ കോപ്പിയടി നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

2018 മേയ്, ജൂൺ മാസങ്ങളിൽ നടന്ന ബി.ആർക്ക് പരീക്ഷകളിൽ 69 വിദ്യാർത്ഥികളുടെ അഡീഷണൽ ഷീറ്റുകളിൽ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തുകപോലുള്ള അനോമലികൾ ഉള്ളതായി എക്സാമിനർ റിപ്പോർട്ട് ചെയ്യുകയുണ്ടായിട്ടുണ്ട്. എന്നാൽ അൺ എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നും അറിവില്ലായ്മമൂലം ബോധപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചയാണെന്ന് കണ്ട് അവരുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി ഫലം പ്രഖ്യാപിക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്.

## എം.ജി. സർവ്വകലാശാലയിലെ മാർക്ക് ദാനം

251 (3524) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാലയിലെ വിവാദമായ മാർക്ക് ദാനത്തിൽ സർവ്വകലാശാലയ്ക്ക് വീഴ്ച സംഭവിച്ചതായി സർവ്വകലാശാലാ രജിസ്ട്രാർ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ എന്ന് അറിയിക്കുമോ;

(ബി) പരീക്ഷാഫലം പ്രഖ്യാപിച്ച ശേഷം മാർക്ക് ദാനം ചെയ്യാൻ എടുത്ത തീരുമാനം നിയമവിരുദ്ധമാണെന്ന വിലയിരുത്തൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനുണ്ടോ; ഇക്കാര്യം രജിസ്ട്രാറുടെ റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മാർക്ക് ദാന തീരുമാനത്തിന് പ്രത്യേക സമയപരിധി ഉണ്ടോ; ഇല്ലെങ്കിൽ സർവ്വകലാശാല സ്ഥാപിതമായ 1983 മുതൽ ബി.ടെക്ക് പരീക്ഷയിൽ ഒരു വിഷയം മാത്രം തോറ്റവർക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താനാവുമോ എന്ന് അറിയിക്കുമോ;

(ഡി) ഇത് ഗുരുതരമായ പാളിച്ചയാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ മാർക്ക് ദാനം റദ്ദാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) മാർക്ക് ദാനത്തിന്റെ ആനുകൂല്യത്തിൽ ഇതിനകം എത്രപേർ വിജയിച്ച സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയെന്നും ഇനിയും ഇപ്രകാരമുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ബി.ടെക് വിദ്യാർത്ഥികൾക്ക് പരമാവധി 5 മാർക്ക് മോഡറേഷൻ നൽകാനുണ്ടായ സാഹചര്യവും പ്രസ്തുത തീരുമാനം പിന്നീട് റദ്ദ് ചെയ്യാനുള്ള കാരണവും വിശദീകരിച്ച് സർവ്വകലാശാല സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോട് കൂടിയ മാർക്കിനുപുറമെ പരമാവധി 5 മാർക്ക് കൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിനാണ് തീരുമാനിച്ചിരുന്നത്. നിയമ വിരുദ്ധമാണെന്ന പ്രസ്താവം രജിസ്ട്രാറുടെ റിപ്പോർട്ടിലില്ല.

(സി&ഡി) ബി.ടെക് വിദ്യാർത്ഥികൾക്ക് പരമാവധി 5 മാർക്ക് മോഡറേഷൻ നൽകാൻ സർവ്വകലാശാല കൈക്കൊണ്ട തീരുമാനം റദ്ദ് ചെയ്തതിനാൽ ടി വിഷയത്തിന് പ്രസക്തിയില്ല.

(ഇ) ബി.ടെക് വിദ്യാർത്ഥികൾക്ക് പരമാവധി 5 മാർക്ക് മോഡറേഷൻ നൽകിയതിലൂടെ 118 വിദ്യാർത്ഥികൾ വിജയിച്ചിട്ടുണ്ട്. 133 അപേക്ഷകൾ പരിഗണിക്കാനായി ഉണ്ടായിരുന്നു. 118 വിദ്യാർത്ഥികൾ വിജയിച്ചതിൽ 45 പേർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

**മാർക്ക് ദാനം നൽകി വിജയിപ്പിക്കുന്ന രീതി**

252(3525) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാലയിൽ ബി.ടെക് കോഴ്സിന് ഒരു വിഷയം മാത്രം പരാജയപ്പെട്ടവർക്ക് മാർക്ക് ദാനം നൽകി വിജയിപ്പിക്കുന്ന സമ്പ്രദായം നിലവിലുണ്ടോ;

(ബി) ഇത്തരത്തിൽ ഒരു വിഷയം മാത്രം പരാജയപ്പെടുന്ന എല്ലാവർക്കും മാർക്ക് ദാനം നൽകി വിജയിപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) എങ്കിൽ എന്ത് മാനദണ്ഡപ്രകാരമാണ് ഇത്തരത്തിൽ മാർക്ക് ദാനം നൽകുന്നത് എന്ന് വിശദമാക്കാമോ; ഇത്തരത്തിൽ മാർക്ക് ദാനം നൽകുന്നത് സർവ്വകലാശാലാ ചട്ടങ്ങൾക്ക് അനുസൃതമാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ ഏതെങ്കിലും കോഴ്സിന് മോഡറേഷൻ നൽകി വിജയിപ്പിക്കുന്ന രീതി നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലില്ല.

(ബി&സി) ഇല്ല.

(ഡി) ഉണ്ട്. മൂല്യനിർണ്ണയത്തിനുശേഷം പാസ് ബോർഡ് യോഗം ചേർന്നാണ് മോഡറേഷൻ സംബന്ധിച്ച ശിപാർശ നൽകാറുള്ളത്. പാസ് ബോർഡ് നിർദ്ദേശം വൈസ് ചാൻസലറുടെ അനുമതിക്ക് വിധേയമായി അന്തിമവത്കരിച്ച പരീക്ഷാഫലമാണ് സർവ്വകലാശാല പ്രസിദ്ധീകരിക്കുന്നത്.

**പരീക്ഷകളിൽ മോഡറേഷൻ മാർക്ക്**

253(3526) ശ്രീ. അനിൽ അക്കര :
ശ്രീ. എ.പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.ജി. സർവ്വകലാശാലയിലെ നിയമമനുസരിച്ച് പരീക്ഷകളിൽ മോഡറേഷൻ മാർക്ക് കൂട്ടി നൽകുവാനുള്ള അധികാരം ഏത് സമിതിക്കാണ് എന്നറിയിക്കാമോ?

ഉത്തരം

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985, മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, 1997 എന്നിവ പ്രകാരം പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം സർവ്വകലാശാല സിൻഡിക്കേറ്റിനാണ്. മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അധ്യായം 4, വകുപ്പ് 23, ഉപവകുപ്പ് (XV) പ്രകാരം സിൻഡിക്കേറ്റിന് പരീക്ഷാ സംബന്ധിയായ വിഷയങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതും കൂടാതെ ആനുഷംഗികവും (incidental), അന്തർലീനവുമായ (inherent) സിൻഡിക്കേറ്റിന്റെ അധികാരം ഉപയോഗിച്ച് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാവുന്നതുമാണ്.

## അലിഗഡ് യൂണിവേഴ്സിറ്റിയുടെ മലപ്പുറം കാമ്പസിന്റെ വികസനം

254(3527) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലിഗഡ് യൂണിവേഴ്സിറ്റിയുടെ മലപ്പുറം കാമ്പസിന്റെ വികസനവുമായി ബന്ധപ്പെട്ട് അലിഗഡ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. താരിഖ് മൻസൂറുമായി വകുപ്പുമന്ത്രി ചർച്ച നടത്തിയിരുന്നുവോ; അറിയിക്കുമോ;

(ബി) പ്രസ്തുത കാമ്പസിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത് എന്നറിയിക്കാമോ; പ്രസ്തുത കേന്ദ്രം തുടങ്ങിയ സമയത്ത് ഉണ്ടായിരുന്ന കോഴ്സുകൾ ഏതെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ; കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിന് യൂണിവേഴ്സിറ്റി അധികൃതരുമായി ചർച്ച നടത്തുമോ;

(സി) അലിഗഡ് സെന്ററിന് സൗകര്യപ്പെടുത്തുന്നതിനായി രാമഞ്ചാടി കുടിവെള്ള പദ്ധതി, 33 കെ.വി സബ് സ്റ്റേഷൻ, അപ്രോച്ച് റോഡ് സൗകര്യം തുടങ്ങിയ പദ്ധതികൾ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിട്ടുണ്ടോ; പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) അലിഗഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് അലിഗഡ് സെന്ററിന് കൂടുതൽ ഫണ്ട് ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) കേന്ദ്രം തുടങ്ങിയ സമയത്ത് എം.ബി.എ., ബി.എ.എൽ.എൽ.ബി. കോഴ്സുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ എം.ബി.എ., ബി.എ.എൽ.എൽ.ബി., ബി.എഡ്. എന്നീ മൂന്ന് കോഴ്സുകളാണുള്ളത്. കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിന് സെന്റർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കുടിവെള്ള പദ്ധതിക്ക് ആവശ്യമായ സ്ഥലം നൽകുകയും സർവ്വേ നടക്കുകയും ചെയ്തിട്ടുണ്ട്. 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. നടപടി കൈക്കൊള്ളാൻ ധാരണയായിട്ടുണ്ട്. അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുകയും സർവ്വേ ചെയ്യാനുള്ള ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പരിശോധിക്കാവുന്നതാണ്.

## അസാപ് പദ്ധതിയിൽ കാലതാമസം

255 (3528) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന അസാപ് പദ്ധതിയുടെ അസെസ്മെന്റ് നടത്തുന്നതിനും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുമായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അറിയിക്കുമോ;

(ബി) ഹോസ്പിറ്റാലിറ്റി രംഗത്ത് 2016-17 അധ്യയന വർഷം നടത്തിയ കോഴ്സുകളുടെ അസെസ്മെന്റ് ഇതുവരെ നടത്താതിരിക്കുന്നതായും മൂല്യനിർണ്ണയം നടത്തിയ കോഴ്സുകളിൽ ഇതുവരെ സർട്ടിഫിക്കറ്റ് നൽകാത്തതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ആയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ചുമതലപ്പെട്ടവരോട് ഇതിനെക്കുറിച്ച് റിപ്പോർട്ട് തേടി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അസാപ്പിലൂടെ നൽകിവരുന്ന ഇംഗ്ലീഷ് ഭാഷാ പരിശീലനമായ ഫൗണ്ടേഷൻ പ്രോഗ്രാമിന്റെ പരീക്ഷാ നടത്തിപ്പിനും സർട്ടിഫിക്കറ്റ് വിതരണത്തിനും ബ്രിട്ടീഷ് കൗൺസിലിനെയും തൊഴിൽ നൈപുണ്യ കോഴ്സുകളുടെ അസസ്മെന്റുകൾ നടത്തുന്നതിനും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനും അതാത് സെക്ടർ സ്കിൽ കൗൺസിലുകളെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) ഉണ്ട്.

(സി&ഡി) 2016-17 അദ്ധ്യയന വർഷത്തിൽ ഹോസ്പിറ്റാലിറ്റി രംഗത്ത് നടത്തിയ കോഴ്സുകളിൽ രണ്ട് കോഴ്സുകളുടെ പരീക്ഷ നടത്തിയിട്ടില്ല. പ്രസ്തുത ബാച്ചുകളുടെ പരീക്ഷ ഡിസംബർ 2019-ഓടുകൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സെൻട്രൽ ഡാറ്റ ഡെപ്പോസിറ്ററി ആയ എസ്.ഡി.എം.എസ്.(സ്കിൽ ഡെവലപ്മെന്റ് ഡാറ്റ മാനേജ്മെന്റ് സിസ്റ്റം)-ലെ തകരാറുമൂലം വിതരണം ചെയ്യാൻ സാധ്യമാകാതെ പോയ സർട്ടിഫിക്കറ്റുകൾ, പ്രസ്തുത തകരാറുകൾ പരിഹരിച്ച് സമർപ്പിക്കാൻ ടൂറിസം സെക്ടർ സ്കിൽ കൗൺസിലിനോട് അസാപ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരം വിദ്യാർത്ഥികൾക്ക് ഈ ഒരു കാലയളവിലേയ്ക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

## അസാപിന് അനുവദിച്ച തുക

256(3529) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം)-ന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2019 മാർച്ച് 31 വരെ എത്ര ശതമാനം തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ;

(സി) മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തിൽ 282.20 കോടി രൂപയാണ് അനുവദിച്ചുനൽകിയത്.

(ബി) 34.45% (97.22 കോടി) രൂപയാണ് ചെലവഴിക്കപ്പെട്ടത്.

(സി) അസാപ്പിന് 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ പ്രധാന ചെലവ് ശീർഷകങ്ങളായ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണത്തിനും അസാപ് നടത്തി വരുന്ന ട്രെയിനിംഗ് സംബന്ധിച്ച പ്രവർത്തനങ്ങൾക്കുമായി 250.71 കോടി രൂപയും ഭരണ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും സർവ്വീസിംഗിനും വാങ്ങലുകൾക്കുമായി 31.49 കോടി രൂപയുമാണ് വകയിരുത്തിയത്. ഇതിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്കായി 2018-19 വർഷത്തിലേയ്ക്ക് 151.49 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി കുറവായതിനാൽ ഇതിൽ നിന്നും 34.19 കോടി രൂപയാണ് ചെലവായത്. ട്രെയിനിംഗ് ഏജൻസികൾക്കായുള്ള തുക വകയിരുത്തുന്നത് അസാപ്പിൽ ചേരാൻ സാധ്യതയുള്ള വിദ്യാർത്ഥികളുടെ എണ്ണവും ഏജൻസികൾ ടെൻഡർ സമയത്ത് ക്ലെയിം ചെയ്യാൻ സാധ്യതയുള്ളതുമായ ഫീസിന്റെയും അടിസ്ഥാനത്തിലാണ്. ഇതിലുണ്ടായ ഏറ്റക്കുറച്ചിലുകൾ കാരണം വകയിരുത്തിയ 99.22 കോടി രൂപയിൽ 41.94 കോടി രൂപ മാത്രമേ ട്രെയിനിംഗ് ഏജൻസികൾക്ക് നൽകിയിട്ടുള്ളൂ. ഭരണ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്തിയ 31.49 കോടി രൂപയിൽ 21.09 കോടി രൂപയാണ് ചെലവഴിക്കപ്പെട്ടത്.

## അമരവിളയിലെ സ്കിൽപാർക്ക്

257(3530) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമരവിളയിൽ അസാപിന്റെ നേതൃത്വത്തിൽ സ്കിൽപാർക്കിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ എടുത്ത നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) അമരവിളയിലെ സിഡ്കോയുടെ സ്ഥലത്ത് സ്കിൽപാർക്ക് നിർമ്മാണത്തിന് ഏറ്റെടുത്ത ഭൂമിയിലെ റവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) റവന്യൂ റിക്കവറി നടപടികൾ അവസാനിച്ച സ്ഥിതിക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) നെയ്യാറ്റിൻകര അമരവിള സ്കിൽ പാർക്ക് സ്ഥാപിക്കാൻ സിഡ്കോയുടെ ഉടമസ്ഥതിയലുള്ള ഭൂമി അസാപ്പിന് കൈമാറുകയുണ്ടായെങ്കിലും പ്രസ്തുത സ്ഥലത്ത് നിലനിന്നിരുന്ന ഇഷ്ടികച്ചൂള പൊളിച്ചുനീക്കാൻ മൂന്ന് തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും അസസ്മെന്റ് വാല്യൂവിനേക്കാൾ വളരെ കുറഞ്ഞ തുക ക്വാട്ട് (quote) ചെയ്യപ്പെട്ടതിനാൽ പ്രസ്തുത കെട്ടിടം പൊളിച്ചുനീക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണം യഥാസമയം ആരംഭിക്കാൻ കഴിഞ്ഞില്ല. മേൽപ്പറഞ്ഞ ഭൂമിയിൽ ഒരു റവന്യൂ റിക്കവറി കേസ് നിലനിൽക്കുന്നതായി പിന്നീട് അറിയാൻ കഴിഞ്ഞതും നിർമ്മാണം തുടങ്ങുന്നതിന് നിയമപരമായി തടസ്സമായി.

ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12-3-2019-ൽ കൂടിയ യോഗത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനുവേണ്ടി നൽകിയ സ്ഥലത്തെ റവന്യൂ റിക്കവറി സംബന്ധിച്ച വിഷയം ചർച്ച ചെയ്ത് തീർപ്പാക്കുന്നതിനും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചു നീക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ പി.ഡബ്ല്യൂ.ഡി.-യുമായി ചർച്ച ചെയ്ത് സ്ഥലം നിരപ്പാക്കി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് സ്ഥലം എം.എൽ.എ.-യെ ചുമതലപ്പെടുത്തുകയുമുണ്ടായി. സ്ഥലം നിരപ്പാക്കി കിട്ടാത്തതിനാലും ബാധ്യത ഒഴിവായതായി അറിയിപ്പ് ലഭിക്കാത്തതിനാലും സ്കിൽ പാർക്കിന്റെ ഓപ്പറേറ്റിംഗ് പാർട്ണർ തീരുമാനം ആകാത്തതിനാലും സ്കിൽ പാർക്ക് നിർമ്മിക്കാൻ തീരുമാനമായിട്ടില്ല.

(ബി&സി) അമരവിളയിലെ സിഡ്കോയുടെ സ്ഥലത്ത് സ്കിൽ പാർക്ക് നിർമ്മാണത്തിന് ഏറ്റെടുത്ത ഭൂമിയിലെ റവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിച്ചതായി അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

## ന്യൂനപക്ഷവിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

258(3531) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നിലവിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്
2. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി
3. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം
4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം
5. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്
6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി
7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ്മെന്റ് ചെയ്തുനൽകുന്ന പദ്ധതി.
8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്

9. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.

10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം നൽകുന്ന വിവാഹ ധനസഹായ പദ്ധതി

11. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി

12. നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി-മദർ തെരേസ സ്കോളർഷിപ്പ്

13. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ 3 വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന ഡോ. എ. പി. ജെ. അബ്ദുൽകലാം സ്കോളർഷിപ്പ്

14. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ്

15. മദ്രസ്സാദ്ധ്യാപകർക്കുള്ള വിവാഹധനസഹായം, ചികിത്സാ ധനസഹായം, ക്ഷേമനിധി അംഗങ്ങളായ വനിതകൾക്കുള്ള പ്രസവാനുകൂല്യം.

## ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

259 (3532) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ചെലവായ തുക എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി പുതുതായി എത്ര ഉദ്യോഗസ്ഥരെ നിയോഗിച്ചെന്നും അതിന് സർക്കാരിന് ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന പുതിയ പദ്ധതികൾകൂടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതികൾ സംസ്ഥാനതലത്തിലാണ് നടപ്പിലാക്കുന്നത്. ആയതിനാൽ ജില്ല തിരിച്ചുള്ള വിവരം ലഭ്യമല്ല.

1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്
2. ഡോ. എ.പി.ജെ. അബ്ദുൽകലാം സ്കോളർഷിപ്പ്
3. മദർ തെരേസ സ്കോളർഷിപ്പ്
4. ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി
5. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ്
6. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി പുതുതായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല.

**ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ**

260 (3533) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u>:
<u>ശ്രീ. ആർ. രാമചന്ദ്രൻ</u>:
<u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾക്കായി കുടിവെള്ള പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്ന് അറിയിക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കായി വ്യക്തിത്വ വികസന, കരിയർ ഗൈഡൻസ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ടോ;

(സി) ന്യൂനപക്ഷ വനിതകൾക്ക് സൗജന്യമായി വീട് നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്. പ്രദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്.

(സി) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് മാത്രമാണ് ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതിയിൽ വീട് നിർമ്മിച്ച് നൽകുന്നത്. 2017-18 സാമ്പത്തിക വർഷം വരെയാണ് വകുപ്പുതലത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2018-19 മുതൽ ലൈഫ് പദ്ധതിയിൽ ലയിപ്പിച്ചിരിക്കുന്നു. 2018-19 കാലയളവിൽ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനാണ് ഫണ്ട് വിനിയോഗിച്ചു വരുന്നത്. നാളിതുവരെ 5535 പുതിയ വീടുകളും 1000 പുനരുദ്ധാരണ ഭവനങ്ങളുമാണ് അനുവദിച്ചത്. ഈ പദ്ധതി പ്രകാരം 4700 പുതിയ വീടുകളും 860 പുനരുദ്ധാരണ ഭവനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്.

**കരാർ/താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ**

261(3534) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ഡയറക്ടറേറ്റിലും അതിനു കീഴിലുള്ള ഓഫീസുകളിലും കരാർ/താത്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ന്യൂനപക്ഷ ഡയറക്ടറേറ്റിൽ നിന്നും എന്തെങ്കിലും ശിപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ചുള്ള വിശദമായ വിവരം വെളിപ്പെടുത്തുമോ;

(സി) ന്യൂനപക്ഷ ഡയറക്ടറേറ്റിന് കീഴിലുള്ള കോച്ചിംഗ് സെന്ററുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ കരാർ അവസാനിച്ചിട്ടും പ്രസ്തുത സ്ഥാപനങ്ങളിൽ ജോലിയിൽ തുടർന്ന് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരാർ പുതുക്കി നൽകാതെ ഇവർ ജോലിയിൽ തുടരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) ഇല്ല.

(സി) ഉണ്ട്. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കരാർ കാലാവധി പൂർത്തീകരിക്കുന്നതിന് മുൻപായി കരാർ പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് തടസ്സം വരാതിരിക്കുന്നതിനായി കരാർ ജീവനക്കാരെ സർക്കാർ തീരുമാനമെടുക്കുന്നതുവരെ തുടരാൻ അനുവദിച്ചുവരുന്നുണ്ട്.

## ജി.പി.എസ്. എനേബിൾഡ് വെഹിക്കിൾ ട്രാക്കിംഗ്

262(3535) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് സി-ഡാക് മുഖേന നടപ്പാക്കുന്ന ജി.പി.എസ്. എനേബിൾഡ് വെഹിക്കിൾ ട്രാക്കിംഗ് ഉപകരണം വാഹനങ്ങളിൽ ഘടിപ്പിക്കുന്ന പദ്ധതി താൽക്കാലികമായി നിർത്തി വെച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളും ന്യൂനതകളും പരിശോധിക്കുന്നതിന് വിദഗ്ദ്ധസമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ടോ; ഈ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കാമോ;

(ഡി) നിലവിൽ ജി.പി.എസ്. എനേബിൾഡ് വെഹിക്കിൾ ട്രാക്കിംഗ് ഉപകരണങ്ങൾ ഘടിപ്പിച്ച വാഹനങ്ങൾക്ക് ആർ.ടി. ഓഫീസുകളിൽ അപ്രൂവൽ വാങ്ങുന്നതിന് നൽകിയ സമയ പരിധി ഒക്ടോബർ 31 എന്നത് പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നീട്ടി നൽകുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ട്രാൻസ്പോർട്ട് സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണർ, റോഡ് സേഫ്റ്റി കമ്മീഷണർ എന്നിവരടങ്ങിയ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി അതിന്റെ റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല.

(ഡി) സമയപരിധി നീട്ടിനൽകുന്ന വിഷയവും വിദഗ്ദ്ധ സമിതിയുടെ പരിഗണനയിലുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിലെ പ്രവൃത്തികളുടെ നിരീക്ഷണം**

263 (3536) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പ്ലാൻഫണ്ടും കെ.എസ്.ആർ.ടി.സി ഫണ്ടും ഉപയോഗിച്ച് നടത്തുന്ന സിവിൽ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ നിരീക്ഷണം ധനകാര്യ വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള സാങ്കേതിക തടസ്സം എന്താണെന്നറിയിക്കുമോ; ആർക്കാണ് ധനകാര്യ വകുപ്പിന്റെ നിരീക്ഷണം നടപ്പാക്കുന്നതിൽ എതിർപ്പുള്ളതെന്നറിയിക്കാമോ;

(ബി) തടസ്സം ഉണ്ടെങ്കിൽ ആയത് സത്വരം മാറ്റുന്നതിന് സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന പ്രവൃത്തികളുടെ നിരീക്ഷണം ധനകാര്യ വകുപ്പ് നടത്താറില്ല. എന്നാൽ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ വകുപ്പ് (സാങ്കേതിക പരിശോധന) വിഭാഗത്തിനെ ചുമതലപ്പെടുത്താറുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ ഇലക്ട്രിക് ബസ്സുകൾ**

264(3537) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഇലക്ട്രിക് ബസ്സുകൾ എവിടെയൊക്കെയാണ് സർവ്വീസ് നടത്തുന്നത്; ഇലക്ട്രിക് ബസ്സുകളിൽ നിന്ന് പ്രതീക്ഷിച്ച വരുമാനം കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമാകുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് ഇലക്ട്രിക് ബസ്സുകൾ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി തിരുവനന്തപുരം, എറണാകുളം ഡിപ്പോകൾ കേന്ദ്രീകരിച്ച് സർവ്വീസ് നടത്തിവരുന്നു. 5 ഇലക്ട്രിക് ബസ്സുകൾ വീതം

തിരുവനന്തപുരം സിറ്റി, എറണാകുളം എന്നീ യൂണിറ്റുകൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത്തരം ബസ്സുകൾ പരിസ്ഥിതി സൗഹാർദ്ദവും ശബ്ദരഹിതവും ആണെങ്കിലും ടി ബസ്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കുന്നില്ല.

(ബി) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ FAME II സ്കീമിൽ അനുവദിച്ച 250 ഇലക്ട്രിക് ബസ്സുകൾ wet lease വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് കോർപ്പറേഷൻ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. തിരുവനന്തപുരം മേഖല-100, എറണാകുളം മേഖല-100, കോഴിക്കോട് മേഖല-50 എന്നിങ്ങനെയാണ് fame-II സ്കീമിൽ ഇലക്ട്രിക് ബസ്സുകൾ അനുവദിച്ച് നൽകിയിട്ടുള്ളത്.

**തലസ്ഥാന നഗരത്തിലെ പൊതുഗതാഗതം**

265(3538) <u>ശ്രീ. മാണി സി. കാപ്പൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലസ്ഥാന നഗരത്തിലെ പൊതുഗതാഗതം പൂർണ്ണമായും ഇലക്ട്രിക് വാഹനമുപയോഗിച്ച് ആക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ ഗതാഗത സംവിധാനം പ്രകൃതി സൗഹാർദ്ദമാക്കുന്നതിനായി E-vehicle Policy തയ്യാറാക്കി, അതിന്റെ പ്രചരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു എക്സ്പോ കൊച്ചിയിൽ നടത്തിയിരുന്നു.

- പ്രധാനപ്പെട്ട നഗരങ്ങളിൽ 2020-ഓടെ 10,000 ഓട്ടോറിക്ഷകൾ നിരത്തിലിറക്കാൻ വേണ്ട നടപടികൾ ആരംഭിച്ചു.
- E-vehicle Policy പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താവിന് 30,000 രൂപ വരെ സഹായധനം അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു.

നിലവിൽ പെട്രോൾ/ഡീസൽ ഇന്ധനം ഉപയോഗിക്കുന്ന പതിനഞ്ച് വർഷത്തിലേറെ പഴക്കമുള്ള ഓട്ടോറിക്ഷകൾ പ്രകൃതി സൗഹാർദ്ദ ഇന്ധനത്തിലേയ്ക്ക് മാറിയാൽ മാത്രമേ 2020 ഏപ്രിൽ മുതൽ പെർമിറ്റ് നൽകുകയുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി വാഹനങ്ങളുടെ ബാറ്ററി ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് കെ.എസ്.ഇ.ബി.-യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

9 മീറ്റർ നീളമുള്ള 10 എ.സി. ഇലക്ട്രിക് ബസ്സുകൾ വാടകയ്ക്ക് ലഭ്യമാക്കി തിരുവനന്തപുരം, എറണാകുളം റൂട്ടിൽ സർവ്വീസിന് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ Fame II സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം മേഖലയ്ക്ക് അനുമതി നൽകിയ 100 ഇലക്ട്രിക് ബസ്സുകൾ wet lease വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

## കേന്ദ്ര മോട്ടോർ നിയമ ഭേദഗതി

266(3539) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ മോട്ടോർ നിയമ ഭേദഗതിയിലൂടെ വാഹന നിയമലംഘനത്തിന് ഏർപ്പെടുത്തിയ പിഴയിലെ വൻ വർദ്ധനവ് ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കിയ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിലുള്ള നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുപകരം വൻതുക പിഴയായി ചുമത്തിയ സർക്കാർ ഉത്തരവ് പിൻവലിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) രാജസ്ഥാൻ, പശ്ചിമബംഗാൾ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ പുതിയ ഭേദഗതി നടപ്പിലാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതേ മാതൃകയിൽ ഭേദഗതി നടപ്പിലാക്കാതിരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 1-9-2019-ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച്, സംസ്ഥാന സർക്കാർ, നിയമലംഘനങ്ങൾക്കുള്ള പിഴയുടെ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പുതിയ നിരക്കുകൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പൊതുജന പ്രതിഷേധം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പ്രസ്തുത പിഴ നിരക്കുകൾ പുനഃപരിശോധിക്കുകയും സംസ്ഥാന സർക്കാരിന് കുറയ്ക്കാൻ സാധിക്കുന്ന പിഴ തുകകൾ 26-10-2019-ലെ സ.ഉ. (പി) 37/2019/ഗതാ. നമ്പർ പ്രകാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള പിഴയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്.

(സി)കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം, 1-9-2019-ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. ആയതിനാൽ അതിനനുസൃതമായി കേരളത്തിലും വിജ്ഞാപനം ഇറക്കേണ്ടത് അനിവാര്യമാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര മോട്ടോർ വാഹന നിയമം രാജ്യമൊട്ടാകെ നിലവിൽ വന്നുകഴിഞ്ഞതിനാൽ പഴയ നിരക്കിൽ പിഴ ചുമത്തുക സാധ്യമല്ല.

## സൂപ്പർ ഫാസ്റ്റ് ബസ്സുകളുടെ പെർമിറ്റ് കാലാവധി

267(3540) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ ഫാസ്റ്റ് ബസ്സുകളുടെ പെർമിറ്റ് കാലാവധി ഏഴ് വർഷത്തിൽ നിന്നും ഒൻപത് വർഷമായി വർദ്ധിപ്പിക്കണമെന്ന് കെ.എസ്.ആർ.ടി.സി. സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യ പ്രകാരം സൂപ്പർ ഫാസ്റ്റ് സർവ്വീസുകളുടെ പരമാവധി കാലാവധി അഞ്ച് വർഷത്തിൽ നിന്നും ഏഴ് വർഷമായി നീട്ടിയിരുന്നോയെന്ന് അറിയിക്കാമോ;

(സി) ഏഴ് വർഷമെന്നത് ഒൻപത് വർഷമായി നീട്ടുന്നത് സാങ്കേതിക ക്ഷമത നിലനിർത്തുന്നതിന് സാധിക്കാത്ത സാഹചര്യവും സുരക്ഷാ ഭീതി ഉണ്ടാക്കുവാനും ഇടയാക്കില്ലേ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ അഭ്യർത്ഥനയിന്മേൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് വിഭാഗത്തിലെ ബസ്സുകൾക്ക് 9 വർഷമായി കാലപരിധി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ആർ.ടി.സി. സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) 1-12-2018-ലെ സ.ഉ.(പി)43/2018/ഗതാ. നമ്പർ ഉത്തരവുപ്രകാരം സൂപ്പർ ഫാസ്റ്റ് സർവ്വീസുകളുടെ പരമാവധി കാലാവധി 5 വർഷത്തിൽ നിന്നും 7 വർഷമായി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി&ഡി) സൂപ്പർ ഫാസ്റ്റ് ബസ്സുകളുടെ കാലാവധി 7 വർഷത്തിൽ നിന്നും 9 വർഷമായി ഉയർത്തുന്നതിനുള്ള അപേക്ഷ സർക്കാർ അംഗീകരിച്ചിട്ടില്ല.

## ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്

268 (3541) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പ് ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ നടത്തുന്ന പരിശോധനയിലൂടെ നാളിതുവരെയായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) നാളിതുവരെയായി ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സിലൂടെ പിഴയായി എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്' എന്ന വാഹന പരിശോധനയിലൂടെ ഇതുവരെ 11,082 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 21-4-2019-ലെ സംഭവത്തിൽ ഉൾപ്പെട്ട സ്വകാര്യ ബസ്സുകളിലെ ഡ്രൈവർമാരുടെ ലൈസൻസുകൾ ഒരു വർഷത്തേയ്ക്ക് സസ്പെന്റ് ചെയ്തു. ഇത്തരം അന്തർ-സംസ്ഥാന സർവ്വീസുകളെ നിയന്ത്രിക്കുന്നതിനായി ഇവയുടെ ബുക്കിംഗ് ഏജന്റുമാർക്ക് കേരള മോട്ടോർ വാഹന ചട്ടം 193 പ്രകാരമുള്ള LAPT ലൈസൻസ് നിർബന്ധമാക്കുന്നതിനും പുതിയ നിബന്ധനകൾ ഏർപ്പെടുത്തികൊണ്ടും ചട്ടങ്ങൾ നിർബന്ധ മാക്കിക്കൊണ്ടും കേരള സർക്കാർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തു. പുതിയ നിബന്ധന പ്രകാരം നാളിതുവരെ 10 LAPT ലൈസൻസുകൾ നൽകിയിട്ടുണ്ട്. 127 അപേക്ഷകൾ വിവിധ ജില്ലകളിലായി പരിഗണനിയിലുണ്ട്. നിയമ സാധുത ഇല്ലാതെയും നിബന്ധനകൾ പാലിക്കാതെയും പ്രവർത്തിക്കുന്ന ബുക്കിംഗ് ഏജന്റുമാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 4,27,77,850 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

## ഇലക്ട്രിക് ഓട്ടോകൾക്കായി വൈദ്യുതി വാഹന റീ-ചാർജ്ജ് സ്റ്റേഷനുകൾ

269(3542) ശ്രീ.അബ്ദുൽ ഹമീദ് പി.:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് ഓട്ടോകൾക്ക് കൂടുതലായി പ്രോത്സാഹനം നൽകാൻ ഗതാഗത വകുപ്പ് നടപടി സ്വീകരിക്കുമോ;

(ബി) ഇലക്ട്രിക് ഓട്ടോകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) സാധാരണ ഓട്ടോകളിൽ നിന്ന് വ്യത്യസ്തമായി ഇവ കൂടുതൽ ലാഭകരവും പരിസ്ഥിതി സൗഹൃദപരവുമാണോ; വിശദമാക്കാമോ;

(ഡി) ഇലക്ട്രിക് ഓട്ടോകൾക്കായി വൈദ്യുതി വാഹന റീചാർജ്ജ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ ഇലക്ട്രിക് പോളിസിയുടെ ഭാഗമായി പ്രധാനപ്പെട്ട നഗരങ്ങളിൽ 2020-ഓടെ 10,000 ഓട്ടോറിക്ഷകൾ നിരത്തിലിറക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇലക്ട്രിക് ഓട്ടോ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താവിന് വാഹന വിലയുടെ 25 ശതമാനം അല്ലെങ്കിൽ 30,000 രൂപ ഏതാണോ കുറവ് ആ തുക സഹായധനമായി അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുന്നതിന് കെ.എസ്.ഇ.ബി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 8.20 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സാധാരണ ഓട്ടോറിക്ഷയിൽ നിന്നും വ്യത്യസ്തമായി ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് കാർബൺ എമിഷൻ ഇല്ലാത്തതിനാൽ വായു മലിനീകരണം തീരെയില്ല. കൂടാതെ ഇലക്ട്രിക് ഓട്ടോകൾക്ക് ശബ്ദമലിനീകരണവുമില്ല. ഇക്കാരണങ്ങളാൽ ഇലക്ട്രിക് വാഹനങ്ങൾ കൂടുതൽ പരിസ്ഥിതി സൗഹാർദ്ദപരമാണ്. കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാകുമെന്നതിനാലും അറ്റകുറ്റപ്പണികൾ തീരെ കുറവാണെന്നതിനാലും ഇലക്ട്രിക് ഓട്ടോറിക്ഷകൾ ഡീസൽ/പെട്രോൾ ഓട്ടോറിക്ഷകളേക്കാൾ ലാഭകരമായിരിക്കും.

(ഡി) സംസ്ഥാന സർക്കാരിന്റെ വൈദ്യുത വാഹന നയമനുസരിച്ച് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽ നിന്നും 8.20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

### വാഹനങ്ങളുടെ അമിതവേഗം കണ്ടെത്തുന്നതിന് നടപടി

270(3543) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെയിൻ സെൻട്രൽ റോഡിൽ വാഹനങ്ങളുടെ അമിതവേഗം കണ്ടെത്തുന്നതിന് എവിടെയെല്ലാം ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ക്യാമറകളിൽ നിലവിൽ പ്രവർത്തനക്ഷമമല്ലാത്തവ ഏതെല്ലാം സ്ഥലങ്ങളിലാണ്;

(സി) അമിതവേഗം കണ്ടെത്തുന്നതിനായി സ്ഥാപിച്ച മുഴുവൻ ക്യാമറകളും പ്രവർത്തന സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വെങ്ങൂർ, പുല്ലുവഴി, കോടിമത, മണ്ണുര്, ചങ്ങനാശ്ശേരി ബൈപ്പാസ്.

(ബി)1. കോടിമതയിൽ നിലവിലുള്ളവയിൽ ഒരെണ്ണം പ്രവർത്തനക്ഷമമല്ല.

2. മണ്ണൂരിൽ ഒരു ക്യാമറയാണ് ഘടിപ്പിച്ചിരിക്കുന്നത്. അത് അപകടത്തിൽപ്പെട്ട് പ്രവർത്തനക്ഷമമല്ലാതായിരിക്കുകയാണ്.

3. ചങ്ങനാശ്ശേരി ബൈപ്പാസിൽ രണ്ട് ക്യാമറയാണ് ഘടിപ്പിച്ചിരിക്കുന്നത്. ബി.എസ്.എൻ.എൽ. കേബിൾ മാറ്റിയിടുന്നത് കാരണം ഇതുരണ്ടും പ്രവർത്തനക്ഷമമല്ല.

(സി) പ്രവർത്തനസജ്ജമാക്കാൻ കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുന്ദമംഗലത്ത് ജോയിന്റ് ആർ.ടി. ഓഫീസ്**

271(3544) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് ഒരു ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കുന്ദമംഗലത്ത് ഒരു ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

## വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ

272(3545) <u>ശ്രീ. എം. നൗഷാദ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ നിഷേധിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് കൺസഷൻ നിരക്കിൽ യാത്ര അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് അവലംബിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ, എയ്ഡഡ് മേഖലകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി കൺസഷൻ നിരക്കിലെ യാത്ര നിജപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥി കൺസഷൻ സൗകര്യം ആർക്കും നിഷേധിച്ചിട്ടില്ല. എന്നാൽ തനത് വർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടെയും ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും 40 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധി ആവശ്യപ്പെട്ട അപേക്ഷകളും കെ.എസ്.ആർ.ടി.സി. നാമമാത്രമായി ഓടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള കൺസഷൻ ടിക്കറ്റുകളും പ്രത്യേക അനുമതി നൽകി ചീഫ് ഓഫീസ് തലത്തിൽ തീർപ്പ് കൽപ്പിക്കാറുണ്ട്.

(ബി) 2019-20 വർഷത്തിൽ ആവശ്യമായ രേഖകൾ ഹാജരാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും യൂണിറ്റ് തലത്തിൽ നൽകിവന്നിരുന്ന കൺസഷൻ ടിക്കറ്റ് വിതരണത്തിൽ യാതൊരു മുടക്കവും നാളിതുവരെ വന്നിട്ടില്ലാത്തതാണ്. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായാണ് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. ഒരു വർഷമെങ്കിലും കാലദൈർഘ്യമുള്ള, സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള മുഴുവൻ കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും പഠനത്തിന് സൗജന്യ നിരക്കിൽ കെ.എസ്.ആർ.ടി.സി. കൺസഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ

കൂടാതെ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി. നിബന്ധനകൾക്ക് വിധേയമായി കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നുണ്ട്. ഒരു വർഷക്കാലത്തിൽ കുറയാതെയുള്ള സർക്കാർ അംഗീകാരം നൽകിയിരിക്കുന്ന മുഴുവൻ കോഴ്സുകളിലേയും വിദ്യാർത്ഥികൾക്ക് പരമാവധി 40 കിലോമീറ്റർ വരെയുള്ള ദൂരപരിധിക്കാണ് കൺസഷൻ സൗകര്യം നിലവിൽ നൽകിവരുന്നത്. അതാത് സ്ഥാപനങ്ങൾ തനതുവർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കാണ് ഇത്തരം സ്ഥാപനങ്ങൾക്ക് കൺസഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള അനുമതി നൽകുന്നത്.

(ഡി) കൺസഷൻ പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

**മോട്ടോർ വാഹന നിയമം 2019 പ്രകാരമുള്ള പിഴ**

273(3546) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്തിയ പുതിയ മോട്ടോർ വാഹന നിയമം 2019 പ്രകാരം വിവിധ ലംഘനങ്ങൾക്ക് ചുമത്തുന്ന പിഴ സംഖ്യ അതേപടി സംസ്ഥാനം അംഗീകരിച്ചിട്ടുണ്ടോ;

(ബി) കേരള സംസ്ഥാനം അംഗീകരിച്ചിട്ടുള്ള പിഴ സംഖ്യകൾ സംബന്ധിച്ച ഭേദഗതി വരുത്തിയ നിരക്കുകൾ പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ സംസ്ഥാനങ്ങൾക്ക് നിശ്ചയിക്കപ്പെട്ട് പിഴ സംഖ്യകളിൽ ഭേദഗതി വരുത്താൻ പറ്റുമോ; ആയതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരമുണ്ടാകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 1-9-2019-ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച്, സംസ്ഥാന സർക്കാർ, നിയമലംഘനങ്ങൾക്കുള്ള പിഴയുടെ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പുതിയ നിരക്കുകൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പൊതുജന പ്രതിഷേധം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പ്രസ്തുത പിഴ നിരക്കുകൾ പുനഃപരിശോധിക്കുകയും സംസ്ഥാന സർക്കാരിന് കുറയ്ക്കാൻ സാധിക്കുന്ന പിഴ തുകകൾ 26-10-2019-ലെ സ.ഉ.(പി)37/2019/ഗതാ നമ്പർ പ്രകാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള പിഴയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ഇതുസംബന്ധിച്ച് 26-10-2019-ലെ സ.ഉ.(പി)37/2019/ഗതാ. നമ്പർ വിജ്ഞാപനം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി) മോട്ടോർ വാഹന നിയമത്തിലെ 200-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ടാണ് കേന്ദ്രം നിഷ്കർഷിച്ചതിൽ നിന്നും വ്യത്യസ്തമായി കുറഞ്ഞ നിരക്കിൽ സംസ്ഥാന സർക്കാർ പിഴ തുകകൾ നിശ്ചയിച്ചിട്ടുള്ളത്. ഇതിനെതിരെ കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

## NH-766-ൽ കർണ്ണാടക അതിർത്തിയിൽ രാത്രിയാത്രാ നിരോധനം

274(3547) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) NH 766- ൽ കർണ്ണാടക അതിർത്തിയിൽ രാത്രി യാത്രാ നിരോധനം പകൽ സമയത്തേയ്ക്കുകൂടി നീട്ടുന്നത് സംബന്ധിച്ച നീക്കം നടക്കുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേരളത്തിലെ ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് സുപ്രീം കോടതിയെ ബോധ്യപ്പെടുത്താൻ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കർണ്ണാടക സർക്കാരുമായി ഇതുസംബന്ധിച്ച് ആശയവിനിമയം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാനത്തെ ജനങ്ങൾക്കുള്ള ആശങ്ക കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) ബന്ദിപ്പൂർ വഴിയുള്ള ദേശീയ പാതയിൽ രാത്രി ഒൻപതുമണി മുതൽ രാവിലെ ആറുമണി വരെയുള്ള യാത്രാ നിരോധനം പകൽ കൂടി ബാധകമാക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. മാത്രമല്ല രാത്രി യാത്രാ നിരോധനം സംബന്ധിച്ചുള്ള കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഗതാഗതം പൂർണ്ണമായും നിരോധിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും സുപ്രീം കോടതിയിൽ നിന്നുമുണ്ടായിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള റോഡ് സേഫ്റ്റി അതോറിറ്റി

275(3548) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് സേഫ്റ്റി അതോറിറ്റി 19-12-2018-ൽ A2/1240/KRSA/2018 നമ്പർ കത്തിനോടൊപ്പം അയച്ച ശ്രീമതി സ്മിതാ മാത്യു എന്നയാളുടെ അപേക്ഷയിൽ തിരുവനന്തപുരം ജില്ല റോഡ് സേഫ്റ്റി കൗൺസിൽ ചെയർമാനായ ജില്ലാ കളക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റോഡ് സേഫ്റ്റി അതോറിറ്റി ഈ അപേക്ഷയിന്മേൽ 19-12-2018-ൽ ബി.എസ്.എൻ.എൽ. ചീഫ് ജനറൽ മാനേജർക്ക് നൽകിയ കത്തിന്മേൽ നാളിതുവരെ എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കേരള റോഡ് സേഫ്റ്റി അതോറിറ്റി ശ്രീമതി സ്മിതാ മാത്യു എന്നയാളുടെ 31-10-2018-ലെ അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള റോഡ് സേഫ്റ്റി അതോറിറ്റി 19-12-2018-ൽ പ്രസ്തുത പരാതി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അയച്ചുനൽകിയിട്ടുണ്ട്. എന്നാൽ തുടർനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ബി.എസ്.എൻ.എൽ. ചീഫ് ജനറൽ മാനേജർക്ക് അയച്ച കത്തിന് മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല.

(സി) കേരള റോഡ് സേഫ്റ്റി അതോറിറ്റി ശ്രീമതി സ്മിതാ മാത്യുവിന്റെ പരാതി പകർപ്പ് തുടർനടപടികൾ സ്വീകരിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടർക്ക് അയച്ച് നൽകുകയും ബി.എസ്.എൻ.എൽ. ചീഫ് ജനറൽ മാനേജർക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

## റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച് കൊല്ലം ജില്ലയിലെ പ്രവൃത്തികൾ

276(3549) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് കൊല്ലം ജില്ലയിൽ എത്ര പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; അവ ഏതെല്ലാം; എത്ര തുക ഇതിനായി വിനിയോഗിച്ചു; വ്യക്തമാക്കുമോ;

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊട്ടിയം-കുണ്ടറ റോഡിൽ 17 കി.മീ. നീളത്തിൽ 5 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന പദ്ധതിക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.-ക്ക് കൈമാറി. ബ്ലാക്ക് സ്പോട്ടുകളുടെ നിർമ്മാർജ്ജനം, കവലകളുടെ നവീകരണം, വേഗത കുറയ്ക്കാൻ സഹായകമായ സംവിധാനങ്ങൾ, School Zone-കളിലെ സുരക്ഷ, നടപ്പാത നിർമ്മാണം തുടങ്ങിയവ ഈ പദ്ധതയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

കൊല്ലം, കൃഷ്ണപുരം പുതിയകാവ് റോഡിൽ ട്രാഫിക്ക് സുരക്ഷാ പ്രവർത്തനങ്ങൾക്കായി 65 ലക്ഷം രൂപ അംഗീകരിക്കുകയും 30 ലക്ഷം രൂപ കൈമാറുകയും ചെയ്തു.

കൊല്ലം റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി 5,92,362 രൂപ അനുവദിച്ചിട്ടുണ്ട്.

കൊല്ലം കരീലകുളങ്ങര മുതൽ കൊറ്റംകുളങ്ങര വരെ റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി 63.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൊല്ലം ബൈപ്പാസ് റോഡിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് സമഗ്ര റോഡ് സുരക്ഷാ ക്രമീകരണങ്ങൾക്കായി റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും 39-ാം കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗിൽ 3,72,04,924 രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സുരക്ഷിത യാത്ര ലക്ഷ്യംവച്ചുകൊണ്ട് കെ.എസ്.റ്റി.പി. വേൾഡ് ബാങ്ക് ഫണ്ടുപയോഗിച്ച് കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കോറിഡോർ പദ്ധതി. അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ സംവിധാനങ്ങൾ, ഉപകരണങ്ങൾ, വേഗതാ നിയന്ത്രണ ഉപാധികൾ, സുരക്ഷാ സമ്പ്രദായങ്ങൾ, കാൽ നടയാത്രക്കാർക്കുള്ള സുരക്ഷാ സംവിധാനങ്ങൾ, സ്കൂൾ സോൺ സുരക്ഷാ സംവിധാനങ്ങൾ, ക്രാഷ് ബാരിയർ, സിഗ്നൽ സംവിധാനങ്ങൾ, പാർക്കിംഗ് Slot-കൾ, ആധുനിക ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട റോഡ് ഇടനാഴിയിൽ ഒരുക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്ത് മോഡൽ കോറിഡോർ റോഡായി ആദ്യം തെരഞ്ഞെടുത്തത് 82 കി.മീ. ദൈർഘ്യമുള്ള കഴക്കൂട്ടം-അടൂർ ദേശീയ പാതയാണ്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയിൽ കൊട്ടാരക്കര നിയോജകമണ്ഡലവും ഉൾപ്പെടുന്നതാണ്.

## വാഹന പരിശോധന ഏകീകൃതവും കാര്യക്ഷമവുമാക്കുന്നതിന് നടപടി

277(3550) <u>ശ്രീ. രാജു എബ്രഹാം:</u>

<u>ശ്രീ. എൻ. വിജയൻ പിള്ള:</u>

<u>ശ്രീ. ആന്റണി ജോൺ:</u>

<u>ശ്രീ. എം. മുകേഷ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധന ഏകീകൃതവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രവും ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മോട്ടോർ വാഹന നിയമം ലംഘിച്ചും അമിത വേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഏകീകൃതവും സുതാര്യവുമായ വാഹന പരിശോധന ഉറപ്പാക്കുന്നതിനായി എല്ലാ ആർ.ടി.ഒ./സബ് ആർ.ടി.ഒ. ഓഫീസുകളിലും കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ കണ്ണൂർ, കോഴിക്കോട്, മൂവാറ്റുപുഴ, തിരുവനന്തപുരം, പാറശ്ശാല, ഉഴവൂർ എന്നിവിടങ്ങളിൽ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കും പ്രവർത്തിക്കുന്നുണ്ട്.

എല്ലാ സംസ്ഥാനങ്ങളിലും ഓരോ മാതൃക ഇൻസ്പെക്ഷൻ ആൻഡ് ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കേഷൻ കേന്ദ്രം (വാഹനങ്ങളുടെ) സ്ഥാപിക്കാനുള്ള കേന്ദ്ര പദ്ധതി പ്രകാരം മട്ടാഞ്ചേരിയിൽ പ്രസ്തുത കേന്ദ്രം സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ തളിപ്പറമ്പ്, കാസർഗോഡ്, എടപ്പാൾ, തൃപ്പൂണിത്തുറ എന്നിവിടങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) മോട്ടോർ വാഹന വകുപ്പ് അമിതവേഗത, അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ തടയുന്നതിനായി സേഫ് കേരള പദ്ധതി പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. അമിതവേഗത കണ്ടെത്തുന്നതിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിക്കുക, അമിത വേഗത, ഓവർലോഡ്, മൊബൈൽ ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുക എന്നീ കുറ്റങ്ങൾ ചെയ്യുന്നവർക്കെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയമലംഘനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നു. നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ 'Third Eye' പദ്ധതി നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ വാഹനാപകടങ്ങൾ

278(3551) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഈ വർഷം നാളിതുവരെ എത്ര വാഹനാപകടങ്ങൾ സംഭവിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വാഹനാപകടങ്ങളിൽ മരിച്ചവർ എത്രയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) ജില്ലയിൽ ഏറ്റവും കൂടുതൽ അപകടങ്ങളും അപകടമരണങ്ങളും ഉണ്ടായിട്ടുള്ളത് ഏത് മാസത്തിലാണെന്ന് അറിയിക്കുമോ;

(ഡി) ജില്ലയിൽ വാഹനാപകട മേഖലകൾ എത്രയെന്നും അവ ഏതെല്ലാം പ്രദേശങ്ങളാണെന്നും വ്യക്തമാക്കുമോ;

(ഇ) ജില്ലയിൽ ഒരു ദിവസം ശരാശരി എത്ര വാഹനാപകടങ്ങൾ സംഭവിക്കുന്നുവെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 2019 ജനുവരി മുതൽ സെപ്റ്റംബർ വരെ 3368 അപകടങ്ങളാണ് തൃശ്ശൂർ ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത അപകടങ്ങളിൽ 306 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 2019-ലെ അപകട നിരക്കുകൾ അനുസരിച്ച് മേയ് മാസത്തിലാണ് ഏറ്റവും കൂടുതൽ അപകടങ്ങളും മരണങ്ങളും നടന്നിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് നടത്തിയ Black Spot പഠനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ 26 ഉയർന്ന അപകട സാധ്യത സ്ഥലങ്ങളും 12 medium risk സ്ഥലങ്ങളുമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ഇ) ജില്ലയിൽ ഒരു ദിവസം ശരാശരി 13 അപകടങ്ങൾ സംഭവിക്കുന്നുണ്ട്.

## ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം

279(3552) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ വിദ്യാർത്ഥികളിൽ ട്രാഫിക് അവബോധം സൃഷ്ടിക്കാൻ ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കേരളത്തിലെ 20 ഗവൺമെന്റ് ഹൈസ്കൂളുകളിൽ സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകിയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ്, വിദ്യാഭ്യാസ വകുപ്പുകൾ തയ്യാറാക്കിയ പ്രൊപ്പോസലുകൾ കേരള റോഡ് സുരക്ഷാ അതോറിറ്റി പരിഗണിക്കുകയും ടി രണ്ട് പ്രൊപ്പോസലുകളും സംയോജിപ്പിച്ച് നടപ്പാക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ച് വരികയുമാണ്.

പോലീസ് വകുപ്പ് നടപ്പാക്കുന്ന "ശുഭയാത്ര" എന്ന പദ്ധതിയുടെ ഭാഗമായി പട്ടം ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ "സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം" ആരംഭിച്ചിട്ടുണ്ട്. Technical Support Group-ന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കി പോലീസ് വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**പൊതുഗതാഗത വാഹനങ്ങളിൽ ഡാഷ് ക്യാമറ**

280(3553) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ മാത്രം 4199 പേർ റോഡപകടങ്ങളിൽ സംസ്ഥാനത്ത് മരണമടയുകയും 31,000 പേർക്ക് ഗുരുതരമായി പരിക്കേറ്റുമായ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) കൂടാതെ 2012 മുതൽ എല്ലാ വർഷവും ശരാശരി നാലായിരത്തിലേറെ പേർ നിരത്തുകളിലെ അപകടങ്ങളിൽ കൊല്ലപ്പെടുന്നതും നാൽപ്പതിനായിരത്തോളം പേർക്ക് പരിക്കേൽക്കുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുഗതാഗത വാഹനങ്ങളിൽ ഡാഷ് ക്യാമറ സ്ഥാപിക്കേണ്ട കാലം അതിക്രമിച്ചെന്ന ഹൈക്കോടതി പരാമർശം സർക്കാർ വിലയിരുത്തുകയുണ്ടായോ;

(ഡി) എങ്കിൽ 5000 രൂപയിൽ താഴെ മാത്രം വില വരുന്ന ഡാഷ് ക്യാമറകൾ പൊതു വാഹനങ്ങളിൽ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) ഇതുവഴി ദൃശ്യങ്ങൾ റിക്കോർഡ് ചെയ്യാനാവുന്നതുകൊണ്ട് വാഹനമോടിച്ചയാളെ തിരിച്ചറിയാനും അതുവഴി ഇൻഷ്വറൻസ്, കേസന്വേഷണം തുടങ്ങിയവയ്ക്ക് ഇത് ഏറെ സഹായകമാകുമെന്നും സർക്കാർ കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ടി കേസിൽ അന്തിമ ഉത്തരവ് വന്നതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) പൊതു വാഹനങ്ങളിൽ ഡാഷ് ക്യാമറ സ്ഥാപിക്കുന്നതുമൂലം വാഹനാപകട കേസുകളിൽ വളരെയധികം തെളിവുകളും അപകടവുമായി ബന്ധപ്പെട്ട കാരണങ്ങളും ശേഖരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

**കരുനാഗപ്പള്ളി മിനി സിവിൽസ്റ്റേഷനുമുന്നിൽ സ്ഥാപിച്ചിരിക്കുന്ന സിഗ്നൽ ലൈറ്റുകൾ**

281(3554) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരത്തിൽ മിനി സിവിൽസ്റ്റേഷനു മുന്നിൽ സ്ഥാപിച്ചിരിക്കുന്ന സിഗ്നൽ ലൈറ്റുകൾ കാലപ്പഴക്കം ചെന്ന് യഥാവിധി പ്രവർത്തിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഏത് ഏജൻസിയാണ് ഇതു സ്ഥാപിച്ചതെന്നും, ആരുടെ നിയന്ത്രണത്തിലാണ് ഇത് പ്രവർത്തിക്കുന്നതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത ലൈറ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേടായ ക്യാമറകൾ സംബന്ധിച്ച് പോലീസ് വകുപ്പിൽ നിന്നും റോഡ് സുരക്ഷാ അതോറിറ്റി മുമ്പാകെ സമർപ്പിച്ച ആനുവൽ മെയിന്റനൻസ് പ്രൊപ്പോസലിൽ പ്രസ്തുത സിഗ്നൽ ലൈറ്റും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രൈവറ്റ് ഏജൻസി മുഖേനയാണ് ടി സിഗ്നൽ ലൈറ്റ് സ്ഥാപിച്ചത്.

(സി) പോലീസ് വകുപ്പിൽ നിന്നും ലഭ്യമായ, കേടായ ക്യാമറകളുടെ തകരാറ് പരിഹരിക്കേണ്ട ആനുവൽ മെയിന്റനൻസ് പ്രൊപ്പോസലിൽ, പോലീസ് കരുനാഗപ്പള്ളി ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറയും ഉൾപ്പെട്ടിട്ടുണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റി പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും സംസ്ഥാനം മുഴുവൻ സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റ് തകരാർ പരിഹരിക്കുന്നതിന് ആനുവൽ മെയിന്റനൻസ് കോസ്റ്റായി 4,78,01,309 രൂപ 34-ാമത് കേരള റോഡ് സേഫ്റ്റി മീറ്റിംഗ് അംഗീകരിക്കുകയും ആദ്യ ഗഡുവായി ഒരു കോടി രൂപ 22-12-2018-ൽ

സംസ്ഥാന പോലീസ് മേധാവിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സിഗ്നൽ ലൈറ്റ് മെയിന്റനൻസ് നടത്തി തകരാർ പരിഹരിക്കാൻ സാധിക്കുന്നില്ലായെങ്കിൽ കൊല്ലം ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ വഴി സിഗ്നൽ മാറ്റി സ്ഥാപിക്കാൻ പ്രൊപ്പോസൽ ലഭ്യമാകുകയാണെങ്കിൽ ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതികളും പ്രവർത്തനങ്ങളും

282(3555) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ വാഹനപ്പെരുപ്പവും അമിത വേഗതയും കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കേരള റോഡ് സേഫ്റ്റി അതോറിറ്റി നടത്തി വരുന്ന പ്രവൃത്തികളും പദ്ധതികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റോഡുകളിൽ വാഹനപ്പെരുപ്പം കുറയ്ക്കുന്നതിനുള്ള നടപടികളൊന്നും തന്നെ മോട്ടോർ വാഹന വകുപ്പ് തുടങ്ങിയിട്ടില്ല.

സംസ്ഥാനത്ത് റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രത്യേക പരിശോധനകൾ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. ഇതുകൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തികഴിഞ്ഞു. ഇതുവഴി അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. നിലവിൽ നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറ നിരീക്ഷണ സംവിധാനത്തിലാണ്. ഈ മേഖലയിലെ സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിതവേഗതയിൽ സഞ്ചരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ വാളയാർ-വടക്കഞ്ചേരി നാഷണൽ ഹൈവേയിൽ ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും

നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിത വേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറിയുള്ള സർവ്വീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനും കഴിയുകയും നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ആയതുവഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിക്കും. കൂടാതെ നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാപരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹന ക്ഷമതാപരിശോധനാ കേന്ദ്രങ്ങളും എല്ലാ ആർ.ടി.ഒ./സബ്.ആർ.ടി.ഒ.-കളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. അതുകൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽ നിന്നും ശക്തമാക്കിയിട്ടുണ്ട്. ഈ വർഷം വിവിധ നിയമലംഘനങ്ങൾക്കായി ആകെ 21,246 പേരുടെ ലൈസൻസ് റദ്ദുചെയ്യുകയുണ്ടായി. ഇതുകൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന 'സേഫ് കേരള' എന്ന എൻഫോഴ്സ്മെന്റ് നിരീക്ഷണ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരുടെ റോഡിലുള്ള സാന്നിധ്യവും വാഹന പരിശോധനയും അപകടങ്ങൾക്ക് കാരണമാകുന്ന അമിത വേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, ഓവർ ലോഡ് എന്നീ പ്രവണതകളെ തടയുന്നു. ഇതുകൂടാതെ 2011 മുതൽ ആരംഭിച്ച റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. വിദ്യാർത്ഥികൾ, ഡ്രൈവർമാർ, ബസ് ജീവനക്കാർ എന്നിവർക്കായി പ്രത്യേക ക്ലാസ്സുകൾ നടത്തിവരുന്നു. എല്ലാ വർഷവും പൊതുജന പങ്കാളിത്തത്തോടുകൂടി റോഡ് സുരക്ഷാവാരം ആചരിക്കുന്നു. ഈ സമയത്ത് വിദ്യാർത്ഥികളെ ഉൾപ്പെടുത്തികൊണ്ട് റോഡ് സുരക്ഷാ സന്ദേശങ്ങളും ലഘുരേഖകളും പ്രചരിപ്പിക്കുന്നുമുണ്ട്.

(ബി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ

1. സേഫ് കേരള

കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള 'സേഫ് കേരള' പദ്ധതി.

2. ശബരിമല സേഫ് സോൺ

ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന "ശബരിമല സേഫ് സോൺ" പദ്ധതി.

3. ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

4. മാതൃകാ സുരക്ഷാ വീഥി

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. ചലഞ്ച് ഫണ്ടുപയോഗിച്ച് താഴെ ചേർത്തിരിക്കുന്ന പദ്ധതികളും നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.-ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

i. തൃശ്ശൂർ-കുന്നംകുളം റോഡ് (24 കി.മീ.)

ii. എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ-മുനമ്പം)

iii. കൊട്ടിയം-കുണ്ടറ (17 കി.മീ.)

iv. മെഡിക്കൽ കോളേജ്-പേട്ട, തിരുവനന്തപുരം

v. വെള്ളയമ്പലം-തമ്പാനൂർ, തിരുവനന്തപുരം

vi. പാവങ്ങാട്-കോരപ്പുഴ, കോഴിക്കോട് (5.5 കി.മീ.)

5. <u>ബോധവൽക്കരണ പരിപാടികൾ</u>

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം. റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും, ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

6. <u>റോഡ് സുരക്ഷാ വാരാചരണം</u>

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനുമുതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധന/പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം 2019 ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു.

7. <u>സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി</u>

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് 2019 ജൂൺ 10 മുതൽ 14 വരെ നടത്തിയ റോഡ് സുരക്ഷാ വാരാചരണത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്ക് മുൻഗണന നൽകി. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുകയുണ്ടായി. കൂടാതെ തന്നെ, സ്കൂൾ അംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

8. സംസ്ഥാനത്ത് റോഡുകളിൽ വാഹനങ്ങളുടെ അമിതവേഗം തടയുന്നതിനും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുമായി സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിക്കുന്നതിന് പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവയ്ക്ക് പ്രസ്തുത വകുപ്പുകളുടെ ആവശ്യപ്രകാരം ഫണ്ട് അനുവദിക്കാറുണ്ട്. മോട്ടോർ വാഹന വകുപ്പിന് ഈ ഇനത്തിൽ 60 ലക്ഷം രൂപ 13-03-2019-ൽ കൈമാറിയിട്ടുണ്ട്.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുള്ള ക്യാമറകൾ

283(3556) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമലംഘകരെ കണ്ടെത്തുവാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുള്ള ക്യാമറകൾ പൊതുനിരത്തുകളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി എത്ര ക്യാമറകൾ വാങ്ങിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആരിൽ നിന്നാണ് വാങ്ങുന്നതെന്നും അതിനായി എന്ത് ചെലവ് വരുമെന്നും വ്യക്തമാക്കുമോ;

(സി) ഹൈവേകളിൽ നിലവിൽ വകുപ്പ് സ്ഥാപിച്ച ക്യാമറകളിൽ പലതും പ്രവർത്തനക്ഷമമല്ലെന്നത് വസ്തുതയല്ലേ; എങ്കിൽ പുതുതായി ക്യാമറകൾ സ്ഥാപിക്കുമ്പോൾ അവ കാലാകാലങ്ങളിൽ പരിശോധിച്ച് പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുള്ള ക്യാമറകൾ പൊതുനിരത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ സംരംഭം പ്രാരംഭഘട്ടത്തിലാണ്.

(ബി) ഓരോ ജില്ലകളിലും സേഫ് കേരള പദ്ധതിയുടെ ഭാഗമായി നൂറോളം വിവിധതരം ക്യാമറകളും കൺട്രോൾ റൂമുകളും സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്. ഇതിന്റെ കൃത്യമായ ചെലവ് കണക്കാക്കിയിട്ടില്ല.

(സി) വകുപ്പ് സ്ഥാപിച്ച ക്യാമറകളിൽ പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ പരിശോധിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും പുതുതായി ക്യാമറകൾ സ്ഥാപിക്കുമ്പോൾ അവ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പുവരുത്താനും കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അന്തർ സംസ്ഥാന സ്വകാര്യ ബസ് സർവ്വീസുകൾ

284(3557) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുനിന്നും വേളാങ്കണ്ണി, നാഗപട്ടണം, പോണ്ടിച്ചേരി എന്നിവിടങ്ങളിലേയ്ക്ക് അന്തർ സംസ്ഥാന സ്വകാര്യ ബസ് സർവ്വീസുകൾ ഇല്ല

എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനിൽക്കുന്നതുമൂലമാണോ തീർത്ഥാടനകേന്ദ്രമായ വേളാങ്കണി അടക്കമുള്ള പ്രദേശങ്ങളിലേയ്ക്ക് തിരുവനന്തപുരത്ത് നിന്ന് ബസ്സുകൾ സർവ്വീസ് ആരംഭിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിലേയ്ക്ക് കളിയിക്കാവിളയിൽ നിന്നും ബസ്സുകൾ സർവ്വീസ് ആരംഭിക്കുന്നതുമൂലം പൊതുജനങ്ങൾക്കും തീർത്ഥാടകർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) അയൽസംസ്ഥാനങ്ങളുമായി കാലാകാലങ്ങളിൽ രൂപീകരിക്കുന്ന അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലുള്ള കരാറുകൾ പ്രകാരം സ്വകാര്യ ബസുകൾക്ക് തിരുവനന്തപുരത്ത് നിന്നും വേളാങ്കണ്ണി, നാഗപട്ടണം, പോണ്ടിച്ചേരി എന്നിവിടങ്ങളിലേയ്ക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളതല്ലാത്തതാണ്. തിരുവനന്തപുരം - വേളാങ്കണ്ണി റൂട്ടിലും എറണാകുളം - പോണ്ടിച്ചേരി റൂട്ടിലും കെ.എസ്.ആർ.ടി.സി.-യ്ക്ക് സർവ്വീസ് ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ഓൺലൈൻ ടാക്സി സർവ്വീസ്**

285(3558) <u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ ടാക്സികളുടെ വർദ്ധിച്ചുവരുന്ന സ്വീകാര്യത കണക്കിലെടുത്ത് ഗതാഗത വകുപ്പ് മുൻകൈയ്യെടുത്ത് ഓൺലൈൻ ടാക്സി സർവ്വീസ് സർക്കാർ തലത്തിൽ ആരംഭിക്കുന്നതിന് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ ജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായ രീതിയിൽ സംസ്ഥാനത്തെ ഓട്ടോകൾ, ടാക്സി കാറുകൾ, മറ്റിതര ടാക്സികൾ ഇവ ഉൾപ്പെടുത്തി ഓൺലൈൻ ടാക്സി സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ&ബി) തൊഴിൽ വകുപ്പിന് കീഴിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിയന്ത്രണത്തിൽ കേരളത്തിലെ വാണിജ്യ വാഹനങ്ങൾക്കായി യൂബർ, ഓല മോഡലിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിശോധനയിലാണ്. ആയത് സംബന്ധിച്ച് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ITI Ltd. സമർപ്പിച്ച പ്രൊപ്പോസൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് പരിശോധിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യിൽ ഡീസൽ വാങ്ങുന്നതിലെ ക്രമക്കേട്

286(3559) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രതിദിനം എത്ര തുകയുടെ ഡീസൽ ആവശ്യമുണ്ട്; ആയതിന് എത്ര കോടി രൂപയാണ് എണ്ണ കമ്പനികൾക്ക് നൽകി വരുന്നത്; വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കമ്പനികളിൽ നിന്നാണ് നിലവിൽ ഡീസൽ വാങ്ങുന്നത്; പ്രസ്തുത കമ്പനികൾ എത്ര തുകയ്ക്കാണ് ഡീസൽ നൽകുന്നതെന്നും, ആയതിന് പൊതുവില എത്രയാണ് ഈടാക്കുന്നതെന്നും, പ്രസ്തുത കമ്പനികൾക്ക് കുടിശ്ശികയിനത്തിൽ എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. എണ്ണ കമ്പനികളിൽ നിന്നും മുൻ വർഷങ്ങളിൽ ഡീസൽ വാങ്ങിയത് ടെണ്ടർ വഴിയാണോ അതോ ചർച്ചകളലൂടെയാണോ എന്നറിയിക്കാമോ; ചർച്ചകളിലൂടെ വാങ്ങിയതിൽ വേണ്ടുന്ന ഇളവ് ലഭ്യമായോ; ഇല്ലെങ്കിൽ അക്കാലയളവിലെ വാങ്ങൽ സംബന്ധിച്ച് വിശദമായ പരിശോധന നടത്താനും കുറ്റക്കാർക്കെതിരെ നടപടിയെടുക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) നിലവിൽ സർക്കാർ ടെണ്ടർ വഴിയാണോ അതോ ചർച്ച വഴിയാണോ ഡീസൽ വാങ്ങാൻ നടപടി സ്വീകരിച്ചു വരുന്നത്; വിശദാംശം നൽകുമോ;

(ഇ) നിലവിൽ ഒരു ലിറ്റർ ഡീസൽ വിലയിൽ എത്ര ശതമാനമാണ് കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് നികുതിയിനത്തിൽ സർക്കാർ ഈടാക്കുന്നത്; പ്രസ്തുത നികുതിയിൽ കുറവുവരുത്തി കെ.എസ്.ആർ.ടി.സി.-യെ സേവന മേഖലയിൽ നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ പ്രതിദിനം ശരാശരി 430 കിലോ ലിറ്റർ ഡീസൽ ഉപയോഗിക്കുന്നു. ഇതിന് പ്രതിദിനം 2.90 കോടി രൂപ എണ്ണ കമ്പനികൾക്ക് നൽകി വരുന്നു.

(ബി) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നീ പൊതുമേഖലാ എണ്ണ കമ്പനികളിൽ നിന്നുമാണ് ഡീസൽ വാങ്ങിവരുന്നത്. 2013-ൽ ഡീസൽ പ്രൈസ് വേരിയേഷൻ വന്നയിനത്തിൽ നിലവിൽ 54.40 കോടി രൂപയുടെ ബാധ്യതയുണ്ട്. കൂടാതെ ഓയിൽ കമ്പനികളും കെ.എസ്.ആർ.ടി.സി.-യുമായുള്ള കരാർ പ്രകാരം അനുവദനീയമായ 135 കോടി രൂപയുടെ ക്രെഡിറ്റും നിലനിൽക്കുന്നുണ്ട്.

(സി) സർക്കാർ അംഗീകൃത വാങ്ങൽ നയമനുസരിച്ച് പൊതുമേഖലാ എണ്ണ കമ്പനികളിൽ നിന്നും വിലപേശൽ നടത്തി കരാറിൽ ഏർപ്പെട്ടാണ് വാങ്ങൽ പ്രക്രിയ നടത്തി വരുന്നത്. ഡീസൽ വിലയിലുള്ള കിഴിവിന് പകരമായി മുൻവർഷങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഓയിൽ കമ്പനികൾ ലഭ്യമാക്കികൊണ്ടിരുന്ന ക്രെഡിറ്റ് പരിധി ഉയർത്തി വാങ്ങിയിട്ടുണ്ട്. കൂടാതെ 300 രൂപ ഒരു കിലോ ലിറ്ററിന് എന്ന നിലയിൽ കിഴിവും ലഭ്യമാക്കിയിരുന്നു.

(ഡി) പോലീസ്, കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങി സർക്കാരിലും സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും എണ്ണ കമ്പനികളിൽ നിന്ന് വിലപേശൽ നടത്തി കരാറിൽ ഏർപ്പെട്ടാണ് വാങ്ങൽ പ്രക്രിയ നടത്തി വരുന്നത്. മേൽ പ്രക്രിയയിലൂടെ തന്നെ ഇന്ത്യൻ ഓയിൽ കോർപ്പറേഷന് നിലവിൽ കിലോലിറ്ററിന് 1700 രൂപ കിഴിവും 45 ദിവസത്തെ ക്രെഡിറ്റും 10.01.2019 മുതൽ ലഭ്യമാകുന്നുണ്ട്. ഇത് 30 ദിവസത്തെ ക്രെഡിറ്റായി കുറയുകയാണെങ്കിൽ 1975 രൂപയായി കിഴിവ് വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഈ നിരക്ക് കർണ്ണാടക ആർ.റ്റി.സി.-യിൽ തത്സമയം ടെണ്ടർ മുഖാന്തരം ലഭ്യമായ ഏറ്റവും മികച്ച ഓഫറിന് തുല്യമാണ് (1975 രൂപ കിഴിവും 30 ദിവസ ക്രെഡിറ്റും). പ്രതിദിനം ഏതാണ്ട് 2200 കിലോ ലിറ്റർ ഉപയോഗമുള്ള കർണ്ണാടക RTC യിലെ 1975 രൂപയും 30 ദിവസം ക്രെഡിറ്റും എന്നത് പ്രതിദിനം 430 കിലോലിറ്റർ മാത്രം ഉപയോഗമുള്ള കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നത് മെച്ചപ്പെട്ട ഓഫറാണ്. തുടർന്ന് കർണ്ണാടക ആർ.റ്റി.സി.യിലെ പുതിയ ടെണ്ടറിൽ ഡിസ്കൗണ്ട് വർദ്ധിച്ചതനുസരിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി മെച്ചപ്പെട്ട ഓഫറിനായുള്ള ചർച്ചകൾ പുരോഗതിയിലാണ്.

(ഇ) ഒരു ലിറ്റർ ഡീസൽ വിലയിൽ സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതി സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കും പ്രകാരമാണ്.

1. 22.76% വാണിജ്യ നികുതി,
2. ഒരു കിലോ ലിറ്ററിന് 1,000 രൂപ അധിക നികുതി അതായത് ലിറ്ററിന് ഒരു രൂപ,
3. ഇതുകൂടാതെ 1% സെസ്സ്.

കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഹൈസ്പീഡ് ഡീസലിന്റെ നികുതി കുറവ് ചെയ്യുന്നതിന് 2020-21ലെ പദ്ധതി നിർദ്ദേശങ്ങളിൽ ഇക്കാര്യമുൾപ്പെടുത്തി സമർപ്പിക്കുന്നതാണെന്ന് കെ.എസ്.ആർ.ടി.സി. അറിയിച്ചിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി. -യുടെ പുതിയ ബസുകൾ

287(3560) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകളാണ് നിരത്തിലിറക്കിയത്; ഏതൊക്കെ കമ്പനികളിൽ നിന്നാണ് പ്രസ്തുത ബസ്സുകൾ വാങ്ങിയത്; വിശദമാക്കാമോ;

(ബി) ബസ്സുകൾ വാങ്ങിയ ഇനത്തിൽ പ്രസ്തുത കമ്പനികൾക്ക് കെ.എസ്.ആർ.ടി.സി. തുക നൽകുവാനുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കാമോ;

(സി) ഈ തുക ഈടാക്കുവാനായി കമ്പനി കെ.എസ്.ആർ.ടി.സി യ്ക്കെതിരെ കേസ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

#### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസുകളുടെ (101 എണ്ണം) വിവരം ചുവടെ ചേർക്കുന്നു.

| തീയതി | എണ്ണം | സ്ഥാപനം |
|---|---|---|
| 30-9-2016 | 1 സി.എൻ.ജി. ബസ് | M/s. അശോക് ലൈലാന്റ് ലിമിറ്റഡ് |
| 25-9-2017 | 20 പൂർണ്ണ നിർമ്മിത സൂപ്പർ ഫാസ്റ്റ് | M/s.അശോക് ലൈലാന്റ് ലിമിറ്റഡ് |
| 25-9-2017 | 80 പൂർണ്ണ നിർമ്മിത ഫാസ്റ്റ് പാസഞ്ചർ | M/s.അശോക് ലൈലാന്റ് ലിമിറ്റഡ് |
| ആകെ | 101 ബസ് | |

ഇതുകൂടാതെ 10 എ.സി. സ്കാനിയ ബസുകൾ, 10 എ.സി. ഇലക്ട്രിക് ബസുകൾ എന്നിവ M/s. മഹാവോയേജ് എന്ന സ്ഥാപനത്തിൽ നിന്നും വെറ്റ് ലീസ് വ്യവസ്ഥയിൽ വാടകയ്ക്കെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്, 70 ഡീസൽ ബസുകളുടേയും 1 CNG ബസിന്റെയും തുകകൾ, 18,86,74,135.50 രൂപ നൽകാനുണ്ട്.

(സി) ടി വിഷയവുമായി ബന്ധപ്പെട്ട് കേസ് നിലവിലില്ല. M/s. അശോക് ലൈലാന്റ് ലിമിറ്റഡ് വിതരണം നടത്തിയ 100 Fully Build ബസുകളിൽ 70 എണ്ണത്തിന്റെയും 1 CNG ബസിന്റെയും തുകയും അതിന്റെ പലിശയും ചേർത്ത് മൊത്തം തുക 19,95,90,550 രൂപ കുടിശ്ശിക ആയത് നൽകണമെന്ന് കാണിച്ച് വക്കീൽ നോട്ടീസ് ലഭിച്ചതിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-ക്കുള്ള സാമ്പത്തിക സഹായം

288(3561) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് വർഷം തോറും ലഭിച്ചുവരുന്ന സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-ക്ക് 2861.75 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

## കെ.എസ്.ആർ.ടി.സി.- യിലെ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ഡ്യൂട്ടി ക്രമം

289(3562) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ലൈൻ ഡ്യൂട്ടിക്കാരായ കണ്ടക്ടർക്കും/ ഡ്രൈവർക്കും സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമപ്രകാരം സൈൻ ഓൺ മുതൽ സൈൻ ഓഫ് വരെയുള്ള മൊത്ത സമയവും ഡ്യൂട്ടിയിൽ തന്നെയാണ് എന്നാണോ കണക്കാക്കുന്നത്; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഡ്യൂട്ടി നോക്കുന്ന കണ്ടക്ടർക്കും ഡ്രൈവർക്കും എട്ടും, പത്തും, പതിനാറും, പതിനെട്ടും, ഇരുപതും മണിക്കൂർ ആയിട്ടും ഡ്യൂട്ടി അവസാനിക്കാതെ വരുമ്പോൾ അവർക്ക് 8 മണിക്കൂർ കഴിഞ്ഞ് അധികം വരുന്ന സമയത്തിന് അടുത്ത ഡ്യൂട്ടി, അധികമായി പണി എടുക്കുന്ന ഓരോ മണിക്കൂറിനും ഓവർടൈം ശമ്പളം, അധികരിച്ച പണി രാത്രിയിലാണെങ്കിൽ ഓവർടൈം എന്നിവ എപ്രകാരം കണക്കാക്കണമെന്ന നിർദ്ദേശമാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ഈ വിഭാഗം ജീവനക്കാരെ സിംഗിൾ ഡ്യൂട്ടിയോ, ഒന്നര ഡ്യൂട്ടിയായോ അതിലധികമോ സമയം ജോലി എടുപ്പിക്കുന്നതിനെതിരെ ഹൈക്കോടതിയുടെയോ രാജ്യത്തെ മറ്റേതെങ്കിലും കോടതിയുടെയോ നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ അതിന് വിരുദ്ധമായി മേപ്പടി ജീവനക്കാരെ കെ.എസ്.ആർ.ടി.സി. യിൽ പണി എടുപ്പിക്കുന്നത് കോടതി നിർദ്ദേശത്തിന് അനുസൃതമായിട്ടാണോ; ഇല്ലെങ്കിൽ കോടതിയുത്തരവിന് വിരുദ്ധമായ ഈ നടപടിക്ക് മുൻകാല പ്രാബല്യത്തോടെ സാമ്പത്തിക ആനുകൂല്യം നല്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) എട്ടും, പതിനാറും, പതിനെട്ടും, ഇരുപതും ഇരുപത്തിനാലും മണിക്കൂർ പണിയെടുക്കുന്ന ഈ വിഭാഗം ജീവനക്കാർക്ക് അന്നത്തെ ഷെഡ്യൂൾ അവസാനിപ്പിക്കുമ്പോൾ അവർ അധികമായി ജോലി നോക്കിയ രണ്ട് മുതൽ എട്ട് മണിക്കൂർ വരെയുള്ള സമയത്തിന് ഒരു അധിക ഡ്യൂട്ടി പോലും നല്കാതെ ഇവരുടെ അടിസ്ഥാന ശമ്പളത്തിന്റെ കണക്കെടുത്ത് അര, മുക്കാൽ, ഒന്ന്, ഒന്നര തുടങ്ങിയ മണിക്കൂറുകൾക്ക് മാത്രം തുക കണക്കാക്കി നല്കുന്ന തൊഴിൽ അനീതി അവസാനിപ്പിക്കാൻ അടിയന്തര നിർദ്ദേശം നല്കുമോ;

(ഇ) ഇത്തരം നിയമങ്ങൾ കെ.എസ്.ആർ.ടി.സി.-യിലെ ഈ വിഭാഗം തൊഴിലാളികളിൽ മാത്രം അടിച്ചേൽപ്പിച്ച് അവരെ കോടതി കയറ്റി സാമ്പത്തികനഷ്ടം വരുത്തിക്കുന്ന രീതി യുക്തമാണോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) അല്ല. 1961-ലെ മോട്ടോർ തൊഴിലാളി നിയമത്തിലെ 2(f) പ്രകാരം ജോലി സമയം സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുപ്രകാരം റണ്ണിംഗിനായെടുക്കുന്ന സമയവും അനുബന്ധ ജോലികൾക്കായുള്ള സമയവും ബസ് ടെർമിനലുകളിൽ 15 മിനിട്ടിനുതാഴെ ചെലവഴിക്കുന്ന ഡ്യൂട്ടിയോടനുബന്ധിച്ചുള്ള സമയവും ഉൾക്കൊള്ളിച്ചാണ് ആകെ ഡ്യൂട്ടി സമയം കണക്കാക്കുന്നത്. പ്രസ്തുത നിയമത്തിലെ 2(k), 13-ാം വകുപ്പ് എന്നിവ പ്രകാരം ഡ്യൂട്ടികളിലെ സ്പ്രെഡ് ഓവർ സമയം കണക്കാക്കുന്നതിനും ആകെ ജോലി സമയം കണക്കാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി, മാനവവിഭവശേഷി പൂർണ്ണമായും, കാര്യക്ഷമമായും വിനിയോഗിക്കണമെന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ക്രമീകരണം നടത്തിയിട്ടുള്ളത്. നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് അധിക സമയം ജോലി ചെയ്യുന്ന ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് നിലവിലുള്ള ദിവസവേതനമാണ് നൽകിവരുന്നത്.

(സി) നിർദ്ദേശം നിലവിലില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.-യിലെ ഡ്യൂട്ടി പരിഷ്കരണത്തിനെ സംബന്ധിച്ച് റ്റി.ഡി.എഫ്. സംഘടന മുതൽപ്പേർ ഹർജിക്കാരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ W.A.No.1994/2017 (in WP(C) No.19644/2017), W.A.No.2037/2017 (in WP(C) No.23871/2017) എന്നീ നമ്പരുകളായും റജുമോൻ ജോസഫ് മുതൽപേർ ഹർജിക്കാരായി W.A.No.1797/2017 (in WP(C) No.19476/2017) നമ്പരായും കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ W.A.No.2346/2017 (WP(C) No.19465/2017)- നമ്പരായും റിട്ട് ഹർജി/അപ്പീലുകൾ ഫയൽ ചെയ്തിരുന്നു. ടി അപ്പീൽ ഹർജിയിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961-ലെ വ്യവസ്ഥകൾ പാലിച്ച് ടി നമ്പർ ഹർജിയിലെ ഹർജികക്ഷികളെയും അംഗീകൃത ട്രേഡ് യൂണിയൻ പ്രതിനിധികളെയും നോട്ടീസ് നൽകി കേട്ട് ഉചിതമായ തീരുമാനമെടുക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി-ക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതിൻപ്രകാരം ടി കക്ഷികളെ നേരിൽ കേൾക്കുകയും അതിൻപ്രകാരം 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം പുനഃക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തൊഴിലാളി സംഘടനകൾ പണിമുടക്കുൾപ്പെടെയുള്ള സമര മാർഗ്ഗങ്ങൾ സ്വീകരിച്ചതിനെത്തുടർന്ന് നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ക്രമം നിശ്ചയിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന നിലവിലുള്ള സാഹചര്യത്തിൽ ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തോടെ ആവക ആനുകൂല്യങ്ങൾ നൽകണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

(ഡി) നിലവിൽ എല്ലാ ഷെഡ്യൂളുകൾക്കും നിയമപ്രകാരമുള്ള ഷെഡ്യൂൾ സമയക്രമത്തിനനുസരിച്ച് ഡ്യൂട്ടി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. മാനവവിഭവശേഷി പൂർണ്ണമായും കാര്യക്ഷമമായും പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് പ്രസ്തുത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. എട്ട് മണിക്കൂറിലധികമായി വരുന്ന അര, മുക്കാൽ, ഒന്ന്, ഒന്നര, രണ്ട് എന്നീ മണിക്കൂറുകൾക്ക് അധിക ഡ്യൂട്ടി നൽകാൻ നിലവിലെ സാഹചര്യത്തിൽ നിർവ്വാഹമില്ലാത്തതാണ്.

(ഇ) മാനവവിഭവശേഷി പൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തണമെന്ന ലക്ഷ്യത്തോടെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം 1961-ലെ നിയമത്തിലെ വ്യവസ്ഥകൾക്കും തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലുമാണ് നിലവിൽ ഡ്യൂട്ടിക്രമം നിശ്ചയിച്ച് വരുന്നത്. സർക്കാർ ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി.-യിൽ റഫറണ്ടം

290(3563) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ കാലാവധി 14-6-2019-ന് അവസാനിച്ചശേഷമുള്ള റഫറണ്ടം നടപടി ഏതുവരെ ആയെന്നും റഫറണ്ടം എന്നേക്ക് നടത്തുമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത റഫറണ്ടത്തിൽ യൂണിയനുകൾക്ക് അംഗീകാരത്തിന് വേണ്ട വോട്ട് വിഹിതം ഉയർത്തുന്നതിനുള്ള നീക്കം ഉണ്ടോ; എങ്കിൽ അത് ഏത് വരെയാകുമെന്നറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ 2016-ൽ നടന്ന റഫറണ്ടം പ്രകാരം കോർപ്പറേഷനിലെ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ കാലാവധി 14-6-2019 വരെ ആണെങ്കിലും 2010-ലെ ട്രേഡ് യൂണിയനുകളുടെ അംഗീകാരം സംബന്ധിച്ച നിയമത്തിലെ (Act 16 of 2010) 9-വകുപ്പ് പ്രകാരം നിലവിലുള്ള അംഗീകൃത തൊഴിലാളി യൂണിയനുകളുടെ കാലാവധി 6 മാസക്കാലത്തേയ്ക്കോ അടുത്ത റഫറണ്ടം നടത്തി അംഗീകാരം നൽകുന്നത് വരെയോ (ഏതാണോ ആദ്യം വരുന്നത് അതുവരെ) നിലനിൽക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യിൽ റഫറണ്ടം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലേബർ കമ്മീഷണർക്ക് കോർപ്പറേഷൻ കത്ത് നൽകിയിട്ടുണ്ട്. ലേബർ കമ്മീഷണറുടെ നിർദ്ദേശമനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) റഫറണ്ടത്തിൽ യൂണിയനുകൾക്ക് അംഗീകാരത്തിന് വേണ്ട വോട്ട് വിഹിതം ഉയർത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളക്കരാർ**

291(3564) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള കരാറിന്റെ കാലാവധി അവസാനിച്ചത് എന്നാണ്; ഇത് പുതുക്കി നൽകുന്നതിന് ഉദ്ദേശമുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ശമ്പളക്കരാർ നടപ്പാക്കുന്നതിനായി തൊഴിലാളി സംഘടനകൾ എത്ര തവണ ആവശ്യമുന്നയിച്ചിട്ടുണ്ട്; എങ്കിൽ ഏതൊക്കെ സംഘടനകൾ; എത്ര തവണ വീതം; തീയതി സഹിതം അറിയിക്കുമോ;

(സി) ടി ശമ്പളക്കരാർ പുതുക്കുന്ന വേളയിൽ, മറ്റ് പൊതുമേഖല/വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി ഇവിടെ മുൻകാലങ്ങളിൽ സ്വീകരിച്ച് വന്നിരുന്ന കാഠിന്യമുള്ള ലൈൻ ഡ്യൂട്ടി നോക്കുന്നവരേക്കാൾ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാർക്ക് ശമ്പള സ്കെയിൽ വർദ്ധിപ്പിച്ച് നൽകുന്ന രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സത്വരം സ്വീകരിക്കാൻ നിർദ്ദേശം നല്കുകയും അത് സാധ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ;

(ഇ) കഴിഞ്ഞ രണ്ട് ശമ്പളക്കരാറുകളുടെ ചർച്ചകളിൽ പങ്കെടുത്ത ഏതെല്ലാം യൂണിയനുകൾ ലൈൻ ഡ്യൂട്ടിക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അധികരിപ്പിച്ച ശമ്പള സ്കെയിൽ ആവശ്യപ്പെട്ടിരുന്നു; എത്ര തവണ വീതം; പേര് വിവരം വെളിപ്പെടുത്തുമോ; ടി ആവശ്യത്തിനെതിരെ നിലപാട് അറിയിച്ച ഏതെങ്കിലും ട്രേഡ് യൂണിയനുകൾ ഉണ്ടോ; എങ്കിൽ വിവരം നൽകുമോ;

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന വേതന കരാറിന്റെ കാലാവധി അവസാനിച്ചത് 29/02/2016-ലാണ്. സേവന വേതന കരാർ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സേവന വേതന കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് കോർപ്പറേഷനിലെ അംഗീകൃത തൊഴിലാളി

സംഘടനകൾ അവകാശ പത്രിക സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടന പ്രതിനിധികളുമായി 4-2-2016, 25-6-2018, 30-1-2019 എന്നീ തീയതികളിൽ ചർച്ചാ യോഗങ്ങൾ ചേരുകയുണ്ടായി. കൂടാതെ മാനേജ്മെന്റുതല സമിതി രൂപീകരിക്കുകയും 23-3-2019-ന് മാനേജ്മെന്റ് നിർദ്ദേശങ്ങളടങ്ങിയ കുറിപ്പ് അംഗീകൃത തൊഴിലാളി സംഘടനകൾക്ക് നൽകുകയും സംഘടനകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയും ചെയ്തിട്ടുണ്ട്.

(ബി) സേവന വേതന കരാർ പുതുക്കുന്നതിന് മാത്രമായി തൊഴിലാളി സംഘടനകൾ 5 തവണ ആവശ്യമുന്നയിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡ്രൈവേഴ്സ് യൂണിയൻ 15-7-2015-ലും ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ 12-1-2016, 10-6-2019 എന്നീ തീയതികളിലും കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് എംപ്ലോയീസ് അസോസിയേഷൻ 16-9-2015, 23-1-2016 എന്നീ തീയതികളിലും സേവന വേതന കരാർ പുതുക്കുന്നതിന് ആവശ്യമുന്നയിച്ചിട്ടുണ്ട്. കൂടാതെ മറ്റ് ആവശ്യങ്ങൾക്കൊപ്പം ശമ്പളപരിഷ്കരണം നടത്തണമെന്നും അംഗീകൃത, രജിസ്റ്റേർഡ് തൊഴിലാളി സംഘടനകൾ നിരവധി തവണ ആവശ്യമുന്നയിച്ചിട്ടുണ്ട്.

(സി&ഡി) കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളിലായി പരിഷ്കരിക്കുന്നത് കോർപ്പറേഷനിലെ അംഗീകൃത തൊഴിലാളി സംഘടനകൾ സമർപ്പിക്കുന്ന അവകാശ പത്രികകളുടെ അടിസ്ഥാനത്തിൽ മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനകളും തമ്മിൽ നടത്തുന്ന ഉഭയകക്ഷി ചർച്ചകളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്. ആയത് സർക്കാർ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി. യിലെ ലൈൻ ഡ്യൂട്ടി നോക്കുന്ന ജീവനക്കാരെക്കാൾ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാർക്ക് ശമ്പളസ്കെയിൽ വർദ്ധിപ്പിച്ച് നൽകുന്നുവെന്ന തരത്തിൽ ആക്ഷേപം അംഗീകൃത തൊഴിലാളി സംഘടനകളൊന്നുംതന്നെ ഉന്നയിക്കുകയുണ്ടായിട്ടില്ല.

(ഇ) കഴിഞ്ഞ രണ്ട് ശമ്പളക്കരാറുകളുടെ ചർച്ചകളിൽ പങ്കെടുത്ത യൂണിയനുകളൊന്നുംതന്നെ ലൈൻ ഡ്യൂട്ടിക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും അധികരിച്ച ശമ്പള സ്കെയിൽ ആവശ്യപ്പെട്ടിരുന്നില്ല.

## കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സ്ഥിതി

292(3565) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി ഉത്തരവിലൂടെ കെ.എസ്.ആർ.ടി.സി.-യിലെ താത്ക്കാലിക തൊഴിലാളികളെ പിരിച്ചുവിട്ടതുമൂലം എത്ര ഷെഡ്യൂളുകൾ റദ്ദ് ചെയ്യുവെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) 2016 മേയ് മുതൽ ഇതുവരെ കെ.എസ്.ആർ.ടി.സി.-യ്ക്ക് കൺസഷൻ, ബസ് വാറണ്ട്, പാസ് ഉൾപ്പെടെയുള്ള ഇനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ട്; വെളിപ്പെടുത്താമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ ഏതു വർഷം വരെ വിരമിച്ചവർക്കാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകിയിട്ടുള്ളത്; അറിയിക്കാമോ;

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ ആയി പിരിച്ചെടുത്ത തുക പെൻഷൻ ഫണ്ടിൽ അടച്ചിട്ടുണ്ടോ; എങ്കിൽ ഏതു വർഷം വരെയുള്ളത് അടച്ചു; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം താൽക്കാലിക ഡ്രൈവർ വിഭാഗം ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്. ഇതുമൂലം കെ.എസ്.ആർ.ടി.സി. ഒക്ടോബർ മാസത്തിൽ ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. (താൽക്കാലിക ഡ്രൈവർമാരെ പിരിച്ച് വിട്ടത് 2019 ഒക്ടോബർ ആദ്യവാരമാണ്.)

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-ക്ക് 2861.75 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2016 മുതൽ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിച്ച വകയിൽ കെ.എസ്.ആർ.ടി.സി.-ക്ക് 351,51,04,467 രൂപയുടെ ബാദ്ധ്യത കണക്കാക്കിയിട്ടുണ്ട്. 2016 മേയ് മുതൽ 2019 ജൂൺ മാസം വരെ ബസ് വാറണ്ടിനത്തിൽ 5,70,80,237 രൂപ ചെലവായിട്ടുണ്ട്. കൂടാതെ പാസ് നൽകിയ ഇനത്തിൽ കോർപ്പറേഷന് 129.9 കോടി രൂപ ചെലവായിട്ടുണ്ട്.

(ഡി) 2019 ജൂൺ മാസം വരെ വിരമിച്ച ജീവനക്കാർക്ക് (സേവന പുസ്തകങ്ങളിൽ അപാകതകൾ ഉള്ളവ ഒഴികെ) പെൻഷനും ആനുകൂല്യങ്ങളും അനുവദിച്ച നൽകിയിട്ടുണ്ട്. ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിരമിച്ച ജീവനക്കാർക്ക് പെൻഷനും ആനുകൂല്യങ്ങളും അനുവദിച്ച നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. 1-4-2013 മുതലാണ് കെ.എസ്.ആർ.ടി.സി.-യിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയത്. 8/2014 മുതൽ ജീവനക്കാരുടെ വിഹിതം ശമ്പളത്തിൽ നിന്നും ഈടാക്കിയതിൽ ബാക്കിയുള്ള തുക അടയ്ക്കുന്നതിലേയ്ക്ക് 119.60 കോടി രൂപ ആവശ്യമാണ്. 24 തവണകൾ അടച്ചിട്ടുണ്ട്. 8/2014 മുതൽ 8/2015 വരെയും, 10/2016, 11/2016, 05/2017, 05/2018 മുതൽ 12/2018 വരെയും അടച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലങ്ങളിൽ ജിയോ ടവറുകൾ**

293(3566) <u>ശ്രീ. വി. ടി. ബൽറാം</u> :

<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഏതെല്ലാം ഡിപ്പോ/സ്ഥലങ്ങളിലാണ് ജിയോ ടവർ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ടവറും സ്ഥാപിച്ചതിൽ നിന്നും പ്രതിവർഷം എത്ര രൂപയാണ് കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടവർ സ്ഥാപിക്കുന്നതിന് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിരുന്നോ;എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) ഈ ടെണ്ടറിൽ പങ്കെടുത്തവർ ആരെല്ലാമെന്നും ഓരോരുത്തരും ക്വാട്ട് ചെയ്ത തുക എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) 61 ഡിപ്പോകളിൽ ജിയോ ടവർ സ്ഥാപിക്കുന്നതിന് കെ.എസ്.ആർ.ടി.സി അനുമതി നൽകിയിട്ടുണ്ട്. ഒരു വർഷം ജിയോ ടവറുകളിൽ നിന്നും ആകെ ലഭിക്കുന്നത് 1,42,62,000 രൂപയാണ്. പ്രസ്തുത ഡിപ്പോകളുടെ വിവരവും പ്രതിമാസവും ലഭിക്കുന്ന തുകയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു*.

(സി) ക്ഷണിച്ചിരുന്നു. ടെണ്ടർ നടപടിക്രമത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തു.

1. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്
2. ഇൻഡസ് ടവർ ലിമിറ്റഡ്
3. എ.ടി.സി. ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്

പ്രസ്തുത സ്ഥാപനങ്ങൾ ദർഘാസിൽ ക്വാട്ട് ചെയ്ത തുകയും ലേലത്തിൽ വാഗ്ദാനം ചെയ്ത തുകയുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**കെ.എസ്.ആർ.ടി.സി.-യുടെ അന്തർസംസ്ഥാന സർവ്വീസുകൾ**

294(3567) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാടും കർണ്ണാടകവുമായി അടുത്തിടെ ഉണ്ടാക്കിയ കരാർ പ്രകാരം എത്ര അന്തർസംസ്ഥാന സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. യ്ക്ക് ഈ സംസ്ഥാനങ്ങളിലേയ്ക്ക് നടത്തുവാൻ സാധിക്കുന്നത്;

(ബി) പ്രസ്തുത കരാർ പ്രകാരം ഇതിനകം എത്ര സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. രണ്ട് സംസ്ഥാനങ്ങളിലേക്കും നടത്തുന്നത്; അറിയിക്കുമോ;

(സി) കരാർ പ്രകാരം തമിഴ്നാടും കർണ്ണാടകയും കേരളത്തിലേയ്ക്ക് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി. സർവ്വീസ് പ്രസ്തുത സംസ്ഥാനങ്ങളിലേയ്ക്ക് ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-ൽ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന ഗതാഗത കരാറിനും 2019-ൽ തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന ഗതാഗത കരാറിനും രൂപം

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയിട്ടുണ്ട്. 2016-ലെ കർണ്ണാടക അന്തർസംസ്ഥാന കരാർ പ്രകാരം 17 റൂട്ടുകളിലായി 84 ബസുകളുപയോഗിച്ച് 169 ട്രിപ്പുകൾ സർവ്വീസ് ആരംഭിക്കുന്നതിനും 2019-ലെ തമിഴ്നാടുമായുള്ള കരാർ പ്രകാരം 49 റൂട്ടുകളിലായി 88 ബസുകൾ ഉപയോഗിച്ച് 121 ട്രിപ്പുകൾ സർവ്വീസ് ആരംഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. യാത്രക്കാരുടെ തിരക്ക് കൂടുതൽ അനുഭവപ്പെടുന്ന ഉത്സവകാലങ്ങളിലും വാരാന്ത്യ-വാരാദ്യ ദിവസങ്ങളിലും വേനൽക്കാലത്തും പ്രത്യേക സർവ്വീസുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 2016-ലെ കർണ്ണാടക സംസ്ഥാനവുമായുള്ള കരാർ വ്യവസ്ഥകൾ പ്രകാരം 61 ബസ്സുകൾ ഉപയോഗിച്ച് 115 ട്രിപ്പുകൾ/സർവ്വീസുകളും 2019-ലെ തമിഴ്നാടുമായുള്ള കരാർപ്രകാരം 27 ബസ്സുകൾ ഉപയോഗിച്ച് 37 ട്രിപ്പുകൾ/ സർവ്വീസുകൾ പുതുതായി ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ യാത്രക്കാരുടെ തിരക്ക് കൂടുതൽ അനുഭവപ്പെടുന്ന ഉത്സവകാലങ്ങളിലും വാരാന്ത്യ-വാരാദ്യ ദിവസങ്ങളിലും വേനൽകാലത്തും പ്രത്യേക സർവ്വീസുകളും നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി) പ്രസ്തുത സംസ്ഥാനങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ റദ്ദ് ചെയ്ത സർവ്വീസുകൾ

295 (3568) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ താല്ക്കാലിക ജീവനക്കാരെ മാറ്റി നിർത്തിയതുമൂലം സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ താല്ക്കാലിക ജീവനക്കാരെ മാറ്റി നിർത്തിയതുമൂലം കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ സർവ്വീസുകൾ റദ്ദുചെയ്യേണ്ടി വന്നിട്ടുണ്ടോ; ഏതെല്ലാം സർവ്വീസുകളാണ് റദ്ദുചെയ്യേണ്ടി വന്നിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര സർവ്വീസുകൾ പുനരാരംഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും റദ്ദ് ചെയ്തിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. താൽക്കാലിക ഡ്രൈവർമാരെ പിരിച്ചുവിട്ടത് 2019 ഒക്ടോബർ ആദ്യവാരമാണ്. ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവുമൂലം കെ.എസ്.ആർ.ടി.സി. ഒക്ടോബർ മാസത്തിൽ ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ യാത്രക്കാർ വളരെയധികം കുറവുള്ളതും, താരതമ്യേന വരുമാനക്കുറവുള്ളതുമായ ഷെഡ്യൂളുകളും ട്രിപ്പുകളുമാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്.

(ബി) താൽക്കാലിക ജീവനക്കാരെ മാറ്റിനിർത്തിയതുമൂലം കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 05.15 അടിമാലി, 07.10 എറണാകുളം, 07.00 മൂവാറ്റുപുഴ, 07.20 പൈങ്ങോട്ടൂർ, 07.40 വടാട്ടുപാറ, 07.00 വൈറ്റില എന്നീ സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ട്.

(സി&ഡി) താൽക്കാലിക ജീവനക്കാരെ മാറ്റിനിർത്തിയതുമൂലം കോതമംഗലം ഡിപ്പോയിൽ നിന്നും താൽക്കാലികമായി റദ്ദുചെയ്ത ടി ഷെഡ്യൂളുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയോഗിച്ച് യാത്രക്കാർ കൂടുതലുള്ള മേഖലയിലേയ്ക്ക് സർവ്വീസുകൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി

296(3569) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ ആസ്തി ബാധ്യതകൾ കണക്കാക്കിയിട്ടുണ്ടോ; ആസ്തിയും ബാധ്യതയും വെവ്വേറെ വ്യക്തമാക്കാമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ ആസ്തിയും ബാധ്യതയും കണക്കാക്കിയിട്ടില്ല. എന്നാൽ 31-03-2016-ലെ കണക്ക് അനുസരിച്ച് (ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചത്).

ആസ്തി കോടി രൂപയിൽ

| | | |
|---|---|---|
| Fixed Asset | : | 1072.33 |
| Current Asset | : | 95.77 |
| Advance & deposit | : | 12.78 |

| | | |
|---|---|---|
| Sundry debtors | : | 32.12 |
| Cash & Bank Balance | : | 26.81 |
| Accumulated loss | : | 6353.67 |
| ആകെ | : | 7593.48 |

ബാധ്യത കോടി രൂപയിൽ

| | | |
|---|---|---|
| Capital | : | 750.64 |
| Loans | : | 3967.55 |
| Internal fund | : | 815.52 |
| Reserve & Provisions | : | 30.00 |
| Deposit with Corporation | : | 83.39 |
| Due to trustees of trust fund | : | 211.32 |
| Due to Govt. of Kerala | : | 1213.78 |
| Current liabilities | : | 521.28 |
| ആകെ | : | 7593.48 |

**പുതിയ ബസ് സർവ്വീസുകൾ**

297(3570) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 നവംബർ മുതൽ 2019 ഒക്ടോബർ വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. പുതിയ എത്ര ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2018 നവംബർ മുതൽ 2019 ഒക്ടോബർ വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. 340 പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

**സൂപ്പർ ക്ലാസ്സ് ബസ്സുകളുടെ പെർമിറ്റ്**

298(3571) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ ക്ലാസ് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ എത്ര ബസ്സുകളുടെ പെർമിറ്റ് കാലാവധി 6 മാസത്തിനുള്ളിൽ അവസാനിക്കും;

(ബി) ഇവയുടെ കാലാവധി അവസാനിക്കുന്നതിന് അനുസരിച്ച് പുതിയ ബസ്സുകൾ സൂപ്പർ ക്ലാസ്സ് സർവ്വീസ് നടത്തുന്നതിനായി നിരത്തിലിറക്കുവാൻ കെ.എസ്.ആർ.ടി.സി. ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സൂപ്പർ ക്ലാസ് സർവ്വീസ് നടത്തുന്ന ബസ്സുകളുടെ പെർമിറ്റ് കാലാവധി വർദ്ധിപ്പിക്കണമെന്ന് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2020 ഏപ്രിൽ 30-ഓടുകൂടി 150 ബസ്സുകളുടെ 7 വർഷ കാലാവധി പൂർത്തിയാകുന്നതാണ്.

(ബി) 25 എ.സി. ബസുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ആവശ്യപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ സൂപ്പർ ക്ലാസ് സ്റ്റേജ് കാരേജുകൾക്ക് ഇത്തരത്തിൽ കുറഞ്ഞ കാലപരിധി നിശ്ചയിച്ചിട്ടില്ല. കൂടാതെ കോർപ്പറേഷന് ലഭ്യമായിട്ടുള്ള സൂപ്പർ ക്ലാസ് ബസുകൾ സാങ്കേതികമായി മുന്നിട്ട് നിൽക്കുന്നതും താരതമ്യേന വിലകൂടിയതും കൂടുതൽ കാലം ഉപയോഗപ്പെടുത്താൻ കഴിയുന്നവയുമാകയാലാണ് ടി വാഹനങ്ങളുടെ കാലപരിധി വർദ്ധിപ്പിക്കണമെന്ന് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുള്ളത്.

**വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ**

299(3572) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള കൺസഷൻ നിർത്തലാക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) കൺസഷനുവേണ്ടി വിദ്യാർത്ഥികൾ നൽകിയ അപേക്ഷകളിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാനനഷ്ടമാണ് ഉണ്ടാകുന്നത് ;

(ഡി) നിലവിൽ കെ.എസ്.ആർ.ടി.സി. ആർക്കൊക്കെയാണ് സൗജന്യ യാത്ര/കൺസെഷൻ അനുവദിച്ചിട്ടുള്ളത് ;

(ഇ) ഏതെങ്കിലും വിഭാഗത്തിന് അനുവദിച്ചിട്ടുള്ള സൗജന്യ യാത്ര പാസ്സ് നിർത്തലാക്കുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുക്കുമ്പോൾ സൗജന്യ നിരക്കിലുള്ള വിദ്യാർത്ഥി കൺസഷൻ എല്ലാ വിദ്യാർത്ഥികൾക്കും നൽകുന്നതിന് നിർവ്വാഹമില്ലാത്തതാണ്. എന്നിരുന്നാലും കൺസഷൻ പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) 2019-20 വർഷത്തിൽ ആവശ്യമായ രേഖകൾ ഹാജരാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും യൂണിറ്റ് തലത്തിൽ നൽകി വന്നിരുന്ന കൺസഷൻ ടിക്കറ്റ് വിതരണത്തിൽ യാതൊരു മുടക്കവും നാളിതുവരെ വന്നിട്ടില്ലാത്തതാണ്. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തനതു വർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടേയും ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും 40 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധി ആവശ്യപ്പെട്ട അപേക്ഷകളും കെ.എസ്.ആർ.ടി.സി. നാമമാത്രമായി ഓടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള കൺസഷൻ ടിക്കറ്റുകളും പ്രത്യേക അനുമതി നൽകി ചീഫ് ഓഫീസ് തലത്തിൽ തീർപ്പ് കൽപ്പിക്കാറുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായും, മറ്റ് വിദ്യാർത്ഥികൾക്ക് വളരെ കുറഞ്ഞ നിരക്കിലുമാണ് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. യാത്രാനിരക്കിന്റെ ശരാശരി 17.32% നിരക്ക് മാത്രമാണ് കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി വരുന്നത്. 2018-19 വർഷത്തിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിച്ച വകയിൽ കെ.എസ്.ആർ.ടി.സി.-ക്ക് 124,26,79,934 രൂപയുടെ ബാധ്യത കണക്കാക്കിയിട്ടുണ്ട്.

(ഡി) വിദ്യാർത്ഥികൾ, വികലാംഗർ, അന്ധർ, ബധിര-മൂകർ, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യമുള്ളവർ - അവരെ അനുഗമിക്കുന്ന ഒരാൾ, ക്യാൻസർ രോഗികൾ, സ്വാതന്ത്ര്യ സമരസേനാനികൾ/അവരുടെ വിധവകൾ, അക്രഡിറ്റേഷനുള്ള പത്രപ്രവർത്തകർ, എം.എൽ.എ,. മുൻ എം.എൽ.എ, എം.പി., അർജ്ജുന - ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാർ നേടിയവർ, കോർപ്പറേഷനിലെ അംഗീകൃത സംഘടനകളുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, PCRA, B.S.S, സ്റ്റേറ്റ് ചെയർമാൻ, കോർപ്പറേഷനിൽ നിന്നും വിരമിച്ചവർ എന്നിവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യ യാത്രാപാസ് അനുവദിച്ചുവരുന്നു.

(ഇ) ഉദ്ദേശിക്കുന്നില്ല.

**കെ.എസ്.ആർ.ടി.സി.-യിൽ പങ്കാളിത്ത പെൻഷൻ പദ്ധതി**

300 (3573) <u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. കെ. സി. ജോസഫ്</u>:
<u>ശ്രീ. വി. പി. സജീന്ദ്രൻ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണെന്ന് അറിയിക്കാമോ;

(ബി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന തുകയും മാനേജ്മെന്റിന്റെ വിഹിതവും കൃത്യമായി പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര മാസത്തെ തുകയാണ് പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കുവാനുള്ളത്; ഇത് എത്ര ലക്ഷം രൂപ വരുമെന്ന് വെളിപ്പെടുത്താമോ;

(ഡി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന തുകയും മാനേജ്മെന്റ് വിഹിതവും എല്ലാ മാസവും കൃത്യമായി പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 1-4-2013 മുതൽ കെ.എസ്.ആർ.ടി.സി.-യിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) ഇല്ല. സാമ്പത്തിക പ്രതിസന്ധിയാണ് പെൻഷൻ ഫണ്ടിലേയ്ക്ക് തുക അടയ്ക്കാത്തതിന് കാരണം.

(സി) നിലവിൽ 38 മാസ തവണകൾ ആണ് പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കുവാനുള്ളത്. ജീവനക്കാരുടെ വിഹിതം + കെ.എസ്.ആർ.ടി.സി. വിഹിതം (Rs.59,83,00,819+Rs.59,83,00,819) ചേർന്ന തുക Rs.1,19,66,01,638 ആണ് നിക്ഷേപിയ്ക്കാനുള്ളത്.

(ഡി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ എല്ലാ മാസവും കൃത്യമായി പെൻഷൻ ഫണ്ടിലേയ്ക്ക് വിഹിതം അടയ്ക്കുവാൻ സാധിക്കുകയുള്ളൂ. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യിലെ സ്റ്റാഫ് ഫിക്സേഷൻ

301(3574) ശ്രീ. മാണി സി.കാപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ ഏതു ഘട്ടം വരെയായി എന്ന് അറിയിക്കുമോ;

(ബി) സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആയത് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഫിക്സേഷൻ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നുള്ള വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച സുശീൽ ഖന്ന റിപ്പോർട്ടിൽ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയായ 5.5-ൽ എത്തിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയത്തിൽ കേഡർ സ്ട്രെങ്ത് നിശ്ചയിക്കുന്നതിനായി ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്) എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ), എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ) ഇൻ-ചാർജ്ജ്,ചീഫ് ലോ ഓഫീസർ ഇൻ-ചാർജ്ജ്, എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു മാനേജിംഗ് ഡയറക്ടർ എന്നിവരടങ്ങുന്ന സമിതിയെ 16-4-2019-ന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സമിതി നാളിതുവരെ രണ്ട് യോഗങ്ങൾ ചേരുകയുണ്ടായി. മറ്റ് സംസ്ഥാനങ്ങളിൽ സർവ്വീസ് ഓപ്പറേഷൻ എപ്രകാരമാണ്

നടത്തുന്നതെന്ന് പരിശോധിച്ച് ഗുണപ്രദമായവ കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കാനുള്ള ശ്രമം അത്യാവശ്യമാണ്. ടി പരിശോധനയുടെയും വിവരശേഖരണത്തിന്റെയും ചുമതല എക്സിക്യൂട്ടീവ് അസിസ്റ്റന്റിന് നൽകുകയും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ട സഹായങ്ങൾ നൽകുന്നതിന് ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്) എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്), എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ) ഇൻ- ചാർജ്ജ് എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി സബ് കമ്മിറ്റിയുടെ റിപ്പോർട്ടുകൂടി പരിശോധിച്ച് പ്രധാന സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ.എസ്.ആർ.ടി.സി.-യിൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. മേൽ നടപടികൾ ജൂൺ 2019 ന് മുമ്പായി തീർപ്പാക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും സാങ്കേതിക തടസ്സങ്ങൾ കാരണം നാളിതുവരെ പൂർത്തീകരിക്കാനായിട്ടില്ല. 31-12-2019 നകം പ്രസ്തുത നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച മാനദണ്ഡം നിശ്ചയിക്കുന്നത് കേഡർ റിവ്യൂ കമ്മിറ്റിയുടെ പരിഗണനയിലാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം

302(3575) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ നിലവിലുള്ള ഡിപ്പോകളിൽ മുപ്പത്തി അഞ്ചെണ്ണം തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ മാത്രമുള്ളതാണെന്ന സി.എം.ഡി.- യുടെ കണ്ടെത്തലിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ ; അവ ഏതെല്ലാം ഡിപ്പോകളാണെന്ന് അറിയിക്കുമോ ;

(ബി) മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അധ്വാനിക്കുന്ന വിഭാഗത്തിന് മീതെ എല്ലാ രീതിയിലും മേൽക്കൈ നൽകുന്ന തൊഴിൽ പരിഷ്കാര രീതി ഉപയോഗപ്പെടുത്തിയാൽ കെ.എസ്.ആർ.ടി.സി.-യെ രാജ്യത്തെ ഏറ്റവും ലാഭമുണ്ടാക്കുന്ന പൊതുഗതാഗത സർവ്വീസാക്കി മാറ്റാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠിച്ച സുശീൽ ഖന്നയുടെ റിപ്പോർട്ടിലുണ്ടോ ; എങ്കിൽ അതിന്റെ പൂർണ്ണ വിവരം നൽകുമോ ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ കണ്ടക്ടർ/ഡ്രൈവർ വിഭാഗക്കാരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് എന്തെങ്കിലും പഠനം നടത്തിയിട്ടുള്ളതായി സർക്കാറിനറിവുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഡി) സംസ്ഥാനത്തെ സർക്കാർ ജോലികളിൽ ഏറ്റവുമധികം രോഗം കൊണ്ട് വിഷമിക്കുന്ന വിഭാഗമാണ് കെ.എസ്.ആർ.ടി.സി യിൽ വർഷങ്ങളായി ലൈൻഡ്യൂട്ടി നോക്കുന്ന വിഭാഗമെന്ന് പ്രസ്തുത സംഘടനയുടെ പഠനത്തിലടിസ്ഥാനമാക്കിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗങ്ങളോട് സർക്കാരിന്റെ സമീപനത്തിൽ മാറ്റം വരുത്തുമോയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ 94 യൂണിറ്റുകളാണുള്ളത്. ഇതിൽ 22 എണ്ണം സർവ്വീസ് ഓപ്പറേഷനുവേണ്ടി മാത്രമായി ക്രമീകരിച്ചിട്ടുള്ള ഓപ്പറേറ്റിംഗ് സെന്ററുകളുടെ ഗണത്തിലാണ് വരുന്നത്. അത്തരത്തിൽ നിലവിലുള്ള 22 ഓപ്പറേറ്റിംഗ് സെന്ററുകളെ നിർത്തലാക്കിയാൽ അവിടെ വിന്യസിച്ചിരിക്കുന്ന മെക്കാനിക്കൽ, മിനിസ്റ്റീരിയൽ ജീവനക്കാരെ മാതൃയൂണിറ്റിലേയ്ക്ക് മാറ്റിനിയമിച്ച് പ്രസ്തുത ഷെഡ്യൂളുകൾ പഴയതുപോലെതന്നെ ഓപ്പറേറ്റ് ചെയ്യാവുന്നതാണ്. ആയതിലേയ്ക്ക് ഒരു സ്റ്റേഷൻമാസ്റ്ററുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെതന്നെ പഴയ രീതിയിൽ ഓപ്പറേറ്റ് ചെയ്യാവുന്നതാണ്. അതുവഴി ഭരണപരമായ ചെലവുകൾ കുറയ്ക്കുന്നതിന് കോർപ്പറേഷന് സാധിക്കും. ഓപ്പറേറ്റിംഗ് സെന്ററുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കോർപ്പറേഷന്റെ ഭരണ നിർവ്വഹണത്തിന്റെ ഭാഗമായിട്ടുള്ള ജോലികൾ ചെയ്യുന്ന വിഭാഗമാണ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ. ടി വിഭാഗം ജീവനക്കാർക്ക് നിയമപരമായി നൽകാൻ കഴിയുന്ന ജോലികളും അധികാരങ്ങളും മാത്രം നൽകിയിട്ടുള്ളതും നിയമപരമായി നൽകപ്പെട്ടിട്ടുള്ള അധികാര പരിധിയിൽ നിന്നുകൊണ്ട് അവരവരിൽ നിക്ഷിപ്തമായിട്ടുള്ള ജോലികൾ മാത്രം അനുഷ്ഠിച്ചുവരുന്നതുമാണ്. കെ.എസ്.ആർ.ടി.സി.-യിലെ മിനിസ്റ്റീരിയൽ വിഭാഗമടക്കം എല്ലാ വിഭാഗം ജീവനക്കാരും അദ്ധ്വാനിക്കുന്ന വിഭാഗത്തിൽപെടുന്നവരാണ്. ഇതുസംബന്ധിച്ച് യാതൊരു നിർദ്ദേശവും പ്രൊഫ. സുശീൽ ഖന്നയുടെ കരട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

(സി&ഡി) ഇത്തരത്തിൽ യാതൊരു പഠന റിപ്പോർട്ടും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ കമ്പ്യൂട്ടറൈസേഷൻ

303(3576) ശ്രീ. മാണി സി. കാപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി ;

(ബി) ആയതിലേയ്ക്ക് ഓരോ സാമ്പത്തിക വർഷവും തുക അനുവദിക്കാറുണ്ടോയെന്നും എങ്കിൽ പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന പ്രവർത്തനങ്ങളിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും, ഫലപ്രദമായി സർവ്വീസുകൾ നടത്തുന്നതിനും വരുമാന ചോർച്ച തടയുന്നതിനും സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജി.പി.എസ്, വി.റ്റി.എസ്, ഓൺലൈൻ റിസർവേഷൻ, പി.ഐ.എസ്, ഇൻവെന്ററി മോഡ്യൂൾ, എച്ച്.ആർ മോഡ്യൂൾ, - ഇ.ആർ.പി (Accounting software) എന്നിവയെല്ലാം കൂടി ക്രോഡീകരിക്കുന്നതിനും സമർത്ഥമായ ഗതാഗതസംവിധാനം കൊണ്ടുവരുന്നതിന് വിശദമായ ഒരു DPR തയ്യാറാക്കുന്നതിനായി M/s. PWC, M/s. Tata Consultancy Services Pvt. Ltd. എന്നിവരുമായി ചർച്ച നടത്തിവരുന്നു. മാത്രമല്ല കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകളിൽ HR, Payroll എന്നിവ കമ്പ്യൂട്ടർവത്ക്കരിച്ചതായി അറിഞ്ഞതിനെത്തുടർന്ന്, അവരിൽ നിന്നും ടി സംവിധാനം കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കാനാവശ്യമായ സോഫ്റ്റ്‌വെയർ നൽകുവാൻ ആവശ്യപ്പെട്ടു. എന്നാൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് വിവിധ കാരണങ്ങളാൽ പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും സഹായം ലഭിക്കാതെവന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. സ്വന്തമായി ഒരു പദ്ധതി തയ്യാറാക്കി ടെണ്ടർ വിളിച്ചിരിക്കുകയാണ്.

(ബി) പ്ലാൻ ഫണ്ടിൽ വകയിരുത്തി 'ടോട്ടൽ കമ്പ്യൂട്ടറൈസേഷൻ ഇ-ഗവേണൻസ് ഇൻ കെ.എസ്.ആർ.ടി.സി' എന്ന ശീർഷകത്തിൽ 2016-17-ൽ 11 കോടി രൂപയും 2017-18-ൽ 4.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതിയിനത്തിൽ ലഭ്യമായ തുക പ്രധാനമായും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീന്റെ റിക്കറിംഗ് ചാർജ്ജിനുമായാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

## ഇരിങ്ങാലക്കുട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സ്

304(3577) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടിയുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി. ഇരിങ്ങാലക്കുട ഓപ്പറേറ്റിംഗ് സെന്ററിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി 4 പ്രാവശ്യം ദർഘാസ് ക്ഷണിച്ചെങ്കിലും ആരുംതന്നെ പങ്കെടുക്കുകയുണ്ടായില്ല. 25-1-2018, 22-6-2018, 6-10-2018, 30-4-2019 എന്നീ തീയതികളിലാണ് ദർഘാസ് ക്ഷണിച്ചത്.

## കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന സർവ്വീസുകൾ

305(3578) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ രാത്രികാല അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള ആധുനികവൽക്കരണമാണ് ഈ സർവീസുകളിൽ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

ഉണ്ട്. അയൽസംസ്ഥാനങ്ങളുമായി കാലാകാലങ്ങളിൽ രൂപീകരിക്കുന്ന അന്തർസംസ്ഥാന ഗതാഗത കരാറിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-ൽ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർസംസ്ഥാന ഗതാഗത കരാറിനും, 2019-ൽ തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന ഗതാഗത കരാറിനും രൂപം നൽകിയിട്ടുണ്ട്. 2016-ലെ കർണ്ണാടക അന്തർസംസ്ഥാന കരാർ പ്രകാരം 17 റൂട്ടുകളിലായി 84 ബസ്സുകൾ ഉപയോഗിച്ച് 169 ട്രിപ്പുകൾ സർവ്വീസ് ആരംഭിക്കുന്നതിനും, 2019-ലെ തമിഴ്നാടുമായുള്ള കരാർ പ്രകാരം 49 റൂട്ടുകളിലായി 88 ബസ്സുകൾ ഉപയോഗിച്ച് 121

ടിപ്പുകൾ സർവ്വീസ് ആരംഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ യാത്രക്കാരുടെ തിരക്ക് കൂടുതൽ അനുഭവപ്പെടുന്ന ഉത്സവകാലങ്ങളിലും വാരാന്ത്യ-വാരാദ്യ ദിവസങ്ങളിലും, വേനൽക്കാലത്തും പ്രത്യേക സർവ്വീസുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾ പ്രധാനമായും രാത്രികാലത്താണ് കെ.എസ്.ആർ.ടി.സി. ക്രമീകരിച്ചിട്ടുള്ളത്. കൂടാതെ യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ്സ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളുമാണ് രാത്രികാല അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ഉപയോഗിച്ചിരിക്കുന്നത്.

### കെ.എസ്.ആർ.ടി.സി. ബസിലെ ഡിപ്പോ കോഡ്

306(3579) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകളിൽ അവ അറ്റാച്ച് ചെയ്തിട്ടുള്ള ഡിപ്പോയുടെ പേര് മൂന്ന് അക്ഷരങ്ങളുള്ള കോഡായിട്ടാണോ രേഖപ്പെടുത്തുന്നത്; എങ്കിൽ നേരത്തേ നിലവിലുണ്ടായിരുന്ന ലെറ്റർ കോഡിൽ മാറ്റം വരുത്തിയതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇപ്രകാരം ലെറ്റർ കോഡിൽ മാറ്റം വരുത്തിയപ്പോൾ ഏതെങ്കിലും ഡിപ്പോയ്ക്ക് എം.എൽ.എ എന്ന് കോഡ് നൽകിയിരുന്നോ; നിയമസഭാംഗം എന്നതിന്റെ ചുരുക്കെഴുത്ത് ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.യിലെ ഡിപ്പോയുടെ കോഡായി ഉപയോഗിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അതെ. മുൻകാലങ്ങളിൽ ഡിപ്പോ കോഡ് നാല് അക്ഷരങ്ങളിലാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ഭരണസൗകര്യാർത്ഥം ഡിപ്പോകളുടെ കോഡ് ഏകീകരിക്കുന്നതിനാണ് നിലവിലെ ഡിപ്പോ കോഡിൽ മാറ്റം വരുത്തിയത്.

(ബി) ഡിപ്പോകളുടെ കോഡ് 3 ലെറ്റർ കോഡിംഗ് അനുസരിച്ച് ക്രോഡീകരിക്കുമ്പോൾ MALA യൂണിറ്റിന്റെ കോഡ് MLA എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് പുനഃപരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ ബസുകൾ

307(3580) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര പുതിയ ബസുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ബസുകൾ വാങ്ങിയിട്ടില്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ;

(സി) മതിയായ ബസുകൾ ഇല്ലാത്തതിനാൽ ദിവസവും ശരാശരി എത്ര ഷെഡ്യൂളുകളാണ് വെട്ടിക്കുറയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ ബസുകൾ വാങ്ങുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോയെന്നും ഇത് എന്നത്തേയ്ക്ക് യഥാർത്ഥ്യമാകുമെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി വാങ്ങിയ 101 പുതിയ ബസുകളുടെ വിവരം ചുവടെ ചേർക്കുന്നു. ഇതുകൂടാതെ 10 എ.സി. സ്കാനിയ ബസുകൾ 10 എ.സി. ഇലക്ട്രിക് ബസുകൾ എന്നിവ വെറ്റ് ലീസ് വ്യവസ്ഥയിൽ വാടകയ്ക്കെടുക്കുകയും ചെയ്തിട്ടുണ്ട്.

| തീയതി | എണ്ണം |
|---|---|
| 30-9-2016 | 1 - സി.എൻ.ജി. ബസ് |
| 25-9-2017 | 20 - പൂർണ്ണ നിർമ്മിത സൂപ്പർ ഫാസ്റ്റ് പാസഞ്ചർ ബസ് |
| 25-9-2017 | 80 – പൂർണ്ണ നിർമ്മിത ഫാസ്റ്റ് പാസഞ്ചർ ബസ് |
| ആകെ | 101 ബസ് |

(ബി) കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം കൂടുതൽ പുതിയ ബസുകൾ വാങ്ങുവാൻ കഴിയുന്നില്ല.

(സി) ബസുകൾ ലഭ്യമല്ല എന്ന കാരണത്താൽ കോർപ്പറേഷനിൽ സ്ഥിരമായി ഷെഡ്യൂളുകളൊന്നും റദ്ദ് ചെയ്തിട്ടില്ല.

(ഡി) പുതിയ ബസുകൾ ലഭ്യമാക്കുന്നതിന് വെറ്റ്‌ലീസ് അടിസ്ഥാനത്തിൽ 25 എ.സി. ബസുകൾക്കും 250 ഇലക്ട്രിക് ബസുകൾക്കും ടെണ്ടർ നടപടികൾ നടന്നുവരികയാണ്.

കിഫ്ബിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വായ്പ ഉറപ്പാക്കുകയോ ബാങ്ക് കൺസോർഷ്യത്തിൽനിന്നും കൂടുതൽ വായ്പയെടുത്തോ പുതിയ ഡീസൽ ബസുകൾ വാങ്ങാനുള്ള നിർദ്ദേശം കെ.എസ്.ആർ.ടി.ക്ക് നൽകിയിട്ടുണ്ട്. കൂടാതെ, അടുത്ത ബഡ്ജറ്റിൽ സർവ്വീസിനായി ഇലക്ട്രിക്/സി.എൻ.ജി. ബസുകളും ദീർഘദൂര സർവ്വീസിനായി ഡീസൽ ബസുകളും വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

## ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം

308(3581) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇനിയും ഇവിടെ പൂർത്തീകരിക്കുവാനുള്ളത്; അറിയിക്കുമോ;

(സി) പ്രസ്തുത ഡിപ്പോയുടെ നിർമ്മാണം വൈകുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിമൂലമാണ് നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത്.

(ബി) ഷോപ്പിംഗ് കോംപ്ലക്സുമായി ബന്ധപ്പെട്ട് അഗ്നിസുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി, വൈദ്യുതീകരണം ചെയ്യുന്ന പ്രവൃത്തി, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിക്കാനുണ്ട്. കൂടാതെ യാർഡിന്റെ പണിയും ചെയ്യുവാനുണ്ട്.

(സി) ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ പണികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ വൈദ്യുതീകരണം, അഗ്നിസുരക്ഷാ സംവിധാനം, യാർഡ് ഡെവലപ്മെന്റ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനായി 2020-21 പ്ലാൻ ഫണ്ട് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കടമുറികൾ ലേലം ചെയ്ത് പലിശ രഹിത നിക്ഷേപം സമാഹരിച്ച് ഫണ്ട് കണ്ടെത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ദീർഘദൂര റൂട്ടുകളിലെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ**

309(3582) <u>ശ്രീ. എം. ഉമ്മർ</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി :</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര റൂട്ടുകളിലെ കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇങ്ങനെ ക്രമീകരിക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) കുറഞ്ഞ ചെലവിൽ ദീർഘദൂരയാത്രയ്ക്കുള്ള അവസരം നഷ്ടപ്പെടുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം-കോട്ടയം, തിരുവനന്തപുരം-എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 04.08.2019 മുതൽ ആരംഭിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്.

(ബി) കൃത്യമായ സമയക്രമവും ഇടവേളകളും നിശ്ചയിച്ചതുമൂലം യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനും ടി സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനും കെ.എസ്.ആർ.ടി.സി.- ക്ക് കഴിഞ്ഞിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റാന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ്സുകൾ

310(3583) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ എത്ര ബസ്സുകളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ എത്ര ബസ്സുകൾ നിലവിൽ ഇവിടെ നിന്നും സർവ്വീസ് നടത്തുന്നുണ്ട്;

(ബി) റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും എത്ര സർവ്വീസുകളാണ് നിലവിലുള്ളത്; ഇതിൽ ദീർഘദൂര സർവ്വീസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) മലയോര മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാൻ ഇവിടെ നിന്നും കൂടുതൽ ദീർഘദൂര സർവ്വീസുകളും ഇന്റർസ്റ്റേറ്റ് സർവ്വീസുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ 15 ആർ.റ്റി.സി ബസ്സുകളും 2 കെ.യു.ആർ.റ്റി.സി. ബസ്സുമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ആയതിൽ 9 ഫാസ്റ്റ് പാസഞ്ചറും 6 ഓർഡിനറിയും 2 ജൻറം ബസ്സുകളുമാണുള്ളത്. നിലവിൽ റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽനിന്നും 13 ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു. 4 ബസ്സുകൾ ഡോക്കിലാണ്.

(ബി) റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും നിലവിൽ 13 സർവ്വീസുകൾ നടത്തിവരുന്നു. ദീർഘദൂര സർവ്വീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 15.45 തൃശ്ശൂർ.
2. 4.30 അമൃത മെഡിക്കൽ കോളേജ്.
3. 5.00 ചെറുകോൽപുഴ-തിരുവനന്തപുരം.
4. 5.10 മുണ്ടക്കയം-തിരുവനന്തപുരം.
5. 5.10 പത്തനംതിട്ട- തിരുവനന്തപുരം.
6. 6.45 പൊൻകുന്നം-കോഴിക്കോട്.
7. 19.30 ആങ്ങാമുഴി-എറണാകുളം.

(സി) കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലുള്ള അന്തർസംസ്ഥാന കരാറുകളിൽ വ്യവസ്ഥ ചെയ്യാത്തതിനാൽ റാന്നിയിൽ നിന്നും അന്തർസംസ്ഥാന സർവ്വീസുകൾ പുതുതായി ആരംഭിക്കാൻ കഴിയുകയില്ല. കൂടുതൽ ദീർഘദൂര സർവ്വീസുകൾ മലയോര മേഖലകളിൽനിന്നും ആരംഭിക്കണമെന്ന ആവശ്യം യാത്രക്കാരുടെ സൗകര്യവും കോർപ്പറേഷന്റെ മെച്ചപ്പെട്ട വരുമാനവും ഉറപ്പുവരുത്തി സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**റാന്നി- എരുമേലി വഴി പമ്പയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്**

311(3584) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവം പ്രമാണിച്ച് പമ്പ പൂളിലേയ്ക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) പ്രസ്തുത ബസ്സുകൾ എവിടെ നിന്നൊക്കെയാണ് പമ്പയിലേയ്ക്ക് സർവ്വീസ് നടത്തുക; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ചെങ്ങന്നൂരിൽ നിന്നും ശബരിമല സർവ്വീസുകൾ ശബരിമലയുടെ താലൂക്ക് ആസ്ഥാനമായ റാന്നി എരുമേലി വഴി പമ്പയ്ക്ക് സർവ്വീസ് നടത്തുമോ;

(ഡി) ഇല്ലെങ്കിൽ അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം ദിവസേന കുറഞ്ഞത് അഞ്ച് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസെങ്കിലും ചെങ്ങന്നൂർ-റാന്നി-എരുമേലി വഴി പമ്പയ്ക്ക് തിരിച്ച് വിടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 179 ആർ.ടി.സി. ബസ്സുകളും 200 ജൻറം ബസ്സുകളുമാണ് ഇത്തവണത്തെ ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവം പ്രമാണിച്ച് പമ്പയിലേയ്ക്ക് പൂൾ ചെയ്തിട്ടുള്ളത്.

പമ്പ -231, ചെങ്ങന്നൂർ - 45, പത്തനംതിട്ട – 10, എരുമേലി - 10, കോട്ടയം - 35, അടൂർ -3, കൊട്ടാരക്കര -9, പന്തളം - 2, എറണാകുളം - 16, തിരുവനന്തപുരം സെൻട്രൽ - 5, കുമളി -10, കായംകുളം - 3.

(ബി) പ്രസ്തുത ബസ്സുകൾ ഉപയോഗിച്ച് മണ്ഡലപൂജ-മകരവിളക്ക് കാലയളവിൽ കേരളത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളിൽ നിന്നും പമ്പയിലേയ്ക്ക് സർവ്വീസ് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി. പമ്പ,

നിലയ്ക്കൽ എന്നിവിടങ്ങളിൽ താൽക്കാലിക കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. യാത്രക്കാരുടെ തിരക്കനുസരിച്ചും കോർപ്പറേഷന് വരുമാനം ലഭ്യമാകുന്ന തരത്തിലും എല്ലാ പ്രധാന ഡിപ്പോകൾ/ഉത്സവ കേന്ദ്രങ്ങളിൽ നിന്നും പമ്പയിലേയ്ക്കും തിരിച്ചും എല്ലാ സമയത്തും പ്രത്യേക സർവ്വീസുകൾ നടത്തുന്നതിന് ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) യാത്രക്കാരുടെ തിരക്കിനനുസരിച്ചും കോർപ്പറേഷന് വരുമാനം ലഭ്യമാകുന്ന തരത്തിലും റാന്നി-എരുമേലി വഴി കൂടുതൽ സർവ്വീസുകൾ പമ്പയിലേയ്ക്കും തിരിച്ചും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടം

312(3585) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയ്ക്കും അപകടാവസ്ഥയ്ക്കും പരിഹാരമായി നിലവിൽ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഡിപ്പോയുടെ സമഗ്രവികസനത്തിനായുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഡിപ്പോ കെട്ടിടത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് കാലപ്പഴക്കം ചെന്ന ക്യാന്റീൻ കെട്ടിടം പൊളിച്ച് നീക്കി പ്രസ്തുത സ്ഥലത്ത് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക എം.എൽ.എ. യുടെ നിയോജകമണ്ഡല ആസ്തി വികസന നിധിയിൽ നിന്നും അനുവദിച്ചാൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) ഡിപ്പോയുടെ സമഗ്രവികസനം നടപ്പിലാക്കുന്ന ഘട്ടത്തിൽ ഒരു പകരം സംവിധാനമെന്ന നിലയിൽ ഉപകാരപ്രദമാകുന്ന പ്രസ്തുത കെട്ടിട നിർമ്മാണത്തിന് അനുകൂലമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വാണിജ്യ/വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള കൊല്ലം അടക്കമുള്ള ചില ഡിപ്പോകൾ ഡിപ്പോ പ്രവർത്തനത്തിന് തടസ്സമില്ലാത്ത തരത്തിൽ പ്രസ്തുത ആവശ്യങ്ങൾക്കായി PublicPrivate Partnership(PPP) മാതൃകയിൽ ദീർഘ കാലത്തേയ്ക്ക് പാട്ടത്തിന് നൽകി ഒറ്റ തവണയായി വൻ തുകകൾ സമാഹരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന

ഉപസമിതിയുടെ ശിപാർശ കെ.എസ്.ആർ.ടി.സി. ഭരണസമിതിയുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. കൊല്ലം ഡിപ്പോയുടെ സമഗ്രവികസനത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസനഫണ്ട് ലഭ്യമായാൽ ആയത് ഉപയോഗപ്പെടുത്തുന്നതാണ്.

## മലപ്പുറം കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

313(3586) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) 2018 ഡിസംബർ 31-നുശേഷം ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ ലേലം നടത്തിയതുവഴി കെ.എസ്.ആർ.ടി.സി.-യ്ക്ക് വരുമാനം ലഭിച്ചിട്ടുണ്ടോ;

(സി) എഗ്രിമെന്റിൽ പറഞ്ഞതുപ്രകാരം ഏതുഘട്ടം വരെയുള്ള ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും കരാറുകാരന് നൽകുവാനുള്ള കുടിശ്ശിക തുക നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ സ്ട്രക്ചറൽ വർക്കുകളും പ്ലാസ്റ്ററിംഗും ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം കരാറുകാരന് തുക നൽകുവാൻ കഴിയാത്തതിനാൽ പണി നിർത്തി വച്ചിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. വൈദ്യുതീകരണം, അഗ്നി സുരക്ഷ സംവിധാനം എന്നീ പ്രവൃത്തികൾ 2020-21 പ്ലാൻ ഫണ്ട് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സർക്കാരിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) കരാർ പ്രകാരമുള്ള സ്ട്രക്ച്ചറൽ വർക്കുകളും പ്ലാസ്റ്ററിംഗും ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്.

കരാറുകാരന് 1,19,33,190 രൂപ നൽകാനുണ്ട്.

(ഡി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## തൊടുപുഴ ഡിപ്പോയുടെ പുതിയ മന്ദിരം

314(3587) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ തൊടുപുഴ ഡിപ്പോ എന്നു മുതൽ പുതിയ മന്ദിരത്തിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മന്ദിരത്തിലെ കടമുറികൾ ലേലം ചെയ്ത വകയിൽ എത്ര തുക കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) ഈ തുക ഏതൊക്കെ പ്രവൃത്തികൾക്കാണ് ചെലവഴിച്ചത് എന്നറിയിക്കാമോ;

(ഡി) അവശേഷിക്കുന്ന കടമുറികൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ സിവിൽ പണികൾ ഏകദേശം പൂർത്തിയായി. അഗ്നിസുരക്ഷാ സംവിധാനം, വൈദ്യുതീകരണം എന്നിവയുടെ പാർട്ട് പേയ്മെന്റ് കൊടുക്കാൻ കഴിയാത്തതിനാൽ ടി പണികൾ മുടങ്ങികിടക്കുകയാണ്. കെട്ടിടത്തിന്റെ ലിഫ്റ്റ് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള ഫിനിഷിംഗ് പണികളും ഇനി പൂർത്തിയാക്കേണ്ടതുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകാരണം കെ.എസ്.ആർ.ടി.സി. യുടെ സ്വന്തം ഫണ്ടിൽ നിന്നും ഇതിനുള്ള തുക കണ്ടെത്താൻ സാധിക്കാത്തതിനാൽ ലേലം നടത്തി പലിശ രഹിത ഡെപ്പോസിറ്റ് സ്വീകരിച്ച് ഫണ്ട് കണ്ടെത്തി ബാക്കിയുള്ള പണികൾ പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് 2020-21 പ്ലാൻ ഫണ്ട് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) കടമുറികൾ ലേലം ചെയ്ത വകയിൽ 91,65,002 രൂപ ലഭിച്ചു.

(സി) ഈ തുക തൊടുപുഴ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുതന്നെ വിനിയോഗിക്കുന്നു.

(ഡി) ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. (ലേലം/ടെണ്ടർ തീയതി 15-11-2019).

## ഓർഡിനറി സർവ്വീസുകൾ റദ്ദാക്കിയത് കാരണം അനുഭവിക്കുന്ന യാത്രാക്ലേശം

315(3588) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വിവിധ ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ഓർഡിനറി സർവ്വീസുകൾ സർവ്വീസ് മോഡിഫിക്കേഷൻ എന്നപേരിൽ റദ്ദാക്കിയതു കാരണം ഗ്രാമീണ മേഖലയിലെ വിദ്യാർഥികൾ ഉൾപ്പെടെയുള്ളവർ അനുഭവിക്കുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ദേശസാൽകൃത റൂട്ടുകളില്ലാത്ത പ്രസ്തുത നിയോജകമണ്ഡലത്തിലെ ക്യാൻസൽ ചെയ്ത ഓർഡിനറി സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) വിവിധ ഡിപ്പോകളിൽ നിന്നും പാറശ്ശാല നിയോജക മണ്ഡലവുമായി ബന്ധപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്ന ഓർഡിനറി സർവ്വീസുകൾ ഏതൊക്കെയാണെന്ന് അവയുടെ സമയക്രമം സഹിതം അറിയിക്കാമോ; ഇതിൽ ഏതൊക്കെ സർവ്വീസുകളാണ് നിലവിൽ നിർത്തലാക്കിയതെന്നുള്ള വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിയ സമഗ്ര പുനരുദ്ധാരണ പദ്ധതികളുടെ ഭാഗമായി യാത്രക്കാർ തീരെ കുറവുള്ളതും വരുമാനം കുറഞ്ഞതുമായ ഷെഡ്യൂളുകൾ/ട്രിപ്പുകൾ പുനഃക്രമീകരിച്ചിട്ടുള്ളതാണ്. എന്നാൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ഓപ്പറേറ്റ് ചെയ്തുവന്നിരുന്ന നെയ്യാറ്റിൻകര, പാറശ്ശാല യൂണിറ്റുകളിലെ ഷെഡ്യൂളുകൾ/ട്രിപ്പുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) <u>പാറശ്ശാല ഡിപ്പോ</u>

രാവിലെ 4.50 മണി മുതൽ 6.00 മണി വരെ 15 മിനിട്ട് ഇടവേളകളിലും 6.00 മണി മുതൽ 18.00 മണി വരെ 10 മിനിട്ട് ഇടവേളകളിലും 18.00 മണി മുതൽ 20.30 മണി വരെ 20 മിനിട്ട് ഇടവേളകളിലും കളിയിക്കാവിള-തിരുവനന്തപുരം റൂട്ടിലേയ്ക്കും തിരിച്ചും ഓർഡിനറി ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നു. 5.30 മണി മുതൽ

20.00 മണി വരെ 20 മിനിട്ട് ഇടവേളകളിൽ കളിയിക്കാവിള – വെള്ളറടയിലേയ്ക്കും തിരിച്ചും സർവ്വീസ് ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നു. 5.30 മണി മുതൽ 20.00 മണി വരെ 30 മിനിട്ട് ഇടവേളയിൽ പൂവാർ റൂട്ടിൽ പാറശ്ശാല ഡിപ്പോയിൽ നിന്നുമുള്ള സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നു.

നെയ്യാറ്റിൻകര ഡിപ്പോ

നെയ്യാറ്റിൻകര-മഞ്ചവിളാകം-കാരക്കോണം ചെയിൻ സർവ്വീസ് 20 മിനിട്ട് ഗ്യാപ്പിൽ രാവിലെ 5.20 മുതൽ രാത്രി 9.00 മണി വരെയും, നെയ്യാറ്റിൻകര-ധനുവച്ചപുരം-വെള്ളറട സർവ്വീസ് 20 മിനിട്ട് ഗ്യാപ്പിൽ രാവിലെ 4.50 മുതൽ 8.30 വരെയും രാത്രി 10.20 -ന് സ്റ്റേ സർവ്വീസും നെയ്യാറ്റിൻകര-മാരായമുട്ടം-ചെമ്പൂർ-വെള്ളറട സർവ്വീസ് 25 മിനിട്ട് ഗ്യാപ്പിൽ 04.50 മുതലും നെയ്യാറ്റിൻകര-മാനലൂക്കര കാരക്കോണം സർവ്വീസ് 30 മിനിട്ട് ഗ്യാപ്പിൽ രാവിലെ 5.00 മണി മുതൽ രാത്രി 09.30 മണി വരെയും നെയ്യാറ്റിൻകര-അറക്കുന്ന്-പാലിയോട്-ഡാലുമുഖം സർവ്വീസ് 40 മിനിട്ട് ഇടവേളകളിൽ 05.30 മണി മുതലും മഞ്ചവിളാകം-തൃപ്പലവൂർ റൂട്ടിൽ 4 ട്രിപ്പുകൾ അങ്ങോട്ടും ഇങ്ങോട്ടുമായും നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തുവരുന്നു.

കൂടാതെ മറ്റ് റൂട്ടുകളിൽ കൂടിയുള്ള സർവ്വീസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതിൽ സർവ്വീസുകളൊന്നുംതന്നെ നിലവിൽ നിർത്തലാക്കിയിട്ടില്ല.

## തൃശ്ശൂർ - കൊണ്ടയൂർ ബസ് പുനഃസ്ഥാപിക്കാൻ നടപടി

316(3589) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും രാവിലെ പുറപ്പെട്ട് വടക്കാഞ്ചേരി, കുണ്ടന്നൂർ വഴി ദേശമംഗലം കൊണ്ടയൂരിൽ വന്ന് തിരിച്ചു പോയ്ക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സ് സർവ്വീസ് നിർത്താനുണ്ടായ കാരണം എന്താണ്; വിശദാംശം വ്യക്തമാക്കാമോ;

(ബി) ധാരാളം യാത്രക്കാർക്ക് പ്രയോജനപ്പെട്ടിരുന്നതും നല്ല കളക്ഷൻ ഉണ്ടായിരുന്നതുമായ പ്രസ്തുത ബസ്സ് റൂട്ട് പുനരാരംഭിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം താൽക്കാലിക ജീവനക്കാരെ ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കിയതിനെത്തുടർന്ന് ജീവനക്കാരുടെ കുറവ് അനുഭവപ്പെട്ടതിനാലാണ് പ്രസ്തുത സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിരുന്നത്.

(ബി) പ്രസ്തുത സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്.

## പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ

317(3590) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ എത്രയെന്നും പുതിയതായി ആരംഭിച്ച ഷെഡ്യൂളുകൾ എത്രയെന്നും അറിയിക്കാമോ;

(ബി) പാലക്കാട് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തുകൊണ്ടിരുന്ന എ.സി.സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) ഈ വരുന്ന മണ്ഡലമാസ കാലയളവിൽ പാലക്കാട് ഡിപ്പോയിൽ നിന്നും പമ്പ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും 5 സർവ്വീസുകൾ നിർത്താലാക്കുകയും പുതുതായി 13 സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ചില സർവ്വീസുകൾ പ്രധാന ഡിപ്പോകളിൽ നിന്നും കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി പാലക്കാട് യൂണിറ്റിലെ എ.സി.ബസ്സുകൾ കോഴിക്കോട്, തേവര യൂണിറ്റുകളിലേയ്ക്ക് മാറ്റിയതിനാലാണ് ടി സർവ്വീസുകൾ നിർത്തലാക്കേണ്ടി വന്നിട്ടുള്ളത്.

(സി) മണ്ഡലപൂജ-മകരവിളക്ക് കാലയളവിൽ കെ.എസ്.ആർ.ടി.സി. പ്രത്യേക സർവ്വീസുകളാണ് ക്രമീകരിച്ചിട്ടുള്ളത്. യാത്രാക്കാരുടെ തിരക്കും കോർപ്പറേഷന് വരുമാനം ലഭ്യമാകുന്ന തരത്തിലും എല്ലാ പ്രധാന ഡിപ്പോകളിൽ നിന്നും പമ്പയിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പുതിയ സർവ്വീസുകൾ

318(3591) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാനന്തവാടി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും ആരംഭിച്ച പുതിയ സർവ്വീസുകളുടെ വിവരം ലഭ്യമാക്കാമോ;

(ബി) ഇങ്ങനെ ആരംഭിച്ച ഏതെങ്കിലും സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ)

1. 7.20 പടിഞ്ഞാറേത്തറ (ഓർഡിനറി)
2. 6.50 തിരുനെല്ലി (പനവള്ളി വഴി) (ഓർഡിനറി)
3. 19.00 തിരുവനന്തപുരം (മിന്നൽ)
4. 22.30 പത്തനംതിട്ട (ഡീലക്സ്)
5. 15.40 ഭീമനടി (ഫാസ്റ്റ് പാസഞ്ചർ)
6. 7.40 കോയമ്പത്തൂർ (ഇന്റർ സ്റ്റേറ്റ് സൂപ്പർ ഫാസ്റ്റ്)
7. 4.35 കോഴിക്കോട് (ഓർഡിനറി)
8. 6.15 കോഴിക്കോട് (ടൗൺ ടു ടൗൺ ഫാസ്റ്റ് പാസഞ്ചർ)
9. 8.40 കോഴിക്കോട് (ടൗൺ ടു ടൗൺ ഫാസ്റ്റ് പാസഞ്ചർ)
10. 5.45 കോഴിക്കോട് (ടൗൺ ടു ടൗൺ ഫാസ്റ്റ് പാസഞ്ചർ)
11. 10.00 കോഴിക്കോട് (ടൗൺ ടു ടൗൺ ഫാസ്റ്റ് പാസഞ്ചർ)
12. 6.20 WIMS Hospital (ജൻറം) എന്നീ സർവ്വീസുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. വരുമാനം തീരെ കുറവായതിനാൽ 7.20 മണിയുടെ പടിഞ്ഞാറേത്തറ ഓർഡിനറി സർവ്വീസും 15.40 മണിയുടെ ഭീമനടി ഫാസ്റ്റ് പാസഞ്ചർ സർവ്വീസും താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്.

## ആലപ്പുഴയിൽ നിന്ന് ചെങ്ങന്നൂർ വഴി അടൂർ, കൊട്ടാരക്കര സർവ്വീസ്

319(3592) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ നിവാസികൾക്ക് ഭരണ സിരാകേന്ദ്രമായ ആലപ്പുഴയിൽ എത്താൻ ചെങ്ങന്നൂരിൽ നിന്ന് നേരിട്ട് രണ്ടോ മൂന്നോ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ മാത്രമാണുള്ളതെന്ന വസ്തുത പരിഗണിച്ച് യാത്രാദുരിതം ഒഴിവാക്കുന്നതിനും കളക്ഷൻ കൂട്ടുവാനും ആലപ്പുഴയിൽ നിന്ന് ചെങ്ങന്നൂർ-അടൂർ-കൊട്ടാരക്കര സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം-കോട്ടയം, തിരുവനന്തപുരം-എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 4-8-2019 മുതൽ ആരംഭിച്ചിട്ടുണ്ട്. പ്രധാന റൂട്ടുകളിലെ യാത്രാക്ലേശം പൂർണ്ണമായും ഒഴിവാക്കുന്നതിന് ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. കൂടാതെ ആലപ്പുഴയിൽനിന്നും അടൂർ-ചെങ്ങന്നൂർ വഴി കൊട്ടാരക്കരയിലേയ്ക്ക് പുതുതായി സർവ്വീസ് ക്രമീകരിച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി ഡിപ്പോയിലെ സർവ്വീസുകൾ

320 (3593) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ബസ് സർവ്വീസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ 2019 ജനവരി ഒന്നിനു ശേഷം നിർത്തലാക്കിയ ഷെഡ്യൂളുകളുടെ പട്ടിക ലഭ്യമാക്കുമോ;

(സി) ഇവിടെ നിന്നും പിൻവലിച്ച ദീർഘദൂര ബസുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഏതെല്ലാം ബസുകൾ മറ്റ് ഡിപ്പോകൾക്ക് കൈമാറിയെന്ന് വിശദമാക്കുമോ;

(ഡി) ഡ്രൈവർമാരുടെ ക്ഷാമം മൂലം ദിവസേന ശരാശരി എത്ര ഷെഡ്യൂളുകൾ പിൻവലിക്കുന്നുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു സൂപ്പർഫാസ്റ്റ് സർവ്വീസും 11 ഫാസ്റ്റ് പാസഞ്ചർ സർവ്വീസും 52 ഓർഡിനറി സർവ്വീസും ഉൾപ്പെടെ 64 ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തി വരുന്നുണ്ട്.

(ബി) 2019 ജനുവരി 1- ന് ശേഷം 05.40 തൃശ്ശൂർ, 07.10 തൃശ്ശൂർ എന്നീ സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ കരുനാഗപ്പള്ളി ഡിപ്പോയിൽനിന്നും റദ്ദ് ചെയ്തിട്ടുണ്ട്. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിന് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന്റെ ഭാഗമായാണ് ടി ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) RPC 426 - പത്തനാപുരം

RPK46 – തിരുവനന്തപുരം സെൻട്രൽ

RPE 52 – നെയ്യാറ്റിൻകര

(ഡി) ഡ്രൈവർമാരുടെ ക്ഷാമംമൂലം കരുനാഗപ്പള്ളി യൂണിറ്റിൽനിന്നും ഷെഡ്യൂളുകൾ റദ്ദ് ചെയ്തിട്ടില്ല.

**ചാത്തന്നൂർ ബസ്സ് സ്റ്റേഷൻ നവീകരണം**

321(3594) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ബസ്സ്സ്റ്റേഷൻ നവീകരണത്തിനായി 30 ലക്ഷം രൂപ അനുവദിക്കപ്പെട്ടതും 27-4-2018 ൽ ഭരണാനുമതി നൽകി ഉത്തരവായതും (കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്രമം ഡി 6-4629/2017/MLAADS) കെ.എസ്.ആർ.ടി.സി ചെയർമാനും എം.ഡി.-യ്ക്കും പ്രസ്തുത ഉത്തരവ് നൽകിയിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് പ്രസ്തുത തുക നാളിതുവരെയായി ഡെപ്പോസിറ്റ് ചെയ്തു നൽകുവാൻ ഗതാഗത വകുപ്പും കെ.എസ്.ആർ.ടി.സി.-യും തയ്യാറാകാത്തത് എന്തുകൊണ്ടാണെന്നും ആയതിന് ഇത്രയധികം കാലതാമസം എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി ഇത്രയും കാലം താമസിപ്പിച്ചതിന് ഉത്തരവാദികളെ കണ്ടെത്തി വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) പ്രസ്തുത പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി PWD യെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. ടി പ്രവൃത്തി ചെയ്യുന്നതിന് ഭരണാനുമതി പ്രകാരമുള്ള തുക (30 ലക്ഷം രൂപ) നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന 5055-190-95 (NPV) എന്ന ശീർഷകത്തിൽ നിന്നും പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം -ന് ഡെപ്പോസിറ്റ് ചെയ്യുന്നതിലേയ്ക്കായി റിലീസ് ചെയ്തുകൊണ്ട് 26-9-2019 -ലെ സ.ഉ.(സാധാ) 446/2019/ഗതാഗതം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ശീർഷകത്തിനുപകരം ആസ്തി വികസന പദ്ധതി ഉൾപ്പെടുത്തിയ പ്രവൃത്തികളെ സംബന്ധിച്ച ചെലവ് കെ.എസ്.ആർ.ടി.സി.-യിലുള്ള ഓഹരി മൂലധന നിക്ഷേപമായി പ്രത്യേകം തരം തിരിക്കുന്നതിനുവേണ്ടി 7055-00-190-94(NV) എന്ന പുതിയ ശീർഷകം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പുതിയ ശീർഷകത്തിൽ നിന്നും മാത്രമേ തുക റിലീസ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയും വേഗം തുക കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറുന്നതാണ്. ഈ വിഷയത്തിൽ മനഃപൂർവ്വമായ യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല.

**ഇരിങ്ങാലക്കുട ഡിപ്പോയിലെ ബസ് സർവ്വീസുകൾ**

322(3595) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും തിരുവനന്തപുരത്തേക്ക് ഉണ്ടായിരുന്ന സൂപ്പർ ഫാസ്റ്റ് ബസ് സർവ്വീസ് നിറുത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം, ആർ.സി.സി., ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിലേയ്ക്ക് നിരവധി ആളുകൾ യാത്രയ്ക്കായി ആശ്രയിച്ചിരുന്ന ഈ ബസ് സർവ്വീസ് പുനസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ നിന്നും കോട്ടയത്തേക്കുള്ള ബസ് സർവ്വീസും പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ബസ് നിർത്തലാക്കിയിട്ടുണ്ട്.

(ബി&സി) കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള (എം.സി റോഡ് വഴിയും എൻ.എച്ച് വഴിയുമുള്ള) ദേശസാൽകൃത കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ചെയിൻ സർവ്വീസ് 06-5-2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം - കോട്ടയം, തിരുവനന്തപുരം - എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 04.08.2019 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുടയിൽ നിന്നും നിർത്തലാക്കിയ ബസ്സിന്റെ അതേ സമയത്ത് തന്നെ ആലുവായിലേയ്ക്ക് മറ്റൊരു സർവ്വീസ് പുനഃക്രമീകരിച്ചിട്ടുമുണ്ട്. ആയതിനാൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നെയ്യാറ്റിൻകര ഡിപ്പോയ്ക്ക് അനുവദിച്ച പുതിയ ബസുകൾ**

323(3596) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഡിപ്പോയ്ക്ക് 2016 മുതൽ 2019 സെപ്റ്റംബർ വരെ പുതിയ എത്ര ബസ്സുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവധി കഴിഞ്ഞ ബസ്സുകൾ പൊളിക്കുന്നതിനനുസരിച്ച് പുതിയ ഓർഡിനറി ബസുകൾ അനുവദിച്ചിട്ടുണ്ടോ; എത്ര പുതിയ ബസ്സുകളാണ് അനുവദിച്ചതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഡിപ്പോയിൽ 2016 മുതൽ 2019 സെപ്റ്റംബർ മാസം വരെ കാലാവധി കഴിഞ്ഞ് പൊളിച്ച ബസുകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2016 മുതൽ 2019 സെപ്റ്റംബർ വരെ നെയ്യാറ്റിൻകര ഡിപ്പോയ്ക്ക് 9 പുതിയ ബസ്സുകളാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

(ബി) കാലാവധി കഴിയുന്ന ബസ്സുകൾ മാറ്റുന്ന മുറയ്ക്ക് സർവ്വീസിന്റെ രീതി പരിശോധിച്ച് ബസ്സുകൾ അനുവദിച്ചുവരുന്നുണ്ട്. 24 ഓർഡിനറി ബസ്സുകൾ ടി കാലയളവിൽ പുതുതായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) 2016 മുതൽ 2019 സെപ്റ്റംബർ മാസം വരെ നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും 24 ബസ്സുകളാണ് സ്ക്രാപ്പ് ചെയ്തിട്ടുള്ളത്.

## നെയ്യാറ്റിൻകരയിലെ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

324(3597) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും കുറവ് കാരണം നിരവധി ഷെഡ്യൂളുകൾ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെയ്യാറ്റിൻകര ഡിപ്പോയിൽ നിലവിൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും കുറവുകാരണം എത്ര ഷെഡ്യൂളുകൾ ആണ് ഡിപ്പോയിൽ നിർത്തലാക്കിയത്; നിർത്തലാക്കിയ സർവ്വീസുകളുടെ റൂട്ടുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജീവനക്കാരുടെ ലീവ് ക്രമീകരിച്ചും മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തിയും ട്രിപ്പുകൾ ക്രമീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച സുശീൽ ഖന്ന കമ്മിറ്റിയുടെ റിപ്പോർട്ടിൽ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരി ആയ 5.5-ൽ എത്തിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയത്തിൽ കേഡർ സ്ട്രെംഗ്ത് നിശ്ചയിക്കുന്നതിനായി ഒരു സമിതിയെ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ.എസ്.ആർ.ടി.സി. നിലവിലെ ജീവനക്കാരുടെ സ്ട്രെംഗ്ത്തും ഒഴിവും നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ നിലവിൽ നെയ്യാറ്റിൻകര ഡിപ്പോയിലെ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരുടെ ഒഴിവ് നിശ്ചയിച്ചിട്ടില്ല.

(സി) ട്രിപ്പുകൾ പുനഃക്രമീകരിച്ച് ഷെഡ്യൂളുകൾ പൂർണ്ണമായും റദ്ദ് ചെയ്യുന്നത് ഒഴിവാക്കിയിട്ടുണ്ട്.

## മഞ്ചേരി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പ്രവർത്തനം പുനരാരംഭിക്കാൻ നടപടി

325(3598) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാന്റിൽ പ്രവർത്തിച്ചുവന്നിരുന്ന കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്റർ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ പ്രസ്തുത ഓഫീസിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. മുൻകാലത്ത് ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് മഞ്ചേരി ബസ് സ്റ്റാൻഡിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ബസ് സ്റ്റാൻഡ് പ്രവർത്തിക്കാത്തതിനാൽ പ്രസ്തുത സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്.

(ബി) മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. മഞ്ചേരി നഗരസഭ അനുവദിച്ച മുറിയിലാണ് ഓഫീസ് പ്രവർത്തിച്ചിരുന്നത്.

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന നിലവിലെ സാഹചര്യത്തിൽ മഞ്ചേരി ബസ് സ്റ്റേഷനിൽ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്നതിന് നിലവിൽ നിർവ്വാഹമില്ലാത്തതാണ്.

## കാസർഗോഡ് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ്റൂട്ടുകൾ

326(3599) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര പുതിയ കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്റൂട്ടുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(സി) റൂട്ടുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ പുതിയ കെ.എസ്.ആർ.ടി.സി. ബസ്റൂട്ടുകൾ പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ചുവടെ ചേർക്കുന്നു.

1. 21.00 കാസർഗോഡ് - കോട്ടയം
2. 11.20 കാസർഗോഡ് - പാണത്തൂർ - മാംഗ്ലൂർ
3. 10.30 കാസർഗോഡ് - മംഗലാപുരം - ബന്ദടുക്ക
4. 12.05 കാസർഗോഡ് - അട്ടൂർ - മംഗലാപുരം
5. 13.15 കാസർഗോഡ് - എളേരി - മംഗലാപുരം
6. 15.20 കാസർഗോഡ് - ചീക്കാട് - മംഗലാപുരം
7. 06.15 കാസർഗോഡ് - പാണത്തൂർ - മൈസൂർ
8. 20.30 കാസർഗോഡ് - ബാംഗ്ലൂർ
9. 18.20 കാസർഗോഡ് - ഗുരുവായൂർ
10. 12.00 കാഞ്ഞങ്ങാട് - മൈസൂർ
11. 17.00 കാഞ്ഞങ്ങാട് - പത്തനംതിട്ട
12. 07.00 കാഞ്ഞങ്ങാട് - ഇരിട്ടി
13. 05.45 കാഞ്ഞങ്ങാട് - സുള്ള്യ
14. 06.20 കാഞ്ഞങ്ങാട് - സുള്ള്യ
15. 07.10 കാഞ്ഞങ്ങാട് - സുള്ള്യ
16. 08.00 കാഞ്ഞങ്ങാട് - സുള്ള്യ
17. 08.30 കാഞ്ഞങ്ങാട് - സുള്ള്യ
18. 05.40 കാഞ്ഞങ്ങാട് - മംഗലാപുരം
19. 05.15 കാഞ്ഞങ്ങാട് - മംഗലാപുരം
20. 06.40 കാഞ്ഞങ്ങാട് - മംഗലാപുരം
21. 14.50 കാഞ്ഞങ്ങാട് - ചിറ്റാരിക്കൽ
22. 14.05 കാഞ്ഞങ്ങാട് - മംഗലാപുരം

(ബി) നിർത്തലാക്കിയ ബസ് റൂട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. 18.20 കാസർഗോഡ് - ഗുരുവായൂർ
2. 06.15 കാസർഗോഡ് - പാണത്തൂർ - മൈസൂർ
3. 07.00 കാസർഗോഡ് - കാഞ്ഞങ്ങാട്
4. 08.20 കാസർഗോഡ് - കാഞ്ഞങ്ങാട്
5. 07.20 കാസർഗോഡ് - കാഞ്ഞങ്ങാട്
6. 11.20 കാസർഗോഡ് - കാഞ്ഞങ്ങാട്
7. 06.25 കാസർഗോഡ് - കിന്നിംഗാർ
8. 12.00 കാഞ്ഞങ്ങാട് - മൈസൂർ

(സി) വരുമാന ലഭ്യത തുലോം കുറവുള്ള സർവ്വീസുകളാണ് റദ്ദാക്കിയത്.

(ഡി) ഉണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന നിലവിലെ സാഹചര്യത്തിൽ പുതിയ റൂട്ടുകളിലൂടെ സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്സുകളുടെ ലഭ്യത ഉറപ്പുവരുത്തിയശേഷം പരിശോധിക്കുന്നതാണ്.

## അതിരപ്പിള്ളി പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. യാത്രാ സൗജന്യം

327(3600) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ മലയോര മേഖലയായ ആതിരപ്പിള്ളി പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്രാ സൗജന്യം അനുവദിക്കുന്നത് സംബന്ധിച്ച് നൽകിയ അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രാ സൗജന്യം അനുവദിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇരിങ്ങാലക്കുട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിവുകൾ**

328(3601) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച സുശീൽഖന്ന റിപ്പോർട്ടിൽ ബസ് ജീവനക്കാർ അനുപാതം ദേശീയ ശരാശരിയായ 5.5-ൽ എത്തിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയത്തിൽ കേഡർ സ്ട്രെംഗ്ത് നിശ്ചയിക്കുന്നതിനായി ഒരു സമിതിയെ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ.എസ്.ആർ.ടി.സി.-യിൽ നിലവിലെ ജീവനക്കാരുടെ സ്ട്രെംഗ്ത്തും ഒഴിവും നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ നിലവിൽ ഇരിങ്ങാലക്കുട ഡിപ്പോയിലെ വിവിധ തസ്തികകളിലെ ഒഴിവ് നിർണ്ണയിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ഓഫീസിലെ സി.സി.ടി.വി.നീക്കം ചെയ്ത നടപടി**

329(3602) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ തിരുവനന്തപുരം സിറ്റി ഡിപ്പോയിലെ ഓഫീസിൽ സ്ഥാപിച്ചിരുന്ന സി.സി.ടി.വി. ക്യാമറ നീക്കം ചെയ്യുന്നതു

സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിരുന്നു; ലഭിച്ച പരാതികളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വൻ തുക ചെലവ് ചെയ്ത് ഓഫീസിൽ സ്ഥാപിച്ചിരുന്ന ടി ക്യാമറകൾ അവിടെ നിന്ന് നീക്കം ചെയ്യുന്നതിന് ലഭിച്ച പരാതിയിൽ എന്തെങ്കിലും വാസ്തവമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു പരാതി ലഭിച്ചിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത കാലയളവിലെ യൂണിറ്റ് ഓഫീസറോട് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ കെ.എസ്.ആർ.ടി.സി. നിർദ്ദേശിച്ച പ്രകാരമാണ് സി.സി.ടി.വി. ക്യാമറകൾ മാറ്റി സ്ഥാപിച്ചത്.

## ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിർത്തലാക്കിയ ഷെഡ്യൂൾ

330 (3603) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന എത്ര ഷെഡ്യൂളുകളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നിർത്തലാക്കിയത്; ഇവയുടെ വിശദാംശം നൽകുമോ;

(ബി) യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഗണിച്ച് നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ചുവടെ ചേർത്തിട്ടുള്ള 4 സർവ്വീസുകളാണ് ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി നിർത്തലാക്കിയത്.

1. 05.50 തൃശ്ശൂർ (SFP)
2. 07.20 എറണാകുളം (FP)
3. 06.20 തിരുവനന്തപുരം (FP)
4. 08.10 ആലപ്പുഴ (FP)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിന് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായാണ് ഹരിപ്പാട് ഡിപ്പോയിൽ നിന്നുമുള്ള ടി സർവ്വീസുകൾ നിർത്തലാക്കി പകരം ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളതിനാൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടായിട്ടില്ല.

**വളാഞ്ചേരി വട്ടപ്പാറ വളവിലെ അപകടം ഒഴിവാക്കാൻ പദ്ധതി**

331(3604) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി വട്ടപ്പാറ വളവിൽ സ്ഥിരമായി അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിൽ അപകടങ്ങൾ ഒഴിവാക്കുവാനായി ഗതാഗത വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഗതാഗത അതോറിറ്റി ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) 2017-18, 2018-19, 2019-20 വർഷം സംസ്ഥാന ഗതാഗത അതോറിറ്റി കേന്ദ്രത്തിന് നൽകിയ പദ്ധതികൾ ഏതെല്ലാം; എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ഇ) വളാഞ്ചേരി വട്ടപ്പാറ മേഖലയ്ക്ക് വേണ്ടി പുതിയ പദ്ധതി തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിന് അയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)

1. വട്ടപ്പാറ വലിയ വളവിന് മുകളിലുള്ള ചെറിയ വളവ് നിവർത്തുവാൻവേണ്ടി നിലവിലുള്ള സർക്കാർ സ്ഥലവും സ്വകാര്യ വ്യക്തി വിട്ടുതരാമെന്ന് സമ്മതിച്ചിട്ടുള്ള സ്ഥലവും എറ്റെടുത്ത് ചെറിയ വളവ് നിവർത്തുവാൻ വേണ്ട പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

2. 24 മണിക്കൂറും ബോധവൽക്കരണം നടത്തത്തക്ക രീതിയിൽ ഹോം ഗാർഡുകളെ വളവിനുമുമ്പ് ഡ്യൂട്ടിക്ക് നിർത്താൻ പോലീസ് ഡിപ്പാർട്ടുമെന്റിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

3. ചെറിയ വളവിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന ഒരു ഇലക്ട്രിക് പോസ്റ്റ് നീക്കം ചെയ്യുന്നതിന് വൈദ്യുതവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്.

5. കാഴ്ചയെ മറയ്ക്കുന്ന തരത്തിലുള്ള പരസ്യബോർഡുകൾ നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) റോഡ് സുരക്ഷ സംബന്ധിച്ച വിഷയങ്ങൾ സംസ്ഥാന ഗതാഗത അതോറിറ്റി (State Transport Authority) കൈകാര്യം ചെയ്യുന്നില്ല.

(ഇ) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നാഷണൽ ഹൈവേ ഗതാഗത മന്ത്രാലയം ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപെടുത്തുന്നതാണ്.

**ഷൊർണ്ണൂർ കുളപ്പുള്ളി ജംഗ്ഷനിൽ പുതിയ സിഗ്നൽ സംവിധാനം**

332(3605) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ കുളപ്പുള്ളി ജംഗ്ഷനിൽ ഗതാഗതപ്രശ്നം പരിഹരിക്കുന്നതിനായി പുതിയ സിഗ്നൽ സംവിധാനം ഏർപ്പെടുത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കുളപ്പുള്ളി ജംഗ്ഷനിൽ പുതിയ സിഗ്നൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പാലക്കാട് - കുളപ്പുള്ളി സംസ്ഥാന പാതയിലെ ലക്കിടി - കൂട്ടുപാത ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി ജില്ല റോഡ് സുരക്ഷാ സമിതി മുഖാന്തരം റോഡ് സുരക്ഷാ അതോറിറ്റിയിൽ ലഭ്യമായിട്ടുണ്ട്. സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സിവിൽ പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചശേഷമേ ഇതിനുവേണ്ട ഇലക്ട്രിക് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

## കൂടൽമാണിക്യം ക്ഷേത്രം, ശ്രീപത്മനാഭ സ്വാമി ക്ഷേത്രം എന്നിവ ബന്ധിപ്പിച്ച് ബസ് സർവ്വീസ്

333(T*3606) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി കേരളത്തിലെ പ്രശസ്തമായ കൂടൽമാണിക്യം ക്ഷേത്രം, തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമിക്ഷേത്രം എന്നിവ ബന്ധിപ്പിച്ചുകൊണ്ട് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

കോർപ്പറേഷനും യാത്രക്കാർക്കും ഗുണകരമാകുന്ന രീതിയിൽ സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ സർവ്വീസിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

## തീവ്രതയേറിയ ലൈറ്റുകളുപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി

334(3607) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിലെ പ്രത്യേകിച്ച് ആഡംബര വാഹനങ്ങളിലെ ഹാലോജൻ ബൾബുകളുടെയും അതിതീക്ഷ്ണ പ്രകാശമുള്ള ലൈറ്റുകളുടെയും പ്രകാശ തീവ്രത കാരണം എതിരെ വരുന്ന വാഹനമോടിക്കുന്ന ആളുകൾക്ക് റോഡ് കാണാൻ കഴിയാതെ വരുന്നതുമൂലം വാഹനാപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം വാഹനങ്ങൾ കണ്ടെത്തുകയും പ്രകാശ തീവ്രത അളക്കുന്ന ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധന നടത്തി നിയമം അനുശാസിക്കുന്ന തരത്തിലുള്ളതല്ലെങ്കിൽ അവർക്കെതിരായി മോട്ടോർ വാഹന നിയമപ്രകാരം കേസ് എടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനായി വാങ്ങിയ ലെക്സ് മീറ്റർ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ അമിതമായ ലൈറ്റ് ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇത്തരത്തിൽ 2,574 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | 33 |
| കൊല്ലം | 498 |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | 139 |
| കോട്ടയം | 701 |
| ഇടുക്കി | 47 |
| എറണാകുളം | 427 |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | ഇല്ല |
| മലപ്പുറം | 278 |
| കോഴിക്കോട് | 76 |
| വയനാട് | 13 |
| കണ്ണൂർ | 300 |
| കാസർഗോഡ് | 62 |

(ഡി)

1. പ്രത്യേക രാത്രികാല പരിശോധന നടത്തി ഇത്തരം ലൈറ്റുകൾ അഴിച്ച് മാറ്റാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.
2. നിയമവിരുദ്ധമായി ആൾട്ടറേഷൻ നടത്തിയ വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നുണ്ട്.
3. ഇതുസംബന്ധിച്ച് ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും നടപ്പിലാക്കിവരുന്നുണ്ട്.
4. ഡീലർഷിപ്പുകളിൽ ഇത്തരത്തിലുള്ള ഉപകരണ വിൽപ്പന നടത്തുന്നതിന്റെ ഭവിഷ്യത്തുകളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്.

5. പുതിയതായി ആരംഭിച്ചിട്ടുള്ള ആട്ടോമേറ്റഡ് വാഹന പരിശോധന സെന്ററുകളിൽ വാഹനത്തിന്റെ എല്ലാത്തരം ലൈറ്റുകളും പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഹെഡ് ലൈറ്റിന്റെ പ്രകാശ തീവ്രത അളക്കുന്നതിനും Head Light Beam-ന്റെ സാങ്കേതിക തകരാറുകൾ പരിശോധിക്കുന്നതിനുമുള്ള സംവിധാനവും ഈ ടെസ്റ്റിംഗ് സെന്ററുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

6. പത്രമാധ്യമങ്ങളിലൂടെ തീവ്രത കൂടിയ ലൈറ്റുകൾ ഉപയോഗിച്ച് വാഹനം ഓടിക്കുന്നതിന്റെ അപകട സാധ്യതകളെപ്പറ്റി വാർത്തകൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## ദേശീയപാതകളിലെ അനധികൃത പാർക്കിംഗ്

335(3608) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതകളോട് ചേർന്നുള്ള അനധികൃത പാർക്കിംഗ് തടയുന്നതിന് മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കുമോ;

(ബി) ചവറ നിയോജകമണ്ഡലത്തിലെ കുറ്റിവട്ടം ജംഗ്ഷനിൽ ദേശീയ പാതയോട് ചേർന്നുള്ള പാർക്കിംഗ് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡ് അനധികൃത പാർക്കിംഗ് തടയുന്നതിനുള്ള പരിശോധന നടത്തുന്നുണ്ട്.

(ബി) ദേശീയപാത (എൻ.എച്ച്), ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം, പോലീസ് തുടങ്ങിയ അനുബന്ധ ഡിപ്പാർട്ടുമെന്റുകളുമായി കൂടിയോലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## വാഹൻ സംവിധാന സോഫ്റ്റ്‌വെയർ

336(3609) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മോട്ടോർ വാഹന വകുപ്പ് കേന്ദ്രീകൃത സോഫ്റ്റ്‌വെയറായ വാഹൻ സംവിധാനത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇതിനോടനുബന്ധിച്ച് നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) നാലക്കങ്ങളിൽ കുറവ് വരുന്ന വാഹന നമ്പരുകളുടെ ഇടതുവശത്ത് പൂജ്യം കൂടി ചേർത്ത് നാലക്കമാക്കേണ്ടതുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള എല്ലാ വാഹനങ്ങളുടെയും വാഹന നമ്പരുകളിൽ ഇപ്രകാരമുള്ള മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പ് കേന്ദ്രീകൃത സംവിധാനമായ വാഹൻ & സാരഥി (പരിവാഹൻ) സോഫ്റ്റ്‌വെയറിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. 1-1-2019 മുതൽ പുതിയ ലേണേഴ്സ് ലൈസൻസ്, ഡ്രൈവിംഗ് ലൈസൻസ് മുതലായവ സാരഥി വഴിയും 01-4-2019 മുതൽ പുതിയ വാഹനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ, സ്ഥിര രജിസ്ട്രേഷൻ തുടങ്ങിയവ വാഹൻ മുഖേനയുമാണ് ചെയ്യുന്നത്. പഴയ സോഫ്റ്റ് വെയറായ സ്മാർട്ട് മൂവിൽ നിന്നും ഡ്രൈവിംഗ് ലൈസൻസുകളുടെയും വാഹനങ്ങളുടെയും ഡാറ്റ പരിവാഹനിലേയ്ക്ക് മാറ്റപ്പെടുന്നതോടുകൂടി പുതിയ സംവിധാനം പൂർണ്ണമായി നിലവിൽ വരുന്നതാണ്.

(ബി) വാഹൻ വരുന്നതോടുകൂടി വാഹന സംബന്ധമായ മിക്കവാറും സർവ്വീസുകൾ പൂർണ്ണമായും ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാകും. പ്രധാന ഗുണങ്ങൾ താഴെ പറയുന്നു.

1. താൽക്കാലിക രജിസ്ട്രേഷൻ നികുതി അടവ്, രജിസ്ട്രേഷൻ പർട്ടിക്കുലേഴ്സ്, പെർമിറ്റുകൾ തുടങ്ങിയവ പൂർണ്ണമായും ഓൺലൈനായി ചെയ്യുവാൻ കഴിയുന്നു.

2. വാഹന നമ്പരിനുള്ള റിസർവ്വേഷനും ലേല നടപടികളും പൂർണ്ണമായി ഓൺലൈൻ മുഖാന്തരം ചെയ്യപ്പെടുന്നു. ഇത് വളരെയേറെ സുതാര്യവും ഓഫീസിൽ ലേലത്തിനായി വരിക എന്നുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതുമാണ്.

3. പുതിയ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ആൾട്ടറേഷൻ തുടങ്ങിയ സർവ്വീസുകൾ ഫീസ്/നികുതി തുടങ്ങിയവ ഓൺലൈൻ മുഖാന്തരം അടയ്ക്കുവാൻ കഴിയുന്നു. വാഹന പരിശോധനയ്ക്കായി മാത്രം വാഹനം ഹാജരാക്കാൻവേണ്ടി ഓഫീസിലോ ഗ്രൗണ്ടിലോ എത്തിയാൽ മതിയാകും.

4. ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റിന് നിലവിൽ തിരുവനന്തപുരം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ അപേക്ഷിക്കുകയും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്ന് പെർമിറ്റ് തിരികെ അയച്ചുകൊടുക്കുകയും വേണമായിരുന്ന വാഹനിൽ പൂർണ്ണമായും ഓൺലൈനായി തന്നെ പെർമിറ്റ് പ്രിന്റ് എടുക്കാൻ കഴിയുന്നു.

5. വാഹനിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങളുടെ വിവരങ്ങൾ മൊബൈൽ ആപ് ആയ എംപരിവാഹൻ, ഡിജിലോക്കർ എന്നിവയിൽ ലഭ്യമാക്കുന്നു.

6. വാഹനം കൈമാറ്റം ചെയ്യപ്പെടുമ്പോൾ ഓൺലൈനായി വാഹനം വിറ്റ ആളും വാങ്ങിയ ആളും ചേർന്ന് അപേക്ഷ സമർപ്പിക്കുകയും രണ്ട് പേരുടേയും ഒ.റ്റി.പി. വിജയകരമായി പരിശോധിച്ചതിനുശേഷം ഫീസ് ഒടുക്കാൻ സാധിക്കുന്നു.

7. സാരഥി പൂർണ്ണമായും നടപ്പാക്കുന്നതോടുകൂടി അപേക്ഷകൻ ലൈസൻസ് പുതുക്കുന്നതിനായി ഓഫീസിൽ ഹാജരാകേണ്ടതില്ല.

(സി) വാഹനിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരിൽ അവസാനഭാഗത്തുള്ള നമ്പർ 1000-ൽ താഴെയാണെങ്കിൽ ഇടതുവശത്ത് ആവശ്യമായ പൂജ്യങ്ങൾ കൂടി ചേർത്ത് നാല് അക്കമായാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിവരുന്നത്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അതേ രീതിയിൽ തന്നെയാണ് നിയമാനുസൃതമായി നമ്പർ പ്ലേറ്റിലും രേഖപ്പെടുത്തേണ്ടത്.

(ഡി) നിലവിലുള്ള എല്ലാ വാഹനങ്ങളുടെയും ഡാറ്റ ഘട്ടം ഘട്ടമായി വാഹനിലേയ്ക്ക് മാറ്റപ്പെടുന്നതാണ്. ഇങ്ങനെ മാറ്റപ്പെടുമ്പോൾ നാഷണൽ സ്റ്റാൻഡേർഡായി വാഹനിലെ നമ്പർ രീതിയിലേയ്ക്ക് രജിസ്ട്രേഷൻ നമ്പരുകളിൽ അധികമായി പൂജ്യം ചേർക്കേണ്ടിവരുന്നു. ഇത്തരം വാഹനങ്ങൾക്ക് ഏതെങ്കിലും സർവ്വീസുകൾ ചെയ്തുകഴിയുമ്പോൾ വാഹനിലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുമ്പോൾ അതനുസരിച്ച് നമ്പർ പ്ലേറ്റിലും മാറ്റങ്ങൾ അനിവാര്യമായി വരുന്നതാണ്. HSRP നമ്പർ പ്ലേറ്റുകളും വാഹൻ രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

## ഫാൻസി നമ്പർ ലേലത്തിലൂടെ ലഭിക്കുന്ന തുക

337(3610) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾക്ക് ഫാൻസി നമ്പർ ലഭിക്കുന്നതിനായി ലേലത്തിൽ പങ്കെടുത്ത് പിൻമാറുന്നവർ മുൻകൂറായി ഒടുക്കുന്ന തുക എത്ര ദിവസത്തിനുള്ളിൽ തിരികെ നൽകുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള തുക ഏതു തീയതി വരെയുള്ളത് മടക്കി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫാൻസി നമ്പർ ലേലത്തിലൂടെ എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്രീകൃത സോഫ്റ്റ്വെയറായ 'വാഹൻ' നടപ്പിലാക്കിയതോടുകൂടി വാഹനങ്ങളുടെ ഫാൻസി നമ്പർ റിസർവേഷനും ലേല നടപടികളും ഓൺലൈൻ മുഖാന്തരമാണ് നടക്കുന്നത്. റിസർവ് ചെയ്യാനായി അടയ്ക്കുന്ന തുകയും ലേലത്തിൽ വിജയിക്കുന്ന തുകയും ഓൺലൈനായി തന്നെയാണ് അടയ്ക്കുന്നത്. ഓൺലൈനായി അടയ്ക്കുന്ന തുക കേരള ട്രഷറിയിൽ വന്നുചേരുന്നു. ഫാൻസി നമ്പർ ലേലവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ ആർ.ടി. ഓഫീസിനെ സമീപിക്കേണ്ടതില്ല. ലേലം നടക്കുന്നത് ഓൺലൈനിലൂടെ മാത്രമാണ്. ഇത് അപേക്ഷകന് സ്വന്തമായി ചെയ്യാവുന്നതാണ്. ആർ.ടി.ഓഫീസിന്റെ ഒരു സഹായവും ഇക്കാര്യത്തിൽ ആവശ്യമില്ല. ലേലത്തിൽ പരാജയപ്പെടുന്നവർ മുൻകൂറായി ഒടുക്കുന്ന തുക റീഫണ്ട് നൽകുന്നതിനായി അപേക്ഷകർതന്നെ കേരള സർക്കാരിന്റെ e-treasury.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ഇങ്ങനെ പ്രത്യേകമായി അപേക്ഷ സമർപ്പിക്കേണ്ടതിനാൽ ഒരു നിശ്ചിത ദിവസത്തിനുള്ളിൽ റീഫണ്ട് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്നതിനനുസരിച്ച് റീഫണ്ട് നടപടികൾ താമസംവിനാ കൈക്കൊള്ളുന്നുണ്ട്.

(ബി)

| ക്രമ നമ്പർ | ഓഫീസ് | തുക മുടക്കിയ/ നൽകിയത് താഴെപ്പറയുന്ന തീയതി വരെ |
|---|---|---|
| 1 | ആർ.ടി.ഒ. തിരുവനന്തപുരം | 30-9-2019 |
| 2 | സബ് ആർ.ടി.ഒ. പാറശ്ശാല | 31-10-2019 |
| 3 | സബ് ആർ.ടി.ഒ. നെയ്യാറ്റിൻകര | 22-10-2019 |
| 4 | സബ് ആർ.ടി.ഒ. കഴക്കൂട്ടം | 31-7-2019 |
| 5 | സബ് ആർ.ടി.ഒ. കാട്ടാക്കട | 5-11-2019 |
| 6 | ആർ.ടി.ഒ. ആറ്റിങ്ങൽ | 14-10-2019 |
| 7 | സബ് ആർ.ടി.ഒ. നെടുമങ്ങാട് | 31-3-2019 |
| 8 | ആർ.ടി.ഒ. കൊല്ലം | 2-11-2019 |
| 9 | സബ് ആർ.ടി.ഒ. കൊട്ടാരക്കര | 21-9-2019 |
| 10 | സബ് ആർ.ടി.ഒ. പുനലൂർ | 30-6-2019 |
| 11 | സബ് ആർ.ടി.ഒ. കരുനാഗപ്പള്ളി | 11-10-2019 |
| 12 | സബ് ആർ.ടി.ഒ. കുന്നത്തൂർ | 2-7-2019 |
| 13 | ആർ.ടി.ഒ. പത്തനംതിട്ട | 30-6-2019 |
| 14 | സബ് ആർ.ടി.ഒ. അടൂർ | 30-3-2019 |
| 15 | സബ് ആർ.ടി.ഒ. തിരുവല്ല | 31-1-2019 |
| 16 | സബ് ആർ.ടി.ഒ. റാന്നി | 17-9-2019 |
| 17 | സബ് ആർ.ടി.ഒ. മല്ലപ്പള്ളി | 4-11-2019 |
| 18 | ആർ.ടി.ഒ. ആലപ്പുഴ | 17-10-2019 |
| 19 | സബ് ആർ.ടി.ഒ. കായംകുളം | 19-10-2019 |
| 20 | സബ് ആർ.ടി.ഒ. ചെങ്ങന്നൂർ | 29-10-2019 |

| | | |
|---|---|---|
| 21 | സബ് ആർ.ടി.ഒ. മാവേലിക്കര | 25-10-2019 |
| 22 | സബ് ആർ.ടി.ഒ. ചേർത്തല | 20-10-2019 |
| 23 | സബ് ആർ.ടി.ഒ. കുട്ടനാട് | 31-3-2019 |
| 24 | ആർ.ടി.ഒ. ദേശസാൽകൃതം | ബാധകമല്ല |
| 25 | ആർ.ടി.ഒ. എറണാകുളം | 31-10-2019 |
| 26 | സബ് ആർ.ടി.ഒ. അങ്കമാലി | 31-10-2019 |
| 27 | സബ് ആർ.ടി.ഒ. നോർത്ത് പറവൂർ | 31-10-2019 |
| 28 | സബ് ആർ.ടി.ഒ. തൃപ്പൂണിത്തുറ | 31-10-2019 |
| 29 | സബ് ആർ.ടി.ഒ. മട്ടാഞ്ചേരി | 31-10-2019 |
| 30 | സബ് ആർ.ടി.ഒ. ആലുവ | 31-10-2019 |
| 31 | ആർ.ടി.ഒ. മൂവാറ്റുപുഴ | 30-9-2019 |
| 32 | സബ് ആർ.ടി.ഒ. കോതമംഗലം | 1-8-2019 |
| 33 | സബ് ആർ.ടി.ഒ. പെരുമ്പാവൂർ | 31-3-2019 |
| 34 | ആർ.ടി.ഒ. കോട്ടയം | 1-11-2019 |
| 35 | സബ് ആർ.ടി.ഒ. കാഞ്ഞിരപ്പള്ളി | 31-10-2019 |
| 36 | സബ് ആർ.ടി.ഒ. ചങ്ങനാശ്ശേരി | 30-9-2019 |
| 37 | സബ് ആർ.ടി.ഒ. പാലാ | 31-10-2019 |
| 38 | സബ് ആർ.ടി.ഒ. ഉഴവൂർ | 30-8-2019 |
| 39 | സബ് ആർ.ടി.ഒ. വൈക്കം | 31-10-2019 |
| 40 | ആർ.ടി.ഒ. ഇടുക്കി | 2-10-2019 |
| 41 | ആർ.ടി.ഒ. വണ്ടിപെരിയാർ | 8-6-2018 |
| 42 | സബ് ആർ.ടി.ഒ. തൊടുപുഴ | 31-3-2019 |
| 43 | സബ് ആർ.ടി.ഒ. ദേവികുളം | 31-10-2019 |
| 44 | സബ് ആർ.ടി.ഒ. ഉടുമ്പൻചോല | 21-11-2018 |

| | | |
|---|---|---|
| 45 | ആർ.ടി.ഒ. തൃശ്ശൂർ | 26-10-2019 |
| 46 | സബ് ആർ.ടി.ഒ. ഇരിങ്ങാലക്കുട | 30-10-2019 |
| 47 | സബ് ആർ.ടി.ഒ. ചാലക്കുടി | 30-10-2019 |
| 48 | സബ് ആർ.ടി.ഒ. വടക്കാഞ്ചേരി | 27-9-2019 |
| 49 | സബ് ആർ.ടി.ഒ. ഗുരുവായൂർ | 31-10-2019 |
| 50 | സബ് ആർ.ടി.ഒ. കൊടുങ്ങല്ലൂർ | 22-4-2019 |
| 51 | സബ് ആർ.ടി.ഒ. തൃപ്രയാർ | 28-10-2019 |
| 52 | ആർ.ടി.ഒ.പാലക്കാട് | 5-11-2019 |
| 53 | സബ് ആർ.ടി.ഒ. പട്ടാമ്പി | 5-11-2019 |
| 54 | സബ് ആർ.ടി.ഒ. ചിറ്റൂർ | 5-11-2019 |
| 55 | സബ് ആർ.ടി.ഒ. ആലത്തൂർ | 5-11-2019 |
| 56 | സബ് ആർ.ടി.ഒ. ഒറ്റപ്പാലം | 5-11-2019 |
| 57 | സബ് ആർ.ടി.ഒ. മണ്ണാർക്കാട് | 5-11-2019 |
| 58 | ആർ.ടി.ഒ. മലപ്പുറം | 4-6-2018 |
| 59 | സബ് ആർ.ടി.ഒ. തിരൂർ | 30-9-2019 |
| 60 | സബ് ആർ.ടി.ഒ. തിരൂരങ്ങാടി | 20-10-2019 |
| 61 | സബ് ആർ.ടി.ഒ. പെരുന്തൽമണ്ണ | 30-6-2019 |
| 62 | സബ് ആർ.ടി.ഒ. നിലമ്പൂർ | 30-9-2019 |
| 63 | സബ് ആർ.ടി.ഒ. പൊന്നാനി | 30-9-2019 |
| 64 | ആർ.ടി.ഒ. കോഴിക്കോട് | 24-10-2019 |
| 65 | ആർ.ടി.ഒ. വയനാട് | 6-5-2019 |
| 66 | ആർ.ടി.ഒ. കണ്ണൂർ | 30-4-2017 |
| 67 | ആർ.ടി.ഒ. കാസർഗോഡ് | 31-10-2019 |
| 68 | ആർ.ടി.ഒ. വടകര | 30-9-2019 |

| | | |
|---|---|---|
| 69 | സബ് ആർ.ടി.ഒ. കൊടുവള്ളി | 4-1-2018 |
| 70 | സബ് ആർ.ടി.ഒ. നന്മണ്ട | 30-6-2019 |
| 71 | സബ് ആർ.ടി.ഒ. മാനന്തവാടി | 24-6-2019 |
| 72 | സബ് ആർ.ടി.ഒ. സുൽത്താൻബത്തേരി | 10-7-2019 |
| 73 | സബ് ആർ.ടി.ഒ. തലശ്ശേരി | 31-8-2019 |
| 74 | സബ് ആർ.ടി.ഒ. തളിപ്പറമ്പ് | 15-4-2019 |
| 75 | സബ് ആർ.ടി.ഒ. ഇരിട്ടി | 31-10-2019 |
| 76 | സബ് ആർ.ടി.ഒ. കാഞ്ഞങ്ങാട് | 15-10-2019 |
| 77 | സബ് ആർ.ടി.ഒ. വെള്ളരിക്കുണ്ട് | 31-10-2019 |
| 78 | സബ് ആർ.ടി.ഒ. കൊയിലാണ്ടി | 30-9-2019 |
| 79 | സബ് ആർ.ടി.ഒ. പേരാമ്പ്ര | 30-9-2019 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3,22,027 എണ്ണം നമ്പരുകൾ റിസർവ് ചെയ്യുകയും അതിൽനിന്ന് 149,42,20,300 രൂപ സർക്കാരിലേയ്ക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## എ.എം.വി.ഐ. തസ്തികയുടെ യോഗ്യതകൾ

338(3611) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2015-നുശേഷം എത്ര എ.എം.വി.ഐ. തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) എ.എം.വി.ഐ. തസ്തികയിൽ ജോലി ലഭിക്കുന്നതിന് ഓട്ടോമൊബൈൽ ഡിപ്ലോമയും വർക്ക്ഷോപ്പ് പരിചയവുമുള്ള മോട്ടോർ വാഹന വകുപ്പ് ഡ്രൈവർമാർക്ക് സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എ.എം.വി.ഐ. മാരിൽ എത്രപേർ നേരിട്ട് നിയമനം ലഭിച്ചിട്ടുള്ളവരാണെന്ന് വിശദമാക്കുമോ;

(ഡി) മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും തസ്തികമാറ്റം വഴി എത്ര പേർക്ക് എ.എം.വി.ഐ.-മാരായി നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) എ.എം.വി.ഐ തസ്തികയ്ക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 213

(ബി) സാധിക്കുകയില്ല. 7-4-2008-ലെ സ.ഉ.(അച്ചടി) നം. 16/2008/ട്രാൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം മോട്ടോർ വാഹനവകുപ്പിലെ മിനിസ്റ്റീരിയൽ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്കായി നിജപ്പെടുത്തിയിരുന്നു. തുടർന്ന് 3-6-2015-ലെ സ.ഉ (അച്ചടി)നമ്പർ 35/2015/ ട്രാൻസ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം യോഗ്യതയുള്ള മിനിസ്റ്റീരിയൽ ജീവനക്കാരില്ലെങ്കിൽ ബൈട്രാൻസ്ഫർ അപ്പോയിന്റ്മെന്റിന് അപേക്ഷിക്കുന്നതിനായി അറ്റൻഡർമാർക്കും ക്ലാസ് IV ജീവനക്കാർക്കും അനുമതി നൽകിക്കൊണ്ട് മുകളിലെ ഉത്തരവ് ഭേദഗതി ചെയ്യുകയും ചെയ്തു. എന്നാൽ തുടർന്ന് 26-09-2018-ലെ സ.ഉ.(അച്ചടി)നം. 30/2018/ട്രാൻസ് നമ്പർ പ്രകാരം ബൈ ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത വകുപ്പിലെ മിനിസ്റ്റീരിയൽ സർവ്വീസിലുള്ളവർക്കായി നിജപ്പെടുത്തുകയും ചെയ്തു. ടി ഉത്തരവിന് 11-12-2013- മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

(സി) 554 പേർ

(ഡി) 51 പേർ

(ഇ) യോഗ്യത സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സോളാർ യാത്രാ ബോട്ട് സർവ്വീസ്

339(3612) ശ്രീ. മാണി സി. കാപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലഗതാഗത വകുപ്പ് സോളാർ യാത്രാ ബോട്ട് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത സോളാർ ബോട്ട് സർവ്വീസ് കൊണ്ട് എന്തൊക്കെ നേട്ടങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. ജലഗതാഗത രംഗത്ത് നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യയിൽതന്നെ ആദ്യമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്നതും 75 പാസഞ്ചർ കപ്പാസിറ്റിയുള്ളതുമായ യാത്രാബോട്ട് ഉപയോഗിച്ച് 12-1-2017 മുതൽ വകുപ്പിന്റെ വൈക്കം- തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. പരിസ്ഥിതി സൗഹൃദപരവും മലിനീകരണ വിമുക്തവുമായ രീതിയിലേയ്ക്ക് ഉൾനാടൻ ജലഗതാഗതത്തെ മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ച ടി ബോട്ട് വിജയകരമായി സർവ്വീസ് നടത്തിവരുന്നു. സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ച് ടി ഫെറി സർവ്വീസ് നടത്തുന്നതിന് പ്രതിദിനം ഏകദേശം 60 മുതൽ 65 ലിറ്റർ വരെ ഡീസൽ ആവശ്യമായി വരുന്നിടത്ത് സോളാർ ബോട്ട് ഉപയോഗിക്കുന്നതുമൂലം അത്രത്തോളം ഡീസൽ ലാഭിക്കാൻ സാധിക്കുന്നുണ്ട്. സോളാർ ബോട്ട് സർവ്വീസ് ആരംഭിച്ചിട്ട് 3 വർഷം പിന്നിടുമ്പോൾ ഏകദേശം 50 ലക്ഷത്തോളം രൂപ ഡീസൽ വാങ്ങുന്ന ഇനത്തിൽ ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ബോട്ടായതിനാൽ ഡീസൽ ഉപയോഗിക്കുന്നതുമൂലമുള്ള ജലമലിനീകരണം ഉണ്ടാകുന്നില്ല.

## ജലഗതാഗത വകുപ്പിലെ മരണപ്പെട്ട ജീവനക്കാരന്റെ എച്ച്.ബി.എ. പലിശ തുക എഴുതിത്തള്ളൽ

340 (3613) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ തേവര ഓഫീസിൽ ചാർജ്ജ്മാനായിരുന്ന 19-12-2015-ൽ മരണപ്പെട്ട പട്ടികജാതി സമുദായാംഗമായ കെ.കെ. പുരുഷോത്തമന്റെ പേരിലുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശ തുക എഴുതി തള്ളുന്നത് സംബന്ധിച്ച 42/D1/2019/ഗതാ. നമ്പർ ഫയലിൽ തീരുമാനം എടുക്കുന്നതിലെ കാലതാമസം മൂലം കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പലിശ തുക എഴുതിത്തള്ളുന്നതിനും കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിലും വരുത്തുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ഫയലിന്റെ നിജസ്ഥിതി എന്തെന്നും ആയതിന്മേൽ തീരുമാനം എന്നത്തേയ്ക്ക് എടുക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാന ജലഗതാഗത വകുപ്പിൽ കോൾക്കർ തസ്തികയിൽ സർവ്വീസിലിരിക്കവേ മരണമടഞ്ഞ കെ. കെ. പുരുഷോത്തമന്റെ ഭവന നിർമ്മാണ വായ്പയിൽ പലിശയിനത്തിലുള്ള ബാധ്യതയായ 32,849 രൂപ എഴുതിത്തള്ളണമെന്ന് അക്കൗണ്ടന്റ് ജനറൽ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 15-2-2019-ലെ ഇ 4/6219/15 നമ്പർ കത്ത് പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ പ്രസ്തുത കത്തിനോടൊപ്പം ബന്ധപ്പെട്ട രേഖകൾ ഉൾക്കൊള്ളിച്ചിരുന്നില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാൻ 27-2-2019 ലെ സർക്കാർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ടി രേഖകൾ സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ 1-7-2019-ൽ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫയൽ 4-9-2019-ൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിനയച്ചിരുന്നു. എന്നാൽ ധനകാര്യ വകുപ്പിൽനിന്നും ഫയൽ മടങ്ങിവന്നിട്ടില്ല. ഈ സാഹചര്യത്തിൽ 4-11-2019-ൽ ധനകാര്യ വകുപ്പിന് ഓർമ്മക്കുറിപ്പ് നൽകിയിരുന്നു. മരണപ്പെടുന്ന സർക്കാർ ജീവനക്കാരന്റെ 5 ലക്ഷം രൂപ വരെയുള്ള ബാധ്യതകൾ എഴുതിത്തള്ളുന്നത് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് വാങ്ങി പരിശോധിച്ചതിനുശേഷമായിരിക്കണമെന്ന് 17-7-2017-ലെ സ.ഉ.(അച്ചടി)നമ്പർ91/2017/ധന-യിൽ നിഷ്ക്കർഷിച്ചിട്ടുള്ളതിനാൽ ഈ വിഷയത്തിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ എറണാകുളം ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡിനെ 9-10-2019-ന് ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും നടപടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വിശദ പരിശോധനയ്ക്കായി ഫയൽ മടക്കിനൽകുന്നതാണെന്നും ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്-ബി) വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഫയൽ തിരികെ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM]

## II അടിയന്തരപ്രമേയം

### നിയമവിരുദ്ധ പ്രീ-അസസ്മെന്റ് നോട്ടീസുകൾ

മി. സ്പീക്കർ: ചട്ടം 50 അനുസരിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയ പ്രസ്തുത വിഷയം ഈ സമ്മേളനത്തിൽ 30-10-2019-ന് ശ്രീ. കെ. സി. ജോസഫ് സഭയിൽ സബ്മിഷനായി ഉന്നയിക്കുകയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദമായി മറുപടി നൽകുകയും ചെയ്തതാണ്. ചട്ടപ്രകാരം അനുവദനീയമല്ലെങ്കിൽപ്പോലും വാറ്റ് നികുതി കുടിശ്ശിക സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ സഭ മുമ്പാകെ വരേണ്ടതുണ്ടെന്ന ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭ്യർത്ഥന മാനിച്ച് ഈ നോട്ടീസിന് അവതരണാനുമതി നൽകുകയാണ്.

നിയമവിരുദ്ധമായ രീതിയിൽ കേരള മൂല്യവർദ്ധിത നിയമത്തിന്റെ 25(1) വകുപ്പ് അനുസരിച്ച് നോട്ടീസയച്ചതുമൂലവും ചരക്ക് സേവന നികുതി പ്രകാരം റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വന്ന മാസങ്ങളിലെ ഔട്ട്പുട്ട് ടാക്സിനുമേൽ പലിശ ഈടാക്കിക്കൊണ്ടുള്ള നോട്ടീസ് നൽകിയതുകൊണ്ടും ഒരാൾ ആത്മഹത്യ ചെയ്തതുൾപ്പെടെ സംസ്ഥാനത്തെ വ്യാപാരികളിലുണ്ടായിരിക്കുന്ന ഉത്കണ്ഠയും ഭീതിയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ഇതേ വിഷയം ശ്രീ. കെ. സി. ജോസഫ് ഇവിടെ സബ്മിഷനായി ഉന്നയിക്കുകയും ഞാൻ മറുപടി പറയുകയും ചെയ്തതാണ്. സഭയിൽ പറഞ്ഞതുപോലെ അന്ന് വൈകുന്നേരം കേരളത്തിലെ എല്ലാ പ്രമുഖ വ്യാപാരി വ്യവസായി സംഘടനകളുടെയും യോഗം വിളിച്ചുചേർത്തിരുന്നു. അതിൽ ഇത്തരത്തിൽ നോട്ടീസുകൾ പോയത് സർക്കാരിന്റെ നയത്തിനനുസൃതമായിട്ടല്ലെന്നും നികുതി കുടിശ്ശിക കർശനമായി പിരിക്കണമെന്ന നിലപാടിൽ ഉറച്ചുനിൽക്കുമ്പോൾത്തന്നെ arbitrariness പാടില്ലാത്തതാണെന്നും നോട്ടീസിനുമേൽ തുടർനടപടിയൊന്നും ഉണ്ടാകുകയില്ലെന്നും സംഘടനകൾക്ക് ഉറപ്പുനൽകിയിട്ടുണ്ട്. കൂടാതെ, ഇനി സ്ക്രൂട്ടിണി മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ

കൂടുതൽ നോട്ടീസുകൾ നൽകുകയില്ലെന്നും ഇതൊരു സ്റ്റാറ്റ്യൂട്ടറി പ്രൊസീഡ്യൂവറായതുകൊണ്ട് നിയമവകുപ്പുമായി ആലോചിച്ച് ഇവയെല്ലാം പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുമെന്നും പറഞ്ഞു. അതുകൊണ്ട് ശ്രീ. വി. ഡി. സതീശൻ പറയുന്നതുപോലുള്ള സംഭ്രമജനകമായ സാഹചര്യം സംസ്ഥാനത്തില്ല. എന്തെങ്കിലുമുണ്ടെങ്കിൽ പറഞ്ഞാൽ ഞാൻ പ്രതികരിക്കാം. മറ്റൊരു കാര്യം, വ്യാപാരിയുടെ ആത്മഹത്യയാണ്. അക്കാര്യവും അന്ന് ശ്രീ. കെ. സി. ജോസഫ് പറയുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ സ്ഥലവാസികളിൽനിന്നും മറ്റ് ബന്ധപ്പെട്ടവരിൽനിന്നും എനിക്ക് അറിയാൻ കഴിഞ്ഞത് അദ്ദേഹം ഏതാണ്ട് 700 രൂപ വച്ച് വലിയ തോതിൽ കുരുമുളക് സംഭരിച്ചിരുന്നുവെന്നും അതിന്റെ വിലയിടിവ് അദ്ദേഹത്തെ ഡിപ്രഷനിലെത്തിക്കുന്ന സാഹചര്യമുണ്ടായി എന്നുമാണ്. ഞാനിത് വ്യാപാരി സംഘടനകളോട് പറഞ്ഞു. എന്നാൽ അവരെല്ലാവരും അങ്ങനെയല്ലെന്നുപറഞ്ഞ് മെമ്മോറാണ്ടം തന്നിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസിന്റെ വിശദമായ റിപ്പോർട്ട് വരുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സമീപനം കൈക്കൊള്ളാം. ജി.എസ്.ടി.-യിൽ നികുതി അടയ്ക്കുന്നതിൽ താമസമുണ്ടായാൽ പലിശ കൊടുക്കേണ്ടിവരും. മൊത്തം ഔട്ട്പുട്ട് ടാക്സിന്റെ മുകളിലാണ് പലിശ വരുന്നത്. അത് നികുതിയുടെമേൽ മാത്രമാകണമെന്നുള്ളതാണ് വ്യാപാരികളുടെ ഡിമാന്റ്. ഇത് കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്തതാണ്. വ്യാപാരികൾ പറയുന്നതിലും ന്യായമുണ്ട്. എന്നാൽ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇത്തരത്തിൽ പിരിച്ചതിനാൽ അത് പിൻവലിക്കാൻ അവർക്ക് സമ്മതമുണ്ടായിരുന്നില്ല. പകരം, ഇതൊരു പെനാൽറ്റിയായി കണക്കാക്കണമെന്ന് പറഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ ജി.എസ്.ടി. കൗൺസിലിൽ തീരുമാനമെടുക്കാതെ ഇത് മാറ്റിവയ്ക്കുകയാണ് ചെയ്തത്. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നോട്ടീസ് അയയ്ക്കാൻ സാധിക്കൂ. നോട്ടീസയയ്ക്കൽ മാറ്റിവയ്ക്കാൻ കഴിയില്ല. കാരണം G.S.T.R.-1 ആളുകൾ ഫയൽ ചെയ്യുകയും അതുവച്ച് ഇൻപുട്ട് ക്രെഡിറ്റ് എടുക്കുകയും ചെയ്യും. എന്നാൽ 3 (ബി) നൽകുകയില്ല. അങ്ങനെ വരുമ്പോൾ സർക്കാരിന് നികുതി ലഭിക്കുകയുമില്ല, ക്രെഡിറ്റുള്ളത് കൊടുക്കണമെന്ന അവസ്ഥയാണ്. അതുകൊണ്ട് നോട്ടീസ് അയയ്ക്കാതിരിക്കാൻ നിർവ്വാഹമില്ല. ഇത് മാറ്റണമെങ്കിൽ ജി.എസ്.ടി. കൗൺസിലിന് മാത്രമേ പറ്റൂ. ബഹുമാനപ്പെട്ട മെമ്പർ കൂടുതൽ പ്രശ്നങ്ങൾ ഉന്നയിക്കുകയാണെങ്കിൽ വിശദീകരണം നൽകാം. ഏതായാലും ഇതൊരു ദൗർഭാഗ്യകരമായ എപ്പിസോഡായിപ്പോയി. കാരണം സർക്കാരിന്റെ സമീപനം ഇതല്ലെന്ന് നിങ്ങളും അംഗീകരിക്കുമെന്ന് തോന്നുന്നു. ഇത്തരത്തിൽ ഒരിക്കൽപ്പോലും വ്യാപാരികളുമായി തർക്കമോ ഏറ്റുമുട്ടലോ ഒന്നുമുണ്ടായിട്ടില്ല. സർക്കാരിന്റെ നയത്തിൽ നിന്ന് വ്യത്യസ്തമായ ഒരു സംഭവമാണ്, അത് തിരുത്തിയിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്ന് നവംബർ 8 ആണ്. നോട്ട് പിൻവലിച്ചതിന്റെ മൂന്നാം വാർഷികമാണിന്ന്. നോട്ട് പിൻവലിച്ച നടപടി വ്യാപാരികളുടെയും ചെറുകിട-ഇടത്തരം സംരംഭകരുടെയും തലയ്ക്കുമീതെ എത്ര ദോഷകരമായി ഭവിച്ചുവെന്ന് നമുക്കെല്ലാവർക്കും അറിയാം. നോട്ട് പിൻവലിച്ചതിന്റെ മൂന്നാം വാർഷിക ദിനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച ഒരു നടപടി ഇവിടത്തെ വ്യാപാരികളുടെമേൽ ഇടിത്തീപോലെ പതിച്ച കാര്യമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവുണ്ടായതിന്റെ പ്രധാന കാരണം വിൽപ്പനയും വ്യാപാരവും കുറഞ്ഞതാണെന്നാണ്. ജി.എസ്.ടി.-യുടെ വികലമായ നിർവ്വഹണവും അതുകൊണ്ടുണ്ടായ വ്യാപാരമാന്ദ്യവും ഒരുവശത്ത് നിൽക്കുന്നു, നോട്ട് പിൻവലിച്ചതിന്റെ ബുദ്ധിമുട്ടുകൾ മറുവശത്തും നിൽക്കുന്നു. സംസ്ഥാനത്ത് നിലവിലുള്ള സാമ്പത്തികമാന്ദ്യം വ്യാപാരമേഖലയെ തകർത്തുതരിപ്പണമാക്കിയ സാഹചര്യത്തിലാണ് ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചെന്നുപറയുന്നതുപോലെ വാറ്റിന്റെ സെക്ഷൻ 25(1) അനുസരിച്ചുള്ള നോട്ടീസുകൾ ഗവൺമെന്റ് നൽകിയത്. 2017-ലാണ് ജി.എസ്.ടി. നിയമം നിലവിൽ വന്നത്. അതിനുമുമ്പ് സംസ്ഥാനത്ത് നടപ്പാക്കിയിരുന്ന മൂല്യവർദ്ധിത നികുതി നിയമത്തിന്റെ അസസ്മെന്റുകൾ അഞ്ച് വർഷത്തിനകം പൂർത്തിയാക്കണമെന്ന് ആദ്യത്തെ നിയമത്തിൽ വ്യവസ്ഥ ചെയ്യുകയും പിന്നീടത് ആറ് വർഷത്തിനകം പൂർത്തിയാക്കണമെന്ന അമെന്റ്മെന്റ് വരികയും ചെയ്തു. 2013-14 വർഷത്തെ അസസ്മെന്റുകളുടെയെല്ലാം ഫൈനാലിറ്റി വരുന്ന ദിവസമാണ് 2020 മാർച്ച് 20. അതിനുമുമ്പായി വാറ്റ് നിയമത്തിന്റെ സെക്ഷൻ 21 അനുസരിച്ച് നികുതി വകുപ്പ് വ്യാപാരികൾക്ക് അയച്ചുകൊടുത്ത പ്രീ-അസസ്മെന്റ് നോട്ടീസുകൾ വിചിത്രമായതാണ്. കാരണം, ചങ്ങനാശ്ശേരിയിലുള്ള ഒരു വ്യാപാരിക്ക് അയച്ചുകൊടുത്ത ടോട്ടൽ പർച്ചേസ് സപ്രഷൻ കണക്കുകൂട്ടി വായിക്കാൻ തന്നെ ബുദ്ധിമുട്ടുള്ള വലിയൊരു തുകയാണ്. ഇരുപത്തയ്യായിരത്തി അറുന്നൂറ്റി നാൽപ്പത് കോടി അറുപത്തിയൊന്ന് ലക്ഷം രൂപയാണ് അയാൾ പർച്ചേസ് സപ്രഷൻ നടത്തിയതായി നോട്ടീസ് കൊടുത്തിരിക്കുന്നത്. അതുപോലെ മറ്റൊരു നോട്ടീസിൽ മൂന്ന് കോടി ഇരുപത്തിയെട്ട് ലക്ഷത്തി ഒമ്പതിനായിരത്തി നാന്നൂറ്റി എൺപത് രൂപയാണ് സപ്രഷനായി കാണിച്ചിരിക്കുന്നത്. പക്ഷെ വിൽപ്പനയിൽ ഒളിച്ചുവച്ചതായി കാണിച്ചിരിക്കുന്നത് 48 പൈസയാണ്. മറ്റൊരു സ്ഥലത്ത് വിൽപ്പനയുടെ യഥാർത്ഥ കണക്കിൽ ഒരു രൂപ മുപ്പത് പൈസയാണ് മറച്ചുവച്ചിരിക്കുന്നതായി കാണിച്ചിരിക്കുന്നത്. ഒരുവശത്ത് exorbitant ആയ തുകയാണ്. നമുക്ക് കണക്കുകൂട്ടാൻപോലും കഴിയാത്ത തരത്തിലുള്ള അക്കങ്ങളുള്ള വലിയ തുകകളാണ്. ഏത് വ്യാപാരി

കണ്ടാലും അവിടെ തലകറങ്ങി വീഴുകയോ നിന്നനിൽപ്പിൽ ഹൃദയസ്തംഭനം വന്ന് മരിച്ചുപോകുകയോ ചെയ്യുന്ന തരത്തിലുള്ള നോട്ടീസുകളാണ് സർക്കാരിൽനിന്നും പോയിട്ടുള്ളത്. മറുവശത്ത് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നാമമാത്രമായ 48 പൈസ, 50 പൈസ, ഒരു രൂപ, രണ്ട് പൈസ തുടങ്ങിയവയുള്ള നോട്ടീസുകൾ. നികുതി വകുപ്പ് കോടിക്കണക്കിന് രൂപ ചെലവാക്കി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ മൊഡ്യൂളിൽനിന്നാണ് ഇതെല്ലാം പോയിരിക്കുന്നത്. ഇവയെല്ലാം കേന്ദ്രീകൃതമായ അസസ്സ്മെന്റുകളാണ്. അസസ്സിംഗ് അതോറിറ്റികളോട് ഇത് നിർബന്ധമായും വീടുകളിൽ കൊണ്ടുപോയി കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്.

പത്തനംതിട്ടയിലെ ഒരു അസസ്സിംഗ് അതോറിറ്റി 17 കിലോമീറ്റർ വണ്ടിയോടിച്ച് ഒരാളുടെ വീട്ടിൽ കൊണ്ടുകൊടുത്ത നോട്ടീസിലെ ഡിമാന്റും സപ്രഷനും സെയിലും പർച്ചേസും തമ്മിലുള്ള വ്യത്യാസം സീറോയായിരുന്നു. പക്ഷെ പതിനേഴ് കിലോമീറ്റർ വണ്ടിയോടിച്ച് ഈ കച്ചവടക്കാരനെ നേരിൽക്കണ്ട് നോട്ടീസ് കൊടുത്തു. കാരണം അത്രമാത്രം കർശനമായ നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ഈ നോട്ടീസുകളിൽ ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പറില്ല. ഒരു വ്യാപാരിക്ക് നോട്ടീസ് കൊടുത്താൽ അയാൾക്ക് തിരികെ മറുപടി കൊടുക്കേണ്ടതല്ലേ? എവിടെ നിന്നാണ് അയാൾ നോട്ടീസ് വാങ്ങിയതെന്നറിയുന്നതിനുള്ള മേൽവിലാസമില്ല, തീയതിയും ഇൻവോയിസ് നമ്പരുമില്ല, ഉൽപ്പന്നങ്ങളുടെ വില സംബന്ധിച്ച split up ഇല്ല, വാല്യൂ ആഡഡ് ടാക്സിന്റെ വിവരങ്ങളില്ല. നോട്ടീസിൽ കൃത്യമായ വിവരങ്ങളുണ്ടെങ്കിൽ മാത്രമേ ഒരു നികുതിദായകന് ഏത് ഇടപാടിലാണ് താൻ പൊരുത്തക്കേട് കാണിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാനും അതനുസരിച്ചുള്ള മറുപടി നൽകാനും കഴിയുകയുള്ളൂ. 52000 നോട്ടീസുകളാണ് വ്യാപാരികൾക്ക് നികുതി വകുപ്പ് അയച്ചുകൊടുത്തത്. ഈ നോട്ടീസുകളിൽ ഏതെങ്കിലുമൊന്നിന് മറുപടി നൽകാൻ ഈ വ്യാപാരികളിൽ ആർക്കെങ്കിലും കഴിയുമോ? മാത്രമല്ല, മറുപടി നൽകാൻ വളരെ കുറച്ച് സമയം മാത്രമാണ് നൽകിയിട്ടുള്ളത്. ഈ നോട്ടീസിന് മറുപടി നൽകണമെങ്കിൽ it needs huge work force. പത്തുനൂറ് പേരെ ജോലിക്ക് നിയോഗിച്ച് ഇത് മുഴുവൻ പരിശോധിച്ചാൽ മാത്രമേ അവർക്ക് നികുതി വകുപ്പിന് മറുപടി കൊടുക്കാൻ കഴിയുകയുള്ളൂ. നോട്ടീസ് അവ്യക്തമെന്ന് മാത്രമല്ല, ഗൗരവതരവും വളരെ ഞെട്ടിക്കുന്നതുമായ ഡിഫക്ടുകളുള്ളതുമാണ്. ഇതിനെത്തുടർന്ന് പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് എന്ന സ്ഥലത്ത് മത്തായി ഡാനിയേൽ എന്ന 74 വയസ്സുള്ള വ്യാപാരിക്ക് ആത്മഹത്യ ചെയ്യേണ്ടിവന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യം ശരിയാണ്; അദ്ദേഹം അല്ലെങ്കിൽത്തന്നെ ഒരു പ്രശ്നത്തിൽപ്പെട്ടിരിക്കുകയായിരുന്നു. കാരണം 700 രൂപയുണ്ടായിരുന്ന

കുരുമുളകിന്റെ വില 300 രൂപയായി കുറഞ്ഞപ്പോഴുണ്ടായ പ്രശ്നമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ, കേരളത്തിലെ എല്ലാ വ്യാപാരികളും ഏതെങ്കിലുമൊരു പ്രശ്നത്തിന്റെ പേരിലുള്ള സാമ്പത്തിക ബാധ്യതയാൽ തളർന്നിരിക്കുകയാണ്. ആ സാഹചര്യത്തിലാണ് 'കുനിൻമേൽ കുരു' എന്നുപറയുന്നതുപോലെ 24-ാം തീയതി മത്തായി ഡാനിയേലിന് നോട്ടീസ് ലഭിച്ചതും 27-ാം തീയതി ഇന്റലിജൻസ് ഉദ്യോഗസ്ഥർ അയാളുടെ കടയിൽ പരിശോധന നടത്തിയതും നാല്പത് കൊല്ലക്കാലമായി പത്തൊൻപത്- ഇരുപത് ലക്ഷം രൂപ സംസ്ഥാന ഖജനാവിലേയ്ക്ക് ടാക്സ് അടയ്ക്കുന്ന ഈ നികുതി ദായകനെ ഭീഷണിപ്പെടുത്തുകയും ചെയ്തത്. അതിനെത്തുടർന്ന് 28-ാം തീയതി രാവിലെ ആ വന്ദ്യവയോധികൻ ആത്മഹത്യ ചെയ്തു. സംസ്ഥാന നികുതി വകുപ്പ് കൊലപ്പെടുത്തുന്ന രണ്ടാമത്തെ ആളാണ് അദ്ദേഹം. Presumptive tax-ന്റെ പേരിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിൽത്തന്നെ നേരത്തെ ഒരാൾ ആത്മഹത്യ ചെയ്തിരുന്നു. നികുതിഭാരംകൊണ്ടോ നികുതി നോട്ടീസ് ലഭിക്കുന്നതുകൊണ്ടോ ആളുകൾ ആത്മഹത്യ ചെയ്യുന്നത് കേരളത്തിൽ മാത്രമാണെന്നത് ദൗർഭാഗ്യകരമാണ്. എറണാകുളം ജില്ലയിൽ മാത്രം ആറുപേർക്ക് എസ്റ്റിമേറ്റ് ചെയ്തത് 15,000 കോടിയിൽപ്പരം രൂപയാണ്. എന്റെയടുത്ത് ചില ഡീലേഴ്സും സംഘടനാ പ്രതിനിധികളും കൊണ്ടുവന്നു കാണിച്ച നോട്ടീസുകളിൽ പതിനായിരം കോടിയിലധികം രൂപ എസ്റ്റിമേറ്റ് ചെയ്ത കേസുകളുണ്ടായിരുന്നു. സോഫ്റ്റ്വെയർ മൊഡ്യൂൾ തയ്യാറാക്കിയതിലെ അപാകത എന്താണെന്ന് കണ്ടുപിടിക്കാൻ ഗവൺമെന്റ് ഇതുവരെ തയ്യാറായിട്ടുണ്ടോ? എത്ര കോടി രൂപയാണ് ഈ മൊഡ്യൂൾ തയ്യാറാക്കുന്നതിനായി ഗവൺമെന്റ് ചെലവഴിച്ചിട്ടുള്ളത്! 2009-ൽ അന്നത്തെ ടാക്സസ് കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലർ നമ്പർ രണ്ടിൽ പറയുന്നത് "It is to be remembered that the cross verification tools act only as an aid, in scrutiny and does not dispense with human intervention. Also scrutiny should not be a mechanical act and should be done with proper application of mind. Hence the discrepancies should be clearly spelt out on the notice and the dealers objections on this account should be considered in the right perspective" എന്നാണ്. അതായത്, ഏതെങ്കിലുമൊരു യന്ത്രത്തിന്റെയോ മൊഡ്യൂളിന്റെയോ സഹായത്തോടുകൂടി യാന്ത്രികമായി തയ്യാറാക്കപ്പെടേണ്ടതല്ല ഒരു നോട്ടീസ്. മറിച്ച്, നമ്മുടെ പ്രായോഗികബുദ്ധി ഉപയോഗിച്ച് അത് പരിശോധിക്കണം. 52000 നോട്ടീസുകളിൽ ഏതെങ്കിലുമൊരു നോട്ടീസ് പരിശോധിച്ചിരുന്നെങ്കിൽ ഇത്രയും അപകടകരമായ ഒരു കാര്യം സംഭവിക്കുമായിരുന്നോ? ഇത് ആറ് മാസം മുമ്പ് തുടങ്ങിയതാണ്. അന്ന് ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ നികുതി

വകുപ്പിനോട് ഇത് നിർത്തിവയ്ക്കാൻ മന്ത്രി ആവശ്യപ്പെട്ടു. എന്നാൽ കുറച്ചുനാൾ കഴിഞ്ഞപ്പോൾ വീണ്ടും നോട്ടീസ് അയയ്ക്കാൻ തുടങ്ങി. ഉദ്യോഗസ്ഥരെ ചർച്ചയ്ക്ക് വിളിച്ചുവരുത്തി നോട്ടീസ് അയയ്ക്കാത്തവർക്കെതിരെ നടപടിയെടുക്കുമെന്ന് ഭീഷണിപ്പെടുത്തിയില്ലേ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ ഭീഷണിപ്പെടുത്തിയോ?

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രി ഭീഷണിപ്പെടുത്തിയെന്ന് ഞാൻ പറഞ്ഞില്ല. നികുതി വകുപ്പ് അങ്ങയുടെ വകുപ്പല്ലേ; അങ്ങല്ലേ നിയമസഭയിൽ വന്ന് മറുപടി പറയേണ്ടത്; അക്കൗണ്ടബിലിറ്റിയുള്ളത് അങ്ങേയ്ക്കല്ലേ; നിർത്തിവയ്ക്കാൻ അങ്ങ് നിർദ്ദേശം കൊടുത്ത ഒരു കാര്യം ചെയ്യണമെന്നുപറഞ്ഞ് അവരെ വീണ്ടും വിളിച്ചുവരുത്താൻ ഏത് ഉദ്യോഗസ്ഥനാണ് ധൈര്യമുണ്ടായത്? ഇത് അപകടകരമാണെന്ന് നിരവധി ഉദ്യോസ്ഥർ ചൂണ്ടിക്കാണിച്ചപ്പോൾ അവരോട് വായടയ്ക്കാനും നിർദ്ദേശങ്ങൾ അനുസരിക്കാനും പറഞ്ഞ് ഭീഷണിപ്പെടുത്തിയില്ലേ; ഇതൊക്കെയല്ലേ ഈ സംസ്ഥാനത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്? കഴിഞ്ഞ ദിവസം, പ്രളയാനന്തര ആവശ്യങ്ങൾക്കായി ലഭിച്ച 1750 കോടി രൂപ വകമാറ്റി ചെലവഴിച്ച കാര്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി എന്നോട് ചോദിച്ചു, 'ശ്രീ. വി. ഡി. സതീശന് എന്തുപറ്റി?' എന്ന്. ഞാൻ തിരികെ അങ്ങയോട് ചോദിക്കുന്നു, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന് എന്തുപറ്റി? ഇന്ന് അങ്ങ് 2006 മുതൽ 2011 വരെയുണ്ടായിരുന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ നിഴൽമാത്രമാണ്. അങ്ങ് ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുന്നില്ലെന്ന ഗുരുതരമായ ആക്ഷേപം അങ്ങയോടുള്ള എല്ലാ ബഹുമാനവും ആദരവും നിലനിർത്തിക്കൊണ്ടുതന്നെ ഞാൻ ഉന്നയിക്കുകയാണ്. അങ്ങയുടെ നിയന്ത്രണത്തിലാണോ നികുതി വകുപ്പ്? ഇത്തരം കാര്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് ചെയ്യുന്ന ഒരു സ്ഥലമായി നികുതി വകുപ്പ് മാറിയിരിക്കുകയാണ്. ഒരുവശത്ത് ease of doing business നടത്തുന്നു, മറുവശത്ത് നികുതിദായകരെ ഹരാസ് ചെയ്യുന്നു. കെ.ജി.എസ്.ടി. മാറി വാറ്റ് നിലവിൽ വന്നപ്പോൾ അങ്ങ് ചെയ്ത പരിഷ്കാരങ്ങളെയും നടപടികളെയും ഈ സീറ്റിലിരുന്ന് അഭിനന്ദിച്ചിട്ടുള്ള ഒരാളാണ് ഞാൻ. വാറ്റ് സിസ്റ്റം മാറി ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ധനകാര്യ വകുപ്പും നികുതി വകുപ്പും നിഷ്ക്രിയമായിരുന്നു. വാറ്റിലെ പ്രശ്നങ്ങൾ തീർക്കാൻ നൂറ്റിയൊന്നാം ഭരണഘടനാ ഭേദഗതിയിൽ 'all pending matters shall be completed within one year' എന്ന് പറഞ്ഞതല്ലേ? അങ്ങനെയാണെങ്കിൽ 15-9-2017-ൽ ഇതെല്ലാം തീർക്കേണ്ടതല്ലേ? ഇതിനൊക്കെ എത്ര മനോഹരമായി പരിഹാരമുണ്ടാക്കിയതാണ്. ഇതെല്ലാം ഇപ്പോൾ അങ്ങ് പിൻവലിക്കുമെന്ന് പറയുന്നു,

ഇതുവരെയും തീരുമാനമെടുത്തിട്ടില്ല. ഈ നോട്ടീസുകളെല്ലാം ഡെമോക്ലിസിന്റെ വാളുപോലെ കേരളത്തിലെ വ്യാപാരികളുടെ തലയ്ക്കുമീതെ നിൽക്കുന്നു. ഇതിന്റെ സാങ്കേതികത്വവും നിയമവശങ്ങളും എത്ര പേർക്ക് മനസ്സിലാകും? അവർക്കുമീതെ കോടിക്കണക്കിന് രൂപയുടെ അസസ്മെന്റ്/പ്രീ അസസ്മെന്റ് നോട്ടീസുകൾ നിലനിൽക്കുകയാണ്. ഇനി വരാനിരിക്കുന്നത് 2013-2014-ലേത് മാത്രമാണ്. 2017 വരെയുള്ള ഓരോ വർഷത്തെയും നോട്ടീസുകൾ വന്നാൽ, ഇനിയും ആരെങ്കിലും ആത്മഹത്യ ചെയ്യുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം ധനകാര്യ വകുപ്പ് ഏറ്റെടുക്കുമോയെന്നാണ് എനിക്ക് വിനയപുരസ്സരം ചോദിക്കാനുള്ളത്.

നോട്ടീസിലുള്ള ഒരു കാര്യത്തെക്കുറിച്ചുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ജി.എസ്.ടി.-യിൽ റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസമുണ്ടായ മാസങ്ങളിലെ ഔട്ട്പുട്ട് ടാക്സിനുമേൽ പലിശ ഈടാക്കിക്കൊണ്ടുള്ള നോട്ടീസുകൾ അയയ്ക്കുകയാണ്. ഇക്കാര്യത്തിൽ ജി.എസ്.ടി. കൗൺസിൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. ഇൻപുട്ട് ക്രെഡിറ്റ് എക്സസായ മാസങ്ങളിൽ ഈ നോട്ടീസ് അയയ്ക്കേണ്ട ആവശ്യമുണ്ടോ; ഇൻപുട്ട് ടാക്സിന്റെ എക്സസ് വന്നിട്ടുണ്ട്, അങ്ങനെയാണെങ്കിൽ നികുതി വകുപ്പ് തിരികെ പണം കൊടുക്കുമോ? അന്യായമാണ് നടക്കുന്നത്, ഇത് അവസാനിപ്പിക്കണം. നികുതി വകുപ്പിനുമേൽ കർശന നിയന്ത്രണം വേണം. മറ്റുപല പ്രശ്നങ്ങൾകൊണ്ട് പൊറുതിമുട്ടിയിരിക്കുന്ന, നിവൃത്തികെട്ടിരിക്കുന്ന, കടക്കെണിയിലാണ്ടിരിക്കുന്ന വ്യാപാരികളുടെമേൽ അവരെ ബുദ്ധിമുട്ടിപ്പിക്കുന്ന, ആത്മഹത്യയിലേയ്ക്ക് തള്ളിവിടുന്ന ഈ നടപടികൾക്ക് ശാശ്വത പരിഹാരം വേണം. വാറ്റ് അവസാനിച്ചപ്പോൾ ഫാസ്റ്റ്ട്രാക്, അദാലത്ത്, deemed assessment എന്നിവയെല്ലാമുണ്ടായിരുന്നു. അങ്ങനെ എന്തെങ്കിലും നടപടികളിലൂടെ ഇതിനൊരു ഫൈനാലിറ്റിയുണ്ടാക്കണം.ഇന്ത്യയിലെ 90 ശതമാനത്തിലധികം സംസ്ഥാനങ്ങളും ഈ വിഷയം സെറ്റിൽ ചെയ്തുകഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തുള്ളവർ പരിചയസമ്പന്നരാണ്, അനുഭവസമ്പന്നരാണ്. നമുക്കിതിന് പരിഹാരം കണ്ടെത്താൻ കഴിയണമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്.

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പറയുന്നത് ഒരു ഭരണാധികാരി നികുതി പിരിക്കേണ്ടത് പൂവിൽനിന്ന് പൂമ്പാറ്റ തേൻ നുകരുന്നത് പോലെയായി രിക്കണമെന്നാണ്. നികുതിദായകനെ വേദനിപ്പിക്കാതിരിക്കണം. എന്നാൽ സംസ്ഥാന ധനകാര്യ വകുപ്പ് വ്യാപാരികളുടെമേൽ കാർപ്പറ്റ് ബോംബിംഗാണ് നടത്തിയിരിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ഗൗരവമായി ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ള നികുതി അടയ്ക്കാത്തവർക്കുള്ള ശിക്ഷയെക്കുറിച്ചുകൂടി അങ്ങ് പരാമർശിക്കേണ്ടതായിരുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ഞാൻ ചില കാര്യങ്ങൾ പറയണമെന്ന് വിചാരിച്ചതല്ല. എന്നാൽ ശ്രീ. വി. ഡി. സതീശൻ തന്നെ അതിലേയ്ക്ക് ശ്രദ്ധക്ഷണിക്കുമ്പോൾ എങ്ങനെയാണ് പറയാതിരിക്കുന്നത്? ആലപ്പുഴയിൽ 2016 മാർച്ച് 1-ന് ഒരു പലചരക്ക് വ്യാപാരി ആത്മഹത്യ ചെയ്തതിനെക്കുറിച്ചാണ് പറഞ്ഞത്. അന്ന് യു.ഡി.എഫ്. ഗവൺമെന്റാണ് കേരളം ഭരിച്ചിരുന്നത്. ആ മരണത്തിന്റെ കാരണത്തെപ്പറ്റി പിന്നീട് ഈ സർക്കാർ വന്നപ്പോൾ ശ്രീ. വി. ഡി. സതീശൻ തന്നെ സബ്മിഷനിലൂടെ ഉന്നയിച്ചിരുന്നു.

രണ്ടുതരം നികുതിദായകരുണ്ട്. 60 ലക്ഷം രൂപയിൽ താഴെയാണ് ടേണോവർ എങ്കിൽ അനുമാന നികുതിയാണ് ഈടാക്കുന്നത്. അതായത്, അര ശതമാനം നികുതി തന്നാൽ മതി. അവർ അനുമാന നികുതിദായകരാണ്. എന്നാൽ 60 ലക്ഷം രൂപയ്ക്ക് മുകളിലായാൽ അവർ അനുമാന നികുതിദായകരിൽനിന്ന് full fledged TIN dealers ആയി മാറും. ഇങ്ങനെ വന്നാൽ ഷെഡ്യൂൾ റേറ്റിൽ നികുതി ഈടാക്കണമെന്നാണ് നിയമത്തിൽ അനുശാസിക്കുന്നത്. 60 ലക്ഷം രൂപയ്ക്ക് മുകളിൽ ഒരു കോടി രൂപയായിട്ടുണ്ടെങ്കിൽ ഒരു കോടി രൂപയ്ക്ക് 14.50 ശതമാനംവച്ച് നികുതിയും അതിന്റെ മൂന്ന് മടങ്ങ് പിഴയും ഈടാക്കണം, ഇൻപുട്ട് ക്രെഡിറ്റുണ്ടായിരുന്നത് റദ്ദാക്കണം. അനുമാന നികുതിയിലുണ്ടായിരുന്ന സിമന്റ് വ്യാപാരിക്ക് ഒരു കോടി രൂപ ടേണോവറുണ്ടെന്ന് കണ്ടെത്തിയാൽ ഇതെല്ലാമടക്കം 74 ലക്ഷം രൂപ അടയ്ക്കേണ്ടിവരും. അതാണിവിടെ സംഭവിച്ചത്. നിങ്ങളുടെ ഭരണത്തിന്റെ അവസാനകാലത്ത് ഒരു നല്ല കാര്യം ചെയ്തു, അത് ചെയ്യേണ്ടത് തന്നെയായിരുന്നു. അതായത്, ഇങ്ങനെയുള്ള പതിനായിരക്കണക്കിന് വ്യാപാരികളെ കണ്ടെത്തി നിയമപ്രകാരം നോട്ടീസ് അയച്ചു. എന്നാൽ ഈ സർക്കാർ ആദ്യത്തെ ബഡ്ജറ്റിൽത്തന്നെ അതിന് പരിഹാരം കണ്ടു. അതായത്, 60 ലക്ഷം രൂപവരെ അര ശതമാനം നികുതി മാത്രം കൊടുത്താൽ മതി. ഷെഡ്യൂൾ റേറ്റ് ഒഴിവാക്കി. അതിനുമുകളിൽ ഒരു കോടി രൂപവരെ ഒരു ശതമാനവും ഒരു കോടി രൂപയ്ക്ക് മുകളിൽ 2 ശതമാനവും നികുതി കൊടുക്കണം, പലിശയും പിഴയുമൊന്നുമില്ല. ആംനസ്റ്റി സ്കീം കൊണ്ടുവന്ന് പിഴയും പലിശയും ഒഴിവാക്കി മുതൽ നികുതി മാത്രം നൽകിയാൽ മതിയെന്ന് തീരുമാനിച്ചു. ആംനസ്റ്റി സ്കീമിൽ best judgment വച്ചാണ് നികുതി നിശ്ചയിക്കുന്നത്. അത് ഉദ്യോഗസ്ഥരുടെ ഡിസ്ക്രീഷനാണ്. കഴിഞ്ഞ ബഡ്ജറ്റിൽ best judgment എങ്ങനെ ഉപയോഗിക്കാം

എന്നതിന് ഒരു മാർഗ്ഗനിർദ്ദേശം വച്ചു. ഇതാണ് സംസ്ഥാന സർക്കാരിന്റെ നയം. അപ്പോഴാണ് ഈ സ്ക്രൂട്ടിണി മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നോട്ടീസിന്റെ പ്രശ്നം വരുന്നത്. ഇത്തരത്തിൽ ഒരു സ്ക്രൂട്ടിണി മൊഡ്യൂൾ നിങ്ങൾ ഭരിച്ചിരുന്നപ്പോൾ ത്തന്നെ ഉണ്ടാക്കിയിരുന്നു. ആ മൊഡ്യൂളിന്റെ അടിസ്ഥാനത്തിലാണ് ഇനിയും 5,000 കോടി രൂപ വാറ്റ് പിരിക്കാനുണ്ടെന്നുപറഞ്ഞ് സി.&എ.ജി.-യുടെ റിപ്പോർട്ടുണ്ടായത്. സഭയിൽ നിരവധി തവണ ചർച്ച ചെയ്തിട്ടുള്ളതാണ്. അതിലെ അപാകതകൾ കണ്ടുപിടിച്ചപ്പോൾ പ്രായോഗികമായി തുടരേണ്ടെന്ന് വച്ചു. അപാകതകൾ തിരുത്തി പുതിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്നാണ് സി.&എ.ജി. റിപ്പോർട്ട്.

നികുതി നോട്ടീസ് നൽകുന്നതിന് മൈൻഡ് അപ്ലൈ ചെയ്ത് കാരണങ്ങൾ കാണുകയും അത് നോട്ടീസിൽ വയ്ക്കുകയും വേണം. അതില്ലാത്ത നോട്ടീസുകളാണ് പോയിരിക്കുന്നത്. മൈൻഡ് അപ്ലൈ ചെയ്തിട്ടില്ലെന്ന് പറഞ്ഞത് വളരെ ശരിയാണ്. പ്രശ്നങ്ങൾ പഠിച്ചിട്ടുണ്ടോയെന്ന് ചോദിച്ചു. പ്രശ്നങ്ങൾ ഇതൊക്കെയാണ്. ഈ മൊഡ്യൂളിൽത്തന്നെ പ്രഥമദൃഷ്ട്യാ ചില പോരായ്മകളുണ്ട്. പലതരത്തിലുള്ള നികുതി എക്സംപ്ഷൻസുണ്ട്. ഉദാഹരണത്തിന്, മരുന്ന് മേഖലയിൽ ഫസ്റ്റ് പോയിന്റിലേ നികുതിയുള്ളൂ, താഴേയ്ക്കില്ല. ആ എക്സംപ്ഷൻ ഇതിൽ പ്രതിഫലിക്കുന്നില്ല. അതിന്റെ ഫലമായി താഴെയുള്ള എല്ലാവർക്കും നോട്ടീസ് പോകും. റബ്ബർ വ്യാപാരികളുടെ സെസ്സ് 2 രൂപയാണ്. അത് റബ്ബർ ബോർഡിനുള്ളതാണ്. ട്രേഡ് സപ്രഷനായി വരികയാണ്. ഈ സാഹചര്യത്തിലും മുഴുവൻ റബ്ബർ വ്യാപാരികൾക്കും നോട്ടീസ് പോകും. ഇങ്ങനെയുള്ള എക്സംപ്ഷൻസ് പൂർണ്ണമായിട്ടും ഉൾക്കൊണ്ടിട്ടില്ല. അത് സോഫ്റ്റ്വെയറിന്റെ പ്രശ്നമാണ്. അതുപോലെ KVATIS-ലെ ഡാറ്റയാണ് പരിശോധിക്കുന്നത്. KVATIS-ലേയ്ക്ക് വ്യാപാരികൾ റിട്ടേൺസ് സമർപ്പിക്കുന്നത് അക്ഷയകേന്ദ്രം വഴിയൊക്കെയാകും. പലപ്പോഴും TIN നമ്പറും മറ്റുമൊക്കെ മാറിക്കിടക്കും. അങ്ങനെ വരുമ്പോൾ വലിയ തുക ടേണോവർ കാണിക്കും. ആര് നോക്കിയാലുമിത് മനസ്സിലാകും. ഇതൊന്നും പരിശോധിക്കാതെയാണ് ഉദ്യോഗസ്ഥർ നോട്ടീസയച്ചത്. ഇലക്ഷൻ സമയത്താണ് ഈ നോട്ടീസ് മുഴുവൻ പോയിരിക്കുന്നത്. അപ്പോൾത്തന്നെ ചില സൂചനകൾ കിട്ടി. പുറത്തുള്ളവരൊക്കെ എന്നെ വിളിച്ച് സംസാരിച്ചപ്പോൾ ഇലക്ഷൻ കഴിഞ്ഞ് പരിശോധിക്കാമെന്ന് ഞാൻ പറഞ്ഞു. ജനറേറ്റ് ബട്ടൺ പ്രസ്സ് ചെയ്താൽ മാത്രമേ നോട്ടീസിന്റെ ഉള്ളടക്കവും മറ്റ് കാര്യങ്ങളും കാണാൻ സാധിക്കൂ ഞങ്ങളുടെ തെറ്റല്ലെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. ഹെഡ്ക്വാർട്ടേഴ്സിൽ പറയുന്നത് തെറ്റ് കണ്ടുപിടിച്ച് തിരുത്തിയെന്നാണ്. ഇക്കാര്യത്തിൽ എന്താണ് സംഭവിച്ചതെന്നതിനെക്കുറിച്ച് പരിശോധന നടത്താനിരിക്കുകയാണ്. ഈ

നോട്ടീസുകളുടെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകില്ലെന്ന് വ്യാപാരികൾക്ക് ഉറപ്പുനൽകിയിട്ടുണ്ട്. നോട്ടീസുകൾ സ്റ്റാറ്റ്യൂട്ടറിയാണ്, അതിന്റെ നിയമവശംകൂടി നോക്കേണ്ടതുണ്ട്. നിയമസഭയിൽവച്ച് അത് പിൻവലിച്ചുവെന്ന് പറയാനുള്ള അധികാരം എനിക്കില്ല. ഒരു പരിശോധനയും നടത്താതെ മെക്കാനിക്കലായി ചെയ്ത ഈ നോട്ടീസുകൾ ബാധകമാകില്ലെന്ന നിലപാടാണ് എനിക്കുള്ളത്. നിയമവകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടിയെടുക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് ആറ് മാസമായി തുടരുന്നുവെന്ന് അങ്ങ് പറഞ്ഞു. ഇതുസംബന്ധിച്ച് പരാതി അയച്ചവർക്ക് അഡീഷണൽ ചീഫ് സെക്രട്ടറി 8-ാം മാസം കൊടുത്ത മറുപടി ' The issuance of notices in connection with the process of completing VAT assessments is non arbitrary and also very much in keeping with the principles of natural justice...'എന്നാണ്. 'ഒരു കുഴപ്പവുമില്ല' എന്നുപറഞ്ഞ് സർക്കാർ മറുപടി കൊടുത്തു. പരാതി പറയുന്ന അസോസിയേഷനുകൾക്ക് നികുതി വകുപ്പ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള മറുപടി അഡീഷണൽ ചീഫ് സെക്രട്ടറി കൊടുക്കുകയാണ്. ഒരു പരാതിയുമില്ല, arbitrary ആണെന്നാണ് അങ്ങ് പറഞ്ഞത്. ഇത് non arbitrary ആണ്. ഇത് natural justice-ന്റെ denial അല്ല, കറക്ടാണ് എന്നുപറഞ്ഞ് സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി കൊടുത്താൽ ആ വ്യാപാരി എന്തുചെയ്യണം; അതാണ് ചെയ്തിരിക്കുന്നത്. ഞാൻ ഒരു കാര്യംകൂടി പറയുകയാണ്. ഈ നോട്ടീസ് വായിച്ചാൽ അസസ്സിംഗ് അതോറിറ്റികൾക്ക് മനസ്സിലാകുമോ; ഇതുപ്രകാരം അവർക്ക് അസസ്മെന്റ് നടത്താൻ സാധിക്കുമോ? താഴെത്തട്ടിലുള്ള അസസ്സിംഗ് അതോറിറ്റികൾക്ക് അത് സാധിക്കുകയില്ല. മാത്രമല്ല, ഇത് നിയമപരമായി വളരെ ശ്രദ്ധാപൂർവ്വം പിൻവലിച്ചില്ലെങ്കിൽ എ.ജി.-യുടെ പരിശോധന വരും, അസസ്സിംഗ് അതോറിറ്റികൾ ഉത്തരം കൊടുക്കേണ്ടി വരും. അങ്ങനെയൊരു ഭയം അസസ്സിംഗ് അതോറിറ്റികൾക്കുണ്ടെന്ന കാര്യംകൂടി അങ്ങേയ്ക്കറിയാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അറിയാം. അതാണ് ഞാൻ പറഞ്ഞത് ഇത് പൂർണ്ണമായും നിയമപരമായി എങ്ങനെ ചെയ്യാമെന്നുള്ളത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഉദ്യോഗസ്ഥരെയും പ്രൊട്ടക്റ്റ് ചെയ്യണം. മന്ത്രിമാരൊക്കെ നാളെ പോകും, പിന്നെ ഉത്തരം പറയേണ്ടത് അവരാണ്, കോടതിയിൽ കേസുണ്ട്. ഒരുപക്ഷെ കോടതിയുടെ റിമാർക്കും വന്നേയ്ക്കാം. എങ്ങനെ നിയമപരമായി ചെയ്യാൻ കഴിയുമെന്നുള്ളതാണ് പരിശോധിക്കുന്നത്. നമ്മുടെ intention വളരെ ക്ലിയറാണ്. ഇങ്ങനെയൊരു ഊരാക്കുടുക്കിൽ ചാടിച്ചതെങ്ങനെയാണെന്ന് പരിശോധിക്കും. എങ്ങനെയാണ് ഇത്തരത്തിൽ

യാന്ത്രികമായി നോട്ടീസുകൾ പോയതെന്ന് കൃത്യമായി പരിശോധിക്കുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്. അങ്ങ് ഇപ്പോൾ പറഞ്ഞ രീതിയിലുള്ള ഒരു അന്തരീക്ഷം ഈ പ്രശ്നത്തിലില്ല. ഇങ്ങനെയൊരു വിഷയം ഉന്നയിച്ചത് നന്നായി. നാളെ പത്രത്തിലൊക്കെ ഇത് വരുമ്പോൾ ആർക്കെങ്കിലും പേടിയോ ഭീതിയോയുണ്ടെങ്കിൽ അത് ഒഴിവാക്കാനും ഇത് സഹായകമാകും. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാന്യനായ വി. ഡി. സതീശൻ ഉന്നയിച്ച ഗൗരവമായ വിഷയങ്ങൾക്ക് മന്ത്രി നൽകിയ മറുപടി തൃപ്തികരമല്ല. മന്ത്രി നടത്തിയത് ഒരു confession statement ആണ്. ഇത് ദൗർഭാഗ്യകരമായ ഒരു എപ്പിസോഡായിപ്പോയെന്ന് അങ്ങുതന്നെ പറഞ്ഞു. ഈ എപ്പിസോഡ് രചിച്ചത് വ്യാപാരികളാണോ? സർക്കാരിന്റെ നയമല്ല, ഇത് arbitrary ആയിപ്പോയെന്ന് അങ്ങ് പറയുന്നു. അങ്ങനെയാണെങ്കിൽ അതിന് ഉത്തരവാദി ജനാധിപത്യ ഭരണക്രമത്തിൽ ധനകാര്യ വകുപ്പുമന്ത്രി തന്നെയാണ്. അങ്ങ് ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തുന്നു. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ നികുതി വകുപ്പ് കമ്മീഷണർ ശ്രീമതി ടിങ്കു ബിസ്വാളിനോട് അവധിയിൽ പ്രവേശിക്കാൻ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ആവശ്യപ്പെട്ടുവെന്ന ഒരു വാർത്ത വന്നിട്ടുണ്ട്. ഇത്രയും ഗുരുതരമായൊരു വീഴ്ചയ്ക്ക് അങ്ങ് ഉദ്യോഗസ്ഥരെ പഴിചാരി ഒഴിഞ്ഞുമാറുന്നത് വളരെയേറെ ദൗർഭാഗ്യകരമാണ്. ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് തണ്ണിത്തോടിലെ വ്യാപാരിയുടെ ആത്മഹത്യയെക്കുറിച്ചാണ്. അതിന് അങ്ങ് 2016-ലെ ആലപ്പുഴയിലെ ആത്മഹത്യ ഉന്നയിച്ചത് തെറ്റായിപ്പോയി.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ശ്രീ. വി. ഡി. സതീശൻ അത് ഉന്നയിച്ചതുകൊണ്ട് മാത്രമാണ് ഞാൻ പ്രതികരിച്ചത്. അല്ലെങ്കിൽ ഞാൻ അത് പറയുകപോലുമില്ല. ഞാനല്ല ഉന്നയിച്ചത്, ശ്രീ. വി. ഡി. സതീശനാണ് സഭയിൽ 2016-ലെ ഇൻസിഡന്റ്സ് കൊണ്ടുവന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കുരുമുളക് വ്യാപാരിയായ മത്തായി ഡാനിയേൽ കുരുമുളക് സംഭരിച്ചുവച്ചിരുന്നു, വിലത്തകർച്ചയുണ്ടായപ്പോൾ ആത്മഹത്യ ചെയ്തതാണെന്ന് അന്വേഷിച്ചപ്പോൾ മനസ്സിലായി എന്ന് അങ്ങ്

പറഞ്ഞു. 27 ലക്ഷം രൂപയുടെ ടാക്സ് നോട്ടീസ് വന്നതുമൂലമുണ്ടായ മാനസിക തകർച്ചയാണ് ആത്മഹത്യക്ക് കാരണമായത്. അങ്ങ് അതിനെ കുരുമുളക് സംഭരിച്ച വച്ചുവെന്നൊക്കെ പറയുന്നത് ശരിയായ വാദഗതിയല്ല. മൊഡ്യൂളിന്റെ തകരാർ സംബന്ധിച്ച് അങ്ങിവിടെ ആവർത്തിച്ച് പറഞ്ഞു. ജി.എസ്.ടി. വന്നപ്പോൾ കേന്ദ്ര ഗവൺമെന്റ് ആവശ്യമായ ഹോം വർക്ക് നടത്തിയില്ല, മൊഡ്യൂൾ തെറ്റായിപ്പോയി എന്നൊരു വാദഗതി അങ്ങിവിടെ ഉന്നയിച്ചിരുന്നു. അതേ വാദഗതി, അതേ അപകടമാണ് അങ്ങയുടെ ധനവകുപ്പിനും കേരളത്തിനും ഉണ്ടായിരിക്കുന്നത്. നികുതി വകുപ്പിന്റെ സോഫ്റ്റ്‌വെയർ തകരാറുകൊണ്ടാണ് ഇത് സംഭവിച്ചതെന്ന് അങ്ങ് പറയുന്നു. ജി.എസ്.ടി. പ്രാബല്യത്തിൽ വന്നശേഷം അഞ്ചുവർഷം മുമ്പ് വരെ നൽകിയ വാറ്റ് നികുതിയുടെ കണക്കിൽ പിശകുണ്ടെന്ന് കാണിച്ചാണ് നോട്ടീസ് കൊടുത്തിരിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഏതാണ്ട് 52000 പേർക്ക് നോട്ടീസ് കൊടുത്തു. ഹോസ്ദുർഗ്ഗിലെ ഒരു വ്യാപാരിക്ക് 2.33 കോടി രൂപയുടെ നോട്ടീസ് കൊടുത്തു. മാവേലിക്കരയിലുള്ള വ്യാപാരിക്ക് 1.14 രൂപയുടെ നോട്ടീസ് അയച്ചു, ഒന്നേകാൽ രൂപ പോലുമില്ലാത്തവരാണ്. യാതൊരു വിലയിരുത്തലുമില്ലാതെ, മുന്നൊരുക്കമില്ലാതെ, പരിശോധിക്കാതെ, സ്കൂട്ടിണി ചെയ്യാതെ അയച്ച നോട്ടീസുകളാണ് പ്രശ്നമായത്. മൂന്ന് മാസങ്ങൾക്കുമുമ്പ് ഇതുമായി ബന്ധപ്പെട്ട് വ്യാപാരി വ്യവസായി ഏകോപന സമിതി അങ്ങേയ്ക്ക് കത്ത് നൽകി. പക്ഷേ അങ്ങ് ഒരു നടപടിയും സ്വീകരിച്ചില്ല. ശ്രീ. ഇ.പി. ജയരാജൻ രക്ഷാധികാരിയായ വ്യാപാരി വ്യവസായി സമിതിയടക്കം കടയടപ്പ് സമരം നടത്തി. അതിനുശേഷമാണ് അങ്ങ് ഒരു കോൺഫറൻസ് വിളിച്ചത്. ആ കോൺഫറൻസിൽ ഇത് മൊഡ്യൂളിന്റെ തകരാറാണെന്ന് പറഞ്ഞു. ഞാൻ ചോദിക്കുന്നു, മൊഡ്യൂളിന്റെ തകരാറാണെങ്കിൽ ഉത്തരം പറയേണ്ടതാരാണ്; അങ്ങയുടെ നികുതി വകുപ്പല്ലേ? യാന്ത്രികമായി നോട്ടീസ് അയയ്ക്കരുതെന്ന് മന്ത്രി പറഞ്ഞിട്ടുപോലും അത് കണക്കിലെടുക്കാൻ അങ്ങയുടെ കീഴിലുള്ള വകുപ്പ് തയ്യാറായില്ലെന്ന് പറഞ്ഞാൽ അത് ഗുരുതരമായ വീഴ്ചയാണ്. കേരളത്തിലെ വ്യാപാര മേഖലയാകെ തകർച്ചയിലാണ്. വ്യാപാര മാന്ദ്യത്തിന്റെ കെടുതികൾ പല ദിവസങ്ങളിലായി ഈ സഭയിൽ പലരും ഉന്നയിക്കുകയുണ്ടായി. കച്ചവട സ്ഥാപനങ്ങളിൽ നേരത്തെയുണ്ടായിരുന്നതിന്റെ 20 ശതമാനംപോലും വ്യാപാരമില്ല. 'സ്റ്റോക്ക് വിറ്റഴിക്കൽ, കാലിയാക്കൽ കച്ചവടം, 50% ഡിസ്കൗണ്ട് എന്നിങ്ങനെയുള്ള ബോർഡുകൾ പല കടകളിലും കാണാം. എല്ലാവരും കട ഒഴിഞ്ഞുപോകുകയാണ്. വ്യാപാര സ്ഥാപനങ്ങളെല്ലാം മാന്ദ്യത്തിലാണ്. അപ്പോഴാണ് കുനിന്മേൽ കുരുവെന്നപോലെ ഭീമമായ നികുതി കുടിശ്ശികകൂടി വന്നത്. പ്രളയക്കെടുതിയുണ്ടായപ്പോൾ എന്റെ മണ്ഡലത്തിലെ ചെങ്ങളായി, ശ്രീകണ്ഠാപുരം, പേരാവൂർ പ്രദേശങ്ങളിലെ പല കടകളുടെയും ഒരു നില

മുഴുവൻ വെള്ളത്തിനടിയിലായി കോടികളുടെ നഷ്ടമുണ്ടായി. അന്ന് ശ്രീ. ഇ. പി. ജയരാജനായിരുന്ന ജില്ലയുടെ ചുമതല. ഇപ്പോൾ അദ്ദേഹത്തെ ഇവിടെ കാണുന്നില്ല. ഇന്നലെ സഭയിൽ നൽകിയ ഉത്തരത്തിൽ പറഞ്ഞു ആ വ്യാപാരികൾക്കുണ്ടായ നഷ്ടത്തിന്റെ കണക്കെടുത്തിട്ടില്ല, ഒരു പൈസപോലും സഹായം കൊടുത്തിട്ടില്ല എന്ന്. 2018-ൽ പറവൂരിൽ 6000 കടകളിൽ വെള്ളം കയറിയിട്ട് പണം കൊടുത്തില്ലെന്ന മാത്രമല്ല, എത്ര നഷ്ടമുണ്ടായെന്ന് പരിശോധിക്കാനുള്ള സാമാന്യ മര്യാദപോലുമുണ്ടായില്ല. ഇങ്ങനെ കേരളത്തിന്റെ വ്യാപാരമേഖല പ്രളയക്കെടുതി, വ്യാപാരമാന്ദ്യം എന്നിവമൂലം ഗുരുതരമായ പ്രയാസങ്ങൾ നേരിടുമ്പോഴാണ് ഇപ്പോൾ പുതിയ നികുതിയുമായി അങ്ങ് അവരെ ദ്രോഹിക്കുന്നത്. ഇത് ശരിയല്ല. തീർച്ചയായും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണിത്. അങ്ങ് പറഞ്ഞതുപോലെ ഇതൊരു ദൗർഭാഗ്യകരമായ എപ്പിസോഡാണ്. അത് രചിച്ചത് മറ്റാരുമല്ല, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ആണ്. അതുകൊണ്ട് കേരളത്തിലെ വ്യാപാര മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളും വാറ്റ് നികുതിയുമായി ബന്ധപ്പെട്ട പ്രതിസന്ധികളും സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. അതിന് തയ്യാറാകാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. സി. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എം. ഉമ്മർ: സർ, ശ്രീ. വി. ഡി. സതീശൻ വളരെ ഗുരുതരമായൊരു പ്രശ്നമാണ് സഭയുടെ മുമ്പാകെ അടിയന്തരപ്രമേയമായി അവതരിപ്പിച്ചത്. ഗവൺമെന്റിൽനിന്നും ഒരു ഡിമാന്റ് നോട്ടീസ് അയച്ചാൽ അത് കുറ്റമറ്റതാണെന്ന വിശ്വാസം ജനങ്ങൾക്കുണ്ട്. അതനുസരിച്ചാണ് ആളുകൾ പ്രതികരിക്കുന്നത്. ഇപ്പോൾ സർക്കാരിനോടും നികുതി വകുപ്പിനോടും മൊത്തത്തിലൊരു വിശ്വാസത്തകർച്ചയുണ്ടായിരിക്കുകയാണ്. ഇതുപോലുള്ള കാര്യങ്ങൾ വരുമ്പോൾ അങ്ങും ഗവൺമെന്റും നിസ്സഹായരാണ്. ഇത് വൈറസ് മൂലമുണ്ടായ സോഫ്റ്റ്വെയർ തകരാറല്ല, മൊഡ്യൂൾ തയ്യാറാക്കിയതിലുള്ള തകരാറാണ്; അത് പരിഹരിക്കപ്പെടാതെ കിടക്കുകയാണ്.

ഗവൺമെന്റ് പറയുന്നതിനനുസരിച്ചല്ലേ ഉദ്യോഗസ്ഥർ ഡിമാന്റ് നോട്ടീസ് അയയ്ക്കേണ്ടത്? 10 വർഷം മുമ്പ് കൊടുക്കേണ്ട ടാക്സാണിത്. ഇത് എരിതീയിൽ എണ്ണയൊഴിക്കുന്നതു പോലെയാണ്. പ്രളയമുണ്ടാക്കിയ നാശനഷ്ടങ്ങളിൽ നിന്നും ആശ്വാസമുണ്ടാകുന്നതിന് മുമ്പാണ് 18% പലിശയടക്കം അടയ്ക്കണമെന്ന് പറഞ്ഞ്

കോടികളുടെ നോട്ടീസ് നൽകുന്നത്. അങ്ങനെയൊരു നോട്ടീസ് ലഭിക്കുമ്പോഴുണ്ടാകുന്ന മാനസികാവസ്ഥ എന്താണ്? നിങ്ങൾ അടയ്ക്കേണ്ട പണം അടയ്ക്കണമെന്നുപറഞ്ഞ് ബാങ്കിൽ നിന്നൊരു ഫോൺകോൾ വന്നാൽപ്പോലും അത് സ്വീകരിക്കുന്നയാൾക്കുണ്ടാകുന്ന മാനസികാവസ്ഥ എന്തായിരിക്കും? ഇത് നിർഭാഗ്യകരമാണ്. കഴിഞ്ഞതവണ entertainment tax-ന്റെ കാര്യം വന്നപ്പോൾ അത് ഡബിൾ ടാക്സാണ്, ചുമത്തരുതെന്ന് അഭിപ്രായപ്പെടുകയുണ്ടായി. സഭ പിരിഞ്ഞ് രണ്ടു ദിവസം കഴിഞ്ഞപ്പോൾ entertainment tax പിരിക്കേണ്ടതില്ലെന്ന് പത്രത്തിൽ വാർത്ത വന്നു. നിയമനിർമ്മാണം നടത്തുന്നതിലും സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിലും നോട്ടീസ് അയയ്ക്കുന്നതിലും യാതൊരു അവധാനതയുമില്ല. ലക്കുംലഗാനുമില്ലാതെ ജനങ്ങളുടെമേൽ നികുതിഭാരം അടിച്ചേൽപ്പിക്കുന്നത് തെറ്റാണെന്ന് സർക്കാർ മനസ്സിലാക്കണം. അതുകൊണ്ട് ഇനിയും ഇതുപോലെ നോട്ടീസുകളൊക്കെ അയയ്ക്കും, അതുകണ്ട് ആരും ടാക്സ് അടയ്ക്കണ്ട, ക്ലാരിറ്റി വരുത്തിയശേഷം അടച്ചാൽ മതി, ആരും പരിഭ്രാന്തരായി ആത്മഹത്യയിലേയ്ക്ക് പോകേണ്ട എന്നുള്ള തരത്തിലൊരു പത്രപരസ്യം കൊടുത്ത് ഗവൺമെന്റ് ആശ്വാസം നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. ആർബിട്രറിയായ ഉത്തരവുകൾ നൽകി നോട്ടീസ് അയച്ചശേഷം നികുതി അടയ്ക്കേണ്ടതില്ലെന്ന് തീരുമാനിച്ചാലുണ്ടാകാവുന്ന ഇംപാക്ട് വളരെ വലുതായിരിക്കുമെന്ന് അങ്ങ് മനസ്സിലാക്കണം. കാരണം, ഗവൺമെന്റിൽനിന്നും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഇതുപോലുള്ള നിരുത്തരവാദപരമായ നടപടികളുണ്ടായാൽ അത് ഭാവിയിൽ കടങ്ങളും നികുതിയും പിരിഞ്ഞുകിട്ടാത്ത അവസ്ഥയുണ്ടാക്കും. ശ്രീ. കെ. സി. ജോസഫ് നികുതി വകുപ്പ് കമ്മീഷണറുടെ കാര്യം പറയുകയുണ്ടായി. ശ്രീമതി ടിങ്കു ബിസ്വാളിനോട് അവധിയിൽ പ്രവേശിക്കാൻ പറഞ്ഞിരിക്കുകയാണ്. നികുതിയുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളിലും ഉദ്യോഗസ്ഥരും കൺഫ്യൂസ്ഡാണെന്നതിനുള്ള ഏറ്റവും വലിയ തെളിവാണിത്. ഇതിന്റെ ഇംപാക്ട് വളരെ വലുതാണ്. യഥാർത്ഥത്തിൽ സഭയിൽ ഉന്നയിച്ചിട്ടുള്ള അടിയന്തരപ്രമേയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണിത്. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. അങ്ങനെ ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എം. ഉമ്മറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവസാനം പറഞ്ഞ കാര്യമാണ് ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത്. ഒരുതരത്തിൽ ഈ അടിയന്തരപ്രമേയം വന്നത് നന്നായി എന്നാണ് അദ്ദേഹം പറഞ്ഞത്.

ഇപ്പോൾ മുസ്ലീം ലീഗിന്റെ ഉപനേതാവ് പറഞ്ഞത് സഭയിൽ വന്നിട്ടുള്ള പ്രമേയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു ഇതെന്നാണ്. കാരണം ഇതൊരു ചെറിയ വിഷയമല്ല. രോഗം വന്നശേഷം ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ സൂക്ഷിക്കുകയാണ്. വാസ്തവത്തിൽ ഇത് മൊഡ്യൂളിന്റെയോ സോഫ്റ്റ്‌വെയറിന്റെയോ പിശകെന്ന് പറഞ്ഞ് രക്ഷപ്പെടാവുന്ന വിഷയമാണോ? ഇവിടെ ഭരിക്കുന്നത് ഒരു ജനകീയ സർക്കാരല്ലേ; ഇതുസംബന്ധിച്ച ഒറ്റപ്പെട്ട പരാതികൾ വളരെ മുമ്പുതന്നെ കിട്ടിയതല്ലേ? വ്യാപാരി വ്യവസായി ഏകോപനസമിതി, വ്യാപാരി വ്യവസായി സമിതി എന്നിവരുടെയൊക്കെ പരാതികൾ കിട്ടിയിട്ടും ഗൗരവമില്ലാതെ കാര്യങ്ങൾ കൈകാര്യം ചെയ്തതാണ് അടിസ്ഥാനപരമായ പിശക്. ജനങ്ങൾ തെരഞ്ഞെടുത്ത ഗവൺമെന്റ് ഭരിക്കാൻ കയറിയിട്ട് മൂന്നര വർഷമായി; പക്ഷേ ഇപ്പോഴും പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല. വ്യാപാരികളെയെല്ലാം കള്ളന്മാരെന്ന് അടച്ചാക്ഷേപിക്കേണ്ട കാര്യമുണ്ടോ? ചിലപ്പോൾ കള്ളത്തരം കാണിക്കുന്നവരുണ്ടായിരിക്കും. എല്ലാവരും തെറ്റുകാരാണ്, കള്ളത്തരം കാണിക്കുന്നവരാണ് എന്ന ചിന്തയല്ല വേണ്ടത്. നമുക്ക് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് വില്പന നികുതിയിനത്തിലാണ്. ആ മേഖലയിലാണ് കുഴപ്പമുണ്ടായിരിക്കുന്നത്. പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്നു എന്നുപറയുന്നതു പോലെ ഇതൊക്കെ ആ മേഖലയെ തകരാറിലാക്കുന്ന നടപടിയാണ്. ജനങ്ങളിൽ നിന്നും പരാതികളോ നിവേദനങ്ങളോ ലഭിച്ചാൽ അത് അപ്രധാനമായി തള്ളുന്ന സമീപനമാണ് ധനകാര്യ വകുപ്പുമന്ത്രി സ്വീകരിക്കുന്നത്. ജനങ്ങൾ ആവശ്യപ്പെടുന്ന കാര്യങ്ങളൊന്നും ചെയ്യുന്നില്ല. കഴിഞ്ഞ പ്രളയകാലത്ത് പല സ്ഥലങ്ങളിലും കടകൾ മുങ്ങിപ്പോയി. ആ വ്യാപാരികൾക്ക് സഹായം നൽകുമെന്ന് പറഞ്ഞിട്ട് നൽകിയോ? അവർ ആവശ്യപ്പെട്ട കാര്യമൊന്നും ചെയ്യാതെ ഇങ്ങോട്ടുനൽകേണ്ട പണത്തിന് നോട്ടീസ് കൊടുക്കുകയാണ് ചെയ്തത്. എന്തൊരു വിചിത്രമായ നോട്ടീസാണ്! അദ്ദേഹം പറഞ്ഞത് ശരിയാണ്, mind apply ചെയ്തോ; ചിന്തിച്ചോ? നോട്ടീസ് പരിശോധിച്ച് അപാകതയുണ്ടെങ്കിൽ തിരുത്തിയല്ലേ അയയ്ക്കേണ്ടത്; ഇങ്ങനെയാണോ കാര്യങ്ങൾ പോകേണ്ടത്? ഇലക്ഷൻ കാലത്താണെന്ന് അങ്ങ് പറയുന്നത് ചിലപ്പോൾ ശരിയായിരിക്കും. പക്ഷെ അതിന് എത്രയോ മുമ്പ് പരാതികൾ ലഭിച്ചതാണ്. മൊത്തം ശൈലി മാറണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത്തരത്തിൽ പോയിട്ട് കാര്യമില്ല. ഇനി ഈ ഗവൺമെന്റിന് ഒന്നര വർഷം മാത്രമേ ബാക്കിയുള്ളൂ. ഇതുവരെയുള്ള കാര്യങ്ങളെക്കുറിച്ച് ആത്മപരിശോധന നടത്തണം. ജനങ്ങൾക്കുവേണ്ടി ചെയ്യേണ്ട ഇത്തരം കാര്യങ്ങൾ ഗൗരവമായി ശ്രദ്ധിക്കണം. ഇവിടെ സൂചിപ്പിച്ച ചങ്ങനാശ്ശേരിയിലെ കാര്യം എനിക്കുകൂടി അറിയാവുന്ന വ്യക്തിയെ സംബന്ധിച്ചതാണ്. 25,642 കോടി രൂപയാണ് purchase suppression എന്നുപറയുന്നത്. പല സ്ഥലങ്ങളിലും കൊടുത്തിരിക്കുന്ന നോട്ടീസ്

അങ്ങനെയാണ്. ഇത് കേരള സർക്കാരിന്റെ നോട്ടീസാണ്. ഇതാണോ കേരള സർക്കാർ? സൂക്ഷ്മതയില്ലാതെയാണ് സർക്കാർ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട് ഈ പ്രമേയം വന്നത് നന്നായി എന്ന് അങ്ങ് പറഞ്ഞ ആദ്യത്തെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. നമുക്കെല്ലാം ആത്മപരിശോധന നടത്താം. പ്രതിപക്ഷത്തുനിന്നും ഞങ്ങൾ എന്തെങ്കിലും ചെയ്യണമെങ്കിൽ അതും ചെയ്യാം. അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ സന്നദ്ധമാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## III ശ്രദ്ധ ക്ഷണിക്കൽ

(1) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയ സർക്കാർവക ഭൂമി

ശ്രീ. സി. ദിവാകരൻ: സർ, ഭൂരഹിതർക്ക് ഭൂമിയും ഭവനരഹിതർക്ക് ഭവനവും നൽകണമെന്നുള്ളത് ഈ ഗവൺമെന്റിന്റെ ഭാവനാപൂർണ്ണമായ വാഗ്ദാനമാണ്. പക്ഷേ ഇപ്പോൾ ഗവൺമെന്റ് നേരിടുന്ന പ്രശ്നം, ഇതിനുള്ള ഭൂമി ലാൻഡ് ബാങ്കിലില്ല എന്നതാണ്. അതേസമയം വിവിധ ജില്ലകളിലായി കേരളത്തിന്റെ വലിയൊരു പ്രദേശം കേന്ദ്ര ഗവൺമെന്റിന്റെ ചില സ്ഥാപനങ്ങൾ കയ്യടക്കിവച്ചിരിക്കുകയാണ്. ആ ഗുരുതരമായ പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. സംസ്ഥാന സർക്കാരിന്റെ ഏക്കറുകണക്കിന് സ്ഥലം വിവിധ കാലഘട്ടങ്ങളിലായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സൗജന്യമായി വിട്ടുകൊടുക്കുന്നു. സംസ്ഥാന സർക്കാരിന് പൂർണ്ണ അവകാശമുള്ള സ്ഥലമടക്കം സ്വകാര്യ വ്യക്തികൾക്കും കമ്പനികൾക്കും വില്പന നടത്തുന്ന നടപടിയാണ് ഇപ്പോൾ നടക്കുന്നത്. തിരുവനന്തപുരത്തെ ഹിന്ദുസ്ഥാൻ ലാറ്റക്സ്, കോട്ടയം വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി, പാലക്കാട് കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം, പാലക്കാട് ഭാരത് എർത്ത് മൂവേഴ്സ് തുടങ്ങിയവയെല്ലാം സംസ്ഥാന സർക്കാരിന് കൈമാറിയാൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാമെന്ന് അറിയിച്ചിട്ടും കേന്ദ്രസർക്കാർ അനുകൂല നടപടി സ്വീകരിച്ചില്ലെന്നുമാത്രമല്ല സംസ്ഥാനത്തിന്റെ ഭൂമിയും കവർന്നെടുക്കുകയാണ്. തിരുവനന്തപുരം ചാക്കയിലെ കെൽടെക്, നഗരത്തിൽത്തന്നെ 26 ഏക്കർ സ്ഥലം കേന്ദ്രത്തിന് വിട്ടുകൊടുത്തു. പാലക്കാട് കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് തുടങ്ങാൻ 450 ഏക്കർ ഭൂമി വിട്ടുകൊടുത്തു. എഫ്.എ.സി.ടി., കൊച്ചിൻ പോർട്ട്, കൊച്ചിൻ കപ്പൽ

നിർമ്മാണശാല, എച്ച്.എൽ.എൽ. എന്നീ സ്ഥാപനങ്ങൾ കൈവശപ്പെടുത്തിയ ഭൂമിയുടെ വില ഏകദേശം 25,000 കോടി രൂപയിലധികമാണ്. ഈ സാഹചര്യത്തിൽ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയ സംസ്ഥാനത്തിന്റെ ഭൂമി അടിയന്തരമായി സർവ്വേ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഏക്കറുകണക്കിന് സ്ഥലം തിരിച്ചെടുക്കണം, അതിനാവശ്യമായ പഠനം നടത്തണം. അതിനൊരു പ്രത്യേക കമ്മീഷനെത്തന്നെ നിയോഗിക്കേണ്ടിവരും. ഇതുകൂടാതെ തൃശ്ശൂർ അഴകപ്പ നഗർ, കൊല്ലം പാർവ്വതി മിൽ, തിരുവനന്തപുരം വിജയമോഹിനി മിൽ തുടങ്ങിയ എൻ.റ്റി.സി. മില്ലുകൾ കയ്യടക്കി വച്ചിരിക്കുന്ന സ്ഥലമുണ്ട്. ഇതുമാത്രമല്ല, നേവൽ ബേസിനും മിലിട്ടറി ഗ്യാരേജിനും സ്ഥലം കൊടുത്തു. അത് തിരിച്ചുപിടിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല. പക്ഷേ വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ കൈവശം കോട്ടയത്തുമാത്രമല്ല ഇടുക്കിയിലെ പീരുമേട് പഞ്ചായത്തിലും ഏക്കറുകണക്കിന് ഭൂമിയുണ്ട്. യൂക്കാലിപ്റ്റസ് കൃഷി ചെയ്യാൻ കൊടുത്ത ആ സ്ഥലമിപ്പോൾ തരിശായി കിടക്കുകയാണ്. കേരളത്തിന്റെ പകുതിയിലേറെ സ്ഥലം കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരിൽ കയ്യടക്കിവച്ചിരിക്കുകയാണ്. ഇതുപോലെ കോവളത്ത് ഐ.റ്റി.ഡി.സി.-ക്ക് കൊടുത്ത സ്ഥലം പൂർണ്ണമായും സ്വകാര്യ വ്യക്തികളുടെ കയ്യിലായി. കേരളം അന്യമായിത്തീരുകയാണ്. പരശുരാമൻ സൃഷ്ടിച്ച കേരളമാണെന്ന് പറയുന്നു. കേരളമുണ്ടാകണമെങ്കിൽ ഇനിയുമൊരു പരശുരാമൻ വന്ന് സൃഷ്ടിക്കേണ്ടിവരും. സ്ഥലമെല്ലാം കേന്ദ്ര ഗവൺമെന്റ് അനാവശ്യമായി കൈവശം വച്ചിരിക്കുകയാണ്, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുകയോ പൂട്ടുകയോ ചെയ്യുകയും തൊഴിലാളികളെ പിരിച്ചുവിടുകയും സ്ഥലം വിൽക്കുകയും ചെയ്യുന്നു. ഇതിനെതിരെ കേരള ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണം, സർവ്വേ നടത്തണം. എത്ര ഏക്കർ സ്ഥലം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുണ്ടെന്നും അത് യൂട്ടിലൈസ് ചെയ്യുന്നുണ്ടോയെന്നും പരിശോധിക്കണം ഇല്ലെങ്കിൽ അത് തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും സ്വകാര്യവൽക്കരിക്കാനുമുള്ള ശ്രമങ്ങൾക്കെതിരെയുള്ള കേരളത്തിന്റെ ആശങ്ക പലതവണ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി

വിറ്റഴിക്കൽ നടപടികളിൽനിന്നും പിന്മാറണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകൾ കേന്ദ്രത്തിന് അയച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പോലെയുള്ള സ്ഥാപനങ്ങൾ വിറ്റഴിക്കരുതെന്നാവശ്യപ്പെട്ട് നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുണ്ട്. കൂടാതെ സർവ്വകക്ഷിയോഗം വിളിച്ചുചേർത്തും വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനുള്ള ശ്രമങ്ങൾ ശക്തമായി തുടർന്നുവരികയാണ്. കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ കമ്പനി സ്ഥാപിക്കുന്നതിനായി സംസ്ഥാനം നേരത്തെ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വിലകൂടി നൽകണമെന്ന കേന്ദ്രസർക്കാരിന്റെ ആവശ്യം സ്ഥലമേറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിട്ടുണ്ട്. സംസ്ഥാനം സൗജന്യമായി നൽകിയ ഭൂമിയാണ്, കേന്ദ്രത്തിന്റെ ഭൂമിയല്ല. പക്ഷേ കേന്ദ്രത്തിന് നമ്മൾ പണം കൊടുക്കണമെന്ന വിചിത്രമായ വാദമാണ് ഉന്നയിച്ചിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ഈ വിതണ്ഡവാദം കാരണമാണ് സ്ഥലമേറ്റെടുക്കൽ നടപടി മന്ദീഭവിച്ചത്. Kerala Electrical & Allied Engineering Company-ഉം Bharat Heavy Electricals Limited (BHEL)-ഉം ചേർന്നുള്ള സംയുക്ത സംരംഭമായ BHEL Electrical Machines Ltd-ന്റെ ഓഹരികൾ വിറ്റഴിക്കാനും കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ ആ സ്ഥാപനം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. തിരുവിതാംകൂർ മഹാരാജാവിന്റെ കാലത്ത് കൈമാറിയ 258.06 ഏക്കർ ഭൂമിയും സംസ്ഥാന സർക്കാർ കൈമാറിയ 8.29 ഏക്കർ ഭൂമിയും ഉൾപ്പെടെ സർക്കാർ ഏറ്റെടുത്ത് നൽകിയ 32.5 ഏക്കർ ഭൂമിയുമടക്കം ആകെ 635 ഏക്കർ സ്ഥലത്താണ് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ ശക്തമായ നടപടി സ്വീകരിച്ചുവരികയാണ്. ആ നിലയിൽത്തന്നെ ഊർജ്ജിതമായി മുന്നോട്ടുപോകാനാണ് തീരുമാനം. ഇതിന്റെ ആരംഭമെന്ന നിലയിൽ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്ക് വിധേയമായോ നൽകിയതിന്റെ വിശദാംശങ്ങൾ തയ്യാറാക്കാനും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി തിരിച്ചെടുക്കാനുമുള്ള സാധ്യത പരിഗണിക്കാൻ ഈ വർഷം ജൂലൈ 29-ാം തീയതിയിലെ ഉത്തരവുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഭൂമി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ സ്വകാര്യ വ്യക്തികൾക്ക് കൈമാറാനുള്ള നീക്കങ്ങൾക്കെതിരെ

ശക്തമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിലുണ്ടായ തടസ്സങ്ങൾ പരിഹരിക്കാൻ ഇടപെടുകയാണെന്നും സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാനുള്ള നടപടിയുമായി മുന്നോട്ടു പോകുകയാണെന്നും ബഹുമാനപ്പെട്ട സി. ദിവാകരനെയും സഭയെയും അറിയിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഗവൺമെന്റ് എടുത്തിരിക്കുന്ന നടപടികളെല്ലാം മാതൃകാപരമാണ്. പക്ഷേ, നമ്മൾ ഏറ്റെടുത്ത് നടത്താമെന്ന് പറഞ്ഞ പാലക്കാടുള്ള കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പ്രവർത്തിക്കുന്നത് കേരള സർക്കാർ സൗജന്യമായി കൊടുത്ത ഭൂമിയിലാണ്. ആ ഭൂമിക്ക് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന് വില കൊടുക്കണമെന്നാണ് പറയുന്നത്. ഇതിൽ സമയബന്ധിതമായി തീരുമാനമെടുക്കണം. ഈ വിഷയം ക്യാബിനറ്റിൽ മുഖ്യമായി ചർച്ച ചെയ്യണം. ഇത് കേരളത്തിന്റെ പൊതുവായ വികാരമാണ്. ഇനി നോക്കിയിരുന്നിട്ട് കാര്യമില്ല, എല്ലാം വിറ്റുകൊണ്ടിരിക്കുകയാണ്. കുറച്ചുകൂടി കഴിയുമ്പോൾ അങ്ങോട്ട് പണം കൊടുക്കാൻ പറഞ്ഞാൽ നമ്മുടെ കയ്യിൽ പണവുമില്ല. നമുക്ക് ഭൂമിയില്ല, വ്യവസായ സ്ഥാപനങ്ങളില്ല, തൊഴിലവസരങ്ങളില്ല, ഭൂരഹിതരായവർക്ക് ഭൂമി കൊടുക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ക്യാബിനറ്റ് തീരുമാനിച്ചപ്രകാരം ശക്തമായ നിലപാട് സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ജി. സുധാകരൻ: സർ, ക്യാബിനറ്റും നിയമസഭയുമടക്കം തീരുമാനിച്ച അതിശക്തമായ നിലപാടാണ് സ്വീകരിച്ചുവരുന്നത്. പക്ഷേ കഴിഞ്ഞ കാൽനൂറ്റാണ്ട് കാലമായി മാറിമാറി വന്ന കേന്ദ്ര ഗവൺമെന്റുകൾ സ്വീകരിച്ചത് ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയങ്ങളാണ്. അത് ഈ സഭയിൽത്തന്നെ ചർച്ച ചെയ്യുകയും ജനങ്ങൾക്ക് അറിയാവുന്നതുമാണ്. ബ്രിട്ടീഷുകാരുടെ കാലംമുതൽ ദേശീയപാത നിർമ്മിക്കുന്നത് കേന്ദ്ര സർക്കാരാണ്. എന്നാൽ ഇപ്പോൾ സംസ്ഥാന സർക്കാരിനോട് 50% വിഹിതം ചോദിച്ചു. അവസാനം നെഗോഷ്യേറ്റ് ചെയ്ത് 25 ശതമാനമാക്കി 6,000 കോടി രൂപ അടയ്ക്കാൻ തീരുമാനിച്ചു. ആദ്യത്തെ ടെണ്ടർ കാസർഗോഡും കണ്ണൂരുമായി മൂന്ന് റീച്ചാണ്. അതിന് 25 ശതമാനം തുകയായ 300 കോടി രൂപ അടച്ചു. എന്നിട്ടും ടെണ്ടർ തുറക്കാതെ നീട്ടിക്കൊണ്ടുപോകുകയാണെന്ന് ഞാൻ സഭയിൽ ഇന്നലെയും പറഞ്ഞിരുന്നു. മൂന്ന് വർഷം ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. അവസാനം മുഖ്യമന്ത്രി ഇടപെട്ട് അത് ഒപ്പിട്ടു. ഈ മാസം 11-ാം തീയതി തുറക്കേണ്ട ബിഡ്ഡുകൾ ഡിസംബർ 11-ലേയ്ക്ക് മാറ്റുകയാണ്. 66,000 കോടി രൂപയുടെ സെമി ഹൈ സ്പീഡ് റെയിൽവേയ്ക്ക് 33,000 കോടി രൂപ കൊടുക്കണം. റെയിൽവേ ഇൻട്രൊഡ്യൂസ് ചെയ്തതുതന്നെ ബ്രിട്ടീഷുകാരാണ്.

സ്വദേശീയരിൽനിന്ന് ഒരു പൈസയും വാങ്ങിയിട്ടില്ല. ഇപ്പോൾ നേർപകുതി കൊടുക്കണം, അല്ലെങ്കിൽ തരില്ല. അതുകൊണ്ട് അതും കൊടുക്കാമെന്ന് സമ്മതിച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാരും പൊതുരാഷ്ട്രീയ പ്രസ്ഥാനങ്ങളും ശക്തമായ നിലപാടുകളുമായി ഇനിയും മുന്നോട്ട് പോകണം, ഇതിൽനിന്നും കേന്ദ്ര സർക്കാരിനെ പിന്തിരിപ്പിക്കണം. അല്ലെങ്കിൽ ജനങ്ങൾ അവരെ തള്ളിക്കളയുന്ന ഒരു കാലം വരും. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തണം.

11.00 AM]

(2) അങ്കണവാടികളിലെ കുട്ടികളുടെ കുറവ്

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ആരോഗ്യമുള്ള ജനതയാണ് രാഷ്ട്രത്തിന്റെ മുതൽക്കൂട്ടെന്ന ആശയം മനസ്സിലാക്കിക്കൊണ്ടാണ് 1975-ൽ ഐ.സി.ഡി.എസ്. സ്കീം (സംയോജിത ശിശുവികസന സേവന പദ്ധതി) തുടങ്ങിയത്. ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സർവ്വതോന്മുഖമായ വികസനാടിത്തറയാണ് അങ്കണവാടികളിലൂടെ ലഭിക്കുന്നത്. 258 പ്രോജക്ടുകളിലായി ഏകദേശം 33000 അങ്കണവാടികളുണ്ട്. അവയിൽ ഭൂരിഭാഗവും സ്വന്തം കെട്ടിടത്തിൽത്തന്നെ പ്രവർത്തിക്കുന്നവയാണ്. പ്രധാനപ്പെട്ട ധാരാളം സേവനങ്ങളാണ് കുട്ടികൾക്കും അമ്മമാർക്കും കൗമാരപ്രായത്തിലുള്ള യുവതികൾക്കും ഇവിടെനിന്നും ലഭിക്കുന്നത്. അതിൽ സപ്ലിമെന്ററി ന്യൂട്രീഷൻ, വളർച്ചാ നിരീക്ഷണം, ആദ്യകാല ശിശുപരിചരണം, വിദ്യാഭ്യാസം, ഇമ്മ്യൂണൈസേഷൻ, ആരോഗ്യപരിശോധന, പോഷകാഹാരത്തെക്കുറിച്ചുള്ള വിദ്യാഭ്യാസം എന്നീ സുപ്രധാന സർവ്വീസുകളാണ് അങ്കണവാടികളിൽ നടക്കുന്നത്. എല്ലാ മണ്ഡലങ്ങളിലും ഒരു വാർഡിൽ മിനിമം രണ്ട് അങ്കണവാടികളുണ്ടെങ്കിലും പലതിന്റെയും അവസ്ഥ പരിതാപകരമാണ്. ഈയടുത്തകാലത്ത് എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് അങ്കണവാടികളുടെ ഉദ്ഘാടനത്തിന് ഞാൻ പോയിരുന്നു. ബ്ലോക്ക് ഫണ്ടും എം.എൽ.എ. ഫണ്ടുമായി പതിനഞ്ചും ഇരുപതും ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച അങ്കണവാടികളിൽ ആകെ മൂന്നോ നാലോ കുട്ടികളാണുള്ളത്. കുട്ടികളെല്ലാം പ്രീ-പ്രൈമറി സ്കൂളുകളിലേയ്ക്കാണ് പോകുന്നത്. അതാണ് മാതാപിതാക്കൾക്ക് സൗകര്യം. കാരണം മുതിർന്ന കുട്ടിയോടൊപ്പം സ്കൂൾ ബസിൽ കൊച്ചുകുട്ടിയെക്കൂടി പ്രീ-പ്രൈമറി സ്കൂളിലേക്ക് അയയ്ക്കും. പ്രീ-പ്രൈമറിയിലാകുമ്പോൾ അവർക്ക് ഔപചാരിക വിദ്യാഭ്യാസം ലഭിക്കുമെന്ന ധാരണയുണ്ട്. യഥാർത്ഥത്തിൽ കൊച്ചുകുട്ടികൾ അങ്കണവാടികളിൽ പോകണമെന്നാണ് നിയമം അനുശാസിക്കുന്നത്. കുട്ടികൾ അങ്കണവാടിയിൽ പോയി കളിച്ചും ചിരിച്ചും

കാര്യങ്ങൾ പഠിക്കുന്നതിനുപകരം പ്രീ-പ്രൈമറി സ്കൂളിൽ പോയി ഇംഗ്ലീഷ് ആൽഫബെറ്റ്സ് പഠിക്കുന്നതാണ് മാതാപിതാക്കൾ ഭൂഷണമായി കാണുന്നത്. പ്രത്യക്ഷത്തിൽ പ്രശ്നങ്ങളില്ലെങ്കിലും ഭാവിതലമുറയിൽ ഇത് പ്രശ്നം സൃഷ്ടിക്കുകയാണ്. കാരണം കുട്ടികൾക്ക് സർക്കാർ അനുശാസിക്കുന്ന പല മോണിറ്ററിംഗ് ഇൻഡൈസസുണ്ട്. ഉദാഹരണത്തിന്, ലോകാരോഗ്യ സംഘടന ഓരോ കുട്ടിക്കും ഒരു ഗ്രോത്ത് ചാർട്ട് നിർണ്ണയിച്ചിട്ടുണ്ട്. ഞാൻ എന്റെ മണ്ഡലത്തിലെ അങ്കണവാടികളിൽ പോകുമ്പോൾ ഗ്രോത്ത് ചാർട്ട് പരിശോധിക്കാറുണ്ട്. അറുപതുമാസംവരെയുള്ള കുട്ടികളുടെ ഓരോ മാസത്തെയും ഹൈറ്റും വെയ്റ്റും ഗ്രോത്ത്ചാർട്ടിൽ മാർക്ക് ചെയ്യണം. എന്നാൽ മൂന്ന് വയസ്സ് കഴിഞ്ഞ കുട്ടികളിൽ പലരുടെയും രേഖകൾ അപൂർണ്ണമാണ്. കാരണം ചോദിക്കുമ്പോൾ ആ കുട്ടികൾ ഇപ്പോൾ വരുന്നില്ല, സ്കൂളിലേക്കുപോയി എന്നാണ് പറയുന്നത്. സർക്കാർ അനുശാസിക്കുന്ന അറുപതുമാസം വരെയുള്ള ഗ്രോത്ത് മോണിറ്ററിംഗ് നടക്കുന്നില്ല. അങ്കണവാടികളിൽ take home ration കൊടുക്കുന്നുണ്ട്, ചെക്കപ്പുകൾ നടക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളുടെ എണ്ണം ചോദിക്കുമ്പോൾ മൊത്തം ഇത്ര കുട്ടികളുണ്ട്, പക്ഷേ ഇരുന്നൂറ് കുട്ടികൾ പ്രീ-പ്രൈമറിയിലാണ് എന്നാണ് സ്കൂളുകളിലെ പി.ടി.എ. പറയുന്നത്. സ്കൂളുകളിൽ പ്രീ-പ്രൈമറി കുട്ടികൾക്കുള്ള പോഷകാഹാരത്തിനായി മറ്റ് സംവിധാനങ്ങളിലൂടെയാണ് ഫണ്ട് കണ്ടെത്തുന്നത്. സർക്കാർ ഇത്രയധികം ഫണ്ട് ന്യൂട്രീഷ്യനുവേണ്ടി അനുവദിക്കുന്നത് അങ്കണവാടികളിൽ വേസ്റ്റാകുകയാണ്, കുട്ടികൾ അവിടെ പോകുന്നില്ല. അങ്കണവാടിയിലെ ആയമാരും ടീച്ചർമാരുമൊക്കെ നല്ലരീതിയിൽ പ്രവർത്തിക്കുന്നവരാണ്. സ്വന്തം വീട്ടിലെ കുഞ്ഞിനെ നോക്കുന്നതുപോലെ കുട്ടികളെ നോക്കാൻ അയൽപക്കത്ത് അങ്കണവാടിയുള്ളപ്പോൾ അവിടെ കുട്ടികളെ വിടാതിരിക്കുന്നത് ഭാവിയിൽ കുട്ടികളെ ദോഷകരമായി ബാധിക്കും. അതുകൊണ്ട് അങ്കണവാടികളെ ശാക്തീകരിക്കാനും അവിടേയ്ക്ക് കൂടുതൽ കുട്ടികളെ എത്തിക്കാനുള്ള കാമ്പയിൻ ആരംഭിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണിത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ആറ് വയസ്സുവരെയുള്ള കുട്ടികളുടെ എല്ലാതരത്തിലുമുള്ള വളർച്ചയും ഉദ്ദേശിച്ചുകൊണ്ടാണ് സംയോജിത ശിശുവികസന പദ്ധതി ആരംഭിച്ചതും കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കാൻ തുടങ്ങിയതും. അതിന്റെ ഭാഗമായി 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടത്തെ അങ്കണവാടികൾ മറ്റു

സംസ്ഥാനങ്ങളിലേതിനെ അപേക്ഷിച്ച് വളരെ മെച്ചപ്പെട്ടവയാണ്. എന്നാൽ ഏകദേശം 9900-ത്തോളം അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ലായിരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം രണ്ടായിരം അങ്കണവാടികൾക്ക് കെട്ടിടമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുകയും അത് നടന്നുവരികയുമാണ്. വനിത-ശിശു വികസന വകുപ്പിന്റെ ഫണ്ട് മാത്രം ഉപയോഗിച്ച് മുഴുവൻ കെട്ടിടങ്ങളുമുണ്ടാക്കാൻ കഴിയില്ല. പക്ഷേ വനിത-ശിശു വികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഫണ്ട്, എം.എൽ.എ. ഫണ്ട്, നാട്ടിൽനിന്നും കിട്ടുന്ന പൊതുനന്മ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് മുഴുവൻ അങ്കണവാടികൾക്കും കെട്ടിടമുണ്ടാക്കണമെന്നുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അങ്കണവാടികളിലേയ്ക്ക് വരേണ്ട കുട്ടികൾ പ്രീ-പ്രൈമറി സ്കൂളുകളിലേക്ക് പോകുന്ന അവസ്ഥ വരികയാണ്. കുട്ടികളുടെ പഠനത്തെക്കാളുപരി പോഷകാഹാരം, സ്വഭാവരൂപീകരണം, രോഗപ്രതിരോധം, വളർച്ചാപഠനം തുടങ്ങിയ കാര്യങ്ങൾക്കാണ് അങ്കണവാടികളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതുകൊണ്ട് ഈ പ്രായപരിധിയിലുള്ള കുട്ടികൾ അങ്കണവാടിയിൽ വരുന്നതാണ് ഏറ്റവും ഉചിതം. മാത്രമല്ല, കുട്ടികളെ സ്കൂളുകളിലേയ്ക്ക് അയയ്ക്കുന്നതിന്റെ മുന്നൊരുക്കമാണ് അങ്കണവാടിയിൽവച്ച് നടക്കുന്നത്. അതുകൊണ്ട് അങ്കണവാടികൾ കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. മിക്കവാറും അങ്കണവാടികളിലെല്ലാം ധാരാളം കുട്ടികളുണ്ട്. പ്രീ-പ്രൈമറി സ്കൂളുകളിലും പ്രൈവറ്റ് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളിലും പോകുന്നതുകൊണ്ടാണ് ചില അങ്കണവാടികളിൽ കുട്ടികളുടെ എണ്ണം കുറയുന്നത്. അത് പരിഹരിക്കുന്നതിന് അങ്കണവാടികൾ കുറെക്കൂടി മെച്ചപ്പെടുത്തണം. ആരോഗ്യമേഖലയിൽ ആർദ്രം മിഷൻ തുടങ്ങിയതുപോലെ അങ്കണവാടികൾ നവീകരിക്കുന്നതിനുവേണ്ടി സ്മാർട്ട് അങ്കണവാടി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആകർഷകമായ ബോധനരീതികളാണ് ഇംഗ്ലീഷ് മീഡിയത്തിലേക്ക് കുട്ടികളെ ആകർഷിക്കുന്നത്. ചില ഉപകരണങ്ങളിലൂടെ കുട്ടികളുടെ arithmetic skill, language skill എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ശാസ്ത്രീയ രീതി ഡൽഹിയിലുള്ള Jodo Gyan എന്ന സംഘടന നടപ്പിലാക്കുന്നുണ്ട്. അവരുമായി ചർച്ച ചെയ്ത് കേരളത്തിന് അനുയോജ്യമായ പ്രത്യേക ബോധനരീതി, കുട്ടികളുടെ സ്വഭാവ രൂപീകരണരീതി എന്നിവ അംഗീകരിച്ചിട്ടുണ്ട്. സ്മാർട്ട് അങ്കണവാടിയുടെ മാസ്റ്റർ പ്ലാൻ തയ്യാറായിക്കഴിഞ്ഞു. അങ്കണവാടിയിലെ സജ്ജീകരണങ്ങളെക്കുറിച്ച് ധാരണയായിട്ടുണ്ടെങ്കിലും സ്ഥലം വളരെ കുറവാണ്. വളരെ അപൂർവ്വമായി മാത്രമേ അങ്കണവാടികൾക്ക് പത്ത് സെന്റ് സ്ഥലം കിട്ടാറുള്ളൂ. അഞ്ചുസെന്റിലും മൂന്നുസെന്റിലും പട്ടണപ്രദേശങ്ങളിൽ ഒന്നരസെന്റിലുമാണ് മിക്കവാറും അങ്കണവാടികൾ പ്രവർത്തിക്കുന്നത്. അതുകൊണ്ട് സൗകര്യങ്ങളും

അതിനനുസരിച്ച് ക്രമീകരിക്കേണ്ടിവരികയാണ്. സ്മാർട്ട് അങ്കണവാടിക്കുവേണ്ടി ഒന്നര, മൂന്ന്, അഞ്ച്, പത്ത് സെന്റുകൾക്കാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുണ്ട്. ഇനി നിർമ്മിക്കുന്ന അങ്കണവാടികളുടെ ഉള്ളടക്കമെല്ലാം ഒന്നുതന്നെയാണ്. പക്ഷേ പത്ത് സെന്റാകുമ്പോൾ കുറച്ചുകൂടി സ്ഥലമുണ്ടാകും, വളരെ ആകർഷകമായിരിക്കും. തിരുവനന്തപുരം കോളേജ് ഓഫ് ആർക്കിടെക്ചറുമായി ബന്ധപ്പെട്ടാണ് പ്ലാൻ രൂപീകരിച്ചിട്ടുള്ളത്. ആ പദ്ധതിയുടെ ലോഞ്ചിംഗ് തിരുവനന്തപുരത്തുവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. തിരുവനന്തപുരം ജില്ലയിലെ പൂജപ്പുരയിലാണ് ആദ്യമായി സ്മാർട്ട് അങ്കണവാടി നിർമ്മിക്കുന്നത്. അവിടെയുള്ള പത്തുസെന്റ് സ്ഥലത്ത് തറക്കല്ലിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം ജില്ലകളിൽ ഓരോ അങ്കണവാടി വീതം ആദ്യതവണ ആരംഭിക്കാനും പിന്നെ വരുന്ന ഒരു വർഷക്കാലം കൊണ്ട് ഇരുന്നൂറ് അങ്കണവാടികളെങ്കിലും സ്മാർട്ടാക്കി മാറ്റുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ മുഴുവൻ അങ്കണവാടികളെയും സ്മാർട്ടാക്കി മാറ്റുന്ന പ്രവർത്തനം ഏറ്റെടുക്കേണ്ടതുണ്ട്. സ്മാർട്ട് അങ്കണവാടി പ്രോജക്ടിനോടൊപ്പം രണ്ടായിരത്തിലേറെ അങ്കണവാടികൾക്ക് കെട്ടിടമുണ്ടാക്കാനും പണം നീക്കിവച്ചിട്ടുണ്ടെങ്കിലും അതിനാവശ്യമായ സ്ഥലം കിട്ടാത്ത ബുദ്ധിമുട്ടുണ്ട്. വലിയ പരിശ്രമം നടത്തിയിട്ടും 865 കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം മാത്രമേ കിട്ടിയിട്ടുള്ളൂ. ബാക്കി സ്ഥലത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത അഞ്ചുവർഷത്തിനകം കേരളത്തിലെ മുഴുവൻ അങ്കണവാടികൾക്കും കെട്ടിടമുണ്ടാക്കണം.

നാഷണൽ ന്യൂട്രീഷൻ മിഷൻ (പോഷൺ അഭിയാൻ) പദ്ധതി ആരംഭിച്ചതിന്റെ ഭാഗമായി 'സമ്പുഷ്ട കേരളം' പദ്ധതി ലോഞ്ച് ചെയ്തു. ഒരു മെഗാ പ്രോജക്ടാണത്. എല്ലാ ന്യൂട്രീഷൻ പദ്ധതികളും കേന്ദ്രീകരിച്ചുകൊണ്ട് അങ്കണവാടികളിലൂടെ കുട്ടികൾ, അമ്മമാർ, ഗർഭിണികൾ, മുലയൂട്ടുന്നവർ, കൗമാരപ്രായക്കാർ എന്നിവരുടെ പോഷകാഹാര പ്രശ്നമാണ് പരിഹരിക്കുന്നത്. ഫോർട്ടിഫൈഡ് ഭക്ഷണമുൾപ്പെടെ കൊടുക്കാനും ചെക്കപ്പ് കൃത്യമായി നടത്താനും തീരുമാനിച്ച് അതിനാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്തു കൊണ്ടിരിക്കുകയാണ്. അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സ്മാർട്ട് ഫോൺ നൽകി കുട്ടികളുടെ മുഴുവൻ കാര്യങ്ങളും അതിൽ സേവ് ചെയ്യുന്നതിന് അവരെ പരിശീലിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പോഷകാഹാരക്കുറവ്, അയണിന്റെ കുറവ് തുടങ്ങിയവ കൃത്യമായി പരിശോധിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് സമ്പുഷ്ട കേരളം. സമ്പുഷ്ട കേരളം പദ്ധതിയും സ്മാർട്ട് അങ്കണവാടി പദ്ധതിയും ഒരുമിച്ച് പോകുമ്പോൾ കുറേയേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ

സാധിക്കും. പ്രൈമറി സ്കൂളിലേക്ക് പോകുന്ന കുട്ടികളെ അങ്കണവാടിയിലേക്കു തന്നെ ആകർഷിക്കണം. കളികളിലൂടെയും മറ്റും കുട്ടികളുടെ സ്കിൽ വികസിപ്പിച്ചെടുക്കാനാവശ്യമായ കാര്യങ്ങളാണ് അങ്കണവാടികളിൽ നടക്കേണ്ടത്. യഥാർത്ഥത്തിൽ കേരളത്തിലെ അങ്കണവാടികളിലെ പ്രവർത്തനങ്ങളാകെ പരിഷ്ക്കരിക്കുകയാണ്. എല്ലാ എം.എൽ.എ.-മാരും ഈ പദ്ധതിയുമായി യോജിച്ച് അവരവരുടെ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ സ്മാർട്ടാക്കി മാറ്റുന്നതിന് നേതൃത്വം കൊടുക്കാനും അതുപോലെ സമ്പുഷ്ട കേരളം പദ്ധതി വിജയിപ്പിക്കാനും പരിശ്രമിച്ചാൽ വലിയ റിസൾട്ടുണ്ടാക്കാൻ സാധിക്കും. ഇത്തരത്തിലുള്ള ഒരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചതിന് ബഹുമാനപ്പെട്ട അംഗത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. വളരെ പ്രധാനപ്പെട്ടൊരു വിഷയമായതിനാൽ നമുക്കെല്ലാവർക്കും ഒത്തൊരുമിച്ച് ഇതിനുവേണ്ടി പരിശ്രമിക്കാം.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിത-ശിശു വികസന വകുപ്പുമായതിനുശേഷം പലപ്പോഴും സൂപ്പർവൈസർമാരും സി.ഡി.പി.ഒ.-മാരും പറയുന്ന പരാതി, രണ്ട് വകുപ്പുകളിലെയും താഴെത്തട്ടിലുള്ള ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നത് ഇവരും അങ്കണവാടി ടീച്ചർമാരുമാണെന്നാണ്. വർക്ക് ലോഡ് കൂടുന്നതുമൂലം ഇവർക്ക് അതിന്റേതായ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ജീവനക്കാരുടെ എണ്ണവും കുറവാണ്. അതുകൊണ്ട് വകുപ്പിനെ വിഭജിച്ചതുമായി ബന്ധപ്പെട്ട് താഴെത്തട്ടിലും പഞ്ചായത്ത്/ബ്ലോക്ക് തലങ്ങളിലുമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഇതുമായി ബന്ധപ്പെട്ട് ഒരു സംശയമുണ്ട്. ഇപ്പോൾ ഒരു ഗവൺമെന്റ് സർക്കുലർ വന്നിട്ടുള്ളത് പത്ത് സെന്റ് സ്ഥലമുള്ളിടത്ത് അങ്കണവാടി സ്മാർട്ടാക്കി മാത്രമേ നിർമ്മിക്കാവൂ എന്നാണ്. ചില സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്തോ എം.എൽ.എ.-യോ പത്തോ പതിനഞ്ചോ ലക്ഷം രൂപ കൊടുത്താൽ അങ്കണവാടി സ്മാർട്ട് അല്ലാതെ നിർമ്മിക്കാനുള്ള അനുമതി ഗവൺമെന്റ് നൽകുമോ? എന്റെ മണ്ഡലത്തിൽ പത്ത് സെന്റുള്ള അങ്കണവാടി സ്മാർട്ടാക്കുന്നതിനുവേണ്ടി കഴിഞ്ഞ വർഷം 19 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. അതിന് അനുമതി നൽകണം. സ്മാർട്ട് അല്ലാതെയും നിർമ്മിക്കാനുള്ള അനുമതി നൽകുമോ എന്നതാണ് എന്റെ സംശയം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇതിലൊരു നിർബന്ധബുദ്ധിയുമില്ല. നമ്മൾ ഒരു കൺസെപ്റ്റ് ജനങ്ങളിലേക്ക് എത്തിക്കുകയാണ്. പ്രൈമറി ഹെൽത്ത്

സെന്റർ (പി.എച്ച്.സി.)-കളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയതുപോലെ ഒരു മോഡൽ കൊടുത്തിട്ട് അതിനനുസരിച്ച് നിർമ്മിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. കെട്ടിടമെല്ലാം പൊളിച്ചുകളഞ്ഞ് പുതിയത് പണിയുകയല്ല, മറിച്ച് നിലവിലുള്ളതിനെ അങ്ങനെതന്നെ നിലനിർത്തുകയും പുതിയത് ഈ കൺസെപ്റ്റിൽ നിർമ്മിക്കുകയുമാണ് ചെയ്യേണ്ടത്. സംസ്ഥാന വിഹിതം മാത്രം ഇതിന് മതിയാകില്ല. അതുകൊണ്ട് വനിത-ശിശു വികസന വകുപ്പ് കൊടുക്കുന്ന പണം, പഞ്ചായത്ത് വിഹിതം, അതുപോലെ സ്പോൺസർഷിപ്പ് തുടങ്ങിയവയൊക്കെ ചേർത്ത് ചെയ്യാൻ കഴിയും. ഇത്ര രൂപ എന്നുള്ളതല്ല, ഈ കൺസെപ്റ്റിൽ അങ്കണവാടി മാറ്റണമെന്നതാണ് പ്രധാനം. ചിലയിടത്ത് 15 ലക്ഷം രൂപ മതിയാകും. മറ്റൊരിടത്ത് 20 ലക്ഷം രൂപ ചെലവാക്കേണ്ടിവരും. കിട്ടുന്ന പണത്തിന്റെ ബാക്കി സ്വരൂപിച്ച് ഇങ്ങനെയാക്കാൻ സാധിക്കും. അത് എല്ലാവരും ശ്രമിച്ചാൽ നടക്കുന്ന കാര്യമാണ്. പത്ത് സെന്റ് സ്ഥലമുള്ളിടത്ത് അപേക്ഷിച്ചാൽ ഇതുപോലെയാക്കി മാറ്റാവുന്നതാണ്. വകുപ്പ് വിഭജിച്ചപ്പോഴുണ്ടായ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയാണ്. കാരണം ഒരു ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫ് മുഴുവൻ രണ്ടായി പോകുമ്പോൾ അവരെ പുനർവിന്യസിക്കുന്ന ഒരു രീതിയുണ്ട്. അവരുടെ ഓപ്ഷൻ ക്ഷണിക്കണം, അതുപോലെ മറ്റ് കാര്യങ്ങളൊക്കെയുണ്ട്. അത് ജില്ലാതലം വരെ ശരിയായിക്കഴിഞ്ഞു. ജില്ലാതലത്തിന് താഴെ നേരത്തെയുള്ള ഐ.സി.ഡി.എസ്. വിഭാഗം തന്നെയാണ് ഇപ്പോൾ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ ചില കാര്യങ്ങൾകൂടി ചെയ്യുന്നത്. അത് പരിഹരിച്ചു വരികയാണ്. ഒരു വർഷംകൊണ്ട് പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. ഇവരുടെ വർക്ക് ലോഡ് ഒഴിവാക്കാനാണ് പ്രത്യേക മൊബൈൽ ഫോൺ സംവിധാനം ഏർപ്പെടുത്തിയതും റെക്കോർഡുകൾ എഴുതുന്നത് ഇലക്ട്രോണിക് സംവിധാനത്തിലേയ്ക്ക് മാറ്റിയതും. ഒരു വർഷത്തിനുള്ളിൽ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയും.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, അങ്ങ് സഭയുടെ നാഥനാണ്. ഞങ്ങൾക്ക് എല്ലാവർക്കും അങ്ങയോട് ബഹുമാനവും ആദരവുമുണ്ട്. അദ്ധ്യക്ഷനെന്ന രീതിയിൽ അങ്ങയുടെ മുന്നിൽവന്ന് നാല് ദിവസമായി ഒരു സബ്മിഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. കട്ടച്ചിറയിൽ 92 വയസ്സുള്ള ഒരു അമ്മയുടെ മൃതദേഹം 12 ദിവസമായി വീട്ടിനുള്ളിൽ സൂക്ഷിച്ചിരിക്കുകയാണ്. ആ മൃതദേഹം സംസ്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഞാൻ കത്ത് നൽകിയിട്ടുണ്ട്. എന്നിട്ട് എന്തുകൊണ്ടാണ് ആ സബ്മിഷൻ അനുവദിക്കാത്തതെന്ന് പരിശോധിക്കണം. വിഷമംകൊണ്ട് പറയുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം.

# IV സബ്മിഷൻ

## (1) വെള്ളാനിക്കര സി.എച്ച്.സി.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, ആരോഗ്യ മേഖലയിൽ ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. എന്റെ മണ്ഡലത്തിൽ നിലനിൽക്കുന്ന ഗുരുതരമായ ഒരു പ്രശ്നം സഭയുടെയും അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഇങ്ങനെയൊരു സബ്മിഷൻ അവതരിപ്പിക്കുന്നത്. തൃശ്ശൂരിൽനിന്നും പാലക്കാട്ടേയ്ക്ക് പോകുന്ന അന്തർസംസ്ഥാന പാതയായ എൻ.എച്ച് 544-ന്റെ സമീപത്തുള്ള ആശുപത്രിയാണ് വെള്ളാനിക്കര സി.എച്ച്.സി. പാലക്കാട് നിന്നും ഇങ്ങോട്ട് വരുമ്പോൾ ആലത്തൂർ താലൂക്കാശുപത്രി കഴിഞ്ഞാൽ 65-ഓളം കിലോമീറ്റർ ദൂരത്ത് എന്തെങ്കിലും അപകടമുണ്ടായാൽ അടിയന്തരമായി ചികിത്സിക്കാനുള്ള സൗകര്യങ്ങളോ സർക്കാർ ആശുപത്രികളോ ഇല്ല. ദേശീയപാത അതോറിറ്റിയുടെയും കരാർ കമ്പനിയുടെയും അനാസ്ഥ, അശാസ്ത്രീയ നിർമ്മാണം എന്നിവയുടെ ഭാഗമായി നിരവധി അപകടങ്ങളാണ് ദിവസവും ഇവിടെ ഉണ്ടാകുന്നത്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 73 മരണങ്ങളാണ് ഈ പാതയിൽ ഉണ്ടായതെന്ന് നേരത്തെ ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഈ സർക്കാർ വന്നതിനുശേഷം എം.എൽ.എ./എം.പി. ഫണ്ട് ഉപയോഗിച്ച് ഒന്നര കോടി രൂപയുടെ ഒരു പുതിയ കെട്ടിടം അവിടെ നിർമ്മിച്ചു. കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി 50 സെന്റ് സ്ഥലം ഇതിനായി വിട്ടുതന്നു, നിർമ്മാണ പ്രവർത്തനങ്ങൾക്ക് രണ്ട് കോടി രൂപ ലഭ്യമായി. വെള്ളാനിക്കര സി.എച്ച്.സി. നേരത്തെ പി.എച്ച്.സി. ആയിരുന്നു. അത് സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടെങ്കിലും പാറ്റേണിൽ മാറ്റമുണ്ടായില്ല. സി.എച്ച്.സി. ആകുമ്പോൾ ലഭ്യമാകേണ്ട സ്റ്റാഫ് ഉണ്ടായിരുന്നില്ല. ഇത് നേരത്തെ കിടത്തിചികിത്സ ലഭ്യമായിരുന്ന ഒരു ആശുപത്രിയായിരുന്നു. ദിവസവും അഞ്ഞൂറിനും അറുന്നൂറിനുമിടയിൽ ഒ.പി. ഉള്ള ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കുള്ള സൗകര്യങ്ങളില്ല. ഇത് താലൂക്കാശുപത്രിയാക്കി മാറ്റാനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് പരിശോധിച്ചുവരികയാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. സാങ്കേതിക പ്രശ്നങ്ങൾ നിരവധിയുണ്ടെന്ന് അറിയാം. എങ്കിലും അപകടത്തിൽപ്പെട്ട് അവിടെയെത്തുന്ന രോഗിക്ക് അടിയന്തര ചികിത്സ ലഭ്യമാക്കാനായി ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുമോ? അതിനെയൊരു കുടുംബാരോഗ്യകേന്ദ്രമെങ്കിലുമാക്കിയാൽ കുറച്ചെങ്കിലും മാറ്റമുണ്ടാക്കാൻ സാധിക്കും. അങ്ങ് ആരോഗ്യ മേഖലയിൽ നടത്തി ക്കൊണ്ടിരിക്കുന്ന ഇടപെടലുകൾ വളരെ ശ്ലാഘനീയമാണ്. കയ്യുറകളും മാസ്കുമില്ലാതെ നിപ എന്ന മഹാദുരന്തത്തെ നേരിടാൻ കഴിവുകാണിച്ച കേരളത്തിന്റെ ടീച്ചറമ്മയുടെ കാരുണ്യ സ്പർശം ഈ മേഖലയിൽക്കൂടിയുണ്ടാകണം എന്നൊരു അഭ്യർത്ഥനയായിട്ടാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വെള്ളാനിക്കര സി.എച്ച്.സി. 1959-ൽ പ്രവർത്തനം ആരംഭിച്ചതാണ്. മാടക്കത്തറ, നടത്തറ, പാണഞ്ചേരി, പുത്തൂർ തുടങ്ങിയ പഞ്ചായത്തുകളിലെയും തൃശ്ശൂർ കോർപ്പറേഷന്റെ കീഴിലുള്ള ചില മേഖലയിലെയും ജനങ്ങൾക്ക് സേവനം നൽകിവരുന്ന ആശുപത്രിയാണിത്. രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെയും ഉച്ചയ്ക്കുശേഷം 2.00 മണി മുതൽ രാത്രി 8.00 മണിവരെയും ഒ.പി. പ്രവർത്തിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ബ്ലോക്കുതല സി.എച്ച്.സി. എന്ന നിലയിൽ ഒ.പി. ഉച്ചയ്ക്കുശേഷം 2.00 മണി മുതൽ രാത്രി 8.00 മണിവരെയും ലാബ് രാവിലെ 8.30 മുതൽ വൈകിട്ട് 6.00 മണിവരെയും പ്രവർത്തിപ്പിക്കുന്നുണ്ട്. ഒബ്സർവേഷൻ വിഭാഗത്തിൽ പത്ത് കിടക്കകളുണ്ട്. കിടത്തി ചികിത്സ ഇല്ല, പകൽസമയത്തുള്ള ഒബ്സർവേഷനുണ്ട്. തിങ്കളാഴ്ചകളിൽ ഗർഭിണികൾക്കുള്ള പരിശോധനയും ബുധനാഴ്ചകളിൽ കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പുകളും പരിശോധനയും നടക്കുന്നുണ്ട്. നേത്ര പരിശോധനാ വിഭാഗവും ഡെന്റൽ വിഭാഗവും അവിടെ പ്രവർത്തിക്കുന്നുണ്ട്. ശരാശരി 400-നും 450-നുമിടയിൽ രോഗികൾ അവിടെ എത്തിച്ചേരാറുണ്ട്. സി.എച്ച്.സി. എന്ന നിലയിൽ അഞ്ച് ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും സേവനം അവിടെ ലഭ്യമാണ്. ഇതിനെ താലൂക്കാശുപത്രിയായി പ്രഖ്യാപിക്കുന്നതിന് അടിസ്ഥാനപരമായ പോസ്റ്റ് ക്രിയേഷൻകൂടിയുണ്ടാകണം. ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി എന്ന കൺസെപ്റ്റാണുള്ളത്. സ്റ്റാന്റേർഡൈസേഷൻ അടിസ്ഥാനമാക്കിയാണ് ഇത് ചെയ്യുന്നത്. 152 ബ്ലോക്കുതല സി.എച്ച്.സി.-കളെ ഘട്ടംഘട്ടമായി ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമെന്ന സങ്കൽപ്പത്തിലേയ്ക്ക് കൊണ്ടുവരികയാണ്. ഇപ്പോൾ ഈ ആശുപത്രി പഞ്ചായത്ത് കുടുംബാരോഗ്യകേന്ദ്രത്തെക്കാളും മുന്നിൽ നിൽക്കുകയാണ്. അതിനെ കുടുതൽ മെച്ചപ്പെടുത്താൻ പരിശ്രമിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പറും അതിൽ വലിയ താല്പര്യം കാണിക്കുന്ന ആളാണ്. വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ബ്ലാക്ക് സ്പോട്ട് മാപ്പിംഗ് നടത്തിയാണ് 108 ആംബുലൻസുകൾ വിന്യസിച്ചിരിക്കുന്നത്. ഒരു ആശുപത്രിക്ക് ഒരു ആംബുലൻസ് എന്ന നിലയിലല്ല, 30 കിലോമീറ്ററിന് ഒന്ന് എന്നതാണ് കണക്ക്. ചിലപ്പോഴത് 35 കി.മീറ്റർ അല്ലെങ്കിൽ 25 കി.മീറ്റർ എന്നൊക്കെ വ്യത്യാസം വരും. പക്ഷെ ശരാശരി 30 കി.മീറ്ററിന് ഒന്ന് എന്ന കാഴ്ചപ്പാടിലാണ് 315 Basic Life Support (BLS) ആംബുലൻസുകൾ വിന്യസിച്ചിട്ടുള്ളത്. ഇത് അപകടമുണ്ടാകുമ്പോൾ മാത്രം ഉപയോഗിക്കാനുള്ള ആംബുലൻസാണ്. ഇതിനുപുറമെ മറ്റ് ആംബുലൻസുകളും സേവനം നടത്തുന്നുണ്ട്. ആശുപത്രി പരിസരത്തുണ്ടാകുന്ന അപകടങ്ങളിൽ അതെങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് ഒന്നുകൂടി പരിശോധിക്കാം.

താലൂക്കാശുപത്രികൾ കേന്ദ്രീകരിച്ചാണിപ്പോൾ ട്രോമാ കെയർ യൂണിറ്റുണ്ടാക്കുന്നത്. സി.എച്ച്.സി. കേന്ദ്രീകരിച്ചുള്ള ട്രോമാ കെയറിന് ഒരുപാട് സംവിധാനങ്ങൾ ആവശ്യമാണ്. അടിയന്തരമായി നൽകേണ്ട ഫസ്റ്റ് എയ്ഡ് പോലെയുള്ള കാര്യങ്ങളൊക്കെ എല്ലാ ആശുപത്രികളിലുമുണ്ട്. എന്നാൽ ഒരു ട്രോമാ കെയർ സംവിധാനം പൂർണമായി താലൂക്കാശുപത്രി മുതലുള്ള ആശുപത്രികളിലാണുള്ളത്. വെള്ളാനിക്കര സി.എച്ച്.സി.-യെ വികസിപ്പിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

## (2) ബി.എസ്.എൻ.എൽ. കരാർ തൊഴിലാളികളുടെ വേതനം

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, ബി.എസ്.എൻ.എൽ. കരാർ ജീവനക്കാർ സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. ആ സമരത്തിൽ പങ്കെടുത്ത രാമകൃഷ്ണൻ എന്നയാൾ ഇന്നലെ നിലമ്പൂരിലെ ബി.എസ്.എൻ.എൽ. ഓഫീസിൽ തൂങ്ങിമരിക്കുകയുണ്ടായി. വളരെ വേദനാജനകമായ സംഭവമാണിത്. ബി.എസ്.എൻ.എൽ. കരാർ ജീവനക്കാർക്ക് ഏഴെട്ട് മാസമായി ശമ്പളം മുടങ്ങിയിരിക്കുകയാണ്. ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അവർ 130 ദിവസമായി സമരത്തിലാണ്. 6182 കരാർ തൊഴിലാളികളാണ് ഇവിടെയുള്ളത്. നമ്മുടെ രാജ്യത്തിന്റെ അഭിമാനസ്തംഭവും സ്വത്തുമായ ബി.എസ്.എൻ.എൽ.-നെ തകർക്കാനുള്ള നീക്കമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് നമുക്കറിയാം, ഞാനത് വിശദീകരിക്കുന്നില്ല. 2004-2005-ൽ പതിനായിരം കോടി രൂപയുടെ ലാഭമുണ്ടായിരുന്ന ബി.എസ്.എൻ.എൽ. 2009 മുതലാണ് നഷ്ടത്തിലായത്. അക്കാലത്തുണ്ടായ 2 ജി സ്പെക്ട്രം ഇടപാടും അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഏതായാലും ഇപ്പോൾ നഷ്ടത്തിലായ ബി.എസ്.എൻ.എൽ.-നെ തകർക്കാനും സ്വകാര്യവൽക്കരിക്കാനുമുള്ള ആസൂത്രിതമായ നീക്കമാണ് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ സ്വകാര്യ ടെലിഫോൺ കമ്പനികൾക്കുവേണ്ടി കൂലിപ്പണി ചെയ്യുന്നവരുടെ റോളിലാണ് ഇന്നത്തെ കേന്ദ്രസർക്കാർ. അവിടത്തെ ജീവനക്കാരെ മുഴുവൻ പിരിച്ചുവിടാനാണ് ശ്രമിക്കുന്നത്. അവരെ ശ്വാസം മുട്ടിക്കുകയാണ്, സ്വയം പിരിഞ്ഞുപോകാൻ നിർബന്ധിക്കുകയാണ്. അതുകൊണ്ടാണ് ഏഴെട്ട് മാസങ്ങളായി ശമ്പളം കൊടുക്കാത്തത്. ശമ്പളം ലഭിക്കാതെ ജോലി ചെയ്തുകൊണ്ടിരിക്കുന്നവരുടെ ആശങ്കകളെ ബലപ്പെടുത്തുംവിധം ഇപ്പോൾ പുതിയൊരു ഓർഡർ ഇറങ്ങിയിരിക്കുകയാണ്. അതിൽ സ്വീപ്പർമാരുടെ സേവനം ആഴ്ചയിൽ മൂന്ന് ദിവസം മതിയെന്നാണ് പറഞ്ഞിരിക്കുന്നത്. ഏഴെട്ട് മാസമായി ശമ്പളമില്ലാതെ

ജോലി ചെയ്യുന്ന, ഗത്യന്തരമില്ലാതെ 130 ദിവസങ്ങളായി സമരം ചെയ്യുന്നവരോടാണ് ഇനി മൂന്ന് ദിവസം ജോലി ചെയ്താൽ മതിയെന്ന് പറഞ്ഞിരിക്കുന്നത്. ആത്മഹത്യ ചെയ്ത രാമകൃഷ്ണൻ പത്തുമുപ്പത് വർഷമായി അവിടത്തെ സ്വീപ്പറാണ്. പുതിയ ഓർഡറിലൂടെ ജീവിതം വഴിമുട്ടുമെന്ന ഘട്ടം വന്നപ്പോഴാണ് ഭിന്നശേഷിക്കാരനായ അദ്ദേഹം ജീവനൊടുക്കിയത്. അദ്ദേഹത്തിന്റെ ഒരു മകൻ അസുഖബാധിതനാണ്, ചികിത്സിക്കാൻ ഭാരിച്ച പണം വേണം. അങ്ങനെയൊരു കുടുംബപശ്ചാത്തലമുള്ള അദ്ദേഹം ജീവിക്കാൻ മാർഗ്ഗമില്ലെന്ന സാഹചര്യം മനസ്സിലാക്കിയപ്പോൾ പിടിച്ചുനിൽക്കാനാകാതെ മുപ്പത് വർഷമായി ജോലി ചെയ്തിരുന്ന ബി.എസ്.എൻ.എൽ. ഓഫീസിൽ ഇന്നലെ രാവിലെയും വന്ന് ജോലി ചെയ്തശേഷം തൂങ്ങിമരിക്കുകയാണുണ്ടായത്. രാജ്യസ്നേഹത്തെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്ന കേന്ദ്രസർക്കാരിന്റെ ഭ്രാന്തമായ സ്വകാര്യവൽക്കരണത്തിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്ന നിലപാടുകളുടെയും ഭാഗമാണിത്. കഴിഞ്ഞ ദിവസം ഇവിടെ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനെക്കുറിച്ച് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുകയുണ്ടായി. പണ്ട് ഇന്ത്യയുടെ പ്രെട്രോളിയം ബിസിനസ്സ് സ്വകാര്യമേഖലയിലായിരുന്നു. അന്ന് ഇന്ധനവില്പന നടത്തിയിരുന്നത് ബെർമാ ഷെൽ കമ്പനിയായിരുന്നു. ഇന്ത്യ-പാക് യുദ്ധമുണ്ടായപ്പോൾ ഇന്ത്യൻ സൈന്യത്തിനാവശ്യമുള്ള അധിക ഇന്ധനം ഉല്പാദിപ്പിക്കാനും വിതരണം ചെയ്യാനും സ്വകാര്യ മേഖലയിലുള്ള ബെർമ ഷെൽ കമ്പനി വിസമ്മതിച്ചപ്പോഴാണ് ഇതൊക്കെ നമ്മുടെ രാജ്യസുരക്ഷയെ ബാധിക്കുമെന്ന് കേന്ദ്രസർക്കാരിന് മനസ്സിലായത്. അങ്ങനെയാണ് 1976-ൽ ബെർമ ഷെൽ കമ്പനിയെ ദേശസാൽക്കരിച്ച് BPCL സ്ഥാപിച്ചത്. ആ BPCL ഉൾപ്പെടെ സ്വകാര്യവൽക്കരിക്കാൻ നീക്കം നടത്തുന്ന കേന്ദ്രസർക്കാർ ബി.എസ്.എൻ.എൽ.-നെയും തകർക്കുകയാണ്. ബാങ്ക് വായ്പയെടുക്കാൻ ബി.എസ്.എൻ.എൽ.-നെ അനുവദിക്കണം. സർക്കാരിന്റെ നിക്ഷേപം വർദ്ധിപ്പിക്കണം. ജിയോയെയും റിലയൻസിനെയും സഹായിക്കാനാണ് ബി.എസ്.എൻ.എൽ.-നെ തകർക്കുന്നത്. ജിയോയ്ക്ക് രണ്ട് ലക്ഷം കോടി രൂപയുടെ ബാങ്ക് വായ്പയുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ.-ന് ബാങ്ക് വായ്പയെടുക്കാൻ അനുവാദമില്ല. ഇന്ത്യയിലെ സ്വകാര്യ ഫോൺ കമ്പനികൾക്കാകെ ഏഴ് ലക്ഷം കോടി രൂപയുടെ കടമുണ്ട്. ഈ സാഹചര്യത്തിൽ ബി.എസ്.എൻ.എൽ.-നെ രക്ഷിക്കാൻ സർക്കാർ ഇൻവെസ്റ്റ്മെന്റ് നടത്താനും ബാങ്കിൽനിന്ന് ലോണെടുക്കാനുള്ള അനുവാദം ലഭ്യമാക്കാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. അതോടൊപ്പം ആത്മഹത്യ ചെയ്ത നിർഭാഗ്യവാനായ രാമകൃഷ്ണന്റെ കുടുംബത്തെ ഏതെങ്കിലും തരത്തിൽ സഹായിക്കാനാകുമോയെന്നുകൂടി അറിയാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ കേന്ദ്രസർക്കാരിന്റെ നയമായി മാറിയിട്ട് കാൽനൂറ്റാണ്ട് കഴിഞ്ഞു. ബഡ്ജറ്റിലെ ധനകമ്മി കുറച്ചുകാണിക്കുക എന്ന സങ്കുചിതമായ ലക്ഷ്യം മുൻനിർത്തിയാണ് ലാഭത്തിൽ പ്രവർത്തിക്കുന്ന നവരത്ന, മഹാരത്ന കമ്പനികളുടെ ഓഹരികളുൾപ്പെടെ വിറ്റഴിക്കാനുള്ള നയം തുടർച്ചയായി ആദ്യം കോൺഗ്രസ് സർക്കാരും പിന്നീട് ബി.ജെ.പി. സർക്കാരും കേന്ദ്രത്തിൽ അവലംബിച്ചുവരുന്നത്. ഇതിനെതിരെ ശക്തമായ നിലപാട് ഇടതുപക്ഷ പാർട്ടികളും മിക്കവാറും എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും എല്ലാ കാലത്തും സ്വീകരിച്ചുവരികയാണ്. ഇപ്പോഴത്തെ ഓഹരി വിറ്റഴിക്കൽ 1999 മുതൽ കോൺഗ്രസ് സർക്കാരുകൾ സ്വീകരിച്ച നയത്തിന്റെ തുടർച്ചയാണെന്ന വസ്തുത ആർക്കും വിസ്മരിക്കാൻ കഴിയില്ല. ബഡ്ജറ്റിലെ ധനകമ്മി കുറച്ചുകാണിക്കുന്നത് പരമമായ ലക്ഷ്യമായി കാണുകയാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിനുപകരം കുറുക്കുവഴികൾ തേടുകയെന്ന വികലമായ നയമാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കലിന്റെ പിന്നിലുള്ളത്. സേവന മേഖലയിൽനിന്നും കേന്ദ്രസർക്കാർ ക്രമേണ പിന്മാറണമെന്ന നയത്തിന്റെ ഭാഗംകൂടിയാണ് ഈ നടപടി. ഈ പശ്ചാത്തലത്തിലാണ് പത്ത് വർഷം മുമ്പ് 45% വിപണി പങ്കാളിത്തമുണ്ടായിരുന്ന ബി.എസ്.എൻ.എൽ. പത്ത് ശതമാനത്തിലേയ്ക്ക് കൂപ്പുകുത്തിയത്. 2000-2009 വരെ 49,990 കോടി രൂപ പ്രവർത്തന ലാഭമുണ്ടായിരുന്ന കമ്പനിയാണ് ബി.എസ്.എൻ.എൽ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതെല്ലാം ശരിയാണ്. ഇതര ടെലികോം കമ്പനികൾ കൺസോർഷ്യമുണ്ടാക്കി ടെണ്ടറുകൾ അട്ടിമറിച്ചു. ഇതിന്റെ ഫലമായി ഇന്ന് സ്ഥാപനത്തിന്റെ ആകെ ബാധ്യത 12,888 കോടി രൂപയായിരിക്കുന്നു. വൻകിട ലാഭത്തിൽനിന്ന് വൻകിട നഷ്ടത്തിലേയ്ക്ക് ഈ സ്ഥാപനത്തെ മനഃപൂർവ്വം വലിച്ച് താഴെയിടുകയായിരുന്നുവെന്ന് കാണാം. എല്ലാ ടെലിഫോൺ കമ്പനികളും 3G-യിൽനിന്നും 4G-യിൽ എത്തി അഞ്ചാം ജനറേഷനിലേയ്ക്ക് കുതിക്കുകയാണ്. പക്ഷെ ബി.എസ്.എൻ.എൽ.-ന് 4G-പോലും കേന്ദ്രസർക്കാർ നിഷേധിക്കുകയാണ്, മുന്നോട്ടുപോകാൻ സമ്മതിക്കുന്നില്ല. ശമ്പളം മുടങ്ങിയതുമൂലം ബി.എസ്.എൻ.എൽ. കരാർ തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതത്തെക്കുറിച്ച് കഴിഞ്ഞ ജൂലൈയിൽ കത്ത് മുഖാന്തരം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മുപ്പത് വർഷത്തോളം ബി.എസ്.എൻ.എൽ.-ൽ കരാർ തൊഴിലാളിയായിരുന്ന രാമകൃഷ്ണൻ. പത്ത് മാസമായി ശമ്പളം ലഭിക്കാതെ ജീവിതം വഴിമുട്ടിയ അദ്ദേഹം ഇന്നലെ (7-11-2019) ആത്മഹത്യ ചെയ്തു. ബഹുമാനപ്പെട്ട മെമ്പർ അതിവിടെ പരാമർശിക്കുകയും ചെയ്തു. 50% വരുന്ന കരാർ തൊഴിലാളികളെ ഒഴിവാക്കാനും

തൊഴിൽദിനങ്ങൾ വെട്ടിച്ചുരുക്കാനും 55 വയസ്സുകഴിഞ്ഞവരെ ഒഴിവാക്കാനും ബി.എസ്.എൻ.എൽ. ഉത്തരവിറക്കിയിരിക്കുകയാണ്. എട്ട് മാസത്തോളമായി ഇവർക്ക് വേതനം ലഭിക്കുന്നില്ല. കേരളത്തിൽ മാത്രം 2019 ജനുവരി മാസം 8076 കരാർ തൊഴിലാളികളുണ്ടായിരുന്നത് ജൂലൈ 31 ആയപ്പോഴേയ്ക്കും 6182 ആയി കുറച്ചിരിക്കുകയാണ്. കരാർ തൊഴിലാളികളുടെ വേതന കുടിശ്ശിക ലഭിക്കണമെന്നാവശ്യപ്പെട്ട് തൊഴിലാളികൾ ബി.എസ്.എൻ.എൽ. ഓഫീസുകൾക്കുമുമ്പിൽ മാസങ്ങളായി തുടർസമരം നടത്തിവരികയാണ്. പൊതുമേഖലയെ തകർക്കുന്ന കേന്ദ്രസർക്കാരിന്റെ സാമ്പത്തികനയങ്ങൾ ബി.എസ്.എൻ.എൽ. എന്ന മഹത്തായ പൊതുമേഖലാ സ്ഥാപനത്തെയും അവിടത്തെ പ്രതിബദ്ധതയുള്ള തൊഴിലാളികളെയും വഴിയാധാരമാക്കുന്ന ഗുരുതരമായ അവസ്ഥാവിശേഷം സംജാതമാക്കിയിരിക്കുകയാണ്. ബി.എസ്.എൻ.എൽ.-നെയും അതിലെ തൊഴിലാളികളെയും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്, അതിനാവശ്യമായ ഇടപെടലുകൾ തുടർന്നും സംസ്ഥാന സർക്കാർ നടത്തേണ്ടിവരും. പണം നിക്ഷേപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നയപരവും ഭരണഘടനാ പരവുമായതിനാൽ പരിശോധിക്കേണ്ടിവരും.

### (3) തലശ്ശേരി - കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ സമഗ്ര പുരോഗതിക്കുതകുന്ന നിരവധി പദ്ധതികളാണ് കിഫ്ബിയിലൂടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഭൗതിക പശ്ചാത്തല വികസനവും കുടിവെള്ളവും ജനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. കുടിവെള്ളക്ഷാമം പരിഹരിക്കാൻ നിരവധി പദ്ധതികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2017-18-ലെ ബഡ്ജറ്റിൽ കിഫ്ബിയിൽ 86 കോടി രൂപ അനുവദിച്ചുകൊണ്ടാണ് തലശ്ശേരി-കൂത്തുപറമ്പ് മണ്ഡലങ്ങളെ ബാധിക്കുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കാനുള്ള പദ്ധതി നടപ്പിലാക്കിയത്. തലശ്ശേരിയും കൂത്തുപറമ്പും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശമാണ്. അതുകൊണ്ടാണ് തലശ്ശേരിയിലെയും കൂത്തുപറമ്പിലെയും കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിച്ചത്. അതിന് ഭരണാനുമതിയും ലഭിച്ചു. അതുൾപ്പെടുന്നത് തലശ്ശേരി അസംബ്ലി മണ്ഡലത്തിലാണ്. നിർഭാഗ്യവശാൽ കുടിവെള്ളക്ഷാമം നേരിടുന്ന തലശ്ശേരി മണ്ഡലത്തിലെ ബഹുഭൂരിപക്ഷം വരുന്ന പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഇതിന് പുറത്താണ്. തലശ്ശേരി-കൂത്തുപറമ്പ്

കുടിവെള്ള പദ്ധതിയുടെ ജലസംഭരണി നിർമ്മിക്കാനായി തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ചൊക്ലി ഗവൺമെന്റ് കോളേജിൽ മുപ്പത് സെന്റോളം വരുന്ന ഭൂമി നൽകാൻ കഴിഞ്ഞ ദിവസം ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. ജലസംഭരണി നിർമ്മിക്കുമ്പോൾ ചൊക്ലി ഗവൺമെന്റ് കോളേജിന് യഥേഷ്ടം കുടിവെള്ളം നൽകണമെന്ന ഉപാധിയിലാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് ജലസംഭരണി നിർമ്മിക്കാൻ അനുമതി നൽകിയത്. ഇത് തലശ്ശേരി കുടിവെള്ള പദ്ധതിയാണെങ്കിലും യഥാർത്ഥത്തിൽ ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത് ചൊക്ലി പഞ്ചായത്തിൽ മാത്രമാണ്. ചൊക്ലിയുടെ തൊട്ടടുത്ത് കിടക്കുന്ന തലശ്ശേരിയിൽക്കൂടി അത് വ്യാപിപ്പിക്കണമെന്ന് ആവശ്യപ്പെട്ടാൽ അത് പ്രായോഗികമല്ലെന്ന് അറിയാം. എന്നാൽ കൂത്തുപറമ്പ് മണ്ഡലത്തിന്റെ തൊട്ടടുത്തുള്ള പന്ന്യന്നൂർ രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള പഞ്ചായത്താണ്. അതിനാൽ തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതിയെന്ന പേരിൽ കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതിയിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നത്. പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തിയാൽ തലശ്ശേരി കുടിവെള്ള പദ്ധതിയെന്ന പേരുതന്നെ കുറച്ചുകൂടി യാഥാർത്ഥ്യമാകും. അതുകൊണ്ട് തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതിയുടെ ജലസംഭരണി ചൊക്ലിയിൽ സ്ഥാപിക്കുമ്പോൾ അതിൽ പന്ന്യന്നൂർ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തണം. അതിനാവശ്യമായ പഠനം വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടാകണം. 2017-18-ൽ ആരംഭിച്ച പ്രസ്തുത പദ്ധതി ഇപ്പോഴും നിശ്ചലാവസ്ഥയിലാണ്. കൂത്തുപറമ്പ് അസംബ്ലി മണ്ഡലത്തിലെ എം.എൽ.എ. ആയ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, തലശ്ശേരി എ.എൽ.എ.-ആയ ഞാനും ഉൾപ്പെടെ ഉന്നതതലയോഗം വിളിച്ച് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ പന്ന്യന്നൂരിനെക്കൂടി ഉൾപ്പെടുത്താനും സമയബന്ധിതമായി ഇത് പൂർത്തീകരിക്കാനുമാവശ്യമായ ഇടപെടലുകൾ നടത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഈ നിയമസഭാ സമ്മേളനവേളയിൽത്തന്നെ യോഗം വിളിക്കാമെന്ന് അങ്ങേയ്ക്ക് ഉറപ്പു നൽകുകയാണ്. കിഫ്ബിയിൽനിന്നും 85.46 കോടി രൂപയുടെ ധനസഹായാനുമതി ലഭിച്ച തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയിൽ പാനൂർ മുനിസിപ്പാലിറ്റി, ചൊക്ലി, മൊകേരി, പന്ന്യന്നൂർ എന്നീ പഞ്ചായത്തുകളിലെ വെള്ളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് ശുദ്ധീകരണശാലയും ഗ്രാവിറ്റി

മെയിനുകളുമുൾപ്പെടെ ഉല്പാദനത്തിനാവശ്യമായ ഘടകങ്ങളും പാനൂർ മുനിസിപ്പാലിറ്റി, ചൊക്ലി പഞ്ചായത്ത് എന്നിവയ്ക്കാവശ്യമായ ജലസംഭരണി കളുമാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിനാവശ്യമായ പുതിയ വിതരണശൃംഖല ഇതിൽ ഉൾപ്പെടുന്നില്ല. എന്നാൽ ഗ്രാവിറ്റി മെയിനിൽനിന്ന് പന്ന്യന്നൂർ പഞ്ചായത്തിന് കുടിവെള്ളം വിതരണം ചെയ്യുന്ന പാത്തിപ്പാലം കുടിവെള്ള പദ്ധതിയുടെ ശുദ്ധജല സംഭരണിയിലേയ്ക്ക് കൂടുതൽ ജലമെത്തിക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് വിവിധ ഘട്ടങ്ങളായി നടന്നുവരുന്നു. ഭരണാനുമതി ലഭിക്കാനുള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ പൂർണ്ണമായും ഉൾപ്പെടുത്തി വിഭാവനം ചെയ്യുന്നതാണ്. ജലശക്തി മിഷനിൽ ഉൾപ്പെടുത്തിയാൽ കുറച്ചുകൂടി വേഗത്തിൽ ഇക്കാര്യങ്ങൾ നടത്താൻ സാധിക്കുമെന്ന് കരുതുന്നു.

## (4) പുറയാർ റെയിൽവേ ഓവർബ്രിഡ്ജിന്റെയും പാറപ്പുറം-വല്ലംകടവ് പാലത്തിന്റെയും നിർമ്മാണം

ശ്രീ. അൻവർ സാദത്ത്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പുറയാർ റെയിൽവേ ഓവർബ്രിഡ്ജിന്റെയും പാറപ്പുറം-വല്ലംകടവ് പാലത്തിന്റെയും വിഷയമാണ് ഈ സബ്മിഷനിലൂടെ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പുറയാർ റെയിൽവേ ഓവർബ്രിഡ്ജ് 2016-2017-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. പിന്നീട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് 13-3-2018-ലെ 2/136/2017-ാം നമ്പർ ഉത്തരവുപ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 45.67 കോടി രൂപ അനുവദിക്കുകയും റോഡ്സ് ആന്റ് ബ്രിഡ്ജസിനെ പ്രവൃത്തി ഏൽപ്പിച്ച് ഉത്തരവാകുകയും ചെയ്തു. എന്നാൽ നാളിതുവരെയും അതിന്റെ ലാന്റ് അക്വിസിഷൻ നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ ഇതിനിടയ്ക്ക് എറണാകുളം ജില്ലാ കളക്ടറെക്കൊണ്ട് ഒരു യോഗം വിളിപ്പിക്കുകയുണ്ടായി. എന്നിട്ടുപോലും ആ സ്ഥലം ഏറ്റെടുക്കാനോ പാലം പണി ആരംഭിക്കാനോ ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികൾ താല്പര്യം കാണിക്കുന്നില്ല. ആലുവ, പെരുമ്പാവൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പാറപ്പുറം-വല്ലംകടവ് പാലത്തിന്റെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നത് Seguro-Inkel Consortium ആണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 22.22 കോടി രൂപയായിരുന്നു ഇതിന്റെ കരാർത്തുക. ഒമ്പത് സ്പാനുകളുള്ളതിൽ മൂന്നെണ്ണത്തിന്റെ പണി പൂർത്തീകരിച്ചു.

ബാക്കി ആറെണ്ണത്തിന്റെ പണി പൂർത്തീകരിക്കാനുണ്ട്. ഇപ്പോൾ പണി നിർത്തിവച്ചിരിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയതിനെത്തുടർന്ന് അദ്ദേഹം റിപ്പോർട്ട് ചോദിച്ചിരുന്നു. ഞാനും പെരുമ്പാവൂർ എം.എൽ.എ.-ആയ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലും കോൺട്രാക്ടറോടും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടും നിരന്തരമായി സമ്മർദ്ദം ചെലുത്തിയിട്ടും ബാക്കിയുള്ള ആറ് സ്പാനുകൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല. അതുകൊണ്ട് പാറപ്പുറം-വല്ലംകടവ് പാലത്തിന്റെ പണി എത്രയുംവേഗം പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കാനാവശ്യമായ നടപടിയെടുക്കണമെന്ന് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്, റോഡുകളിലെല്ലാം കുണ്ടുംകുഴിയുമാണ്. അതിന്റെപേരിൽ പലപ്പോഴും ഞങ്ങളെപ്പോലെയുള്ള ജനപ്രതിനിധികൾ വിമർശനങ്ങൾ കേൾക്കുകയാണ്. ഇന്നലെ ശ്രീ. റോജി എം. ജോണിന്റെ സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ടെണ്ടറെടുക്കാൻ ആരും മുന്നോട്ടുവരുന്നില്ലെന്നാണ്. എന്താണ് കാര്യമെന്ന് ഞങ്ങൾക്ക് ബോധ്യമായി. പക്ഷേ പലപ്പോഴും ഒരാവശ്യവുമില്ലാതെ ഞങ്ങളെ വിമർശിക്കുകയാണ്. അക്കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, 2016 സെപ്റ്റംബർ 27-ന് കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രസ്തുത പാലത്തിന് ഭരണാനുമതി നൽകി. 2018 ജൂൺ 28-ന് സ്ഥലമേറ്റെടുക്കാനുള്ള റിക്വസ്റ്റ് കളക്ടർക്ക് നൽകി തഹസീൽദാരെ ഓഫീസറായി നിയമിച്ചു. പുറയാർ അൽമദീന ഇസ്ലാമിക് കോളേജ് ആന്റ് മസ്ജിദ് എന്ന സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽനിന്നും കുറച്ച് സ്ഥലമെടുത്താലേ കല്ലുകൾ സ്ഥാപിക്കാൻ കഴിയൂ. അതിന് അധികാരികൾ അനുവദിക്കാത്തതുകൊണ്ട് അതൊഴികെയുള്ള സ്ഥലത്തെല്ലാം 2019 മേയ് 15-നകം സംയുക്ത പരിശോധന നടത്തി അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കണ്ടിജൻസി സ്പെഷ്യൽ ചാർജിനത്തിൽ 13,74,723 രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് 8-6-2019-ന് കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ഇതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല. സാമൂഹ്യാഘാതപഠനത്തിനായി ആർ.ബി.ഡി.സി.കെ.-യുടെ സ്വന്തം ഫണ്ടിൽ നിന്നും താൽക്കാലികമായി 3 ലക്ഷം രൂപ തഹസീൽദാരെ ഏൽപ്പിച്ചിരിക്കുകയാണ്. 2019 ജൂലൈ 9-ന് സ്ഥലം എം.എൽ.എ. ആയ അങ്ങയുടെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർ പദ്ധതി അവലോകനം ചെയ്ത് സംയുക്ത പരിശോധന നടത്തിയെങ്കിലും അൽമദീന ഇസ്ലാമിക് കോളേജ് ആന്റ് മസ്ജിദ് കോമ്പൗണ്ടിൽ കല്ലിടാൻ തീരുമാനമായില്ല. അക്കാര്യത്തിൽ സമവായമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. അവർ സഹകരിക്കുന്നില്ലെങ്കിൽ പോലീസിന്റെ സഹായത്തോടെ കല്ലിടാനാണ് സർക്കാർ ആലോചിക്കുന്നത്.

സാമൂഹ്യാഘാത പഠനത്തിന് ഏജൻസിയെ നിയമിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പെരിയാർ നദിക്ക് കുറുകെ പണിതുകൊണ്ടിരിക്കുന്ന പാറപ്പുറം-വല്ലംകടവ് പാലത്തിന് 2016 ജനുവരി 17-ന് 26 കോടി രൂപയുടെ ഭരണാനുമതിയും 2016 ഫെബ്രുവരി 5-ന് 23 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിക്കുകയും ടെണ്ടർ ചെയ്ത് 2016 നവംബർ 25-ന് കരാർ ഒപ്പിടുകയും ചെയ്തു. Seguro Inkel Consortium കമ്പനിയാണ് ടെണ്ടറെടുത്തിരിക്കുന്നത്. കുറച്ച് നിർമ്മാണ പ്രവൃത്തികൾ അവർ നടത്തിയെങ്കിലും പാറപ്പുറം ഭാഗത്തെ സ്ഥലമുടമകൾ ഒറിജിനൽ ആധാരം ഹാജരാക്കാത്തതുകൊണ്ട് സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 24 മാസമായിരുന്നു അതിന്റെ കാലാവധി. അത് ഒരുവർഷം കൂടി നീട്ടിക്കൊടുത്ത് ഇപ്പോൾ 36 മാസമായി, ഇനിയും ദീർഘിപ്പിക്കേണ്ട സ്ഥിതിയാണ്. 27 ഗിർഡറുകളിൽ 11 എണ്ണവും 9 ഡെക് സ്ലാബുകളിൽ 3 എണ്ണവും മാത്രമേ പണിതിട്ടുള്ളൂ. അതായത്, ഗിർഡറുകളുടെ 45 ശതമാനവും ഡെക് സ്ലാബുകളുടെ 33 ശതമാനവുമേ പൂർത്തീകരിച്ചിട്ടുള്ളൂ. മറ്റെല്ലാ വർക്കുകളും കൂടി 60% പൂർത്തീകരിച്ചിട്ടുണ്ട്. 10.5 കോടിയോളം രൂപ കൊടുത്തിട്ടുണ്ട്. അവർ ചെയ്ത പ്രവൃത്തികൾക്ക് ഏതാണ്ട് 45% തുക കൊടുത്തുകഴിഞ്ഞു. പ്രളയമുണ്ടായപ്പോൾ ചില ഉപകരണങ്ങളൊക്കെ ഒലിച്ചുപോയിട്ടുണ്ട്. അത് കണ്ടുപിടിക്കാൻ കുറച്ച് സമയമെടുക്കും. എങ്കിലും ശുഷ്കാന്തിയോടെയുള്ള പ്രവർത്തനമല്ല ഈ കമ്പനി നടത്തുന്നതെന്ന കാര്യം വ്യക്തമാണ്. കരാറുകാരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. കമ്പനിയെപ്പറ്റി പരിശോധിച്ചപ്പോൾ ഇവർ ഏറ്റെടുത്ത ഏഴ് പാലങ്ങളും സ്തംഭനാവസ്ഥയിലാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. അതിൽ 5 എണ്ണം ആലപ്പുഴയിലും 2 എണ്ണം എറണാകുളത്തുമാണ്. ആലപ്പുഴയിലെ 5 എണ്ണത്തിൽ 2 എണ്ണം എന്റെ മണ്ഡലത്തിലാണ്. 100 കോടി രൂപയുടെ പെരുമ്പളം പാലത്തിന്റെ ടെണ്ടർ പിടിച്ച് നാലഞ്ചുമാസം കഴിഞ്ഞിട്ടും യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല. ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഇവരുടെ എല്ലാ കരാറുകളും കാൻസൽ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. നിർമ്മാണത്തിന്റെ എല്ലാ വ്യവസ്ഥകളും അവർ ലംഘിച്ചിരിക്കുകയാണ്. അവരുടെ പല കോൺക്രീറ്റിംഗിനും നിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. അപാകത കണ്ടെത്തിയതിനാൽ കുട്ടനാട്ടിലെ പുറക്കാട് നാലുചിറ പാലത്തിന്റെ പ്രവൃത്തികൾ നിർത്തിവയ്പിച്ചിട്ടുണ്ട്. പാലാരിവട്ടത്തിനുശേഷം അങ്ങനെ ചെയ്യാമോ? പൊതുമേഖലാ സ്ഥാപനമായ Inkel-ന് കരാറെടുക്കേണ്ട കാര്യമെന്താണ്? ലൈസൻസ് എടുത്തു, കാൻസൽ ചെയ്യുന്നതുവരെ ടെണ്ടർ പിടിച്ചുകൊണ്ടിരിക്കും. 1970-കളിൽ രൂപീകരിച്ച കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ധാരാളം ഉപകരണങ്ങളും ഉദ്യോഗസ്ഥരുമുണ്ടായിരുന്നു, അവർ നല്ല രീതിയിൽ ധാരാളം പാലങ്ങളും പണിതു. അതിനുശേഷം അവിടെയുണ്ടായ അഴിമതിയും പുറംകരാർ കൊടുക്കലും കെടുകാര്യസ്ഥതയുംമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടം വന്ന് അത് നശിച്ചുപോയി. ഈ ഗവൺമെന്റ് വന്നതിനുശേഷം അവരോട് ഒരു കരാറും

പിടിക്കരുതെന്ന് പറഞ്ഞു. കിൻഫ്രയുടേത് അവരെ ഏൽപ്പിക്കുന്നുണ്ട്. അവരതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളാണ്. ആ വർക്കുകളൊന്നും സബ് കോൺട്രാക്ട് കൊടുക്കാൻ പാടില്ലെന്നു പറഞ്ഞു. അങ്ങനെ ഇപ്പോൾ പത്തുപതിനാല് കോടി രൂപ ലാഭമാണ്. കാരണം കിഫ്ബിയിൽ നിന്നും കിട്ടുന്ന വർക്കിന്റെ സെന്റേജ് ചാർജ് മതി. അത്തരത്തിൽ കാര്യങ്ങൾ നേരെയാക്കുമ്പോഴാണ് മറ്റൊരു കമ്പനി വന്ന് ഇവരോട് പാടില്ലെന്ന് പറഞ്ഞത് ഏറ്റെടുക്കുകയും ആര് പറഞ്ഞാലും അനുസരിക്കില്ലെന്ന തരത്തിൽ പോകുകയും ചെയ്യുന്നത്. അവർക്കെതിരെ ശക്തമായ നടപടിയെടുക്കാൻ ഉദ്ദേശിക്കുകയാണ്. അങ്ങയുടെ മണ്ഡലത്തിലെ പാലം പണി ഏൽപ്പിച്ചാലും ഇവർ ചെയ്യുമെന്നതിന് യാതൊരു ഉറപ്പുമില്ല. വ്യവസായ വകുപ്പിനുകീഴിലാണ് ഈ സ്ഥാപനം. ഇക്കാര്യം വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 100 കോടി രൂപയുടെ ടെണ്ടറാണ് അവർ പിടിച്ചത്. പെരുമ്പടം പാലത്തിന്റെ പ്രവൃത്തിയൊന്നും നടന്നിട്ടില്ല. ഇവരുടെ സമീപനം ഇങ്ങനെയായതുകൊണ്ടാണ് പ്രശ്നമുണ്ടാകുന്നത്. തീർച്ചയായും ഈ പാലത്തിന്റെ നിർമ്മാണവും പൂർത്തീകരിക്കേണ്ടതുണ്ട്. അതിനുള്ള നടപടി സ്വീകരിക്കാം. റോഡിനുവേണ്ടി ആഗസ്റ്റ് മാസം പണം അനുവദിച്ചിട്ടുണ്ട്. അതുപയോഗിച്ച് പ്രവൃത്തികൾ ആരംഭിക്കണം, തികയാതെ വന്നാൽ ബാക്കിത്തുക നൽകാം. ഇപ്പോൾ റിപ്പയർ ആന്റ് മെയിന്റനൻസിന്റെ കാര്യമാണ് പറയുന്നത്. മഴയൊക്കെ ഏകദേശം മാറിയിട്ടുണ്ട്. അങ്ങേയ്ക്ക് ലഭിച്ച തുക ഉപയോഗിച്ച് അങ്ങയുടെ പ്രദേശത്ത് നല്ലതുപോലെ പണി ചെയ്യുക, ബാക്കി എന്തെങ്കിലുമുണ്ടെങ്കിൽ ആലോചിക്കാം. 140 മണ്ഡലങ്ങളിലും തുക അനുവദിച്ചിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## V ഗവൺമെന്റ് പ്രമേയം (ചട്ടം 118 )

ദേശീയപാത 766-ലെ രാത്രികാല ഗതാഗത നിരോധനം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വയനാട് ജില്ലയിലെ ജനങ്ങൾ കഴിഞ്ഞ പത്ത് വർഷമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന യാത്രാക്ലേശവുമായി ബന്ധപ്പെട്ടൊരു പ്രമേയമാണ് ഇവിടെ അവതരിപ്പിക്കുന്നത്. "കേരളത്തെയും കർണ്ണാടകത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാതയായ എൻ.എച്ച്.-766-ൽ 2009 മുതൽ രാത്രികാല ഗതാഗതം നിരോധിച്ചിരിക്കുകയാണ്. വന്യമൃഗങ്ങളുടെ സ്വൈരവിഹാരത്തിന് തടസ്സമുണ്ടാകുന്നുവെന്ന പേരിലാണ് മനുഷ്യരുടെ യാത്രാസ്വാതന്ത്ര്യവും സൗകര്യവും തടഞ്ഞത്. ഇതുമൂലം വയനാട് ജില്ലയിലെ ബത്തേരി താലൂക്കിലുള്ള ജനങ്ങൾക്ക് ഗുണ്ടൽപേട്ട, മൈസൂർ എന്നിവിടങ്ങളിലേക്ക് 100 കിലോമീറ്ററോളം അധികം യാത്ര ചെയ്യേണ്ടിവരുന്നുണ്ട്. ഗുണ്ടൽപേട്ട, നഞ്ചൻഗുഡ്, കൊല്ലഗൽ മേഖലകളിൽ നിന്നുള്ള ഇരുപതിനായിരത്തിലധികം തൊഴിലാളികൾ വയനാട്, കോഴിക്കോട്,

മലപ്പുറം ജില്ലകളിലെ തോട്ടം/നിർമ്മാണ മേഖലകളിൽ ജോലിചെയ്യുന്നുണ്ട്. പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ, നിർമ്മാണ സാമഗ്രികൾ തുടങ്ങി പല ഉല്പന്നങ്ങളും കേരളത്തിൽനിന്നും കർണ്ണാടകത്തിലേയ്ക്കും തിരിച്ചും കൊണ്ടുപോകാൻ ഉപയോഗിക്കുന്ന പ്രധാന പാതയാണ് എൻ.എച്ച്.- 766.

നാല് ചുരങ്ങൾക്ക് മുകളിൽ സ്ഥിതിചെയ്യുന്ന ജില്ലയാണ് വയനാട്. കാലവർഷദുരന്തമുണ്ടാകുമ്പോൾ ഒറ്റപ്പെടുന്ന വയനാട്ടിലേക്ക് ദുരിതാശ്വാസ പ്രവർത്തകർക്ക് എത്തിപ്പെടാനുള്ള സമതലത്തിലൂടെയുള്ള ഏക പാതയാണ് എൻ.എച്ച്.-766. റെയിൽ ഗതാഗതമോ ജലപാതയോ വ്യോമഗതാഗതമോ ഒന്നുമില്ലാത്ത വയനാട്ടിൽ ജനങ്ങളുടെ നിലനിൽപ്പിന്റെ പാതകൂടിയാണിത്.

ഈ സാഹചര്യത്തിൽ കേരള സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുകയും രാത്രിയാത്രാ നിരോധനം പിൻവലിക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട കോടതി ഈ കേസ് പരിഗണിച്ചുവരികയാണ്. ഇതിനിടയിൽ ബന്ദിപ്പൂർ വനമേഖലയിൽ 25 കിലോമീറ്ററിനുള്ളിൽ അഞ്ച് ആകാശപാതകൾ നിർമ്മിക്കുകയും ബാക്കി സ്ഥലങ്ങളിൽ റോഡിനിരുവശവും കമ്പിവേലി നിർമ്മിക്കുകയും ചെയ്താൽ രാത്രിയാത്രാ നിരോധനം പിൻവലിക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയമിച്ച വിദഗ്ദ്ധ സമിതിയുടെ യോഗത്തിൽ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ നിർദ്ദേശം സമർപ്പിച്ചിരുന്നു. ഈ പ്രോജക്ടിന് ഏകദേശം 500 കോടി രൂപയോളം ചെലവ് വരുമെന്നും ഈ തുക ദേശീയപാതാ വിഭാഗവും കേരളവും സംയുക്തമായി വഹിക്കണമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ ബഡ്ജറ്റിൽ 250 കോടി രൂപ നീക്കിവച്ചിട്ടുള്ളതാണ്.

എന്നാൽ, കഴിഞ്ഞ ആഗസ്റ്റ് മാസം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വീണ്ടും കേസ് പരിഗണനയ്ക്ക് വന്നപ്പോൾ ഈ പാത പകൽ സമയത്തും അടച്ച് സംസ്ഥാന ഹൈവേ 90-ഉം 275-ഉം വികസിപ്പിച്ച് ഒരു ബദൽപാതയായി ഉപയോഗിച്ചുകൂടേയെന്ന് ചോദിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം സത്യവാങ്മൂലമായി സമർപ്പിക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിക്കുകയുണ്ടായി. കേരള-തോൽപ്പെട്ടി വന്യജീവി സങ്കേതത്തിലൂടെയും കർണ്ണാടകയിലെ നാഗർഹോള ടൈഗർ റിസർവ്വിലൂടെയും കടന്നുപോകുന്ന സംസ്ഥാന ഹൈവേ 275 ബദൽപാതയല്ല, വനത്തിലൂടെയുള്ള മറ്റൊരു പാതയാണ്. കഴിഞ്ഞ പത്തുവർഷമായി എൻ.എച്ച്.-766-ൽ നിലനിൽക്കുന്ന രാത്രിയാത്രാ നിരോധനം പകൽകൂടി ഉണ്ടായേക്കുമെന്ന തരത്തിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾ വയനാട്ടിലെ ജനങ്ങൾക്കിടയിൽ അസ്വസ്ഥതയും പ്രതിഷേധവും സൃഷ്ടിച്ചിട്ടുണ്ട്.

എൻ.എച്ച്.-766-ലൂടെയുള്ള ജനങ്ങളുടെ യാത്രാവകാശം സംരക്ഷിക്കാനും വന്യമൃഗങ്ങളുടെ സൈ്വരവിഹാരം ഉറപ്പുവരുത്താനും ബദൽ നിർദ്ദേശങ്ങൾ കണ്ടെത്തണമെന്ന കേരളത്തിന്റെ അഭിപ്രായം മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിമാരുമായി പങ്കുവച്ചിട്ടുള്ളതാണ്. വാഹനങ്ങൾ കടന്നുപോകുന്ന ഇന്ത്യയിലെ അമ്പതോളം കടുവാസങ്കേതങ്ങളിലൊന്നും കൊണ്ടുവരാത്ത നിയന്ത്രണം ഈ ദേശീയപാതയിൽ മാത്രം കൊണ്ടുവരുന്നത് തികഞ്ഞ ജനദ്രോഹവും വിവേചനവുമാണ്. കേരളത്തിന്റെ നിർദ്ദേശങ്ങൾ പരിശോധിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കാമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി മുഖ്യമന്ത്രിക്ക് കഴിഞ്ഞ 1-ാം തീയതി ഉറപ്പുനൽകിയിരുന്നെങ്കിലും ഇതുവരെയും പ്രസ്തുത സമിതി രൂപീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വയനാട്ടിലെയും മലബാറിലെയും ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം ഉറപ്പുവരുത്താനും നിലവിലുള്ള യാത്രാനിരോധനം നീക്കാനുമാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഇതിൽ രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, കമ്മിറ്റി ഇതുവരെ രൂപീകരിച്ചിട്ടില്ല. രണ്ട്, സത്യവാങ്മൂലം സമർപ്പിക്കുന്ന ഘട്ടത്തിൽ കേന്ദ്രഗവൺമെന്റിന് ഫലപ്രദമായി ഇടപെടാൻ കഴിയുമെന്നാണ് കരുതുന്നത്. ആ സാഹചര്യത്തിലാണ് ഇത്തരത്തിലൊരു പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കണമെന്ന് പ്രത്യേകിച്ച് അഭ്യർത്ഥിക്കേണ്ടതില്ല. കാരണം, ഈ സഭയിലെ മുഴുവൻ അംഗങ്ങളെയും പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടികളും പ്രസ്ഥാനങ്ങളും ഒരുമിച്ച് ദീർഘനാൾ നീണ്ടുനിൽക്കുന്ന വലിയൊരു പൊതുജനപ്രക്ഷോഭം അവിടെ നടത്തുകയുണ്ടായി. ആ പ്രക്ഷോഭത്തിന്റെ വികാരംകൂടി ഉൾക്കൊണ്ടുകൊണ്ടാണ് ഇത്തരമൊരു പ്രമേയവുമായി സർക്കാർ മുന്നോട്ടുവരാൻ തയ്യാറായത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ചട്ടം 62 പ്രകാരം ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു ശ്രദ്ധക്ഷണിക്കൽ നോട്ടീസ് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഞാൻ നൽകിയിരുന്നു. വളരെ ഗൗരവമുള്ള ഈ പ്രമേയം വന്നതുകൊണ്ടായിരിക്കാം അതിന് അവതരണാനുമതി നിഷേധിച്ചതെന്ന് കരുതുന്നു. ദേശീയപാതയുമായി ബന്ധപ്പെട്ട പ്രതിസന്ധികളും ആശങ്കകളും പ്രമേയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഒന്നുരണ്ട് കാര്യങ്ങൾ മാത്രം ഞാൻ അവതരിപ്പിക്കുന്നു. ഒന്ന്, മന്ത്രി പറഞ്ഞതുപോലെ 2009 മുതൽ വന്ന രാത്രിയാത്രാ

നിരോധനത്തിന് ഇന്ന് പത്ത് വർഷമാകുന്നു. ഈ സാഹചര്യത്തിലാണ് പകലുംകൂടി നിരോധിക്കുന്നതുസംബന്ധിച്ച് സുപ്രീംകോടതി ആരാഞ്ഞത്. അതിനെതിരെ അന്നുതന്നെ വയനാട്ടിലെ മൂന്ന് എം.എൽ.എ.-മാരും അവിടത്തെ സർവ്വകക്ഷി നേതാക്കളുംകൂടി ഒരു സർവ്വകക്ഷിക്ക് നേതൃത്വം കൊടുത്ത് ജനകീയ പ്രക്ഷോഭം സംഘടിപ്പിച്ചു. അതിന്റെ ഭാഗമായി ബഹുമാന്യനായ മുഖ്യമന്ത്രിയും വയനാടിന്റെ പ്രിയപ്പെട്ട എം.പി. ശ്രീ. രാഹുൽ ഗാന്ധിയുമൊക്കെ കേന്ദ്രമന്ത്രിമാരുമായി ഈ വിഷയം സംസാരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നുതന്നെ പത്രസമ്മേളനം നടത്തി ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു സബ് കമ്മിറ്റിയെ നിയോഗിക്കാമെന്ന് പറഞ്ഞു. അത് മന്ത്രി ഈ പ്രമേയത്തിൽ പറഞ്ഞിട്ടുണ്ട്. സബ് കമ്മിറ്റി രൂപീകരിച്ച് ഈ റോഡിന്റെ ചരിത്രവും ജനങ്ങളുടെ യാത്രാദുരിതവും പഠിച്ച് എത്രയും പെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കേണ്ടത് അത്യാവശ്യമാണ്. പകൽയാത്രാ നിരോധനത്തിന്റെ കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ലെന്നാണ് കർണ്ണാടക സർക്കാർ പറയുന്നത്. അതുകൊണ്ട് കർണ്ണാടക ഗവൺമെന്റുമായി ചർച്ച നടത്തി അക്കാര്യം സുപ്രീം കോടതിയെ ബോധ്യപ്പെടുത്തണം. അഖിലകക്ഷി നിവേദകസംഘം കേന്ദ്രഗവൺമെന്റിൽ ഇത് ചർച്ച ചെയ്യുന്നതിനുള്ള അവസരമുണ്ടാക്കണം. മറ്റൊന്ന്, ബഹുമാന്യനായ മന്ത്രി ഇവിടെ അമ്പത് കടുവാസങ്കേതങ്ങൾ ഇന്ത്യയിലുണ്ടെന്ന് പറഞ്ഞു. മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങൾ ഒരുമിച്ച് കേന്ദ്രഗവൺമെന്റിന്റെ അനുമതിയോടുകൂടി ദേശീയപാതയിലെ പെഞ്ച് ടൈഗർ റിസർവ് ഏരിയയിൽ 20 കിലോമീറ്റർ ആകാശപാത പണിതിട്ടുണ്ട്. ആസാമിലെ കാസിരംഗ നാഷണൽ പാർക്കിലെ കടുവാസങ്കേതത്തിലും അത് പണിതു. അതേ ആകാശപാതയ്ക്കുള്ള പ്രൊപ്പോസലാണ് നമ്മുടെ ഗവൺമെന്റ് ബഡ്ജറ്റിൽ കൊണ്ടുവന്നത്. ഇത് നടപ്പാക്കണമെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതി വേണം. ഇക്കാര്യത്തിൽ രണ്ട് സംസ്ഥാനങ്ങളും യോജിച്ച് തീരുമാനമെടുക്കുന്നതിനുള്ള സാഹചര്യമൊരുക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

12 Noon]

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ആദ്യമായി ഇത്തരമൊരു പ്രമേയം അവതരിപ്പിക്കാൻ മുൻകയ്യെടുത്തതിന് വയനാട്ടിലെയും മലബാറിലെയും ജനങ്ങൾക്കുവേണ്ടി ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ 10 വർഷമായി എൻ.എച്ച് 766-ൽ രാത്രിയാത്രാ നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. ഇത് പിൻവലിക്കണമെന്നാവശ്യപ്പെട്ടാണ് ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചിരിക്കുന്നത്. അപ്പോഴാണ് രാത്രി മാത്രമല്ല, പകലുംകൂടി നിരോധിക്കണമെന്ന പരാമർശം ബഹുമാനപ്പെട്ട കോടതിയുടെ ഭാഗത്തുനിന്നുമുണ്ടായത്. വയനാട്ടിൽ വലിയ പ്രക്ഷോഭം ആരംഭിച്ചു. രണ്ട് ലക്ഷത്തിലധികം ആളുകൾ രാവും പകലും ആ

പ്രക്ഷോഭത്തിൽ പങ്കെടുത്തു. ഇത് നാടിന്റെ ഒരു പൊതുവികാരമായി മാറിയിരിക്കുകയാണ്. കേന്ദ്രസർക്കാരിനാണ് ഇക്കാര്യത്തിൽ നല്ലരീതിയിൽ ഇടപെടാൻ കഴിയുന്നത്. ഈ മാസം 15-ാം തീയതി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് വരുമെന്നാണ് മനസ്സിലാക്കുന്നത്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇതുസംബന്ധിച്ച് സത്യവാങ്മൂലം നൽകുമ്പോൾ കേരളത്തിന്റെ പ്രശ്നങ്ങൾകൂടി ഗൗരവമായി മനസ്സിലാക്കാനും സഞ്ചാരസ്വാതന്ത്ര്യം ഉറപ്പാക്കാനുമാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് കേന്ദ്രസർക്കാർ നൽകണമെന്നുകൂടി ഇതിനോടൊപ്പം കൂട്ടിച്ചേർക്കണമെന്നതാണ് ഭേദഗതിയായി അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഒരു അഖിലകക്ഷി നിവേദക സംഘത്തെ ഡൽഹിയിൽ അയയ്ക്കണമെന്നതാണ് ഭേദഗതിയുടെ ചുരുക്കം. പക്ഷേ, അങ്ങേയ്ക്കും സഭയിലെ എല്ലാവർക്കുമറിയാവുന്നതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വയനാട് എം.പി.-യും കേരളത്തിന്റെ ഈ ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ആ ശ്രമം തുടരാമെന്നല്ലാതെ മറ്റൊരു അഖിലകക്ഷി സംഘം വേണമോയെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. പക്ഷേ കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്ന ഭാഗം പ്രമേയത്തിൽ വേണ്ട, അത് സഭ തീരുമാനിച്ചാൽ മതി. ശ്രീ. സി. കെ. ശശീന്ദ്രൻ പറഞ്ഞതുപോലെ ഇതിലിപ്പോൾ പ്രസക്തമായിട്ടുള്ളത് ബഹുമാനപ്പെട്ട കോടതിയിൽ ഈ കേസ് വരുന്ന ഘട്ടത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമെടുക്കുന്ന നിലപാടാണ്. അതിനാവശ്യമായ സമ്മർദ്ദമാണ് കേന്ദ്രസർക്കാരിൽ നമ്മൾ ചെലുത്തുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഈ പ്രമേയം അവതരിപ്പിച്ചത്. ഇവിടെ സർക്കാരും സഭയും വയനാട്ടിലെ ജനങ്ങൾക്കൊപ്പമാണെന്നതിന്റെ സൂചകമായി ഈ പ്രമേയത്തെ കാണണം. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ, 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ടുകൾ

ശ്രീ. ജെയിംസ് മാത്യു: സർ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ, 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ടുകൾ മുഖ്യമന്ത്രിക്കുവേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട്

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. എൻ. വിജയൻ പിള്ള സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## (2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

### കേന്ദ്രാവിഷ്കൃത പദ്ധതി മാനദണ്ഡങ്ങൾ

മി. സ്പീക്കർ: ശ്രീ. മാത്യു ടി. തോമസ് നോട്ടീസ് നൽകിയിട്ടുള്ള പ്രമേയമാണ് ഒന്നാമത്തേത്. അദ്ദേഹത്തിന് പിന്നീട് നോട്ടീസ് നൽകിയ ഭേദഗതിയോടെയുള്ള പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, " സംസ്ഥാന/പ്രാദേശിക സർക്കാർ തലങ്ങളിൽ നടപ്പിലാക്കപ്പെടേണ്ടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ നിശ്ചയിക്കപ്പെടുന്നത് സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളെ നിറവേറ്റുന്നതിൽ വലിയ തോതിൽ പരിമിതികൾ സൃഷ്ടിക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും തുലോം വിഭിന്നമായ കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക മേഖലകളിൽ നിലവിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സമ്പൂർണ്ണ നേട്ടം കൈവരിക്കാനാകാതെ വരുന്നത് കേന്ദ്ര മാനദണ്ഡങ്ങളുടെ അയവില്ലായ്മമൂലമാണ്. എൻ.എച്ച്.എം., എസ്.എസ്.എ., എന്നീ പദ്ധതികൾ ഫലപ്രദമാക്കുന്നതിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൃഷി, കൃഷി അനുബന്ധ ഉത്പാദന മേഖലകളുമായി സംയോജിപ്പിച്ച് വലിയ നേട്ടം കൈവരിക്കുന്നതിലും തടസ്സങ്ങൾ നേരിടുകയാണ്.

സംസ്ഥാനത്തിന്റെ സ്വതന്ത്ര ധനവിനിയോഗത്തിന് വിഘാതമാകുന്ന തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്തിന്റെ പരിമിത വിഭവം വലിയതോതിൽ ഇവയ്ക്കായി നീക്കിവയ്ക്കാൻ നിർബന്ധിതമാകുകയാണ്. ഇതിനുപകരമായി, കേന്ദ്രവിഹിതം സംസ്ഥാനങ്ങൾക്ക് നിശ്ചിത ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തപ്പെടുത്തി ഗ്രാന്റുകളായി കൈമാറിയാൽ സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്കുതകുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രാപ്തിയിൽ എത്തിക്കാനാകും.

ഈ സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പുനരാവിഷ്കരിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ അയവുവരുത്താൻ തയ്യാറാകണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഒന്നാം ഖണ്ഡികയിൽ രണ്ടാമത്തെ വാചകത്തിൽ "കാർഷിക" എന്ന വാക്കിനുശേഷം "ജലസംരക്ഷണ" എന്ന വാക്കും മൂന്നാമത്തെ വാചകത്തിൽ "എസ്.എസ്.എ." എന്നതിനുശേഷം "പി.എം.കെ.എസ്.വൈ." എന്നും ചേർക്കുക.

വിഭവസമൃദ്ധമായ സദ്യ ഒരാളുടെ മുമ്പിൽ വിളമ്പിവച്ചശേഷം അയാളുടെ കൈമുട്ടുകൾ മടക്കാനാകാത്തവിധം ബന്ധിച്ചിരിക്കുന്ന അവസ്ഥയിലാണ് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാര്യത്തിൽ കേരളം. കൈമുട്ടൊന്ന് മടക്കിയാൽ മാത്രമല്ലേ ഈ സദ്യ ഭക്ഷിക്കാനാകൂ? അല്ലെങ്കിൽ അതെറിഞ്ഞ് വായിലിടുമ്പോൾ എച്ചിൽകഷ്ണങ്ങൾ മാത്രം വായിലെത്തുന്ന സ്ഥിതിയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനങ്ങൾക്ക് അനുയോജ്യമാംവിധം പുനഃക്രമീകരിക്കുകയും കൂടുതൽ ഫ്ലെക്സിബിളാക്കുകയും ചെയ്യണമെന്നുള്ളതാണ് ഈ പ്രമേയത്തിന്റെ കണ്ടന്റ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വ്യാപ്തി വളരെ വലുതാണെന്ന് നമ്മളിൽ പലരും അറിയുന്നില്ല. നീക്കിവയ്ക്കുന്ന തുക വളരെ വലുതാണ്. ക്വാണ്ടിഫൈ ചെയ്ത് തുക എത്രയാണെന്ന് എനിക്ക് പറയാൻ കഴിയില്ലെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെയാണ് അറുപത് ശതമാനം വിഭവങ്ങളും സംസ്ഥാനങ്ങൾക്ക് കൈമാറുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ ആകെ ചെലവിന്റെ ഒൻപത് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിക്കുവേണ്ടിയാണ്. ഇത് ഫലപ്രദമാക്കാൻ കഴിയാതെ പോകുന്നതിന്റെ കാരണങ്ങൾ കേന്ദ്രസർക്കാരിന്റെ മുമ്പിൽ അവതരിപ്പിച്ച് പരിഹാരം കണ്ടെത്താനാകണമെന്ന ആഗ്രഹത്തിലാണ് ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. ഇത് നടപ്പിലാക്കപ്പെടുന്നത് സംസ്ഥാന സർക്കാർ തലത്തിലോ അല്ലെങ്കിൽ പ്രാദേശിക സർക്കാർ തലത്തിലോ ആണ്. എന്നാൽ ഇത് രൂപപ്പെടുന്നത് കേന്ദ്രസർക്കാർ തലത്തിലാണെന്നതാണ് പ്രശ്നം, ഇതാണ് പ്രായോഗിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ഈ പദ്ധതികളുടെ പരിമിതിയും പ്രയാസങ്ങളുമായി ഇത് തുടരുകയാണ്. പലപ്പോഴും ഈ മാനദണ്ഡങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങളും സവിശേഷ സാഹചര്യങ്ങളും പരിഗണിക്കാതെ രൂപപ്പെടുകയാണ്. എല്ലാ കാലുകൾക്കും ഒരേ സൈസ് ചെരുപ്പ്, one size fit all മാതൃകയിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ലെന്ന വസ്തുത ആശങ്കയുളവാക്കുന്നതാണ്. കേരളത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ മറ്റ്

സംസ്ഥാനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങളിൽ നിന്നും തുലോം വിഭിന്നമാണ്. നമ്മൾ ആയുർദൈർഘ്യത്തിന്റെ കാര്യത്തിലും മറ്റും വളരെ മുന്നിലെത്തിയിരിക്കുന്നു. വിദ്യാഭ്യാസ മേഖലയിലും വലിയ കുതിച്ചുകയറ്റമാണുണ്ടായിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി കൃഷിയും അനുബന്ധമേഖലയുമായി സംയോജിപ്പിക്കാൻ കഴിയാത്തൊരവസ്ഥ നിലനിൽക്കുകയാണ്.

ഹർ ഖേത്ത് കോ പാനി എന്ന പദ്ധതിയിൽ ജലാശയങ്ങൾ നവീകരിക്കാൻ RRR of Ponds എന്ന പദ്ധതിയുണ്ട്. നിലവിലെ മാനദണ്ഡമനുസരിച്ച് ഗ്രാമീണ മേഖലയിൽ 5 ഹെക്ടറും (12.50 ഏക്കർ) അർബൻ മേഖലയിൽ 2 ഹെക്ടറും (5 ഏക്കർ) വിസ്തൃതിയുള്ള ജലാശയങ്ങൾ മാത്രമേ ഏറ്റെടുക്കാൻ കഴിയൂ. ഇത്തരത്തിലൊരു ജലാശയം കേരളത്തിലില്ല. വലിയ തുകയാണ് ഇതിനുവേണ്ടി നീക്കിവച്ചിരിക്കുന്നത്. വർദ്ധിച്ച ജനസാന്ദ്രതയും ചരിവായ ഭൂപ്രകൃതിയും (sloping terrain) കാരണം ഇത്തരം ജലാശയങ്ങളില്ലാത്ത അവസ്ഥയാണുള്ളത്. പരമാവധി അഞ്ചോ പത്തോ സെന്റ് വിസ്തൃതിയുള്ള ജലാശയങ്ങളാണ് ഇവിടെയുള്ളത്. അതുപോലെ ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം അനുസരിച്ച് സി.സി.എ. (Culturable Command Area) 20 ഹെക്ടർ (50 ഏക്കർ) ആണെങ്കിൽ മാത്രമേ ചെക്ക് ഡാം, വി.സി.ബി. (Vented Cross Bar) എന്നിവ നിർമ്മിക്കാൻ കഴിയൂ. ഇതൊന്നും നമ്മുടെ സാഹചര്യങ്ങൾക്ക് അനുയോജ്യമായതല്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങ് പറഞ്ഞതുപോലെ പി.എം.ജി.എസ്.വൈ.-യുടെ ഗൈഡ്‌ലൈൻസിൽ മാറ്റം വരുത്തണം. പക്ഷെ കഴിഞ്ഞ മൂന്ന് വർഷമായി പി.എം.ജി.എസ്.വൈ.-യിൽ പാർലമെന്റ് അംഗങ്ങൾ അഡോപ്റ്റ് ചെയ്യുന്ന പഞ്ചായത്തുകളുടെ ഫണ്ടല്ലാതെ ഒരു കിലോമീറ്റർ റോഡ് കേരളത്തിന് ലഭിച്ചിട്ടില്ല. നോംസിന്റെ കുഴപ്പംകൊണ്ടല്ല അത് സംസ്ഥാന സർക്കാർ ടേക്കപ് ചെയ്യാത്തതുകൊണ്ടാണ്. നോംസിന് അതനുസരിച്ചുതന്നെ ചെയ്യാൻ കഴിയുന്നതാണ്, പക്ഷേ ചെയ്യുന്നില്ല.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, എന്റെ പ്രമേയത്തിന്റെ വിഷയം നോംസിനെ സംബന്ധിച്ചാണ്. മറ്റ് പ്രായോഗിക വിഷയങ്ങൾ വേറെ ചർച്ച ചെയ്യേണ്ടതാണ്. പി.എം.ജി.എസ്.വൈ.-യിൽ പഞ്ചായത്ത് റോഡുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. റോഡിന് കുറഞ്ഞത് 5 കി. മീ. ദൈർഘ്യവും 6 മീറ്റർ വീതിയും വേണം. അത്തരം പഞ്ചായത്ത് റോഡുകളൊന്നുംതന്നെ ഇവിടെയില്ല. എന്നുമാത്രമല്ല, പദ്ധതിയിൽ ഏറ്റെടുക്കേണ്ട റോഡുകൾക്ക് 1 in 12.5 ചരിവുണ്ടായിരിക്കണം. ദുരന്ത നിവാരണ ഫണ്ടിൽ റീടാറിംഗ് മാത്രമേ

അനുവദിക്കുകയുള്ളൂ. വലിയ പ്രളയമുണ്ടായി റോഡുകൾ മണ്ണിടിഞ്ഞ് പോയാൽപ്പോലും ഫണ്ട് അനുവദിക്കാത്ത അവസ്ഥാവിശേഷമാണുള്ളത്. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിലെ റേറ്റുകളെല്ലാം വടക്കേ ഇന്ത്യൻ റേറ്റുകളാണ്. അത് നമുക്കിവിടെ ബാധകമാക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല, ഇപ്പോൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സോഷ്യോ-ഇക്കണോമിക്-കാസ്റ്റ് സെൻസസ് പ്രകാരമായതുകൊണ്ട് പല അപേക്ഷകരും പുറത്തുപോകുകയാണ്. സ്വച്ഛ് ഭാരത് മിഷനിലൂടെ പുതിയ കക്കൂസുകൾ നിർമ്മിക്കാനോ അല്ലെങ്കിൽ നിലവിലിരിക്കുന്ന ഇൻസാനിറ്ററി കക്കൂസുകൾ സാനിറ്ററിയാക്കി മാറ്റാനോ മാത്രമേ പറ്റുകയുള്ളൂ. അതുകൊണ്ട് പ്രളയത്തിൽ നഷ്ടപ്പെട്ടുപോയവ വീണ്ടെടുക്കാൻ കഴിയുന്നില്ല. പൂർണ്ണമായും Open Defecation Free (ODF) അച്ചീവ് ചെയ്ത സംസ്ഥാനമാണിത്. സംസ്ഥാന താല്പര്യങ്ങൾക്ക് വിപരീതമായ രീതിയിലാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ നിലനിൽക്കുന്നത്. ഇതിലൊരു പൊളിച്ചെഴുത്ത് ആവശ്യമാണ്. ഇതോടൊപ്പം തന്നെ പ്രധാനപ്പെട്ട വിഷയമാണ് ഇതിന്റെ ഫണ്ടിംഗ് പാറ്റേൺ. 100% കേന്ദ്രവിഹിതം നൽകിയിരുന്നതെല്ലാം മാറിക്കൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന്, ഐ.സി.ഡി.എസ്.,-ൽ 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായിരുന്നത് 2017-ൽ സംസ്ഥാനങ്ങളോടുപോലും ആലോചിക്കാതെ കേന്ദ്രവിഹിതം 25 ശതമാനമായി കുറച്ചു. അപ്പോൾ സംസ്ഥാന വിഹിതം 75 ശതമാനമായി വർദ്ധിപ്പിക്കണം. അങ്ങനെ ഏകപക്ഷീയമായി ഫണ്ടിംഗ് പാറ്റേൺ മാറ്റുമ്പോൾ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന മാതൃകയിൽ പരിമിത വിഭവത്തിൽ നിന്നും സംസ്ഥാനം വലിയ തോതിൽ തുക നീക്കിവയ്ക്കേണ്ടിവരികയാണ്. മാത്രമല്ല, വളരെ വൈകി ഇത്തരം തീരുമാനങ്ങളെടുക്കുന്നതുകൊണ്ട് ചില പദ്ധതികളിൽ മതിയായ തുക നീക്കിവയ്ക്കാൻ കഴിയാതെവരുന്നു. അതിന്റെഫലമായി കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി ഇവിടെ നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകുന്നു. ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തി സംസ്ഥാനങ്ങൾക്ക് ഗ്രാന്റായി തുക കൈമാറിയാൽ മെച്ചപ്പെട്ട റിസൾട്ടുണ്ടാക്കാൻ കഴിയും. അതിന് ഒരുപക്ഷെ കേന്ദ്രസർക്കാർ തയ്യാറായെന്നുവരില്ല. അതുകൊണ്ടാണ് ഓരോ സംസ്ഥാനത്തിന്റെയും സവിശേഷ സാഹചര്യങ്ങൾ വിലയിരുത്തി ഇതിന്റെ മാനദണ്ഡങ്ങൾ പുനർ നിശ്ചയിക്കാനുള്ള വിവേചനാധികാരം സംസ്ഥാനങ്ങൾക്ക് നൽകുന്ന തരത്തിൽ അയവുവരുത്താൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്ന് പറഞ്ഞത്. ഇതോടൊപ്പംതന്നെ പ്രധാനമാണ് കേന്ദ്രത്തിൽ നിന്നുള്ള ഷെയറിനെ സംബന്ധിച്ചുള്ളത്. 1971-ലെ ജനസംഖ്യാ നിരക്കനുസരിച്ചാണ് നമുക്ക് കേന്ദ്ര നികുതി വിഹിതം കിട്ടിക്കൊണ്ടിരുന്നത്. ഇപ്പോഴത് 2011-ലെ ജനസംഖ്യാ

നിരക്കിനനുസരിച്ചാണ് തരുന്നത്. അതിന്റെഫലമായി കേന്ദ്ര നികുതി വിഹിതത്തിലും വലിയ കുറവുവരികയാണ്. ജനസംഖ്യാ നിയന്ത്രണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ജനസംഖ്യ വർദ്ധിക്കുന്നതുമൂലം നമ്മുടെ കേന്ദ്രവിഹിതം കുറയുന്ന സാഹചര്യമുണ്ടാകുകയാണ്. സംസ്ഥാന സാഹചര്യങ്ങൾക്കിണങ്ങാത്ത മാനദണ്ഡങ്ങൾ വളരെ കഠിനമായി നിലനിൽക്കുകയാണ്. അതോടൊപ്പംതന്നെ ഫണ്ടിംഗ് പാറ്റേൺ ഇടയ്ക്കിടെ മാറ്റുന്നതുമൂലം മതിയായ തുക പ്രാദേശിക/സംസ്ഥാന സർക്കാരുകൾക്ക് മാറ്റിവയ്ക്കാൻ കഴിയാതെവരുന്നു, നമ്മുടെ വിഭവങ്ങൾ വലിയ തോതിൽ ചോർന്നുപോകുന്നു. അതോടൊപ്പം ജനസംഖ്യ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ടാക്സിന്റെ ഷെയറിംഗും ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇക്കാര്യങ്ങളിൽ മാറ്റമുണ്ടാക്കണമെന്നാണ് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നത്. ഇത് ഐകകണ്ഠ്യേന പാസ്സാക്കിത്തരാൻ എല്ലാവരും സഹകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ അവസാന ഖണ്ഡികയ്ക്കു പകരം താഴെ പറയുന്നത് ചേർക്കണം.

" ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ തീരുമാനിക്കുന്നത് ഒഴിവാക്കി സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾ മുൻകൂട്ടി കണ്ട്, വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിന് ഇതിനായുള്ള കേന്ദ്രവിഹിതം സംസ്ഥാനങ്ങൾക്ക് ഗ്രാന്റുകളായി അനുവദിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾമൂലം പദ്ധതികളൊക്കെ മുടങ്ങുന്നു, തുക ലാപ്സായിക്കൊണ്ടിരിക്കുന്നു. ഈ പ്രമേയം വളരെ ഗൗരവമുള്ളതാണ്. മാനദണ്ഡങ്ങളിൽ മാറ്റമുണ്ടായാൽ മാത്രമേ കേരളം പോലൊരു സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപോലും ഇന്ന് അവതാളത്തിലായിരിക്കുകയാണ്. ഓരോ സംസ്ഥാനത്തിന്റെയും സാഹചര്യങ്ങൾക്ക് അനുസരിച്ചുവേണം കേന്ദ്രസർക്കാർ നോംസുണ്ടാക്കേണ്ടതെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം പലപ്പോഴും 60:40 ആണ്. 40% തുക സംസ്ഥാന സർക്കാരാണ് കണ്ടെത്തേണ്ടത്. പലപ്പോഴും അത്രയും തുക കണ്ടെത്താൻ

സാധിക്കാത്ത സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാകാറുണ്ട്. പ്രത്യേകിച്ച് ഖജനാവിന്റെ ഇപ്പോഴത്തെ അവസ്ഥ നമുക്കോരോരുത്തർക്കുമറിയാം. പി.എം.കെ.എസ്.വൈ., സ്വച്ഛ് ഭാരത് മിഷൻ, ഐ.സി.ഡി.എസ്., മിഡ് ഡേ മീൽസ് പ്രോഗ്രാം എന്നീ പദ്ധതികൾക്ക് കിട്ടുന്ന കേന്ദ്ര ഫണ്ട് സമയബന്ധിതമായി വിതരണം ചെയ്യാനും നമ്മൾ ശ്രദ്ധിക്കണം. അമൃത്/സ്മാർട്ട് സിറ്റി പദ്ധതികളിൽ കേന്ദ്ര ഫണ്ട് അനുവദിച്ചിട്ടും കൃത്യമായ രീതിയിൽ ഉപയോഗിക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല എന്നുള്ളതും ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. സമയക്കുറവുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച പ്രമേയം കാലികമായതും കേരളം മുന്നോട്ടുപോകുമ്പോഴുള്ള ആവശ്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ളതുമാണ്. ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. കേരളം മറ്റിതര സംസ്ഥാനങ്ങളിൽ നിന്നും ഏറെ വിഭിന്നമാണ്. 1957-ൽത്തന്നെ കേരളത്തിന്റെ വികസനത്തിന് അടിത്തറപാകിയിട്ടുണ്ട്. ഭൂപരിഷ്കരണം ഉൾപ്പെടെയുള്ള ഒട്ടേറെ നിയമനിർമ്മാണങ്ങൾ നടത്തിയ ഒരു സംസ്ഥാനമാണിത്. ഇന്ത്യയിലെ 29 സംസ്ഥാനങ്ങളുടെയും സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടായിരിക്കണം കേന്ദ്ര പദ്ധതികൾ നടപ്പിലാക്കേണ്ടത്. പദ്ധതികൾ നൽകുന്നതിനുമുമ്പ് പ്രായോഗികമായി ഇതെങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റുകളുമായി ചർച്ച ചെയ്യണം. ഒരു ഫെഡറൽ സംവിധാനത്തിൽ ഓരോ സംസ്ഥാനത്തിന്റെയും സവിശേഷതകൾക്കനുസരിച്ച് നടപ്പിലാക്കിയാൽ മാത്രമേ ഉദ്ദേശിച്ചതുപോലെ ഫണ്ട് ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ഐ.സി.ഡി.എസ്.-ന് 40% കേന്ദ്രവിഹിതമുണ്ടായിരുന്നത് 25 ശതമാനമാക്കിയപ്പോൾ സംസ്ഥാനത്തിന് 75% തുകയുടെ ബാധ്യതയാണ് വരുന്നത്. സംസ്ഥാന സർക്കാരിന്റെ റവന്യൂ വളരെ പരിമിതമാണ്. കേരളത്തിലെ മലഞ്ചരക്ക്, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയവയുടെ കയറ്റുമതിയിലൂടെ ഒട്ടേറെ നികുതി കേന്ദ്രത്തിന് ലഭിക്കുന്നുണ്ട്. എന്നാൽ കേന്ദ്രവിഹിതമായി നമുക്ക് ലഭിക്കേണ്ട ഫണ്ട് കൃത്യമായി ലഭിക്കാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട അവതാരകൻ സൂചിപ്പിച്ചതുപോലെ ഇതിലൊരു പൊളിച്ചെഴുത്ത് അനിവാര്യമാണ്. പദ്ധതികൾ നടപ്പിലാക്കുന്നത് പ്രാദേശിക സർക്കാരുകളാണ്. ഗ്രാമ/ജില്ല/ബ്ലോക്ക് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിലാണ് ഇതെല്ലാം നിർവ്വഹിക്കുന്നത്. അതിന് സഹായകരമായ സാഹചര്യമാണുണ്ടാകേണ്ടതെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രമേയമാണ് ബഹുമാന്യനായ മാത്യു ടി. തോമസ് ഇവിടെ അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെ ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, കൃഷി, ന്യൂനപക്ഷക്ഷേമം തുടങ്ങിയ മേഖലകളിൽ ധാരാളം കേന്ദ്രാവിഷ്കൃത ഫണ്ടുകൾ എല്ലാ സംസ്ഥാനങ്ങൾക്കും കൊടുക്കുന്നുണ്ട്. പക്ഷെ ഈ ഫണ്ടുകളൊക്കെ സംസ്ഥാനതലത്തിൽ വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതിൽ പ്രധാനമായും പ്രമേയാവതാരകൻ സൂചിപ്പിച്ചതുപോലെ കേന്ദ്രം നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേക സാമൂഹിക സാഹചര്യത്തിൽ സാധ്യമല്ലെന്നതുതന്നെയാണ് കാരണം. അതുകൊണ്ട് ഈ മാനദണ്ഡങ്ങളൊക്കെത്തന്നെ സംസ്ഥാന ഗവൺമെന്റിന്റെ വിവേചനാധികാരം ഉപയോഗിച്ചുകൊണ്ട് പുനർനിർണ്ണയിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരം നൽകണമെന്നതാണ് ഈ പ്രമേയത്തിന്റെ ഉള്ളടക്കം. അത് തീർച്ചയായും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഞങ്ങൾ അതിനെ അനുകൂലിക്കുകയാണ്. റോഡുകൾ പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഞങ്ങൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ സമീപിക്കുമ്പോൾ ഫ്ലഡ് റിലീഫ് ഫണ്ടിൽ നിന്നും തുക അനുവദിക്കുകയാണ് ചെയ്യുന്നത്. നേരത്തെയുണ്ടായിരുന്ന നിരക്കുതന്നെ വ്യത്യസ്തമായിരുന്നു. വടക്കേ ഇന്ത്യയിലെ ഒരു റോഡ് പുനർനിർമ്മിക്കുന്നതിന് വേണ്ടിവരുന്ന ഫണ്ടല്ല ഇവിടെ വേണ്ടത്. റോഡ് റീ-ടാർ ചെയ്യുന്നതിനോ പുനർനിർമ്മിക്കുന്നതിനോ ഫ്ലഡ് റിലീഫ് ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക വിനിയോഗിക്കാൻ കഴിയാത്തത് ഈ മാനദണ്ഡങ്ങളുടെ കണിശതകൊണ്ടാണ്. അതുകൊണ്ട് ഇക്കാര്യത്തിലൊരു ഫ്ലക്സിബിലിറ്റിയുണ്ടാക്കണമെന്ന് ആവശ്യപ്പെടുന്ന ഈ പ്രമേയം വളരെ പ്രസക്തമായതാണ്. പി.എം.ജി.എസ്.വൈ.-യുടെ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട പ്രമേയാവതാരകൻതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. വിദ്യാഭ്യാസരംഗത്ത് അനേകം പദ്ധതികൾ നിലവിലുണ്ട്. സ്കൂളുകളെ ഒരു യൂണിറ്റായി കണക്കാക്കിയാണ് സ്കൂളുകൾക്കുള്ള ഫണ്ട് കേന്ദ്രസർക്കാർ തീരുമാനിക്കുന്നത്. 400 കുട്ടികൾക്ക് ഇത്ര അദ്ധ്യാപകർ അല്ലെങ്കിൽ 500 കുട്ടികൾക്ക് ഇത്ര അദ്ധ്യാപകർ എന്ന രീതിയാണ് സ്കൂളുകളുടെ കാര്യത്തിലുള്ളത്. എന്നാൽ നമ്മൾ 1:30 എന്ന ക്ലാസ് അടിസ്ഥാനത്തിലാണിത് തീരുമാനിച്ചിരിക്കുന്നത്. സമയപരിമിതിമൂലം ഞാൻ അതൊന്നും പറയുന്നില്ല. ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ടും ധാരാളം കാര്യങ്ങൾ പറയാനുണ്ട്. എല്ലാവർക്കും ചർച്ചയിൽ പങ്കെടുക്കണമെന്നതുകൊണ്ട് ഞാൻ ചുരുക്കുകയാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. യഥാർത്ഥത്തിൽ സമയമെടുത്ത് ചർച്ച ചെയ്യേണ്ട വിഷയമാണിത്. കാരണം കേരളം സാമ്പത്തിക ഞെരുക്കത്തിൽ നിൽക്കുന്ന സന്ദർഭത്തിൽ ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിൽ വികസനം സാധ്യമാകണമെങ്കിൽ കേന്ദ്രം സംസ്ഥാനത്തിന് നൽകേണ്ട വിഹിതം വിനിയോഗിക്കാൻ സാധിക്കുന്ന രീതിയിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്നുള്ളത് അത്യന്താപേക്ഷിത മായിരിക്കുകയാണ്. കേരളത്തിന്റെ സാമൂഹിക വികസന മുന്നേറ്റം ലോകം മുഴുവൻ ശ്രദ്ധിക്കുന്നുണ്ട്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഭൂപരിഷ്കരണമുണ്ട്, കൂട്ടായി വിലപേശാൻ ലഭിച്ച അവകാശമുണ്ട്, വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും നാം നടത്തിയിട്ടുള്ള നിക്ഷേപമുണ്ട്, സാമൂഹിക സുരക്ഷ, പാർപ്പിടം, കുടിവെള്ളം, ഗ്രാമീണ റോഡുകൾ, യാത്രാസൗകര്യങ്ങൾ ഇവയെല്ലാം കേരളത്തിന്റെ സാമൂഹിക വികസന മുന്നേറ്റത്തിലിടംപിടിച്ച കാര്യങ്ങളാണ്. 1970 മുതൽ കേന്ദ്ര ഗവൺമെന്റ് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇന്ത്യയിലൊട്ടാകെ നടപ്പിലാക്കാൻ തീരുമാനിച്ചു. ഏകദേശം 66-ഓളം പേരുകളിലാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇന്ത്യയിലൊട്ടാകെ നടപ്പിലാക്കാനൊരുങ്ങിയത്. ഇന്നത് ചുരുങ്ങി 28 ആയി മാറിയിട്ടുണ്ട്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ സാധാരണക്കാർക്ക് ഉച്ചരിക്കാൻപോലും കഴിയാത്ത തരത്തിലുള്ള പേരുകളിലാണ് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഏറ്റവും ഒടുവിലായി പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ/കായിക നിലവാരം ഉയർത്തുന്നതിനു വേണ്ടി 576 കോടി രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനു വേണ്ടിയാണ് കേന്ദ്രത്തിന്റെ മുന്നിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത്. യഥാർത്ഥത്തിൽ 470 കോടി രൂപ കേന്ദ്രം നമ്മുടെ സംസ്ഥാനത്തിന് നൽകേണ്ടതാണ്. എന്നാൽ ലഭിച്ചത് വെറും 250 കോടി രൂപ മാത്രമാണ്. വിവിധ സ്ഥലങ്ങളിൽ ബി.ആർ.സി.-യിലെ ട്രെയിനികൾക്കും പ്രീ-എഡ്യൂക്കേഷൻ, കായികവിദ്യാഭ്യാസം എന്നീ മേഖലയിൽ പണിയെടുക്കുന്നവർക്കും ശമ്പളംപോലും കൊടുക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥ വരാൻ പോകുകയാണ്. എം.ജി.എൻ.ആർ.ഇ.ജി.എ.-സ്കീമുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് ഒരു നിവേദനം കേന്ദ്രഗവൺമെന്റിൽ സമർപ്പിച്ച ഒരാളായതുകൊണ്ടാണ് ഞാനത് പറയുന്നത്. 2005-ലെ ആക്ടുപ്രകാരം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഗൈഡ്‌ലൈനിൽ അഞ്ചുപ്രാവശ്യമാണ് കേന്ദ്രഗവൺമെന്റ് മാറ്റം വരുത്തിയത്. രണ്ടാം യു.പി.എ. ഗവൺമെന്റും രണ്ടുപ്രാവശ്യം ഗൈഡ്‌ലൈനിൽ മാറ്റം വരുത്തി. കേരളത്തിൽ 20 ലക്ഷംപേർ ഈ പദ്ധതിയിൽ ജോലിയെടുത്ത് കുടുംബം പുലർത്തുന്നുണ്ട്. തൊഴിൽ ചെയ്യാനുള്ള അവരുടെ അവകാശമാണ് നിഷേധിക്കുന്നത്. ഈ സംസ്ഥാനം വികസനരംഗത്ത് മുരടിക്കാൻ പോകുന്നു, ഗ്രാമങ്ങളിലെ പാവപ്പെട്ട ആളുകളുടെ ജീവിതം ഇല്ലാതാകാൻ പോകുകയാണ്. അതുകൊണ്ട് ഈ കേന്ദ്രാവിഷ്കൃത പദ്ധതികൾ ശരിയായ തോതിൽ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശക്തമായ സമ്മർദ്ദം കേന്ദ്രസർക്കാരിൽ ചെലുത്തണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രമേയമാണ് ശ്രീ. മാത്യു ടി. തോമസ് ഇവിടെ അവതരിപ്പിച്ചത്. 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽനിന്നും 42 ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന പദ്ധതികൾക്കുള്ള സാധാരണ കേന്ദ്രസഹായം, അധിക കേന്ദ്രസഹായം, ഒറ്റത്തവണ കേന്ദ്രസഹായം എന്നിവ കേന്ദ്രസർക്കാർ നിർത്തലാക്കുകയും മറ്റ് ധനസഹായങ്ങളിൽ ആനുപാതികമായ കുറവുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റുപദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഒഴിവാക്കിയ പദ്ധതികൾ 50:50 എന്ന അനുപാതത്തിൽ സംസ്ഥാനത്തിന് നടപ്പാക്കാവുന്നതാണ്. കൂടാതെ 60 ശതമാനത്തിനുമുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തിനുള്ള കേന്ദ്രനികുതി വിഹിതത്തിൽ വർദ്ധനവുണ്ടായെങ്കിലും അതിന്റെ പ്രയോജനം കാര്യമായ തരത്തിൽ സംസ്ഥാനത്തിന് ലഭിച്ചില്ല. പകരം, പല കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കേന്ദ്രവിഹിതത്തിന്റെ അനുപാതത്തിലുണ്ടായ കുറവുകാരണം പ്രസ്തുത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി സംസ്ഥാനത്തിന്റെ ബഡ്ജറ്റിൽനിന്നും കൂടുതൽ തുക ചെലവഴിക്കേണ്ട അവസ്ഥ സംജാതമാകുകയാണുണ്ടായത്. ഇത് സംസ്ഥാനത്തിന് അധിക സാമ്പത്തികബാധ്യത വരുത്തിയിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ ദേശീയതലത്തിൽ പൊതുവായിട്ടാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എല്ലാ സംസ്ഥാനങ്ങളുടെയും ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, അടിസ്ഥാന സൗകര്യ വികസന നിലവാര സൂചികകൾ പൊതുവായി പരിഗണിച്ചാണ് ഇത്തരം മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ രാജ്യത്തെ ഭൂരിഭാഗം സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, അടിസ്ഥാനസൗകര്യവികസന, ജീവിതനിലവാര സൂചികകളിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം ദേശീയതലത്തിൽ പൊതുവായി നിശ്ചയിക്കപ്പെട്ടിട്ടുള്ള മിക്ക മാനദണ്ഡങ്ങളും പ്രായോഗികമാകാതെ വരുന്നു. ഇത്

പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനെ ബാധിക്കാനിടയുണ്ട്. രാജ്യത്തെ ഭൂരിഭാഗം സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലും ജീവിത നിലവാരത്തിലും ബഹുദൂരം മുൻപന്തിയിലുള്ള കേരളത്തെ സംബന്ധിച്ചിടത്തോളം എൻ.എച്ച്.എം., എസ്.എസ്.എ., ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലെ മാനദണ്ഡങ്ങൾ പരിമിതിയുളവാക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനങ്ങളുടെ വികസനാവശ്യങ്ങളും സാഹചര്യങ്ങളുമനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനരാവിഷ്കരിച്ച് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ അയവുവരുത്തുന്നതുവഴി പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഭേദഗതിയോടുകൂടി പ്രമേയം അംഗീകരിക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മാത്യു ടി. തോമസ്, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നവംബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്ക് 12.32-ന് പിരിഞ്ഞു.)

## അനുബന്ധം

നക്ഷത്രചിഹ്നമിട്ട 272-ാം നമ്പർ ചോദ്യത്തിന്റെ മേശപ്പുറത്തുവച്ച മറുപടി

കൃഷി വകുപ്പ് നടപ്പിലാക്കുന്ന വാർഷിക പദ്ധതികൾക്കുപുറമെ, റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ഏജൻസി | തുക (രൂപ കോടിയിൽ) |
|---|---|---|---|
| 1 | മണ്ണുത്തി ബയോകൺട്രോൾ ലാബിലെ വികസനം (ഘട്ടം II) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് & കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 31.920 |
| 2 | തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ടിഷ്യൂ കൾച്ചർ ലാബിന്റെ സ്ഥാപനം | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് & കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 20.990 |
| 3 | സംയോജിത കൃഷി സമ്പ്രദായത്തിലൂടെ ഉല്പാദന വർദ്ധനവ് | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | 40.000 |
| 4 | അതിരപ്പിള്ളി ആദിവാസ മേഖല കാർഷിക വികസന പദ്ധതി | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | 8.000 |
| 5 | അട്ടപ്പാടി മേഖലയിലെ സമഗ്രവും സുസ്ഥിരവുമായ കാർഷിക വികസന പദ്ധതി | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | 8.000 |
| 6 | പച്ചക്കറിയുടെയും പഴവർഗ്ഗങ്ങളുടെയും ശീതീകരിച്ച വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പദ്ധതി | ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. | 25.000 |
| 7 | ചക്കയുടെ മൂല്യവർദ്ധന ശൃംഖല വികസന പദ്ധതി | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് & വി.എഫ്.പി.സി.കെ. | 10.000 |

| | | | |
|---|---|---|---|
| 8 | കേരളത്തിലെ കാർഷിക ഉല്പന്നങ്ങളുടെ വിപണന ശൃംഖല ശാക്തീകരിക്കുന്നതിനുള്ള പദ്ധതി | വി.എഫ്.പി.സി.കെ. | 15.000 |
| 9 | വെള്ളപ്പൊക്ക നിയന്ത്രണത്തിന് കുട്ടനാട്ടിലെ അടിസ്ഥാന സൗകര്യ വികസനം (ഘട്ടം I) | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 60.000 |
| 10 | വയനാട്ടിൽ ഹോർട്ടികൾച്ചറിനും പുഷ്പകൃഷിക്കും മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ | 4.000 |
| 11 | ഏലം കയറ്റുമതി - ട്രേസബിലിറ്റി സംവിധാനത്തിനായി 'കാർഡൊനെറ്റ്'-ന്റെ സ്ഥാപനം | കേരള കാർഷിക സർവ്വകലാശാല | 4.000 |
| 12 | നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ വികസനത്തിനുള്ള സംയോജിതഫാം പരിപാലനം | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് & കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 50.000 |
| 13 | കുട്ടനാട് നെൽകൃഷി പരിസ്ഥിതിയുടെ സ്ഥായിയായ വികസനം | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | 2.910 |
| 14 | തൃശ്ശൂർ പൊന്നാനി കോൾ നിലങ്ങളിൽ വരൾച്ച, വെള്ളപ്പൊക്കം എന്നിവ നിയന്ത്രിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം | കെ.എസ്.ഇ.ബി., കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് & കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 308.830 |
| 15 | കുട്ടനാട് പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണം | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 100.650 |
| 16 | കണ്ണൂർ ജില്ലയിലെ ചെറുകുന്ന്, മയ്യിൽ പഞ്ചായത്തുകളിൽ സംയോജിത അടിസ്ഥാന സൗകര്യ വികസനം | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 26.054 |

| | | | |
|---|---|---|---|
| 17 | തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിലെ കക്കുളം മുട്ടകടവ് വികസനം | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 6.590 |
| 18 | കൃഷി ടൂറിസം മുഖേന ഉപജീവന സുരക്ഷ മെച്ചപ്പെടുത്തൽ - കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന-വ്യാപന ഗവേഷണ കേന്ദ്രങ്ങളിൽ മാതൃകകൾ വികസിപ്പിക്കൽ | കേരള കാർഷിക സർവ്വകലാശാല | 7.500 |
| 19 | കേരളത്തിൽ സുസ്ഥിര കൃഷി വികസനത്തിന് ജൈവ ഉല്പാദനോപാധികളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ | കേരള കാർഷിക സർവ്വകലാശാല | 7.000 |
| 20 | ഉത്തമ കാർഷിക മുറകൾ, സംരംഭകത്വം എന്നിവയ്ക്കായി മനുഷ്യ വിഭവശേഷി വികസനം - കൃഷി വകുപ്പിലെ വിജ്ഞാന വ്യാപന ഉദ്യോഗസ്ഥരുടെ നൈപുണ്യ വികസനം | കേരള കാർഷിക സർവ്വകലാശാല | 2.000 |
| 21 | ഗുണവർദ്ധനവ്, സംരംഭകത്വ വികസനം - കേരളത്തിലെ ചെറുകിട കർഷകരുടെ ഉപജീവനം മെച്ചപ്പെടുത്താൻ കേരള കാർഷിക സർവ്വകലാ ശാലയിൽ ഇൻകുബേഷൻ കേന്ദ്രങ്ങൾ, ഫാം ബിസിനസ് സ്കൂൾ എന്നിവ സ്ഥാപിക്കൽ | കേരള കാർഷിക സർവ്വകലാശാല | 9.000 |
| 22 | കേരള സംസ്ഥാനത്തിന് കൃഷി സമ്പ്രദായം അടിസ്ഥാനമാക്കിയുള്ള സൈബർ എക്സ്റ്റൻഷൻ മാതൃക വികസിപ്പിക്കൽ | കേരള കാർഷിക സർവ്വകലാശാല | 2.000 |
| 23 | കേരള കാർഷിക സർവ്വകലാ ശാലയിൽ കൃഷിക്ക് വിജ്ഞാന പരിപാലന സംവിധാനം ഇ-ഗവേണൻസ് എന്നിവ വികസിപ്പിക്കൽ | കേരള കാർഷിക സർവ്വകലാശാല | 5.140 |

| | | | |
|---|---|---|---|
| 24 | കേരളത്തിലെ ആദിവാസി സമൂഹത്തിന് രോഗപ്രതിരോധ വികസനം - പ്രാദേശിക പരമ്പരാഗത ആഹാര രീതികൾ, മെച്ചപ്പെട്ട വിജ്ഞാന വ്യാപനം എന്നിവയിലൂടെ ആദിവാസി സമൂഹത്തിന്റെ ന്യൂട്രീഷണൽ സുരക്ഷ വർദ്ധിപ്പിക്കൽ | കേരള കാർഷിക സർവ്വകലാശാല | 2.700 |
| 25 | വയനാട് അമ്പലവയൽ അന്താരാഷ്ട്ര കൺവെൻഷൻ-കം-പ്രദർശന ഹാൾ സ്ഥാപിക്കൽ - വാണിജ്യ കൃഷി സാങ്കേതിക വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനായി | കേരള കാർഷിക സർവ്വകലാശാല | 6.500 |
| 26 | കേരളത്തിലെ വിവിധ കാർഷിക – കാലാവസ്ഥ സോണുകളിൽ കശുമാവ് തോട്ടങ്ങൾ സ്ഥാപിക്കൽ | കേരള കാർഷിക സർവ്വകലാശാല | 3.000 |
| 27 | യന്ത്രവൽക്കരണ കൃഷിയിലൂടെ കയ്പാട് ജൈവ തണ്ണീർ തടങ്ങളുടെ വികസനം | കേരള കാർഷിക സർവ്വകലാശാല | 0.560 |
| 28 | നെല്ലിന്റെ ജേംപ്ലാസം സംരക്ഷണം, ജൈവ വൈവിദ്ധ്യം അടിസ്ഥാനമാക്കിയുള്ള കൃഷി എന്നിവയിലൂടെ കയ്പാട് തണ്ണീർ പാടങ്ങളുടെ സമഗ്ര വികസനം | കേരള കാർഷിക സർവ്വകലാശാല | 5.100 |
| 29 | പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പിലൂടെ കയറ്റുമതി ഉല്പന്നങ്ങൾക്കായി കീടനാശിനി അവശിഷ്ട പരിശോധന ലബോറട്ടറികൾ സ്ഥാപിക്കൽ | കേരള കാർഷിക സർവ്വകലാശാല | 50.000 |
| 30 | VAFPCL-ൽ ഉല്പാദന സൗകര്യങ്ങളുടെ വികസനവും ആധുനികവൽക്കരണവും | വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ് | 16.490 |
| 31 | പൈനാപ്പിൾജ്യൂസ് കോൺസെൻട്രേറ്റ് പ്ലാന്റ്, ഫാക്ടറി എന്നിവയുടെ നവീകരണം | വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ് | 1.320 |

| | | | |
|---|---|---|---|
| 32 | ചെങ്ങന്നൂർ സമൃദ്ധി - തരിശുരഹിത മണ്ഡലം പദ്ധതി | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | 62.140 |
| 33 | പച്ചക്കറി,പഴവർഗ്ഗങ്ങൾ അടിസ്ഥാനമാക്കിയുള്ള കാർഷിക – പാരിസ്ഥിതിക സോണുകളിൽ ക്ലൈമറ്റ് സ്മാർട്ട് കൃഷി രീതികൾ വർദ്ധിപ്പിക്കൽ | വി.എഫ്.പി.സി.കെ. | 16.500 |
| 34 | മാമത്തെ സംയോജിത നാളികേര സംസ്കരണ കോംപ്ലക്സിന്റെ ആധുനികവത്ക്കരണവും വൈവിധ്യവത്ക്കരണവും | കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ | 22.110 |
| 35 | ഇടപ്പള്ളിയിൽ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ ഉല്പാദന പ്ലാന്റ് സ്ഥാപിക്കൽ | കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ | 24.390 |
| | **ആകെ** | | **965.394** |